# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 15, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171- നമ്പർ 12

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 15, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നീറാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

686/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....36

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....36
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....94

**II. അടിയന്തരപ്രമേയം**

ധനപ്രതിസന്ധി
(അവതരാണാനുമതി നിഷേധിച്ചു.) – ....362

**III ശ്രദ്ധക്ഷണിക്കൽ**

1. കാൻസർ, വൃക്ക രോഗങ്ങളുടെ നിയന്ത്രണം

– ശ്രീ. സി. കെ. നാണു ...380

2. കൊച്ചി മെട്രോ വില്ലേജ്

– ശ്രീ. പി. ടി. തോമസ് ....386

**IV സബ്മിഷൻ**

1. വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ

– പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ....388

2. മധുസൂദനന്റെ തിരോധാനം

– ശ്രീ. ചിറ്റയം ഗോപകുമാർ ....393

3. നിലമ്പൂർ ഫയർ സ്റ്റേഷൻ

– ശ്രീ. പി. വി. അൻവർ ....394

4. കോംട്രസ്റ്റ് നെയ്ത്തുഫാക്ടറിയും അനുബന്ധ കെട്ടിടങ്ങളും

– ഡോ. എം. കെ. മുനീർ ....396

5. കുടിവെള്ള പദ്ധതികൾ

— പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ....399

6. സബ്ട്രഷറി

— ശ്രീ. കോവൂർ കുഞ്ഞുമോൻ ....399

7. ധനസഹായം

— ശ്രീ. കെ. ആൻസലൻ ....401

8. കുറ്റാലം കൊട്ടാരവും അനുബന്ധ ഭൂമിയും

— ശ്രീമതി പി. അയിഷാ പോറ്റി ....402

9. റെയിൽവേ മേൽപ്പാലം

— ശ്രീ. കെ. വി. അബ്ദുൾ ഖാദർ ....406

10. പട്ടയം നൽകൽ

— ശ്രീമതി ഇ. എസ്. ബിജിമോൾ ....407

**V ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

ദി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസ് 2018

(എസ്.ആർ. ഒ. നമ്പർ 861/2017-നുള്ള ഭേദഗതികളുടെ പരിഗണന) ....409

**VI റൂളിംഗ്**

ചട്ടത്തിനുള്ള ഭേദഗതി ....420

**VII ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും ...420

ധനാഭ്യർത്ഥന നമ്പർ XXX- ഭക്ഷ്യം

ധനാഭ്യർത്ഥന നമ്പർ XXXI- മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII- ക്ഷീര വികസനം

ധനാഭ്യർത്ഥന നമ്പർ XXXIV- വനം

## VIII അറിയിപ്പ്

ബോധവൽക്കരണ പരിപാടി ...537

**അനുബന്ധം** ...539

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 15, വ്യാഴം*


| വാല്യം 171] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 12 |
|---|---|---|


നിയമസഭ 2018 മാർച്ച് മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### I വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*331)

**നിർമ്മാണ വസ്തുക്കളുടെ അഭാവംമൂലമുള്ള പ്രതിസന്ധി**

1 (*331) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കാരാട്ട് റസാഖ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ അഭാവംമൂലം കെട്ടിട, റോഡ് നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് അറിയിക്കാമോ;

(ബി) ചെറുകിട ക്വാറികൾക്കും പാരിസ്ഥിതിക അനുമതി വേണമെന്ന നിബന്ധനയും മണൽ വാരുന്നതിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളുംമൂലം ഉണ്ടായ ക്ഷാമം നേരിടാൻ എന്ത് പദ്ധതിയാണുള്ളത്; സിമന്റ് വ്യവസായികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) ഇഷ്ടിക, ഓട് നിർമ്മാണ വ്യവസായങ്ങൾ പ്രവർത്തനം അവസാനിപ്പിക്കേണ്ടതായി വരുന്ന സാഹചര്യം പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, (എ) 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വില വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ് നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് :

1. 5 ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)യേയും ജില്ലാതല അപഗ്രഥന സമിതി DEAC)യേയും പ്രവർത്തനക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

7. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ, ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

8. അന്യ സംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

9. കേരളത്തിൽ സിമെന്റിന്റെ വില മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ് എന്ന പരാതിയെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമെന്റ് ഉൽപ്പാദകരുടെ യോഗം വിളിക്കുകയും സിമെന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

10. ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികളെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

11. 9-3-2018-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നിയമപരമായി പ്രവർത്തിക്കുന്ന എല്ലാ ചെറുകിട ക്വാറികൾക്കും പാരിസ്ഥിതികാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. ആറ്റുമണലിന്റെ ക്ഷാമംമൂലം കേരളത്തിലെ നിർമ്മാണ മേഖലയിൽ ഒരു പരിധിവരെ നിർമ്മാണത്തിനായി കരിങ്കല്ല് പൊടിച്ചുനിർമ്മിക്കുന്ന എം.സാന്റ് ആണ് ഉപയോഗിച്ച് പോന്നിരുന്നത്. എന്നാൽ

എല്ലാവിധ ക്വാറി പ്രവർത്തനത്തിനും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ ഭൂരിഭാഗം കരിങ്കല്ല് ക്വാറികളുടെയും പ്രവർത്തനം നിലച്ചു. ഇതുമൂലം പാറമണൽ നിർമ്മിക്കുന്ന ക്രഷറുകളിൽ കരിങ്കല്ലിന്റെ ലഭ്യത കുറയുകയും തന്മൂലം എം. സാന്റിന്റെ നിർമ്മാണം കുറയുകയും ചെയ്തു. കൂടാതെ നദികളിൽനിന്നും മണൽ വാരുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ നദികളിൽനിന്നും മണൽ വാരുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. പ്രവർത്തനരഹിതമായ പാറമടകൾ തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ എം. സാന്റിനുള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. കൂടാതെ കൃത്രിമ മണൽ ഉൽപ്പാദിപ്പിക്കുന്നതിനോടൊപ്പം തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും അതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി മണൽ/ചെളി എന്നിവ നീക്കം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇപ്രകാരം നീക്കം ചെയ്യുന്ന മണലും ചെളിയും നിർമ്മാണ മേഖലയ്ക്ക് ഉപയുക്തമാക്കാൻ സാധിക്കുന്നതാണ്. മണലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് മണൽ അന്യസംസ്ഥാനത്തു നിന്നും വിദേശത്തുനിന്നും കൊണ്ടുവരുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ, 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ നിലവിൽ തടസ്സമില്ല. മണലിന്റെ ഇറക്കുമതി പ്രോത്സാഹിപ്പിക്കുവാൻ 22-1-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിനെത്തുടർന്ന് അന്യസംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മണൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധത്തിൽ അനുയോജ്യമായ നദികളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ മണൽ ശേഖരിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ പരിശോധന നടത്തിവരികയാണ്.

13-9-2017 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും 29-7-2016, 10-5-2017 എന്നീ തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയും സിമന്റ് ഉൽപ്പാദകരുടെയും സിമന്റ് ഡീലർമാരുടെയും യോഗം വിളിച്ച് സിമന്റ് വില വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് 2017 ജൂണിന് ശേഷം സിമന്റിന്റെ വിലയും ട്രാവൻകൂർ സിമന്റ്സ് 2017 ജൂലൈ മാസത്തിനുശേഷം വൈറ്റ് സിമന്റിന്റെ വിലയും വർദ്ധിപ്പിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് കളിമണ്ണ് നിക്ഷേപം ഭൂരിഭാഗവും ഉള്ളത് നെൽവയലുകളിലാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽനിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ ഓട്/ഇഷ്ടിക നിർമ്മാണ രംഗങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽനിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.യുടെ റിപ്പോർട്ട് പ്രകാരം തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിക്കായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽക്കൂടി പഠനം നടത്തുന്നതിന് ഈ ഏജൻസിയെ ചുമതല പ്പെടുത്തിയിട്ടുമുണ്ട്. ടി ജില്ലകളിൽ പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് കണ്ടെത്തുന്ന കളിമൺ നിക്ഷേപങ്ങൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപപത്രം ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കി കെ.എം.എം.സി. ചട്ടം സർക്കാർ ഭേദഗതി ചെയ്തു. കളിമൺ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2 മീറ്റർ വരെ ആഴത്തിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിന് 22-6-2017-ലെ G.O.(P)25/2017/ID ഉത്തരവ് പ്രകാരം മൈനിംഗ് പ്ലാൻ ഒഴിവാക്കിയിട്ടുണ്ട്. ഓട് നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളെയും കളിമൺ വ്യവസായ പ്രതിനിധികളെയും 29-11-2017-ന് വ്യവസായ വകുപ്പുമന്ത്രി വിളിച്ച് ചർച്ച നടത്തുകയും കളിമണ്ണ് ലഭ്യമാക്കുന്നതിന് 20-2-2010-ലെ ജി.ഒ. (എം.എസ്.) നമ്പർ 36/2010/വ്യ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഖനനാനുമതി നൽകാവുന്നതാണോയെന്ന് പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, നോട്ട് പിൻവലിക്കൽ, ജി.എസ്.ടി. നടപ്പിലാക്കൽ, നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ ക്ഷാമം എന്നിവ കാരണം സംസ്ഥാനത്തെ നിർമ്മാണ മേഖല വലിയ തോതിൽ പ്രതിസന്ധിയിലായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ പങ്കെടുത്ത് പ്രശ്നം പരിഹരിക്കാൻ ചർച്ച നടത്തിയതിന്റെ ഫലമായി കുറേ തടസ്സങ്ങൾ മാറ്റിയെടുക്കാനും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്ന മണ്ണ്/മണൽ എന്നിവയൊക്കെ തടയുന്ന സ്ഥിതി അവസാനിപ്പിക്കാനും കഴിഞ്ഞുവെന്നത് വളരെ ആശ്വാസകരമായിട്ടുള്ള കാര്യമാണ്. പക്ഷെ ഈ രംഗത്ത് നിയമപരമായ പല തടസ്സങ്ങൾ ഇനിയും നിലനിൽക്കുന്നുണ്ട്. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഡി.&ഒ. ലൈസൻസ് ക്വാറി പ്രവർത്തിപ്പിക്കുന്നതിന് അനിവാര്യമാണ്. അതിന്റെ കാലാവധി നിലവിൽ ഒരു വർഷമാണ്. എന്നാൽ ഖനനത്തിനുള്ള അനുമതി 12 വർഷം വരെ നൽകുന്നുണ്ട്. ഡി. & ഒ. ലൈസൻസിന്റെ കാലാവധി കുറഞ്ഞത് 5 വർഷമെങ്കിലുമാക്കി വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ; അതുപോലെ പാരിസ്ഥിതികാനുമതി ലഭിക്കാൻ വളരെ കാലതാമസം നേരിടുന്നുണ്ടെന്ന ആക്ഷേപവും നിലനിൽക്കുകയാണ്. പാരിസ്ഥിതികാനുമതിയുടെ കാലാവധി ഖനനത്തിനായി നൽകുന്ന കാലാവധിയുടെ അത്രയും നൽകുന്നില്ല എന്ന പരാതിയുമുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പഞ്ചായത്ത് രാജ് നിയമത്തിൽ മറ്റ് ലൈസൻസുകൾക്കൊക്കെ നൽകുന്ന കാലാവധി 5 വർഷമാണെങ്കിൽ പഞ്ചായത്തുകൾ നൽകേണ്ട ഡി. & ഒ. ലൈസൻസിന്റെ കാലാവധിയും 5 വർഷമാക്കി മാറ്റാം എന്ന് ബന്ധപ്പെട്ട വകുപ്പ് അറിയിച്ചിട്ടുണ്ട്. ആ പ്രശ്നം അങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. പാരിസ്ഥിതികാനുമതി ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നുവെന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിന് പലവിധ കാരണങ്ങളുണ്ട്. ചെറുകിട ക്വാറിക്കാർക്ക് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിനും മറ്റും പ്രയാസം അനുഭവപ്പെടുന്നുണ്ട്. അതിന് ഇപ്പോൾ പരിസ്ഥിതി വകുപ്പിൽനിന്നുതന്നെ രണ്ട് ഉദ്യോഗസ്ഥരെ ജില്ലാ തലത്തിലേയ്ക്ക് നിയോഗിക്കുകയും ഈ ലൈസൻസിന് അപേക്ഷിക്കുന്ന ആളുകൾക്ക് ആവശ്യമായ സഹായം നൽകാനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം ജിയോളജിസ്റ്റുമാരുടെ യോഗം വിളിച്ചുകൂട്ടി ലഭ്യമായ അപേക്ഷകളിൽ അടിയന്തരമായി തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 602 ക്വാറികളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 300-ഓളം ക്വാറികൾക്ക് ഇ.സി. കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, നമ്മുടെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും കളിമണ്ണും എടുക്കുന്നതിനുവേണ്ടി ചില നടപടികൾ സ്വീകരിക്കുകയും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കുറേ നടപടികളുമായി മുന്നോട്ടുപോയതുമാണ്. എന്റെ മണ്ഡലത്തിലെ പെരിങ്ങൽക്കുത്ത്, ഷോളയാർ ഡാമുകളിൽ മണ്ണും മണലും അടിഞ്ഞ് ഡാമുകളുടെ സംഭരണശേഷി കുറഞ്ഞിരിക്കുകയാണ്. ഒരു മഴ പെയ്താൽ ഡാം നിറയുന്ന അവസ്ഥയാണ്. ഡാമിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനായി ആവശ്യത്തിന് മണലും മണ്ണും അവിടെനിന്ന് എടുക്കാൻ കഴിയുന്നതാണ്. ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്; അതുപോലെ ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിലാണ് നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മാർച്ചിൽ തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. കല്ലിന്റെയും മണലിന്റെയുമൊക്കെ ക്ഷാമം മുതലെടുത്ത് ക്വാറി ഉടമകൾ വലിയ തോതിൽ അവയുടെ വില വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിന് നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനെത്തുടർന്ന് പുഴമണൽ ശേഖരിക്കുന്നതിന് പ്രയാസം ഉണ്ടായിട്ടുണ്ട്. കേന്ദ്ര നിയമ പ്രകാരം ഇതിനാവശ്യമായ സാന്റ് ഓഡിറ്റിംഗ് പുഴകളിൽ നടത്തേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ഒരു സർവ്വേ റിപ്പോർട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്. എല്ലാ ജില്ലകളിലും റവന്യൂ വകുപ്പുമായി ആലോചിച്ച് മണൽ നിയമവിധേയമായി എടുക്കാൻ കഴിയുന്ന നദികളിൽ സാന്റ് ഓഡിറ്റിംഗ് നടത്താനും സാധ്യതകൾ പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ലഭ്യമായ അളവിൽ പുഴകളിൽനിന്ന് മണലെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇവിടെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും പ്രത്യേക താൽപ്പര്യമെടുത്ത് ക്വാറികളുടെ പുരോഗതിയും മറ്റും വിലയിരുത്തുന്നുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ ഒഴികെയുള്ള ഹൈറേഞ്ച് മേഖലകളിൽ പൂർണ്ണമായും കൽക്വാറികൾ പ്രവർത്തിക്കുന്നില്ല. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് ചൂണ്ടിക്കാണിച്ച് ഇപ്പോഴും പല ക്വാറികളും തടഞ്ഞിട്ടിരിക്കുകയാണ്. അതുപോലെ ആദിവാസി മേഖലകളിൽ ഇത്തരത്തിലുള്ള മെറ്റീരിയൽസ് എത്തിക്കാൻ ഒട്ടും യാത്രാ സൗകര്യങ്ങളില്ല. ഈ സാഹചര്യത്തിൽ 'ലൈഫ് ഉൾപ്പെടെയുള്ള പദ്ധതികളും റോഡ് നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്തുന്നതിന് വളരെയേറെ പ്രയാസം നേരിടുന്നുണ്ട്. അതുകൊണ്ട് ഈ ജില്ലയിൽ പ്രത്യേകമായി ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുവാനും പ്രായോഗികമായ സമീപനങ്ങൾ സ്വീകരിക്കാനും ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഇടുക്കിയിൽ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായിട്ടുള്ള പരിസ്ഥിതിലോല പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ഖനനത്തിന് പ്രയാസം നേരിട്ടിട്ടുണ്ട്. ഇപ്പോൾ കോടതിയിൽ അതുമായി ബന്ധപ്പെട്ട് ഒരു കേസ് വന്നിരുന്നു. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള ചില വില്ലേജുകളിൽ ഖനനം ചെയ്യുന്നതിന് തടസ്സമില്ല എന്ന രീതിയിൽ ആ വിധി നമുക്ക് സഹായകരമായി വന്നിട്ടുണ്ട്. അവിടെ പരിസ്ഥിതി പഠനം നടത്തി ആ പ്രദേശത്തുനിന്ന് ഖനനം ചെയ്യുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ഇടുക്കി ജില്ലയിൽ പ്രത്യേകം വിളിക്കുന്നതിന് തടസ്സമൊന്നുമില്ല. അത് വിളിക്കാവുന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട്, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, അഴിമതി, ചില ഉദ്യോഗസ്ഥരുടെ മെല്ലെപ്പോക്ക് നയം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ മേഖലയിലുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ കീഴിലാണ് മൈനിംഗ് ആന്റ് ജിയോളജി വിഭാഗം വരുന്നതെങ്കിലും വ്യവസായമായി നമുക്ക് ഇതിനെ പൂർണ്ണമായി അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപ സൗഹാർദ്ദ ബില്ലിന്റെ ഡെഫനിഷനിൽ മൈനിംഗിനെ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കുറച്ചുകൂടി മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമയബന്ധിതമായി കാര്യങ്ങൾ നീക്കാനുള്ള നടപടി സ്വീകരിക്കണം. നിക്ഷേപ സൗഹാർദ്ദ ബില്ലിന്റെ ഡെഫനിഷനിൽ മൈനിംഗിനെ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ഡീംഡ് ആകും. ഒരു മാസത്തിനുള്ളിൽ അപേക്ഷ കൊടുത്ത് നിയമപരമാണെങ്കിൽ സ്വാഭാവികമായും ലൈസൻസ് കിട്ടിയതായി കണക്കാക്കാം. ആ നിലയിലുള്ള നടപടി സ്വീകരിക്കാനും എൽ.എ., പട്ടയ പ്രശ്നം പരിഹരിക്കാനും അങ്ങും ബന്ധപ്പെട്ട മന്ത്രിമാരും മുൻകയ്യെടുക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പരിസ്ഥിതി ആഘാതങ്ങൾ പരിശോധിക്കാതെ ഇതൊന്നും ചെയ്യാൻ കഴിയുകയില്ല. കേരളത്തിന്റെ കാലാവസ്ഥയെക്കുറിച്ച് എല്ലാവരും ബോധവാന്മാരാണ്. പരിസ്ഥിതി സംഘടനകളും സജീവമായുണ്ട്. കേരളത്തിലെ നിർമ്മാണ മേഖലയ്ക്കാവശ്യമായ കരിങ്കല്ലും മറ്റ് ഉൽപ്പന്നങ്ങളും ആവശ്യമാണെന്നുണ്ടെങ്കിലും ഈ സാഹചര്യങ്ങളൊക്കെ പരിശോധിച്ച് മാത്രമേ എന്തെങ്കിലും ചെയ്യാനാകുകയുള്ളൂ. അത്തരമൊരു ഘട്ടത്തിൽ പരമാവധി ലഭ്യത ഉറപ്പുവരുത്താൻ വേണ്ടിയാണ് സർക്കാർ ശ്രദ്ധിക്കുന്നത്. അനിയന്ത്രിതമായി ഖനനം ചെയ്യുക എന്നുള്ള സമീപനം സർക്കാരിനില്ല. ചില പൊതുമേഖലകളിൽ ഖനനംതന്നെ കൊണ്ടുവരണമെന്നതാണ് സർക്കാരിന്റെ നയം. അതിനുവേണ്ടി

ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചനകൾ നടന്നിട്ടുണ്ട്. എൽ.എ., പട്ടയം തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് റവന്യൂ, നിയമ വകുപ്പുകളുമായി ചർച്ച നടത്തുകയാണ്. കൃഷി ആവശ്യത്തിന് കൊടുത്തിരുന്ന പട്ടയ നിബന്ധനകളിൽ നിന്ന് നിയമത്തിന് വിധേയമായി ലഭ്യമായ സ്ഥലത്തുനിന്നും കരിങ്കല്ല് ഖനനം ചെയ്തെടുക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കാരാട്ട് റസാഖ്: സർ, മണ്ണ് ശേഖരിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് വളരെയേറെ സങ്കീർണ്ണതകളുള്ളതിനാൽ ബൈപ്പാസ് റോഡ്, പാലം നിർമ്മാണം തുടങ്ങിയ പല വികസന പ്രവർത്തനങ്ങളെയും അത് പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് സാധാരണ മണ്ണ് ശേഖരിക്കുന്നത്. സാധാരണ മണ്ണ് ശേഖരിക്കുന്നതിലെ സങ്കീർണ്ണതകൾ പരിഹരിക്കാൻ അത് നോൺ മൈനിംഗ് ആക്ടിവിറ്റിയായി ചട്ടങ്ങളിൽ വിജ്ഞാപനം ചെയ്ത് പാരിസ്ഥിതിക അനുമതി സമ്പാദിക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, മണ്ണ് വളരെ പ്രധാനപ്പെട്ട ആവശ്യമായി വരികയാണ്. നോൺ മൈനിംഗ് ആക്ടിവിറ്റിയായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാരിന് അധികാരമുണ്ട്. ഇപ്രകാരം ഭേദഗതി വരുത്തുന്നതിന് മുമ്പ് കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി വേണമെന്നാണ് വ്യവസ്ഥ. നോൺ മൈനിംഗ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. പക്ഷെ നോൺ മൈനിംഗ് ആക്ടിവിറ്റിയായി വിജ്ഞാപനം ചെയ്യുന്ന കേസ്സുകളിൽ ഖനനം ചെയ്യുമ്പോൾ റോയൽറ്റി ഈടാക്കുവാൻ പാടില്ല. അങ്ങനെ ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് സർക്കാരിനോട് ചോദിച്ചിരുന്നു. അങ്ങനെയാണെങ്കിൽ റോയൽറ്റി ഈടാക്കുന്നത് മൈനിംഗ് ആയി കണക്കാക്കും. അതുകൊണ്ട് സർക്കാരിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണ്ണ് ആവശ്യമാണെങ്കിൽ റോയൽറ്റി ഈടാക്കേണ്ടതില്ല എന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. മാർച്ച് മാസവും തൊട്ടടുത്ത മാസങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നുള്ളതുകൊണ്ടും ഭേദഗതി കൊണ്ടുവരുവാൻ സമയമെടുക്കുമെന്നുള്ളതു കൊണ്ടും വികസന പ്രവർത്തനത്തിനായി സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിന് നമ്മുടെ ചട്ടങ്ങളിൽ ഓരോ പ്രദേശത്തിന്റേയും വർക്കുകൾ നോക്കി സ്പെഷ്യൽ പെർമിറ്റ് കൊടുക്കുന്നതിന് അധികാരമുണ്ട്. അതിനെ പ്രയോജനപ്പെടുത്തി സർക്കാരിന്റെ നിർമ്മാണ പ്രവർത്തനത്തിന് മണ്ണ് നീക്കം ചെയ്യാം.

ശ്രീ. പി. ടി. തോമസ്: സർ, വർദ്ധിച്ചുവരുന്ന സിമന്റിന്റെ വില കുറയ്ക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് സിമന്റ് വ്യാപാരികളുടെ യോഗം വിളിച്ചുകൂട്ടുമെന്ന് ഉറപ്പുനൽകിയിരുന്നു. അതിൻപ്രകാരം യോഗം വിളിച്ചു കൂട്ടിയെന്നാണ് അറിയുന്നത്. കേരളത്തിന് വെളിയിലുള്ള ദക്ഷിണേന്ത്യൻ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സിമന്റിന് താരതമ്യേന വളരെ വിലക്കുറവുള്ളപ്പോൾ ഭീമമായ വിലയാണ് കേരളത്തിൽ ഈടാക്കുന്നത്. ഇതു കുറച്ചുകൊണ്ടുവരാൻ ഈ യോഗം ചേർന്നതുകൊണ്ട് കഴിഞ്ഞിട്ടുണ്ടോ; അക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സിമന്റ് ഉല്പാദകരുടേയും കേരളത്തിലെ ഡീലർമാരുടേയും യോഗം വിളിച്ചുചേർത്തിരുന്നു. മറ്റ് സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതൽ വിലയാണ് കേരളത്തിൽ ചില കമ്പനികൾ ഈടാക്കുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽ വന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. അതിനെത്തുടർന്ന് വൻതോതിൽ വിലവർദ്ധനവ് പിന്നീടുണ്ടായിട്ടില്ല. വില കുറയ്ക്കുവാൻ തയ്യാറാണെന്ന് അവർ പോസിറ്റീവായിട്ടാണ് നമ്മളോട് സംസാരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട വീടുകളുടെ നിർമ്മാണ ആവശ്യങ്ങൾക്ക് വില കുറച്ച് തരണമെന്ന നിർദ്ദേശം വച്ചിട്ടുള്ളതിനോട്ടും പോസിറ്റീവായിട്ടുള്ള സമീപനമാണ് ഉണ്ടായിട്ടുള്ളത്. മലബാർ സിമന്റ് (നമുക്ക് 8% മാത്രമാണ് മാർക്കറ്റിൽ ഷെയറുള്ളത്) പരമാവധി വില കുറച്ച് കൊടുക്കുവാൻവേണ്ടി അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനും ഇത്തരം ആവശ്യങ്ങൾക്ക് വില കുറച്ച് കൊടുക്കാനും സർക്കാർ ഇടപെടൽ നടത്തുന്നുണ്ട്.

ശ്രീമതി വീണാ ജോർജ്ജ്: സർ, നിർമ്മാണ സാമഗ്രികളുടെ ഡിമാന്റ് വർദ്ധിപ്പിച്ചുകൊണ്ട് ഒരു വ്യവസ്ഥയുമില്ലാതെ വില വർദ്ധിപ്പിക്കുന്ന സമീപനമാണ് മിക്ക ക്വാറി ഉടമകളും സ്വീകരിച്ചിരിക്കുന്നത്. നിലവിലുള്ള നിയമമനുസരിച്ച് വില നിയന്ത്രിക്കുവാൻ സർക്കാരിന് ഇടപെടാൻ കഴിയുമോ? തുണിക്കടകളിൽ തുണി അളക്കുന്ന സ്കെയിൽ വർഷാവർഷം ലീഗൽ മെട്രോളജി വിഭാഗം കറക്റ്റാക്കി വയ്ക്കണം. പക്ഷെ ഈ മേഖലയിൽ ഈ അളവ് സംബന്ധിച്ച് ഒരു വ്യവസ്ഥയുമില്ല. ക്വാറി ഉടമകൾ അളന്ന് നൽകുന്നതിന്റെ വിലയാണ് കൊടുക്കുന്നത്. ഈ വില സംബന്ധിച്ചും അളവ് സംബന്ധിച്ചും എത്രത്തോളം ഫലപ്രദമായ ഇടപെടൽ നടത്തുവാൻ സർക്കാരിന് കഴിയും?

ശ്രീ. എ. സി. മൊയ്തീൻ: സർ, ക്വാറികളുടെ എണ്ണം വളരെ പരിമിതമായതുകൊണ്ടും ഡിമാന്റ് വർദ്ധിച്ചതുകൊണ്ടും സമീപ കാലത്ത് വില വർദ്ധിപ്പിച്ചുവെന്നുള്ളത് ഒരു വസ്തുതയാണ്. ഇതു കണ്ടുകൊണ്ടാണ് ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് തീരുമാനിച്ചത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പത്തനംതിട്ട ജില്ലാ കളക്ടർ ഇക്കാര്യത്തിൽ മുൻകയ്യെടുത്തിട്ടുണ്ട്. ക്വാറി ഉടമകളുടെ യോഗം വിളിച്ചുകൂട്ടി പാറ, കരിങ്കല്ല് ഉൽപ്പന്നങ്ങൾക്ക് വില കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വലിയ തോതിലല്ലെങ്കിലും ചെറിയ തോതിലുള്ള ഇടപെടൽ അക്കാര്യത്തിൽ നടന്നിട്ടുണ്ട്. ജില്ലാ കളക്ടറുടേയും ഗവൺമെന്റിന്റേയും ഇടപെടലിന്റെ ഭാഗമായി ക്രഷറോ, ക്വാറിയോ നിലനിൽക്കുന്ന പ്രദേശത്ത് സാധാരണക്കാർ നിർമ്മിക്കുന്ന വീടിന് കരിങ്കൽ ഉൽപ്പന്നങ്ങൾ 25% വില കുറച്ച് കൊടുക്കാമെന്നും അവർ സമ്മതിച്ചിട്ടുണ്ട്. അളവുകൾ കൃത്യപ്പെടുത്തുവാൻ വേണ്ടി വാഹനങ്ങൾക്ക് ജി-പാസ് സംവിധാനം എറണാകുളത്തും തിരുവനന്തപുരത്തും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലുടനീളം നടപ്പാക്കാൻ വേണ്ടിയാണ് ഇത് ചെയ്യുന്നത്. വില നിയന്ത്രിക്കാൻ നിലവിലുള്ള നിയമങ്ങൾ ഖനന ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ പര്യാപ്തമല്ല.

ശ്രീ. പി. സി. ജോർജ്: സർ, കേരളം ഒരു കൊച്ചു സംസ്ഥാനമാണ്. മണൽവാരിയതുമൂലം മീനച്ചലാറും മണിമലയാറും വെള്ളമില്ലാതെ വറ്റി വരണ്ടിരിക്കുകയാണ്. ഭാരതപ്പുഴയും മരിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും മണൽ വാരണം, പാറ പൊട്ടിക്കണം എന്ന് നിർബന്ധം പിടിച്ചാൽ കാര്യങ്ങൾ ബുദ്ധിമുട്ടിലാകും. കർഷകന് പട്ടയം കൊടുക്കണം, വന നിയമത്തിൽ മാറ്റം വേണം ഇതൊക്കെ സംശയമില്ലാത്ത കാര്യങ്ങളാണ്. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതു പോലെ കേരളത്തിലെ മുഴുവൻ വീടില്ലാത്തവർക്കും വീട് നിർമ്മിച്ചുകൊടുക്കാം. പക്ഷെ ചുടുകട്ട, പാറ എന്നിവ എവിടെ നിന്ന് കൊണ്ടുവരും? ഈ നിലയ്ക്ക് കാര്യങ്ങൾ പോയാൽ അതൊന്നും സാധ്യമല്ല. അതുകൊണ്ട് സിമന്റും മണലും കരിങ്കല്ലും ഉപേക്ഷിച്ച് വേറെ ഏതെങ്കിലും സംവിധാനത്തിലൂടെ വീട് നിർമ്മിക്കാൻ സാധിക്കുമോ എന്ന് ഗവൺമെന്റ് ആലോചിക്കണം. മറ്റ് പല രാജ്യങ്ങളിലും അതിനുള്ള സംവിധാനമുണ്ട്. അതുപോലുള്ള സംവിധാനം കേരളത്തിലും കൊണ്ടുവരുന്നതിനെക്കുറിച്ച് ചിന്തിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നദികളിലെ മണലെടുക്കുന്നത് സംബന്ധിച്ച് ഞാൻ ഉത്തരത്തിൽ പറയുകയുണ്ടായി. സാന്റ് ഓഡിറ്റിംഗ് നടക്കണം. അതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഇതിനകംതന്നെ നൽകിയിട്ടുണ്ട്. ഓഡിറ്റിംഗ് നടന്നാൽ നിയമവിധേയമായി ലഭ്യമാകുന്ന മണൽ നമുക്ക്

ഉപയോഗിക്കാൻ സാധിക്കും. എല്ലാ നദികളിലും പരിശോധന നടത്താനാവശ്യമായ സംവിധാനം ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് വെളിയിൽനിന്നും രാജ്യത്തിന് വെളിയിൽനിന്നും മണൽ കൊണ്ടുവരുന്നതിനുള്ള അനുകൂല സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മലേഷ്യയിൽ നിന്നും കമ്പോഡിയയിൽനിന്നും കൊണ്ടുവന്നിരുന്ന മണലിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ചില പ്രചരണങ്ങൾ രാജ്യത്ത് നടന്നതുകൊണ്ട് വിറ്റുപോകാൻ അൽപ്പം താമസമുണ്ടായി. ഡീലർമാർക്ക് മലേഷ്യയിൽനിന്നും വരുന്ന മണൽ വിറ്റുപോകാൻ വേണ്ടി ലൈസൻസ് കൊടുക്കുകയാണ്. ഫിലിപ്പൈൻസ് ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽനിന്നും മണൽ കൊണ്ടുവരുന്നതിന് ഇത്തരം കമ്പനികളെ സമീപിക്കും. അതുസംബന്ധിച്ച് കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞിരുന്നു. മലേഷ്യ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽനിന്നും പാറ കൊണ്ടുവരാൻ രണ്ടുമൂന്ന് കമ്പനികൾ സമീപിച്ചിട്ടുണ്ട്. അവിടയുള്ള ഇറക്കുമതി നിയമങ്ങൾക്ക് വിധേയമായി അവ ഇവിടെ കൊണ്ടുവരുന്നതിനുവേണ്ട സമീപനം സർക്കാർ സ്വീകരിക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, കടലാക്രമണം തടയാൻ നിരവധി നടപടികളുണ്ടെങ്കിലും ഇപ്പോഴും പ്രധാന പരിഹാരമാർഗ്ഗം കടൽ കരിങ്കൽ ഭിത്തി നിർമ്മിക്കുകയെന്നതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ജിയോളജി വകുപ്പ്, പോലീസ്, നാട്ടുകാരുടെ എതിർപ്പ് എന്നിവ വർദ്ധിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടത്താൻ കഴിയാതെ വരുന്ന സാഹചര്യം നിലനിൽക്കുന്നു. ഇത്തരം സാഹചര്യത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടത്താൻ വേണ്ടി ഗവൺമെന്റ് പ്രത്യേകമായി ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കടൽ ഭിത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓഖി ദുരന്തമുണ്ടായപ്പോൾ, ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടുന്ന മണ്ഡലത്തിന്റെ ഭാഗത്തുനിന്നും കരിങ്കല്ല് കൊണ്ടുവരാൻ വേണ്ടിയുള്ള അനുമതി ലഭ്യമാകുന്നില്ല എന്നൊരു പ്രത്യേക പ്രശ്നം വന്നിരുന്നു. മലയാറ്റൂരൊക്കെ കല്ല് പൊട്ടിച്ചെടുക്കുവാൻ വേണ്ടിയുള്ള പ്രവർത്തനത്തിൽ പ്രത്യേകമായി ഇടപെട്ടിരുന്നു. കല്ലിന്റെ ലഭ്യതക്കുറവ് പ്രധാനപ്പെട്ട പ്രശ്നമാണ്. എല്ലാ പ്രദേശത്തുനിന്നും നമുക്കാവശ്യമായ കല്ല് വൻതോതിൽ എടുക്കാൻ സാധ്യമല്ല. അനുമതിയില്ലാതെ ചെയ്യാനാകില്ല. ലഭ്യമായ സ്ഥലങ്ങളുടെ പ്രത്യേകതകൾ നോക്കി വളരെ പെട്ടെന്ന് അനുമതി കൊടുക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് പുതുതായി വൻകിട ക്വാറികൾ അനുവദിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? ഉദാഹരണത്തിന് റാന്നിയിലെ ചെമ്പൻമുടി എന്ന സ്ഥലത്ത് ചെമ്പൻമുടി മല ഇരുണ്ടാൽ അവിടെ മഴപെയ്യുമെന്നാണ് പഴയ ആളുകൾ വിശ്വസിക്കുന്നത്. രാമപുരത്ത് മൂന്ന് മലകളുണ്ട്. രാമപുരവും ഇടുക്കിയും തമ്മിൽ വേർതിരിക്കുന്ന മൂന്ന് മലകളാണ്. വളരെ ആസൂത്രിതമായി, ക്വാറി ലോബി ബോധപൂർവ്വമായി മലകളൊക്കെ നശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. നമുക്കാവശ്യമുള്ള ആൾട്ടർനേറ്റീവ് മെറ്റീരിയൽസ് കണ്ടെത്തുകയാണ് വേണ്ടത്. പരിസ്ഥിതി ആഘാത പഠനം നടത്താതെ ഈ മലകൾ മുഴുവൻ നശിപ്പിക്കുന്ന നടപടിയോട് യോജിക്കാൻ കഴിയില്ല. ചെമ്പൻമുടി മലയും രാമപുരത്തെ മൂന്ന് മലകളും ഉദാഹരണങ്ങളാണ്. കാലാവസ്ഥയിൽ വന്നിരിക്കുന്ന വ്യതിയാനം കണക്കിലെടുത്തുകൊണ്ട് വൻകിട ക്വാറികൾ നിർത്തലാക്കാനും ആൾട്ടർനേറ്റീവ് മെറ്റീരിയൽസ് കണ്ടെത്താനും മറ്റ് രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പരിസ്ഥിതിയെ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടാണ് സർക്കാർ ഇത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ചില ക്വാറികൾ പ്രവർത്തിക്കുന്നില്ലെന്നുള്ള സ്ഥിതിയുണ്ടായത്. പരിസ്ഥിതിയെ സംരക്ഷിക്കാതെ സംസ്ഥാനത്ത് ഒരു പ്രവർത്തനവും മുന്നോട്ട് കൊണ്ടുപോകാനാകില്ല. നിയമാനുസരണമായ, അനുമതിയുള്ള വൻകിട ക്രഷറുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. നിയമാനുസരണമുള്ള, അനുമതി മുമ്പ് ലഭ്യമായ ക്വാറികൾ ഇപ്പോൾ പ്രവർത്തിക്കരുതെന്ന് പറയാൻ നമുക്കാകില്ല. കോടതിയിൽ പോയാൽ കോടതി അനുമതി കൊടുക്കും. പുതുതായി കൊടുക്കുന്നതിൽ അത്തരം ആവശ്യങ്ങൾ വന്നിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ നമ്മുടെ പരിസ്ഥിതിയേയും കാലാവസ്ഥയേയും ബാധിക്കാത്ത രീതിയിൽ കൈകാര്യം ചെയ്യണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, എറണാകുളം ജില്ലയിലെ പെരിയാറിൽ നിന്നും മൂവാറ്റുപുഴ ആറിൽ നിന്നുമാണ് മണൽ വാരിക്കൊണ്ടിരുന്നത്. മറ്റ് ജില്ലകളിൽ അനുമതി കിട്ടിയെങ്കിലും കഴിഞ്ഞ രണ്ടു വർഷമായി ഈ രണ്ടു പുഴകളിൽ നിന്നും മണൽവാരൽ നടക്കുന്നില്ല. വല്ലാത്ത ക്ഷാമമാണ് ഈ രംഗത്ത് നേരിടുന്നത്. ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, നേരത്തെ ഒരു ഉത്തരത്തിന് മറുപടിയായി ഞാൻ പറഞ്ഞു, കേരളത്തിലെ നദികളിൽനിന്ന് മണലെടുക്കുന്നതിന് സാന്റ് ഓഡിറ്റിംഗ് നടക്കണം. പക്ഷെ അത് എത്രമാത്രം കഴിയുമെന്നുള്ളത് ഈ പുഴകളുടെ കാര്യത്തിൽ പരിശോധിക്കാം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ചെങ്കൽ, മണൽ, കരിങ്കൽ, കളിമൺ എന്നിവയൊക്കെ തീർന്നുകൊണ്ടിരിക്കുകയാണ്. നിർമ്മാണ വസ്തുക്കളുടെ വില ദിവസവും വർദ്ധിച്ചുവരികയും ഖനനം പ്രതിസന്ധിയിലായി വരികയുമാണ്. ഈ സാഹചര്യത്തിൽ ബദലായിട്ടുള്ള നിർമ്മാണ വസ്തുക്കളെക്കുറിച്ച് അന്വേഷണം തുടങ്ങാൻ സമയമായില്ലേ; ഗ്രീനർ അസ്ഫാൾട്ട്, റോമൻ കോൺക്രീറ്റ്, ബാംബൂ കോൺക്രീറ്റ്, ട്രാൻസ്പാരന്റ് വുഡ്, നാനോ ക്രിസ്റ്റൽസ്, ടൈറ്റാനിയം ഫോം, സിന്തറ്റിക് സ്പൈഡർ സിൽക്ക്, ഹൈഡ്രോ സിറാമിക്സ്, റഷ്യൻ റൂഫ് ടൈൽസ് തുടങ്ങി ലോകത്ത് ബദൽ നിർമ്മാണ വസ്തുക്കൾ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ വഴിക്ക് അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് എന്തെങ്കിലും ശ്രമം നടത്തുന്നത് നന്നായിരിക്കും. ചെങ്കൽ എന്നുപറയുന്ന ഈ ലാറ്ററൈറ്റിന് ഒരു സ്മാരകം ഈ ലോകത്തിൽ ആകെയുള്ളത് മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്താണ്. ചെങ്കല്ല് കണ്ടെത്തിയ സായിപ്പൻമാരുടെ പേരൊക്കെ കൊത്തിവച്ചിട്ടുള്ള സ്മാരകം അങ്ങാടിപ്പുറം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ മുറ്റത്തുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാമായിരിക്കും. അത് നിലനിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബദൽ നിർമ്മാണ സാമഗ്രികളുടെ ആവശ്യം ഇന്നത്തെ പരിതസ്ഥിതിയിൽ അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ടതാണ്. അതിന്റെ അന്വേഷണം സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഏതൊക്കെ മേഖലയിൽ അത് കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായി പ്രയോജനപ്പെടുത്താൻ കഴിയും; നിർമ്മാണ വസ്തുക്കൾ നമുക്ക് ലഭ്യമാകും എന്നുള്ള അന്വേഷണം സർക്കാർ ആരംഭിച്ചിട്ടുണ്ട്. അത് പ്രോത്സാഹിപ്പിക്കണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞ ലാറ്ററൈറ്റിന്റെ പ്രത്യേക സ്മാരകത്തിന്റെ കാര്യമെന്താണെന്ന് നമുക്ക് പരിശോധിക്കാം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, നിയന്ത്രണമില്ലാത്ത ഖനനവും സുരക്ഷിതത്വമില്ലാത്ത ഖനനവും ദുരന്തങ്ങളുണ്ടാക്കുന്നുണ്ട്. അത്തരം അപകടങ്ങൾ സംഭവിക്കുന്ന കുടുംബങ്ങളെ സംരക്ഷിക്കാൻ എന്ത് നിയമമാണ് നമുക്കുള്ളത്? ചില നിയമങ്ങളുണ്ടെന്ന് പറയപ്പെടുന്നുണ്ടെങ്കിലും നടപ്പിലാക്കാൻ കഴിയുന്നില്ല. സർക്കാരിന് കൊടുക്കാനുള്ള തുക വളരെ പരിമിതമാണ്, കുടുംബങ്ങൾ പലതും അനാഥമാകുന്ന അവസ്ഥയാണ്. എന്തെങ്കിലും നടപടി ഈ കാര്യത്തിൽ സ്വീകരിക്കാനാകുമോ; നിയമം സമഗ്രമായി കൊണ്ടുവരാനാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഖനന മേഖലയിൽ ചില സ്ഥലത്ത് അപകടങ്ങളുണ്ടാകുന്നു എന്നത് വസ്തുതയാണ്. മറ്റ് തൊഴിൽ മേഖലകളിലും അപകടങ്ങളുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ഓരോ വിഷയം വരുമ്പോഴും സർക്കാർ ഇടപെടുകയാണ് ചെയ്യുന്നത്. അതുപോലെ കരിങ്കൽ ക്വാറികളുടെ സേഫ്റ്റിക്കു വേണ്ടി ഇപ്പോൾത്തന്നെ ഒരു നിശ്ചിത സംഖ്യ സർക്കാർ നീക്കിവച്ചിട്ടുണ്ട്. പക്ഷെ അതിന്റെ സേഫ്റ്റിക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നതാണ് സ്ഥിതി. ഇപ്പോൾ ഉപയോഗ ശൂന്യമായിക്കിടക്കുന്ന കരിങ്കൽ ക്വാറികളുടെ അതിർത്തി സംരക്ഷിക്കാൻവേണ്ട നടപടികളിലേയ്ക്കുകൂടി ഈ ഫണ്ടുപയോഗിച്ച് സർക്കാർ നീങ്ങുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നിർമ്മാണ വസ്തുക്കളുടെ അഭാവവും പ്രകൃതി വിഭവങ്ങളുടെ ചൂഷണവും വളരെ അപകടകരമായ നിലയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുകയാണ്. ഇതിന് പരിഹാരമായി എന്ത് ചെയ്യാൻ കഴിയും? പത്ത്-പതിനഞ്ച് വർഷക്കാലംമുമ്പ് ഓഫീസ് കെട്ടിടം പണിതാൽ ഓരോരുത്തർക്കും പ്രത്യേകം മുറികളായിട്ടാണ് പണിതിരുന്നത്. ഇന്ന് പതിനഞ്ച് വർഷം കഴിഞ്ഞപ്പോൾ ഒരു ഹാൾ പണിത് അതിന്റെ ഡിവിഷൻ ആർട്ടിഫിഷ്യലായിട്ടുള്ള ചില മെറ്റീരിയൽസ്, പുതിയ ആൾട്ടർനേറ്റീവ് മെറ്റീരിയൽസ് വച്ച് തിരിക്കുകയാണ്. നമ്മുടെ വീടുകൾ പണിയുമ്പോൾ ആ വീടുകളുടെ ഭിത്തികൾ ഈ ഉൽപ്പന്നങ്ങൾ വച്ച് പണിയുകയാണ്. അതുകൊണ്ട് നിർമ്മാണ സാമഗ്രികളുടെ അഭാവം പരിഗണിച്ചും പ്രകൃതി ചൂഷണം പരിഗണിച്ചും സംസ്ഥാനത്ത് ഒരു പുതിയ ബിൽഡിംഗ് കോഡ് രൂപീകരിക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ? ആർക്കിടെക്ടുകളേയും എഞ്ചിനീയർമാരേയും പ്രകൃതി സ്നേഹികളേയും എല്ലാ പേരെയും ഉൾപ്പെടുത്തി വിശദമായ ഒരു വർക്ക്ഷോപ്പ് നടത്തി പുതിയൊരു ബിൽഡിംഗ് കോഡും പുതിയൊരു സംസ്കാരവും രൂപപ്പെടുത്താൻ സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഫലപ്രദമായ നിർദ്ദേശമാണ്. സർക്കാർ ആ കാര്യത്തെക്കുറിച്ച് ആലോചിക്കുകയാണ്. ഒരുപക്ഷെ വീടുകൾ നിർമ്മിക്കുമ്പോൾ ഇത്തരം നിർദ്ദേശങ്ങളുടെ ഭാഗമായി ലഭ്യമാകുന്ന വളരെ ലഭ്യതക്കുറവുള്ള പ്രകൃതി വസ്തുക്കളുടെ അമിതമായ ഉപയോഗം കുറയ്ക്കാൻ നമുക്ക് സാധിക്കും. നേരത്തെ പറഞ്ഞതുപോലെ കട്ടയാണെങ്കിലും, കരിങ്കല്ലാണെങ്കിലും അമിതമായി ഉപയോഗിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിയും. ആ കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## ഓഡിറ്റ് കമ്മീഷൻ രൂപീകരണം

2 (*332) ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിനായി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളെ ഓഡിറ്റ് കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുമെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചു വരികയാണ്.

(ബി) ധനകാര്യ വകുപ്പ് സാധ്യതാ പഠനം നടത്തിയിട്ടില്ല.

(സി) ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

ശ്രീ. എം. ഉമ്മർ: സർ, സർക്കാർ പ്രഖ്യാപിച്ച സംസ്ഥാന ഓഡിറ്റ് കമ്മീഷൻ ഒക്ടോബർ മാസം നിലവിൽ വരുമെന്നും അതിന്റെ ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നത് അമേരിക്കൻ കമ്പനിയായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലിമിറ്റഡ് ആണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പിനുവേണ്ടി മാന്വൽ തയ്യാറാക്കുന്നതിന് 84 ലക്ഷം രൂപയും നികുതിയും അടങ്ങുന്ന കരാർ ജനുവരി മാസത്തിൽ ഒപ്പുവച്ചിട്ടുണ്ടെന്നും ഒക്കെ പത്രത്തിൽ വാർത്തയുണ്ട്. അതു കൊണ്ടാണ് സംസ്ഥാന ഓഡിറ്റ് കമ്മീഷൻ ഒക്ടോബർ മാസം നിലവിൽ വരുമോ എന്ന് ചോദിച്ചത്. അതു സംബന്ധിച്ച് ഈ മാന്വലുമായി ബന്ധപ്പെട്ട് വല്ല പഠനവും നടത്തിയിട്ടുണ്ടോ; ഇപ്പോൾ നിയമസഭാ കമ്മിറ്റി മുമ്പാകെ വരുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് യഥാർത്ഥത്തിൽ 15 വർഷം മുമ്പുള്ളതാണ്. ഒരുപാട് കാലതാമസത്തിനുശേഷം ഒരു നടപടിയും എടുക്കാൻ കഴിയാത്ത രീതിയിലാണ് വരുന്നത്. അതിന് കൃത്യത വരുത്തുന്നതിനുവേണ്ടിയാണ് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചത്. അത് എന്നത്തേയ്ക്ക് ആകും; ഗവൺമെന്റ് ഇതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിവരങ്ങൾ ഞാൻ ആദ്യമായി കേൾക്കുകയാണ്. അതിനെക്കുറിച്ച് അന്വേഷിച്ചിട്ട് പറയാം. ഓഡിറ്റ് കമ്മീഷൻ രൂപീകരണം എന്നത്തേയ്ക്കാകും എന്നത് എന്റെ ബഡ്ജറ്റ് പ്രസംഗത്തെത്തുടർന്ന് ഇതുസംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാനായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് ആവശ്യപ്പെട്ടു. അദ്ദേഹം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ആ റിപ്പോർട്ട് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് അതിലേയ്ക്കുള്ള നടപടിയുമായി മുന്നോട്ടുപോകും. അതുസംബന്ധിച്ച് ഇത്തവണയുള്ള ബഡ്ജറ്റ് പ്രസംഗത്തിലും പരാമർശിച്ചിട്ടുണ്ട്. സെൻ കമ്മിറ്റിയാണ് ആദ്യമായി ഇൻഡിപെൻഡന്റായിട്ടുള്ള ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചത്. പിന്നീട് ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലും അത് വേണമെന്ന് പറഞ്ഞിട്ടുണ്ട്. ഒരുപാട് നാളായി നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഇനി പ്രവർത്തനത്തിലേയ്ക്ക് നീങ്ങാൻ പോകുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, മെമ്പർമാർക്ക് ലഭ്യമാകുന്നത് പത്രവാർത്തയാണ്. അതിൽ പറയുന്നത് സർക്കാരിന്റെ തദ്ദേശമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി ലോക ബാങ്കിന്റെ ഫണ്ടാണ് ഇതിന് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നാണ്. ഓഡിറ്റ് റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കഴിഞ്ഞാൽ അതിനു ശേഷം സമാഹൃത ഓഡിറ്റ് റിപ്പോർട്ട് എത്ര മാസത്തിനുള്ളിൽ നൽകണ മെന്നതിനെക്കുറിച്ച് വല്ല കൃത്യതയുമുണ്ടോ; ഇപ്പോൾ നിലവിലുള്ള രീതിയിൽ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ഓഡിറ്റ് ഡിപ്പാർട്ടുമെന്റിന് മതിയായ ജീവനക്കാരുണ്ടോ; അതിൽ നമ്മൾ സംതൃപ്തരാണോ; 8638 സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തേണ്ടതായിട്ടുണ്ട്. അതിന് മതിയായ സ്റ്റാഫും സംവിധാനവും നിലവിൽ സംസ്ഥാന സർക്കാരിനുണ്ടോ; ഇല്ലെങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മൾ നയപരമായി ഓഡിറ്റ് കമ്മീഷനിലേയ്ക്ക് മാറുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ പ്രവർത്തന പഠനം നടത്തി ഓഡിറ്റ് കമ്മീഷന് കീഴിൽ എത്ര സ്റ്റാഫ് വേണം തുടങ്ങിയ കാര്യങ്ങൾ ശാസ്ത്രീയമായ തീരുമാനത്തിലേയ്ക്ക് പോകേണ്ടതുണ്ട്. ഏതായാലും ഇതിന്റെ പ്രവർത്തനത്തിൽ മെച്ചപ്പെടൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. സമാഹൃത റിപ്പോർട്ട് വരുന്നതിനുള്ള കാലതാമസം ഗണ്യമായി കുറഞ്ഞുവരുന്ന പ്രവണതയാണ് കാണുന്നത്.

ഡോ. എം. കെ. മുനീർ: സർ, ഇപ്പോൾത്തന്നെ ലോക്കൽ ഓഡിറ്റ് അപ്രസക്തമായ രീതിയിലായിരിക്കുകയാണ്. കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ലോക്കൽ ഓഡിറ്റ് ഡയറക്ടർ ഭാഗമാണ്. അദ്ദേഹം ഉൾപ്പെടെ എടുക്കുന്ന തീരുമാനം പിന്നീട് ഏത് തരത്തിലുള്ള ഓഡിറ്റിനാണ് വിധേയമാക്കുന്നത്? അദ്ദേഹംകൂടി ഭാഗഭാക്കായാണ് തീരുമാനം വരുന്നത്. സത്യത്തിൽ ലോക്കൽ ഓഡിറ്റ് സിസ്റ്റം ഇപ്പോൾത്തന്നെ ദുർബലപ്പെടുന്നു. അതിന് പുറമെയാണ് ഈ കമ്മീഷൻ രൂപീകരണം. വളരെ മുമ്പേ ചർച്ച ചെയ്തിട്ടും ഇത് മാറ്റിവച്ചത് ഇതുണ്ടാക്കുന്ന ചില പ്രശ്നങ്ങൾകൊണ്ടാണ്. ഇതിനായി പ്രത്യേകം സ്റ്റാഫ് ആവശ്യമാണ്. മാത്രമല്ല, ചീഫ് സെക്രട്ടറിക്ക് താഴെയെങ്കിലും റാങ്കുള്ള ഹയർ ലെവൽ ഉദ്യോഗസ്ഥനായിരിക്കണം കമ്മീഷനായി വരേണ്ടത്. അതിന് പ്രത്യേക ഓഫീസ് സിസ്റ്റം ആവശ്യമാണ്. ഇതൊരു പുതിയ ചെലവാണ്. ഇപ്പോഴുള്ള ലോക്കൽ ഓഡിറ്റ് സിസ്റ്റം ശക്തിപ്പെടുത്തുകയല്ലേ കൂടുതൽ അഭികാമ്യം എന്നുള്ളതാണ് എന്റെ ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ നടത്തിയ പ്രസ്താവനയിലെ ആദ്യത്തെ ഭാഗവും രണ്ടാമത്തെ ഭാഗവും വിരുദ്ധമാണ്. ഇങ്ങനെയുള്ള തീരുമാനമെടുക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ലെവൽ സമിതികളിലൊക്കെ അംഗങ്ങളാകുന്ന ഓഡിറ്റ് ഡയറക്ടർ തന്നെ ഓഡിറ്റിന് പോയാൽ എന്താണ് ഗുണമുള്ളത് എന്നാണ് ആദ്യം അങ്ങ് ചോദിച്ചത്. അതുകൊണ്ടാണ് സ്വതന്ത്രമായ ഒരു കമ്മീഷൻ രൂപീകരിക്കണമെന്നുള്ള നിഗമനത്തിലേയ്ക്ക് ഭരണപരിഷ്കാര കമ്മീഷനും സെൻ കമ്മിറ്റിയുമെല്ലാം എത്തിയത്. രണ്ടാമത്തെ ഭാഗം ഇതിനെ ശക്തിപ്പെടുത്തലല്ല. അങ്ങ് ആദ്യം പറഞ്ഞ ഭാഗം ശരിയാണെങ്കിൽ സ്വതന്ത്രമായിട്ടുള്ള ഓഡിറ്റ് കമ്മീഷനുള്ള വാദമാണ് അങ്ങ് ആദ്യം ഉന്നയിച്ചത്.

ഡോ. എം. കെ. മുനീർ: സർ, സ്വതന്ത്രമായ ഓഡിറ്റ് നിഷ്പ്രഭമാക്കുന്ന പ്രക്രിയയാണ് നടക്കുന്നത്. അതിനെ ഇൻഡിപെൻഡന്റാക്കി ലോക്കൽ ഓഡിറ്റിനെ ശക്തിപ്പെടുത്തിയാൽ മനോഹരമായി നടത്താൻ കഴിയും.

(ശ്രീ. പി. കെ. ബഷീർ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് ഇത്തരം കമ്മീഷനുകളുടെ മാതൃകയിലാണോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മറ്റേതെങ്കിലും സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നേരത്തേ പറഞ്ഞതുപോലെ ജനകീയാസൂത്രണം ആരംഭിച്ച കാലത്ത് ആ പ്രവർത്തനങ്ങൾ നിയമ ബന്ധമായി മാറ്റുന്ന ഘട്ടത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടു വരേണ്ടതെന്ന് പരിശോധിക്കുന്നതിന് സെൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഇൻഡിപെൻഡന്റായിട്ടുള്ള ഓഡിറ്റ് കമ്മീഷനും ഓംബുഡ്സ്മാനും വേണ മെന്നുള്ളത് സെൻ കമ്മിറ്റിയുടെ നിർദ്ദേശമായിരുന്നു. ഓംബുഡ്സ്മാൻ വേണമെന്ന നിർദ്ദേശം നമ്മൾ അന്നേ നടപ്പിലാക്കി. ഓഡിറ്റ് കമ്മീഷൻ വേണമെന്ന തീരുമാനം നടപ്പാക്കാനിരിക്കുകയാണ്.

## പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

3 (*333) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്വാനശക്തി മാത്രം കൈമുതലാക്കി ധാരാളംപേർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഖാദി, കൈത്തറി, ഈറ്റ, മുള, പനമ്പ്, ബീഡി തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവർക്കും കൈവേലക്കാർക്കും തുച്ഛമായ പ്രതിഫലം മാത്രം ലഭിക്കുന്ന സ്ഥിതി പരിഹരിക്കാനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(സി) ഈ രംഗത്ത് ആധുനികവൽക്കരണത്തിനും വിപണി വിപുലീകരണത്തിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, (എ) വ്യവസായവത്കരണത്തിന്റെ ആരംഭം മുതൽ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധികൾ നേരിടാൻ തുടങ്ങിയിരുന്നു. യന്ത്രസാമഗ്രികളോടും ഉയർന്ന മൂലധന നിക്ഷേപങ്ങളോടും മത്സരിക്കേണ്ട അവസ്ഥയാണ് പരമ്പരാഗത വ്യവസായ മേഖലകൾക്കുള്ളത്. പരമ്പരാഗത വ്യവസായ മേഖലയെ പ്രതിസന്ധികളിൽനിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

അന്യസംസ്ഥാനങ്ങളിലെ കുറഞ്ഞവിലയ്ക്കുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ലഭ്യത, യന്ത്രത്തറി ഉല്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലക്കൂടുതലും ലഭ്യത കുറവും, പവർലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലക്കൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജ തുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. 'ഒരു വീട്ടിൽ ഒരു തറി' പദ്ധതിയിലൂടെ കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽപേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്നു. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഹാന്റ്ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞ വേതനം, ഉൽപ്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപര്യാപ്തത തുടങ്ങി കരകൗശല, ഈറ്റ, പനമ്പ്, നെയ്ത്ത് മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖാദിഗ്രാമ വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ കുറഞ്ഞ കൂലി, പരമ്പരാഗത രീതിയിൽ തൊഴിൽ ചെയ്യുന്നതിനുള്ള അദ്ധ്വാനഭാരം, സാങ്കേതിക വിദഗ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർ മേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതക്കുറവാണ്. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത കൈത്തറി മേഖലയിൽ കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ 3600-ൽ അധികം നെയ്ത്തുകാർക്കും അതിൽ ഇരട്ടിയോളം അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ സ്ഥിരതയും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വീട്ടിൽ ഒരു തറി പദ്ധതി, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി, പ്രൊഡക്ഷൻ ഇൻസെന്റീവ്, ഇൻകം സപ്പോർട്ട് സ്കീം എന്നിവ ഈ മേഖലയിൽ നടപ്പിലാക്കിവരുന്നു.

കരകൗശല മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക, തൊഴിലാളികളുടെ വേതനം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ട് ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം എന്നിവ വഴിയും അപ്പെക്സ് സഹകരണ സ്ഥാപനമായ 'സുരഭി' വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മുള വ്യവസായ-അനുബന്ധ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേതനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, ബാംബൂ മിഷൻ എന്നിവ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പാക്കിവരുന്നു.

കേരളത്തിലെ ബീഡി മേഖല ഏറെക്കുറെ സഹകരണ മേഖലയിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ബീഡി വ്യവസായത്തിന്റെ മാന്ദ്യത്തിലൂടെ തൊഴിലിലുണ്ടായ അസ്ഥിരതയ്ക്ക് പരിഹാരം കാണുന്നതിന് ബീഡിയുല്പാദന സഹകരണ സംഘങ്ങൾക്ക് അതിന്റ കേന്ദ്ര സംഘത്തിലൂടെ വിവിധ രീതിയിൽ ധനസഹായം ചെയ്തുവരുന്നു. കേന്ദ്ര സഹകരണ സംഘം നികുതി ഇനത്തിൽ സർക്കാരിൽ അടവാക്കിയ തുകയിൽ 8 കോടി രൂപ 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാന്റായി അനുവദിച്ചിരുന്നു. കൂടാതെ ഈ മേഖലയിലെ തൊഴിലാളികൾക്ക് ദിനേശ് ബീഡി ആശ്വാസ് പെൻഷൻ പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് തുച്ഛമായ പ്രതിഫലം മാത്രം ലഭിക്കുന്ന സ്ഥിതി പരിഹരിക്കുന്നതിനായി മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ഉത്സവബത്ത 1,500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

(സി) കൈത്തറി മേഖലയിൽ ആധുനികവൽക്കരണത്തിനായി വർക്ക്ഷെഡ് നവീകരണം, ഡൈഹൗസ് നവീകരണം, വ്യക്തിഗത വർക്ക്ഷെഡ് നവീകരണം, മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിതവുമായ ഉല്പന്നങ്ങളുടെ ഉൽപ്പാദനവും പ്രചോദനവും എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വിവിധ ഉത്സവങ്ങളിൽ പ്രാദേശിക കൈത്തറി മേളകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നു. കൈത്തറി വസ്ത്രങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ മൂല്യത്തിന്റെ 20% ഇൻസെന്റീവായി കൈത്തറി സംഘങ്ങൾക്ക് അനുവദിച്ചുവരുന്നു. കലാപരമായി കൈത്തറി പദ്ധതിയിലൂടെ വൈവിധ്യങ്ങളായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പരിശീലനം നൽകുകയും ഏറ്റവും നല്ല നെയ്ത്തുകാരെ തെരഞ്ഞെടുത്ത് അവാർഡുകൾ നൽകുകയും പ്രസ്തുത ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുകയും ചെയ്യുന്നു. കൈത്തറി ഉല്പന്നങ്ങളുടെ ഡിസൈനുകൾ രൂപകല്പന ചെയ്യുന്നതിനും അതുവഴി വിപണി വിപുലീകരണത്തിനുമായി ഹാന്റെക്സിന് കീഴിലും ഹാൻവീവിന് കീഴിലും ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

കരകൗശല മേഖലയിൽ ക്ലസ്റ്റർ മാതൃകാ വികസനം, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിപണന സമ്പ്രദായങ്ങൾ ആർജ്ജിക്കൽ എന്നിവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. പണിയായുധങ്ങൾ ആധുനിക വൽക്കരിക്കുന്നതിനും മികച്ച രീതിയിലുള്ള പണിയായുധങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനും അതിൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനം നടത്തിവരുന്നു. ടൂറിസം വകുപ്പുമായിച്ചേർന്ന് കേരളത്തനിമയോടുകൂടിയ വിവിധതരം സുവനീറുകൾ വിപണനം നടത്താനുള്ള പദ്ധതി, കരകൗശല ഉല്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ എന്നിവ ആസൂത്രണം ചെയ്തുവരുന്നു.

ഖാദി മേഖലയിൽ കാലപ്പഴക്കംചെന്ന ചർക്കകളും തറികളും മാറ്റിസ്ഥാപിക്കുകയും ഉല്പാദന സാമഗ്രികളും സെമി ഓട്ടോമാറ്റിക് ലൂമുകളും റെഡിമെയ്ഡ് വാർപ്പിംഗ് മെഷീനുകളും സ്ഥാപിക്കുകയും പഴയ വർക്ക്ഷെഡുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും പുതിയ തൊഴിലാളികൾക്ക് ഖാദി നെയ്ത്തിൽ പരിശീലനം നൽകുകയും ഖാദി സ്ഥാപനങ്ങൾക്ക് ഗോഡൗണുകൾ സ്ഥാപിക്കുകയും ചെയ്തു. വിപണി വിപുലീകരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ, വില്പനശാലകളുടെ കമ്പ്യൂട്ടർവൽക്കരണം, ആധുനിക രീതിയിലുള്ള വില്പനശാലകൾ ആരംഭിക്കൽ, നിലവിലുള്ളവയുടെ നവീകരണം എന്നിവ നടപ്പിലാക്കിവരുന്നു.

കയർ മേഖലയിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവത്കരണത്തിലൂടെ വിപണി ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ ആഭ്യന്തര വിദേശ വിപണനം ഊർജ്ജിതമാക്കുന്നതിനായി കയറും കയറുല്പന്നങ്ങളുടെയും വില്പനയ്ക്കുള്ള വിപണി വികസന സഹായം, ഉല്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, പരമ്പരാഗത വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്ന കേരളത്തിൽ ഈ മേഖലയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വളരെയേറെ അഭിനന്ദനാർഹമാണ്. കേരളത്തിലെ കൈത്തറി മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സ്കൂൾ വിദ്യാർത്ഥികളെ സ്മാർട്ടാക്കുന്നതിനുമായി ആവിഷ്കരിച്ച സൗജന്യ സ്കൂൾ കൈത്തറി യൂണിഫോം പദ്ധതി 2018-19 വർഷത്തിൽ ഏതൊക്കെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കാണ് വിതരണം ചെയ്യുന്നതെന്നും ഈ അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ വിതരണം ചെയ്യുന്നതിനായെടുത്ത സർക്കാർ നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, സ്കൂൾ വിദ്യാർത്ഥികൾക്ക് രണ്ട് ജോടി കൈത്തറി യൂണിഫോം നൽകുക എന്നതിന്റെ ഭാഗമായുള്ള പ്രവർത്തനം കഴിഞ്ഞ വർഷം വൈകിയാണ് തുടങ്ങിയത് എന്നുള്ളതുകൊണ്ട് 4-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ യൂണിഫോം നൽകാൻ സാധിച്ചുള്ളൂ. ഈ വർഷം സർക്കാർ സ്കൂളുകളിലെ 7-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകാൻ 21 ലക്ഷം മീറ്റർ തുണി ആവശ്യമാണ്. ഇപ്പോൾ 28 ലക്ഷം മീറ്റർ തുണി ഉത്പാദിപ്പിച്ചിട്ടുണ്ട്. അതിന്റെ ചായം മുക്കൽ (Dyeing) കഴിഞ്ഞു. ഏപ്രിൽ മാസത്തിൽത്തന്നെ വിതരണം ചെയ്യാൻ കഴിയുന്ന രീതിയിൽ അതിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കളിമൺ ലഭ്യതക്കുറവും മറ്റുംകൊണ്ട് നിരവധി പ്രശ്നങ്ങൾ നേരിടുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കാൻ മൺ പാത്രങ്ങളും മറ്റ് കളിമൺ ഉത്പന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിന്റെ ഭാഗമായി നിരവധി കുടുംബങ്ങളുടെ ആശ്രയ കേന്ദ്രമായ എന്റെ മണ്ഡലത്തിലെ ആളൂർ കുംഭാര കോളനിയിലെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികളും അവരുടെ സ്വന്തം സ്ഥലത്ത് ഷെഡ് നിർമ്മിക്കുന്നതിനാവശ്യമായ സഹായവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കളിമൺ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾ റാ മെറ്റീരിയലിന്റെ ക്ഷാമം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി ആകർഷകമായ രീതിയിൽ സുവനീറുകളും മറ്റും നിർമ്മിക്കുന്നതിനുള്ള ശേഷി അവർ ആർജ്ജിച്ചിട്ടുണ്ട്. അത് കൂടുതൽ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച ആളൂരിലെ കേസ് പ്രത്യേകം പരിഗണിക്കുന്നതാണ്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, പരമ്പരാഗത വ്യവസായങ്ങളിൽ കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന വ്യവസായമാണ് ഖാദി വ്യവസായം. കേരളത്തിൽ നൂൽനൂൽപ്പ്, നെയ്ത്ത് രംഗത്ത് മാത്രമായി ഒരു ഘട്ടത്തിൽ 30000 തൊഴിലാളികൾ ജോലി ചെയ്തിരുന്നു. എന്നാൽ ഇന്നും 13000 തൊഴിലാളികൾ ഈ രംഗത്തുണ്ട്. ഖാദിയുടെ വിപണി രംഗത്താണെങ്കിൽ നമുക്കാവശ്യമുള്ളതിന്റെ പകുതിപോലും കേരളത്തിൽ ഉത്പാദിപ്പിക്കുന്നില്ല. ഇന്ന് ഉത്പാദന മേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം ഈ രംഗത്തെ കുറഞ്ഞ കൂലിയും പഴയ രീതിയിലുള്ള ഉത്പാദന മാർഗ്ഗങ്ങളുമാണ്. ഖാദി മേഖലയിൽ 97 ശതമാനവും വനിതകളാണ് ജോലിചെയ്യുന്നത്. തറയിലിരുന്ന് ഇരുമ്പുചക്രം തിരിച്ച് നൂൽ ഉത്പാദിപ്പിക്കുന്ന സമ്പ്രദായമാണ് ഇന്നും നിലനിൽക്കുന്നത്. അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കേരളത്തിലെ വിപണി സാധ്യത ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ സാധിക്കണമെങ്കിൽ സെമി ഓട്ടോമേഷൻ ഏർപ്പെടുത്തണമെന്ന നിർദ്ദേശം കുറേക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ എന്ത് പ്രായോഗിക നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഖാദി മേഖലയിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഖാദിക്കുപുറമെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഖാദി കൊണ്ടുവന്നാണ് മാർക്കറ്റിൽ ആവശ്യങ്ങൾ നിർവ്വഹിക്കുന്നത്. അപ്പോൾ ഉത്പാദനം വർദ്ധിക്കണമെന്നുള്ളത് ശരിയാണ്. ഇക്കാര്യത്തിൽ ഖാദിയുടെ പാരമ്പര്യ സ്വഭാവം നിലനിർത്തിക്കൊണ്ട് ചെറിയ യന്ത്രവത്കരണം നടത്തണമെന്ന നിർദ്ദേശം കേരളത്തിലെ എല്ലാ ട്രേഡ് യൂണിയനുകളുടെയും യോഗം വിളിച്ചുകൂട്ടിയതിൽ ഉന്നയിച്ചിരുന്നു. ആ ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഖാദിയുടെ സ്വാഭാവിക തനിമ നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരം കാര്യം നിർവ്വഹിക്കാനും തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കാനും ഉത്പാദന വർദ്ധനവുണ്ടാക്കാനും ഇതിന്റെ ഭാഗമായി കഴിയും എന്നതിനാൽ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഒ. ആർ. കേളു: സർ, റാ മെറ്റീരിയൽ ലഭിക്കുന്നില്ല എന്നതാണ് ബാംബു കോർപ്പറേഷൻ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. സാധാരണക്കാർ ജോലി ചെയ്യുന്ന സ്ഥാപനമാണിത്. റാ മെറ്റീരിയൽ ലഭിക്കാത്തതിനാൽ തൊഴിലാളികൾക്ക് കൃത്യമായി ജോലി കൊടുക്കാൻ സാധിക്കുന്നില്ല. അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. അതുസംബന്ധിച്ച് വിശദീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബാംബൂ മേഖലയിൽ റാ മെറ്റീരിയലിന്റെ പ്രശ്നം ഇപ്പോൾ നിലനിൽക്കുന്നില്ല. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ആലോചിച്ച് ബാംബൂ കോർപ്പറേഷൻ ആവശ്യപ്പെട്ട സ്ഥലത്തുനിന്നും ഈറ്റയും മുളയുമൊക്കെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ പ്രോജക്ടുകൾ വന്നപ്പോൾ പുതിയ തൊഴിലാളികളും ആ മേഖലയിലേയ്ക്ക് വന്നിട്ടുണ്ട്. കോഴിക്കോട്ടുള്ള ബാംബൂ ടൈൽസ് ഫാക്ടറി ഇത്തവണ ഉത്പാദന നഷ്ടം കുറച്ചുകൊണ്ടുവരുന്ന രീതിയിൽ മികച്ച നിലവാരത്തിലെത്തിയിട്ടുണ്ട്. അവിടെ തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക ഉൾപ്പെടെയുള്ള ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, പരമ്പരാഗത തൊഴിൽ മേഖല മാത്രമല്ല, യു.ഡി.എഫ്. ഭരണകാലത്ത് ശവപ്പറമ്പാക്കി മാറ്റിയ വ്യവസായ മേഖലയെ 21 മാസംകൊണ്ട് പുതുജീവൻ നൽകി ലാഭകരമാക്കിയ വ്യവസായ വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും അഭിനന്ദിക്കുകയാണ്. ഖാദി ബോർഡിന് കീഴിൽ എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ കള്ള് ചെത്തുമായി ബന്ധപ്പെടുത്തി പനംചക്കര നിർമ്മാണ യൂണിറ്റുകൾ ഉണ്ടായിരുന്നു. ചെത്തുതൊഴിൽ മേഖല

സ്തംഭിച്ചതോടെ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കെട്ടിടങ്ങളും ഭൂമിയുമുൾപ്പെടെ അന്യാധീനപ്പെട്ട് കിടക്കുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം ഭൂമി വീണ്ടെടുത്ത് ഈറ്റ, മുള, പനമ്പ്, കളിമൺ പാത്ര നിർമ്മാണ പരിശീലന കേന്ദ്രങ്ങളായും തൊഴിൽ കേന്ദ്രങ്ങളായും മാറ്റിയെടുക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യം നേരത്തെ ഉന്നയിച്ചിരുന്നു. അതിനെ സംബന്ധിച്ച് ഖാദി ബോർഡിനോട് ഡീറ്റെയിൽസ് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായ സ്ഥലം ഉപയോഗപ്പെടുത്തി ഖാദി, കളിമൺ മേഖലയിൽ എം.എൽ.എ.-യുടെ നിർദ്ദേശത്തിന്റെകൂടി അടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കും.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, പരമ്പരാഗത മേഖലയിലുള്ള പല വ്യവസായങ്ങളും പരിശോധിച്ചാൽ പാവപ്പെട്ട തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന ഈ മേഖല തകർച്ചയുടെ വക്കിലേയ്ക്കാണ് പോകുന്നതെന്ന് കാണാൻ കഴിയും. ഉദാഹരണത്തിന് കയർ മേഖലയിൽ ഏതാണ്ട് രണ്ടരലക്ഷത്തിലധികം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നു. അവർക്ക് ഇപ്പോൾ കൊടുക്കുന്ന വേതനം 300 രൂപ മാത്രമാണ്. മറ്റ് പരമ്പരാഗത വ്യവസായങ്ങളിലെല്ലാം ഇതുപോലുള്ള പല വിഷയങ്ങളും നിലനിൽക്കുകയാണ്. അതുകൊണ്ട് പരമ്പരാഗത വ്യവസായങ്ങളിൽ പുനഃസംഘടന നടത്തി പാവപ്പെട്ട തൊഴിലാളികൾക്ക് കൂടുതൽ വേതനം ലഭ്യമാക്കുവാൻ കഴിയുന്ന മാർഗ്ഗത്തിലേയ്ക്ക് പോകണം. അതിന് വ്യവസായ വകുപ്പുതന്നെ മുൻകയ്യെടുത്ത് പരമ്പരാഗത വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി അവ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് കൂടുതൽ വേതനം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; ഖാദി വ്യവസായ ഉൽപ്പന്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ന് നിലനിൽക്കുന്ന റിബേറ്റ് കുടിശ്ശിക കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന ഒരു മേഖലയാണ് പരമ്പരാഗത മേഖല. ഈ മേഖലയിൽ ധാരാളം പ്രശ്നങ്ങളുണ്ട്. മാർക്കറ്റിൽ മത്സരങ്ങൾ വന്നതുകൊണ്ടുള്ള പുതിയ പ്രശ്നങ്ങളും നേരിടുകയാണ്. പക്ഷെ അവരെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വരുമാനം ഉറപ്പ് പദ്ധതി ഉൾപ്പെടെ ഈ മേഖലയ്ക്ക് നൽകി തൊഴിലാളികളുടെ മിനിമം കൂലിയിൽ വർദ്ധനവുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കയറിന് വേണ്ടിയുള്ള പ്രത്യേക പാക്കേജിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ

വിശദീകരിച്ചതാണ്. മിനിമം കൂലി 600 രൂപയെങ്കിലും ആക്കാനും ഉല്പാദിപ്പിക്കുന്ന കയർ മുഴുവൻ കയർ കോർപ്പറേഷനും കയർഫെഡും കൂടി വാങ്ങിക്കാനുമുള്ള പദ്ധതികൾ, തൊണ്ടു സംഭരണത്തിലുള്ള പ്രശ്നങ്ങളുൾപ്പെടെ കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. അപ്പോൾ പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ തന്നെയാണ് സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായാണ് നേരത്തെ കൈത്തറി തൊഴിലാളികളുടെ സ്കൂൾ യൂണിഫോം പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞത്. സ്കൂൾ യൂണിഫോം കൊടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി മാർക്കറ്റിംഗ് വർദ്ധിപ്പിക്കാനും അതുപോലെ ഉല്പാദനം വർദ്ധിപ്പിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഖാദി മേഖലയിൽ റിബേറ്റ് കുടിശ്ശികയുണ്ട് എന്നത് വസ്തുതയാണ്. കഴിഞ്ഞ കുറെ വർഷമായി ഇത് നിലനിൽക്കുകയാണ്. പക്ഷെ ഈ ഗവൺമെന്റ് വന്നതിനുശേഷം നിലവിലുള്ള ബഡ്ജറ്റ് പ്രൊവിഷന് പുറമെ കുടിശ്ശികയുടെ 25 ശതമാനം ഈ വർഷം കൊടുത്തുതീർത്തിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശിക കൂടി കൊടുത്തുതീർക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. ഈ വർഷംതന്നെ ഖാദി കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. കെ. ശശി</u>: സർ, ബാംബു മേഖലയിൽ അങ്കമാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കുറെക്കൂടി ശക്തി പ്പെടുത്തേണ്ടതുണ്ട്. ഈറ്റയും മുളയും ഉപയോഗിച്ച് ഉല്പന്നങ്ങളുണ്ടാക്കുന്ന കോളനികളിൽ ഇവ എത്തിച്ചുകൊടുക്കാൻ കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ; ഓരോ കോളനിയും മാറ്റ് വീവിംഗ് സെന്ററുകളാക്കി മാറ്റി അവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കാൻ ബാംബു കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ; അത് വിറ്റഴിച്ച് കിട്ടുന്ന തുക കോളനികൾക്ക് തിരിച്ചു കൊടുക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബാംബൂ കോർപ്പറേഷൻ ഇപ്പോൾ കുറച്ച് യൂണിറ്റുകൾ ചില കേന്ദ്രങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ബാംബൂ കോർപ്പറേഷന്റെ സാഹചര്യം കൂടി മനസ്സിലാക്കി എത്ര കേന്ദ്രത്തിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയു മെന്ന് ആലോചിക്കാം. പ്രധാനമായും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. റാ മെറ്റീരിയലിന്റെ ലഭ്യതയനുസരിച്ച് പുതിയ കേന്ദ്രങ്ങളിലേയ്ക്ക് പോകാൻ ശ്രമിക്കുന്നുണ്ട്. അവരുടെ അദ്ധ്വാനഭാരം കുറയ്ക്കാനും റാ മെറ്റീരിയൽസ് ക്രമീകരിക്കാനും വേണ്ടിയുള്ള പ്രത്യേക യന്ത്ര സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. പാവപ്പെട്ടവർ ജോലി ചെയ്യുന്ന ഈ മേഖലയിൽ ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലത്തേയ്ക്ക് ഇത് വ്യാപിപ്പിക്കണം എന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ നടപടികൾ തുടങ്ങിയിട്ടുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കേരളത്തിലെ ടെക്സ്റ്റൈൽ കോർപ്പറേഷനുകൾ ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധി നമ്മുടെ സംസ്ഥാനത്തെ പതിനായിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമായി ഉയർന്നുവന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം ടെക്സ്റ്റൈൽ തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് മാർച്ച് നടന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കരുതുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ടെക്സ്റ്റൈൽ മേഖല നവീകരിക്കുന്നതിനുവേണ്ടി വളരെ ആത്മാർത്ഥമായ ശ്രമം ആരംഭിച്ചിരിക്കുന്നു എന്നത് സ്വാഗതാർഹമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കോട്ടയം ടെക്സ്റ്റൈൽസ് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. തൊഴിലാളികൾ മുഴുവൻ ആശങ്കയിലാണ്. ഈ മേഖലയെ നവീകരിക്കാനും സംരക്ഷിക്കാനും ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ടെക്സ്റ്റൈൽ മേഖലയിൽ നേരത്തെ പറഞ്ഞ രീതിയിലുള്ള മാർക്കറ്റിലെ മത്സരങ്ങളും മറ്റുമെല്ലാം വലിയ പ്രശ്നമായിരുന്നു. കൂടാതെ പ്രവർത്തന മൂലധനമില്ലായ്മ, ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് വില കിട്ടാതെ വരുന്ന സ്ഥിതി തുടങ്ങിയവ ടെക്സ്റ്റൈൽ മേഖലയിലെ വിവിധ പ്രതിസന്ധികളാണ്. മുഴുവൻ കാരണങ്ങളിലേയ്ക്കും ഞാൻ പോകുന്നില്ല. ഇത് പഠിക്കാൻവേണ്ടി എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിരുന്നു. അതിന്റെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. ഇത് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഈ വർഷം ചില മില്ലുകളുടെ നവീകരണത്തിനായി വലിയ തോതിൽ തുക നീക്കിവച്ചിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പ്രവർത്തന മൂലധനത്തിനാവശ്യമായ സഹായം സർക്കാർ നൽകിയിട്ടുണ്ട്. സീസണിൽത്തന്നെ കോട്ടൺ വാങ്ങാനുള്ള നടപടി കഴിഞ്ഞ വർഷം സ്വീകരിച്ചു. ഈ വർഷവും പ്രവർത്തന മൂലധനത്തിന്റെ സഹായമെന്നുള്ള നിലയിൽത്തന്നെയാണ് കൊടുക്കുന്നത്. സെൻട്രലൈസ്ഡ് പർച്ചേസ് വഴി മില്ലുകൾക്ക് കോട്ടൺ വാങ്ങിക്കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രത്യേക പ്രശ്നങ്ങൾ ഉണ്ടാകുന്ന ചില മേഖലകളുണ്ട്. ഇപ്പോൾ തൊഴിലാളികളുടെ മേഖലയിൽ ആബ്സന്റീസം ഉണ്ട്. നമുക്കാവശ്യമായ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിപ്പിക്കാനാവശ്യമായ തൊഴിലാളികൾ കുറവാണ്. ഇത് എല്ലാ ട്രേഡ് യൂണിയനുകളും അംഗീകരിക്കുന്നു. അത്തരം പ്രശ്നങ്ങൾക്ക് ഉൾപ്പെടെ പരിഹാരം കാണാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്.

## സഹകരണ നയം

4 (*334) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗങ്ങൾക്ക് നേട്ടമുണ്ടാകുന്നതോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനവും അതുവഴി സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും ലക്ഷ്യമാക്കി കരട് സഹകരണ നയത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ബി) ഗ്രാമ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയായ കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി നിലവിൽ 10 ശതമാനം മാത്രമുള്ള കാർഷിക വായ്പയുടെ പങ്ക് വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ചെറുകിട സംരംഭങ്ങൾ വഴിയും കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനുള്ള സംരംഭങ്ങൾ വഴിയും ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി നേതൃത്വം നൽകുന്നതിന് സഹകരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, (എ) സഹകരണ നയത്തിന്റെ കരട് തയ്യാറാക്കി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തി. സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ സഹകരണ സംഘങ്ങൾ വഴി സഹകാരികൾക്ക് നേട്ടമുണ്ടാകുന്ന തോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനവും അതുവഴി സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും ലക്ഷ്യമാക്കി സഹകരണ കോൺഗ്രസ്സിൽ താഴെപ്പറയുന്ന പ്രധാന നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുക, നിലവിൽ അഞ്ച് വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ്സ് മൂന്ന് വർഷം കൂടുമ്പോൾ നടത്തുക.

കേരള സംസ്ഥാന സഹകരണ ബാങ്കിനെയും (കെ.എസ്.സി.ബി.) 14 ജില്ലാ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുനഃസംഘടിപ്പിക്കുക, ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിലൂടെ സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൂടുതൽ ആദായകരമായും ജനോപകാരപ്രദമായും പ്രവർത്തിക്കുക, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക, കാർഷിക/കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10 ശതമാനം എന്നതിൽ നിന്നും അടുത്ത രണ്ട് വർഷത്തിനുള്ളിൽ 25 ശതമാനവും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50 ശതമാനവുമാക്കുക, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.എസ്) ദീർഘകാല സഹകരണ വായ്പാ ഘടനയെ (എൽ.റ്റി.സി.സി.എസ്) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50 ശതമാനമെങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക, പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക, കൂടാതെ പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക, മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യം സമ്പാദിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക, നിലവിലുള്ള എല്ലാ ജില്ല മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളെയും ശക്തമാക്കുക, ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക, തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക, ഉൽപ്പാദനം, അടിസ്ഥാന സൗകര്യവികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക, സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും ചർച്ച ചെയ്യപ്പെട്ടു.

(ബി) ഉണ്ട്. നിലവിലെ കാർഷിക വായ്പ 10 ശതമാനം എന്നതിൽനിന്നും അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ കാർഷികാനുബന്ധ വായ്പ ഉൾപ്പെടെ 25 ശതമാനവും പിന്നെ 50 ശതമാനവുമാക്കുന്നതിന് വേണ്ടിയാണ് സഹകരണ കോൺഗ്രസ്സിൽ ഈ നയത്തിന്റെ ഭാഗമായി ചർച്ച ചെയ്തത്.

(സി) കൈത്തറി, കയർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ മാന്യതയുള്ള തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ടും ചെറുകിട സംരംഭങ്ങൾ വഴിയും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ പ്രാദേശികധനം സമ്പാദിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനം മാറ്റിക്കൊണ്ടും ദുർബല വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വനിതാ സംഘങ്ങളുടെ വികസനത്തിലൂടെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളിലെ അംഗങ്ങളുടെ നൈപുണ്യ നിലവാരവും ഉയർത്തുക, സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നടപടി സ്വീകരിക്കുക, ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക പരിഗണനയുമായി സഹകരണ പ്രസ്ഥാനം ആരംഭിക്കുക എന്നിവയും സഹകരണ കോൺഗ്രസ്സിൽ ചർച്ച ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, കേരള ബാങ്ക് രൂപീകരിക്കുമെന്നുള്ള ഒരു ആശയം നിലനിൽക്കുകയാണ്. പ്രാഥമിക സഹകരണ സംഘവും കേരള ബാങ്കും തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കും; കേരള ബാങ്ക് രൂപീകരണത്തെ സംബന്ധിച്ച നിലവിലെ സ്ഥിതിയെന്താണ്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് ഒരു സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചു. അത് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തലവൻ പ്രൊഫ. എം. എസ്. ശ്രീറാമിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി 28-4-2017-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് നബാർഡിൽനിന്നും റിട്ടയർ ചെയ്ത ചീഫ് ജനറൽ മാനേജർ ശ്രീ. വി. ആർ. രവീന്ദ്രനാഥിന്റെ നേതൃത്വത്തിൽ കേരള ബാങ്ക് രൂപീകരണത്തിനുള്ള ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ടാസ്ക് ഫോഴ്സ് വിശദമായ പദ്ധതി തയ്യാറാക്കി കേരള ബാങ്ക് രൂപീകരണത്തിന് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിന് 2017 സെപ്റ്റംബർ 2-ന് സംസ്ഥാന ചീഫ് സെക്രട്ടറി മുഖാന്തരം റിസർവ് ബാങ്കിനും നബാർഡിനും അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ നബാർഡ് ഹെഡ് ഓഫീസിന്റെ പരിശോധനയ്ക്കുശേഷം 2017 നവംബർ 9-ന് സർക്കാരിന് ഇടക്കാല മറുപടി നൽകുകയും നബാർഡ് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ സമർപ്പിച്ചതിനെത്തുടർന്ന് 2018 ജനുവരി 18-ന് നബാർഡ് ഹെഡ് ഓഫീസ് അവരുടെ ശിപാർശകൾ സഹിതം ഫയൽ റിസർവ് ബാങ്കിന് കൈമാറുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ കേരള ബാങ്ക് രൂപീകരണവുമായി മുന്നോട്ടുപോകുന്നതിന് തത്വത്തിലുള്ള അംഗീകാരം ഏതാണ്ട് മാർച്ച് മാസം അവസാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ടി. എ. റഹിം: സർ, കേരള ബാങ്ക് രൂപീകരിക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളുമായുള്ള ബന്ധം എന്തായിരിക്കുമെന്നുള്ള എന്റെ ചോദ്യത്തിന് മറുപടി ലഭിച്ചിട്ടില്ല. രണ്ടാമത്തെ ചോദ്യം, സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ട ആളുകൾക്ക് നിശ്ചിത തുക മാത്രമേ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നുള്ളൂ. ഗൃഹനാഥൻ മരണപ്പെടുന്ന സാഹചര്യത്തിൽ പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഹൗസിംഗ് സൊസൈറ്റികളിൽനിന്നും ലഭിക്കുന്നതുപോലെ മുഴുവൻ തുകയ്ക്കുമുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം സഹകരണ നയത്തിൽ ഉൾപ്പെടുത്തുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സഹകരണ നയം വളരെ സമഗ്രമായ ഒന്നാണ്. കേരളത്തിന്റെ സഹകരണ മേഖല ഇന്ന് എത്തിപ്പെടാത്ത വിഭാഗങ്ങളില്ല. ഇക്കാര്യങ്ങളുൾപ്പെടെ സഹകരണ കോൺഗ്രസ് പരിശോധിച്ചതാണ്. അത് നയത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. നയത്തിന് അന്തിമമായിട്ടുള്ള അംഗീകാരം ഗവൺമെന്റ് കൊടുത്തിട്ടില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സർക്കാരിന്റെ സഹകരണ നയമനുസരിച്ച് പുതിയ കേരള ബാങ്ക് രൂപീകരിക്കാനും അതുവഴി സമൂഹത്തിലെ നാനാതുറകളിലുള്ള ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന നിരവധി മേഖലകളിലേയ്ക്ക് കടന്നുചെല്ലാനുമുള്ള നയസമീപനങ്ങളെ സംബന്ധിച്ചാണ് ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. അങ്ങനെ രൂപീകരിക്കാനുദ്ദേശിക്കുന്ന സഹകരണ നയത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണന വിഭാവനം ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, പാർശ്വവൽകൃത സമൂഹത്തിനുവേണ്ടി ഇതുപോലെ സഹകരണ മേഖല ഇടപെട്ട ഒരു ഘട്ടമുണ്ടായിരുന്നില്ല. അവിടെ നടന്ന ചർച്ചയുടെ ഭാഗമായി പാർശ്വവൽകൃത സമൂഹത്തിന് പ്രത്യേകമായ ചില പദ്ധതികൾ സഹകരണ കോൺഗ്രസ് രൂപം കൊടുത്തിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. ഈ പ്രസ്ഥാനം ഏറ്റവും കൂടുതൽ പരിഗണിക്കുന്നതും സംരക്ഷിക്കുന്നതും പാവപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെടുന്നവരെയും ആണ്. ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നത് സംബന്ധിച്ച് സഹകരണ നയത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഭിന്ന ലിംഗക്കാർ, പട്ടികജാതി/ പട്ടികവർഗ്ഗക്കാർ, ആദിവാസികൾ, ഭിന്നശേഷിക്കാർ, കൈവേലക്കാർ, തൊഴിലാളികൾ, സ്ത്രീകൾ, യുവജനങ്ങൾ എന്നിങ്ങനെ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ സഹകരണ പ്രസ്ഥാനത്തിലൂടെ സമൂഹത്തിന്റെ

മുഖ്യധാരയിലേയ്ക്കും മാന്യമായ തൊഴിലിലേയ്ക്കും സ്ഥിരമായ വരുമാന മാർഗ്ഗങ്ങളിലേയ്ക്കും നയിക്കുന്ന ഒരു നയമാണ് ഇതിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തെ രണ്ടായിരത്തിലധികം വരുന്ന ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽപ്പെടുന്നവർ ഉൾപ്പെടുന്ന പ്രത്യേക സഹകരണ സംഘം രൂപീകരിച്ച് അവർക്ക് മാന്യമായ തൊഴിലവസരങ്ങൾ, സുരക്ഷിതമായ താമസ സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ കഴിയണമെന്നാണ് സഹകരണ നയത്തിലൂടെ വിഭാവനം ചെയ്യുന്നത്. ഇത് ട്രാൻസ്ജെൻഡേഴ്സിനുവേണ്ടിയുള്ള ആദ്യ സംരംഭമാണ്. വളരെ പ്രാധാന്യത്തോടു കൂടിയാണ് സഹകരണ കോൺഗ്രസ്സിൽ ഇത് ചർച്ച ചെയ്തത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, വനിതകൾക്കും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണ് ഈ മേഖലയിലൂടെ നൽകാൻ കഴിയുന്നത്; യുവാക്കളെ ആകർഷിക്കാനും യുവജനങ്ങൾക്കിടയിൽ സ്വീകാര്യത വരുത്താനും ആവശ്യമായ എന്ത് നടപടിയാണ് ഈ നയത്തിലുള്ളത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, വനിതാ വിഭാഗത്തിനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും പ്രത്യേകമായ ചില പരിഗണനകൾ ഈ നയത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 600-ലധികം വരുന്ന വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വളരെ ശക്തമായ സംഘങ്ങളും ദുർബലമായ സംഘങ്ങളുമുണ്ട്. കൂടുതലും ദുർബല സംഘങ്ങളാണ്. ഇവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുല പ്പെടുത്തുന്നതിനും വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും സർക്കാർ സാമ്പത്തികമായി സഹായം നൽകി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹിപ്പിക്കും. 2018-19 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽത്തന്നെ 3 കോടി രൂപ ഇതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ 628 എണ്ണമാണുള്ളത്. അതിൽ വളരെ കുറച്ച് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ബാക്കിയൊക്കെ defunct ആണ്. അതിനെ സഹായിക്കുന്നതിനുവേണ്ടി 2018-19-ൽ സഹകരണ വകുപ്പുതന്നെ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും ഇതിനെ സഹായിക്കുന്നുണ്ട്. അതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും അതിന്റെ ഫെഡറേഷന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഏറ്റവും ഫലപ്രദമായ നിർദ്ദേശങ്ങളാണ് നയത്തിന്റെ ഭാഗമായി വന്നിട്ടുള്ളത്.

ശ്രീ. ജെയിംസ് മാത്യു: സർ, ഒരു സഞ്ചിതനിധിയില്ലാതെ 1984-ൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ മുടങ്ങിയതിനെത്തുടർന്ന് ഈ ഗവൺമെന്റ് വളരെയേറെ പ്രയാസം അനുഭവിക്കുകയും പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയുള്ള പണം കണ്ടെത്തുകയും ചെയ്തു. ഈ കാലയളവിനിടയിൽ പ്രതിപക്ഷം നിരവധി തവണ അവരുടെ ആശങ്ക ഇവിടെ ഉയർത്തുകയും ഏതെങ്കിലും കാലത്ത് ഈ പെൻഷൻ ലഭിക്കുമോ എന്നുപോലും സഭയിൽ ചോദിക്കുന്ന അവസ്ഥയുണ്ടാകുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ വിതരണത്തിന്റെ വലിയൊരു ശതമാനവും സഹകരണ സംഘങ്ങളിലൂടെയാണ് നടക്കുന്നത്. അതിന്റെ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനുവേണ്ടി കേരള ഗവൺമെന്റും സഹകരണ സംഘവും ഇത്രത്തോളം മാതൃകാപരമായ സമീപനം കാട്ടിയിട്ടുള്ള ഒരു കാലഘട്ടമുണ്ടായിട്ടില്ല. ബഡ്ജറ്റിൽത്തന്നെ 1000 കോടി രൂപയാണ് ഇതിനുവേണ്ടി നീക്കിവച്ചത്. പ്രൈമറി സൊസൈറ്റികളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ആ കൺസോർഷ്യം വഴിയാണ് ഇപ്പോൾ പെൻഷൻ വിതരണം നടത്തുന്നത്. പ്രൈമറി സംഘങ്ങളെല്ലാം ഇവരെ സഹായിക്കുന്നതിനുവേണ്ടി സ്വമേധയാ രംഗത്തുവന്നിരിക്കുകയാണ്. ആ രൂപത്തിൽ മാതൃകാപരമായ സമീപനമാണ് സഹകരണ സംഘങ്ങൾ സ്വീകരിക്കുന്നത്. 39000 പെൻഷൻകാരാണുള്ളത്. 220 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. 220 കോടി രൂപയുടെ കുടിശ്ശികയും 576 സഹകരണ സംഘങ്ങൾവഴി വിതരണം നടത്തിക്കഴിഞ്ഞു. ആറ് മാസത്തെ പെൻഷൻ വിതരണം നടത്തുന്നതിന് ഒരു തടസ്സവും ഇപ്പോഴില്ല. ആറ് മാസത്തിനുള്ളിൽ ത്തന്നെ ഇതിന്റെ റീസ്ട്രക്ചറിംഗ് നടപടികൾ ആരംഭിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ ബാധിച്ചിട്ടുള്ള എല്ലാ പ്രശ്നങ്ങളും ശാശ്വതമായി പരിഹരിക്കുന്നതിനുള്ള അതിശക്തമായ നിലപാടാണ് സഹകരണ മേഖലയും ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. ഈ മേഖലയിൽ ഇനി ഒരു ആശങ്കയും ഉണ്ടാവുകയില്ല.

ശ്രീ. കെ. മുരളീധരൻ: സർ, ഗവൺമെന്റിന്റെ പുതിയ പോളിസി അനുസരിച്ച് സഹകരണ പ്രസ്ഥാനത്തിലുള്ള ത്രീ ടയർ സിസ്റ്റം ടു ടയർ സിസ്റ്റമായി മാറുകയാണ്. പ്രാഥമിക ബാങ്കുകളും കേരള ബാങ്കും. കേരള ബാങ്കിന് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അത് നാഷണലൈസ്ഡ് ബാങ്കിന്റെ രീതിയിലേയ്ക്കായിരിക്കും വരുന്നത്. അങ്ങനെ വരുമ്പോൾ പ്രാഥമിക ബാങ്കുകളും കേരള ബാങ്കുമായിട്ടുള്ള സഹകരണ ബന്ധം ഇല്ലാതാകും. മറ്റൊന്ന്, കേരള ബാങ്ക് രൂപീകരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. പെൻഷൻകാരെ സഹായിക്കുന്ന പദ്ധതികൾ ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകുമോ; ഇത്തരം കാര്യങ്ങൾ ഗവൺമെന്റ് വിശദമായി പഠിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു ആശങ്കയും വേണ്ട. കേരളത്തിലെ സഹകരണ മേഖലയിൽ ഏകദേശം 830-ഓളം ബ്രാഞ്ചുകളാണുള്ളത്. ആ ബ്രാഞ്ചുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും ജില്ലാ ബാങ്കിലെ ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കപ്പെടും. ഇതിന്റെ ഘടനയിൽ മാറ്റം വരുന്നുണ്ട്. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന ബാങ്കിന്റെയും സംയോജനത്തെ സംബന്ധിച്ചുള്ള അവസാന റിപ്പോർട്ട് ഇപ്പോൾ ലഭ്യമല്ല. റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ അത്തരം കാര്യങ്ങളെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ. സംസ്ഥാന ബാങ്ക് ആയാലും കെ.എസ്.ആർ.ടി.സി.-ക്കാരുടെ ആനുകൂല്യത്തിനും പെൻഷനും ഒരു രൂപത്തിലുമുള്ള പ്രശ്നം ഉണ്ടാകുകയില്ല. റീസ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് നാഷണലൈസ്ഡ് ബാങ്കുകളുടെ കൺസോർഷ്യമാണ് ഇനി രൂപീകരിക്കാൻ പോകുന്നത്. അത് വേഗത്തിൽ രൂപീകരിച്ച് അവരുടെ സംരക്ഷണം ഉറപ്പുവരുത്തും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രൈമറി സ്ഥാപനങ്ങളുമായുള്ള ബന്ധം എന്തായിരിക്കും എന്നതുസംബന്ധിച്ച് ഒന്ന് രണ്ടുപേർ ചോദിച്ചിരുന്നു. പ്രൈമറി സ്ഥാപനങ്ങൾ എന്നുപറയുന്നത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഇപ്പോൾ ജില്ലാ ബാങ്കിൽ അഫിലിയേറ്റ് ചെയ്തുനിൽക്കുകയാണ്. ജില്ലാ ബാങ്ക് ഇല്ലാതാകുകയും പകരം സംസ്ഥാന ബാങ്കായി മാറുകയും ചെയ്യും. അഫിലിയേഷൻ സ്വാഭാവികമായും സംസ്ഥാന ബാങ്കുമായി വരും. അതുകൊണ്ട് ഒരു പ്രയാസവും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഉണ്ടാകാനില്ല. സംസ്ഥാന സഹകരണ ബാങ്കിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ഭാഗമായി മാറാൻ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കഴിയുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, സഹകരണ പ്രസ്ഥാനത്തിന്റെ അടിത്തറ പ്രൈമറി സഹകരണ സംഘങ്ങളാണ്. ഇപ്പോൾ വാണിജ്യ ബാങ്കുകളിൽ ആളുകളുടെ വിശ്വാസം കുറയുകയും അവർ സഹകരണ സംഘങ്ങളിലേയ്ക്ക് വരികയും ചെയ്യുന്നുണ്ട്. പക്ഷേ അവിടെയുള്ള സാങ്കേതിക പ്രശ്നം മൊബൈൽ ബാങ്കിംഗ്, ഇ-ബാങ്കിംഗ് എന്നിവയൊക്കെ പ്രൈമറി സഹകരണ സംഘങ്ങളിൽക്കൂടി നടപ്പാക്കാൻ സാധ്യമല്ലാത്തതുകൊണ്ട് ചെറുപ്പക്കാർ സഹകരണ സംഘങ്ങളിലേയ്ക്ക് വരാത്ത അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. അത് എങ്ങനെ തരണം ചെയ്യാൻ സാധിക്കും? ഏരിയ ഓപ്പറേഷൻ വളരെ ചെറുതാണ്. ചില സംഘങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെയെല്ലാം വാണിജ്യ ബാങ്കുകൾ കടന്നു കൂടുകയാണ്. ഈ പ്രശ്നങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നത്; പ്രത്യേകിച്ച് മൊബൈൽ ബാങ്കിംഗ് വരുന്ന അവസ്ഥയിൽ എങ്ങനെ ഇതിനെ നേരിടാൻ കഴിയും?

ശ്രീ. എ. കെ. ബാലൻ: സർ, സഹകരണ മേഖലയിൽ ഇവിടെ പറഞ്ഞ പുതിയ പ്രതിഭാസങ്ങൾ സ്വാഭാവികമായും ചില പ്രതിസന്ധികൾ സൃഷ്ടിക്കും. അത് തരണംചെയ്യുന്നതിനുള്ള ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലേയ്ക്കുള്ള നിയമനം 1995 മുതൽ പി.എസ്.സി. വഴിയാണ് നടന്നുവരുന്നത്. 15-3-2014-ലെ ഗസറ്റ് വിജ്ഞാപനത്തിൽ 20/2014, 21/2014 കാറ്റഗറി നമ്പർ പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ച് 2017 ജനുവരിയിൽ പ്രസിദ്ധീകരിച്ച ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാർക്ക്/കാഷ്യർ ലിസ്റ്റിലുൾപ്പെട്ട ആറായിരത്തോളം ഉദ്യോഗാർത്ഥികൾ ഇപ്പോൾ നിയമനം കാത്തിരിക്കുകയാണ്. അവരുടെ നിയമനം ഇപ്പോൾ അനിശ്ചിതത്വത്തിലാണ്. 14 ജില്ലാ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാൻ പോകുകയാണ്. നിലവിലുള്ള ജില്ലാ ബാങ്കിലെ ജീവനക്കാരുടെ കുറവ് ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കേരള ബാങ്ക് രൂപീകരണം വൈകുന്ന സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അപ്രൂവ്ഡായിട്ടുള്ള ഒഴിവുകളെല്ലാം നികത്തുന്നതിനുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തുന്നത്. ഒരു രൂപത്തിലുള്ള പ്രശ്നവും അക്കാര്യത്തിലുണ്ടാകില്ല. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം

5 (*335) ശ്രീമതി സി. കെ. ആശ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം നേരിടുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വൈദ്യുതി നിർമ്മാണത്തിന് ആവശ്യമായ ജലം ഡാമുകളിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ;

(സി) കേരളം ഈ കാലയളവിലേയ്ക്കാവശ്യമായ അധിക വൈദ്യുതി സമാഹരിക്കുന്നതിന് ദീർഘകാല വൈദ്യുതി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അതത് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി വൈദ്യുതി വാങ്ങുന്നതിന്റെ മുൻഗണനാക്രമം ഏറ്റവും ചുരുങ്ങിയ നിരക്കിൽ ലഭ്യമാകുന്നത് ആദ്യം വാങ്ങുന്ന തരത്തിലാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിൽ താല്ക്കാലിക കുറവ് ഉണ്ടാകുമ്പോൾ അവലംബിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : (എ) സംസ്ഥാനത്ത് ഈ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം നേരിടുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ കൃത്യമായ പ്ലാനിംഗിലൂടെ വളരെ മുന്നേതന്നെ നടത്തിയിട്ടുണ്ട്. വർദ്ധിച്ച ഉപഭോഗം നേരിടുന്നതിനായി സാധ്യമായ സമയങ്ങളിലെല്ലാം ആഭ്യന്തര ഉത്പാദനം കുറച്ച്, ജലസംഭരണം കൂട്ടുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തര ഉത്പാദനത്തിന് പുറമേ 1682 മെഗാവാട്ട് കേന്ദ്ര വിഹിതമായും 1215 മെഗാവാട്ട് ദീർഘകാല കരാറിലൂടെയും ലഭിക്കുന്നുണ്ട്. ഇതിനുപുറമേയുള്ള വൈദ്യുതി ആവശ്യകത പവർ എക്സ്ചേഞ്ച് മുഖേന ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്യുവാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

കാര്യക്ഷമമായ വൈദ്യുതി ഉപയോഗത്തിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ വഴി വിദ്യാലയങ്ങളിൽ എനർജി സ്മാർട്ട് പരിപാടി എന്ന ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടിയും വീട്ടമ്മമാർക്കായി ഊർജ്ജ ക്ലിനിക്കും, പൊതുജന ബോധവത്കരണ പരിപാടിയായ ഊർജ്ജ കിരൺ പരിപാടി, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്.

എനർജി സ്മാർട്ട് പരിപാടിയിലൂടെ വിദ്യാർത്ഥികൾ അവരവരുടെ വീടുകളിലും സ്കൂളുകളിലും വൈദ്യുതി ലാഭിക്കുന്നതിനായി മുൻകയ്യെടുക്കുന്നുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായി 570 സ്കൂളുകളിൽ ഊർജ്ജകാര്യ ക്ഷമതയുള്ള എൽ.ഇ.ഡി. ലൈറ്റുകൾ, സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ നൽകിയിട്ടുണ്ട്.

ഇതുകൂടാതെ അനെർട്ടുമായി സഹകരിച്ച് 19 സ്കൂളുകളിൽ 2 കിലോ വാട്ട് സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികളായിട്ടുണ്ട്. നിലവിൽ 4800 സ്കൂളുകൾ സ്മാർട്ട് എനർജി പരിപാടിയിൽ എൻറോൾ ചെയ്തിട്ടുണ്ട്.

എനർജി ക്ലിനിക് വാളണ്ടിയർമാർ അവർ നടത്തിയ ക്ലിനിക്കുകളിലൂടെ വൈദ്യുതി ലാഭം നേടിയ വീടുകൾ കണ്ടെത്തുന്നതിനുള്ള സർവ്വേകൾ നടത്തി വരുന്നുണ്ട്.

നിയോജകമണ്ഡലങ്ങൾ കേന്ദ്രീകരിച്ച് സർക്കാരിതര സംഘടനകളുമായി സഹകരിച്ച് നടത്തുന്ന ഊർജ്ജ കിരൺ പരിപാടിയുടെ ഭാഗമായി കാര്യക്ഷമമായ വൈദ്യുതി ഉപയോഗത്തിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി കൂടുതൽ ജനപ്രിയ പരിപാടികളായ റാലികൾ, പ്രദർശനങ്ങൾ, ഫ്ളാഷ് മോബുകൾ എന്നിവ ഉൾപ്പെടുത്തി ബോധവത്കരണം നടത്തിവരുന്നുണ്ട്.

(ബി) ജൂൺ 1-ന് ഡാമുകളിൽ നീക്കിവയ്ക്കുന്ന കരുതൽ ശേഖരം കഴിച്ച് ഈ വേനൽക്കാലത്ത് ജലവൈദ്യുതി നിലയങ്ങളിൽനിന്നും പ്രതിദിനം ഏകദേശം 22 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ആവശ്യമായ ജലം ഡാമുകളിൽ ലഭ്യമാണ്. ഇത് ആകെ ആവശ്യമുള്ള വൈദ്യുതിയുടെ 30 ശതമാനം ആണ്.

(സി) സംസ്ഥാനത്തെ ഈ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം നേരിടുന്നതിന് കേന്ദ്ര നിലയങ്ങൾ, ഡി.വി.സി., അന്തർ സംസ്ഥാന സ്വകാര്യ വൈദ്യുതി നിലയങ്ങൾ എന്നിവയിൽനിന്നും ആകെ 2897 മെഗാവാട്ട് വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) അതെ. അതത് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി മെറിറ്റ് ഓർഡറിലാണ് വൈദ്യുതി ലഭ്യമാക്കുന്നത്. ഇതനുസരിച്ച് വില കുറഞ്ഞ വൈദ്യുതി സ്രോതസ്സുകളെല്ലാം ഉപയോഗിച്ചതിനു ശേഷമാണ് ഏറ്റവും വില കൂടിയ വൈദ്യുതി സ്രോതസ്സുകൾ ഉപയോഗിക്കുന്നത്.

(ഇ) കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിൽ താൽക്കാലിക കുറവുണ്ടാകുമ്പോൾ അതത് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി മറ്റ് സംസ്ഥാനങ്ങൾക്ക് അധികം വരുന്ന വൈദ്യുതി ഉപയോഗിച്ചും പവർ എക്സ്ചേഞ്ച് വഴിയും കെ.എസ്.ഇ.ബി.-യുടെ താപനിലയങ്ങൾ പ്രവർത്തിപ്പിച്ചും ആണ് കമ്മി നികത്തുന്നത്.

## ഊർജ്ജമേഖലയിലെ പ്രധാന ഏജൻസികൾ

6 (*336) ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഊർജ്ജമേഖലയിലെ പ്രധാന ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ഏജൻസികൾ വാർഷിക പ്ലാനിന്റെ 50% പോലും ചെലവഴിക്കാത്തത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) കെ.എസ്.ഇ.ബി.എൽ., അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നിവയാണ് ഊർജ്ജ വകുപ്പിന് കീഴിലുള്ള സംസ്ഥാന ഊർജ്ജ മേഖലയിലെ പ്രധാന ഏജൻസികൾ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സാമ്പത്തികക്ഷമതയും പ്രവർത്തനക്ഷമതയും മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഉത്പാദന മേഖലയിൽ മുടങ്ങിക്കിടന്നതോ, മറ്റ് തടസ്സങ്ങൾ ഉള്ളതോ ആയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതികളുടെ പുരോഗതിയുടെ അവലോകനം വകുപ്പുമന്ത്രി തലത്തിലും മറ്റ് തലങ്ങളിലും നടത്തി കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തിലൂടെ പദ്ധതി നിർവ്വഹണം എളുപ്പത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

പ്രസരണ മേഖലയിലെ ദീർഘകാല പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.പി.ഡി.എസ്., ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതികൾ, കാസർഗോഡ് നടപ്പിലാക്കുന്ന 200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതികൾ തുടങ്ങിയ പദ്ധതികളുടെ പുരോഗതി മുഖ്യമന്ത്രിയുടെ ഓഫീസ് വെബ് പോർട്ടലിൽ ലഭ്യമാക്കി അവലോകനം നടത്തുന്നതിനുള്ള സംവിധാനം വഴി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

വിതരണ മേഖലയിൽ വിതരണ ശൃംഖല വരുന്ന മൂന്നുവർഷം കൊണ്ട് സമഗ്രമായ പരിഷ്കരണത്തിലൂടെ വിതരണ മേഖലയിലെ സാങ്കേതിക വാണിജ്യനഷ്ടം 10.58 ശതമാനം ആയി കുറച്ച് ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ന്യായമായ വിലയിൽ ലഭ്യമാക്കുവാൻ സർക്കിൾ തലങ്ങളിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവരസാങ്കതികവിദ്യയുടെ സാധ്യതകൾ പ്രയോജന പ്പെടുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ പാക്കേജുകൾ വികസിപ്പിച്ചെടുത്ത് ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി.

മാനവശേഷി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാർക്കും ഓഫീസർമാർക്കും ഓൺലൈൻ മുഖാന്തരം സ്ഥലമാറ്റം നൽകുന്ന സംവിധാനം നിലവിൽ വന്നു.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും വിഹിതം നൽകിക്കൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്‌വഴി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജത്തിൽ നിന്നുള്ള ഉത്പാദനം പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ സർവ്വീസ് പ്രൊവൈഡറായി നിലനിർത്തിക്കൊണ്ട് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു.

കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ, പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തതുവഴി AT&C loss (സാങ്കേതിക വാണിജ്യ സഞ്ചിത നഷ്ടം) ഉം റവന്യൂ ഗ്യാപ്പും (ARR-ACS) കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. അതുവഴി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാമ്പത്തിക നേട്ടം ഉണ്ടാകുന്നതാണ്.

<u>അനെർട്ട്</u>

2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ പദ്ധതികളുടെ ഭാഗമായി അക്ഷയ ഊർജ്ജ പ്രചരണ, വ്യാപന രംഗത്ത് അനെർട്ട് മുഖേന യഥാക്രമം 4388 ലക്ഷം, 4830 ലക്ഷം രൂപയുടെ പദ്ധതി അടങ്കലാണ് അനുവദിച്ചിട്ടുള്ളത്. അനെർട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി Centre for Management Development (CMD) മുഖേന പഠനം നടത്തുന്നതിന് 16.96 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. CMD അതനുസരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എം.സി.-യുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേരളത്തിൽ ഉപയോഗിക്കുന്ന ഡീസൽ ജനറേറ്റർ സെറ്റുകൾ, ബോയിലറുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവയുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിനുള്ള വിശദ പഠനങ്ങൾ നടത്തുകയും 5 കാര്യക്ഷമത കുറഞ്ഞ ട്രാൻസ്ഫോർമറുകൾ മാറ്റി കാര്യക്ഷമത കൂടിയവ സ്ഥാപിച്ചാൽ ഉണ്ടാകുന്ന ലാഭം മനസ്സിലാക്കുന്നതിനുള്ള പഠനം നടത്തിവരുന്നു. കൂടാതെ എല്ലാ മേഖലകളിലും ഊർജ്ജ സംരക്ഷണം കൈവരിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ വിപുലീകരിച്ചിട്ടുണ്ട്.

<u>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്</u>

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിലുള്ള ടെസ്റ്റിംഗ് ലാബുകളിൽ ടെസ്റ്റിംഗ് സംവിധാനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 2017-18-ന്റെ വാർഷിക പദ്ധതിയിൽ 1500 കോടി രൂപയാണ് ഉത്പാദന-പ്രസരണ-വിതരണ മേഖലകളിലും മറ്റിനങ്ങളിലുമായി ഉൾപ്പെടുത്തിയിരുന്നത്. ഫെബ്രുവരി മാസം വരെയുള്ള സാമ്പത്തിക പുരോഗതി റിപ്പോർട്ട് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 90 ശതമാനത്തിലധികം രൂപ ചെലവാക്കിയിട്ടുണ്ട്.

സർക്കാർ ബഡ്ജറ്റിൽ 25.14 കോടി രൂപ മാത്രം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി Innovation & ESCOT ഫണ്ടിൽ പ്രവൃത്തികൾക്കായി 2017-18 ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. 2018-19 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 2017-18-ന്റെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിഹിതം 15.14 കോടി രൂപയായി കുറച്ചിട്ടുണ്ട്. Innovation & ESCOT ഫണ്ടിൽ ഭരണാനുമതി കിട്ടിയിട്ടുള്ള പ്രവൃത്തികളിൽ 3 എണ്ണം ഒഴികെയുള്ള പ്രവൃത്തികൾ നടന്നുവരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സാമ്പത്തിക പുരോഗതി ലഭ്യമാകുകയുള്ളൂ.

അനെർട്ടിന്റെ 2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ ഫണ്ട് ലഭ്യതയും വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇ.എം.സി.-യുടെ വാർഷികപദ്ധതിച്ചെലവ് എല്ലാ വർഷവും 80 ശതമാനത്തിന് മുകളിലാണ്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് വാർഷികപദ്ധതിച്ചെലവിന്റെ 50 ശതമാനത്തിൽ കൂടുതൽ ചെലവഴിച്ചിട്ടുണ്ട്.

## വൈദ്യുതി പ്രതിസന്ധി ഒഴിവാക്കുവാൻ നടപടി

7 (*337) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനത്ത വേനലിനെത്തുടർന്ന് വൈദ്യുതി പ്രതിസന്ധി ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് പരീക്ഷാ കാലത്ത് സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി ഒഴിവാക്കുവാൻ നടത്തി വരുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര പൂളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയിൽ കുറവ് വന്നിട്ടുണ്ടോ; ഇത് വർദ്ധിപ്പിച്ച് കിട്ടാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൂടംകുളത്തുനിന്നും സംസ്ഥാന വൈദ്യുതി വിഹിതം ലഭ്യമായി തുടങ്ങിയിട്ടുണ്ടോ; ഇതിനായുള്ള പ്രസരണ ലൈനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ഡി) പ്രസരണ മേഖല ശക്തിപ്പെടുത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാനത്ത് ഉണ്ടാകാനിടയുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുറമെ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിൽ വാങ്ങി ജല വൈദ്യുതിയുടെ ഉത്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. നിലവിൽ ജല സംഭരണികളിലെ ജലലഭ്യതയനുസരിച്ച് ഏകദേശം 2275.9 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കും. ദിവസേന ശരാശരി 20 ദശലക്ഷം യൂണിറ്റ് വൈദ്യുതി, ജലവൈദ്യുത പദ്ധതികളിൽനിന്നും ഉത്പാദിപ്പിച്ചാൽ ഏകദേശം 108 ദിവസത്തേയ്ക്കുള്ള വെള്ളം വേനൽ മഴമൂലമുള്ള നീരൊഴുക്ക് കണക്കിലെടുക്കാതെ സംഭരണികളിൽ ലഭ്യമാണ്. കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് വിവിധ കരാറുകളിൽ ബോർഡ് ഏർപ്പെട്ടിട്ടുണ്ട്. ദീർഘകാല കരാറുകൾ വഴി ഏകദേശം 1215 മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ ലഭ്യമായിട്ടുള്ളത്.

കേരളത്തിലെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉത്പാദനം വർദ്ധിച്ച ആവശ്യകതയനുസരിച്ച് കൂട്ടിയിട്ടുണ്ട്. ഇതോടൊപ്പം കേന്ദ്ര വിഹിതമായും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ദീർഘകാല-ഹ്രസ്വകാല കരാറുകൾ മുഖേനയും പവർ എക്സ്ചേഞ്ചുകൾ മുഖേനയും വൈദ്യുതി വാങ്ങിയുമാണ് നിറവേറ്റുന്നത്.

കാര്യക്ഷമമായ വൈദ്യുതി ഉപയോഗത്തിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ വിദ്യാലയങ്ങളിൽ എനർജി സ്മാർട്ട് പരിപാടി എന്ന ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടിയും വീട്ടമ്മമാർക്കായി ഊർജ്ജ ക്ലിനിക്കും പൊതുജന ബോധവത്കരണ പരിപാടിയായ ഊർജ്ജ കിരൺ പരിപാടി, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്.

(ബി) കേന്ദ്രപൂളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ വിഹിതത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ കൂടംകുളം നിലയത്തിലെ ജനറേറ്ററുകൾ തകരാറിലായതു കൊണ്ട് അവിടെനിന്നും കിട്ടിക്കൊണ്ടിരുന്ന 251 മെഗാവാട്ട് വൈദ്യുതിയിൽ ഏകദേശം 123 മെഗാവാട്ട് വൈദ്യുതി 19-2-2018 മുതലും ഏകദേശം 128 മെഗാവാട്ട് വൈദ്യുതി 8-3-2018 മുതലും കുറവുവന്നിട്ടുണ്ട്. കൂടാതെ അവിചാരിതമായുണ്ടാകുന്ന യന്ത്രത്തകരാറുകളും കൽക്കരി ലഭ്യതക്കുറവുമൂലമുള്ള ഉത്പാദനക്കുറവും ചില സമയങ്ങളിൽ വൈദ്യുതി വിഹിതത്തിൽ കുറവ് വരുത്തുന്നുണ്ട്. 1160 മെഗാവാട്ട് വൈദ്യുതിയാണ് 8-3-2018-ന് ലഭിച്ചത്.

കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ അലോക്കേഷൻ പ്രകാരം കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള കേരളത്തിന്റെ വിഹിതത്തിൽ ഇപ്പോൾ കുറവു വന്നിട്ടില്ല. എന്നാൽ വിവിധ നിലയങ്ങളിലെ അറ്റകുറ്റപ്പണികൾ, തകരാറുകൾ എന്നിവമൂലം അലോക്കേഷൻ അനുസരിച്ചുള്ള വൈദ്യുതി പൂർണ്ണമായും എപ്പോഴും ലഭിക്കുന്നില്ല.

(സി) കൂടംകുളത്തുനിന്നും സംസ്ഥാന വിഹിതമായി 251 മെഗാവാട്ട് ലഭ്യമായിരുന്നു. എന്നാൽ കൂടംകുളം നിലയത്തിലെ ജനറേറ്ററുകൾ തകരാറിലായതു കൊണ്ട് അവിടെനിന്നും കിട്ടിക്കൊണ്ടിരുന്ന ഏകദേശം 122 മെഗാവാട്ട് വൈദ്യുതി 19-2-2018 മുതലും ഏകദേശം 128 മെഗാവാട്ട് വൈദ്യുതി 8-3-2018 മുതലും ലഭ്യമാകുന്നില്ല.

ഇപ്പോൾ കൂടംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി തിരുനെൽവേലി-ഇടമൺ 220 കെ.വി. ലൈൻ മുഖേന ലഭ്യമാകുന്നുണ്ട്. എന്നാൽ തിരുനെൽവേലി - കൊച്ചി 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് പൊതുമേഖലാ സ്ഥാപനമായ പവർഗ്രിഡാണ്. 2018 ഡിസംബർ മാസത്തോടെ പണി പൂർത്തിയാകുമെന്നാണ് കരുതുന്നത്.

(ഡി) പ്രസരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം ഇതിനോടകം തന്നെ 11 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 6 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും കൂടി ഈ വർഷം (2017-18)-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 430 കോടി രൂപയുടെ പദ്ധതികളും 2018-19 വാർഷിക പദ്ധതിയിൽ 1794 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട് (ട്രാൻസ്ഗ്രിഡ് പദ്ധതിയുൾപ്പെടെ). 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്:

| | |
|---|---|
| 220 കെ.വി. സബ്സ്റ്റേഷനുകൾ | 3 എണ്ണം |
| 110 കെ.വി. സബ്സ്റ്റേഷനുകൾ | 25 എണ്ണം |
| 66 കെ.വി. സബ്സ്റ്റേഷനുകൾ | 7 എണ്ണം |
| 33 കെ.വി. സബ് സ്റ്റേഷനുകൾ | 27 എണ്ണം |
| ആകെ | 62 എണ്ണം |

| | |
|---|---|
| 220 കെ.വി. ലൈനുകൾ | 64 സർക്യൂട്ട് കിലോ മീറ്റർ |
| 110 കെ.വി. ലൈനുകൾ | 390.182 സർക്യൂട്ട് കിലോമീറ്റർ |
| 66 കെ.വി. ലൈനുകൾ | 31.7 സർക്യൂട്ട് കിലോമീറ്റർ |
| 33 കെ.വി. ലൈനുകൾ | 220.41 സർക്യൂട്ട് കിലോമീറ്റർ |
| ആകെ | 686 സർക്യൂട്ട് കിലോ മീറ്റർ |

നിലവിലുള്ള RoW ഉപയോഗിച്ച് മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് (MCMV) ടവറുകൾവഴി കുറഞ്ഞ വോൾട്ടതയിലുള്ള ലൈനുകളും കൂടിയ വോൾട്ടതയിലുള്ള ലൈനുകളും വലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കുറഞ്ഞ വോൾട്ടതയിലുള്ള സബ്സ്റ്റേഷനുകളെ അപ്ഗ്രേഡ് ചെയ്ത് കൂടിയ വോൾട്ടതയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ

8 (*338) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് രൂക്ഷമാകുമ്പോൾ വരുമാന വർദ്ധനക്കായി ഏതൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത് എന്നറിയിക്കുമോ;

(സി) ഭൂമിയുടെ വിലകുറച്ച് കാണിച്ച് രജിസ്ട്രേഷൻ നടത്തിയ കേസുകൾ ഒഴിവാക്കുന്നതിന് സെറ്റിൽമെന്റ് കമ്മീഷൻ രൂപവല്ക്കരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഒരു ടൺ പാറ പൊട്ടിക്കുന്നതിന് സർക്കാരിന് റോയൽറ്റി ഇനത്തിൽ ലഭിക്കുന്നത് 24 രൂപയാണെന്നും വില്ക്കുന്നത് അതിന്റെ അൻപത് ഇരട്ടിയിലും അധികം തുകക്കാണെന്നും വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇതുവരെ ഉപയോഗപ്പെടുത്താത്ത ഏതെല്ലാം ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ജി.എസ്.ടി.-യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുണ്ട്. ടി പരിമിതമായ സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ് :

1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജമാക്കും.
2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി 2018 ജൂൺ 10 വരെ നീട്ടിയിട്ടുണ്ട്.
3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യൂഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.

6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.

7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.

8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5 ശതമാനം വർദ്ധിപ്പിക്കുക.

9. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.

(ബി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലെ ഫീസുകളിലും ചാർജ്ജുകളിലും 5 ശതമാനം വർദ്ധനവ് വരുത്തും. കൂടാതെ പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ഓരോ വകുപ്പിലെയും പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിക്കും.

(സി) ഭൂമിയുടെ വില കുറച്ച് കാണിച്ച് രജിസ്ട്രേഷൻ നടത്തിയ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിക്കും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015-ലെ കെ.എം.എം.സി. ചട്ട പ്രകാരം ഒരു ടൺ കരിങ്കല്ലിന് റോയൽറ്റി 24 രൂപയായാണ് നിശ്ചയിച്ചിരിക്കുന്നത്. ധാതു ഉത്പാദകർ പതിന്മടങ്ങ് വിലയ്ക്കാണ് കരിങ്കല്ല് സംസ്ഥാനത്ത് വിൽപ്പന നടത്തി വരുന്നതെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്ന് വർഷത്തിലൊരിക്കലാണ് റോയൽറ്റി നിരക്കുകൾ പുതുക്കി നിശ്ചയിക്കാറുള്ളത്. റോയൽറ്റി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ഓരോ വകുപ്പിലെയും പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിക്കും.

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ക്ഷേമ പെൻഷൻ സംബന്ധിച്ച് നൽകിയ നിർദ്ദേശം

9 (*339) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനിൽ അർഹതപ്പെട്ടവരെ ഒഴിവാക്കുന്നതായും അനർഹരെ ഉൾപ്പെടുത്തുന്നതായും ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അനർഹർ പെൻഷൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് അനർഹരെ കണ്ടെത്തിയ മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) അർഹതയുള്ളവരെ ഉൾപ്പെടുത്തുവാൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന് സി & എ. ജി. നടത്തിയ പെർഫോർമൻസ് ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു സർവ്വേ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തരം നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് സി & എ. ജി.യുടെ 2016-ലെ റിപ്പോർട്ട് നമ്പർ 6-ൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 12 ശതമാനം പേർ അനർഹമായി പെൻഷൻ വാങ്ങുന്ന എന്നും അർഹരായ 15 ശതമാനം പേർക്ക് ഇനിയും പെൻഷൻ അനുവദിക്കാൻ അവശേഷിക്കുന്നുവെന്നും കണ്ടെത്തുകയുണ്ടായി. ഈ റിപ്പോർട്ട് 2010-11 മുതൽ 2014-15 കാലയളവ് വരെയുള്ള കാര്യങ്ങൾ പഠന വിധേയമാക്കി തയ്യാറാക്കിയിട്ടുള്ളതാണ്.

(ബി&സി) സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മുഖാന്തരം നടത്തുവാൻ ഉദ്ദേശിക്കുന്ന സർവ്വേ ഇനിയും ആരംഭിച്ചിട്ടില്ല. ഉടൻതന്നെ ആയത് ആരംഭിക്കുന്നതാണ്.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുവാൻ അർഹതയുള്ള വ്യക്തികൾക്ക് പ്രാദേശിക സർക്കാരിൽ അപേക്ഷ നൽകാവുന്നതും അർഹതയുടെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്.

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

10 (*340) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ആവശ്യത്തിന്റെ മൂന്നിൽരണ്ട് ഭാഗവും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്നതായതിനാൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള ദീർഘകാല, ഹ്രസ്വകാല കരാറുകളുടെ വിശദാംശം അറിയിക്കാമോ;

(ബി) ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിക്കായി എത്ര ചെലവ് വരുമെന്നും പദ്ധതി കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) മാർച്ച് മാസം 8-3-2018 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിന്റെ പ്രതിദിന ശരാശരി ഉപഭോഗം 74.14 ദശലക്ഷം യൂണിറ്റും ഇതിൽ ആഭ്യന്തര ഉത്പാദനമായി 31 ശതമാനവും ബാക്കി 69 ശതമാനം കേന്ദ്ര വിഹിതമായും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ദീർഘകാല/ഹ്രസ്വകാല കരാറുകൾ മുഖേനയും പവർ എക്സ്ചേഞ്ചുകൾ മുഖേന വാങ്ങിയുമാണ് നിറവേറ്റുന്നത്. ദീർഘകാല/ഹ്രസ്വകാല കരാറുകളുടെ വിശദാംശങ്ങൾ അനുബന്ധം I & II ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസരണ മേഖലയിലെ ദീർഘകാല പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2-ന് 10,000 കോടി രൂപയാണ് ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുള്ളത്. ഒന്നാംഘട്ടത്തിന് 4028 കോടി രൂപയും രണ്ടാംഘട്ടത്തിന് 5972 കോടി രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും 112 സർക്യൂട്ട് കിലോ മീറ്റർ 400 കെ.വി. ലൈനുകളും 444 സർക്യൂട്ട് കിലോമീറ്റർ 220 കെ.വി. ലൈനുകളും പൂർത്തിയാക്കാനുദ്ദേശിക്കുന്നു. രണ്ടാം ഘട്ടത്തിൽ അഞ്ച് 400 കെ.വി. സബ്സ്റ്റേഷനുകളും പത്ത് 220 കെ.വി. സബ്സ്റ്റേഷനുകളും 124 സർക്യൂട്ട് കിലോ മീറ്റർ 400 കെ.വി. ലൈനുകളും 267 സർക്യൂട്ട് കിലോമീറ്റർ 220 കെ.വി. ലൈനുകളും പൂർത്തിയാക്കാനുദ്ദേശിക്കുന്നു.

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പൂർത്തിയാകുന്നതോടുകൂടി പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധനവ്, ശൃംഖലയുടെ ശക്തിപ്പെടുത്തൽ എന്നിവ സാധ്യമാകുന്നതാണ്. പ്രസരണ മേഖലയിലെ സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകമാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പൂർത്തീകരണത്തോടെ താഴെപ്പറയുന്ന നേട്ടങ്ങളാണ് ലഭ്യമാകുക:

(1) പുറത്തുനിന്നും വാങ്ങാൻ കരാർ ചെയ്തിട്ടുള്ള വൈദ്യുതി, പ്രസരണ ഇടനാഴിയിലെ congestion കൂടാതെ, സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് സാധ്യമാകും.

(2) വൈദ്യുതി തടസ്സം ഗണ്യമായി കുറയും.

(3) പ്രസരണ നഷ്ടം കുറയ്ക്കുകവഴി സാമ്പത്തിക നഷ്ടം ഒഴിവാകും.

(4) കൃത്യമായ വോൾട്ടതയിൽ വൈദ്യുതി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഇപ്പോൾ വൈദ്യുതി ക്ഷാമം നേരിടുന്ന ഉത്തര കേരളത്തിൽ ലഭ്യമാകും.

(5) കുറഞ്ഞ നിരക്കിലുള്ള വൈദ്യുതിയുടെ ലഭ്യതമൂലം സംസ്ഥാനത്തെ വാണിജ്യ-വ്യാവസായിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിന് വലിയ പ്രയോജനം ചെയ്യും.

(6) വളരെ ബൃഹത്തായ പദ്ധതിയാണെങ്കിലും പ്രസരണ നഷ്ടം കുറയുകയും വൈദ്യുതി തടസ്സം ഒഴിവാകുകയും ചെയ്യുമെന്നതിനാലും ഉപഭോക്താവിന് പദ്ധതിമൂലം ഗണ്യമായ സാമ്പത്തിക ബാധ്യത നിലവിലത്തെ സ്ഥിതിയിൽ ഉണ്ടാവുന്നതല്ല.

(7) കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടും.

**ഒരേസമയം കാറ്റ്, സൂര്യപ്രകാശം എന്നിവയിൽ നിന്നും വൈദ്യുതി**

11 (*341) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ സമയം കാറ്റ്, സൂര്യപ്രകാശം എന്നിവയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് എപ്പോഴും സ്വയം പ്രകാശിക്കുന്ന ലൈറ്റുകൾ സംസ്ഥാനത്തെ ബീച്ചുകളിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഏത് കമ്പനിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പദ്ധതിയുടെ വിശദാംശവും വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇത്തരമൊരു പദ്ധതി തയ്യാറാക്കിയിട്ടില്ല.

## ടൂറിസം മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യതകൾ

12 (*342) ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതുമൂലം ടൂറിസം രംഗത്ത് പ്രതീക്ഷിക്കുന്ന മുന്നേറ്റമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിൽ കിറ്റ്സിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടംപള്ളി സുരേന്ദ്രൻ): (എ) ടൂറിസം മേഖലയിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് വിവിധ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നു. കിറ്റ്സ്, KIHMCT, FCI എന്നീ സ്ഥാപനങ്ങൾ പുതിയ ടൂറിസം കോഴ്സുകൾ നടപ്പിലാക്കുന്നു. പുതിയ ടൂറിസം സെന്ററുകൾ വികസിപ്പിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി കൂടുതൽ സംരംഭകരെ ടൂറിസം മേഖലയിൽ ഒരുക്കുന്നു. ഹോംസ്റ്റേകൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ എന്നിവയടക്കം ടൂറിസം മേഖലയിൽ കൂടുതൽ സംരംഭകരെ ഉറപ്പുവരുത്തുന്നു. കല, സംസ്കാരം, ഗ്രാമീണ വികസനം എന്നിവ ലക്ഷ്യമിട്ടുള്ള പദ്ധതികൾ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലുള്ളവയാണ്. കേരളത്തിൽ 12 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖാന്തരം പ്രതിവർഷം റെഗുലർ കോഴ്സുകളിൽ പഠിക്കുന്ന 1400 കുട്ടികൾ പഠനം പൂർത്തിയാക്കുമ്പോൾ കേരളത്തിലും പുറത്തുമുള്ള പ്രമുഖ ഹോട്ടലുകളിൽ ക്യാമ്പസ് സെലക്ഷൻവഴി ജോലി ലഭ്യമാകുന്നു. കൂടാതെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഹ്രസ്വകാല കോഴ്സുകൾ പൂർത്തിയാക്കുന്ന 500 പേർക്കും പ്രതിവർഷം ജോലി സാധ്യതയുണ്ട്. ഇത് ഇനിയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതിൽ ഉത്തരവാദിത്ത ടൂറിസം മിഷന് വിവിധ പ്രവർത്തനങ്ങളുടെ ചുമതല നിശ്ചയിച്ചുനൽകിയിട്ടുണ്ട്.

(ബി) ടൂറിസം വ്യവസായ സ്ഥാപനങ്ങളിലെ നേരിട്ടുള്ള വിവിധ തൊഴിലുകൾ, സംരംഭകത്വം, ടൂറിസം അനുബന്ധ ഉത്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, വിപണനം, താമസസൗകര്യം ഒരുക്കൽ, ടൂർ പാക്കേജിംഗ്, അനുബന്ധ ഉത്പന്നങ്ങളുടെ നിർമ്മാണം-വിപണനം, മാലിന്യസംസ്കരണം, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിവയെല്ലാം അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകളായി കണ്ടെത്തിയിട്ടുണ്ട്. ഇതിന് പുറമെ ഒരു ഓൺലൈൻ ഹ്യൂമൻ റിസോഴ്സ് ഡയറക്ടറിയും ആർ.ടി. മിഷൻ തയ്യാറാക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലുകൾ ലഭ്യമാകാൻ യോഗ്യതയുള്ള പരമാവധി ആളുകളുടെ വിവരങ്ങളുമായി ഒരു ഹ്യൂമൺ റിസോഴ്സ് ഡയറക്ടറി ജില്ല തിരിച്ച് ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതൊരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുപോലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കും. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ നേതൃത്വത്തിൽ ടെണ്ടഡ് അക്കോമൊഡേഷനുകളെയും, ഫാംസ്റ്റേകൾ, ഗൃഹസ്ഥലികൾ, സർവ്വീസ്ഡ് വില്ലകൾ എന്നിവയും പ്രോത്സാഹിപ്പിക്കുന്ന നടപടികളും മിഷൻ കൈക്കൊണ്ടിട്ടുണ്ട്. ടൂർ കൺസൾട്ടൻസി, ടൂർ ഗൈഡിംഗ്, സ്റ്റോറി ടെല്ലിംഗ്, നാച്ചുറലിസ്റ്റ്, ബേർഡ് വാച്ചിംഗ് എസ്കോർട്ട് എന്നിവയും പദ്ധതിയിൽ ഉണ്ട്.

(സി) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായും പ്രാദേശികതലത്തിലും പ്രവർത്തിച്ചുവരുന്ന ചെറുതും വലുതുമായ സംരംഭങ്ങളെ കൂട്ടിയിണക്കി കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്വർക്ക് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനുള്ള പ്രാദേശിക ഡേറ്റ കളക്ഷൻ, ആർ.ടി. മിഷൻ മുഖാന്തരം ആരംഭിച്ചിട്ടുണ്ട്. ജൈവ കാർഷിക വിഭവങ്ങൾ, കരകൗശല വസ്തുക്കൾ, സുവനീറുകൾ, കൈത്തറി ഉത്പന്നങ്ങൾ, വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ, തുണി സഞ്ചികൾ, പേപ്പർ ബാഗുകൾ എന്നിങ്ങനെ കേരളത്തിലെ എല്ലാ പ്രാദേശിക ഉത്പന്നങ്ങളെയും ടൂറിസം വ്യവസായത്തിനും ടൂറിസ്റ്റുകൾക്കും മലയാളി കുടുംബങ്ങൾക്കും ഓൺലൈൻ ഓർഡർവഴി ലഭ്യമാക്കാൻ വേണ്ടിയാണ് ഈ സൗകര്യം ഒരുക്കുന്നത്. ഇതിനായുള്ള സോഫ്റ്റ്വെയർ തയ്യാറാക്കിവരുന്നു. 2018 ഏപ്രിൽ അവസാനത്തോടെ ഈ സംവിധാനം പ്രവർത്തിപ്പിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ടൂറിസം രംഗത്ത് പ്രാദേശിക ഉത്പന്നങ്ങൾ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുള്ള സാഹചര്യവും ഓൺലൈൻ നെറ്റ്‍വർക്ക് സംവിധാനം നിലവിൽ വരുന്നതോടെ ഒരുങ്ങുന്നതാണ്. കേരളത്തിന്റെ തനത് കരകൗശല-സുവനീർ ഉത്പന്നങ്ങൾക്ക് ടൂറിസം മേഖലയിൽ മെച്ചപ്പെട്ട വിപണനം ഇതുവഴി ഉറപ്പുവരുത്താനാകും. പ്രാദേശിക ഉത്പാദനം, പ്രാദേശിക സംഭരണം, മെച്ചപ്പെട്ട വിപണന സാധ്യതയൊരുക്കൽ എന്ന ഉത്തരവാദിത്ത ടൂറിസത്തിന്റെ കാഴ്ചപ്പാട് കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനായി ഈ പ്ലാറ്റ്ഫോം ഉപകരിക്കുമെന്ന് കരുതുന്നു. ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് കിറ്റ്സിലുള്ള RT സ്കൂളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 2011 മുതൽ 2017 മാർച്ച് വരെ ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയത് കിറ്റ്സ് മുഖാന്തരമാണ്. പ്രസ്തുത കാലയളവിൽ 13 കോടി രൂപയുടെ വരുമാനവും 1206 പേർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. ഏകദേശം 1500-ൽപ്പരം കുടുംബങ്ങൾക്ക് ടൂറിസം വഴി പ്രയോജനം ലഭിച്ചു.

**പ്രാഥമിക സഹകരണസംഘങ്ങളുടെ പൊതുനന്മ ഫണ്ട്**

13 (*343) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ചട്ടങ്ങൾ/ഗൈഡ് ലൈൻ ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ജോയിന്റ് രജിസ്ട്രാറുടെ മുൻകൂർ അനുമതിയില്ലാതെ പ്രാഥമിക സംഘങ്ങൾക്ക് പൊതുനന്മ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): (എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ പൊതുനന്മ ഫണ്ട് അതത് സംഘം ബൈലോയിൽ പരാമർശിച്ചിട്ടുള്ള പ്രകാരവും 1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ടിലെ 2-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾക്ക് സംഭാവന നൽകുന്നതടക്കമുള്ള പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാൻ കഴിയുന്നതാണ്.

(ബി) ഇതുസംബന്ധിച്ച ചട്ടങ്ങൾ/ഗൈഡ്‌ലൈൻ നിലവിലില്ല.

(സി) ടി ഫണ്ട് വിനിയോഗിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ അനുമതി വാങ്ങേണ്ടതാണെന്ന് അതത് സംഘം ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ മാത്രം മുൻകൂർ അനുമതി വാങ്ങിയാൽ മതിയാകും.

## ജി.എസ്.ടി. പ്രകാരം കോമ്പൻസേഷനായി ലഭിക്കേണ്ട തുക

14 (*344) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തോ എന്ന് കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം കേന്ദ്ര സർക്കാരിൽനിന്നും കോമ്പൻസേഷനായി ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ജി.എസ്.ടി. പ്രകാരമുള്ള നികുതി വരുമാനം വർദ്ധനവ് കാണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(ഡി) കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്ത വ്യാപാരികൾ ജി.എസ്.ടി. പിരിക്കുന്നതായ പരാതി അന്വേഷിച്ച് ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): (എ) ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. എങ്കിലും നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ 1 എന്നിവ കൃത്യസമയത്ത് ഫയൽ ചെയ്യാത്ത നികുതിദായകരുടെ വിവരങ്ങൾ ജി.എസ്.ടി.എൻ-ന്റെ ബാക്ക് എൻഡിൽ ലഭ്യമാണ്.

(ബി) ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി 2017 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 2017 നവംബർ-ഡിസംബർ മാസങ്ങളിലേത് ഇതുവരെ ലഭ്യമായിട്ടില്ല. ഇതുകൂടാതെ വിതരണം ചെയ്യപ്പെടാതെ കിടക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ ഒരു വിഹിതമായി 736 കോടി രൂപ 10 തവണകളായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് സെറ്റിൽമെന്റിൽനിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയിൽ 2018 ഫെബ്രുവരിയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനം ആണ്. ചരക്കുസേവന നികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മ പരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ജി.എസ്.ടി.എൻ. പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിന് കഴിയാതെ വന്നത് പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നികുതി പിരിവിൽ കുറവ് വരുത്തുകയും ചെയ്തു.

(ഡി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സംസ്ഥാനമൊട്ടാകെയുള്ള കടകളിൽനിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശമില്ലായെന്ന ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്കരണം നടത്തുന്നുണ്ട്. നിയമവിരുദ്ധമായി നികുതി പിരിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനായി തുടർപരിശോധന നടത്തുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കിഫ്ബി പദ്ധതികളുടെ പ്രവർത്തനം

15 (*345) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പയെടുക്കുന്ന പണത്തിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച്, സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്ന പദ്ധതിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിലൂടെ സംസ്ഥാനത്തിന്റെ വളർച്ച എത്രമാത്രം ത്വരിതപ്പെടുത്തുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(സി) സെബിയും, ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര ഫണ്ട് സമാഹരിക്കുന്നതിന് കഴിഞ്ഞു;

(ഡി) വായ്പയെടുക്കുന്ന തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന വൻകിട റോഡ്, പാലം പദ്ധതികളിൽ ടോൾ ഏർപ്പെടുത്താതെ എപ്രകാരമാണ് കടം എടുക്കുന്ന തുകയുടെ തിരിച്ചടവ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) കിഫ്ബി പദ്ധതിക്ക് നബാർഡിന്റെ വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത വായ്പയുടെ തിരിച്ചടവ് എന്നാണ് ആരംഭിക്കുന്നത്; പലിശ നിരക്ക് എത്രയാണ്;

(എഫ്) നബാർഡിൽനിന്ന് ലഭിച്ച വായ്പ തുക ഏത് പദ്ധതിയിലാണ് മുടക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) വായ്പയെടുക്കുന്ന പണത്തിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്ന സംവിധാനമല്ല കിഫ്ബിയുടേത്. ബഡ്ജറ്റിനു പുറമെ നിന്നും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായും

സമയബന്ധിതമായും നടപ്പിലാക്കുന്ന സംവിധാനമാണ് കിഫ്ബി. കിഫ്ബിയുടെ നിലവിലെ പ്രവർത്തനം നിരന്തരമായി വിലയിരുത്തപ്പെടുന്നുണ്ട്. കൃത്യമായ തിരിച്ചടവ് പദ്ധതിയുടെ ഭാഗമായി ഒരു നിശ്ചിത പരിധിക്കുള്ളിൽ നിന്നുകൊണ്ട് ധനസമാഹരണം നടത്തി കിഫ്ബി വഴിയുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള 5 വർഷകാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിൽ 20,000 കോടിയോളം രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചുകഴിഞ്ഞു. അംഗീകരിച്ച പദ്ധതികളെല്ലാം നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ പദ്ധതികൾ ഓരോന്നും പൂർത്തിയാകുന്ന മുറയ്ക്ക് ഇവ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ പ്രകടമായ സംഭാവനകൾ പ്രദാനം ചെയ്യും.

(സി) നിലവിൽ 3500 കോടി രൂപയുടെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ICRA, CRISIL എന്നീ റേറ്റിംഗ് ഏജൻസികളെ നിയമിക്കുകയും ഈ ബോണ്ട് പദ്ധതിക്ക് A+ പ്രാഥമിക റേറ്റിംഗ് ലഭിക്കുകയും ചെയ്തു. ഈ ബോണ്ട് വഴി ധനസമാഹരണം നടത്തുന്നതിനായി അറേഞ്ചർമാരെ/മർച്ചന്റ് ബാങ്കുകളെ നിയമിക്കുന്നതിനുള്ള ഇ-ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു. ഇതിനുപുറമെ വിദേശരാജ്യങ്ങളിൽനിന്നും ധനസമാഹരണം നടത്തുന്നതിനായി മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് കെ.എസ്.എഫ്.ഇ.-യിൽ നിന്നും പ്രത്യേക ബോണ്ടുകൾവഴി കിഫ്ബിയിലേയ്ക്ക് സമാഹരിക്കുന്നതിനുള്ള നൂതന സംരംഭവും സമീപ ഭാവിയിൽ ആരംഭിക്കുന്നതാണ്. ഇതുവരെ അംഗീകരിക്കപ്പെട്ട കിഫ്ബി പദ്ധതികളുടെ പ്രാരംഭഘട്ട നിർവ്വഹണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നിലവിൽ കിഫ്ബിയുടെ പക്കലുള്ളതിനാൽ തുടർന്ന് ഫണ്ട് ആവശ്യമായി വരുന്നത് കണക്കാക്കി മാത്രമേ ടി മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം ആരംഭിക്കുകയുള്ളൂ.

(ഡി) റോഡുകൾ, പാലങ്ങൾ എന്നിവ കൂടാതെ തിരിച്ചടവ് സാധ്യമല്ലാത്ത സാമൂഹ്യപ്രാധാന്യമുള്ള മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം എന്നിവ യുൾപ്പെടെയുള്ള മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ സംബന്ധിച്ച തിരിച്ചടവ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥയിലൂടെ സാധ്യമാകുന്നു. ഈ വ്യവസ്ഥകൾ പ്രകാരം പെട്രോളിയം ഉത്പന്നങ്ങളിന്മേലുള്ള ഒരു രൂപ സെസ്സ്, മോട്ടോർ വാഹന നികുതി വിഹിതം,

ഇതിനുപുറമേ കിഫ്ബി വായ്പകൾക്കുള്ള തിരിച്ചടവിനായി തികയാതെ വരുന്ന ബാക്കി തുക എന്നിവ നൽകാൻ സർക്കാർ ബാധ്യസ്ഥമാണ്. സർക്കാർ ഇതിനായി സംസ്ഥാന ബഡ്ജറ്റിൽ മൂന്ന് വ്യത്യസ്ത ശീർഷകങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പെട്രോളിയം ഉത്പന്നങ്ങളിന്മേലുള്ള ഒരു രൂപ സെസ്സ് " 5475-00-800-86 share of KIIFB from cess on petrol" എന്ന ശീർഷകത്തിലും, മോട്ടോർ വാഹന നികുതി " 5475-00-800-87 share of KIIFB from Motor Vehicle Tax" എന്ന ശീർഷകത്തിലും വായ്പകൾക്കുള്ള തിരിച്ചടവിനായി തികയാതെ വരുന്ന ബാക്കിത്തുക " 5475-00-800-85 Assistance to KIIFB on repayment and redemption of obligation " എന്ന ശീർഷകത്തിലും അനുവദിക്കുന്നതാണ്. തിരിച്ചടവ് ലഭ്യമായ പദ്ധതികളിൽ നിന്നുള്ള വരവിന് പുറമെ കിഫ്ബി വഴി നടപ്പിലാക്കുന്ന മറ്റെല്ലാ പദ്ധതികൾക്കുമുള്ള തിരിച്ചടവ് ഈ വിധം സാധ്യമാകുന്നതാണ്.

(ഇ&എഫ്) നബാർഡിന്റെ NIDA (NABARD Infrastructural Development Assistance) വായ്പാപദ്ധതിയിലൂടെ 400 കോടി രൂപ 9.3% വാർഷിക പലിശ നിരക്കിൽ കിഫ്ബിക്ക് അനുവദിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത പൊതുമരാമത്ത് പദ്ധതികൾക്കാവശ്യമായ 565 കോടി രൂപയിൽ ആദ്യ ഗഡുവായി 100.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ തിരിച്ചടവ് 2018 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്നതാണ്. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

### അഡ്വഞ്ചർ ടൂറിസം പദ്ധതി

16 (*346) ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാരം (അഡ്വഞ്ചർ ടൂറിസം) സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും യുവജനങ്ങളെ ഇതിലേക്ക് ആകർഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജഡായുപ്പാറ അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സാഹസിക വിനോദസഞ്ചാരം നടപ്പാക്കുന്ന മേഖലകൾ.

| | | |
|---|---|---|
| കയാക്കിംഗ് | - | എറണാകുളം, കണ്ണൂർ, ചാലിയാർപുഴ, കോഴിക്കോട്. |
| ട്രെക്കിംഗ് | - | വയനാട്, തേക്കടി, അഗസത്യാർകൂടം |
| പാരമോട്ടോർ ഗ്ലൈഡിംഗ് | - | ആലപ്പുഴ, കണ്ണൂർ |
| സ്കൂബാ ഡൈവിംഗ് | - | കോവളം, എറണാകുളം |
| സിപ് ലൈൻ | - | വയനാട്, ഇടുക്കി |
| വൈറ്റ് വാട്ടർ ഡ്രാഫ്റ്റിംഗ് | - | കോഴിക്കോട്, കണ്ണൂർ |
| അഡ്വഞ്ചർ പാർക്ക് | - | ജഡായു എർത്ത് സെന്റർ |

(ബി) സാഹസിക വിനോദസഞ്ചാര മേഖലയിൽ യുവാക്കളുടെ ആഭിമുഖ്യം വർദ്ധിച്ച സാഹചര്യത്തിൽ ഇവരുടെ അഭിരുചി മനസ്സിലാക്കി യുവതലമുറയെ കൂടുതൽ ആകർഷിക്കുന്ന തരത്തിലുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) എന്ന സ്ഥാപനം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. തെന്മല ഇക്കോ ടൂറിസത്തിന്റെ ഭാഗമായി തെന്മലയിൽ പ്രവർത്തനം തുടങ്ങിയ പാർക്ക് ധാരാളം യുവസഞ്ചാരികളെ ആകർഷിച്ചുവരുന്നു. യുവാക്കൾക്ക് മാത്രമായി പ്രത്യേക പാക്കേജോടുകൂടിയ outbound learning, Team building തുടങ്ങിയവ ഇവിടെ നൽകിവരുന്നു. കേരളത്തിലെ വനമേഖലകളിൽ സാഹസിക ട്രക്കിംഗ് പ്രോഗ്രാമുകൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. നിശ്ചിത തോതിലുള്ള സഞ്ചാരികളെ പരിശീലനം ലഭിച്ച തദ്ദേശവാസികളായ യുവാക്കൾ വനദർശനത്തിനും സാഹസിക ട്രക്കിംഗിനുമായി കൊണ്ടുപോകുന്നു. കൊല്ലം ജില്ലയിലെ ചടയമംഗലത്ത് പി.പി.പി. മോഡലിൽ സ്ഥാപിതമായി വരുന്ന ജഡായു ടൂറിസം പദ്ധതിയിൽ അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ മേഖലകളിലേയ്ക്കും ധാരാളം സാഹസിക സഞ്ചാരികൾ എത്തുന്നുണ്ട്.

(സി) സംസ്ഥാന വിനോദസഞ്ചാര വകുപ്പും ഗുരുചന്ദ്രികാ ബിൽഡേഴ്സ് & പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള ഒരു സംയുക്ത സംരംഭമാണ് ജഡായുപ്പാറ ടൂറിസം പദ്ധതി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

## സ്മാർട്ട് മീറ്ററുകൾ

17 (*347) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദയ് പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന് ബോർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകളുമായി ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ടോ;

(ബി) ഈ മീറ്ററുകൾ വ്യാപകമാകുന്നതോടെ സ്ഥലം സന്ദർശിക്കാതെ തന്നെ ബോർഡിലെ ഏത് തസ്തികയിലുള്ള ജീവനക്കാരനും മീറ്റർ റീഡിങ്ങ് മനസ്സിലാക്കാനും റീഡിങ്ങ് എടുക്കാനും കഴിയുന്ന സാഹചര്യം ലഭ്യമാകുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) വൈദ്യുതി ബോർഡിൽ നിലവിലുള്ള 799 മീറ്റർ റീഡർ തസ്തിക റദ്ദാക്കി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കഴിഞ്ഞ ജനുവരി മാസം ഹൈക്കോടതി ഉത്തരവിടുകയുണ്ടായോ;

(ഇ) എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്എന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഉണ്ട്. വൈദ്യുതി വിതരണ കമ്പനികളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ഏർപ്പെടുത്തിയ ഉദയ് പദ്ധതിയിൽ സാമ്പത്തികഭാഗം ഒഴിവാക്കി പങ്കാളികളാകുവാൻ കേന്ദ്ര സർക്കാരും കേരള സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡുമായി 15-3-2017-ൽ ത്രികക്ഷി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

(ബി) സ്മാർട്ട് മീറ്റർവഴി സ്ഥലം സന്ദർശിക്കാതെ തന്നെ മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാനും മനസ്സിലാക്കാനും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും. ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി. താരിഫുള്ള ഉപഭോക്താക്കൾക്ക് പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച് വൈദ്യുതി

ബില്ലിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ടായി എടുക്കാവുന്നതും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നതും വിച്ഛേദിക്കുന്നതും റിമോട്ടായി ചെയ്യാവുന്നതുമാണ്. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം എന്ന പ്രത്യേകതകളും ഉണ്ട്. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ കഴിയുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ച് കൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

(സി) ഉണ്ട്. 23-2-2018-ലെ B.O. (DB) No.494/2018 (Estt.II/6718/2016) പ്രകാരം, W.P (C) No.30039/2016 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്കുവിധേയമായി 799 മീറ്റർ റീഡർ തസ്തികകൾ റദ്ദാക്കി കൊണ്ടുള്ള ബോർഡ് ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞ ജനുവരി മാസം ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്.

(ഇ) 31-10-2012-ൽ കെ.എസ്.ഇ.ബി.എൽ.-ൽ മീറ്റർ റീഡർമാരുടെ ഒരു എൻ.ജെ.ഡി. ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കെ.എസ്.ഇ.ബി.-ൽ മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. W.P (C) No.30039/2016 D, 21919/2017 L എന്നിവയിന്മേൽ 4-1-2018-ലെ വിധിയിൽ കെ.എസ്.ഇ.ബി.എൽ.-ലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായി. സിംഗിൾ ബഞ്ചിന്റെ ഈ വിധിക്കെതിരെ കെ.എസ്.ഇ.ബി.എൽ. ഡിവിഷൻ ബഞ്ച് മുമ്പാകെ W.A.173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം കെ.എസ്.ഇ.ബി.എൽ.-ൽ പുനഃസംഘടന നടത്താനും അധികരിച്ചുവരുന്ന ഭരണ നിർവ്വഹണ ചെലവ് കുറയ്ക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഐ.ഐ.എം. കോഴിക്കോടിനെ ചുമതലപ്പെടുത്തുകയുണ്ടായി. കെ.എസ്.ഇ.ബി.എൽ.-ന്റെ ഇപ്പോഴത്തെ സാങ്കേതിക സാമ്പത്തിക ചുറ്റുപാടിൽ പുതുതായി 876 മീറ്റർ റീഡർമാരെ നിയമിക്കരുതെന്ന് IIM കോഴിക്കോട് നിർദ്ദേശിക്കുകയുണ്ടായി. മറ്റ് പല തസ്തികകളുടെ എണ്ണം കുറയ്ക്കുന്നതിനും ഇപ്പോഴുള്ള ചില ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും IIM കോഴിക്കോട് നിർദ്ദേശിക്കുകയുണ്ടായി.

കേന്ദ്ര ഊർജ്ജ വകുപ്പും കേരള ഗവൺമെന്റും കെ.എസ്.ഇ.ബി.എൽ-ഉം തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം സ്മാർട്ട് മീറ്റർ ഉപയോഗത്തിൽ കൊണ്ടുവരുവാൻ നിശ്ചയിച്ചിരിക്കുന്നു. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA)ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജോലി ചെയ്യുന്ന ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതികവിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപഭോഗം വിലയിരുത്തുവാൻ സ്മാർട്ട് മീറ്റർ സഹായിക്കുന്നതുകൊണ്ടും നിലവിൽ മറ്റ് തസ്തികകളിൽ അധികമായി ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ നിലവിൽ സാഹചര്യമുള്ളതുകൊണ്ടും 799 മീറ്റർ റീഡർ തസ്തികകൾ W.P (C) No.30039/2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി നിർത്തലാക്കുവാൻ കമ്പനി 23-2-2018-ലെ B.O. (DB) No.494/2018 (Estt.II/6718/2016) Dated, Thiruvananthapuram പ്രകാരം തീരുമാനിച്ച് ഉത്തരവായി.

## വിനോദസഞ്ചാര നയം

18 (*348) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽമേഖലയിലും സമ്പദ് രംഗത്ത് ആകെയും പുരോഗതി സൃഷ്ടിക്കാൻ പര്യാപ്തമായ വിനോദസഞ്ചാര രംഗം സാധാരണക്കാർക്കുകൂടി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ വിപുലീകരിക്കുന്നതിന് വിനോദസഞ്ചാര നയം എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) വിനോദസഞ്ചാര വികസനത്തിൽ പിന്നാക്കം നിൽക്കുന്ന ഉത്തര കേരളത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വിനോദസഞ്ചാര വികസനം പരിസ്ഥിതിക്ക് ആഘാതമേല്പിക്കാത്ത രീതിയിലും പൊതുശുചിത്വത്തിന് മുൻഗണന നൽകിയും സാംസ്കാരികാധിനിവേശത്തിന് കളമൊരുക്കാത്ത വിധത്തിലും ആയിരിക്കാൻ ജാഗ്രത പുലർത്തുമോ; വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാനപ്പെട്ട ഒരു മേഖലയാണ് ടൂറിസം. ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് പുതിയ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കുകൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെപ്പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത് :

- കേരളത്തിലേയ്ക്ക് വരുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുക, ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 50 ശതമാനമെങ്കിലും വർദ്ധനവ് ഉണ്ടാക്കുക, അവധി ദിനങ്ങളിലും മറ്റും സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് കുടുംബസമേതം യാത്ര പോകുന്ന തരത്തിലുള്ള ടൂറിസം താൽപ്പര്യം മലയാളികൾക്കിടയിൽ വർദ്ധിപ്പിക്കുക.
- ഉത്തരവാദിത്ത ടൂറിസവും പുതിയ ടൂറിസം നയവുംവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക, തെരഞ്ഞെടുക്കപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുക,

ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട കല, സംസ്കാരം എന്നിവയടക്കം ടൂറിസ്റ്റുകൾക്ക് നേരിട്ട് അനുഭവവേദ്യമാക്കുന്ന തരത്തിൽ ആർ.ടി.മിഷൻ മുഖേന നിരവധി പരിപാടികൾ ലക്ഷ്യമിടുന്നുണ്ട്.

- ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക, ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിന് പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകുക, പരിസ്ഥിതി സൗഹൃദവും മാലിന്യമുക്തവുമായ ഉത്തരവാദിത്ത ടൂറിസം എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും നടപ്പാക്കുക.

(ബി) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ കോർത്തിണക്കി "നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷിയേറ്റീവ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു പ്രത്യേക പ്ലാൻ തയ്യാറാക്കി സമയക്രമം പാലിച്ച് പദ്ധതി നടപ്പാക്കേണ്ട ആവശ്യകത മനസ്സിലാക്കി M/s. BRDC-യെ ഇതിന്റെ നോഡൽ ഏജൻസിയായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉത്തര കേരളത്തിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് വകുപ്പിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇതിന്റെ മുന്നോടിയായി വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 'മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്' എന്ന ഒരു പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ മേഖലയിലെ ബോട്ട് ജെട്ടിയുടെ നവീകരണത്തിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതി സൗഹൃദവും ഹരിത പ്രോട്ടോക്കോൾ പാലിച്ചും തനതു സംസ്കാരം നിലനിർത്തിയും വിനോദസഞ്ചാര വികസനം പരിപോഷിപ്പിക്കുന്നതിന് വകുപ്പ് പ്രത്യേകം ശ്രദ്ധചെലുത്തുന്നുണ്ട്. വികസന പദ്ധതികളെല്ലാം ഈ സാഹചര്യം വിലയിരുത്തിയുള്ളതാണ്. ഇതിന് ഊന്നൽ നൽകുന്നതാണ് സർക്കാരിന്റെ പുതിയ ടൂറിസം നയം. കേരളത്തിന്റെ തനത് സംസ്കാരവും ഗ്രാമീണ മേഖലയിലടക്കം പൈതൃകവും സംരക്ഷിക്കുന്നതിനും തൊഴിലും നാട്ടറിവും നിലനിർത്തുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും അല്ലാതെയും വിവിധങ്ങളായ നടപടികളാണ് വകുപ്പ് കൈക്കൊണ്ടുവരുന്നത്. ഈ നിലയ്ക്കുള്ള പദ്ധതികളാണ് ഓരോ മേഖലയിലും വകുപ്പ് ആസൂത്രണം ചെയ്തുവരുന്നത്. മാലിന്യ

സംസ്കരണ പദ്ധതികൾ നടപ്പിലാക്കേണ്ടതും ശുചിത്വ പരിപാലനവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലും ചുമതലയിലും ഉൾപ്പെട്ടതാണ്. എന്നിരുന്നാലും സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "ക്ലീൻ ഡെസ്റ്റിനേഷൻ കാംപെയിൻ " എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ.കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസിയുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് പ്രത്യേക പ്രാധാന്യം നൽകിവരുന്നു. നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ദേവികുളം ഗ്രാമപഞ്ചായത്തിന് മാലിന്യ നിർമ്മാർജ്ജനത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

19 (*349) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയെ കുറിച്ച് പഠിക്കുവാനായി കേന്ദ്രസർക്കാർ നിയമിച്ച ഹൈലെവൽ ടാസ്ക് കമ്മിറ്റിയുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും ഇതര സംസ്ഥാനസർക്കാരുകളും മറ്റെല്ലാ ആനുകൂല്യങ്ങളും പങ്കാളിത്ത പെൻഷനിൽ അംഗമായ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിരിക്കുന്നതിനാൽ സംസ്ഥാനത്തും പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി കിട്ടുന്നതുവരെ ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളം പ്രതിമാസം നൽകുമെന്ന മുൻ സർക്കാർ തീരുമാനം ഈ സർക്കാർ റദ്ദാക്കിയിരുന്നോ; അതിനുള്ള കാരണം എന്താണ്;

(സി) സംസ്ഥാനത്ത് നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പൂർണ്ണമായും പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കുന്നതിനാണോ നിലവിലുള്ള പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടു പോകുന്നതിനാണോ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതാണ് സർക്കാരിന്റെ നയമെങ്കിൽ പദ്ധതിയെ സംബന്ധിച്ച് ഇപ്പോഴും നടന്നു വരുന്ന പരിശീലന പരിപാടികളും മറ്റ് നടപടികളും നിർത്തിവയ്ക്കുവാൻ ധനവകുപ്പ് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

(ബി) മുൻസർക്കാരിന്റെ തീരുമാനം നടപ്പാക്കുന്നതിനായി കൂടുതൽ വിശദമായ പരിശോധന ആവശ്യമായതിനാൽ ധനവകുപ്പ് പ്രസ്തുത വിഷയം വിവിധ തലങ്ങളിലായി പരിശോധിക്കുകയും ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളം ആശ്രിതന് പ്രതിമാസം നൽകിയാൽ വന്നേയ്ക്കാവുന്ന കനത്ത സാമ്പത്തിക ബാധ്യത പരിഗണിച്ചുകൊണ്ട് ആയതിൽ മാറ്റംവരുത്തി ഉയർന്ന തുകയോ പരിധിയോ നിശ്ചയിക്കണമെന്ന് 19-1-2015-ൽ തന്നെ മുഖ്യമന്ത്രിയുടെ തലത്തിൽ തീരുമാനമെടുത്തിരുന്നു. ഇതിന്റെ തുടർച്ചയായി പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുകയും ജീവനക്കാരന്റെ അവസാന ശമ്പളം എന്നതിന് പകരം അവസാന അടിസ്ഥാന ശമ്പളത്തിന്റെ 30 ശതമാനത്തിന് തുല്യമായ ഒരു തുക അനുവദിക്കുന്നതിനായി അംഗീകാരം നൽകുകയും അപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. [G.O. (P) No. 126/2016/Fin. Dated 31-8-2016]

(സി) സമിതിയെ നിയമിക്കുന്ന കാര്യവും പരിഗണനാ വിഷയങ്ങളും സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## പൈതൃക ടൂറിസം പദ്ധതി

20 (*350) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പൈതൃക ടൂറിസം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പൈതൃക ടൂറിസം വികസന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്ന് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഏതെല്ലാം വിനോദ സഞ്ചാര വികസന പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്;

(സി) സാംസ്കാരിക-പൈതൃക ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ടൂർ പാക്കേജ് ആവിഷ്കരിക്കുമോ; നിലവിൽ കെ.റ്റി.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള ടൂർ പാക്കേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള പൈതൃക ടൂറിസം പദ്ധതികൾ

1. മുസിരിസ് പൈതൃക പദ്ധതി.
2. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി.
3. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി എന്നിവയാണ്. ഇതിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ സമഗ്രമായ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) പൈതൃക ടൂറിസം വികസന പദ്ധതികൾക്ക് സർക്കാരിൽനിന്നും നിലവിൽ സഹായം ആവശ്യപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന വിനോദസഞ്ചാര പദ്ധതികൾക്ക് കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്.

I. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ

എ.ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)

ബി. ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം

II. 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി " ഗുരുവായൂർ ക്ഷേത്ര വികസനം"

(സി) സാധ്യത പരിശോധിക്കാവുന്നതാണ്.

കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ ബസ് ടൂർ പദ്ധതി ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലുമാണ് സർവ്വീസ് നടത്തുന്നത്. 24 സീറ്റുകളുള്ള മൂന്ന് ആഡംബര ബസ്സുകളിൽ 2 എണ്ണം തിരുവനന്തപുരത്തും ഒന്ന് കൊച്ചിയിലുമാണ് ടൂറുകൾ നടത്തുന്നത്.

തിരുവനന്തപുരത്തുനിന്നും കന്യാകുമാരിയിലേയ്ക്കും ടെക്നോപാർക്കിൽനിന്നും പൊന്മുടിയിലേയ്ക്കും തിരുവനന്തപുരം-കോട്ടൂർ, നെയ്യാർ, കോവളം എന്നീ സ്ഥലങ്ങളിലേയ്ക്കുമാണ് തിരുവനന്തപുരത്തെ ബസ് ടൂർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൊച്ചിയിൽനിന്നും തൃപ്പൂണിത്തുറ മ്യൂസിയം, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, ചെറായി ബീച്ച് എന്നിവിടങ്ങളിൽ ഉൾപ്പെടുത്തിയ ടൂറുമാണുള്ളത്.

**സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം**

21 (*351) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ഉപഭോഗം നേരിടുന്നതിന് ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിക്കുവാൻ കഴിയില്ലായെന്നും പാരമ്പര്യേതര ഊർജ്ജപദ്ധതികൾ കാര്യക്ഷമമായി ആവിഷ്കരിച്ചില്ലെങ്കിൽ സംസ്ഥാനം ഊർജ്ജപ്രതിസന്ധിയിലേക്ക് നീങ്ങുമെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(സി) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം 2022-ഓടുകൂടി 1870 മെഗാവാട്ട് ശേഷി കൈവരിക്കുക എന്ന ലക്ഷ്യം നേടുന്നതിന് അനെർട്ട് നടത്തുന്ന പരിശ്രമം എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ലക്ഷ്യം നേടുന്നതിന് അനെർട്ടിനെ സജ്ജമാക്കുന്നതിന് ഉതകുന്ന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാരമ്പര്യേതര പദ്ധതികൾ അടക്കം ലഭ്യമായ മുഴുവൻ സ്രോതസ്സുകളെയും ഉപയോഗപ്പെടുത്തി മാത്രമേ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

2018 മാർച്ച് 8-ാം തീയതിയിലെ കണക്കുപ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 74.13 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ മൊത്തം ആവശ്യകതയുടെ 30 ശതമാനം മാത്രമാണ് ജലവൈദ്യുതി നിലയങ്ങളിൽനിന്നും

ഉത്പാദിപ്പിക്കാൻ സാധിക്കുന്നത്. 2018 മാർച്ച് 8-ാം തീയതിയിലെ കണക്കുപ്രകാരം ശരാശരി ഉത്പാദനം 22.91 ദശലക്ഷം യൂണിറ്റാണ്. ജലവൈദ്യുത പദ്ധതികൾ, മറ്റ് പാരമ്പര്യേതര ഉത്പാദന നിലയങ്ങൾ എന്നിവയുൾപ്പെടെയുള്ള ആഭ്യന്തര ഉത്പാദന നിലയങ്ങളെ മാത്രം ആശ്രയിക്കുവാൻ കഴിയില്ല. ആഭ്യന്തര ഉത്പാദന നിലയങ്ങളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്തിയാൽ തന്നെയും ആവശ്യകതയുടെ ഏകദേശം 30 ശതമാനത്തോളം മാത്രമേ നിറവേറ്റാനാകുകയുള്ളൂ. ജലവൈദ്യുതി പദ്ധതികളിൽ നിന്നുള്ള ഉത്പാദനം മഴയെ ആശ്രയിച്ചിരിക്കുന്നതിനാലും മറ്റ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉത്പാദനം അസ്ഥിരമായതിനാലും ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ആഭ്യന്തര ഉത്പാദന നിലയങ്ങളെ പൂർണ്ണമായും ആശ്രയിക്കാനാവില്ല. ആവശ്യകതയ്ക്കനുസരിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി ലഭ്യമാക്കിയിട്ടുള്ളതിനാൽ ഊർജ്ജ പ്രതിസന്ധി നിലവിലില്ല.

ഊർജ്ജ ആവശ്യകതയ്ക്കനുസരിച്ച് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി പാരമ്പര്യേതര ഉത്പാദന പദ്ധതികളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ മുതലായവ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, അനെർട്ട് എന്നീ ഏജൻസികൾ വഴിയും സ്വകാര്യ സംരംഭകർ വഴിയും പരമാവധി നടപ്പിലാക്കിവരുന്നു.

സൗരോർജ്ജ ഉത്പാദനം കൂട്ടുവാനുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ. ഇതുവരെ നിർമ്മാണം പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കെ.എസ്.ഇ.ബി.എൽ. പുതുതായി നടപ്പിലാക്കിവരുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ (175.5 മെഗാവാട്ടിന്റെ) ലിസ്റ്റ് ചുവടെ ചേർക്കുന്നു:

കക്കയം (3 മെഗാവാട്ട്), ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), പൊരിങ്ങൽകുത്ത് (24 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്), ചാത്തൻകോട്ടുനട - II (6 മെഗാവാട്ട്), പഴശ്ശി സാഗർ (7.5 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്), അപ്പർ ചെങ്കുളം (24 മെഗാവാട്ട്), ലാഡ്രം (3.5 മെഗാവാട്ട്), ഒലിക്കൽ (5 മെഗാവാട്ട്), പൂവാരംതോട് (3 മെഗാവാട്ട്), മാർമ്മല (7 മെഗാവാട്ട്), ചെമ്പുക്കടവ് - III (7.5 മെഗാവാട്ട്), പീച്ചാട് (3 മെഗാവാട്ട്), വെസ്റ്റേൺ കല്ലാർ (5 മെഗാവാട്ട്), മാരിപ്പുഴ (6 മെഗാവാട്ട്), വാലന്തോട് (7.5 മെഗാവാട്ട്), ആനക്കയം (7.5 മെഗാവാട്ട്).

അടുത്ത മൂന്നുവർഷം കൊണ്ട് 500 മെഗാവാട്ട് ശേഷി വർദ്ധന പുരപ്പുറ സൗരോർജ്ജ ഉത്പാദന നിലയങ്ങൾവഴി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് നിർവ്വഹിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. മുഖാന്തരം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

ചെറുകിട ജലവൈദ്യുതി പദ്ധതികൾ കൂടുതലായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ 20 ചെറുകിട പദ്ധതികൾ Build Own Operate & Transfer (BOOT) എന്ന വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് കൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ അനുവദിച്ച 20 പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

വലിയ ഡാമുകളും മറ്റും പണിയുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ചെറുതടയണകൾ നിർമ്മിച്ച് ചെറിയ ഉയരവ്യത്യാസത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2X10 kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ്' ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ ഘടിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളും ഇ.എം.സി. നടപ്പിലാക്കിവരുന്നു.

(സി) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം 2022-ഓടെ 1870 മെഗാവാട്ട് ശേഷി കൈവരിക്കുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. ഇതിനായി പരമാവധി ശ്രമങ്ങൾ അനെർട്ട് പരിശോധിച്ചുവരുന്നു.

ഈ ലക്ഷ്യം കൈവരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ സഹകരണത്തോടെ താഴെപ്പറയുന്ന മൂന്ന് രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

1. സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ വ്യാപകമാക്കുക വഴി - 970 മെഗാവാട്ട്.

2. ജലാശയങ്ങളുടെ/കനാലുകളുടെ മുകൾപ്പരപ്പിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക വഴി - 600 മെഗാവാട്ട്.

3. പാഴ് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വൻകിട സൗരോർജ്ജ നിലയങ്ങൾ വഴി - 300 മെഗാവാട്ട്.

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ പദ്ധതികളുടെ ഭാഗമായി അക്ഷയ ഊർജ്ജ പ്രചരണ, വ്യാപന രംഗത്ത് അനെർട്ട് മുഖേന യഥാക്രമം 4388 ലക്ഷം, 4830 ലക്ഷം രൂപയുടെ പദ്ധതി അടങ്കലാണ് അനുവദിച്ചിട്ടുള്ളത്. അനെർട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി Centre for Management Development (CMD) മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 16.96 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാന്ദ്യവിരുദ്ധ പാക്കേജ്

22 (*352) ശ്രീ. പി. കെ. ശശി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാനമായിരുന്ന വാറ്റിന് പകരം കേന്ദ്രം അടിച്ചേൽപ്പിച്ച ജി.എസ്.ടി. പ്രതീക്ഷിത നികുതി വരുമാനത്തിൽ 30 ശതമാനത്തിലധികം ഇടിവുണ്ടാക്കിയത് അതിജീവിക്കാനായി എന്ത് മാർഗ്ഗമാണുള്ളത്; ചെലവ് ചുരുക്കലും ചെലവ് നിയന്ത്രണവും നടത്തുവാൻ ഉദ്ദേശിക്കുന്ന മേഖലകൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ചെക്കുപോസ്റ്റുകൾ ഒഴിവാക്കികൊണ്ട് ജി.എസ്.ടി. പോലെ അശാസ്ത്രീയമായ ഇ-വേ ബിൽ കൂടി പ്രാബല്യത്തിലായതും, 28 ശതമാനം നികുതി നിരക്കിലുണ്ടായിരുന്ന മിക്ക ആഡംബര വസ്തുക്കളുടെയും നികുതി നിരക്ക് കുറച്ചതും പ്രതിസന്ധി ഇനിയും ഗുരുതരമാക്കാനിടയുണ്ടോ; വ്യക്തമാക്കുമോ;

(സി) സാമ്പത്തികമാന്ദ്യം ഗ്രസിക്കാതിരിക്കാനായി പ്രത്യേക മാന്ദ്യവിരുദ്ധ പാക്കേജ് അനുവദിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയ്ക്ക് ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ നികുതി 20-25 ശതമാനം വർദ്ധിക്കുമെന്ന് സർക്കാർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ ഇനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചില്ല എന്നതൊരു വസ്തുതയാണ്. ജി.എസ്.ടി. ഭരണ സംവിധാനം പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതും ടി കാരണത്താൽ നികുതി വെട്ടിപ്പ് തടയുവാൻ കഴിയാത്തതും ചെക്ക് പോസ്റ്റുകളില്ലാത്തതും പകരം ഏർപ്പെടുത്തിയ ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാവാത്തതുമടക്കമുള്ള കാരണങ്ങൾ ചരക്കുസേവന നികുതിയിൽനിന്നും പ്രതീക്ഷിച്ച വരുമാനത്തിൽ ഇടിവിന് ഹേതുവായിട്ടുണ്ട്.

മൊത്തം റവന്യൂ വരുമാനം 7.7 ശതമാനം വർദ്ധിച്ചപ്പോൾ പദ്ധതി ചെലവ് 22 ശതമാനവും പദ്ധതിയേതര ചെലവ് 21 ശതമാനവും ഉയർന്നു. വരവിലും ചെലവിലും വരുന്ന ഈ അന്തരം ഒഴിവാക്കിയാൽ മാത്രമേ ധനസുസ്ഥിരത കൈവരിക്കാനാകൂ. കൂടാതെ ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ സർക്കാർ ബാധ്യസ്ഥവുമാണ്. മേൽ പ്രതിസന്ധി തരണം ചെയ്യുന്നതിന് മറ്റ് നികുതി, നികുതിയേതര വരുമാനം ബഡ്ജറ്റ് ലക്ഷ്യത്തിലെത്തിക്കുന്നതിനും സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിനും കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്.

ജി.എസ്.ടി.-യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുണ്ട്. ടി പരിമിതമായ സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ് :

1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജമാക്കും.

2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി 2018 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്.

3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.

6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.

7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.

8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5% വർദ്ധിപ്പിക്കും.

9. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.

നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകളും ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാനായി ചുവടെ ചേർക്കുന്ന നിയന്ത്രണങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ് :

(i) അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. കൂടാതെ പുനർ വിന്യാസത്തിനുള്ള സാധ്യതകൾ കൂടി പരിശോധിച്ച ശേഷമായിരിക്കും തസ്തികകൾ അനുവദിക്കുക.

(ii) നിലവിലുള്ള ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്ന കാര്യം സർക്കാർ ഉദ്ദേശിക്കുന്നു. കർശനമായ പരിശോധനയ്ക്കു ശേഷമേ ഇത്തരത്തിലുള്ള പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ.

(iii) സർക്കാർ വകുപ്പുകളിൽ വാഹനങ്ങളുടെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലായി പരിമിതപ്പെടുത്തും. 14 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും.

(iv) അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കുകയുള്ളൂ. വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തി യാത്രാചെലവുകൾ കുറയ്ക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാരിന്റെ ആലോചനയിലാണ്.

(v) ചെലവുകൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പരിധിയിൽ നിലനിർത്തുന്നതിന് ഉതകുന്ന നടപടികൾ സർക്കാർ പരിഗണിച്ചു വരുന്നു.

(ബി) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക്പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെ ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കും എന്ന ധാരണയിലാണ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കിക്കൊണ്ടുള്ള നിയമം നടപ്പിലാക്കിയത്. ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം

നേരിട്ടതിനാൽ കേരളം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തശേഷം സ്വന്തമായി കേരള സംസ്ഥാന ചരക്കുസേവന നികുതി ചട്ടം 138 പ്രകാരം അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് മൂന്ന് വിഭാഗങ്ങളിലായി KER1, KER2, KER3 ഫോമുകൾ നിർബന്ധമാക്കി. ഇതിനെതിരായി പല കേസ്സുകളും ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. അന്തർസംസ്ഥാന ചരക്കുനീക്കം ഐ.ജി.എസ്.ടി. നിയമപ്രകാരം ആയതിനാൽ സംസ്ഥാനത്തിന് പ്രത്യേകമായി ഫോമുകൾ നിഷ്കർഷിക്കാൻ അവകാശമില്ല എന്ന കാരണത്താൽ KER ഫോമുകൾ നിർബന്ധമാക്കുന്നതിനെതിരായി കോടതി വിധികളും ഉണ്ടായി.

ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായതിലുള്ള കടുത്ത ആശങ്ക കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിച്ചതിനെത്തുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ടായിരുന്നു. എന്നാൽ ഇ-വേ ബില്ലിന്റെ സോഫ്റ്റ്‌വെയറിൽ സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര സർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ചു. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെതുടർന്ന് അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇത് ഒരു പരിധിവരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കുവാഹനങ്ങളുടെ ഭൗതിക പരിശോധന ആവശ്യമായിവരും. ആയതിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.

കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി.

നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

ജി.എസ്.ടി.-യിൽ ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പരോക്ഷ നികുതികളാണ് ലയിപ്പിച്ചത്. എന്നാൽ ടി നികുതി പ്രാബല്യത്തിൽ വന്നതിനുശേഷം ഒരിക്കൽപ്പോലും ഒരു ലക്ഷം കോടി രൂപ ഈ ഇനത്തിൽ സമാഹരിക്കുവാൻ സാധിച്ചിട്ടില്ല. ജനുവരി മാസത്തെ ആകെ ചരക്കുസേവന നികുതി വരുമാനം 86,318 കോടി രൂപ മാത്രമാണ്. 2017 ജൂലൈയിൽ 92,283 കോടി രൂപ സമാഹരിക്കുവാൻ സാധിച്ചിരുന്നുവെങ്കിലും പിന്നീടത് കുറയുന്ന കാഴ്ചയാണ്. നികുതി വെട്ടിപ്പും ഉയർന്ന നികുതി നിരക്കിലുണ്ടായിരുന്ന മിക്ക വസ്തുക്കളുടെയും നികുതി നിരക്ക് കുറച്ചതും മുകളിൽ പ്രതിപാദിച്ച നികുതി ശോഷണത്തിന് കാരണമായിട്ടുണ്ടാവും.

കേരളത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ചരക്കുകളുടെ 75 ശതമാനത്തോളം മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാകയാൽ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി.യേക്കാൾ ഒരു മടങ്ങെങ്കിലും കൂടേണ്ടതാണ്. എന്നാൽ അനുഭവം നേരെ മറിച്ചാണ്. ഇതിൽനിന്നും ഐ.ജി.എസ്.ടി. ചോർച്ച സംഭവിക്കുന്നുവെന്ന് വ്യക്തമാണ്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ്‌വർക്ക് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്ര സർക്കാർ ആർ.എഫ്.ഐ.ഡി. സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തനക്ഷമമായി മാറുകയും ചെയ്യും.

(സി) കേന്ദ്ര സർക്കാർ പിന്തുടർന്നുവരുന്ന വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഫലമായി രാജ്യത്ത് സാമ്പത്തിക മാന്ദ്യത്തിന് സമാനമായ അവസ്ഥയാണ് നിലനിൽക്കുന്നത്. പ്രസ്തുത സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തും പ്രകടമാണ്. കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെടുന്ന പ്രത്യേക സഹായ പദ്ധതികളോട് ഏറെയൊന്നും അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്.

## വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

23 (*353) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം പരിഹാര നിർദ്ദേശങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) വ്യവസായ യൂണിറ്റുകൾ പ്രതിസന്ധിയിലാകുന്നതും വായ്പ അടവ് മുടങ്ങുന്നതും അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിലെ കുറവും ഉൽപ്പാദനക്കുറവും പരിഹരിക്കുന്നതിന് നൽകിവരുന്ന പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എത്ര വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടലിന്റെ വക്കിൽ ആണെന്ന് അറിയിക്കാമോ; ആയത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ ഫണ്ട് രൂപവൽക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) വ്യവസായ രംഗത്ത് കൂടുതൽ മുതൽ മുടക്ക് കൊണ്ടുവന്ന് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിനായി സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് വ്യക്തമായ പഠനം നടത്തുകയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്

വേണ്ട നിയമപരമായ അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ നിയമങ്ങളിൽ ഭേദഗതി വരുത്തി " ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിരിക്കുകയാണ്. വ്യവസായ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജില്ലാ ലെവൽ റിവ്യൂ കമ്മിറ്റി, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി, സ്ട്രസ്സ്ഡ് അസറ്റ് മാനേജ്മെന്റ് കമ്മിറ്റി എന്നീ കമ്മിറ്റികൾ ഫലപ്രദമായി ഇടപെടുന്നുണ്ട്. ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കമ്മിറ്റികൾ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ തൊഴിൽ പ്രശ്നങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ വകുപ്പിന്റേതായ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ സാങ്കേതികവിദ്യ ഉപയോഗിച്ച് വൈവിദ്ധ്യവത്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തന്മൂലം സ്ഥാപനങ്ങൾക്ക് വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെ അതിജീവിക്കാൻ കഴിയുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷം പൊതുമേഖലാ സ്ഥാപന നവീകരണ-വിപുലീകരണ പദ്ധതികൾക്കായി 123 കോടി രൂപ അനുവദിച്ചിരുന്നു. 2017-18-ൽ 283 കോടി രൂപ അധിക സഹായമുൾപ്പെടെ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി 297.35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) സംരംഭകർ എടുത്തിട്ടുള്ള വായ്പ, തിരിച്ചടവ് മുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രം യൂണിറ്റുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പരിഹാരം കാണുന്നുണ്ട്. പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നൂതന മാർഗ്ഗങ്ങൾ ആരായുന്നുണ്ട്. പൊതുമേഖല സഹകരണ സ്പിന്നിംഗ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായ രീതിയിൽ ആവശ്യമായ കോട്ടൺ യഥാസമയം വാങ്ങുന്നതിനായി സംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചില സ്ഥാപനങ്ങൾക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനുള്ള പ്രവർത്തന മൂലധന സഹായത്തിനുള്ള വിഹിതവും പ്രത്യേകം വകയിരുത്തുന്നുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ ജിയോ ടാഗ്ഗിങ് പദ്ധതി മുഖേന നടത്തിയ സർവ്വേയിൽ 3489 യൂണിറ്റുകൾ തകർച്ച നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഇത്തരത്തിൽ കണ്ടെത്തിയ സംരംഭങ്ങൾക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ധനസഹായവും വായ്പയും ലഭ്യമാക്കുന്നതിന് കേരള എം.എസ്.എം.ഇ. പുനർജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിക്കുന്നതാണ്. ഈ ഫണ്ടിൽ 100 കോടി രൂപ കോർപ്പസ് ഫണ്ട് ഉണ്ടായിരിക്കുകയും ഇതിൽ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റും ബാക്കി ഭാഗം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഉൾപ്പെട്ട കൺസോർഷ്യവും വഹിക്കുന്നു. 2018-19-ലെ ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാന വിഹിതമായ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയിലെ പരിഷ്കാരങ്ങൾ**

24 (*354) ശ്രീ. കെ. ബാബു :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ ഏറ്റവും വേഗത്തിൽ സാമ്പത്തിക വളർച്ച കൈവരിക്കാനാവുന്ന വിനോദ സഞ്ചാര മേഖലയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേഗത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം ഇടപെടലാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് വിനോദസഞ്ചാര രംഗമെന്ന നിലയിൽ അതീവ പ്രാധാന്യമാണ് സർക്കാർ ഈ മേഖലയ്ക്ക് നൽകുന്നത്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനും സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്ന രീതിയിലുമുള്ള ടൂറിസം പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. വകുപ്പ് നേരിട്ടും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയും ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. രാജ്യത്തിനകത്തും

വിദേശത്തുമുള്ള ടൂറിസം ഫെയറുകളിലെ പങ്കാളിത്തവും മീറ്റുകളുടെ സംഘാടനവും മാർക്കറ്റിംഗ് ക്യാമ്പയിനുകളും സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുടെ പ്രോത്സാഹനത്തിനായി വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന " ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത വിഭാവനം ചെയ്തിട്ടുണ്ട്. ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമാക്കുകയും നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇവ ടൂറിസം മേഖലയിൽ കാതലായ പരിഷ്കാരങ്ങൾ ലക്ഷ്യമിട്ടുള്ളവയാണ്. പരിസ്ഥിതി സൗഹൃദമായ ടൂറിസം പദ്ധതികളാണ് നിലവിൽ നടത്തിവരുന്നത്. യുവ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികൾ, സംസ്ഥാനത്തിന്റെ തനത് കലയും സംസ്കാരവും കൃഷിയും ഭക്ഷണരീതിയും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന ഗ്രാമീണ മേഖലയ്ക്ക് ഊന്നൽ നൽകിയുള്ള ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്നിവ ടൂറിസം മേഖലയിലെ കാലാനുസൃത പരിഷ്കാരങ്ങൾ ലക്ഷ്യമിട്ടുള്ളതാണ്.

സർക്കാരിന്റെ പുതിയ ടൂറിസം നയത്തിൽ വിനോദസഞ്ചാര മേഖലയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തി ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുള്ളതാണ്. ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, നിലവിലുള്ളവയുടെ വികസനം, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയും പ്രാധാന്യം നൽകിയിട്ടുള്ളതാണ് പുതിയ ടൂറിസം നയം. പൊതു സ്വകാര്യ പങ്കാളിത്തവും നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും ഇതിൽ പരിഗണിക്കുന്നുണ്ട്. ടൂറിസം മേഖല കൂടുതൽ വൈവിധ്യവത്കരിക്കുന്നതിനും ടൂറിസം നയം പ്രത്യേകം ഊന്നൽ നൽകുന്നു.

(ബി) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റിംഗ്, സ്വതന്ത്ര ഓഡിറ്റർമാർ മുഖേന അക്കൗണ്ടന്റ് ജനറൽ നടത്തുന്ന വരവ് ചെലവ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഇവയുടെ മേലുള്ള ധനകാര്യ സെക്രട്ടറിയുടെയും അക്കൗണ്ടന്റ് ജനറലിന്റെയും കമന്റുകൾ, അനന്തര നടപടികൾ മുതലായവ വാർഷികാടിസ്ഥാനത്തിൽ നടന്നുവരുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ സർക്കാർ തലത്തിലും മന്ത്രിതലത്തിലും വിലയിരുത്തലുകളും നടത്താറുണ്ട്. ഇത് കൂടാതെ പ്രത്യേകമായി പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടില്ല.

(സി) പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ അടിസ്ഥാന സൗകര്യ വികസന രംഗത്ത് പുതിയ കാൽവയ്പുകൾക്കായി കേന്ദ്ര പദ്ധതിയായ "പ്രസാദ്"

സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസന പദ്ധതി നടപ്പിലാക്കാനുള്ള ഏജൻസിയായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. കൂടാതെ വേളിയിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് പുതിയ ടൂറിസം പദ്ധതികൾ (PP ഉൾപ്പെടെ) നടപ്പാക്കുന്നതിനുള്ള മേൽനോട്ടവും മറ്റുനടപടികളും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ്. തിരുവനന്തപുരത്തെ മടവൂർപ്പാറ ടൂറിസം പദ്ധതിയുടെ ഏകോപനവും മേൽനോട്ടവും ഭാവി വികസനവും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. നോർത്ത് മലബാർ മേഖലയിൽ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ടൂറിസം നയത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കൊച്ചി-മംഗളൂരു പ്രകൃതി വാതക പൈപ്പ് ലൈൻ

25 (*355) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക, ഗാർഹിക ആവശ്യത്തിന് വേണ്ട വില കുറഞ്ഞ ഇന്ധനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയായ കൊച്ചി-മംഗളൂരു പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഏതെല്ലാം ജില്ലകളിൽ പദ്ധതിക്കായി ഇനിയും സ്ഥലം ലഭിക്കാനുണ്ട്;

(ബി) പദ്ധതി പൂർത്തിയായാൽ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) പ്രകൃതി വാതകം പൈപ്പ് ലൈനിലൂടെ അടുക്കളയിൽ എത്തിക്കാനായുള്ള സിറ്റി ഗ്യാസ് പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നെന്നും അതിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കേരളത്തിൽ ഏഴ് ജില്ലകളിലൂടെ കടന്നുപോകുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോമീറ്ററാണ്. ഇതിൽ 503 കിലോമീറ്ററിലും 6 (1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.

പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എല്ലാ ജില്ലകളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ട പരിഹാര തുക നിശ്ചയിക്കുന്നതിനുള്ള കണക്കെടുപ്പ് ഏറെക്കുറെ പൂർത്തിയായി ക്കഴിഞ്ഞു. കേരളത്തിലൊട്ടുക്കും ഇതുവരെയായി 138 കി.മീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. നഷ്ടപരിഹാര വിതരണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) പദ്ധതി നടപ്പിലായാൽ ടാങ്കർമൂലമുണ്ടാകുന്ന അപകടങ്ങൾ, എൽ.പി.ജി. സിലിണ്ടർ അപകടങ്ങൾ, എൽ.പി.ജി. ക്ഷാമം എന്നിവ ഒഴിവാക്കാനാകും. ഇന്ത്യയിൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന പ്രകൃതി വാതകത്തിന്റെ സംസ്ഥാനത്തിനുള്ള വിഹിതം ലഭ്യമാക്കാൻ കേരളത്തെ ദേശീയ പ്രകൃതി വാതക ശൃംഖലയുമായി ബന്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ആഭ്യന്തര ഗ്യാസിന്റെ വില ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റേതിനേക്കാൾ കുറവാണ്. പ്രകൃതി വാതക പദ്ധതി നടപ്പിലാക്കുമ്പോൾ വീടുകളിൽ പൈപ്പുകളിലൂടെ പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് (പി.എൻ.ജി.) എത്തിക്കുവാനും വാഹനങ്ങൾക്ക് സി.എൻ.ജി. (കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്) നൽകുവാനും സാധിക്കും. പൈപ്പ് ലൈൻ യാഥാർത്ഥ്യമായാൽ സിറ്റി ഗ്യാസിലൂടെ കുറഞ്ഞ തുകയ്ക്ക് വാതകം ലഭ്യമാക്കാൻ കഴിയും. ഇതിനുപുറമേ സി.എൻ.ജി. ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് മലിനീകരണത്തിന്റെ തോത് കുറയും. ഗാർഹിക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാകുമ്പോൾ റോഡിൽനിന്ന് എൽ.പി.ജി. ടാങ്കർ ലോറികളും, സിലിണ്ടർ ലോറികളും അപ്രത്യക്ഷ മാകുന്നതിനാൽ റോഡുകളിലെ തിരക്കും അപകടങ്ങളും കുറയും.

നിലവിൽ എൽ.പി.ജി. ഉപയോഗിക്കുന്ന വ്യവസായശാലകൾക്ക് പ്രകൃതിവാതകം ലഭ്യമാകുന്നതോടുകൂടി ഇന്ധനച്ചെലവ് വളരെ ഗണ്യമായി കുറയുന്നതിനാൽ വലിയ ഒരു വ്യവസായ കുതിപ്പുതന്നെ സംസ്ഥാനത്ത് സംജാതമാകും. ഇതോടൊപ്പം തൊഴിൽ സാധ്യതയും വർദ്ധിക്കും.

(സി) പ്രകൃതി വാതകം പൈപ്പ് ലൈനിലൂടെ അടുക്കളയിൽ എത്തിക്കാനായുള്ള സിറ്റി ഗ്യാസ് പദ്ധതി കൊച്ചിയിൽ 2016 ഫെബ്രുവരിയിൽ

തുടങ്ങിക്കഴിഞ്ഞു. കൊച്ചി മുതൽ മംഗലാപുരം വരെ പൈപ്പ് ലൈൻ കടന്നുപോകുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷനുവേണ്ടി കരാർ നൽകുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറത്തിറക്കിക്കഴിഞ്ഞു.

## സഹകരണ മേഖലയിലെ ഭവനനിർമ്മാണ പദ്ധതികൾ

26 (*356) ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതി പ്രകാരം ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കാൻ കഴിയുമെന്നും ഒരാൾക്ക് പരമാവധി എത്ര രൂപ ഭവന വായ്പയായി ലഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ ഈ രംഗത്ത് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഫെഡറേഷന്റെ മുഖ്യ ധനസമാഹരണ മാർഗ്ഗങ്ങൾ എന്തൊക്കെ യാണെന്നും അംഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമിക്കുന്നതിന് തിരിച്ചടവ് എളുപ്പമായ രീതിയിൽ വായ്പ നൽകുവാൻ ഫെഡറേഷൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ നിലവിലില്ല. എന്നാൽ സഹകരണ സംഘങ്ങളുടെ നിയമാവലിക്കും ഉപനിബന്ധനകൾക്കും വിധേയമായി ഭവനനിർമ്മാണത്തിനും ഭവനങ്ങൾ വാങ്ങുന്നതിനും വായ്പ അനുവദിക്കുന്നു. കൂടാതെ പുതുക്കലിനും അറ്റകുറ്റപ്പണികൾക്കും വായ്പ നൽകിവരുന്നു. തദ്ദേശസ്വയംഭരണ

വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇ.എം.എസ്. ഭവന വായ്പ പദ്ധതിയിലും ഇന്ദിര ആവാസ് യോജന പദ്ധതിയിലും ഭവനശ്രീ പദ്ധതിയിലും സഹകരണ സംഘങ്ങൾ വായ്പ നൽകി പങ്കാളിത്തം വഹിക്കുന്നു.

(ബി) ഹൗസിംഗ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, ഹൗസ് ഫെഡ് എന്നിവിടങ്ങളിൽനിന്നും അംഗങ്ങൾക്ക് ഭവന വായ്പ അനുവദിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിൽ /ബാങ്കുകളിൽ ഒരാൾക്ക് 10 വർഷക്കാലാവധിയിൽ പരമാവധി 25 ലക്ഷം രൂപയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ 15 വർഷ കാലാവധിയിൽ 20 ലക്ഷം രൂപയും വീട് പുതുക്കിപ്പണിയുന്നതിന് 7 വർഷ കാലാവധിക്ക് 5 ലക്ഷം രൂപയും ജില്ലാ സഹകരണ ബാങ്കുകളിൽ 15 വർഷ കാലാവധിക്ക് പരമാവധി 25 ലക്ഷം രൂപയും സംസ്ഥാന സഹകരണ ബാങ്ക് 15 വർഷ കാലാവധിക്ക് 40 ലക്ഷം രൂപയും ഭവന വായ്പ നൽകിവരുന്നു.

(സി) വായ്പക്കാരന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും മദ്ധ്യ വരുമാന വിഭാഗങ്ങളിലുള്ളവർക്കും യഥാക്രമം 12 ശതമാനം, 12.5 ശതമാനം പലിശ നിരക്കിൽ പുതിയ വീട് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപ്പണികൾക്കായി പരമാവധി 7.50 ലക്ഷം രൂപയും ഭവന വായ്പയായി നൽകിവരുന്നു.

(ഡി) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയെടുത്താണ് ഫെഡറേഷന്റെ വായ്പ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത്. ഇതിനുപുറമേ എല്ലാ വർഷവും സർക്കാരിൽ നിന്നും ഓഹരി മൂലധന വിഹിതവും ലഭിക്കുന്നുണ്ട്. തിരിച്ചടവ് എളുപ്പമാക്കുന്നതിനുവേണ്ടി കുറഞ്ഞ വായ്പാ ഗഡു വരത്തക്ക രീതിയിൽ 15 വർഷ കാലാവധിക്ക് ദീർഘകാല വായ്പ നൽകിവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്ന അംഗസംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി അടച്ച പലിശയുടെ ഒരു ശതമാനം ഇൻസെന്റീവ് ആയി ഓരോ വർഷവും നൽകിവരുന്നു.

## ജി.എസ്.ടി. ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് നടപടി

27 (*357) ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികളിൽ മൂന്നിലൊന്നു ഭാഗം ഇതുവരെ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ജി.എസ്.ടി. നെറ്റ് വർക്കിന്റെയും സർവറിന്റെയും ക്ഷമത വർദ്ധിപ്പിക്കാനും ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) വാറ്റ് നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്തിരുന്ന വ്യാപാരികൾ എത്രയായിരുന്നുവെന്നും എത്ര പേർ ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ നടത്തിയെന്നും അറിയിക്കാമോ; ഇവരിൽ എത്ര പേർ കോമ്പസിഷൻ സ്കീം സ്വീകരിച്ചിട്ടുണ്ട്;

(സി) ജി.എസ്.ടി. നടപ്പാക്കിയതിൽ പോരായ്മകൾ ഉണ്ടെന്ന് കേന്ദ്ര റവന്യൂ സെക്രട്ടറി അഭിപ്രായപ്പെട്ടതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ നടത്തുമെന്ന് വിലയിരുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ജി.എസ്.ടി.എൻ. നെറ്റ് വർക്ക് എന്ന സ്ഥാപനമാണ് ഇതിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുന്നത്. ആദ്യഘട്ടത്തിൽ ആവശ്യമായ രജിസ്ട്രേഷൻ പഴയ നികുതി സമ്പ്രദായത്തിൽ നിന്നുള്ള മൈഗ്രേഷൻ എന്നിവയ്ക്കാവശ്യമായ സോഫ്റ്റ്‌വെയർ സംവിധാനം ഇപ്പോൾ തന്നെ പ്രവർത്തനക്ഷമമാണ്. എന്നാൽ റിട്ടേൺ ഫയലിംഗിനാവശ്യമായ ജി.എസ്.ടി. ആർ വൺ എന്ന സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമല്ല. പകരമായി ജി.എസ്.ടി.ആർ. 3 ബി എന്ന ലളിതമായ ഫോർമാറ്റ് ഉപയോഗിച്ച് വ്യാപാരികൾക്ക് റിട്ടേണുകൾ ഫയൽ ചെയ്യാം. റിട്ടേണുകൾ പരിഷ്കരിക്കുന്നതും കൂടുതൽ വ്യാപാരി സൗഹൃദമാക്കുന്നതും ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലാണ്. ഈ വിഷയത്തിൽ ഉടനടി തീരുമാനം ഉണ്ടാകുമെന്നാണ്

പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി.എൻ. നെറ്റ്‌വർക്കിന്റെ ക്ഷമത വർദ്ധിപ്പിക്കണമെന്ന ആവശ്യം കേരളം നിരന്തരം കൗൺസിലിൽ ഉന്നയിക്കുന്നതാണ്. ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള 75 ശതമാനം വ്യാപാരികളും ജി.എസ്.ടി.ആർ. 3 ബി റിട്ടേണുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) വാറ്റ് നിയമപ്രകാരം സംസ്ഥാനത്ത് 265128 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടായിരുന്നു. ഇതിൽ 37961 പേർ 20 ലക്ഷത്തിനുതാഴെ വിറ്റുവരവുള്ളതായിരുന്നു. ബാക്കിയുള്ളതിൽ 223204 പേർ ജി.എസ്.ടി.യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ഇത് ഏകദേശം 98.24 ശതമാനം വരും. ഇതിൽ നാളിതുവരെ 36523 പേർ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇതിനകം തന്നെ ഈ വിഷയം ജി.എസ്.ടി. കൗൺസിലിൽ അവതരിപ്പിച്ചിട്ടുണ്ട്. റിട്ടേണുകൾ പരിഷ്കരിക്കുവാനും ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ എത്രയും പെട്ടെന്ന് പൂർണ്ണമായി സജ്ജമാക്കുന്നതിനുമുള്ള നടപടികൾ ജി.എസ്.ടി. കൗൺസിൽ സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നികുതിവെട്ടിപ്പ് തടയുവാനായി പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ നടപ്പാക്കിയിട്ടുണ്ട്. ഏപ്രിൽ മാസം മുതൽ ഇത് നിർബന്ധമാക്കുന്നതാണ്.

**സഹകരണ കരട്ടുനയം**

28 (*358) <u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈവിദ്ധ്യങ്ങളിലൂടെ മുന്നോട്ട് എന്ന മുദ്രാവാക്യവുമായി കണ്ണൂരിൽ വെച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസിൽ സഹകരണ നയത്തിന്റെ കരട്ടുരൂപം അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സഹകരണ കരട്ടുനയം വ്യക്തമാക്കുന്ന ഉദ്ദേശങ്ങളും, നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സർക്കാരിന്റെയും പ്രാദേശിക സർക്കാരിന്റെയും പദ്ധതി നടത്തിപ്പിൽ സഹകരണ സംഘങ്ങൾക്ക് എത്രത്തോളം പങ്കാളിത്തം നൽകുന്നതിനാണ് സർക്കാർ ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപ്പള്ളി സുരേന്ദ്രൻ): സർ,

(എ&ബി) ഉണ്ട്. സഹകരണ നയത്തിന്റെ കരട് തയ്യാറാക്കി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ വച്ച് നടന്ന സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ഉദ്ദേശങ്ങളും നിർദ്ദേശങ്ങളും തയ്യാറാക്കി ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

സഹകരണ കരട് നയം വ്യക്തമാക്കുന്ന ഉദ്ദേശ്യങ്ങളും നിർദ്ദേശങ്ങളും താഴെപ്പറയുന്നവയാണ് :

ഉദ്ദേശ്യങ്ങൾ

സഹകരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായും സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ടും പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള സംവിധാനമായി സഹകരണ സ്ഥാപനങ്ങളെ അംഗീകരിക്കുക.

സമ്പദ്ഘടനയുടെ സമസ്ത മേഖലകളിലും കരുത്തുറ്റതും ഊർജ്ജസ്വലവുമായ സഹകരണ പ്രസ്ഥാനം പടുത്തുയർത്തുവാൻ ശ്രമിക്കുക.

ഭരണനിർവ്വഹണം ശക്തിപ്പെടുത്തുന്നതിനും സഹകരണ ആശയങ്ങളുടെ പ്രചരണത്തിനും വിവര സാങ്കേതിക വിദ്യ, പരിശീലനം, ഗവേഷണം എന്നിവയ്ക്കുവേണ്ടിയും സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുക.

സഹകരണ സ്ഥാപനങ്ങളിലെ നിലവിലെ നിയമന രീതി അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുക.

സാങ്കേതികവിദ്യയിലും നിയമ-നിയന്ത്രണ കാര്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ചുവടുവച്ച് നീങ്ങുന്നതിന് സഹകരണ വകുപ്പിനെ സജ്ജമാക്കുന്ന വിധത്തിൽ വകുപ്പിൽ പ്രൊഫഷണലിസം നടപ്പാക്കുക.

സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കേണ്ടതുമാണ്.

സഹകരണ ഫെഡറേഷനുകളുടെയും ഫെഡറൽ സൊസൈറ്റികളുടെയും പ്രവർത്തനം പുനർ നിർവ്വചിക്കുക.

സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീശാക്തീകരണത്തിനും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി പരിശ്രമിക്കുക.

യുവതലമുറയെ അവരുടെ ആവശ്യ നിർവ്വഹണത്തിനായി സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുക. ഒരു സംരംഭം എന്ന നിലയിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് പിന്നിലെ ആശയങ്ങൾക്കും മൂല്യങ്ങൾക്കും യുവതലമുറയുടെ ഇടയിൽ സ്വീകാര്യത ഉണ്ടാക്കുക എന്ന കാഴ്ചപ്പാടോട് കൂടിയായിരിക്കണം ഇത് ചെയ്യേണ്ടത്.

യുവതലമുറയുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ സഹകരണ സ്ഥാപനങ്ങളെ സജ്ജമാക്കുക.

സഹകരണം പാഠ്യപദ്ധതിയിലെ ഒരു വിഷയമാക്കിക്കൊണ്ടും സഹകരണ വിദ്യാഭ്യാസവും ഗവേഷണവും കോളേജ്/സർവ്വകലാശാല തലങ്ങളിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടും വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ ആശയവും വികാരവും പകർന്ന് നൽകുക.

സഹകരണ മേഖലയിൽ നൂതന ആശയങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.

അവ്യക്തതകൾ നീക്കി ലളിതമാക്കി മാറ്റുന്നതിനായി കേരള സഹകരണ നിയമവും ചട്ടവും രീതിയിൽ പുനരവലോകനം ചെയ്യുകയും ഭാവി ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അനുയോജ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുക.

സഹകരണ പ്രസ്ഥാനത്തിന്റെ പ്രതിച്ഛായയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനായി എല്ലാ മേഖലകളിലുമുള്ള വ്യാജ സഹകരണ സ്ഥാപനങ്ങളെ സമാപ്തീകരിക്കുക.

<u>നിർദ്ദേശങ്ങൾ</u>

കേരള സംസ്ഥാന സഹകരണ ബാങ്കിനേയും (കെ.എസ്.സി.ബി.) 14 ജില്ലാ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുനഃസംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് കൂടുതൽ ആദായകരവും ജനോപകാരപ്രദവുമാക്കുക.

കാർഷിക വായ്പ ഇപ്പോഴത്തെ 10 ശതമാനം എന്നതിൽനിന്ന് അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ 25 ശതമാനവും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50 ശതമാനവും ആക്കുക.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.എസ്.) ദീർഘകാല സഹകരണ വായ്പാഘടനയെ (എൽ.റ്റി.സി.സി.എസ്.) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50 ശതമാനമെങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.

മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽനിന്ന് കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.

സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഗൗരവമായി പരിശോധിക്കുകയും പ്രവർത്തനം നിലച്ചതും ദുർബലവുമായ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുക. അടച്ചുപൂട്ടലിന് വിധേയമാക്കപ്പെടുന്ന പ്രാഥമിക ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുക.

നിലവിലുള്ള എല്ലാ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളെയും ശക്തമാക്കണം. ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക.

പാലിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരോത്പാദനത്തെ ഒരു തൊഴിലായി (പ്രധാന തൊഴിലോ അല്ലെങ്കിൽ ഉപതൊഴിലോ) ക്ഷീര സഹകരണ സംഘങ്ങൾവഴി പരമാവധി പ്രോത്സാഹിപ്പിക്കുക.

മത്സ്യബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് മത്സ്യസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

കൈത്തറി, കയർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക. ഉത്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.

സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.

നൈപുണ്യ നിലവാരം ഉയർത്തിക്കൊണ്ട് വിപണിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന്റെയും സഹകരണ ഫെഡറേഷനുകളുടേയും സഹായത്തോടെ ഉത്പാദനം വർദ്ധിപ്പിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സുസ്ഥിരമായി വികസിപ്പിക്കുക.

പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിക്കായി വിനിയോഗിക്കുക.

സാധാരണ ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ എല്ലാത്തരം ആരോഗ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങളെ വികസിപ്പിക്കുക.

കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വിനോദസഞ്ചാര സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശീയ ഉത്പാദന/വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിനോദസഞ്ചാര സഹകരണ സ്ഥാപനങ്ങളെ ഉപയോഗിക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും യോജിച്ച് പരിശ്രമിക്കുക. വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉത്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഈ കൂട്ടായ്മ ഏറെ സഹായകരമായിരിക്കും.

പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക.

കേരള സഹകരണ നിയമം വകുപ്പ് 14 എ വിഭാവനം ചെയ്യുന്ന രീതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ടി സംരംഭങ്ങൾക്ക് അംഗങ്ങളിൽ നിന്നും മുൻഗണനാ ഓഹരി മൂലധനം സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അത്തരത്തിൽ സ്വീകരിക്കപ്പെടുന്ന മുൻഗണനാ ഓഹരി മൂലധനത്തിന് ഓഹരി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംരംഭം ഉണ്ടാക്കുന്ന അറ്റലാഭത്തിൽനിന്നും 49 ശതമാനം വരെ ലാഭവിഹിതം നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവനദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

സഹകരണ മേഖലയ്ക്ക് ഒരു സമഗ്ര നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും കരട് നയം നാളിതുവരെ അംഗീകരിച്ചിട്ടില്ല. നയം അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് സഹകരണ സംഘങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

എന്നാൽ നിലവിൽ സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും ഉൾപ്പെടുത്തി 2017-18 വർഷത്തിൽ 185 കോടി രൂപ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. അതിൽ 28.02.2018 വരെ വിവിധ സംഘങ്ങൾക്ക് (എസ്.സി/എസ്.ടി സംഘങ്ങൾ ഉൾപ്പെടെ) വിവിധ പദ്ധതികളിലൂടെ 99.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**സാമ്പത്തിക വളർച്ചാ നിരക്ക് കുറയാനിടയായ സാഹചര്യങ്ങൾ**

29 (*359) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ൽ സംസ്ഥാനത്തിന്റെ പ്രതീക്ഷിത വളർച്ചാ നിരക്ക് എത്രയായിരുന്നു; ഇതിൽ എത്ര ശതമാനം വളർച്ചാ നിരക്കാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്;

(ബി) സാമ്പത്തിക വളർച്ചാ നിരക്ക് കുറയാനിടയായ സാഹചര്യങ്ങളെ ന്തെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ബജറ്റിന് പുറത്തുള്ള വിഭവസമാഹരണം പരാജയപ്പെട്ടതാണ് സാമ്പത്തിക വളർച്ചാനിരക്ക് കുറയാനിടയായതെന്ന് കരുതുന്നുണ്ടോ;

(സി) കിഫ്ബി വഴി സ്വരൂപിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ട തുക സ്വരൂപിക്കാൻ കഴിയാത്തത് സാമ്പത്തിക വളർച്ചയെ ഏത് രീതിയിൽ ബാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) 2017-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വളർച്ചാ നിരക്ക് (ക്വിക്ക് എസ്റ്റിമേറ്റ് പ്രകാരം) 2016-17-ൽ 7.41 (Constant Price) ശതമാനമാണ്. എന്നാൽ വളർച്ചാ നിരക്ക് സംബന്ധിച്ചുള്ള അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

(ബി) നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതവും നാണ്യവിളകളുടെ വിലയിടിവും ബാങ്ക് വായ്പാ വളർച്ചയിലുണ്ടായ കുറവും സാമ്പത്തിക വളർച്ചയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കിഫ്ബി വഴിയുള്ള പദ്ധതി നിർവ്വഹണം നിശ്ചയിച്ച പ്രകാരം പുരോഗമിക്കുകയാണ്. പദ്ധതികൾ പൂർത്തിയായതിനുശേഷം മാത്രമേ ബഡ്ജറ്റിന് പുറത്തുള്ള വിഭവ സമാഹരണവുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് മുൻ വർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉത്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനത്തിൽ ആകെ 1772.17 കോടി രൂപ കിഫ്ബി നിധിയിലേയ്ക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഇതിനുപുറമേ 5475-00-800-92- ഡെവലപ്മെന്റ് ഓഫ് മേജർ ഇൻഫ്രാസ്ട്രക്ചറൽ പ്രോജക്ട്സ് എന്ന ശീർഷകത്തിൽ ബാക്കിവന്ന തുകയിൽനിന്നും ആകെ 2498.42 കോടി രൂപ പൊതു സാമ്പത്തിക വിപണിയിൽ നിന്നും നിക്ഷേപമാകർഷിക്കുന്നതിനുള്ള സീഡ് ക്യാപിറ്റലായി കിഫ്ബിക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. നബാർഡിന്റെ NIDA (NABARD Infrastructure Development Assistance) പദ്ധതിയിലൂടെ 565 കോടി രൂപ വായ്പ അനുവദിക്കുകയും 100.80 കോടി രൂപ കിഫ്ബി നിധിയിലേയ്ക്ക് വക കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 50,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. നാളിതുവരെ കൂടിയ കിഫ്ബോർഡ് യോഗങ്ങൾ 19938 കോടി രൂപ അടങ്കലുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നതനുസരിച്ച് മാത്രമേ ആവശ്യമായ തുക കിഫ്ബി സമാഹരിക്കുകയുള്ളൂ. പദ്ധതി നിർവ്വഹണം നിശ്ചയിച്ച പ്രകാരം തന്നെ പുരോഗമിക്കുന്നുണ്ട്. കിഫ്ബി വഴിയുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ അവ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തും.

## വനിതാ സഹകരണ സംഘങ്ങളുടെ വികസനത്തിനായി പദ്ധതികൾ

30 (*360) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ സഹകരണ സംഘങ്ങളുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വനിതാ സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സഹായം നൽകാൻ പദ്ധതിയുണ്ടോ;

(സി) കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതതു പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നു. ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകിവരുന്നു. കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ വനിതാ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പാക്കുന്നതിന് ധനസഹായം നൽകുന്നു. വനിതാ സംഘങ്ങളുടെ വികസനത്തിനായി ഷെയർ-സബ്സിഡി-വായ്പ ഇനത്തിൽ ധനസഹായം ചെയ്തുവരുന്നുണ്ട്. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്രായോഗികത, വിജയ സാധ്യത, പ്രവർത്തന ലാഭം തുടങ്ങിയവ വിലയിരുത്തിയാണ് ധനസഹായം നൽകുന്നത്. 2018-19-ൽ വനിതാ ഫെഡ്ഡിനും പ്രാഥമിക വനിതാ സംഘങ്ങൾക്കുമായി 3 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) വനിതകൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനായി വനിതാ ഫെഡ്ഡിനും വനിതാ സഹകരണ സംഘങ്ങൾക്കും പ്രത്യേക പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിന് ധനസഹായം നൽകിവരുന്നു.

6 നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി ലാബുകൾ എന്നിവ ആരംഭിക്കുന്നതിനും 4 വനിതാ മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനും 20 പ്രാഥമിക വനിതാ സഹകരണ സംഘങ്ങളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനുമായി 2016-17 വർഷത്തിൽ വനിതാ ഫെഡ്ഡിന് 163.95 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതാണ്. പ്രാഥമിക വനിതാ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുക, കൊച്ചു കുഞ്ഞുങ്ങൾക്കായി ക്രഷ് സ്ഥാപിച്ച് നടത്തുക എന്നിവയ്ക്കും ധനസഹായം നൽകാൻ പദ്ധതിയുണ്ട്. കമ്പ്യൂട്ടർ ഹാർഡ് വെയർ, മൊബൈൽ

ഫോൺ ചിപ്പ്-റിപ്പയറിംഗ് എന്നിവയിൽ പ്രാവീണ്യമുള്ള വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പ്രാഥമിക വനിതാ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വനിതാ ഫെഡ് മുഖേന ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുണ്ട്.

(സി) കുടുംബശ്രീയുടെ സഹകരണത്തോടെ പ്രാഥമിക വനിതാ സംഘങ്ങളിലെയും സ്വയംസഹായ സംഘങ്ങളിലെയും തൊഴിൽരഹിതരായ വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് "സാനിറ്ററി നാപ്കിൻസ് " യൂണിറ്റുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. ഇതുപ്രകാരം കുടുംബശ്രീയുടെ സഹായത്തോടെ 14 ജില്ലകളിലെയും തെരഞ്ഞെടുത്ത വനിതാ സംഘങ്ങളിലെ അംഗങ്ങൾക്ക് മേൽ വിഷയത്തിൽ നിർമ്മാണ വിപണന പരിശീലനം നൽകുകയും വനിതാ ഫെഡ്ഡിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ ആർദ്രം പദ്ധതിയുമായി സഹകരിച്ച് സാനിറ്ററി നാപ്കിൻസ് വെൻഡിംഗ് യൂണിറ്റുകൾ സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് കോളേജുകളിലും സ്കൂളുകളിലും സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. ആയതു മുഖേന സ്വയം സഹായ സംഘങ്ങൾക്കും പ്രാഥമിക വനിതാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കും തൊഴിൽ തുടർച്ചയുണ്ടാവുകയും സ്ഥിരവരുമാനം ഉറപ്പാക്കുന്നതുമാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാനത്തെ നികുതി പിരിവ്

1 (3442) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് ഇനത്തിൽ പ്രതിമാസം എത്രകോടി രൂപ ലഭിക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നികുതി പിരിവ് ഇനത്തിൽ മാസം എത്രകോടി രൂപ കുറവുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുറവ് പരിഹരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് നികുതി പിരിവ് ഇനത്തിൽ ജനുവരി, 2018 വരെ

ലഭ്യമായ പ്രതിമാസ കണക്ക് അനുബന്ധമായി ചേർക്കുന്നു*. ജനുവരി, 2017 വർഷത്തെ നികുതി പിരിവിനേക്കാൾ ജനുവരി, 2018 കാലഘട്ടത്തിലെ നികുതി പിരിവ് വർദ്ധിച്ചിട്ടുണ്ട്.

## കടമെടുക്കുന്നതിനുള്ള പരിമിതികൾ

2 (3443) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിൽ കടമെടുക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കടമെടുക്കുന്നതിന് എന്തെങ്കിലും പരിമിതികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) തുടർന്നും കടമെടുക്കുന്നതിന് സംസ്ഥാനം പ്രാപ്തമാണോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് സംസ്ഥാനം അതിന്റെ ധനകമ്മി 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമാണ് വാർഷിക കടമെടുപ്പു പരിധിയായി (തനി) നിശ്ചയിച്ചുനൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധി (തനി) 20402 കോടി രൂപയായി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി&ഡി) കേന്ദ്രസർക്കാർ സംസ്ഥാനത്തിനുള്ള കടമെടുപ്പ് പരിധി (തനി) നിശ്ചയിച്ചിരുന്നത് എല്ലാവിധ സ്രോതസ്സിൽനിന്നുമുള്ള വായ്പയും (പബ്ലിക് അക്കൗണ്ട് ഉൾപ്പെടെ) പരിഗണിച്ചുകൊണ്ടാണ്. മുൻവർഷങ്ങളിൽ പബ്ലിക് അക്കൗണ്ടിൽനിന്ന് അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽനിന്ന് കുറവ് ചെയ്തിരുന്നില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം മുതൽ പതിവിന് വിഭിന്നമായി പബ്ലിക് അക്കൗണ്ട് വഴി അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽനിന്ന് കുറവ് വരുത്തുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇത് പൊതു വിപണിയിൽനിന്ന് കടമെടുക്കുന്നതിന് താൽക്കാലികമായി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇത് പരിഹരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ പ്രത്യാഘാതങ്ങൾ**

3 (3444) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ വരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ ഫലമായി ഉടലെടുക്കുന്ന റിസോഴ്സ് ഗ്യാപും ലിക്വിഡിറ്റി പ്രതിസന്ധിയും പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ധവളപത്ര പ്രകാരം നികുതി വരുമാന നിരക്ക് വരും വർഷങ്ങളിൽ 20-25%മായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത നിരക്കിൽ സാമ്പത്തിക മേഖലയിൽ ക്രമീകരണം കൊണ്ടുവന്നാൽ അത് സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിന് വിഘാതമാകും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മാസാദ്യം ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര നികുതി വിഹിതം മാസത്തിന്റെ മധ്യത്തിലേയ്ക്ക് മാറ്റിയതും ജി.എസ്.ടി. നിയമപ്രകാരമുള്ള ദ്വൈമാസ നഷ്ടപരിഹാരത്തുക യഥാസമയം നൽകാത്തതും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് നടക്കാത്തതിനാലും എല്ലാമുണ്ടായ ലിക്വിഡിറ്റി പ്രതിസന്ധി ബഹുമുഖ തന്ത്രങ്ങൾവഴി മറികടക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

1. ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഇൻസ്ട്രുമെന്റുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു.

2. അനാവശ്യമായ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നു.

3. കർശനമായ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ചെലവുകൾക്ക് വരവിന്റെ അടിസ്ഥാനത്തിലുള്ള സമയക്രമീകരണം നടത്തുന്നു.

4. അനുവദനീയമായ വായ്പ ലിക്വിഡിറ്റി മാനേജ് ചെയ്യാൻ കഴിയും വിധത്തിൽ ക്രമപ്പെടുത്തി വിനിയോഗിക്കുന്നു.

5. കേന്ദ്രനയത്തിൽ മാറ്റം വരുത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നു.

(ബി&സി) ധനദൃഢീകരണം സാധ്യമാകണമെങ്കിൽ വരുന്ന 5 വർഷവും നികുതി വരുമാനം 20-25% നിരക്കിൽ വളരേണ്ടതുണ്ട് എന്നാണ് ധവളപത്രത്തിൽ വിലയിരുത്തിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നോട്ട് നിരോധനവും തിടുക്കത്തിലും വേണ്ട മുന്നൊരുക്കത്തോ

ട്ടുകൂടിയുമല്ലാതെ നടപ്പിലാക്കിയ ജി.എസ്.ടി.യും മേൽ പ്രസ്താവിച്ച നികുതി വളർച്ച കൈവരിക്കുവാനുള്ള സർക്കാർ ശ്രമത്തിന് വിഘാതമായിട്ടുണ്ട്. നോട്ട് നിരോധനത്തിന്റെ ഫലമായി ചെറുകിട-അസംഘടിത മേഖലയിലുണ്ടായ മുരടിപ്പ് ഇപ്പോഴും തുടരുന്നതും ചരക്കുസേവന നികുതിയിൽ നിന്നും പ്രതീക്ഷിച്ച വളർച്ചയിലുള്ള വരുമാനം ലഭിക്കാതിരിക്കുന്നതും സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളിയാണ്. ഈ പരിമിതികൾക്ക് ഇടയിലും സർക്കാർ കൈക്കൊണ്ട ഫലപ്രദമായ നടപടികളുടെ ഫലമായി 2017-18 നവംബർ 30 വരെയുള്ള കാലയളവിൽ (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം) പദ്ധതി ചെലവിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 20.35%-വും പദ്ധതിയേതര ചെലവിൽ 22.16%-വും വളർച്ച നേടുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിലവിലെ വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിലൂടെ അനാവശ്യ ചെലവുകൾ ഒരു പരിധിവരെ കുറയ്ക്കുവാൻ ശ്രമിക്കുന്നതാണ്. അതേസമയം സാമൂഹ്യക്ഷേമ ചെലവുകളിൽ വെട്ടിക്കുറവോ പിടിച്ചുവയ്ക്കലോ ഉണ്ടാകില്ല.

## കേരള സ്റ്റേറ്റ് ആഡിറ്റ് കമ്മീഷൻ രൂപീകരണം

4 (3445) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ആഡിറ്റ് കമ്മീഷൻ രൂപീകരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായുള്ള കരട് പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) എന്ന് മുതൽ കമ്മീഷൻ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) എന്തെല്ലാം ചുമതലകളാണ് ഈ കമ്മീഷനിലൂടെ വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ആഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) അംഗീകാരം നൽകിയിട്ടില്ല.

(സി&ഡി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## പദ്ധതി നിർവ്വഹണ ചുമതല പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ട്രഷറി ഡയറക്ടറുടെ ഉത്തരവ്

5 (3446) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ പദ്ധതി നിർവ്വഹണചുമതല പുതുക്കി നിശ്ചയിച്ചു കൊണ്ട് ട്രഷറി ഡയറക്ടർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യം വിവരിക്കാമോ;

(ബി) നിലവിൽ പദ്ധതി നിർവ്വഹണചുമതല ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത്; വിശദാക്കാമോ;

(സി) ഇത് പുതുക്കി നിശ്ചയിക്കുന്നതുവഴി ഭൂരിഭാഗം നടപടികളും പൂർത്തീകരിച്ച് ബിൽ മാറുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ഉണ്ടാകുന്ന തടസ്സം എങ്ങനെ ഒഴിവാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ പദ്ധതി നിർവ്വഹണ ചുമതല പുതുക്കി നിശ്ചയിച്ചുകൊണ്ട് ട്രഷറി ഡയറക്ടർ ഉത്തരവിറക്കിയിട്ടില്ല.

(ബി) നിലവിൽ പദ്ധതി നിർവ്വഹണ ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ട 323 നിർവ്വഹണ ഉദ്യോഗസ്ഥരെ അധികമായി ഡി.ഡി.ഒ.മാരായി നിയോഗിക്കാനുള്ള നിർദ്ദേശം 7-2-2018, 26-12-2018 എന്നീ തീയതികളിലെ 654219/SL2/2017/ധന. നമ്പർ സർക്കാർ കത്തുകൾ പ്രകാരം ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഡി.ഡി.ഒ. കോഡ് അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബിൽ മാറുന്നതിന് തടസ്സം ഉണ്ടാകാനിടയില്ല.

## പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കായി ധനപരമായ പശ്ചാത്തല സൗകര്യം

6 (3447) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പഞ്ചവത്സര പദ്ധതിക്കാലത്ത് ധനപരമായ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന കാര്യങ്ങൾക്കാണ് പതിമൂന്നാം പദ്ധതിയിൽ മുൻഗണന നൽകാനുദ്ദേശിക്കുന്നത്:

1. സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിലൂടെ പുതിയ കേരളം കെട്ടിപ്പടുക്കുക. ഈ മിഷനുകൾ സുസ്ഥിര വികസനവും ജനകീയ പങ്കാളിത്തവും താഴെപ്പറയുന്ന മേഖലകളിൽ നടപ്പിലാക്കും.

    I. ഉയർന്ന നിലവാരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം.

    II. ജനസൗഹൃദ ആരോഗ്യ സൗകര്യങ്ങൾ

    III. പരിസ്ഥിതി സൗഹൃദ കൃഷി (ജൈവകൃഷി ഉൾപ്പെടെ)

    IV. മാലിന്യ നിർമ്മാർജ്ജനം, വൃത്തിയുള്ള പരിസരം, ചവർ മുക്ത കേരളം

    V. വൃത്തിയായ ജലാശയങ്ങൾ, വിപുലമായ ജലവിഭവങ്ങൾ

    VI. സുരക്ഷിതമായ ഭവനവും ഉപജീവന മാർഗ്ഗവും

1. കൃഷിയിലും വ്യവസായത്തിലും ഭൗതികോത്പാദന വർദ്ധനവ്.

2. തൊഴിൽ, ഉപജീവന സുരക്ഷ, നൈപുണ്യ വികസനം, സംരംഭകത്വം എന്നിവ സൃഷ്ടിക്കൽ

3. കേരളത്തിന്റെ ഭൗതിക സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ

4. പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സമൂഹത്തിലും ഉത്പാദന പ്രക്രിയയിലും വ്യാപിപ്പിക്കുക, സുസ്ഥിര വികസനം അഭിവൃദ്ധിപ്പെടുത്തുക, ഭരണരംഗത്തെയും കാര്യനിർവ്വഹണ രംഗത്തെയും ആധുനികവത്കരിക്കുക.

6. ജനകീയാസൂത്രണ പ്രക്രിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ വിപുലമാക്കൽ.

7. സാമൂഹ്യസുരക്ഷിതത്വം വ്യാപിപ്പിക്കുക, സാമൂഹ്യമായ പുറന്തള്ളലിനെതിരെയുള്ള സമരം വ്യാപിപ്പിക്കുക.

8. സംസ്കാരം, പാരമ്പര്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക, വിനോദസഞ്ചാരം വികസിപ്പിക്കുക, മറുനാടൻ മലയാളികളുമായി സാംസ്കാരിക സാമ്പത്തിക ബന്ധം സ്ഥാപിക്കുക.

(ബി) സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും റവന്യൂ കമ്മി കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതുവഴി ജി.എസ്.ടി.-യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.

തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവുചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും.

## സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വാഹനങ്ങൾ വാങ്ങുന്നതിന് ഉത്തരവ്

7 (3448) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ, വാണിജ്യ നികുതിവകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങേണ്ടതുണ്ടോ;

(സി) 4-5-2017-ലെ സ.ഉ. (സാധാ) നമ്പർ 3818/2017/ധന. പ്രകാരം അറുപത്തേഴ് മഹേന്ദ്ര ബൊലേറോ എ.സി. വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ ഇത്തരത്തിൽ വാഹനങ്ങൾ വാങ്ങുന്ന നടപടി പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പുതിയ വാഹനങ്ങൾ വാങ്ങാനുള്ള നിർദ്ദേശം പരിഗണനയിലില്ല.

(സി&ഡി) ഒന്നര ലക്ഷം കിലോമിറ്ററിൽ കൂടുതൽ ഓടിയിട്ടുള്ളതിനാലും ഇന്റലിജൻസ് വിംഗിന്റെ ഉപയോഗത്തിന് അനുയോജ്യമല്ലാത്തതായതിനാലും വാഹന പരിപാലനത്തിന് അധികചെലവുണ്ടാകുമെന്നതിനാലും ഇന്റലിജൻസ് സ്ക്വാഡിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയാണ് 67 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയത്.

**സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി**

8 (3449) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയുടെ വിശദവിവരം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനം ഏതെല്ലാം വിദേശ ഏജൻസികളിൽ നിന്നും എത്രരൂപ വീതം, ഏതെല്ലാം ആവശ്യങ്ങൾക്ക് കടമെടുത്തിട്ടുണ്ട് എന്നതിന്റെ വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28,409.12 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മോട്ടോർ വാഹന നികുതി ഇതേ കാലയളവിൽ 21.18%-ഉം സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48%-ഉം വളർച്ച രേഖപ്പെടുത്തിയപ്പോൾ ജി.എസ്.ടി./വാറ്റ് അടക്കം വിൽപ്പന നികുതിയിലെ വർദ്ധനവ് 3.65% ആയി കുറയുകയുണ്ടായി. ടി കാരണംകൊണ്ട് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലെ വിൽപ്പന നികുതി (ജി.എസ്.ടി./വാറ്റ്) ഒഴികെയുള്ള നികുതികൾ 11.42% വളർച്ച നേടിയപ്പോൾ വിൽപ്പന നികുതിക്ക് (വാറ്റ്/ജി.എസ്.ടി. അടക്കം) 5.26% വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചുള്ളൂ. ഈ കാലയളവിൽ തനത് നികുതിയേതര

വരുമാനമായി 5817.60 കോടി രൂപ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ വളർച്ച 16.86% ആണ്. അതേസമയം കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റിൽ 927.40 കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി ചെലവിൽ 20.35%-ന്റെയും പദ്ധതിയേതര ചെലവിൽ 22.16%-ന്റെയും മൂലധന ചെലവിൽ 8.34%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്കാണ് വിദേശ ഏജൻസികളിൽനിന്നുള്ള ധനസഹായം കേന്ദ്ര സർക്കാർ മുഖേന ലഭിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വിദേശ സഹായ പദ്ധതികൾക്കുള്ള അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയുടെ (2018 നവംബർ വരെയുള്ള വകുപ്പുതല കണക്ക്) വിവരം ചുവടെ ചേർക്കുന്നു:

| ഏജൻസി | ഇനം | തുക (കോടിയിൽ) |
|---|---|---|
| IDA | KRWSSP | 267.31 |
| IBRD | KSTP-II | 213.65 |
| IDA | DRIP | 77.44 |
| ADB | KSUDP | 10.27 |
| ADB | ASAP | 101.22 |
| IDA | KLGSDP | 369.31 |

## കേരളത്തിന്റെ വളർച്ചാ നിരക്ക്

9 (3450) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാൾ കുറഞ്ഞതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളർച്ചാ നിരക്ക് കുറയുവാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് സുസ്ഥിര വികസനം കൈവരിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം ദേശീയ ശരാശരിക്ക് മുകളിലാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക്.

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സുസ്ഥിര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഇത് ജനകീയ പങ്കാളിത്തത്തോടുകൂടി വിവിധ വകുപ്പുകളിലൂടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന് ദേശീയ തലത്തിൽ ഒരു ചട്ടക്കൂട് രൂപകല്പനചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു.) വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee-യും സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടർ (കില), സെൻസസ് ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്ലാനിംഗ് സെക്രട്ടറി അദ്ധ്യക്ഷയായി Sustainable Development Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സി.പി.എം.യു. വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയും Sustainable Development Goals കൈവരിക്കുന്നതിനുവേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit-ഉം Kerala Institute of Local Administration-ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16/02/2018-ൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതിക്ക് രൂപം നൽകിവരുന്നു. സംസ്ഥാനത്തിന്റെ വികസന സൂചികയിൽ വൻ മുന്നേറ്റം നടത്താൻ സഹായകമാകുന്ന നവകേരളം മിഷൻ പദ്ധതിയെ Sustainable Development Goals-ന്റെ സൂചകങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുന്നതിനും ഉദ്ദേശമുണ്ട്.

## സർക്കാരിന്റെ പൊതുകടവും വിരമിക്കൽ പ്രായവും

10 (3451) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് നിലവിൽ എത്ര കോടി രൂപയുടെ കടമുണ്ട്;

(ബി) ഇതുപ്രകാരം കേരളത്തിലെ ഓരോ പൗരനും ഏറ്റെടുക്കേണ്ട കടഭാരം എത്ര രൂപയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കണ്ടെത്തി വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും മറ്റും ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വരുന്ന ഏപ്രിൽ മാസം മുതൽ ഇവരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 31-1-2018 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത 2,09,286.06 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ 31-1-2018 വരെയുള്ള താൽക്കാലിക കണക്കുകളെ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ആളോഹരി കടബാദ്ധ്യത 60950.59 രൂപയാണ്.

(സി&ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനായി 20-4-2017-ലെ സ.ഉ.(കൈ) നമ്പർ 21/2017/പി&ഇ.എ. പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് നിലവിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

## എക്സ്പെന്റിച്ചർ കമ്മിറ്റി ശിപാർശകൾ

11 (3452) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുചെലവുകൾ നിയന്ത്രിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും എക്സ്പെൻഡിച്ചർ കമ്മിറ്റി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പൊതുചെലവുകൾ നിയന്ത്രിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും നാലാമത് 'സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി ' അതിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടിൽ നൽകുന്ന പ്രധാന ശിപാർശകൾ ചുവടെ പറയുന്നവയാണ് :

പല സാധനങ്ങൾക്കും GST സംമ്പ്രദായത്തിൽ നിശ്ചയിച്ചിട്ടുള്ള വില VAT സമ്പ്രദായത്തിനേക്കാൾ കുറഞ്ഞ നിരക്കിലായതിനാൽ വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കൂടാതെ ജി.എസ്.ടി. സമ്പ്രദായത്തിൽ CGST-യും SGST-യും തുല്യ അനുപാതത്തിൽ വീതിക്കപ്പെടുന്നതിനാൽ vertical fiscal imbalance വർദ്ധിക്കുന്നു. ഈ പ്രതിസന്ധികൾ ജി.എസ്.ടി. കൗൺസിൽ മുമ്പാകെയും 15-ാം ധനകാര്യ കമ്മീഷന്റെ മുമ്പാകെയും അവതരിപ്പിച്ച് പരിഹാരം തേടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

പദ്ധതി ചെലവിന്റെ നടത്തിപ്പിന് കൂടുതൽ പണം കണ്ടെത്തുന്നത് ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

ധനകാര്യ കമ്മീഷന്റെ അധികാര പരിധിക്ക് പുറമേയുള്ള ധനസഹായങ്ങൾ സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതിനുള്ള ഒരു സംവിധാനത്തിന്റെ ആവശ്യകത കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതി, നികുതിയേതര വരുമാനം പൂർണ്ണതോതിൽ പിരിച്ചെടുക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ട തുണ്ടെന്ന് കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാനത്തിന്റെ പ്രത്യേകതകൾ ക്കനുസൃതമായി ക്യാഷ് മാനേജ്മെന്റ് നിർവ്വഹിക്കേണ്ടതുണ്ട്.

പലിശ നിരക്ക് കുറവാണെങ്കിൽ ആർ.ബി.ഐ.യിൽനിന്നുള്ള സ്പെഷ്യൽ, നോർമൽ വെയ്സ് & മീൻസ് അഡ്വാൻസുകളും ഓവർ ഡ്രാഫ്റ്റും എടുക്കുന്നത് പൊതു വിപണിയിൽനിന്ന് കടമെടുക്കുന്നതിനുമുമ്പ് പരിഗണിക്കേണ്ടതാണ്.

ധനകമ്മി ലക്ഷ്യങ്ങളെ അപേക്ഷിച്ച് റവന്യൂ കമ്മി ലക്ഷ്യങ്ങളിൽ നിന്നുള്ള വർദ്ധനവ് സംസ്ഥാനത്തെ മൂലധന ചെലവിനെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രവണത പരിഹരിക്കേണ്ടതുണ്ട്.

സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ദൃഢീകരണത്തിനായി ഫലപ്രദമായ എക്സ്പെൻഡീച്ചർ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം യാഥാർത്ഥ്യമാക്കുക, വരവും ചെലവും ഒപ്പത്തിനൊപ്പമാക്കുക എന്ന് കമ്മിറ്റി ശിപാർശചെയ്യുന്നു.

സംസ്ഥാനത്തിനെ സുസ്ഥിര വികസന പാതയിലെത്തിക്കുന്നതിനായി ജി.എസ്.ടി.-യിൽ ഉൾപ്പെടുത്താത്ത നികുതി വിഭാഗങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക, റവന്യൂ ചെലവുകൾ ക്രമാനുഗതമായി യുക്തിസഹമാക്കുക, മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് സൂക്ഷ്മത ഉറപ്പുവരുത്തുക എന്നും കമ്മിറ്റി ശിപാർശചെയ്തിട്ടുണ്ട്. നാലാമത് സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റിയുടെ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിച്ചിട്ടുണ്ട്.

## പ്രോജക്ടുകളുടെ നിർവ്വഹണത്തിന് വനസംരക്ഷണ സമിതിയെ അനുവദിക്കുന്നതിന് നടപടി

12 (3453) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള അമ്മവീട്, ഷീ ടോയ്‌ലറ്റ് എന്നീ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വനസംരക്ഷണ സമിതിയെ അനുവദിക്കുന്നതിനും, അക്രഡിറ്റേഷൻ ലിസ്റ്റിൽ വി.എസ്.എസ്.-നെ ഉൾപ്പെടുത്തുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനായി ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള അമ്മവീട്, ഷീ ടോയ്‌ലറ്റ് എന്നീ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വനസംരക്ഷണ സമിതിയെ അനുവദിക്കുന്നതിനും അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ വിഷയം പരിശോധിച്ച് ശിപാർശ ലഭ്യമാക്കുന്നതിലേയ്ക്കായി ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) ഭരണ വകുപ്പിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരമുള്ള അപേക്ഷകൾ

13 (3454) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ആനുകൂല്യങ്ങൾ നല്കി എന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എത്ര തുക ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി 2966 അപേക്ഷകൾ നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 65,859 പേർക്ക് ആനുകൂല്യങ്ങൾ നൽകി.

(സി) ഇതിനായി 510.68 കോടി രൂപ ലഭ്യമാക്കി.

## കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക

14 (3455) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രികളിൽ നിലവിൽ രോഗികൾക്ക് പ്രസ്തുത സ്കീം പ്രകാരം ചികിത്സ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക ലഭിക്കാനുള്ളതിനാൽ ചില ആശുപത്രികൾ കാരുണ്യ ബെനവലന്റ് സ്കീം പ്രകാരമുള്ള ചികിൽസ രോഗികൾക്ക് നിഷേധിക്കുന്നു എന്നത് ശരിയാണോ;

(ഡി) എങ്കിൽ ഏതെല്ലാം ആശുപത്രികൾക്ക് എത്ര തുക കുടിശ്ശിക യിനത്തിൽ നൽകാനുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും കെ.ബി.എഫ്. പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാണ്. ഇവ കൂടാതെ പദ്ധതിയുടെ പാക്കേജും നിരക്കും അംഗീകരിച്ച് അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സാ സഹായം ലഭ്യമാണ്. സ്വകാര്യ ആശുപത്രികളുടെയും ഡയാലിസിസ് സെന്ററുകളുടെയും ലിസ്റ്റ് ജില്ല തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) അതെ.

(സി) ശരിയല്ല. സ്വകാര്യ ആശുപത്രികളിൽനിന്നും ലഭിച്ച ക്ലെയിമുകൾ തുക വിതരണത്തിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് തുക വിതരണം നടത്തിവരുന്നു.

(ഡി) സ്വകാര്യ ആശുപത്രികളിൽനിന്നും ലഭിച്ച ക്ലെയിമുകൾ തുക വിതരണത്തിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇപ്രകാരം വിതരണം ചെയ്യേണ്ട തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## അജിമോൻ പീറ്ററിന് ഫെസ്റ്റിവൽ അലവൻസ് തുക ലഭ്യമാക്കുന്നതിന് നടപടി

15 (3456) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 4 വരെ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന അജിമോൻ പീറ്ററിന് 2015-2016 സാമ്പത്തിക വർഷത്തിൽ ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ടാക്സസ് ഡിപ്പാർട്ടുമെന്റിലുള്ള 1244653/17 നമ്പർ ഫയലിൽ ഒരു വർഷമായിട്ടും ഇയാൾക്ക് അർഹതപ്പെട്ട ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് തീരുമാനമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജോലിയിൽനിന്നും പിരിച്ചുവിടപ്പെട്ട അജിമോൻ പീറ്ററിന് 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട ഫെസ്റ്റിവൽ അലവൻസ് തുക നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) 16-8-2017-ലെ സ.ഉ.(സാധാ) നമ്പർ 672/17/നി.വ. പ്രകാരം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

### ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി സ്കീം

16 (3457) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമ്പദ് വ്യവസ്ഥയെ പരിപോഷിപ്പിക്കാൻ ഈ സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി സ്കീമിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ സാമ്പത്തിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത 12000 കോടി രൂപയുടെ പാക്കേജിൽ എത്ര ലക്ഷ്യം നേടാൻ കഴിഞ്ഞെന്നും മേഖല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) മുരടിച്ചുകൊണ്ടിരിക്കുന്ന കേരള സമ്പദ്ഘടനയെ ഉത്തേജിപ്പിച്ച് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്നതിനാണ് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതി എന്ന സ്കീം പ്രഖ്യാപിച്ചിട്ടുള്ളത്. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി പ്രഖ്യാപിച്ച ഈ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ജലസേചനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സമർപ്പിക്കപ്പെട്ട പദ്ധതികളിൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായ 19938 കോടി രൂപയുടെ പദ്ധതികൾ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട പദ്ധതികളിൽ 356,56,22,946 രൂപ പദ്ധതി നിർവ്വഹണത്തിനായി നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്. ഇവയെല്ലാംതന്നെ അവയുടെ നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ വൻ പുരോഗതി കൈവരിക്കാൻ സഹായിക്കും.

(സി) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച 12000 കോടി രൂപയുടെ പദ്ധതികളിൽ 6491.07 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ ഇതുവരെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ 3898.59 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് ഇതിനകംതന്നെ അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതികളുൾപ്പെടെയുള്ള കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി ഏകദേശം 356,56,22,946 രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക**

17 (3459) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് സർക്കാർ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കുടിശ്ശികകൾ കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 267.67 |
| പൊതുമരാമത്ത് (കെട്ടിടം) വകുപ്പ് | 218.36 |
| ജലവിഭവ വകുപ്പ് | 49.95 |
| ആകെ | 535.98 |

(ബി) ജൂലായ് 2017 വരെ കുടിശ്ശികയായിട്ടുള്ള ബില്ലുകൾ തീർപ്പാക്കിയിട്ടുണ്ട്. സെപ്റ്റംബർ 2017 വരെ കുടിശ്ശികയായുള്ള ബില്ലുകൾ 21-5-2018-ഓടുകൂടി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കാലയളവിലെ ബില്ലുകൾക്ക് ബി.ഡി.എസ്. സൗകര്യം ലഭ്യമാണ്.

**മിനിമം ഇറക്കുമതി വില**

18 (3460) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളക് ഉല്പാദനത്തിൽ ഗണ്യമായ സ്ഥാനം വഹിക്കുന്ന കേരള സംസ്ഥാനത്തെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച മിനിമം ഇറക്കുമതി വില എപ്രകാരം ബാധിച്ചു എന്ന് ധനവകുപ്പ് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രശ്നം സംസ്ഥാനത്തെ കുരുമുളക് തുടങ്ങി ഇതര ഉല്പന്നങ്ങളായ ഇഞ്ചി, മഞ്ഞൾ ഉൾപ്പെട്ട സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതിയെ എത്തരത്തിൽ ബാധിച്ചു എന്നും ഇതുമൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന സാമ്പത്തിക പ്രശ്നങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) എങ്കിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന ഇത്തരം പ്രവർത്തനങ്ങളിൽ മാറ്റം വരുത്താനും സംസ്ഥാനത്തെ കർഷകരെ സഹായിക്കാനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 ഡിസംബർ ആദ്യവാരത്തിലാണ് കേന്ദ്ര സർക്കാർ കുരുമുളകിന് കുറഞ്ഞ ഇറക്കുമതി വിലയായ 500 രൂപ കിലോയ്ക്ക് പ്രഖ്യാപിച്ചത്. ഈ സമയത്ത് കുരുമുളകിന്റെ വിപണി വില കിലോയ്ക്ക് 401/- രൂപ ആയിരുന്നു. കുറഞ്ഞ ഇറക്കുമതി പ്രഖ്യാപിച്ച ആദ്യത്തെ ആഴ്ചകളിൽ കർഷകർക്ക് കൂടുതൽ വില ലഭിച്ചു. 2017 ഡിസംബർ അവസാനവാരം കുരുമുളകിന്റെ വില കിലോയ്ക്ക് 472 രൂപയായിരുന്നു. തുടർന്നുള്ള മാസങ്ങളിൽ വില കുറയുകയും മാർച്ച് ആദ്യവാരം കുരുമുളകിന്റെ വില കിലോയ്ക്ക് 401 രൂപയാകുകയും ചെയ്തിട്ടുണ്ട്.

(ബി) 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ വന്ന വ്യത്യാസങ്ങൾ സ്പൈസസ് ബോർഡ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ കയറ്റുമതിയെ എത്തരത്തിൽ ബാധിച്ചു എന്ന് പഠനം നടത്തിയിട്ടില്ല.

(സി) കാർഷിക വാണിജ്യ മേഖലയിലെ കേരളത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ബഹു.കൃഷി വകുപ്പുമന്ത്രി 22-2-2018-ന് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകുകയും കേരളത്തിന് അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

കുരുമുളക്, ഗ്രാമ്പു, ജാതി, ഇഞ്ചി, മഞ്ഞൾ എന്നീ സുഗന്ധവിളകളുടെ കൃഷി വ്യാപനത്തിനായി സുഗന്ധവിള വികസന പദ്ധതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻവഴി നടപ്പിലാക്കിവരുന്നു. കുരുമുളക്, ജാതി, ഗ്രാമ്പു എന്നിവയ്ക്ക് ഹെക്ടറിന് 2,000 രൂപ സഹായം നൽകിവരുന്നു. കൂടാതെ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 7,500 രൂപ വീതവും നഴ്സറി സ്ഥാപിക്കുന്നതിന് 30,000 രൂപയും ധനസഹായം നൽകിവരുന്നു. കൂടാതെ വയനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ കുരുമുളക് കൃഷിയുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി സംയോജിത കുരുമുളക് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

**വിദ്യാഭ്യാസ വായ്പ കുടിശ്ശിക പദ്ധതിയിലെ അപേക്ഷകൾ**

19 (3461) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ കുടിശ്ശിക തിരിച്ചടക്കാൻ സർക്കാർ സഹായം നൽകുന്ന പദ്ധതിയിൽ ഇതുവരെയായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച് സർക്കാർ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-1-2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ അപേക്ഷ തയ്യാറാക്കിയെങ്കിലും അപേക്ഷകരുടെ സാങ്കേതിക പരിജ്ഞാന കുറവ് മൂലം സമർപ്പിക്കാൻ കഴിയാതെപോയ 2817 അപേക്ഷകൾകൂടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ**

20 (T 3462) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വയ്പയ്ക്കായി അനുവദിച്ചതിൽ ശേഷിക്കുന്ന തുക 2018 മാർച്ച് 31-ന് മുമ്പ് ജീവനക്കാർക്ക് നൽകുവാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ ഈ വായ്പ നിർത്തലാക്കി ബാങ്കുകൾ നിശ്ചയിക്കുന്ന അധിക പലിശ നൽകി ബാങ്കുകളെ ഏൽപ്പിക്കുന്നതിനായുള്ള നീക്കം ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന ഫയലിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) നിലവിൽ ജീവനക്കാരൻ സർക്കാർ ഭവനവായ്പയ്ക്ക് നൽകുന്ന 8% പലിശ സർക്കാരിന് ലാഭകരമാണെന്നിരിക്കെ പൊതുമേഖലാ ബാങ്കുകൾക്ക് സർക്കാർ അധിക പലിശ നൽകി ഭവന നിർമ്മാണ പദ്ധതി ബാങ്കുകളെ ഏൽപ്പിക്കുന്നത് അഴിമതിയ്ക്കിടയാക്കുമെന്നത് പരിശോധിക്കുമോ?

ഉത്തരം

(എ) 2017-18 സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്കായി അനുവദിച്ചതിൽ ശേഷിക്കുന്ന തുക എത്രയുംവേഗം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) നിലവിൽ ഇതുവരെ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയ്ക്കായി അപേക്ഷിച്ച് അർഹരാണെന്നുകണ്ട് മുൻഗണനാ ലിസ്റ്റിലുള്ള മുഴുവൻ ജീവനക്കാർക്കും സർക്കാർതന്നെ ഭവന നിർമ്മാണവായ്പ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ വശങ്ങളും വിശദമായി പരിശോധിച്ചതിനുശേഷം HBA-യുടെ പുതിയ അപേക്ഷകൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

**സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ഭവനവായ്പാ പദ്ധതി**

21 (3463) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ഭവനവായ്പാ പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത തുക എത്രയെന്നറിയിക്കാമോ; ഇത് കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്ത തുകയെക്കാൾ കുറവാണോ; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള ഭവനവായ്പാ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് തയ്യാറാക്കപ്പെട്ട സംസ്ഥാനതല ലിസ്റ്റിൽപെട്ട എത്ര പേർക്ക് ഇതിനോടകം വായ്പ നൽകിയിട്ടുണ്ട്;

(സി) ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി എത്ര പേർക്കുകൂടി ഈ വായ്പ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ 50 കോടി രൂപ വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് അലോട്ട് ചെയ്തുകഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3 ഘട്ടങ്ങളിലായി വിതരണം ചെയ്ത തുകയേക്കാൾ കുറവാണിത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ട 344 അപേക്ഷകളിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുവാനായി തുക വിവിധ വകുപ്പുകളിലേയ്ക്ക് ഇതുവരെ അലോട്ട് ചെയ്തുകഴിഞ്ഞു.

(സി) സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും HBA നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചരക്ക് സേവന നികുതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ നടപടി**

22 (3464) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവനനികുതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ചരക്ക് സേവനനികുതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ ഇപ്പോഴും പല വ്യാപാരികളും എടുത്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികളെ ഇതിനായി പ്രേരിപ്പിക്കുന്നതിന് വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് അറിയിക്കാമോ;

(ഡി) ജി. എസ്. ടി. രേഖകളുടെ ശേഖരണം, സൂക്ഷ്മപരിശോധന, അസസ്സ്മെന്റ് എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഇ) ചരക്ക് സേവന നികുതിയിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) അതിർത്തികളിലെ പരിശോധനയ്ക്കും വാഹനങ്ങളിലും ചരക്കുകൾ സൂക്ഷിക്കുന്ന കടകളിലും പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതിയുടെ ഭാഗമായി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണ്.

(ബി) വാറ്റ് നിയമത്തിൽ 10 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ളവർ രജിസ്ട്രേഷൻ എടുക്കേണ്ടിയിരുന്നു. എന്നാൽ ജി.എസ്.ടി. നിയമമനുസരിച്ച് 20 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ളവർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്താൽ മതിയാകും. ഇതനുസരിച്ച് വാറ്റിൽ രജിസ്ട്രേഷനുണ്ടായിരുന്ന എല്ലാ വ്യാപാരികളും നിയമപരമായി ജി.എസ്.ടി.യിൽ രജിസ്ട്രേഷന് ബാധ്യതയില്ല. അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന വ്യാപാരികൾ വിറ്റുവരവിന്റെ പരിധിയില്ലാതെ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയുള്ള വ്യാപാരികളെ ഫീൽഡ് സർവ്വേവഴിയും ഇന്റലിജൻസ് വിഭാഗത്തിന്റെ ചരക്കുപരിശോധന വഴിയും കണ്ടെത്തുന്ന മുറയ്ക്ക് സ്വമേധയാ രജിസ്ട്രേഷൻ കൊടുക്കാവുന്നതാണ്.

(സി) റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികളുടെ വിവരം ജി.എസ്.ടി.എൻ. ബാക്ക് എൻഡിൽ ലഭ്യമാണ്. ഇത്തരക്കാരെ ബന്ധപ്പെട്ട് റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പ് നടത്തിവരുന്നു.

(ഡി) ജി.എസ്.ടി. നെറ്റ്‌വർക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. ജി.എസ്.ടി. രേഖകളുടെ ശേഖരണം ജി.എസ്.ടി. നെറ്റ്‌വർക്ക് പൂർത്തിയായതിനു ശേഷമേ സാധ്യമാകൂ. നിലവിൽ കമ്പ്യൂട്ടർ അധിഷ്ഠിത സൂക്ഷ്മ പരിശോധനകളാണ് ജി.എസ്.ടി. വിവക്ഷിക്കുന്നത്. ഇതിന്റെ പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നുവരുന്നു. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ വിവരങ്ങളുടെ സൂക്ഷ്മപരിശോധനയും അസസ്മെന്റും നടത്തുവാൻ സാധിക്കുകയുള്ളൂ.

(ഇ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനം ആണ്. ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചു. ചരക്കുസേവന നികുതി നിയമ പ്രകാരം അന്തർ സംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മപരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ (ജി.എസ്.ടി.എൻ.) പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ

സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക്പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി. നടപ്പിലാക്കുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക്പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

(എഫ്) സ്വീകരിച്ചിട്ടുണ്ട്.

## പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് വിഭവ സമാഹരണം

23 (3465) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് രണ്ടു ലക്ഷം കോടിരൂപയുടെ വിഭവ സമ്പത്ത് സമാഹരിക്കേണ്ടത്, കേന്ദ്ര സർക്കാരിന്റെ നയങ്ങൾ മൂലം അഭിമുഖീകരിക്കുന്ന മാന്ദ്യം കാരണം പ്രതികൂലമായി ബാധിക്കാനിടയുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനം പ്രതീക്ഷിത തോതിൽ വളർച്ച നേടാനിടയായിട്ടുണ്ട്; സംസ്ഥാന പദ്ധതികൾക്കായുള്ള ഗ്രാന്റ് കേന്ദ്ര സർക്കാർ നിർത്തിയതും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം കുറച്ചതും പദ്ധതി പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ;

(സി) ദീർഘകാലമായി പ്രവൃത്തി പൂർത്തിയാകാത്ത പദ്ധതികൾ അവലോകനം നടത്തി പുനഃസംഘടിപ്പിക്കുന്നതിനും വിഭവത്തിന്റെ ആസൂത്രിത വിനിയോഗത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) നോട്ടുനിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും വേണ്ടത്ര അവധാനതയില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം റവന്യൂ വരവിലുണ്ടായ കുറവും മതിയായ വിഭവ സമാഹരണത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും

കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും പദ്ധതി നടത്തിപ്പിനാവശ്യമായ വിഭവസമ്പത്ത് സമാഹരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ, സംസ്ഥാന പദ്ധതികൾക്കായി നൽകിവന്നിരുന്ന ഒറ്റത്തവണ കേന്ദ്ര സഹായം (One Time Additional Central Assistance) സാധാരണ കേന്ദ്ര സഹായം (NCA) എന്നിവ നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഘടന പുനഃക്രമീകരിക്കുകയും കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തുകയും ചെയ്തിരുന്നു. പുതിയ സംവിധാനം അനുസരിച്ച് ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഇതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാന സർക്കാരിന് കൂടുതൽ ബാധ്യത ഏറ്റെടുക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഇത് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിനായി സംസ്ഥാന സർക്കാർ വാർഷിക പദ്ധതിയിൽ ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്.

(സി) ഓരോ വർഷവും വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായിട്ടുള്ള ചർച്ചകളിലും ബന്ധപ്പെട്ട വകുപ്പുമായി നടത്തുന്ന അവലോകന യോഗങ്ങളിലും പ്രവൃത്തി പൂർത്തിയാക്കാത്ത പദ്ധതികൾ പ്രത്യേകം അവലോകനം നടത്തുകയും വിഭവത്തിന്റെ ആസൂത്രിത വിനിയോഗത്തിന് വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി.) സഹായത്തോടെ ആരംഭിച്ച കേരള നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി.), കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ജെ.എൻ.എൻ.യു.ആർ.എം.) എന്നീ പദ്ധതികളാണ് ദീർഘകാലമായി പ്രവൃത്തി പൂർത്തിയാക്കാത്തവയായി നഗര വികസന മേഖലയിൽ ഉണ്ടായിരുന്നത്.

കെ.എസ്.യു.ഡി.പി.-ക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പാ കാലാവധി 30-6-2016-ൽ അവസാനിച്ചിരുന്നു. എ.ഡി.ബി.യുമായുള്ള ഉടമ്പടി പ്രകാരം അംഗീകൃത പാക്കേജുകൾ നിർദ്ദേശിച്ച പ്രകാരം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി 2017-18 വർഷം സംസ്ഥാന ബഡ്ജറ്റിൽനിന്നും ഈ പദ്ധതിക്കായി 8,700 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ജെ.എൻ.എൻ.യു.ആർ.എം.) 31-3-2017-ൽ അവസാനിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി 2017-18 വർഷം സംസ്ഥാന ബഡ്ജറ്റിൽനിന്നും 6300 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

കൂടാതെ ദീർഘകാലമായി പ്രവൃത്തി പൂർത്തിയാക്കാത്ത ജലസേചന പദ്ധതികളുടെ അവലോകനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## അഗ്രികൾച്ചറൽ ഇൻകം ടാക്സ്

24 (3466) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇനത്തിൽ 2011-16 കാലയളവിൽ എത്ര തുക സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്; ഇനങ്ങൾ തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ലഭിച്ചു; നിലവിൽ ഈ ടാക്സ്, ജി.എസ്.ടി യുടെ ഘടനയിൽ എപ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഇനത്തിൽ 2011-16 കാലയളവിൽ 95.57 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച വരുമാനം (കോടിയിൽ) |
|---|---|
| 2011-12 | 43.28 |
| 2012-13 | 19.28 |
| 2013-14 | 22.44 |
| 2014-15 | 08.55 |
| 2015-16 | 2.02 |
| ആകെ | 95.57 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-1-2018 വരെ 3.15 കോടി രൂപ ലഭിച്ചു. ജി.എസ്.ടി.യുടെ ഘടനയിൽനിന്ന് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനെ ഒഴിവാക്കിയിട്ടുണ്ട്.

## സാമ്പത്തിക പരാധീനതയുടെ പേരിൽ മുടങ്ങിയ പദ്ധതികൾ

25 (3467) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ ഖജനാവിൽ എത്ര തുക ബാക്കിയുണ്ടായിരുന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങളിലൂടെ വരുമാനവും പ്രസ്തുത വർഷങ്ങളിലെ ചെലവും എത്രയായിരുന്നു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) സാമ്പത്തിക പരാധീനതയുടെ പേരിൽ പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ 24-5-2016-ൽ ട്രഷറി മിച്ചം 1009.30 കോടി രൂപയായിരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 42176.38 കോടി രൂപയും നികുതിയിതര വരുമാനം 9699.98 കോടി രൂപയും കേന്ദ്ര സർക്കാരിൽനിന്ന് ഗ്രാന്റായും നികുതി വിഹിതമായും കൈമാറ്റം ചെയ്തത് 23735.37 കോടി രൂപയും ആയിരുന്നു. മറ്റിനങ്ങളിലെ വരവ് കൂടി പരിഗണിക്കുമ്പോൾ ആകെ വരുമാനം 1,02,374.23 കോടി രൂപയായിരുന്നു. അതേസമയം ടി സാമ്പത്തിക വർഷത്തിലെ പദ്ധതി ചെലവ് 22,813.25 കോടി രൂപയും പദ്ധതിയിതര ചെലവ് 79,569.30 കോടി രൂപയും ആണ്.

2017-18 നവംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം തനത് നികുതി, നികുതി ഇതര, കേന്ദ്ര സർക്കാരിൽനിന്നുള്ള കൈമാറ്റം ഇനങ്ങളിലുള്ള വരുമാനം യഥാക്രമം 28409.12 കോടി രൂപ, 5817.60 കോടി രൂപ, 13501.82 കോടി രൂപയുമാണ്. ടി കാലയളവിലെ ആകെ വരവ് 75275.02 കോടി രൂപയായിരുന്നു. പ്രസ്തുത കാലയളവിലെ പദ്ധതി ചെലവ് 10728.06 കോടി രൂപയും പദ്ധതി ഇതര ചെലവ് 57585.05 കോടി രൂപയും ആണ്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 8%-ന്റെയും 2017-18-ൽ നവംബർ 30 വരെ മുൻവർഷത്തെ ഇതേ കാലയളവിനെ സംബന്ധിച്ച് 5.26%-ന്റെയും വളർച്ച കൈവരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28,409.12 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മോട്ടോർ വാഹന നികുതി ഇതേ കാലയളവിൽ 21.18%-ഉം സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48%-ഉം വളർച്ച രേഖപ്പെടുത്തിയപ്പോൾ ജി.എസ്.ടി./വാറ്റ് അടക്കം വിൽപ്പന നികുതിയിലെ വർദ്ധനവ് 3.65% ആയി കുറയുകയുണ്ടായി. ടി കാരണം കൊണ്ട് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലെ വിൽപ്പന നികുതി (ജി.എസ്.ടി./വാറ്റ്) ഒഴികെയുള്ള നികുതികൾ 11.42% വളർച്ച നേടിയപ്പോൾ വിൽപ്പന നികുതിക്ക് (വാറ്റ്/ജി.എസ്.ടി. അടക്കം) 5.26% വർദ്ധവന് മാത്രമേ കൈവരിക്കുവാൻ സാധിച്ചുള്ളൂ. ഈ കാലയളവിൽ തനത് നികുതിയേതര വരുമാനമായി 5817.60 കോടി രൂപ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ വളർച്ച 16.86% ആണ്. അതേസമയം കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റിൽ 927.40 കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി ചെലവിൽ 20.35%-ന്റെയും പദ്ധതിയേതര ചെലവിൽ 22.16%-ന്റെയും മൂലധന ചെലവിൽ 8.34%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി&ഇ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച ചില പദ്ധതികളെങ്കിലും സാങ്കേതിക പ്രശ്നമടക്കമുള്ള കാരണങ്ങളാൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ സാമ്പത്തിക പരാധീനതയുടെ പേരിൽ പദ്ധതികൾക്കൊന്നും മുടക്കം സംഭവിച്ചിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്ത പശ്ചാത്തലത്തിൽ 2017-18-ലെ സ്ഥിതി വിലയിരുത്താറായിട്ടില്ല.

**സംസ്ഥാനത്തെ ധനസ്ഥിതി**

26 (3468) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും 2016-17-ലെ റവന്യൂ കമ്മിയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2015-16-ലെ സംസ്ഥാനത്തിന്റെ ധനകമ്മിയും 2016-17-ലെ ധനകമ്മിയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) 2015-16-ൽ സംസ്ഥാനത്തിന്റെ പൊതുകടവും 2016-17-ലെ പൊതുകടവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2015-16-ലെ സംസ്ഥാനത്തിന്റെ റവന്യൂ ചെലവും 2016-17-ലെ റവന്യൂ ചെലവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ധനകമ്മിയും റവന്യൂ കമ്മിയും കുറച്ചുകൊണ്ടുവരാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി, ധനകമ്മി, റവന്യൂ ചെലവ്, പൊതുകടം എന്നിവ സംബന്ധിച്ച് 2015-16, 2016-17 വർഷങ്ങളിലെ വിശദാംശം ചുവടെ ചേർക്കുന്നു:

(മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ശതമാനത്തിൽ)

| വർഷം | റവന്യൂ കമ്മി | ധനകമ്മി | റവന്യൂ ചെലവ് | പൊതുകടം |
|---|---|---|---|---|
| 2015-16 | 1.73 | 3.18 | 14.10 | 28.21 |
| 2016-17 | 2.51 | 4.28 | 14.76 | 30.22 |

(ഇ) റവന്യൂ വരുമാനം പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് ധനകമ്മിയും റവന്യൂ കമ്മിയും നിയന്ത്രിച്ചുകൊണ്ടുവരികയെന്നതാണ് സർക്കാരിന്റെ നയം. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു.

## കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ

27 (3469) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതി എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും ആയതിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ആശുപത്രികളുടെയും പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മോട്ടോർ വാഹന നികുതിവരുമാനത്തിന് തുല്യമായ റോഡ് വികസന പദ്ധതികൾ

28 (3470) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന നികുതിയിനത്തിൽ മാത്രം എത്ര രൂപയാണ് നാളിതുവരെ കിഫ്ബിയിൽ പിരിഞ്ഞുകിട്ടിയിട്ടുള്ളത്;

(ബി) ഈ തുക എതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്;

(സി) ഇത്തരത്തിൽ മോട്ടോർ വാഹന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുകയ്ക്ക് തുല്യമായ റോഡ് വികസന പദ്ധതികൾ സംസ്ഥാനത്ത് ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) മോട്ടോർ വാഹന നികുതിനത്തിൽ ലഭിയ്ക്കുന്ന തുക വക മാറ്റി ചെലവഴിക്കുന്നത് കാരണം റോഡ് വികസനത്തിനായി ഭീമമായ തുക കടമെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കിഫ്ബിയിൽ നാളിതുവരെ മോട്ടോർ വാഹന നികുതി ഇനത്തിൽ മാത്രം 902.88 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ബി&സി) കിഫ്ബി നിധിയിലേയ്ക്ക് ലഭ്യമാകുന്ന മോട്ടോർ വാഹന നികുതി ഉൾപ്പെടെയുള്ള തുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്റ്റിലെ വ്യവസ്ഥ പ്രകാരം കിഫ്ബി പദ്ധതികളുടെ പൊതുവായ നടത്തിപ്പിനായിട്ടാണ് വിനിയോഗിക്കുന്നത്. ഇതുവരെ 6326.84 കോടി രൂപയുടെ റോഡ് വികസന പദ്ധതികൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) 'ബി' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ നികുതിയിനത്തിൽ ലഭിക്കുന്ന തുക കിഫ്ബിയിൽ വകമാറ്റി ചെലവഴിക്കുന്നില്ല. കൃത്യമായ ഒരു തിരിച്ചടവ് പദ്ധതിയുടെ ഭാഗമായി ഒരു നിശ്ചിത പരിധിയിൽ നിന്നുകൊണ്ട് ധനസമാഹരണം നടത്തി കിഫ്ബി വഴിയുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആയതിനാൽ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതല്ല.

## കിഫ്ബിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക

29 (3471) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളവും മറ്റ് അലവൻസുകളും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 10% വാർഷികവർദ്ധനവ് വ്യവസ്ഥയിന്മേൽ പ്രതിമാസം 2.75 ലക്ഷം രൂപയാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളമായി നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ വാഹന സൗകര്യവും മൊബൈൽ ഫോൺ ചാർജ്ജ്, താമസ സ്ഥലത്തെ ടെലിഫോൺ ചാർജ്ജ് റീ-ഇംബേഴ്സ്മെന്റ്, ഇന്റർനെറ്റ് സൈകര്യത്തോടെ കമ്പ്യൂട്ടർ/ലാപ്ടോപ് എന്നിവയും അനുവദിച്ചിട്ടുണ്ട്.

## കിഫ്ബിയുടെ ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മീഷൻ

30 (3472) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മീഷൻ (എഫ്.ടി.എ.സി.) രൂപീകരിച്ച് ഉത്തരവായതെപ്പോഴാണ്;

(ബി) എഫ്റ്റാക്കിന്റെ ചെയർപേഴ്സൺ ആരാണെന്നും; അംഗങ്ങൾ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) എഫ്റ്റാക്ക് രൂപീകരിച്ചതിനുശേഷം എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എഫ്റ്റാക്ക് ഇതിനോടകം എത്ര ഫിഡലിറ്റി സർട്ടിഫിക്കറ്റുകൾ പ്രസിദ്ധപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(ഇ) എഫ്റ്റാക്ക് ഇതിനോടകം പ്രസിദ്ധീകരിച്ച ഫിഡലിറ്റി സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 15-4-2017-ലെ നടപടിക്രമം നമ്പർ എഫ്.എ.-2/40/2017/കിഫ്ബി പ്രകാരം കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി ഉപദേശക കമ്മീഷൻ (എഫ്ടാക്) രൂപീകരിച്ചിട്ടുണ്ട്.

(ബി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജി. പദ്മനാഭൻ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുൻ ഡെപ്യൂട്ടി ഗവർണർ ശ്രീമതി ഉഷ തോരാട്ട് എന്നിവർ അംഗങ്ങളായ എഫ്ടാക്കിന്റെ ചെയർമാൻ ഇന്ത്യയുടെ മുൻ കംപ്ട്രോളർ & ആഡിറ്റർ ജനറലായ ശ്രീ.വിനോദ് റായ് ആണ്.

(സി) എഫ്ടാക്ക് രൂപീകരിച്ചതിനുശേഷം 29-7-2017-ൽ യോഗം കൂടിയിട്ടുണ്ട്.

(ഡി&ഇ) എഫ്ടാക്ക് രൂപീകരണത്തിനുശേഷം കേരള നിയമസഭയുടെ 27-2-2018-ൽ കൂടിയ 10-ാം സമ്മേളനത്തിൽ എഫ്ടാക്കിന്റെ ഒരു ഫിഡലിറ്റി സർട്ടിഫിക്കറ്റ് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**കിഫ്ബിയിലുൾപ്പെടുത്തിയ ബൃഹത് പദ്ധതികൾ**

31 (3473) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പാക്കുന്ന ബൃഹത്പദ്ധതികൾ എന്തൊക്കെയെന്നും എത്ര രൂപ ഓരോ പദ്ധതിയ്ക്കും ചെലവഴിക്കേണ്ടിവരുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കിഫ്ബിയിലുൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്നതും ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ബൃഹത് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബിവഴി നടത്തുന്ന പ്രവർത്തനങ്ങൾ**

32 (3474) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കിഫ്ബി വഴി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഒരോ പ്രവൃത്തികൾക്കും ആവശ്യം സ്വീകരിക്കേണ്ടുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽനിന്നും കിഫ്ബി വഴി നടപ്പാക്കാൻ നല്കിയ നിവേദനങ്ങൾ എത്ര; അംഗീകരിച്ചവ എത്ര; നിർമ്മാണം തുടങ്ങിയവ എത്ര; പൂർത്തീകരിച്ചവ എത്ര; ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) കിഫ്ബിവഴി അപേക്ഷ നല്കിയതും പരിഗണിച്ചതും നിർമ്മാണം തുടങ്ങിയതും പൂർത്തീകരിക്കാത്തതുമായ ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും കിഫ്ബി വഴി നല്കിയ മറ്റപേക്ഷകൾ പരിഗണിക്കാനും അംഗീകാരം നല്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റിനു പുറമെനിന്നും സമാഹരിക്കുന്നതിനായി ധനകാര്യ വകുപ്പിനു കീഴിൽ സ്ഥാപിതമായ ഒരു കേന്ദ്രീകൃത ഏജൻസിയാണ് കിഫ്ബി. വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. 24-2-2018-ലെ സ.ഉ.(കൈ) നമ്പർ 69/2018/ധന. ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*) പ്രകാരം കിഫ്ബി പദ്ധതികൾ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങളനുസരിച്ച് സമർപ്പിക്കുന്ന പദ്ധതികൾ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിലെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി, യോഗ്യമായവയെ തുടർന്നുവരുന്ന കിഫ് ബോർഡിനു മുമ്പാകെ സമർപ്പിക്കുകയും അംഗീകാരത്തിന് വിധേയമായി ധനസഹായം നൽകിത്തുടങ്ങുകയും ചെയ്യുന്നു. കൂടാതെ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ ന്യൂനതകൾ കണ്ടെത്തുന്നപക്ഷം അവ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പ്/പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുന്നു.

(ബി&സി) ഈ സർക്കാർ കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽനിന്നും കിഫ്ബി അംഗീകരിച്ച പദ്ധതികളുടെയും നിർമ്മാണം തുടങ്ങിയവയുടെയും അവയ്ക്ക് ചെലവായ തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കൃത്യമായ ഒരു തിരിച്ചടവ് പദ്ധതിയുടെ ഭാഗമായി ഒരു നിശ്ചിത പരിധിക്കുള്ളിൽ നിന്നുകൊണ്ട് കിഫ്ബി വഴിയുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ചുവർഷ കാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകംതന്നെ 54,000 കോടി രൂപയിൽ കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതിൽ 20,000 കോടിയോളം രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരവും നൽകിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ തൽക്കാലം പുതിയ പദ്ധതികൾ കിഫ്ബി മുഖേന ഏറ്റെടുക്കേണ്ടതില്ല എന്നതാണ് തീരുമാനം. ആയതിനാൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി ഇതുവരെ പ്രഖ്യാപിക്കപ്പെട്ടതോ/അംഗീകരിക്കപ്പെട്ടതോ ഒഴികെയുള്ള അപേക്ഷകൾ പരിഗണിക്കാൻ നിർവാഹമില്ല. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ.

## അരൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

33 (3475) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി അരൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം നൽകി എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി അരൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികളുടെയും അതിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആലപ്പുഴ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

34 (3476) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിക്കപ്പെട്ട തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടതും നടപ്പാക്കുന്നതുമായ പദ്ധതികളുടെയും ഓരോ പ്രവൃത്തിക്കും അനുവദിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തൊടുപുഴ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

35 (3477) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള തൊടുപുഴ നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 'എ' ആയും തൊടുപുഴ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 'ബി' ആയും ചേർക്കുന്നു.*

## മയ്യനാട് റെയിൽ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി

36 (3478) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഇരവിപുരം നിയോജകമണ്ഡലത്തിലെ മയ്യനാട് റെയിൽ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മയ്യനാട് ആർ.ഒ.ബി.-യുടെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മയ്യനാട് ആർ.ഒ.ബി.-ക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) 2017-18 ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച മയ്യനാട് റെയിൽ ഓവർ ബ്രിഡ്ജ് പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയെ (RBDCK) ചുമതലപ്പെടുത്തി പൊതുമരാമത്തു വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) നാളിതുവരെ RBDCK കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. DPR സമർപ്പിക്കുന്ന മുറയ്ക്ക് സൂക്ഷ്മ പരിശോധനയ്ക്കുശേഷം ന്യൂനതകളില്ലാത്തപക്ഷം കിഫ്ബി ടി പദ്ധതിക്ക് അംഗീകാരം നൽകുന്നതാണ്.

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

37 (3479) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽനിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി തെരെഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) കിഫ്ബിയിൽ തെരെഞ്ഞെടുത്തിട്ടുള്ള മണ്ഡലത്തിലെ ഓരോ പ്രവൃത്തികളുടേയും നിലവിലെ സ്ഥിതി ഏത് സ്റ്റേജിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി കോതമംഗലം മണ്ഡലത്തിൽനിന്നും തെരെഞ്ഞെടുത്ത മുഴുവൻ പ്രവൃത്തികൾക്കും കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുകയും SPV വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നമുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇരവിപുരം മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

38 (3480) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷത്തിൽ ഇരവിപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കുമോ;

(ബി) അവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകിയവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2016-17, 2017-18 വർഷങ്ങളിൽ ഇരവിപുരം നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.* ഈ പ്രവൃത്തികൾക്ക് എല്ലാം ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കിഫ്ബി പ്രവൃത്തികൾ

39 (3481) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി കാസർഗോഡ് ജില്ലയിൽ എത്ര പ്രവൃത്തികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; 28-2-2018 വരെ ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

കിഫ്ബി വഴി കാസർഗോഡ് ജില്ലയിൽ 51 പ്രവൃത്തികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് 28-2-2018 വരെ സമർപ്പിച്ചിട്ടുള്ള 21 പ്രവൃത്തികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കിഫ്ബി ഫണ്ട് അനുവദിച്ച പ്രവൃത്തികൾ

40 (3482) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബിവഴി ഫണ്ട് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബിവഴി ഫണ്ട് അനുവദിച്ച ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപെട്ട പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി വഴി ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെയും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധം (എ) ആയും നടപ്പിലാക്കാൻ ആരംഭിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (ബി) ആയും ചേർക്കുന്നു.*

## തിരുവനന്തപുരം മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ

41 (3483) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) അവയിൽ ഇതുവരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി;

(സി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകിയവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃത്താല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ

42 (3484) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലേക്ക് 2017-18-ൽ തൃത്താല മണ്ഡലത്തിൽ ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണത്തിന് ഇതുവരെ ഭരണാനുമതി നൽകി; വ്യക്തമാക്കാമോ ;

(ബി) ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് 30 ദിവസത്തിനകം ഭരണാനുമതി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിബന്ധന പാലിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 4-7-2017-ലെ ജി.ഒ.(പി)നമ്പർ 86/2017/ഫിൻ, 1-12-2017-ലെ ജി.ഒ(പി)നമ്പർ 153/2017/ഫിൻ എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) തൃത്താല മണ്ഡലത്തിൽ 2017-18 സാമ്പത്തികവർഷത്തിൽ 9 പദ്ധതികളാണ് ശിപാർശ ചെയ്തിട്ടുള്ളത്. ഇതുവരെ ശിപാർശ ചെയ്തിട്ടുള്ള 9 പദ്ധതികളിൽ 5 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1-12-2017-ലെ സ.ഉ.(അ) നമ്പർ 153/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ആസ്തി വികസന ഫണ്ടിലേയ്ക്ക് ശിപാർശചെയ്യുന്ന പ്രവൃത്തികൾക്ക് 30 ദിവസത്തിനകം ഭരണാനുമതി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിബന്ധന പാലിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരാമർശിത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടാറുണ്ട്.

## ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പദ്ധതികൾ

43 (3485) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ മണ്ഡലം ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പദ്ധതികൾ നിർദ്ദേശിക്കാൻ കഴിയുമോ; എങ്കിൽ പദ്ധതികൾ നിർദ്ദേശിക്കേണ്ടതിന്റെ നടപടിക്രമം അറിയിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016-17-ൽ കൊണ്ടോട്ടി മണ്ഡലം എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഇതുവരെ വന്ന ടെൻഡർ സേവിംഗ്സിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) എം.എൽ.എ.മാരുടെ മണ്ഡല ആസ്തി വികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട 4-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 86/2017/ധന. ഉത്തരവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. ആസ്തി വികസന പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതുക്കിയ SoR അനുസരിച്ച് തയ്യാറാക്കണ മെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ധനാനുമതിയും ഭരണാനുമതിയും നൽകി വിവിധ വകുപ്പുകൾ മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്. 4-12-2013-ലെ സർക്കുലർ നമ്പർ 97/2013/ധന. പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികളുടെ നിർവ്വഹണം അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും ടെണ്ടർ നടപടിക്രമങ്ങളിലെ സ്വാഭാവിക പ്രക്രിയയായതിനാലും നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുകയിൽ ആയത് അനുസരിച്ച് വ്യത്യാസം വരുത്തുന്നത് പ്രായോഗികമല്ലാത്തതിനാലുമാണ് ഇപ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചത്. ആയതുകൊണ്ടുതന്നെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ടെണ്ടർ സേവിംഗ്സ് തുക ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല.

**പുതിയ പ്രവൃത്തികൾക്ക് ടെണ്ടർ സേവിംഗ്സ് തുക**

44 (3486) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ ടെൻഡർ ചെയ്യുമ്പോൾ ടെണ്ടർ സേവിംഗ്സായി വരുന്ന തുക പുതിയ പ്രവൃത്തികൾക്കായി നിർദ്ദേശിക്കാമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 മുതൽ നടപ്പാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 4-7-2017-ലെ സ.ഉ.(അ) നമ്പർ 86/2017/ധന.യുടെ ഖണ്ഡിക 2.8 പ്രകാരം ഏതെങ്കിലും പ്രവൃത്തികളിൽ ഉണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്കായി അനുവദിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ സേവിംഗ്സായി വരുന്ന തുക പുതിയ പ്രവൃത്തികൾക്കായി നിർദ്ദേശിക്കാൻ അനുമതിയില്ല.

## മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

45 (3487) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി പ്രകാരം 2017-18-ൽ മണലൂർ എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. തൃശ്ശൂർ എ.ഡി.സി.-യുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) 2017-18-ലെ ആസ്തി വികസന പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകുകയുണ്ടായി; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ആസ്തി വികസന പദ്ധതി പ്രകാരം 2017-18-ൽ മണലൂർ എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ നാലു പ്രവൃത്തികളുടെ ഡി.പി.ആർ. തൃശ്ശൂർ എ.ഡി.സി.-യുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) 2017-18-ലെ ആസ്തി വികസന പദ്ധതിയിൻകീഴിൽ മണലൂർ എം.എൽ.എ. ശിപാർശചെയ്ത രണ്ട് പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

## മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ

46 (3488) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയവയും പൂർത്തിയായവയും നിർമ്മാണ ഘട്ടത്തിൽ ഇരിക്കുന്നവയും ഭരണാനുമതി നൽകിയിട്ടില്ലാത്തവയും ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) നിർദ്ദേശിക്കപ്പെട്ട എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി നൽകിയിട്ടുണ്ടോയെന്നും ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ പാലമേൽ ഉളവുക്കാട് സാംസ്കാരിക നിലയം, പടനിലം എച്ച്.എസ്.എസ്., ചുനക്കര ഗ്രാമപഞ്ചായത്തുമായി ചേർന്നുള്ള കുടിവെള്ള പദ്ധതി എന്നിവയുടെ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.* 2017-18 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികളിൽ ഭരണാനുമതി നൽകിയവയും പൂർത്തിയായവയും നിർമ്മാണഘട്ടത്തിൽ ഇരിക്കുന്നവയും ഭരണാനുമതി നൽകിയിട്ടില്ലാത്തവയും ആയ പ്രവൃത്തികളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി

47 (3489) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾക്ക് ലാപ് ടോപ്പ്, പ്രോജക്ടർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങേണ്ടതായുണ്ടോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന ഉത്തരവ് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)* അനുവദനീയമായ പ്രവൃത്തികളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ലാപ് ടോപ്പ്, പ്രൊജക്ടർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നത് എന്ന പ്രവൃത്തി ഉൾപ്പെടുന്നില്ല. എം.എൽ.എ.മാരുടെ ശിപാർശകളുടെ പ്രാദേശികമായ ആവശ്യകത പരിശോധിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് സർക്കാർ പ്രത്യേകാനുമതി നൽകാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിൽ വാങ്ങുന്ന സ്കൂൾ ബസുകളുടെ പേമെന്റ് നൽകാൻ നടപടി

48 (3490) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഉള്ള നടപടിക്രമങ്ങൾ കാരണം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ വാങ്ങുന്ന സ്കൂൾ ബസുകളുടെ പേമെന്റ് നൽകുന്നത് വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസ്തി വികസന ഫണ്ടിൽനിന്നും വാങ്ങുന്ന സ്കൂൾ വാഹനങ്ങൾക്ക് ഉള്ള പേമെന്റ് ജില്ലാ കളക്ടർമാർ മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് 16-11-2017-ൽ നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂൾ ബസ് വാങ്ങുന്നതിൽ കാലതാമസവുമായി ബന്ധപ്പെട്ടുള്ള എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) 23-11-2017-ലെ No.1999951/2017/M (Fin & amp;amp; coir) പ്രകാരം ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ നിർദ്ദേശം അനുസരിച്ച്എം.എൽ.എ.-യുടെ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള നടപടിക്രമങ്ങൾ കാരണം സ്കൂൾ ബസുകളുടെ ഫണ്ട് അനുവദിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നെയ്യാറ്റിൻകര എം.എൽ.എ. ശ്രീ. കെ. ആൻസലൻ അവർകളുടെ കത്ത് ലഭ്യമായിട്ടുണ്ട്.

(ബി) ആസ്തി വികസന നിധിയിൻ കീഴിൽ സ്കൂൾ ബസ് വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നത് 4202-01-800-88 എന്ന ശീർഷകത്തിൽനിന്നുമാണ്. വിദ്യാഭ്യാസം, കല, സംസ്കാരം ഇവയ്ക്കുള്ള മൂലധന ചെലവിനുള്ള ഹെഡ് ഓഫ് അക്കൗണ്ടിന്റെ നിയന്ത്രണാധികാരി ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ് ആണ്. ആയതിനിൽ ആസ്തി വികസന നിധിയിൻകീഴിൽ ബസ് വാങ്ങുന്നതിന് മാത്രമായി ജില്ലാ കളക്ടർമാരുടെ പേരിൽ പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങാൻ നിർവ്വാഹമില്ല.

(സി) 21-2-2018-ലെ എൻ.സി.ബി. 2-11-2018-ധന നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് മറുപടി നൽകിയിട്ടുണ്ട്.

(ഡി) സ്കൂൾ ബസ് വാങ്ങുന്നതിൽ കാലതാമസവുമായി ബന്ധപ്പെട്ട് പിരിവ് 'സി'-യിൽ സൂചിപ്പിച്ച നിവേദനം അല്ലാതെ മറ്റ് നിവേദനങ്ങൾ ലഭിച്ചിട്ടില്ല.

(ഇ) ആസ്തി വികസന നിധിയിൻകീഴിൽ സ്കൂൾ ബസ് വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നത് 4202-01-800-88 എന്ന ശീർഷകത്തിൽനിന്നുമാണ്. വിദ്യാഭ്യാസം, കല, സംസ്കാരം ഇവയ്ക്കുള്ള മൂലധന ചെലവിനുള്ള ഹെഡ് ഓഫ് അക്കൗണ്ടിന്റെ നിയന്ത്രണാധികാരി ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ് ആണ്. ആയതിനാൽ ആസ്തി വികസന നിധിയിൻകീഴിൽ ബസ് വാങ്ങുന്നതിന് മാത്രമായി ജില്ലാ കളക്ടർമാരുടെ പേരിൽ പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങാൻ നിർവ്വാഹമില്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

49 (3491) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ച മുഴുവൻ പ്രവൃത്തിയും ആയതിന്റെ തുകയും സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷത്തിൽ ഈ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഇനി എത്ര രൂപ ചെലവഴിക്കാൻ ബാക്കിയുണ്ടെന്നും ആയത് 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കാൻ സാധിക്കുമോയെന്നും അറിയിക്കുമോ?

### ഉത്തരം

(എ) 2016-17 വർഷത്തിൽ തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ച മുഴുവൻ പ്രവൃത്തിയും ആയതിന്റെ തുകയും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉണ്ടായിരുന്ന തുകയ്ക്ക് (5 കോടി രൂപ) പൂർണ്ണമായും ധനാനുമതി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചാലക്കുടി ഈസ്റ്റ് ഗവ.എൽ.പി. സ്കൂളിന് പുതിയ കെട്ടിടം

50 (3492) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലം ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി 130 ലക്ഷം രൂപ ചെലവിൽ, ചാലക്കുടി ഈസ്റ്റ് ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തൃശ്ശൂർ കളക്ടർ മുഖേന ഫൈനാൻസ് നോഡൽ സെക്ഷനിൽ ധനകാര്യവകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സ്വീകരിച്ച നടപടിയെന്ത്; പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; കാലതാമസം കൂടാതെ പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 130 ലക്ഷം രൂപ ചെലവിൽ ചാലക്കുടി ഈസ്റ്റ് ഗവ.എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തൃശ്ശൂർ കളക്ടർ മുഖേന ഫൈനാൻസ് നോഡൽ സെക്ഷനിൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്ന പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച പ്രവൃത്തിയ്ക്ക് ധനാനുമതി നൽകി File ID2349/NC-C3/2018/Fin. (RD5-3399/17) LAC-ADS Portal-2 വഴി 9-3-2018-ന് തുടർ നടപടികൾക്കായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാത്ത തുക തിരിച്ചുപിടിക്കുന്നതിന് നടപടി

51 (3493) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള പൊതുവിഭാഗം ഫണ്ടിൽനിന്ന് മാർച്ച് 31 വരെ ചെലവഴിക്കാത്ത തുക തിരിച്ചുപിടിക്കാൻ ധനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധമായി ധനകാര്യ വകുപ്പ് പഞ്ചായത്തുകൾക്ക് സർക്കുലർ അയയ്ക്കുക ഉണ്ടായോ;

(സി) താൽക്കാലിക ജീവനക്കാരുടെ മാർച്ച് മാസത്തിലെ ശമ്പളവും മറ്റ് ബില്ലുകളും ഏപ്രിൽ മാസത്തിലാണ് കൊടുത്തു തീർക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കുലർ പ്രാവർത്തികമാകുന്നതോടെ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ അവതാളത്തിലാകുമെന്ന ഈ രംഗത്തുള്ളവരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള സംവിധാനമനുസരിച്ച് പ്രാദേശിക സർക്കാരുകൾക്ക് ബില്ലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നേരിട്ട് പണം പിൻവലിക്കാനുള്ള അധികാരം നൽകിയിട്ടുണ്ട്. അതത് സാമ്പത്തിക വർഷം മാർച്ച് 31-നകം ചെലവഴിക്കാത്ത തുക ലാപ്സാകുകയാണ് ചെയ്യുന്നത്.

(ബി) ഇല്ല.

(സി) താൽക്കാലിക വിഭാഗത്തിന്റെ മാത്രമല്ല എല്ലാ വിഭാഗം സംസ്ഥാന ജീവനക്കാരുടെയും ഓരോ മാസത്തേയും ശമ്പളം തൊട്ടടുത്ത മാസമാണ് വിതരണം നടത്തുന്നത്. മറ്റ് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് മാറി നൽകുന്നത്.

(ഡി) ഉദിക്കുന്നില്ല.

## സർക്കാർ വകുപ്പുകളിലെ പുതിയ തസ്തികകൾ

52 (3494) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ നാളിതുവരെയായി സംസ്ഥാനത്ത് എത്ര തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കാമോ;

(ബി) പുതിയതായി തസ്തിക രൂപീകരിച്ച വകുപ്പുകളിൽ ആരുടെയെങ്കിലും പഠന റിപ്പോർട്ട് കിട്ടിയശേഷമാണോ അനുവാദം നൽകിയത്; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പുതിയതായി തസ്തികകൾ അനുവദിക്കില്ലെന്ന തീരുമാനം ധനവകുപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഇക്കണോമിക് മെഷേഴ്സ് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) 2016 ജനുവരി മുതൽ വിവിധ വകുപ്പുകൾക്ക് ധനവകുപ്പ് അംഗീകാരം നൽകിയ തസ്തികകളുടെ എണ്ണം വകുപ്പ് തിരിച്ച് നൽകുമോ; വ്യക്തമാക്കുമോ ; സംസ്ഥാനത്ത് നിയമന നിരോധനം ഏർപ്പെടുത്തിയ വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016 ജനുവരി മുതൽ ഇതുവരെ ആകെ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 12685 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപകരുടെയും ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റു സാങ്കേതിക വിഭാഗം ജീവനക്കാരുടെയും തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചവയിൽ നല്ലൊരു പങ്കും. മുൻ സർക്കാരിന്റെ കാലത്ത് യഥേഷ്ടം ഹയർ സെക്കണ്ടറി സ്കൂളുകളും കോഴ്സുകളും ബാച്ചുകളും അനുവദിക്കുകയും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതിരിക്കുകയും ചെയ്തത് അക്കാദമികമായ അരാജകത്വം സൃഷ്ടിച്ചിരുന്നു. ഈ അനിശ്ചിതാവസ്ഥ തുടരുന്നത് സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾക്ക് അനുഗുണമല്ല എന്നതിനാൽ അദ്ധ്യാപക-അക്കാദമിക തസ്തികകൾ ഘട്ടം ഘട്ടമായി അനുവദിക്കാൻ സർക്കാർ തീരുമാനിക്കുകയായിരുന്നു.

പൊതു ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തി കേരളത്തിൽ ചികിത്സ എല്ലാവർക്കും പ്രാപ്തമാക്കുക എന്ന നയത്തിന്റെ ഭാഗമായാണ് ആരോഗ്യ രംഗത്ത് തസ്തിക സൃഷ്ടിക്കുന്നത്.

ഇത്തരത്തിലുള്ള മുൻഗണനകൾ പരിഗണിച്ചാണ് തസ്തിക സൃഷ്ടിക്കൽ നടത്തിയിട്ടുള്ളത്.

(സി) പുതുതായി തസ്തികകൾ അനുവദിക്കില്ലെന്ന തീരുമാനം എടുത്തിട്ടില്ല.

(ഡി) നിലവിലെ വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) 2016 ജനുവരി മുതൽ വിവിധ വകുപ്പുകൾ, കോടതികൾ എന്നിവിടങ്ങളിൽ ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 12685 തസ്തികകൾ സൃഷ്ടിക്കാൻ ധന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിയമന നിരോധനം ഇല്ല.

## അന്യത്ര സേവന വ്യവസ്ഥ

53 (3495) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരൻ ജോയിനിംഗ് ടൈം എടുക്കാതെ അന്യത്ര സേവനത്തിൽ തുടരവെ പ്രൊമോഷൻ ലഭിച്ചാൽ മാതൃ വകുപ്പിൽ തൊട്ടു ജൂനിയറായ ആൾ പ്രമോഷൻ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതലേ ടിയാനും ഉയർന്ന ശമ്പളം നൽകുകയുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാക്കുമോ;

(ബി) അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരൻ പ്രൊമോഷൻ തസ്തികയിൽ സർക്കാർ അനുമതിയോടെ തുടരുകയും ജോയിനിംഗ് ടൈം എടുക്കാതിരിക്കുകയും ചെയ്താൽ എന്തു കൊണ്ടാണ് പ്രൊമോഷൻ തീയതി മുതൽ ഉയർന്ന ശമ്പളം നൽകാത്തതെന്ന് വിശദീകരിക്കുമോ;

(സി) മാതൃവകുപ്പിൽ നിലവിലുള്ള ജീവനക്കാരൻ പ്രൊമോഷൻ ലഭിച്ചാൽ ജോയിനിംഗ് ടൈം എടുത്തു ജോലിയിൽ പ്രവേശിക്കുന്നതിന് ദിവസങ്ങളോളം താമസിക്കുകയും അന്യത്ര സേവന വ്യവസ്ഥയിലുള്ള ആൾ വിടുതൽ ചെയ്യാതെ സർക്കാർ അനുമതിയോടെ ജോലി തുടരുകയും ചെയ്യുമ്പോൾ ഇത്തരത്തിൽ ശമ്പളം നിർണ്ണയിച്ചു നൽകുന്നത് അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സീനിയറായ ഉദ്യോഗസ്ഥന് നഷ്ടം സംഭവിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരത്തിൽ ശമ്പള നിർണ്ണയത്തിൽ അപാകതകൾ സംഭവിച്ചിട്ടുള്ള ജീവനക്കാർ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടാൽ ആയത് പരിഹരിച്ചു നൽകുമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ധനകാര്യ എ.ആർ.സി. വകുപ്പിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുണ്ട്. കെ.എസ്.ആർ. ഭാഗം - I ചട്ടം 37(ബി)-യുടെ താഴെയുള്ള റൂളിംഗ് നമ്പർ - 1.

(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി-ഡി) ഡെപ്യൂട്ടേഷൻ തസ്തിക ഒരു വകുപ്പിലെ കേഡർ തസ്തികയല്ല എന്നതിനാൽ ഉദ്യോഗക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരാൻ അനുവദിച്ച സീനിയർ ഉദ്യോഗസ്ഥനെ കെ.എസ്.ആർ. ഭാഗം-I ചട്ടം 37(ബി)-യുടെ താഴെയുള്ള റൂളിംഗ് അനുസരിച്ച് ജൂനിയർ ഉദ്യോഗസ്ഥൻ കേഡർ തസ്തികയിൽ ചുമതലയേറ്റെടുത്ത തീയതി മുതൽ മാത്രമേ ഉയർന്ന തസ്തികയുടെ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.

(ഇ) ഇല്ല. ബാധകമല്ല.

## സംസ്ഥാന ജീവനക്കാർക്ക് ഡി.എ.

54 (3496) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ കേന്ദ്രം പ്രഖ്യാപിച്ച ഡി. എ ഉൾപ്പെടെ ജീവനക്കാർക്ക് ലഭ്യമാക്കാൻ എപ്പോൾ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

കേന്ദ്ര സർക്കാർ 1-7-2017 പ്രാബല്യത്തിൽ അനുവദിച്ച ഒരു ശതമാനം ക്ഷാമബത്തയും 1-1-2018 പ്രാബല്യത്തിൽ അനുവദിച്ച രണ്ട് ശതമാനം ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയുമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച് നൽകാനുള്ളത്. 1-7-2017 പ്രാബല്യത്തിൽ അനുവദിക്കേണ്ട 1 ശതമാനം ക്ഷാമബത്ത അനുവദിക്കുന്നതു സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

55 (3497) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് പുതുതായി പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയത്;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ഈ സ്ഥാപനങ്ങളിൽ ഏത് പെൻഷൻ പദ്ധതിയായിരുന്നു നിലവിലുണ്ടായിരുന്നത്;

(സി) കെ.എസ്.ആർ. ബാധകമല്ലാത്ത സ്ഥാപനങ്ങളിലേക്കുകൂടി പങ്കാളിത്ത പെൻഷൻ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് 7-1-2013-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവിനും കേന്ദ്രസർക്കാരുമായി ഉണ്ടാക്കിയ കരാറുകൾക്കും വിരുദ്ധമാണോ;

(ഡി) പുതിയ സ്ഥാപനങ്ങളിലേക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി വ്യാപിപ്പിക്കുവാൻ സംസ്ഥാന സർക്കാരിന് സ്വന്തം നിലയിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി 5 സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ
3. കണ്ണൂർ സർവ്വകലാശാല
4. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി
5. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ഈ സ്ഥാപനങ്ങളിൽ കെ.എസ്.ആർ. ഭാഗം-III പ്രകാരമുള്ള പെൻഷൻ പദ്ധതി ആയിരുന്നു നിലവിലുണ്ടായിരുന്നത്.

(സി) കെ.എസ്.ആർ. ബാധകമല്ലാത്ത സ്ഥാപനങ്ങളിലേയ്ക്കുകൂടി പങ്കാളിത്ത പെൻഷൻ പദ്ധതി വ്യാപിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഡി) പുതിയ സ്ഥാപനങ്ങളിലേയ്ക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി വ്യാപിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

56 (3498) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വിരമിച്ച ജീവനക്കാർക്ക് ലഭിച്ച പെൻഷൻ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാർ വിരമിക്കുമ്പോൾ നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭിക്കാവുന്ന അടിസ്ഥാന പെൻഷൻ തുകയെത്രയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുകയിൽനിന്നും അറുപതു ശതമാനം ഒറ്റത്തവണയായി ലഭിക്കുന്നതാണ്. ബാക്കി നാൽപ്പത് ശതമാനം തുക ആന്വിറ്റി വിഹിതം വാങ്ങുന്നതിനായി നിലനിർത്തേണ്ടതാണ്. മേൽ തുകയിൽനിന്നും പിന്നീട് പ്രതിമാസ ആന്വിറ്റി ലഭിക്കുന്നതാണ്.

(സി) കെ.എസ്.ആർ ഭാഗം-III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ലഭിക്കാവുന്ന അടിസ്ഥാന പെൻഷൻ തുക എത്രയാണെന്ന് കൃത്യമായി കണക്കാക്കാനാകില്ല. ആന്വിറ്റി വാങ്ങുന്നതിനായി നിലനിർത്തിയിരിക്കുന്ന നാൽപ്പതു ശതമാനം തുകയിൽനിന്നും അതത് സമയത്തെ മാർക്കറ്റ് നിലവാരത്തിനനുസൃതമായിട്ടാണ് പ്രതിമാസ ആന്വിറ്റി ലഭിക്കുക.

**ശമ്പളയിനത്തിൽ ചെലവാകുന്ന തുക**

57 (3499) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളയിനത്തിൽ ചെലവാകുന്ന തുക വർഷംതോറും വർദ്ധിച്ച് വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ടോ;

(ബി) 2012-13 മുതൽ 2016-17 വരെ ഓരോ വർഷവും ശമ്പളയിനത്തിൽ ചെലവായ തുകയെത്രയെന്നും ഓരോ വർഷവും ഉണ്ടായ വർദ്ധനവ് എത്ര ശതമാനമായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) ശമ്പളയിനത്തിൽ ഉണ്ടാകുന്ന വർദ്ധനയ്ക്ക് ആനുപാതികമായി വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) നിയമനനിരോധനമോ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യമോ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2012-13 മുതൽ 2016-17 വരെ ഓരോ വർഷവും ശമ്പളയിനത്തിൽ ചെലവായ തുക, റവന്യൂ വരുമാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | ശമ്പളയിനത്തിൽ ചെലവായ തുക | വർദ്ധനവ് % | റവന്യൂ വരുമാനം | വർദ്ധനവ് % |
|---|---|---|---|---|
| 2012-13 | 17313.70 | -- | 44137.30 | -- |
| 2013-14 | 19340.98 | 11.71 | 49176.94 | 11.42 |
| 2014-15 | 21410.92 | 10.70 | 57950.47 | 17.84 |
| 2015-16 | 23524.85 | 9.87 | 69032.66 | 19.12 |
| 2016-17 | 28044.75 | 19.21 | 75611.72 | 9.53 |

(ഡി&ഇ) പരിഗണനയിലില്ല.

## പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972

58 (3500) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് കെ.എസ്.ആർ. പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയില്ലായെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അതിനുള്ള കാരണമെന്താണ്;

(ബി) ഇന്ത്യൻ ഭരണഘടനയനുസരിച്ച് നിലവിൽ മറ്റൊരു ചട്ടമോ, നിയമമോ പ്രകാരം ഗ്രാറ്റുവിറ്റിക്ക് അർഹതയില്ലാത്ത ജീവനക്കാർക്ക് പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972 പ്രകാരമുള്ള ഗ്രാറ്റുവിറ്റി തൊഴിലുടമ നൽകേണ്ടതാണെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽപ്പെട്ട ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമുള്ള 20 ലക്ഷം രൂപ ഗ്രാറ്റുവിറ്റി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് സർക്കാർ 16-3-2013-ലെ സ.ഉ. (പി) നമ്പർ 136/2013/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽപ്പെട്ട ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

59 (*T 3501) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളുടെ വ്യാപകമായ ദുരുപയോഗം നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെങ്കിലും പ്രത്യേക നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത് എത്രത്തോളം ഫലവത്തായിട്ടുണ്ടെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) 24-2-2003-ലെ സ.ഉ. (കൈ) നമ്പർ113/2003/ധന., 2-8-2008-ലെ 41/2008/ധന നമ്പർ പരിപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബാങ്കുകൾ ജനങ്ങളെ കൊള്ളയടിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നത് പരിശോധിക്കാൻ നടപടി

60 (3502) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും സാധാരണ ഇടപാടുകാരിൽനിന്നും അമിതമായും രഹസ്യമായും തുക ഈടാക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) എസ്. ബി. ടി. /എസ്. ബി. ഐ. ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകിയ വിദ്യാഭ്യാസ ലോണുകൾ തിരിച്ചുപിടിക്കുവാൻ കോർപ്പറേറ്റുകളെ ഏൽപ്പിച്ചകാര്യം ധനകാര്യ വകുപ്പ് പരിശോധിക്കുമോ;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ പണം കൊണ്ട് പ്രവർത്തിക്കുന്ന ഇത്തരം ബാങ്കുകൾ ജനങ്ങളെ കൊള്ളയടിക്കുകയും ജനങ്ങളെ ദ്രോഹിക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ബാങ്കുകൾ സാധാരണക്കാർക്ക് നൽകേണ്ട പലിശ കുറഞ്ഞ വായ്പകൾ നൽകാതിരിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഇ) എസ്. ബി. ടി. /എസ്. ബി. ഐ. ബാങ്കുകൾ 2016-17, 2017-18 വർഷങ്ങളിൽ നൽകിയ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; ശാഖ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(എഫ്) ബാങ്ക് ലോണുകൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുക?

ഉത്തരം

(എ-ഇ) കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമല്ല. ബാങ്കുകൾ സ്വീകരിക്കുന്ന നടപടികളുടെ ഫലമായി ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന പ്രശ്നങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) എസ്.എൽ.ബി.സി. ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ എസ്.ബി.റ്റി. 183.95 കോടി രൂപയുടെയും എസ്.ബി.ഐ. 314.79 കോടി രൂപയുടെയും വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ സെപ്റ്റംബർ 2017 വരെയുള്ള കണക്കനുസരിച്ച് എസ്.ബി.ഐ. 180.56 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പയാണ് അനുവദിച്ചിട്ടുള്ളത്. ശാഖ തിരിച്ചുള്ള വിവരം ലഭ്യമല്ല.

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി ആനുകൂല്യം**

61 (3503) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാതിരിച്ചടവ് പദ്ധതി ആനുകൂല്യത്തിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികളിൽ 2018 ജനുവരി 31 വരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ പദ്ധതിയുടെ നിബന്ധനകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(സി) എസ്.ബി.റ്റി.യിൽ നിന്നും വായ്പ എടുത്ത വിദ്യാർത്ഥികളുടെ രേഖകൾ റിലയൻസിന് കൈമാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കാൻ സാധിക്കാതെ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പ്രതിസന്ധി പരിഹരിച്ച് പ്രസ്തുത വിദ്യാർത്ഥികൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-1-2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ elrs.kerala.gov.in എന്ന വെബ് പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അപേക്ഷ തയ്യാറാക്കിയെങ്കിലും അപേക്ഷകരുടെ സാങ്കേതിക പരിജ്ഞാനക്കുറവുമൂലം സമർപ്പിക്കാതെ പോയ

2817 അപേക്ഷകളും സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. 20-11-2017-ലെ സർക്കുലർ നമ്പർ 81/2017/ധന. പ്രകാരം വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ലഭിച്ച അപേക്ഷകൾ അതാത് ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്മേൽ വില്ലേജ് ഓഫീസറുടെയും ഗസറ്റഡ് ഓഫീസറുടെയും മേലൊപ്പ് വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

(സി-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുമ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാൻ കഴിയുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ കഴിയാത്തത്.

**നൂതന ധനസമാഹരണ സംവിധാനങ്ങൾ**

62 (3504) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുമെന്ന 2016-17-ലെ ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ആർ.ബി.ഐ.യും സെബിയും അംഗീകരിച്ചിട്ടുള്ളതും കിഫ്ബി-ക്ക് പ്രയോജനകരവുമായ ധനസമാഹരണ മാർഗ്ഗങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 3500 കോടി രൂപയുടെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ICRA, CRISIL എന്നീ റേറ്റിംഗ് ഏജൻസികളെ നിയമിക്കുകയും ഈ ബോണ്ട് പദ്ധതിക്ക് A+ പ്രാഥമിക റേറ്റിംഗ് ലഭിക്കുകയും ചെയ്തു. ഈ ബോണ്ട് വഴി ധനസമാഹരണം നടത്തുന്നതിനായി അറേഞ്ചർമാരെ/മർച്ചന്റ് ബാങ്കുകളെ നിയമിക്കുന്നതിനുള്ള ഇ-ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. ഇതിനു പുറമെ വിദേശ രാജ്യങ്ങളിൽനിന്നും ധനസമാഹരണം നടത്തുന്നതിനായി 'മസാല ബോണ്ടുകൾ' പുറപ്പെടുവിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് കെ.എസ്.എഫ്.ഇ.യിൽനിന്നും പ്രത്യേക ബോണ്ടുകൾവഴി കിഫ്ബിയിലേയ്ക്ക് സമാഹരിക്കുന്നതിനുള്ള നൂതന സംരംഭവും സമീപ ഭാവിയിൽ ആരംഭിക്കുന്നതാണ്. ഇതുവരെ അംഗീകരിക്കപ്പെട്ട കിഫ്ബി പദ്ധതികളുടെ പ്രാരംഭഘട്ട നിർവ്വഹണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നിലവിൽ കിഫ്ബിയുടെ പക്കലുള്ളതിനാൽ തുടർന്ന് ഫണ്ട് ആവശ്യമായി വരുന്നത് കണക്കാക്കി മാത്രമേ ടി മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം ആരംഭിക്കുകയുള്ളൂ.

(ബി) ആഭ്യന്തര വിപണിയിൽ പുറപ്പെടുവിക്കാവുന്ന ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ (കടപത്രങ്ങൾ), മൂചൽ ഫണ്ട് മാതൃകയിലുള്ള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (inVIT), കമ്പനി മാതൃകയിൽ ഓഹരി വഴിയുള്ള റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (REIT), നിശ്ചിത സ്ഥിരവരുമാന നിക്ഷേപങ്ങളടങ്ങുന്ന ദീർഘകാല ഇൻഫ്രാസ്ട്രക്ചർ ഡെബ്റ്റ് ഫണ്ട് (IDF), നിശ്ചിത ആവശ്യങ്ങൾക്കായി സ്വരൂപിക്കുന്ന വിവിധ നിക്ഷേപങ്ങൾ ഉൾപ്പെടുന്ന ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (AIF), ദീർഘകാല വിദേശ വായ്പകൾ, വിദേശ വിപണിയിൽ പുറപ്പെടുവിക്കാവുന്നതും എന്നാൽ ഇന്ത്യൻ രൂപയിൽ വിനിമയ സാധ്യവുമായ 'മസാല ബോണ്ടുകൾ ' എന്നിവയാണ് കിഫ്ബിക്ക് പ്രയോജനകരമായ ആർ.ബി.ഐ./സെബി. അംഗീകാരമുള്ള പ്രധാന ധനസമാഹരണ മാർഗ്ഗങ്ങൾ.

**മുൻ വർഷത്തെ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന ക്ഷേമപദ്ധതികൾ**

63 (3505) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന എത്ര ക്ഷേമപദ്ധതികൾ നടപ്പിലാക്കാനായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ നടപ്പിലാക്കാതെ പോയതുമായ എത്ര ക്ഷേമപദ്ധതികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തുന്ന പ്രഖ്യാപനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മങ്കട നിയോജകമണ്ഡലത്തിൽ ടോക്കൺ പ്രൊവിഷൻ നൽകിയ പദ്ധതികൾ

64 (3506) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെങ്കിലും മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ 2017-18-ൽ ഇത്തരത്തിൽ ടോക്കൺ പ്രൊവിഷനിലുൾപ്പെടുത്തിയ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് ഫയൽ ധനവകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) മങ്കട നിയോജകമണ്ഡലത്തിൽ 2017-18 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുള്ള ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. മങ്കട നിയോജകമണ്ഡലത്തിൽ 2017-18-ൽ ടോക്കൺ പ്രൊവിഷൻ ഉള്ളതും ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതുമായ 5 റോഡുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഫയൽ ലഭ്യമാക്കിയിട്ടുണ്ട് (711449/2018/Fin./PWDG3/763/2017/PWD). ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതും വർക്സ് ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്തതുമായ പ്രവൃത്തികൾക്ക് (ടോക്കൺ തുക-100) ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 563 പ്രവൃത്തികൾ ഉൾപ്പെട്ട ഫയൽ (E 738370) തീരുമാനമാകുന്ന മുറയ്ക്ക് മങ്കട നിയോജകമണ്ഡലത്തിൽ 2017-18-ൽ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ റോഡുകൾക്ക് ഭരണാനുമതി നൽകുന്നത് പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെട്ടുത്തിയ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം

65 (3507) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽനിന്നും ഭരണാനുമതി നൽകിയത്, തുക അനുവദിച്ചത്, പ്രവൃത്തി ആരംഭിച്ചത്, പ്രവൃത്തി അവസാനിപ്പിച്ചത് എന്നിങ്ങനെ തരംതിരിച്ച് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷത്തെ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉള്ള വിവിധ വകുപ്പുകളുടെ പദ്ധതികളിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം നിയോജക മണ്ഡലാടി സ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, അവയുടെ തുക, പ്രവൃത്തി ആരംഭിച്ചത്, പ്രവൃത്തി പൂർത്തീകരിച്ചത് ഇത് സംബന്ധിച്ച് നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും/കെട്ടിട വിഭാഗത്തിനുകീഴിൽ ബഡ്ജറ്റിൽ ഉള്ള ഭരണാനുമതി ലഭിച്ചിട്ടുള്ള നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പ്രവൃത്തികളുടെ വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

## പ്രവാസിക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

66 (3508) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി 2016-17 വർഷത്തെ ബഡ്ജറ്റിലും, 2017-18 വർഷത്തിലെ ബഡ്ജറ്റിലും യഥാക്രമം എത്ര തുക നീക്കിവച്ചിരുന്നു എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത് എന്ന് വിശദീകരിക്കാമോ; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ വിവിധ പദ്ധതികൾക്ക് നീക്കിവച്ചിരുന്നതും ചെലവഴിച്ചതുമായ തുകയുടെ കണക്കുകൾ ഭരണ വകുപ്പ് ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

## ബഡ്ജറ്റ് മാന്വൽ പരിഷ്കരിക്കുന്നതിന് സമിതി

67 (3509) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് സമിതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ബഡ്ജറ്റ് മാന്വൽ പരിഷ്കരണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നറിയിയ്ക്കുമോ?

ഉത്തരം

(എ&ബി) 16-7-2016-ലെ സ.ഉ. (സാധാ) നമ്പർ 6017/2016/ധന നമ്പർ ഉത്തരവ്, 16-8-2016-ലെ സ.ഉ. (സാധാ) നമ്പർ 6746/2016/ധന നമ്പർ ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ബഡ്ജറ്റ് മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിനായി ഒരു രണ്ടംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഇതിനോടകം ബഡ്ജറ്റ് മാന്വലിന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മറ്റ് നടപടിക്രമങ്ങൾ കൂടി പാലിച്ചുകൊണ്ട് പരിഷ്കരണ പ്രക്രിയ പൂർത്തീകരിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ

68 (3510) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയത് എന്ന വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനായി എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

ബഡ്ജറ്റ് പ്രവൃത്തികൾ

| വർഷം 2016-17 | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ഉത്തരവ് നമ്പർ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | നാട്ടുകൽ-പാലോട്-ചെത്തല്ലൂർ മുറിയങ്കണ്ണി -പനംകുന്ന്-എരക്കിങ്കൽ- കരിപ്പമണ്ണ-കുട്ടിലക്കടവ്-പേഴുമറ്റ – ചുള്ളിയോട് -വാക്കടപ്പുറം-തുമ്പക്കണ്ണി-കടമ്പഴിപ്പുറം - കി.മി.10/700 മുതൽ 12/600 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | G.O.(Rt.) No.179/2017/ PWD dated 14-2-2017 | 95.00 |
| 2 | നാട്ടുകൽ-പാലോട്-ചെത്തല്ലൂർ-മുറിയങ്കണ്ണി - പനംകുന്ന്-എരക്കിങ്കൽ - കരിപ്പമണ്ണ-കുട്ടിലക്കടവ്-പേഴുമറ്റ – ചുള്ളിയോട്-വാക്കടപ്പുറം- തുമ്പക്കണ്ണി - കടമ്പഴിപ്പുറം - കി.മി.19/850 മുതൽ 23/000 വരെ ബി.ടി. ഉപരിതലം പുതുക്കലും കി.മി. 21/000-ലെ തകർന്ന കലുങ്ക് പുതുക്കിപ്പണിയലും | G.O.(Rt.) No.179/2017/ PWD dated 14-2-2017 | 82.00 |
| 3 | ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/00 മുതൽ 0/600 വരെ ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ | G.O.(MS.) No.18/2017/PWD dated 16-3-2017 | 120.00 |
| 4 | കടമ്പഴിപ്പുറം-ചിരട്ടിമല-വേങ്ങശ്ശേരി റോഡ് കി.മീ. 0/000 മുതൽ 5/000 വരെ അഭിവൃദ്ധിപ്പെടുത്തൽ | G.O.(MS.) No.18/2017/PWD dated 16-3-2017 | 480.0 |
| | | ആകെ | 777.00 |

ബഡ്ജറ്റ് പ്രവൃത്തികൾ

| വർഷം 2017-18 | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ഉത്തരവ് നമ്പർ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ലക്കിടി റെയിൽവേ സ്റ്റേഷൻ റോഡ് കി.മി. 0/000 മുതൽ 4/000 വരെ അഭിവൃദ്ധിപ്പെടുത്തൽ | G.O.(Rt.) No.1386/ 2017/PWD dated 15-9-2017 | 150.00 |
| | | ആകെ | 150.00 |

കിഫ്ബി പ്രവൃത്തികൾ

| വർഷം 2016-17 | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ഉത്തരവ് നമ്പർ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഒറ്റപ്പാലം - ചെർപ്പുളശ്ശേരി റോഡ് കി.മീ 11/000 മുതൽ 17/900 | G.O.(Rt.) No.1192/2016/PWD dated 20-8-2016 | 1000.00 |
| 2 | ഈസ്റ്റ് ഒറ്റപ്പാലം - കണ്ണിയംപുറം പാലം നിർമ്മാണം | G.O.(Rt.) No.1496/2016/PWD dated 31-10-2016 | 2500.00 |
| | | ആകെ | 3500.00 |

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ**

69 (3511) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സർക്കാർ വകുപ്പുകളുടേയും എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഒരു സാമ്പത്തിക വർഷം എത്ര തുക വാടകയിനത്തിൽ ചെലവിടുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടില്ല.

(ബി) സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ വാടകയിനത്തിൽ 2016-17 സാമ്പത്തിക വർഷം 57.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ലെ കണക്ക് 2018 മാർച്ച് മാസത്തിന് ശേഷമേ നിജപ്പെടുത്താൻ കഴിയുകയുള്ളൂ.

### മുദ്രപത്രങ്ങളുടെ ക്ഷാമം പരിഹരിക്കൽ

70 (3512) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൻപത്, നൂറ് രൂപകളുടെ മുദ്രപത്രങ്ങൾക്ക് രൂക്ഷമായ ക്ഷാമം ഉള്ളതിനാൽ താല്ക്കാലിക പരിഹാരമെന്ന നിലയിൽ പത്ത്, ഇരുപത് രൂപയുടെ മുദ്രപത്രം അൻപത്,നൂറ് രൂപയുടെ പത്രങ്ങൾക്ക് തുല്യമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) അൻപത്,നൂറ് രൂപയുടെ മുദ്രപത്രങ്ങളുടെ ഇന്റന്റ് നാസിക്കിലേക്ക് അയച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 50, 100 രൂപ മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും 7 മുതൽ 10 രൂപ വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും പുനർമൂല്യനിർണ്ണയം ചെയ്യുന്നതിന് ജി.ഒ. (പി) നമ്പർ 14/2018/നി.വ തീയതി 14-2-2018 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.*

(ബി) 1-4-2017 മുതൽ 30-9-2017 വരെയുള്ള കാലയളവിലെ ഇൻഡന്റ് 3-1-2017 തീയതിയിലും 1-10-2017 മുതൽ 31-3-2018 വരെയുള്ള കാലയളവിലെ ഇൻഡന്റ് 31-1-2018-ലും നാസിക്കിലേയ്ക്ക് അയച്ചിരുന്നു.

### റവന്യൂ സ്റ്റാമ്പിന്റെ ലഭ്യതക്കുറവ്

71 (3513) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു രൂപ വിലയുള്ള റവന്യൂ സ്റ്റാമ്പിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം കുറവ് ഉണ്ടാകുവാനുണ്ടായ കാരണം വ്യക്തമാക്കാമോ ; ഭാവിയിൽ ഇത്തരം കുറവ് ഉണ്ടാവാതിരിക്കാതിരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) റവന്യൂ സ്റ്റാമ്പിന്റെ കുറവ് പരിഹരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) ഒരു രൂപ വിലയുള്ള റവന്യൂ സ്റ്റാമ്പിന് ചില പ്രദേശങ്ങളിൽ നേരിയ ലഭ്യതക്കുറവ് അനുഭവപ്പെട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി-ഡി) റവന്യൂ സ്റ്റാമ്പ് ഇൻഡ്യയിൽ ആകമാനം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനാൽ നാസിക് ഇൻഡ്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും ഇൻഡന്റിന് പുറമേ ആവശ്യപ്പെട്ട അളവിൽ ആയത് ലഭ്യമായിട്ടില്ല.

2017 നവംബർ മാസത്തിന് ശേഷം തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നും ട്രഷറികൾക്ക് റവന്യൂ സ്റ്റാമ്പ് ലഭ്യമായിട്ടില്ല. ഈ കാലയളവിൽ ട്രഷറികളിലെ നീക്കിയിരിപ്പ് ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ റവന്യൂ സ്റ്റാമ്പിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 36 ലക്ഷത്തോളം റവന്യൂ സ്റ്റാമ്പ് ട്രഷറികളിൽ നീക്കിയിരിപ്പുണ്ട്.

ചില പ്രദേശങ്ങളിൽ ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പിന് അനുഭവപ്പെട്ട നേരിയ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ആയത് കൂടുതൽ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികളിലേയ്ക്ക് പുനഃക്രമീകരിച്ചു നൽകി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം റവന്യൂ സ്റ്റാമ്പടക്കമുള്ള മുദ്രപ്പത്രങ്ങൾ നാസിക്കിൽ നിന്നും എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ആനപ്പാറ പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഫണ്ട്

72 (3514) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുട്ടിലാങ്ങാടി ഗ്രാമപഞ്ചായത്തിൽ ആനപ്പാറ പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിക്കുന്നതിന് ജലസേചന വകുപ്പിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ധനവകുപ്പിന്റെ പരിഗണനയിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ധന പുനർവിനിയോഗത്തിലൂടെ ജലസേചന വകുപ്പിന്റെ ശീർഷകങ്ങളിൽനിന്നും ചെക്ക് ഡാം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിൽ ആനപ്പാറ പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതുസംബന്ധിച്ച് 753304/Ind&PW-B3/18/Fin./IR2/ 72/2017-WRD നമ്പർ ഫയലിൽ പരിശോധിക്കുകയും കടലുണ്ടി പുഴയിൽ ആനപ്പാറ പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് 600 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് 12-3-2018-ലെ 753304/Ind& PW-B3/18/Fin. നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ജലസേചന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് ഫയൽ ലഭ്യമാക്കുന്ന മുറയ്ക്ക് ധന പുനഃവിനിയോഗത്തിലൂടെ ജലസേചന വകുപ്പിന്റെ ശീർഷകങ്ങളിൽനിന്നും ചെക്ക് ഡാം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അടിസ്ഥാന സൗകര്യവികസന പദ്ധതിക്ക് സ്വീകരിച്ചിട്ടുള്ള ടേം-ലോൺ**

73 (3515) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഏതെല്ലാം വാണിജ്യ ബാങ്കുകളിൽനിന്നും എത്ര തുക വീതം ടേം ലോണായി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് പ്രസ്തുത പദ്ധതികൾക്കായി ഏതെല്ലാം സഹകരണ ബാങ്കുകളിൽനിന്നും എത്ര തുക വീതം ടേം ലോൺ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് പ്രസ്തുത പദ്ധതികൾക്കായി ഏതെല്ലാം ബാങ്കിതര പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വീതം ടേം ലോൺ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി വാണിജ്യ ബാങ്കുകളിൽനിന്നോ സഹകരണ ബാങ്കുകളിൽനിന്നോ ബാങ്കിതര പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ടേം ലോണുകളൊന്നും സ്വീകരിച്ചിട്ടില്ല.

## സാമ്പത്തിക ക്രമക്കേട് കേസ്സുകൾ

74 (3516) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി; വ്യക്തമാക്കുമോ;

(ബി) ഈ കേസ്സുകളിൽ ഏതിലെല്ലാം വകുപ്പുതല അന്വേഷണം നടത്തിയെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട 216 പരാതികൾ/കേസ്സുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.

(ബി) 152 കേസ്സുകളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയും നടപടികൾ തുടരുകയും ചെയ്യുന്നു (വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്).* അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ 20-8-1992-ലെ സ.ഉ. (പി) നമ്പർ 506/92/ധന, 25-11-1998-ലെ, സ.ഉ. (പി) നമ്പർ 2981/98/ധന സർക്കുലർ നമ്പർ 56/FIW-ജി1/08/ധന 30-8-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

## ക്യാൻസർ രോഗികൾക്ക് പെൻഷൻ

75 (3517) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ക്യാൻസർ രോഗികൾക്ക് എത്ര രൂപയാണ് പെൻഷൻ അനുവദിക്കുന്നത്?

ഉത്തരം

ക്യാൻസർ രോഗികൾക്ക് 1,000 രൂപ പ്രതിമാസ പെൻഷൻ ഇനത്തിൽ നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള തന്ത്രങ്ങൾ**

76 (3518) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പാലിച്ചും ധനമാനേജ്മെന്റ് നടത്തുക എന്ന സർക്കാർ നയത്തിന് അനുസൃതമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നയം നടപ്പിലാക്കിയതുമൂലം 2017-18 സാമ്പത്തികവർഷം സംസ്ഥാനത്തെ സാമ്പത്തികരംഗത്ത് വളർച്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനം നേരിടുന്ന ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള തന്ത്രങ്ങൾ എന്തൊക്കെയാണ്; നിലവിലുള്ള സാഹചര്യത്തിൽ അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട് :

1. വിവിധ നകുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.

4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

5. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽനിന്നും വ്യതിചലിക്കാതെയുമുള്ള ധനമാനേജ്മെന്റാണ് സർക്കാർ അനുവർത്തിച്ചുവരുന്നത്.

(ബി) സർക്കാർ നടപ്പിലാക്കിയ ക്രിയാത്മകവും പ്രത്യുല്പാദനപരവുമായ നടപടികളുടെ ഫലമായി 2016-17 കേരള സമ്പദ്ഘടനയ്ക്ക് 7.41% വളർച്ച കൈവരിക്കുവാൻ സാധിച്ചു. ഇത് ദേശീയ ശരാശരിക്ക് മുകളിലാണ്. കൂടാതെ സർവ്വീസ് മേഖല, പ്രതിശീർഷ വരുമാനം, ആഭ്യന്തര നിക്ഷേപമടക്കമുള്ള സാമ്പത്തിക സൂചകങ്ങളിൽ ദേശിയ തലത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുവാനും കഴിഞ്ഞു.

(സി) മാസാദ്യം ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര നികുതി വിഹിതം മാസത്തിന്റെ മധ്യത്തിലേയ്ക്ക് മാറ്റിയതും ജി.എസ്.ടി. നിയമപ്രകാരമുള്ള ദ്വൈമാസ നഷ്ടപരിഹാരത്തുക യഥാസമയം നൽകാത്തതും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് നടക്കാത്തതിനാലുമെല്ലാമുണ്ടായ ലിക്വിഡിറ്റി ക്രൈസിസ് ബഹുമുഖ തന്ത്രങ്ങൾ വഴി മറികടക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

1. ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഇൻസ്ട്രുമെന്റുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു.

2. അനാവശ്യമായ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നു.

3. കർശനമായ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ചെലവുകൾക്ക് വരവിന്റെ അടിസ്ഥാനത്തിലുള്ള സമയ ക്രമീകരണം നടത്തുന്നു.

4. അനുവദനീയമായ വായ്പ ലിക്വിഡിറ്റി മാനേജ് ചെയ്യാൻ കഴിയുംവിധത്തിൽ ക്രമപ്പെടുത്തി വിനിയോഗിക്കുന്നു.

5. കേന്ദ്രനയത്തിൽ മാറ്റം വരുത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ വിലയിരുത്താൻ പൊതുസംവിധാനം**

77 (3519) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള പൊതു സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

കേന്ദ്ര ഗവൺമെന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.)

സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽ നോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്രസർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്രസർക്കാരിൽനിന്ന് കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

## ഇ-വേ ബിൽ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിന് സംവിധാനം ഇ-വേ ബിൽ

78 (3520) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ചരക്ക് നീക്കവും ഇ-വേ ബിൽ പ്ലാറ്റ്ഫോമിലൂടെ ആയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് എല്ലാ ചരക്ക് നീക്കവും ഇ-വേ ബിൽ സംവിധാനത്തിലേക്ക് മാറ്റാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-വേ ബിൽ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി നികുതി വരുമാന വർദ്ധനവുണ്ടാകാനുള്ള സാഹചര്യമുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ചരക്കുസേവനനികുതിയുടെ ഭാഗമായി അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ-വേ ബില്ലിന്റെ സോഫ്റ്റ്വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി.

ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ചു. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. 10-3.2018-ൽ നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് ഏപ്രിൽ 15-നകവും ഇ-വേ ബിൽ നിർബന്ധമാക്കണമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) ഇ-വേ ബിൽ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഫോൺ നമ്പരുകളും ഇ-മെയിൽ വിലാസങ്ങളും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ സംബന്ധിച്ച ബോധവത്കരണത്തിനായി വ്യാപാരികൾക്കും ട്രാൻസ്പോർട്ടേഴ്സിനും പഠനക്ലാസ്സുകൾ വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും ജില്ലാ ആസ്ഥാനങ്ങളിലും നടത്തിവരുന്നു.

(സി) ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾത്തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നതാണ്. ഇതിനാൽ ചരക്കുനീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും. ചരക്കുനീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം മതിയാകും. അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇതുമൂലം ചരക്കുനീക്കം സുഗമമാക്കുകയും നികുതിവെട്ടിപ്പ് കുറയ്ക്കുകയും നികുതിവരുമാന വർദ്ധനവുണ്ടാവുകയും ചെയ്യും.

## ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി വരുമാനത്തിലുണ്ടായ മാറ്റം

79 (3521) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നഷ്ടപരിഹാരമായി കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട കോമ്പൻസേഷൻ തുക കൃത്യമായി ലഭിച്ചിട്ടുണ്ടോ;

(സി) നികുതി വരുമാനത്തിൽ 2017-18 സാമ്പത്തികവർഷം പ്രതീക്ഷിച്ച 25 ശതമാനം വർദ്ധനവ് നേടുവാൻ കഴിയാത്തത് ജി.എസ്.ടി. നടപ്പിലാക്കിയത് മൂലമാണോ; അല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതി വളർച്ച 2018-19-ൽ 20 ശതമാനമാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായി റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ കുറച്ചുള്ള ജി.എസ്.ടി.യാണ് സംസ്ഥാനം പിരിച്ചെടുക്കുന്നതെങ്കിൽ ബാക്കി തുക കേന്ദ്രം നഷ്ടപരിഹാരമായി നൽകും. ദ്വൈമാസ കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്തംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നവംബർ-ഡിസംബർ മാസങ്ങളിലേത് ഇതുവരെ ലഭ്യമായിട്ടില്ല. എന്നിരുന്നാലും നികുതി വരുമാനത്തിൽ നഷ്ടം സംഭവിച്ചു എന്ന് കരുതാനാവില്ല.

(സി) നികുതി വരുമാനത്തിൽ 2017-18 സാമ്പത്തിക വർഷം 25 ശതമാനം വർദ്ധനവ്, പ്രതീക്ഷിച്ചത് ജി.എസ്.ടി. നടപ്പിലാകുമ്പോൾ നികുതി വെട്ടിപ്പിനുള്ള സാധ്യത പരമാവധി കുറയുകയും സേവനത്തിന്മേലുള്ള നികുതിയും കിട്ടുമെന്നതിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രാപ്യസ്ഥാന നികുതി തത്വവും അനുകൂലമാണ്. എന്നാൽ സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ പൂർണ്ണമായ റിട്ടേൺ

ഫയലിംഗ് സാധ്യമാകാതെ വരികയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആധികാരികത ഉറപ്പുവരുത്താനാവാത്ത സാഹചര്യവുമുണ്ട്. കൂടാതെ ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റും പൂർണ്ണ റിട്ടേണില്ലാത്തതിനാൽ മുഴുവൻ ലഭ്യമായിട്ടില്ല. ഇതുകൂടാതെ ജി.എസ്.ടി. നടപ്പിലാക്കിയശേഷം 28 ശതമാനം നികുതി നിശ്ചയിച്ചിരുന്ന, മുമ്പ് 14.5 ശതമാനം നികുതിയുണ്ടായിരുന്ന പല ചരക്കുകളുടെയും നികുതി 18% ആയി കുറച്ചു. ഇതുമൂലം സംസ്ഥാന നികുതി വരുമാനം ഇത്തരം ചരക്കുകളിൽ 9% ആയി കുറഞ്ഞു. ഇത് നികുതി പിരിവിനെ സാരമായി ബാധിക്കുകയും റവന്യൂ ന്യൂട്രൽ തത്വം ലംഘിക്കപ്പെടുകയും ചെയ്തു. ഇതുകൂടാതെ നോട്ട് നിരോധനം പൊതുവെ സാമ്പത്തിക മാന്ദ്യത്തിന് ഇടയാക്കി. ഇതെല്ലാം സംസ്ഥാനത്തിന്റെ നികുതി പിരിവ് പ്രതീക്ഷിച്ച രീതിയിൽ ഉയരാത്തതിന് കാരണമായി.

(ഡി) ജി.എസ്.ടി. സോഫ്റ്റ്വെയർ അത്യാവശ്യം മാറ്റങ്ങളോടുകൂടി ഉടൻതന്നെ പൂർണ്ണമായി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. അതുതന്നെ നികുതി പിരിവ് വർദ്ധിക്കുന്നതിന് കാരണമാകും. കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പൂർത്തീകരിക്കാനുള്ള നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം നടപടികൾ നികുതി പിരിവ് മെച്ചപ്പെടുത്താൻ സാധ്യമാകും. കൂടാതെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെത്തുടർന്നും ഇ-വേ ബിൽ നടപ്പിലാക്കാത്തതിനെത്തുടർന്നും അനധികൃത ചരക്കുനീക്കം വർദ്ധിച്ചതായി വിലയിരുത്തുന്നു. ഇതിനെ ഫലപ്രദമായി നേരിടുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്താനും പ്രവർത്തനം കാര്യക്ഷമമാക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഇ-വേ ബില്ലും 1-4-2018 മുതൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് നിർബന്ധമാക്കും. ഇതെല്ലാം നടപ്പിലാക്കുമ്പോൾ നികുതി പിരിവിൽ കാര്യമായ വർദ്ധന ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ചരക്ക് സേവന നികുതി റിട്ടേൺ നൽകിയിട്ടില്ലാത്തവരുടെ പട്ടിക**

80 (3522) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചരക്ക് സേവന നികുതി റിട്ടേൺ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികളുടെ എണ്ണമെത്രയാണെന്നും ഇതിനോടകം എത്ര വ്യാപാരികൾ റിട്ടേൺ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇനി എത്ര വ്യാപാരികൾ റിട്ടേൺ സമർപ്പിക്കാനുണ്ട്; ഇനിയും റിട്ടേൺ നൽകിയിട്ടില്ലാത്തവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) നികുതിപിരിവിലെ വളർച്ചാ നിരക്ക് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ റിട്ടേണുകൾ സൂക്ഷ്മമായി പരിശോധിച്ചും റിട്ടേൺ നൽകാത്തവരിൽ നിന്നും റിട്ടേണുകൾ നിയമാനുസൃതം ലഭ്യമാക്കിയും രജിസ്ട്രേഷൻ റദ്ദാക്കപ്പെടുന്നവരെ പ്രത്യേകം നിരീക്ഷിച്ചും നികുതി പിരിവ് കൂടുതൽ ഊർജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പുമായി ബന്ധപ്പെട്ട് റിട്ടേൺ ഫയൽ ചെയ്ത വ്യാപാരികളുടെ കണക്കുകൾ താഴെപ്പറയുന്നു: നിയമാനുസൃതം റിട്ടേൺ സമർപ്പിക്കാത്തവരുടെ പട്ടിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

GSTR 1

| മാസം | രജിസ്റ്റർ ചെയ്തിട്ടുള്ളത് | റിട്ടേൺ സമർപ്പിച്ചത് | ശതമാനം (%) |
|---|---|---|---|
| July 2017 | 215597 | 174644 | 81 |
| August 2017 | 227445 | 93004 | 40.89 |
| September 2017 | 234535 | 168181 | 71.71 |
| October 2017 | 239900 | 90781 | 37.84 |
| November 2017 | 246099 | 89114 | 36.21 |
| December 2017 | 250533 | 149081 | 59.51 |
| January 2018 | 248794 | 27381 | 11.01 |

GSTR 3 B

| മാസം | രജിസ്റ്റർ ചെയ്തിട്ടുള്ളത് | റിട്ടേൺ സമർപ്പിച്ചത് | ശതമാനം (%) |
|---|---|---|---|
| July 2017 | 215597 | 194619 | 90.27 |
| August 2017 | 227445 | 199713 | 87.81 |
| September 2017 | 234535 | 202448 | 86.32 |
| October 2017 | 239900 | 199824 | 83.29 |
| November 2017 | 246099 | 198771 | 80.77 |
| December 2017 | 250533 | 195310 | 77.96 |
| January 2018 | 248794 | 182621 | 73.4 |

(സി) റിട്ടേൺ ഫയൽ ചെയ്യാത്തവരുമായി ബന്ധപ്പെട്ട് റിട്ടേണുകൾ ഫയൽ ചെയ്യിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. നിലവിലെ വ്യവസ്ഥയനുസരിച്ച് വിവരങ്ങളുടെ സൂക്ഷ്മപരിശോധന കമ്പ്യൂട്ടർ അധിഷ്ഠിതമാണ്. അതിനാൽ റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടുന്നമുറയ്ക്കേ സൂക്ഷ്മപരിശോധന സാധ്യമാവുകയുള്ളൂ. രജിസ്ട്രേഷൻ റദ്ദാക്കപ്പെടുന്നവരെയും രജിസ്ട്രേഷൻ ബാധ്യതയുള്ളതും എന്നാൽ രജിസ്ട്രേഷൻ എടുക്കാത്തതുമായ വ്യാപാരികളെയും ഫീൽഡ്സർവ്വേ വഴിയും ഇന്റലിജൻസ് വിഭാഗത്തിന്റെ ചരക്കുപരിശോധന വഴിയും കണ്ടെത്തുന്നമുറയ്ക്ക് സ്വമേധയാ രജിസ്ട്രേഷൻ കൊടുക്കാവുന്നതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെറുകിട വ്യാപാരികൾക്ക് ഇ-വേ ബിൽ

81 (3523) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക സംവിധാനങ്ങൾ സ്വന്തമായില്ലാത്ത ചെറുകിട വ്യാപാരികൾക്ക് ഇ-വേ ബിൽ സംവിധാനം എത്രത്തോളം പ്രായോഗികമാണെന്ന് പരിശോധിക്കുമോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

ജി.എസ്.ടി. നിലവിൽ വരുന്നതിന് മുമ്പുതന്നെ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് കേരളത്തിൽ ഓൺലൈൻ ഡിക്ലറേഷൻ സംവിധാനം നിലവിലുണ്ടായിരുന്നു. ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ളവർ ഈ സമ്പ്രദായം ഉപയോഗിച്ചിരുന്നതിനാൽ ഇ-വേ ബിൽ സംവിധാനം അപ്രായോഗികമല്ല.

## ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് അക്കൗണ്ടിലൂടെ നൽകുന്നതിനുള്ള നടപടി

82 (3524) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് അക്കൗണ്ടിലൂടെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ശമ്പളവും പെൻഷനും ട്രഷറി മുഖാന്തരമാകുമ്പോൾ അത് ഏതൊക്കെ തരത്തിലാണ് ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. മുഖാന്തരം പണം പിൻവലിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ ലഭിക്കണമെന്നുള്ളവർക്ക് നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ നൽകിവരുന്നുണ്ട്. ഇതിനായി ജീവനക്കാർ/പെൻഷൻകാർ ഒരു ട്രഷറിയിൽ ശമ്പളം/പെൻഷൻ ക്രെഡിറ്റ് ചെയ്യുന്നതിനായി റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങേണ്ടതാണ്. കോർ സംവിധാനം നിലവിലുള്ളതിനാൽ ജീവനക്കാർക്ക്/ പെൻഷൻകാർക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽ നിന്നും റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കാവുന്നതാണ്.

(ബി) ജീവനക്കാർ ഓപ്ഷൻ നൽകുന്നതനുസരിച്ച് ട്രഷറി മുഖേനയോ, ബാങ്ക് മുഖേനയോ ശമ്പളവും പെൻഷനും വാങ്ങാവുന്നതാണ്. ട്രഷറി മുഖേന ശമ്പളം/പെൻഷൻ വാങ്ങുന്നവർക്ക് തുക മുഴുവനായോ ഭാഗികമായോ തങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. അതിനാൽ തന്നെ ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്നില്ല.

(സി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**കോങ്ങാട് സബ്ട്രഷറിയ്ക്ക് അനുമതി**

83 (3525) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പുതിയതായി എത്ര ട്രഷറികൾ ആരംഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ട്രഷറി സേവനങ്ങളുടെ ആവശ്യങ്ങൾ കൂടിവരുന്ന ഈ കാലഘട്ടത്തിൽ കോങ്ങാട് സബ്ട്രഷറിയ്ക്ക് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11-12-2015-ലെ സ.ഉ (കൈ) 567/15/ധന നമ്പർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ അയർക്കുന്നം ആസ്ഥാനമാക്കി ഒരു സബ്ട്രഷറി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ട്രഷറിയിൽ ഇടപാടുകൾ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലയളവിലാണ്. മറ്റ് ട്രഷറികളൊന്നും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടില്ല.

(ബി) ട്രഷറികളിൽ ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി, GRAS കോർബാങ്കിംഗ് ഹൊറിസോണ്ടൽ കണക്ടിവിറ്റി എന്നിവ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയതിന് ശേഷം മാത്രമേ കോങ്ങാട് കേന്ദ്രമാക്കി പുതിയ ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ സബ്ട്രഷറി സമുച്ചയം**

84 (3526) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ സബ്ട്രഷറി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ധനകാര്യവകുപ്പ് എന്തെങ്കിലും നടപടി സ്വീകിരിച്ചിട്ടുണ്ടോ യെന്നറിയിക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) 2018-19-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി ട്രഷറി വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു.

(ബി&സി) പെരിന്തൽമണ്ണ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പ് വക സ്ഥലം ട്രഷറിക്ക് വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുകയാണ്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിശോധിക്കുന്നതാണ്.

(ഡി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പെരിന്തൽമണ്ണ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ട്രഷറികളിലെ ഓൺലൈൻ സംവിധാനം

85 (3527) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികൾ പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ സേവനങ്ങൾക്ക് ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പണം അടക്കുന്ന രീതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വിവരസാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ട്രഷറികളിൽ നടപ്പിലാക്കിയ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS)-ന്റെ ലക്ഷ്യം. ട്രഷറികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

(1) ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യവും യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യവും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(2) ട്രഷറി അക്കൗണ്ട് ഇടപാടുകൾക്ക് മൊബൈൽ ആപ്ലിക്കേഷൻ സൗകര്യം ലഭ്യമാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(3) നിലവിൽ എല്ലാത്തരം ബില്ലുകളും ഓൺലൈൻ രീതിയിൽ സമർപ്പിക്കുന്നതിനോടൊപ്പം ബില്ലുകളുടെ കടലാസ് പ്രിന്റും (physical copy), ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിട്ട് ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. പൂർണ്ണമായും ഓൺലൈൻ രീതി നടപ്പിൽ വരുത്തുന്നതോടുകൂടി ബില്ലുകളുടെ physical copy സമർപ്പിക്കേണ്ടിവരില്ല. പകരമായി ഡിജിറ്റൽ ഒപ്പോടുകൂടിയ കടലാസ് രഹിത ബില്ല് സമർപ്പണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) സർക്കാർ സേവനങ്ങൾക്ക് ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പണം അടയ്ക്കുന്ന രീതി ഏർപ്പെടുത്തുവാനുള്ള എല്ലാ നടപടികളും പൂർത്തിയായിക്കഴിഞ്ഞു. ആയത് ഉദ്ഘാടന സജ്ജമാണ്. വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി നിലവിൽ പണമായോ, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേനയോ ആണ് ട്രഷറികളിൽ പണം അടയ്ക്കേണ്ടത്. ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ മുഖേനയും സർക്കാർ സേവനങ്ങൾക്കുള്ള പണം ഒടുക്കുവാൻ സാധിക്കുമെന്നതാണ് ഈ രീതിയുടെ പ്രയോജനം.

## ട്രഷറികളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ

86 (3528) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികൾ ഓൺലൈൻ സംവിധാനമൊരുക്കി ഇ-ട്രഷറികളാക്കിയിട്ടും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇടപാടുകാർക്ക് ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ട്രഷറികളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ പ്രാഥമിക ഭാഗമായിട്ടാണ് പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെ പണം അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയത്. ഇ-ട്രഷറി സംവിധാനത്തിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പണം ഒടുക്കുന്നതിനുള്ള നടപടികൾ ഇതിനോടകം പൂർത്തിയാക്കിക്കഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ് മുഖേന പണം ഒടുക്കുന്നതിനുള്ള പദ്ധതി നടപ്പിൽവരുന്നതാണ്.

(ബി) ട്രഷറികളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേന പണം അടയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള നടപടി ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

87 (3529) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം നാളിതുവരെ എത്രപേർക്ക് ചികിത്സാ സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഇക്കാലയളവിൽ എത്ര ആളുകൾക്ക് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ എത്ര ആളുകൾക്ക് 2016-17, 2017-18 കാലയളവിൽ ചികിത്സാസഹായവും പ്രത്യേക ധനസഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം നാളിതുവരെ 64587 പേർക്ക് ചികിത്സാ സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ 560 പേർക്ക് സ്പെഷ്യൽ സാങ്ഷൻ മുഖേന ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകരുടെ വിവരം ലഭ്യമല്ല.

**വനിതകളുടെ ഉന്നമനത്തിനായി ഭാഗ്യക്കുറി**

88 (*T 3530) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളുടെ ഉന്നമനത്തിനുവേണ്ടി സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ നടത്തിയിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) കേരളത്തിലെ പ്രധാന പാതയോരങ്ങളിലും മാർക്കറ്റുകളിലും സ്ത്രീകൾക്കുവേണ്ടി 'ഫ്രഷ് അപ്പ് സെന്ററുകൾ' സ്ഥാപിക്കുന്നതിലേയ്ക്ക് ലോട്ടറി വകുപ്പിന്റെ പരസ്യ ഇനത്തിൽനിന്നും 10 കോടി രൂപ നീക്കിവയ്ക്കുന്നതായ 2017-18-ലെ ബഡ്ജറ്റ് പ്രസംഗ പ്രഖ്യാപനമനുസരിച്ച് ഒന്നാം ഘട്ടമെന്ന നിലയിൽ 525 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രോജക്ടുകൾക്ക് നൽകിയ ലോണുകളിലെ തിരിച്ചടവ്

89 (3531) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ വിവിധ പദ്ധതികൾക്കുവേണ്ടി സമർപ്പിക്കുന്ന പ്രോജക്ടുകളിൽ കാര്യമായ പരിശോധന നടക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;വിശദമാക്കാമോ;

(ബി) പദ്ധതികൾ പരിശോധിക്കുന്നരീതി വ്യക്തമാക്കുമോ; പ്രൊജക്ടുകൾ സാങ്കേതികമായി പരിശോധിക്കുന്ന രീതി വിവരിയ്ക്കുമോ;

(സി) 2016 ജനുവരി മുതൽ നാളിതുവരെയായി ഓരോ ജില്ലയിലും സ്വീകരിച്ച പ്രോജക്ടുകൾ എത്ര; ഇതിൽ എത്ര പ്രൊജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ഡി) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ വിവിധ പ്രോജക്ടുകൾക്ക് നൽകിയ ലോണുകളിൽ തിരിച്ചടവ് വരാത്ത എത്ര കേസുകൾ നിലവിലുണ്ട്; വിശദീകരിക്കുമോ;

(ഇ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ എടുത്ത വകയിൽ എത്ര രൂപ കേരള ഫിനാൻഷ്യൽ കോർപ്പറേഷന് തിരികെ ലഭിക്കാനുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ പദ്ധതികൾക്കായി സമർപ്പിക്കുന്ന പ്രോജക്ടുകൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വിശദമായി പരിശോധിക്കാറുണ്ട്.

(ബി) ഓരോ പ്രോജക്ടും ലഭിക്കുന്ന സമയത്ത് പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുന്നു. അതിനുശേഷം അനുമതി നൽകുന്നതിനുമുമ്പ് ലീഗൽ, ടെക്നിക്കൽ തലത്തിലുള്ള പരിശോധനകളും Financial Viability analysis-ഉം നടത്തുന്നു. ഈ പരിശോധനകൾക്കായി കെ.എഫ്.സി.-യിലെ ഓഫീസർമാരേയും വേണ്ടിവന്നാൽ പുറത്തുനിന്നുള്ള വിദഗ്ദ്ധരെയും നിയോഗിക്കാറുണ്ട്.

(സി)

| ജില്ല | സ്വീകരിച്ച പ്രോജക്ടുകൾ | അനുമതി നൽകിയവ |
|---|---|---|
| തിരുവനന്തപുരം | 146 | 145 |
| കൊല്ലം | 102 | 96 |
| പത്തനംതിട്ട | 59 | 58 |
| ആലപ്പുഴ | 95 | 92 |
| കോട്ടയം | 62 | 59 |
| ഇടുക്കി | 103 | 102 |
| എറണാകുളം | 204 | 199 |
| തൃശ്ശൂർ | 96 | 96 |
| പാലക്കാട് | 92 | 75 |
| മലപ്പുറം | 158 | 150 |
| കോഴിക്കോട് | 127 | 125 |
| വയനാട് | 135 | 135 |
| കണ്ണൂർ | 85 | 84 |
| കാസർഗോഡ് | 133 | 130 |
| ആകെ | 1597 | 1546 |

(ഡി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയ മറുപടി അനുസരിച്ച് ലോണുകളിൽ തിരിച്ചടവ് വരാത്ത കേസ്സുകളൊന്നും തന്നെ ജില്ല. തിരിച്ചടവിൽ കുടിശ്ശിക വരുന്ന കേസ്സുകളിൽ തുക വസൂലാക്കുന്നതിന് നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുപോരുന്നുണ്ട്.

(ഇ) 31-1-2017-ലെ കണക്കുകൾ പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലോൺ നൽകിയ വകയിൽ 2534.54 കോടി രൂപ തിരികെ ലഭിക്കാനുണ്ട്.

**കെ.എസ്.എഫ്.ഇ.യുടെ ഓൺലൈൻ ചിട്ടി**

90 (3532) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. ആന്റണി ജോൺ :

ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴിയുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള ധനസ്രോതസ്സായ കെ.എസ്.എഫ്.ഇ.-യുടെ ഓൺലൈൻ ചിട്ടി, കേന്ദ്ര ചിട്ടി നിയമത്തിൽ വന്ന ഭേദഗതിയോടെ ഉടൻ തന്നെ പ്രവർത്തനമാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബിസിനസ് മേഖലയുടെ വിപുലീകരണത്തിനനുസരിച്ച് കാര്യക്ഷമമായി സേവനങ്ങൾ നൽകുന്നതിന് പര്യാപ്തമായ വിധത്തിൽ കെ.എസ്.എഫ്.ഇ.-യെ വിപുലീകരിക്കാനും നവീകരിക്കാനും പദ്ധതിയുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ പ്രധാന ഇടപാടായ ചിട്ടി കൂടുതൽ ജനകീയമാക്കുന്നതിന് സംസ്ഥാനത്തിനകത്ത് നടത്താനുദ്ദേശിക്കുന്ന സ്ഥാപന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കെ.എസ്.എഫ്.ഇ.-യെ ഒരു ആധുനിക ധനകാര്യ സ്ഥാപനമായി പരിവർത്തിപ്പിക്കാൻ സഹായകമായ സാങ്കേതികവും ഘടനാപരവും ഉപഭോക്തൃ സൗഹൃദവുമായ നവീകരണങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്.

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി അംഗത്വം**

91 (3533) ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടി സംസ്ഥാനത്ത് എന്ന് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വർഷത്തിനുള്ളിൽ എത്രപേരെ ഇതിൽ ചേർക്കുമെന്നും ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഇതിൽ അംഗങ്ങളാകാമെന്നും അംഗങ്ങളാകുന്നതിന് പ്രത്യേക നിബന്ധനകളുണ്ടോയെന്നും വിശദമാക്കാമോ;

(സി) ചിട്ടിയിലേക്ക് ആളുകളെ ആകർഷിക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) എത്ര ലക്ഷം രൂപയുടെ ചിട്ടികൾക്കാണ് തുടക്കത്തിൽ അനുമതി നൽകുന്നത്;

(ഇ) പ്രസ്തുത പദ്ധതി വഴി അടുത്ത മൂന്നു വർഷത്തിനുള്ളിൽ എത്ര കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജി.സി.സി. രാഷ്ട്രങ്ങളിലെ മലയാളികൾക്കാണ് പ്രവാസി ചിട്ടിയിൽ അംഗത്വം നൽകുക. സാധുവായ പാസ്പോർട്ടും വിസയും ഉണ്ടായിരിക്കണം എന്നതാണ് പ്രാഥമികമായ നിബന്ധന. ആദ്യവർഷത്തിൽ ഒരു ലക്ഷം പേരെയെങ്കിലും ഈ ചിട്ടിയിൽ അംഗങ്ങൾ ആക്കാം എന്ന് കരുതുന്നു.

(സി) പ്രവാസികൾക്ക് ആകർഷകമായ നിരവധി പ്രത്യേകതകൾ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികളിൽ രൂപകല്പന ചെയ്തിട്ടുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നു.

1. ഏറെക്കുറെ സമ്പൂർണ്ണമായി ഓൺലൈൻ വഴി കൈകാര്യം ചെയ്യാവുന്ന രീതിയിലാണ് ഈ ചിട്ടികളുടെ രൂപകല്പന. വിദേശത്ത് താമസിച്ചു കൊണ്ടുതന്നെ ചിട്ടിയിൽ ചേരാനും പണമടയ്ക്കാനും ലേലത്തിൽ പങ്കെടുക്കുവാനും ഇതുവഴി സാധിക്കുന്നു. മാത്രമല്ല കമ്പ്യൂട്ടർ വഴിയോ മൊബൈൽ ആപ്പ് വഴിയോ സ്വന്തം അക്കൗണ്ട് ഏതു സമയത്തും പരിശോധിക്കുവാൻ ഇടപാടുകാർക്ക് കഴിയുന്നു. സദാസമയവും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ സെന്റർ മറ്റൊരു പ്രത്യേകതയാണ്.

2. മറ്റ് ചിട്ടികളിൽനിന്ന് വിഭിന്നമായി കുറേയധികം മൂല്യവർദ്ധിത പദ്ധതികൾ പ്രവാസി ചിട്ടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷയാണ് ആദ്യത്തേത്. ഇതുവഴി, ദൗർഭാഗ്യവശാൽ ചിട്ടി ഇടപാടുകാരൻ/

കാരി മരിക്കുകയോ അല്ലെങ്കിൽ തൊഴിലെടുക്കാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 10 ലക്ഷം രൂപവരെയുള്ള ബാധ്യതകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

3. ദൗർഭാഗ്യവശാൽ വരിക്കാരൻ/കാരി വിദേശത്തുവച്ച് മരണമടഞ്ഞാൽ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള സഹായിയുടെ ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള യാത്രാച്ചെലവ് കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്.

4. പ്രവാസി ഇടപാടുകാരൻ/കാരി ആവശ്യപ്പെടുന്നതനുസരിച്ച് ചിട്ടി വിളിച്ചെടുക്കുമ്പോൾ തുക പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റാവുന്നതാണ്.

പ്രവാസി ചിട്ടിയിലടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ.-യും കിഫ്ബി-യും തമ്മിലുള്ള സവിശേഷ കരാറിലൂടെ കിഫ്ബിയിലെത്തുകയും അതിന് ചിട്ടിപ്പണം നൽകിയതിനുശേഷം ബാക്കിവരുന്ന സംഖ്യ കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് ഉപയോഗിക്കാവുന്നതുമാണ്. ഇതുവഴി വിദേശത്തു താമസിച്ചു കൊണ്ടുതന്നെ പ്രവാസികൾക്ക് കേരള വികസനത്തിൽ പങ്കാളികളാകാൻ കഴിയുന്നു.

(ഡി) ഒരു ലക്ഷം മുതൽ പത്തുലക്ഷം രൂപ വരെയുള്ള ചിട്ടികളാണ് തുടക്കത്തിൽ അനുമതി നൽകുന്നത്.

(ഇ) പ്രസ്തുത പദ്ധതിയിലൂടെ മൂന്ന് വർഷത്തിനുള്ളിൽ പതിനായിരം കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രവാസി ചിട്ടികളിലൂടെ സമാഹരിക്കുന്ന തുക കിഫ്ബിയിലേയ്ക്ക് മാറ്റുകയും ഈ തുക കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജന പ്പെടുത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

## പ്രവാസി ചിട്ടി നടപടികളുടെ പുരോഗതി

92 (3534) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി രൂപീകരണവും നടത്തിപ്പും സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചിട്ടി എന്നു മുതൽ ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രവാസി ചിട്ടിയുടെ നടത്തിപ്പിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ, ചിട്ടി രജിസ്ട്രേഷനും ചിട്ടി ലേലവും ഓൺ ലൈൻ സംവിധാനംവഴി നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ തുടങ്ങിയവ തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം തമ്പാനൂരിൽ വെർച്വൽ ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ താമസിയാതെ തുടങ്ങുന്നതാണ്. ഇതുസംബന്ധിച്ച് ഇപ്പോൾ ത്തന്നെ പ്രവാസികളുടെയും ബന്ധുക്കളുടെയും സംശയ ദൂരീകരണത്തിനും മറ്റ് വിവര ശേഖരണത്തിനുമായി ഒരു കസ്റ്റമർ കെയർ സെന്ററും വെബ്സൈറ്റും പ്രവർത്തിച്ചുവരുന്നു.

(ബി) അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ്**

93 (3535) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ വാഹനങ്ങൾ ഇൻഷ്വർ ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സർക്കാർ വാഹനങ്ങൾ മാത്രമാണോ ഈ വകുപ്പുമുഖാന്തരം ഇൻഷ്വർ ചെയ്യാൻ കഴിയുന്നത്;

(സി) എങ്കിൽ സ്വകാര്യ വാഹനങ്ങൾ കൂടി ഇൻഷ്വർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 1972-ലെ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് (ദേശസാത്കരണം) ആക്ടിന്റെ 36(1)എ വകുപ്പ് പ്രകാരം സർക്കാർ, അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി സംസ്ഥാന സർക്കാർ നേരിട്ടോ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്നതോ ആയ എല്ലാ സ്ഥാപനങ്ങളുടെയും മോട്ടോർ വാഹന ഇൻഷ്വറൻസുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം ചെയ്യുന്നു.

(ബി&സി) അല്ല. സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള അർദ്ധ സർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്തിട്ടുള്ള സ്വകാര്യ വാഹനങ്ങളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം ഇൻഷ്വറൻസ് ചെയ്യാവുന്നതാണ്. ഇതൊഴികെ മറ്റേതൊരു സ്വകാര്യ വാഹനവും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി ഇൻഷ്വർ ചെയ്യുന്നതിന് നിലവിലുള്ള ഇൻഷ്വറൻസ് നിയമങ്ങൾ അനുവദിക്കുന്നില്ല.

## മുദ്രപ്പത്രങ്ങൾ, കോർട്ട് ഫീ സ്റ്റാമ്പ് എന്നിവ ലഭ്യമാക്കാൻ നടപടി

94 (T 3536) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്ത് രൂപ കോർട്ട് ഫീ സ്റ്റാമ്പ് ലഭിക്കാനില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദൗർലഭ്യത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) വസ്തുവിൽപ്പന കരാറുകൾ, സ്കോളർഷിപ്പ് അപേക്ഷകൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് അനിവാര്യമായ മുദ്രപ്പത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പുകൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 10 രൂപയുടെ ജുഡീഷ്യൽ സ്റ്റാമ്പുകൾക്ക് ട്രഷറികളിൽ മതിയായ നീക്കിയിരുപ്പ് ഉള്ളതിനാൽ ടി ഇനം സ്റ്റാമ്പുകൾ ലഭ്യമാകാത്ത സ്ഥിതിവിശേഷം നിലവിലില്ല.

(ബി) സംസ്ഥാനത്ത് പ്രാദേശികമായി 50, 100 രൂപ മുദ്രപത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ മുദ്രപ്പത്ര ലഭ്യതയുള്ള മറ്റ് ട്രഷറികളിൽനിന്നും മുദ്രപത്രം എത്തിച്ച് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ കുറഞ്ഞ മൂല്യമുള്ള മുദ്രപ്പത്രങ്ങളുടെ പുനർമൂല്യനിർണ്ണയംവഴി 50, 100 രൂപ മുദ്രപ്പത്രങ്ങൾ ലഭ്യതക്കുറവുള്ള ട്രഷറികൾക്ക് എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## കുറഞ്ഞ മൂല്യമുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം

95 (T 3537) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത് രൂപ മുതൽ അഞ്ഞൂറ് രൂപ വരെ മൂല്യമുള്ള മുദ്രപ്പത്രങ്ങൾ ലഭിയ്ക്കാത്തതുമൂലം ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രാദേശികമായി 50, 100 രൂപ മുദ്രപ്പത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു.

500 രൂപയുടെ മുദ്രപ്പത്രത്തിന് 14 ലക്ഷത്തോളം സ്റ്റോക്ക് ട്രഷറികളിൽ ഉള്ളതിനാൽ ടി ഇനത്തിന് സംസ്ഥാനത്ത് ഒരിടത്തും ലഭ്യതക്കുറവ് ഉള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 50, 100 രൂപയുടെ മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽ പ്പെട്ടപ്പോൾ തന്നെ മുദ്രപ്പത്ര ലഭ്യതയുള്ള മറ്റ് ട്രഷറികളിൽനിന്നും മുദ്രപത്രം എത്തിച്ച് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ കുറഞ്ഞ മൂല്യമുള്ള മുദ്രപ്പത്രങ്ങളുടെ പുനർമൂല്യനിർണ്ണയംവഴി 50, 100 രൂപ മുദ്രപത്രങ്ങൾ ലഭ്യതക്കുറവുള്ള ട്രഷറികൾക്ക് എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കയർ വില വ്യതിയാന സ്ഥിരത ഫണ്ട്**

96 (3538) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില സ്ഥിരതയ്ക്കുവേണ്ടിയും വില വ്യതിയാനം പരിഹരിക്കുന്നതിനുവേണ്ടിയും വില വ്യതിയാന സ്ഥിരത ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിൽ കയർ സംഭരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണി വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കയർ ഉത്പന്ന നിർമ്മാണ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് ന്യായവില നൽകി സംഭരിക്കുന്നു. ക്രയവില സ്ഥിരതാപദ്ധതി പ്രകാരവും ഉത്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. കയർ ഉത്പന്നങ്ങൾക്ക് ന്യായമായ വില

ഉറപ്പുവരുത്തിക്കൊണ്ട് ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരേയും സ്റ്റോക്കിസ്റ്റുമാരേയും കണ്ടെത്തുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾവഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. വാങ്ങൽ വിലയേക്കാളും 10 മുതൽ 50 ശതമാനം വരെ നിരക്കിൽ പ്രൈസ് ഫ്ലക്ച്വേഷൻ ഫണ്ടിൽനിന്നും സഹായം നൽകി കയർ വിൽപ്പന നടത്തിയും സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയും വില സ്ഥിരത ഉറപ്പാക്കിവരുന്നു. ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ടുപയോഗിച്ച് കയർ കോർപ്പറേഷൻ ന്യായവില നൽകി ഉൽപ്പന്ന സംഘങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ സംഭരിച്ച് കയറ്റുമതിക്കാർക്ക് വിപണനം ചെയ്യുമ്പോൾ വിലയിൽ ഡിസ്കൗണ്ട് നൽകുകയും കയർ ഉൽപ്പന്ന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് സർവ്വീസ് ചാർജ്ജ് നൽകുകയും ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡ്ഡിനും കയർ കോർപ്പറേഷനുമായി 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കയർഫെഡ് ആണ് കയർ സംഭരിച്ചുവരുന്നത്.

(ഡി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണി വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ വിപണി വികസന സഹായ പദ്ധതി (മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ്സ്) നടപ്പിലാക്കിവരുന്നു. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും പൊതു വിപണിയിലെ വിൽപ്പനയുടെ 3 വർഷത്തെ ശരാശരിയുടെ 10 ശതമാനം തുക വിപണി വികസന സഹായമായി അനുവദിക്കുന്നു. ടി പദ്ധതിക്കായി സംസ്ഥാന സർക്കാരും കേന്ദ്രവും 1:1 റേഷ്യോയിൽ വിഹിതം പങ്കിടുന്നു.

ടി പദ്ധതി പ്രകാരം അനുവദിക്കുന്ന തുക, പ്രചാരണം, പുതിയ പ്രദർശന/ വിൽപ്പനശാലകൾ, നിലവിലുള്ള വിൽപ്പനശാലകളുടെ നവീകരണം, ഗോഡൗണുകൾ, വിപണിയെക്കുറിച്ചുള്ള പഠനം, ഡിസ്കൗണ്ട് കൊടുക്കൽ ഉൾപ്പെടെയുള്ള നൂതന വിപണന തന്ത്രങ്ങൾ ഇ-കോമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

2017-18 വർഷ ബഡ്ജറ്റിൽ ടി പദ്ധതിക്കായി 880 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരുന്നു. ടി തുക 26 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കുമായി അനുവദിച്ചു. ആനുപാതിക കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള അപേക്ഷ കയർ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

## കയർ ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് നടപടി

97 (3539) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കയറിന്റെ ഉപഭോഗം വർദ്ധിപ്പിച്ച് കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് കയറിന്റെ ഉപഭോഗം വർദ്ധിപ്പിച്ച് കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആഭ്യന്തര-വിദേശ വ്യാപാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബയർ സെല്ലർ മേളകൾ, കയർ കാർണിവൽ എന്നിവ സംഘടിപ്പിച്ചു. 2017-ലെ ഓണക്കാലത്ത് കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ഥാപിച്ച സ്റ്റാളുകൾ വഴി ഡിസ്കൗണ്ട് നിരക്കിൽ കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു. നറുക്കെടുപ്പിലൂടെ അർഹരായവർക്ക് വിവിധ സമ്മാനങ്ങളും വിതരണം ചെയ്തുകൊണ്ട് വിപണനം കൂടുതൽ ആകർഷകമാക്കി. 2017-ലെ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പ് വയ്ക്കുകയും കയർ ഭൂവസ്ത്ര വിതാന പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. കയർ ഭൂവസ്ത്ര വിതാന പദ്ധതിയിലൂടെ കയർ യാണിന്റെ ഡിമാന്റ് കൂട്ടാനും കയർ പിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

സംസ്ഥാനത്തെ കയർ വ്യവസായ മേഖലയെ നവീകരിക്കുന്നതിന് ഈ സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉത്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പാദിപ്പിച്ച് കയർ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉത്പന്ന വൈവിധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ

സ്വയം പര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 HP യുടെ 65 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷീനറി ഫാക്ടറിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടകം 2525 ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡ്ഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000-ത്തോളം ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർ പിരിമേഖല പൂർണ്ണമായി യന്ത്രവത്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവത്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് മാത്രമേ യന്ത്രവത്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉത്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.

കയർ ഉത്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു കയർ ഉത്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. <u>കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം</u>

പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് മറ്റേതൊരു മേഖലയിലുമുള്ള സഹകരണ സംഘങ്ങളേയും പോലെ കയർ സഹകരണ സംഘങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളി. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് ആധുനികവത്കരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം നടപ്പിലാക്കി. 2017-18 സാമ്പത്തിക വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 6.92 കോടി രൂപ 274 സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു.

2. <u>കയർ ഭൂവസ്ത്ര വികസന പരിപാടി</u>

ഹരിത കേരളം പരിപാടിയുടെ ഭാഗമായി കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജല സംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടെയും കുളങ്ങളുടെയും ഭിത്തി സംരക്ഷണം എന്നീ പ്രവർത്തികൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് 120 കോടി രൂപയുടെ ധാരണാപത്രം ആലപ്പുഴയിൽ നടന്ന കയർ കേരള 2017-ൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. കയർ ഭൂവസ്ത്രം വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാന്റ് കൂടാനും കയർ പിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

3. <u>മാനേജീരിയൽ സബ്സ്ഡി</u>

കയർ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ സംഘങ്ങളിൽ നടപ്പാക്കേണ്ട പദ്ധതിയുടെ ചുമതലയുള്ള സംഘം സെക്രട്ടറിമാർക്ക് സംഘത്തിന്റെ സാമ്പത്തിക പരാധീനത കാരണം വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ആയതിനാൽ കയർ പിരി സംഘങ്ങളിലേയും കയർ മാറ്റ്സ് സംഘങ്ങളിലേയും സെക്രട്ടറി, മാനേജ്മെന്റ് തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ എന്നിവരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിത കാലയളവിലേയ്ക്ക് സർക്കാർ മുഖാന്തരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുകയും 3 കോടി രൂപ എസ്.ഡി.ജി. വഴി നൽകുകയുമുണ്ടായി. 10 പ്രോജക്ടുകളിലുമായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിലെ മാനേജീരിയൽ സബ്സിഡി നൽകുന്നതിനായി 2,07,15,000 രൂപയുള്ള ഭരണാനുമതിയും നൽകി. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായി.

4. <u>എൻ.സി.ഡി.സി. പദ്ധതി</u>

കയർമേഖലയുടെ ആധുനികവത്കരണം/യന്ത്രവത്കരണം ലക്ഷ്യംവച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തുക കണ്ടെത്തുന്നതിന് സർക്കാർ മുന്നോട്ടുവച്ച പദ്ധതിയാണിത്.

കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

1) കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം, ഡീഫൈബറിംഗ്, സ്പിന്നിംഗ് & വീവിംഗ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, കൂടാതെ വിപണി വികസനത്തിന് ധനസഹായം നൽകുക.

2) വിലസ്ഥിരതയ്ക്കും വരുമാന സ്ഥിരതയ്ക്കും പ്രാധാന്യം നൽകി, സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക.

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡ്ഡിനും കേരള സംസ്ഥാന കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എം.ഡി.എ. പദ്ധതി പ്രകാരം 880 ലക്ഷം രൂപയും പി.എം.ഐ. പദ്ധതി പ്രകാരം 550 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കയർ വ്യവസായ മേഖലയെ നവീകരിക്കുന്നതിന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ ബേപ്പൂർ, കണിച്ചുകുളങ്ങര മുതലായ ഫാക്ടറികളിൽ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

യന്ത്രവത്കരണത്തിന്റെ ഭാഗമായി ആധുനിക ചകിരി ഉത്പാദന യൂണിറ്റുകളും കയർപിരി യൂണിറ്റുകളും മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകളും നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ**

98 (3540) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സംരംഭകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും ഏകജാലക സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി മുന്നോട്ട് വരുന്നവർക്ക് താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നു :

- സംരംഭകന്റെ പ്രായോഗിക പരിജ്ഞാനവും അനുഭവ സമ്പത്തും അഭിരുചിയും കണക്കിലെടുത്ത് ഏത് പ്രോജക്ടിലാണ് അദ്ദേഹത്തിന് വിജയിക്കുവാൻ കഴിയുക എന്ന കാര്യത്തിൽ ഉപദേശം നൽകുന്നു.

- പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ശിപാർശ ചെയ്യുന്നു.

- ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സംരംഭകനുവേണ്ടി ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകുന്നു.

- വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ കൈതാങ്ങ് സഹായം നൽകുന്നു.

- ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ കൗണ്ടർ, സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് എന്നിവ മുഖാന്തിരം സഹായം നൽകുന്നു.

- ബിസിനസ് ഇൻക്യുബേഷൻ സെന്റർവഴി സംരംഭകന് സമഗ്രമായ അറിവും മറ്റ് സഹായങ്ങളും പ്രദാനം ചെയ്യുന്നു.

- സ്ഥല ലഭ്യതയ്ക്കനുസരിച്ച് വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും സ്ഥലം നൽകുന്നു.

- ജില്ലാതല മിനി വ്യവസായ സഹകരണ സംഘങ്ങൾ മുഖേന മിനി വ്യവസായ എസ്റ്റേറ്റുകളിൽ ഷെഡ്ഡുകൾ പണിത് നൽകുന്നു.

- വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്കായി ഷെഡ്ഡുകൾ ലഭ്യത അനുസരിച്ച് അനുവദിക്കുന്നു.

- അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് തുടങ്ങിയവ ഒരുക്കി വ്യവസായ പാർക്കുകൾ നൽകിവരുന്നു.

- സംരംഭക സഹായ പദ്ധതി പ്രകാരമുള്ള സബ്സിഡി ആനുകൂല്യങ്ങൾ അർഹരായ സംരംഭകർക്ക് നൽകുന്നു.

- പുതിയ സാങ്കേതിക വിദ്യ, മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും സംരംഭകന് അറിവ് പകർന്ന് നൽകുന്നതിനും സെമിനാറുകൾ, നിക്ഷേപ സംഗമങ്ങൾ, സംരംഭക ബോധവൽക്കരണ പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകത്വ വികസന പരിപാടികൾ തുടങ്ങിയവ നടത്തുന്നു.

- സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ സമയബന്ധിതമായി ലഭിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വ്യവസായ പാർക്ക് തലത്തിലും ഏകജാലക സംവിധാനം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

- സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി സംരംഭകത്വ സഹായ പദ്ധതി (ESS) മുഖാന്തിരം സാമ്പത്തികാനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് ചെറുകിട വ്യവസായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക സംവിധാനം ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

വ്യവസായസംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും കിൻഫ്രയുടെ എല്ലാ വ്യവസായ പാർക്കുകളിലും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച ഒരു അപേക്ഷാഫോറം) പ്രസ്തുത ഏകീകൃത അപേക്ഷാ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം കൊണ്ടു വരാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽനിന്നുള്ള അനുമതി കാലതാമസമില്ലാതെ ലഭ്യമാക്കാവുന്നതാണ്.

വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ കിട്ടുന്നതിനായി ഓൺലൈനിൽ കൂടി ലഭിക്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുക, അവയുടെ പുരോഗതി വിലയിരുത്തുക, വിവിധ വകുപ്പുതല പരിശോധനകൾ ഏകോപിപ്പിക്കുക, നിശ്ചിത സമയത്തിനുള്ളിൽ സംരംഭകർക്ക് അനുമതി നൽകുക എന്നീ ലക്ഷ്യങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ഇൻവെസ്റ്റ്മെന്റ് & പ്രൊമോഷൻ ഫെസിലിറ്റേഷൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്.

## വ്യവസായ വകുപ്പിൽ ഡ്രൈവർ ആയിരിക്കെ മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ ആനുകൂല്യങ്ങൾ

99 (3541) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് ഡയറക്ടറേറ്റിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരവെ 15-7-2015-ന് മരണപ്പെട്ട ഡി.എസ്. സജികുമാറിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി;

(ബി) അദ്ദേഹത്തിന്റെ സർവ്വീസ് ബുക്കും പെൻഷൻ ബുക്കും ഇപ്പോൾ ഏത് സെക്ഷനിലാണെന്നും ആരുടെ കൈവശമാണ് ഉള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) മരണപ്പെട്ടയാളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് തുക അവകാശികൾക്ക് എന്ന് കൈമാറാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) സജികുമാർ മരണപ്പെട്ട് രണ്ടര വർഷം കഴിഞ്ഞിട്ടും യാതൊരുവിധ ആനുകൂല്യങ്ങളും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും പലിശ ഈടാക്കി ആയത് ആനുകൂല്യങ്ങൾക്കൊപ്പം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മരണപ്പെട്ട ശ്രീ. സജികുമാർ ഡി.എസ്.ന്റെ അനന്തരാവകാശികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ടുള്ള അക്കൗണ്ടന്റ് ജനറൽ തിരുവനന്തപുരത്തിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ സേവനകാലത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പൂർത്തിയായിട്ടില്ല. ആയതിനാൽ ടിയാന് ബാധ്യത ഒന്നും തന്നെയില്ല എന്നുള്ള സർട്ടിഫിക്കറ്റ് കയർ വികസന ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബാധ്യത രഹിത/ബാധ്യത സർട്ടിഫിക്കറ്റ് നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് ട്രഷറിയിലേയ്ക്ക് നൽകുവാൻ സാധിക്കുകയുള്ളൂ.

(ബി) ബി. സജികുമാർ ഡി.എസ്. ന്റെ സർവ്വീസ് ബുക്കും പെൻഷൻ ബുക്കും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി 23-12-2017-ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലേയ്ക്ക് കൈമാറുകയുണ്ടായി. എന്നാൽ പ്രസ്തുത സേവന പുസ്തകം ഉൾപ്പെടെ അന്ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സ്വീകരിച്ച തപാലുകളെല്ലാം തന്നെ അന്നേ ദിവസം ടി ഓഫീസിൽ നിന്ന് നഷ്ടപ്പെടുകയും ആയത് നാളിതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

(സി) മരണപ്പെട്ട സജികുമാറിന്റെ അവകാശികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് തുക ഇൻഷ്വറൻസ് ഓഫീസിൽ നിന്നും അവകാശികൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ മൈനറായ മകൻ കൈലാസ് എസ്.-ന് അനുവദിച്ച ഇൻഷ്വറൻസ് തുക നിക്ഷേപിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റേയും മാസ്റ്റർ കൈലാസിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് സബ് ട്രഷറി വികാസ് ഭവൻ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത തുക നിക്ഷേപിക്കുന്നതിനുള്ള നടപടി പൂർത്തിയായതിനു ശേഷം മാത്രമേ ടിയാന്റെ ഭാര്യ ശ്രീമതി സിന്ധുകുമാരിക്കും മകൾ മാളവിക. എസ്-നുമുള്ള തുക കൈമാറാൻ സാധിക്കുകയുള്ളൂ.

(ഡി) ടിയാനെതിരെ നിലവിലുണ്ടായിരുന്ന പോലീസ് കേസ്സിൽ തീർപ്പുണ്ടാക്കുന്നതിനുണ്ടായ കാലതാമസവും അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ വച്ച് സർവ്വീസ് ബുക്കടക്കം നഷ്ടപ്പെട്ടതുകാരണവും ആനുകൂല്യങ്ങൾ നൽകുന്നതിൽ താമസം നേരിട്ടിട്ടുണ്ട്. ഇപ്പോൾ ടിയാന്റെ പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ അനുവദിക്കുകയുണ്ടായി.

(ഇ) ഇക്കാര്യത്തിൽ ബോധപൂർവ്വമായ കാലതാമസം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ശ്രീ. സജികുമാർ ഡി.എസ്.-ന് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## വ്യവസായികൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകുന്നതിലുള്ള പുരോഗതി

100 (3542) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകജാലക സംവിധാനത്തിലൂടെ വ്യവസായികൾക്ക് വിവിധ അനുമതികൾ നല്കുന്നതിലുള്ള സംസ്ഥാനത്തിന്റെ പുരോഗതി കേന്ദ്ര സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതിൻ പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിച്ച റാങ്കിംഗിൽ 2015,2016, 2017 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ റാങ്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് എന്ന സൂചിക. കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനാണ് (ഡി.ഐ.പി.പി.) നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങളുടെ റാങ്കുകൾ നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും റാങ്ക്

ഡി.ഐ.പി.പി. നിർണ്ണയിക്കുന്നത്. ഇതിൽ ഏകജാലക സംവിധാന മാനദണ്ഡത്തിൽ ഓരോ സംസ്ഥാനവും വ്യവസായ അനുമതികൾ നൽകുന്നതും വിലയിരുത്തുന്നുണ്ട്.

2015-ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ 90 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 18 ആയിരുന്നു. 2016-ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017-ൽ ഡി.ഐ.പി.പി. നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുടെ റാങ്കിംഗ് ഇപ്പോൾ നടന്നുവരികയാണ്. 2016-ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്.

2017-ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 51.99 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി.ഐ.പി.പി.യുടെ റാങ്കിംഗ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017-ലെ കേരളത്തിന്റെ റാങ്കും നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടുകയുള്ളൂ.

(സി) രാജ്യത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന സൂചികയാണ് " ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" . വ്യവസായ അനുകൂല സാഹചര്യങ്ങൾ നൽകുകവഴി നിക്ഷേപത്തിന് ആക്കം കൂട്ടുന്നതിനും അതുവഴി ലോക റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് കേന്ദ്ര സർക്കാർ ഇത് ആവിഷ്കരിക്കുന്നത്. വ്യവസായ സംരംഭങ്ങൾക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്.

വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിവിധ വകുപ്പുകളിലെ നിലവിലുള്ള നിയമങ്ങൾ /ചട്ടങ്ങൾ /ഉത്തരവുകൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പഠനം നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും അടങ്ങിയ പഠന റിപ്പോർട്ട് ഉന്നത തലങ്ങളിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട പരിഷ്കാര നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി.

നടപടിക്രമങ്ങൾ ലളിതവും വേഗത്തിലുമാക്കുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2018 വിജ്ഞാപനം ചെയ്തു. ഇത് ഈ നിയമസഭാ സമ്മേളന കാലയളവിൽ ബില്ലായി അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

## കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലനിലവാരം

101 (3543) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെട്ടിടനിർമ്മാണ സാമഗ്രികളുടെ 2017 ജനുവരിയിലെയും 2018 ജനുവരിയിലെയും വിലനിലവാരം ലഭ്യമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ കെട്ടിടനിർമ്മാണ സാമഗ്രികളുടെ 2017-18 സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിലെ ആധികാരികമായ വിലനിലവാരം പ്രസിദ്ധീകരിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിലെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലനിലവാരം അനുബന്ധമായി ചേർക്കുന്നു*.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

102 (3544) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 2011 മുതൽ കേരളത്തിൽ പൂട്ടി കിടന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിവരിക്കുമോ;

(ബി) ഏതെങ്കിലും പുതിയ പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇത്തരത്തിൽ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണ്; പേരുസഹിതം ജില്ലതിരിച്ച് വിവരിക്കുമോ;

(ഡി) ഏറ്റവും ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെ; വിവരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ 2011 മുതൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടിക്കിടക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2010-11 കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ യൂണിറ്റുകൾ (9 എണ്ണം) പുതുതായി ആരംഭിച്ചിട്ടുണ്ട്. അവയുടെ വിവരം അനുബന്ധം -1 ആയി ചേർക്കുന്നു.* ഇത്തരത്തിൽ സൃഷ്ടിച്ച തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 27 സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്നു. അവയുടെ ജില്ല തിരിച്ചുള്ള പേരുവിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(ഡി) 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനുള്ള നടപടികൾ**

103 (3545) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്.എൽ.എൽ, ബി.എം.ഇ.എൽ, കൊരട്ടി പ്രസ്സ് എന്നിവ സ്വകാര്യവൽക്കരിക്കുവാൻ നീക്കം നടക്കുന്നത് വ്യവസായവകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വകയിരുത്തുകയും 13 കോടി രൂപ അധികമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത് പുരോഗമിച്ചുവരുന്നു. ആഗോളതലത്തിൽ മരുന്ന് വിൽക്കുന്നതിനുള്ള അംഗീകാരം ലഭിച്ച കെ.എസ്.ഡി.പി.-യുടെ വിപുലീകരണവും ആധുനികവത്കരണവും സർക്കാർ പ്രാഥമിക പരിഗണന നൽകി നടത്തി വരികയാണ്. കെൽ, കേരളാ ആട്ടോമൊബൈൽസ്, BHEL-EML Ltd. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാധ്യതയും പരിശോധിക്കുന്നതാണ്. കേരളാ ഹാർഡ്‌വെയർ മിഷന്റെ ഭാഗമായി ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നിംഗ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായ രീതിയിൽ ആവശ്യമായ കോട്ടൺ യഥാസമയം വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്.എൽ.എൽ., ബി.എം.ഇ.എൽ. എന്നിവ സ്വകാര്യവൽക്കരിക്കുവാനോ ഓഹരി വിറ്റഴിക്കുന്നതിനോ ഉള്ള ശ്രമം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൊരട്ടി പ്രസ് സ്വകാര്യവൽക്കരണം സംബന്ധിച്ച ഔദ്യോഗിക വിവരം രേഖാമൂലം സർക്കാരിൽ ലഭിച്ചിട്ടില്ല.

## കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

104 (3546) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് ഉണ്ടായിരുന്ന ബാധ്യതകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇത്തരം ബാധ്യതകൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലാവധി കഴിയുന്ന 2016 മേയ് മാസം വരെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ട്സ് മരവിപ്പിച്ചതിനെത്തുടർന്ന് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർക്കാൻ, ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക, സർവ്വീസിൽനിന്ന് പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി തുക, VAT, എക്സൈസ് ഡ്യൂട്ടി, എംപ്ലോയിസ് സൊസൈറ്റി കുടിശ്ശിക തുടങ്ങിയ ഇനത്തിൽ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുത്ത് തീർക്കാനുള്ളത് എന്നീ ഇനങ്ങളിലായി 14.11 കോടി രൂപയുടെ ബാധ്യതയുണ്ടായിരുന്നു. കൂടാതെ വർക്കിംഗ് കാപിറ്റൽ ലോൺ, ഐ.ഡി.എഫ്. ലോൺ എന്നീ ഇനങ്ങളിൽ കാലാകാലങ്ങളായി ആകെ 28.96 കോടി രൂപ സംസ്ഥാന സർക്കാരിന് തിരിച്ചുനൽകാനുണ്ട്. കെ.എ.എൽ. ഉത്പന്നമായ ആട്ടോറിക്ഷ വിപണിക്ക് സ്വീകാര്യമായ രീതിയിൽ ആധുനികവത്കരിച്ച് നിർമ്മിക്കാൻ കഴിയാത്തതുമൂലം ഏതാനും വർഷങ്ങളായി സ്ഥാപനം വിപണന രംഗത്ത് പ്രതിസന്ധി നേരിട്ടുവരികയായിരുന്നു. കൂടാതെ 2017 ഏപ്രിൽ 1 മുതൽ കേന്ദ്ര സർക്കാർ BS IV norms പ്രകാരമുള്ള കർശന നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരുത്തുന്ന സാഹചര്യത്തിൽ ഉത്പാദനം തുടരാൻ കഴിയാത്ത അവസ്ഥയുണ്ടായി. ഇത് മറികടക്കാൻ സ്വീകരിച്ച പല പദ്ധതികളും പ്രതീക്ഷയ്ക്കൊത്ത് വിജയം കണ്ടില്ല. ഇക്കാരണങ്ങളാൽ കമ്പനിയുടെ പ്രവർത്തനം മന്ദീഭവിക്കുകയും സാമ്പത്തിക ബാധ്യത അധികരിക്കുകയും ചെയ്തു.

(ബി) നിലവിലുള്ള സർക്കാർ അധികാരമേറ്റശേഷം കേരള ഓട്ടോമൊബൈൽസിന്റെ പുനരുദ്ധാരണത്തിനായി ഐ.എസ്.ആർ.ഒ.-യിൽ നിന്ന് വർക്കുകൾ അധികമായി സമാഹരിക്കുന്നതിന് വേണ്ടിയുള്ള മെഷിനറികൾ സ്ഥാപിക്കുന്നതിനായി 26-2-2018-ലെ സ.ഉ. (സാധാ) നമ്പർ 205/2018/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ആട്ടോറിക്ഷകൾ നിർമ്മിക്കാനുള്ള പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

105 (3547) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-2016 കാലയളവിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നു നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻകാലത്ത് നഷ്ടത്തിലായിരുന്നതും അല്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ഏതെല്ലാം സ്ഥാപനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞുവെന്നും, ഓരോന്നും കൈവരിച്ച നേട്ടങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും സർക്കാർ തുടർനടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 2011-12 മുതൽ 2016-17 വരെയുള്ള കാലയളവിൽ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം RIAB മുഖേന നടത്തിയിട്ടുണ്ട്. കൂടാതെ RIAB മുഖേന മാസംതോറും നടത്തി വരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നുനൽകുവാൻ സഹായകമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായി നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2015-16-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17-ൽ ലാഭത്തിലാകുകയുണ്ടായി:

| Sl.No. | Company | Net Profit/ Loss (Rs. Crores) | |
|---|---|---|---|
| | | 2015-16 | 2016-17 (Prov.) |
| 1. | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | -4.47 | 8.53 |
| 2. | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | -7.37 | 6.33 |
| 3. | ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ് | -9.70 | 1.52 |
| 4. | ട്രാൻസ്ഫോർമേഴ്സ്& ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | -14.79 | 1.06 |
| 5. | സ്റ്റീൽ&ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | -0.77 | 2.14 |

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സ്ഥാപനങ്ങളുടെ നവീകരണ, വിപുലീകരണ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു.

**സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്**

106 (3548) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഇരുമ്പ് ഉരുക്ക് വ്യവസായ ശൃംഖലയായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്(സിൽക്ക്) 2018-19 സാമ്പത്തിക വർഷത്തിൽ അധിക വിറ്റുവരവ് ലക്ഷ്യമിടുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ഈ പൊതുമേഖലാ സ്ഥാപനം ലാഭത്തിലാണോ; 2011 മുതൽ നാളിതുവരെയുള്ള പ്രസ്തുതസ്ഥാപനത്തിന്റെ ലാഭ-നഷ്ടകണക്കുകൾ സംബന്ധിച്ച വിവരം വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് കാറ്റഗറി തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഡി) പ്രതിമാസം ശമ്പളം, റ്റി. എ., ഡി.എ. ഇനങ്ങളിൽ ചെലവാകുന്ന ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി അഴീക്കൽ യൂണിറ്റിൽ ബോട്ടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞത് കൂടാതെ ഉറവൂർ യൂണിറ്റിൽ ഫർണിച്ചർ ഷോറൂം, ചേർത്തല സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ കൂടുതൽ ഓർഡറുകൾ നടപ്പിലാക്കുന്നതിനുള്ള നവീകരണ പ്രവൃത്തികൾ, ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിൽ ലാബ് സൗകര്യം ഏർപ്പെടുത്തി റെയിൽവേയിൽനിന്നുള്ള ഓർഡറുകൾ, ഡി.ഐ. കാസ്റ്റിംഗുകൾക്കുവേണ്ടി പുതിയ ഫർണസ് സ്ഥാപിച്ച് പുതിയ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി എന്നിവ 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചുവരുന്നു.

(ബി) 2011-12 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ ലാഭത്തിന്റെ വിവരം ചുവടെ ചേർക്കുന്നു: 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷമേ ലഭ്യമാകുകയുള്ളൂ.

| വർഷം | ലാഭം (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 66.58 |
| 2012-13 | 121.28 |
| 2013-14 | 3.18 |
| 2014-15 | 2.40 |
| 2015-16 | 27.00 |
| 2016-17 | 1.99 |

(സി) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ ജീവനക്കാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| തസ്തിക | 1-3-2018 വരെ ലഭ്യമായ കണക്ക് |
|---|---|
| മാനേജിംഗ് ഡയറക്ടർ | 1 |
| ജനറൽ മാനേജർ | 2 |
| ഡെപ്യൂട്ടി ജനറൽ മാനേജർ | 0 |
| സീനിയർ മാനേജർ | 3 |
| മാനേജർ | 1 |
| ഡെപ്യൂട്ടി മാനേജർ | 1 |
| അസിസ്റ്റന്റ് മാനേജർ | 2 |
| എൻജിനീയർ/ഓഫീസർ | 3 |
| ഡെപ്യൂട്ടി ഓഫീസർ/ഡെപ്യൂട്ടി എൻഞ്ചിനീയർ | 0 |
| അസി.ഓഫീസർ/ അസി.എൻഞ്ചിനീയർ | 11 |
| തൊഴിലാളികൾ/ഓഫീസ് ജീവനക്കാർ | 96 |
| ആകെ | 120 |

(ഡി) പ്രതിമാസം ശമ്പളം, റ്റി.എ., ഡി.എ. ഇനങ്ങളിലായി ചെലവാകുന്ന ആകെ തുക 48,78,566 രൂപയാണ്.

**നഷ്ടത്തിൽനിന്നും കരകയറിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

107 (3549) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടത്തിൽ നിന്നും കരകയറിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടത്തിൽനിന്നും കരകയറിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | കമ്പനി | ലാഭ-നഷ്ടം (കോടി രൂപയിൽ ) | |
|---|---|---|---|
| | | 2015-16 | 2016-17 (Prov) |
| 1 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | -4.47 | 8.53 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | -7.37 | 6.33 |
| 3 | ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ് | -9.70 | 1.52 |
| 4 | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | -14.79 | 1.06 |
| 5 | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | -0.77 | 2.14 |

**പൊതുമേഖലയിലെ വ്യവസായ സംരംഭങ്ങൾ**

108 (3550) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ വ്യവസായ സംരംഭങ്ങൾ അരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയംപര്യാപ്തത കൈവരിക്കാനാവശ്യമായതും ദീർഘകാല നിലനിൽപ്പിനാവശ്യമായതുമായ നടപടികൾക്കാണ് സർക്കാർ പ്രഥമവും പ്രധാനവുമായ പരിഗണന നൽകിവരുന്നത്. ആയതിനാൽ ഇപ്പോൾ ഈ വകുപ്പിന്റെ കീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

109 (3551) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ(കെ.എസ്.ഐ.ഡി.സി.) നൽകുന്ന സംഭാവനകൾ വിശദമാക്കുമോ;

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ പ്രധാന ചുമതലകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വ്യവസായങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇനിഷ്യേറ്റീവ് സംരംഭങ്ങൾ, ഓൺലൈൻ ക്ലിയറൻസ് സംവിധാനങ്ങൾ എന്നിവ കെ.എസ്.ഐ.ഡി.സി. മുഖേനയാണോ നടപ്പാക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കെ.എസ്.ഐ.ഡി.സി. യുടെ പങ്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാനത്തിന്റെ വ്യവസായിക പുരോഗതിക്കും നിക്ഷേപവർദ്ധനവിനുംവേണ്ടി 1961-ൽ സ്ഥാപിതമായ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള പ്രമുഖ വികസന ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികളും ആനുകൂല്യങ്ങളും ലഭ്യമാക്കിയും ഇടത്തരവും വലുതുമായ വ്യവസായ സംരംഭങ്ങളെ സംസ്ഥാനത്ത് സ്ഥാപിച്ച് വ്യവസായ വളർച്ച നേടുന്നതിനുള്ള ഭൗതികവും, സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് കെ.എസ്.ഐ.ഡി.സി.യുടെ ദൗത്യം. കഴിഞ്ഞ 5 പതിറ്റാണ്ടുകൊണ്ട് സംസ്ഥാനതലത്തിലും, ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും നടക്കുന്ന നിക്ഷേപക സംഗമങ്ങളിലും എക്സിബിഷനുകളിലും പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ നിക്ഷേപ സാധ്യതകൾ കൂടുതൽ നിക്ഷേപകരിലേയ്ക്ക്

എത്തിക്കുന്നതിന് നേതൃത്വം നൽകുന്നതും കെ.എസ്.ഐ.ഡി.സി.യാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളോടൊപ്പം യുവ സ്റ്റാർട്ടപ്പ് സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

വ്യവസായ വളർച്ചയ്ക്കായി കെ.എസ്.ഐ.ഡി.സി.യിൽ നിന്നും ലഭ്യമാക്കുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>സാമ്പത്തിക സഹായം</u>:

- ആകർഷകമായ പലിശ നിരക്കിൽ ഇടത്തരം വൻകിട വ്യവസായങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം.
- പ്രവർത്തന മൂലധനം.
- ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ വായ്പകൾ.
- കോർപ്പറേറ്റ് ലോൺ മുതലായവ.

2. <u>അടിസ്ഥാന സൗകര്യ വികസനം</u>

- വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലൂടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ (കോഴിക്കോട് ജില്ലയിലെ കിനാലൂരിലും കണ്ണൂർ ജില്ലയിലെ വലിയ വെളിച്ചത്തിലും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ)
- മേഖലാധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനങ്ങൾ (തിരുവനന്തപുരം ജില്ലയിലെ ലൈഫ് സയൻസ് പാർക്ക്, ആലപ്പുഴ ജില്ലയിലെ മെഗാഫുഡ് പാർക്ക്, എറണാകുളം ജില്ലയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്)

3. <u>ഏകജാലക സംവിധാനം വഴി അനുമതികളും, ക്ലിയറൻസുകളും ലഭ്യമാക്കൽ</u> :

- വ്യവസായത്തിനാവശ്യമായ എല്ലാ അനുമതികളും, ക്ലിയറൻസുകളും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസി.
- പദ്ധതികളുടെ ആശയ രൂപീകരണം മുതൽ പ്രവർത്തനതലം വരെ മുന്നോട്ട് നയിക്കൽ.

4. <u>യുവ/സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള പദ്ധതികൾ</u>:

• ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകളിലൂടെ സ്റ്റാർട്ടപ്പ് സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനം.

• സീഡ് ക്യാപിറ്റൽ അസിസ്റ്റന്റ്സ് സ്കീമിലുള്ള സാമ്പത്തിക സഹായം.

• മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിക്കൽ

മേൽപ്പറഞ്ഞവ കൂടാതെ സർക്കാർ വകുപ്പുകൾക്ക് വിവിധ മേഖലകളിൽ നടപ്പാക്കാൻ കഴിയുന്ന നിക്ഷേപ പദ്ധതികൾക്കുള്ള നോഡൽ ഏജൻസിയായും കെ.എസ്.ഐ.ഡി.സി. പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി സർക്കാർ ഈസ് ഓഫ് ഡൂയിങ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിയോഗിച്ചിട്ടുണ്ട്.

(സി) അതെ. വ്യവസായ സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായി പരിഷ്കാരങ്ങൾ വരുത്തുന്നതിലേയ്ക്കുള്ള പഠനം നടത്തുവാൻ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുകയും അപ്രകാരം ലഭിച്ച റിപ്പോർട്ട് ഉന്നത തലങ്ങളിൽ ചർച്ചയ്ക്ക് വിധേയമായതിനുശേഷം കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലേറ്റഷൻ ഓർഡിനൻസ് 2018 പുറപ്പെടുവിച്ചിരുന്നു. ഈ നിയമസഭാ കാലയളവിൽ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ബിൽ തയ്യാറാക്കി സഭയുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു ഓൺലൈൻ ക്ലിയറൻസ് സംവിധാനം നടപ്പിലാക്കുന്നതാണ്. വ്യവസായം തുടങ്ങുവാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് 12-10-2017-ലെ G.O (Ms) No. 100/17/ID, പ്രകാരം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ (IPFC) രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ വ്യവസായ വളർച്ചാ കേന്ദ്രം കേരളത്തിൽ നടപ്പിലാക്കുന്ന ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. കേരളത്തിലെ പിന്നോക്ക ജില്ലകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ സാമ്പത്തിക ഉന്നമനം കൈവരിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി

കെ.എസ്.ഐ.ഡി.സി. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ ജില്ലകളിലായി ഏകദേശം 1100 ഏക്കർ ഭൂമി ഏറ്റെടുത്ത് വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി. ഒരുക്കിയിട്ടുണ്ട്. വ്യവസായ വളർച്ചാ കേന്ദ്രത്തിന് സംരക്ഷണ ഭിത്തി, സെക്യൂരിറ്റി, ക്യാബിൻ, ഗേറ്റ്, റോഡ്, വൈദ്യുതി വിതരണ ശൃംഖല, സബ് സ്റ്റേഷൻ, ജലവിതരണ ശൃംഖല, മലിനജല ശുദ്ധീകരണ പ്ലാന്റ് എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഭൂമിക്ക് പുറമേ കെട്ടിട സൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടങ്ങളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വനിതാ ജീവനക്കാരുടെ സൗകര്യാർത്ഥം കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ക്രഷ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 68 ഏക്കർ സ്ഥലത്ത് 125 കോടി രൂപ മുതൽ മുടക്കിൽ കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മെഗാ ഫുഡ് പാർക്ക് പദ്ധതി അന്തിമഘട്ടത്തിലാണ്.

## വ്യവസായ വികസനത്തിൽ പ്രവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന മാതൃകകൾ

110 (3552) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ പ്രവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന മാതൃകകൾ/പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ലോക കേരള സഭയെ സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയുമായി ബന്ധിപ്പിക്കുന്നതിന് ഉതകുന്ന ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കാൻ സന്നദ്ധരായവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്നതിനും അവർക്ക് മറ്റ് സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയും നോർക്ക, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ സെന്റർ സംരംഭം തുടങ്ങുന്നതിനുള്ള വിവിധ അനുമതികൾ നേടുന്നതിന് ഒരു ഏകജാലക സംവിധാനമായി പ്രവർത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രവാസികളുടെ നിക്ഷേപം കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലകൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിന് വിനിയോഗിക്കുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി പ്രവാസികൾക്കായി പ്രത്യേക ആകർഷതകളുള്ള ചിട്ടിക്ക് രൂപം കൊടുക്കുന്നുണ്ട്. പ്രസ്തുത ചിട്ടിയിലൂടെ പ്രവാസികളുടെ ഗണ്യമായ നിക്ഷേപം സർക്കാരിന്റെ മേൽനോട്ടത്തിൽ നാട്ടിലെ വിവിധ അടിസ്ഥാന സൗകര്യവികസന പ്രോജക്ടുകളുടെ വിപുലീകരണത്തിന് വിനിയോഗിക്കാനാണ് വിഭാവനം ചെയ്യുന്നത്.

(ബി) ഉണ്ട്. ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കായി താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്:

- പ്രവാസികളായ വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർ<u>ത്തു</u>ന്നതിനുവേണ്ടി പ്രവാസി വാണിജ്യ ചേമ്പറുകൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേമ്പറുകൾ എന്ന നിലയിലാണ് ഉദ്ദേശിക്കുന്നത്. ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേമ്പറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോള തലത്തിൽ കേരളീയരായ വ്യവസായ വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

- എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൊഫഷണലുകളുടെ സേവനം കേരളത്തിന്റെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം.

## ചെറുകിട വ്യവസായികൾക്ക് സഹായ പദ്ധതികൾ

111 (3553) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ കേരളത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ചെറുകിട വ്യവസായികൾക്ക് ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എന്തൊക്കെ പുതിയ സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-5-2016 മുതൽ 31-1-2018 വരെ 27143 യൂണിറ്റുകൾ ഉദ്യോഗ് ആധാർ എന്ന കേന്ദ്ര സർക്കാർ വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഒരു വ്യവസായം യാഥാർത്ഥ്യമാക്കുന്നതിന് വ്യവസായ സ്ഥാപനങ്ങൾക്കുള്ള നിയമപരമായ അനുമതികൾ എളുപ്പത്തിൽ ലഭിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നിലവിലെ ആക്ടുകളിൽ ഭേദഗതി വരുത്തി " ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ബിൽ " സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയിലാണ്.

- കേരള പഞ്ചായത്ത് ആക്ട് 1994
- കേരള മുനിസിപ്പാലിറ്റി ആക്ട് 1994
- കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേഴ്സ് ആക്ട് 2013
- കേരള ഗ്രൗണ്ട് വാട്ടർ ആക്ട് 2002
- കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978
- കേരള ഷോപ്പ് ആന്റ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960
- കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999.

വ്യവസായ ജാലകം പദ്ധതി

എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ ജാലകം എന്ന പദ്ധതിവഴി നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെയും വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ റ്റാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നു.

സംരംഭകത്വ സഹായ പദ്ധതി

പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി പത്ത് ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ പത്ത് ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം 'വൈറ്റ്' വിഭാഗത്തിൽപ്പെട്ട ഉത്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽ പ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6 ശതമാനം സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 ശതമാനം വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

ഇ.ഡി. ക്ലബ്ബ്

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു.

ഇൻകുബേഷൻ സെന്ററുകൾ

പുതിയ വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യലക്ഷ്യത്തോടുകൂടി എം.എസ്.ഇ.സി.ഡി.പി. പദ്ധതി നടപ്പിലാക്കിവരുന്നു.

ആഷ സ്കീം

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

ഹാന്റിക്രാഫ്റ്റ്സ് അവാർഡ്

കരകൗശല മേഖലയിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ മികച്ച സംരംഭങ്ങളുടെ ഉടമകളായ കരകൗശല വിദഗ്ദ്ധർക്ക് ഹാന്റിക്രാഫ്റ്റ്സ് അവാർഡ് 2016 മുതൽ നൽകിവരുന്നു.

വാർദ്ധക്യകാല പെൻഷൻ

കരകൗശല മേഖലയിൽ പ്രവർത്തിച്ചുവരുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള സംരംഭകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ Old age Pension to the Handicrafts Master Craftsman എന്ന പദ്ധതി പ്രകാരം ആനുകൂല്യം നൽകിവരുന്നു.

പശ്ചാത്തല വികസന പദ്ധതികൾ

വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്ന വികസനത്തിനും ഉല്പാദന പ്രക്രിയയിൽ നൂതനമായ മാറ്റങ്ങൾ വരുത്തുന്നതിനും സഹായിക്കുന്ന രീതിയിൽ സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ബന്ധപ്പെട്ട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അവരുടെ ആവശ്യകത മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ അറിയിച്ച് അവരുടെ സഹായത്തോടെ തയ്യാറാക്കുന്ന ഗവേഷണ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ വേണ്ട സാമ്പത്തിക സഹായം നൽകുവാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി സർക്കാർ പരിഗണനയിലാണ്.

മറ്റു പദ്ധതികൾ

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികളും നടത്തിവരുന്നു.

**ചെറുകിട വ്യവസായങ്ങൾക്കുള്ള കേന്ദ്ര വിഹിതം**

112 (3554) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് 2014-15 മുതൽ 2017-18 വരെ കാലയളവിൽ എത്ര രൂപ കേന്ദ്ര വിഹിതം ആയി സംസ്ഥാന സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് 2014-15 മുതൽ 2017-18 വരെ, ചുവടെ ചേർത്തിരിക്കുന്ന ക്ലസ്റ്റർ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1609.18 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

| നമ്പർ | പദ്ധതി | പദ്ധതി തുക(ലക്ഷത്തിൽ) |
|---|---|---|
| 1 | റൈസ് മില്ലേഴ്സ്, ക്ലസ്റ്റർ കാലടി, എറണാകുളം | 10.78 |
| 2. | ജനറൽ എഞ്ചിനീയറിംഗ് ക്ലസ്റ്റർ മഞ്ചേരി, മലപ്പുറം | 98.04 |
| 3. | വുഡ് ക്ലസ്റ്റർ, ചടയമംഗലം, കൊല്ലം | 162.24 |
| 4. | ഫർണിച്ചർ ക്ലസ്റ്റർ, തളിപ്പറമ്പ്, കണ്ണൂർ | 568.17 |
| 5. | ഓഫ് സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, കണ്ണൂർ | 769.95 |
| | ആകെ | 1609.18 |

(ബി) പ്രസ്തുത തുകയിൽ 1452.45 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കി 156.73 ലക്ഷം രൂപ കണ്ണൂർ പ്രിന്റിംഗ് ക്ലസ്റ്ററിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി ചെലവഴിച്ചുവരുന്നു.

## സൂക്ഷ്മ - ചെറുകിട വ്യവസായ മേഖലയിൽ വൈദഗ്ദ്ധ്യ വികസന പരിപാടി

113 (3555) ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വൈദഗ്ദ്ധ്യ വികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഈ മേഖലയിൽ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംരംഭകർക്കുള്ള ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ വിവിധ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷം എത്ര രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഈ മേഖലയിൽ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു:

1. <u>സംരംഭകത്വ വികസന പരിപാടി</u>

ഒരു സംരംഭം വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള കഴിവ് സംരംഭകരിൽ വളർത്തിയെടുക്കുന്നതിനായി ഓരോ പ്രദേശത്തിന്റെയും അനുയോജ്യമായ മേഖലയിൽ 30 പേരടങ്ങുന്ന ബാച്ചുകളിലായി 15 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനമാണ് സംരംഭകത്വ വികസന പരിപാടി മുഖേന നൽകുന്നത്.

2. <u>നിക്ഷേപ സംഗമം</u>

നിക്ഷേപ സാധ്യത പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ താലൂക്ക് തലത്തിൽ നടത്തുന്ന പരിപാടിയിൽ നിക്ഷേപകർക്കും സംരംഭകർക്കും സാമ്പത്തികാനുബന്ധ സ്ഥാപനങ്ങൾക്കും പരസ്പരം ആശയ വിനിമയത്തിനുള്ള അവസരം നിക്ഷേപ സംഗമം വഴി ലഭിക്കുന്നു.

3. <u>ടെക്നോളജി ക്ലിനിക്</u>

സംരംഭകർക്ക് സാങ്കേതികമായ പരിജ്ഞാനം നൽകുന്ന ടെക്നോളജി ക്ലിനിക് പരിപാടിയിൽ സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ജില്ലാതലത്തിൽ രണ്ടു ദിവസത്തെ പരിപാടിയാണ് ടെക്നോളജി ക്ലിനിക് വഴി നടത്തുന്നത്.

4. സംരംഭക ബോധവത്കരണ പരിപാടി

വിദ്യാർത്ഥികളിൽ സംരംഭകത്വശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകൾ, ഐ.ഐ.റ്റി.കൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. സാധ്യമായ അവസരങ്ങളെക്കുറിച്ചും നിലവിലെ സാഹചര്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കാൻ ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നു.

5. ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം

സംസ്ഥാനത്തെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കൾക്ക് വിവിധ മേഖലകളിൽ നൈപുണ്യ വികസനത്തിനുള്ള പരിശീലനം ജില്ലാതലത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം വഴി നൽകുന്നു. ഓരോ ജില്ലയ്ക്കും അനുയോജ്യമായ ജി.വൈ.ബി., എസ്.ഐ.വൈ.ബി. പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംഘടിപ്പിക്കുന്ന സംരംഭകർക്കുള്ള ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, വിവിധ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് 8 കോടി രൂപ നടപ്പുസാമ്പത്തിക വർഷം 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം

114 (3556) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലനില്പ് പ്രതിസന്ധിയിലായ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ സ്ഥിതി വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രതിസന്ധിയിലായ ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് വേണ്ടി ഫണ്ട് രൂപീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജിയോ ടാഗിംഗ് മുഖേന അത്തരം 602 യൂണിറ്റുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, വ്യവസായ വികസന ഓഫീസർമാർ, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വാണിജ്യ സ്ഥാപനങ്ങളിലെ (ധനകാര്യം, സാങ്കേതികം, വാണിജ്യം) വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.കളെ കണ്ടെത്തുകയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും 'വ്യവസായ മിത്ര'യെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരത്തിൽ കണ്ടെത്തിയ വ്യവസായ സംരംഭങ്ങൾക്ക് ധനസഹായവും വായ്പയും നൽകുന്നത് കേരള എം.എസ്.എം.ഇ. പുനർജ്ജീവന ട്രസ്റ്റ് ഫണ്ടാണ്. ഈ ട്രസ്റ്റ് ഫണ്ടിൽ 100 കോടി രൂപ കോർപ്പസ് ഫണ്ടും ബാക്കി ഭാഗം കോ-ഓപ്പറേറ്റീവ് ബാങ്കുകൾ (അർബൻ, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്ക്) എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ട കൺസോർഷ്യവും വഹിക്കുന്നു.

2018-19 ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന്റെ സമാന വിഹിതമായ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ ഭൂമി

115 (3557) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ ഭൂമി അവിടെത്തന്നെയുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് മാത്രം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഈ ഭൂമി തൊഴിൽരഹിതരായ ചെറുകിട വ്യവസായ തല്പരർക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാനത്ത് സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകളിൽ ഒഴിവുള്ള ഭൂമി അവിടെ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് മാത്രം അനുവദിച്ച് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ നേരിട്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നില്ല. വ്യവസായ സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിലാണ് അവ പ്രവർത്തിക്കുന്നത്. പ്രസ്തുത സഹകരണ സംഘങ്ങളുടെ നിയമാവലി അനുസരിച്ചാണ് ഭൂമി വിതരണം ചെയ്യുന്നത്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഭരണ സമിതിയുടെ അംഗീകാരത്തോടെ അർഹരായ ചെറുകിട വ്യവസായ സംരംഭകർക്ക് നൽകി വരുന്നു.

**ജല-വ്യോമ ഗതാഗത കേന്ദ്രങ്ങൾക്ക് അനുബന്ധമായി വ്യവസായ മേഖല**

116 (3558) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ ജില്ലയിലെയും അനുയോജ്യമായ വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് വിമാനത്താവളങ്ങളെയും പ്രധാന തുറമുഖങ്ങളെയും ബന്ധിപ്പിച്ച് വ്യവസായ മേഖലയും വാണിജ്യ പാർക്കും നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൊച്ചി മുതൽ പാലക്കാട് വരെ ഒരു ഹൈടെക് വ്യവസായ ഇടനാഴി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന വികസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് കൈമാറാൻ കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം വന്നിട്ടുമുണ്ട്. ചെന്നൈ-ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിച്ച് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് ഇത്. പ്രസ്തുത വ്യവസായ ഇടനാഴിയിൽ ഉൾപ്പെടുന്ന കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളും കൊച്ചി, ബേപ്പൂർ തുറമുഖങ്ങളും മറ്റ് ഗതാഗത സംവിധാനങ്ങളും ബന്ധിപ്പിച്ച് വ്യവസായ മേഖലയും വാണിജ്യ പാർക്കുകളും രൂപീകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കലാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര, വിമാനത്താവളങ്ങളെയും പ്രധാന തുറമുഖങ്ങളെയും ബന്ധിപ്പിച്ച് പട്ടന്നൂർ-പനയത്തുംപറമ്പ്, തൊടുപുഴ, മങ്കട, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിൽ 5 ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## സിറ്റി ഗ്യാസ് പദ്ധതി

117 (3559) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പിനിൽ നിന്നും പൈപ്പ് ലൈൻ വഴി ഗ്യാസ് വിതരണം ചെയ്യുന്ന സിറ്റി ഗ്യാസ് പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പദ്ധതി പ്രദേശം നിലകൊള്ളുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-ൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) സിറ്റി ഗ്യാസ് പദ്ധതി എറണാകുളം ജില്ലയിലെ എല്ലാ പ്രദേശങ്ങളും ഉൾപ്പെട്ടിട്ടുള്ളതിനാൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ ഉൾപ്പെടുത്തുന്നതാണ്.

## വൈറ്റ് ജിപ്സവും റെഡ് ജിപ്സവും ഉപയോഗപ്പെടുത്തി സിമന്റ് ഉത്പാദനം

118 (3560) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിൽനിന്നും ലഭ്യമാകുന്ന ഉപോൽപ്പന്നങ്ങളായ വൈറ്റ് ജിപ്സം, റെഡ് ജിപ്സം എന്നിവ മലബാർ സിമന്റിന്റെ ഉൽപ്പാദന പ്രക്രിയയിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അപ്രകാരം സാധിക്കുമെങ്കിൽ പ്രതിദിനം എത്ര ടൺ വൈറ്റ് ജിപ്സവും റെഡ് ജിപ്സവും ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും ലഭ്യമാകുന്ന ഉപോൽപ്പന്നമായ വൈറ്റ് ജിപ്സം ആവശ്യമായ ഗുണനിലവാരത്തിൽ ലഭ്യമായാൽ മലബാർ സിമന്റ്സിന്റെ ഉൽപ്പാദന പ്രക്രിയയിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കും.

(ബി) മലബാർ സിമന്റ്സിന്റെ ചേർത്തലയിലെ സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റിൽ ഇത് സംബന്ധമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. തുടർച്ചയായി ഒരേ ഗുണനിലവാരം പുലർത്തുകയാണെങ്കിൽ ഉത്പാദന പ്രക്രിയയ്ക്ക് ഉതകുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രതിദിനം 5 ടൺ വൈറ്റ് ജിപ്സം മലബാർ സിമന്റ്സിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും.

## ആറ്റുമണൽ ഇറക്കുമതി

119 (3561) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് നിന്ന് ആറ്റുമണൽ ഇറക്കുമതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അനുമതിക്കായി സംസ്ഥാന സർക്കാരിന് ഏതെങ്കിലും കമ്പനി അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏതെല്ലാം കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും സർക്കാർ എടുത്ത തീരുമാനം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) മുമ്പ് കേരളത്തിലേക്ക് മണൽ ഇറക്കുമതി ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഏത് കമ്പനി എത്ര ടൺ മണലാണ് ഇറക്കുമതി ചെയ്തതെന്നും എതെല്ലാം കേന്ദ്രങ്ങളിലാണ് വിൽപ്പന നടത്തിയതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കേന്ദ്ര സർക്കാരിന്റെ കീഴിലെ ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ 7-11-2014-ലെ 97-ാം നമ്പർ വിജ്ഞാപനത്തിൽ നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി വിദേശത്തുനിന്ന് മണൽ ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വിൽപ്പന നടത്തുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കി

20-2-2018-ലെ 57/എ 3/2018/വ്യവ. നമ്പർ സർക്കാർ സർക്കുലറിൽ ഉണ്ട്. 2017-18 സാമ്പത്തിക വർഷം മൈനിംഗ് & ജിയോളജി വകുപ്പിൽ ഇറക്കുമതി ചെയ്ത മണൽ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള അനുമതിക്കായി 3 കമ്പനികൾ അപേക്ഷകൾ നൽകിയിട്ടുണ്ട്. മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത ആറ്റുമണൽ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് എറണാകുളം ജില്ലാ ഓഫീസിൽ 1) മെ.എം.ആർ.എ. രാമയ്യ എന്റർപ്രൈസസ് (പ്രൈ) ലിമിറ്റഡ്, തമിഴ്നാട്, 2) മെ. ഓറിയന്റൽ എക്സിം ഏജൻസി എറണാകുളം, 3) മെ. വേൾഡ് വിൻഡോ ഇംപെക്സ് (പ്രൈ) ലിമിറ്റഡ് ന്യൂഡൽഹി എന്നീ കമ്പനികൾ അപേക്ഷ നൽകുകയും ആദ്യത്തെ രണ്ട് കമ്പനികൾക്ക് യഥാക്രമം 43,807 മെട്രിക് ടൺ, 45,000 മെട്രിക് ടൺ മണൽ വിൽക്കുവാൻ ഡീലേഴ്സ് ലൈസൻസ് അനുവദിക്കുകയും മൂന്നാമത്തെ കമ്പനിയായ മെ. വേൾഡ് വിൻഡോ ഇംപെക്സ് (പ്രൈ) ലിമിറ്റഡിന് 46,000 മെട്രിക് ടൺ മണൽ വിൽക്കുവാനുള്ള അനുവാദം നൽകുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ ഇപ്രകാരം ഇറക്കുമതി ചെയ്ത മണൽ മറ്റു ജില്ലകളിൽ സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുവാൻ പത്തനംതിട്ട ജില്ലയിൽ മെ.എസ്.ജി. ഇൻഫ്രാസ്ട്രക്ചർ & ട്രേഡിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനവും പാലക്കാട് ജില്ലയിൽ മെ. എസ്സേജ് ഇൻഡ്യ സ്ട്രക്ച്ചർ ആന്റ് ട്രേഡിംഗ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനവും കൊല്ലം ജില്ലയിൽ 1) മെ.എസ്.ജി. ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ട്രേഡിംഗ് കമ്പനി, 2) മെ. എഫ്.ടു.എച്ച്. എന്നീ സ്ഥാപനങ്ങളും ജില്ലാ ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ മെ.എസ്.ജി. ഇൻഫ്രാസ്ട്രക്ചർ ആന്റ് ട്രേഡിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഡീലേഴ്സ് ലൈസൻസ് അനുവദിക്കുകയും മറ്റ് ജില്ലകളിലെ അപേക്ഷകളിന്മേൽ ജില്ലാ ഓഫീസുകൾ നടപടി സ്വീകരിച്ചുവരികയുമാണ്.

(ഡി&ഇ) കേരളത്തിലേയ്ക്ക് ഈ സാമ്പത്തിക വർഷത്തിന് മുമ്പും മണൽ ഇറക്കുമതി ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിന് മുമ്പ് എറണാകുളം ജില്ലയിൽ കമ്പോഡിയയിൽ നിന്നും ഇറക്കുമതി ചെയ്ത മണൽ വിൽക്കുന്നതിന് 1) മെ.സൺ ആന്റ് സാൻഡ്സ് കൊച്ചിൻ എന്ന സ്ഥാപനത്തിന് 74,098 മെട്രിക് ടൺ മണലിനും 2 മെ. ടൈറ്റാനിക്ക് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 23,000 മെട്രിക് ടൺ മണലിനും 3 മെ. രുദ്രാ കമ്മോഡിറ്റീസ് ആന്റ് എനർജി 1,33,044 മെട്രിക് ടൺ മണലും വിൽപ്പന നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസുകൾ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ ആലപ്പുഴ ജില്ലയിൽ മെ.എ.ആർ.എൻ. ഏജൻസീസ് ചേർത്തല എന്ന സ്ഥാപനത്തിന് 23,000 മെട്രിക് ടൺ മണൽ വിൽപ്പന നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്.

## തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

120 (3562) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാഭത്തിലായ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്:

1. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ്, 2. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 3. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, 4. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 5. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്, 6. തിരുവനന്തപുരം സ്പിന്നിംഗ് മിൽ, 7. ടെക്സ്ഫെഡ്, 8. ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, 9. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, 10. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 11. കെൽപാം, 12. സിഡ്കോ, 13. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 14. കിൻഫ്ര, 15. ഹാന്റെക്സ്.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാഭത്തിലായ സ്ഥാപനമാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്.

(സി) വ്യവസായ വകുപ്പിന്റെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ നിർദ്ദേശങ്ങൾ, മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തൽ തുടങ്ങിയ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചുവരുന്നു.

**മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി**

121 (3563) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഇപ്പോൾ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്; അവ ഓരോന്നിന്റെയും പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ മറ്റ് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഒഴിഞ്ഞ് കിടക്കുന്ന ഭൂമിയിൽ മറ്റ് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കഴിയാതെ വരുമ്പോൾ വ്യവസായികേതര ആവശ്യങ്ങൾക്ക് ഈ കേന്ദ്രത്തിലെ ഭൂമി വിട്ടു നൽകാൻ പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ കായിക വകുപ്പിന്റെ പരിഗണനയിലുള്ള നിർദ്ദിഷ്ട പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വിട്ടുനൽകുമോ?

ഉത്തരം

(എ-ഡി) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ സ്ഥലം ഇൻകെൽ - കെ.എസ്.ഐ.ഡി.സി. പ്രോജക്ട് ലിമിറ്റഡ് (ഇൻകിഡ്) എന്ന സ്ഥാപനത്തിന് ദീർഘകാല പാട്ട വ്യവസ്ഥയിൽ വ്യവസായികമായി ഉപയുക്തമാക്കുന്നതിനു വേണ്ടി നൽകിയിരിക്കുകയാണ്. ഇവിടെ ഇൻകിഡ് മുഖാന്തരം 12 വ്യവസായ സ്ഥാപനങ്ങൾക്കും മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്ഥലം നൽകിയിട്ടുണ്ട്. (വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത വ്യവസായ പാർക്കിൽ വ്യാവസായിക ഉപയോഗത്തിനായി സ്ഥലം അനുവദിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് ഇത്തരം കേന്ദ്രങ്ങളുടെ ലക്ഷ്യം. വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വ്യാവസായികേതര ആവശ്യങ്ങൾക്ക് സ്ഥലം നൽകുന്നത് അഭികാമ്യമല്ല.

### ഐ.ഒ.സി.-യുടെ പുതുവൈപ്പിനിലെ പദ്ധതി

122 (3564) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ. ഒ. സി.-യുടെ പുതുവൈപ്പിനിലെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഇതുവരെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയെന്നും, പ്രവൃത്തികൾക്കായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഐ.ഒ.സി.-യുടെ പുതുവൈപ്പിനിലെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഇതുവരെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾക്കായി 315.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

### സ്പൈസസ് പാർക്ക്

123 (3565) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മുട്ടം വില്ലേജിൽ സ്പൈസസ് പാർക്ക് തുടങ്ങുന്ന നടപടി ഏതുഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് സ്പൈസസ് പാർക്കിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ആയതിന്റെ ഡി.പി.ആർ. കിൻഫ്ര തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ സ്പൈസസ് പാർക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിക്കുന്നതിന് കിൻഫ്ര കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ മന്ത്രാലയത്തിന് (MSME) ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് 12.5 കോടി രൂപയാണ്. ഇതിൽ 6 കോടി രൂപയുടെ കേന്ദ്ര ധനസഹായം ലഭിക്കും. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം കേന്ദ്ര മന്ത്രാലയത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സുഗന്ധ വ്യഞ്ജന മേഖലയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കി മൂല്യവർദ്ധന ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയാണ് സ്പൈസസ് പാർക്ക് പദ്ധതി. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ, എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം എന്നിവ ഈ പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വർക്കല മണ്ഡലത്തിൽ താലൂക്ക് വ്യവസായ ഓഫീസ്

124 (3566) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

വർക്കല മണ്ഡലത്തിൽ താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ചാലക്കുടി റിഫ്രാക്ടറീസിന്റെ സ്ഥലം വിട്ട് നൽകുന്നതിന് നടപടി

125 (3567) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റിഫ്രാക്ടറീസ് വക സ്ഥലത്തിനോട് ചേർന്ന് കിടക്കുന്നതും ചാലക്കുടി സാങ്കേതിക സഹകരണ സംഘം പ്രവർത്തിച്ചിരുന്നതുമായ സ്ഥലം, കലാഭവൻ മണി സ്മാരകവും, കെ.എസ്.എഫ്.ഡി.സി. തിയേറ്റർ സമുച്ചയവും നിർമ്മിക്കുന്നതിനായി ചാലക്കുടി നഗരസഭയ്ക്ക് വിട്ട് നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായുള്ള അപേക്ഷ പരിഗണിച്ച് സ്ഥലം വിട്ട് നൽകുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി സാങ്കേതിക സഹകരണ സംഘത്തിന്റെ സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെങ്കിൽ ആയതിന്റെ ഭാഗമായി മാത്രമേ പ്രസ്തുത സംഘത്തിന്റെ സ്ഥലത്തിന്മേൽ ലേല നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. ആയതിലേയ്ക്കായി മുകുന്ദപുരം സഹകരണ ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുണ്ട്.

## സിൽക്ക് റീലിംഗ് യൂണിറ്റ്

126 (3568) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മയിലാട്ടി, ആലപ്പുഴയിലെ പട്ടണക്കാട് എന്നിവിടങ്ങളിലെ സിൽക്ക് റീലിംഗ് യൂണിറ്റിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർ സ്ഥിരം മാസ ശമ്പളക്കാരാണോ അതോ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണോ എന്ന് വ്യക്തമാക്കാമോ; എത്ര കാലമായി ഇവർ ജോലിചെയ്തുവരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് കൃത്യമായി വേതനം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എത്ര മാസത്തെ വേതനം കുടിശ്ശികയായിട്ടുണ്ടെന്ന് തുക സഹിതം വ്യക്തമാക്കാമോ;

(ഡി) ഈ യൂണിറ്റിലെ തൊഴിലാളികൾ ഈയടുത്ത കാലത്ത് സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്തിരുന്നോ എന്നും സമരത്തിൽ സർക്കാർ ഇടപെട്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) സർക്കാരിന്റെ ഇടപെടൽ മൂലമാണ് സമരം പിൻവലിച്ചതെങ്കിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ മയിലാട്ടിയിൽ നിലവിൽ 17 തൊഴിലാളികളും ആലപ്പുഴയിലെ പട്ടണക്കാട്ടിൽ 23 തൊഴിലാളികളുമുണ്ട്.

(ബി) ദിവസവേതനക്കാരാണ്. 25 വർഷമായിജോലി ചെയ്തുവരുന്നു.

(സി) ഇല്ല. പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 02/2016 മുതൽ 28-2-2018 വരെ ഖാദി ബോർഡിൽനിന്ന് സെറിഫെഡ് ഏറ്റെടുത്തതിനുശേഷം വേതനം കുടിശ്ശികയാണ്. ദിവസവേതന കുടിശ്ശിക 28,55,000 രൂപയാണ്. മയിലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിലാളികൾക്ക് 2016 ഏപ്രിൽ മുതൽ 28-2-2018 വരെ 19,95,000 രൂപ കുടിശ്ശികയാണ്.

(ഡി&ഇ) ഈ യൂണിറ്റിലെ തൊഴിലാളികൾ സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്യുകയും സർക്കാർ സമരക്കാരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് പട്ടണക്കാട്, ഉദുമ എന്നിവിടങ്ങളിലെ കെട്ടിടവും സൗകര്യവും ഉപയോഗപ്പെടുത്തി ഖാദി ഉത്പാദന കേന്ദ്രങ്ങൾ ആരംഭിച്ച് ഖാദി തൊഴിലാളികൾക്ക് അനുവദനീയമായ വേതനത്തിൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വേതന കുടിശ്ശികയുടെ കാര്യത്തിൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് ഘട്ടംഘട്ടമായി പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(എഫ്) പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വികസന പദ്ധതികൾ**

127 (3569) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള വികസന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സർക്കാർ ഭൂമി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമിയിൽ പൊതുമേഖലാ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 50 സ്ഥാപനങ്ങൾ തുടങ്ങുകയും 300 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. സംരംഭകത്വ ബോധവത്കരണ പരിപാടികൾ 6 എണ്ണം നടത്തി. എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീം പ്രകാരം 27 സ്ഥാപനങ്ങൾക്ക് 30 ലക്ഷം രൂപ സബ്സിഡി ധനസഹായം അനുവദിക്കുകയും ഈ യൂണിറ്റുകളിൽ 115 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. വ്യവസായ നിക്ഷേപക സംഗമം 2 എണ്ണം നടത്തിയിട്ടുണ്ട്. ഇതിലൂടെ 110 സംരംഭകരെ കണ്ടെത്തിയിട്ടുണ്ട്. 66 സ്ഥാപനങ്ങൾക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുകയും ബാങ്ക് വായ്പ ലഭ്യമായ യൂണിറ്റുകളിലൂടെ 350 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. 895 പേർക്ക് ഹാന്റ് ഹോൾഡിങ് സർവ്വീസുകൾ നൽകിയിട്ടുണ്ട്. 539 പുതിയ യൂണിറ്റുകൾ ആരംഭിച്ച് അതിലൂടെ 1040 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളുടെ ആകെ നിക്ഷേപം 3934 ലക്ഷം രൂപയാണ്.

(ബി&സി) കൊച്ചാലുംമൂട് വ്യവസായ എസ്റ്റേറ്റിൽ ലഭ്യമായ ഭൂമി മുഴുവനും വ്യവസായികൾക്ക് അനുവദിച്ചിട്ടുള്ളതാണ്.

## കൊച്ചിയിൽ വ്യവസായ പ്രദർശന-വിപണന കേന്ദ്രം

128 (3570) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ വ്യവസായ വകുപ്പിന്റെ സ്ഥിരം വ്യവസായ പ്രദർശന വിപണന കേന്ദ്രം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുകൊണ്ട് എന്തെല്ലാമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എവിടെയാണ് ഇത് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കിൻഫ്രയും കേന്ദ്രവാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനുമായി ചേർന്നുള്ള സംയുക്ത സംരംഭമായി എറണാകുളം കാക്കനാട് ഒരു സ്ഥിരം വ്യവസായ പ്രദർശന വിപണന കേന്ദ്രം സ്ഥാപിക്കുവാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. സംസ്ഥാനത്തെ വാണിജ്യ വ്യവസായ മേഖലയിൽ ഉൽപ്പന്നങ്ങൾ ആഗോള തലത്തിൽ വിപണന സാധ്യത കണ്ടെത്തുന്നതിനും രാജ്യത്തെ മറ്റ് പല സംരംഭകരുമായി ആശയവിനിമയം നടത്തുന്നതിനും ഇപ്രകാരമുള്ള എക്സിബിഷനുകൾ ലക്ഷ്യമിടുന്നു.

## മൈലാട്ടിയിലെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ഭൂമി

129 (3571) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് എത്ര ഏക്കർ ഭൂമി കൈവശമുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആയതിൽ ഉദുമ സ്പിന്നിങ്ങ് മിൽസിന് എത്ര ഏക്കർ ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്;

(സി) ഉപയോഗിക്കാതെ കിടക്കുന്ന എത്ര ഏക്കർ സ്ഥലം മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുണ്ടെന്ന് വിശദമാക്കുമോ;

(ഡി) എൻ.എച്ച് 66 നോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന ഈ ഭൂമിയിൽ പുതിയ വ്യവസായ സ്ഥാപനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 23.83 ഏക്കർ ഭൂമി കൈവശമുണ്ട്.

(ബി) ആയതിൽ ഉദുമ സ്പിന്നിംഗ് മിൽസിനുവേണ്ടി ഏകദേശം 10 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(സി) ഉദുമ സ്പിന്നിംഗ് മിൽസിനുവേണ്ടി ഉപയോഗപ്പെടുത്തിയ 10 ഏക്കർ ഭൂമി കൂടാതെ 13.83 ഏക്കർ സ്ഥലമാണ് മൈലാട്ടിയിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുള്ളത്.

(ഡി) നിലവിലുള്ള പ്രോജക്ടിന്റെ വിപുലീകരണത്തിന് ഉപയോഗിക്കുന്നതാണ്.

## ക്വാറി പ്രവർത്തനം ഇല്ലാത്തതിനാൽ നിർമ്മാണ മേഖലയുടെ സ്തംഭനാവസ്ഥ

130 (T 3572) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പ്രത്യേകിച്ച് ഹൈറേഞ്ച് മേഖലയിൽ കൽക്വാറിയുടെയും മറ്റും പ്രവർത്തനം ഇല്ലാത്തതിനാൽ നിർമ്മാണമേഖല സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവുമൂലം നിർമ്മാണ മേഖലയിൽ പ്രതിസന്ധിയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ക്വാറി ഉത്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട് :

1. 5 ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്ക് 22-6-2017-ലെ സ.ഉ.(പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു<u>മാനപ്പെട്ട</u> മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. 9-3-2018-ൽ വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസ്സുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പ്രകൃതിദത്ത ധാതുഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്**

131 (3573) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുനിക്ഷേപങ്ങൾ മൂല്യവർദ്ധനവിലൂടെ കൂടുതൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി തയ്യാറാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുറമെ മറ്റേതെങ്കിലും ഏജൻസികൾവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രകൃതിദത്ത ധാതു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള തീരത്തെ ധാതു മണലിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിന് റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പ്രാഥമിക മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടി സ്വീകരിച്ചുവരികയാണ്.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) പ്രകൃതിദത്ത ധാതു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കൈത്തറി യൂണിഫോം പദ്ധതി**

132 (3574) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ കൈത്തറി യൂണിഫോം പദ്ധതി പ്രകാരം യൂണിഫോം തുണി നെയ്യുന്ന നെയ്ത്തുകാരന് യഥാസമയം പ്രതിഫലം ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് നൽകേണ്ട നെയ്ത്തുകൂലി കുടിശ്ശിക തീർത്ത് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഖാദി ഗ്രാമവ്യവസായ മേഖല പുനരുദ്ധാരണം

133 (3575) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖല പുനരുദ്ധരിക്കുന്നതിന്റെയും ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി എല്ലാ ജില്ലകളിലും ഖാദിഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള ചർച്ചകളും തറികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പദ്ധതിയ്ക്കായി 2018-19 വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ ആരംഭിച്ച ഖാദി ഗ്രാമം പദ്ധതി 5 വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നടപ്പുവർഷം കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 4.52 കോടി രൂപയ്ക്കും ഖാദി ബോർഡിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ നിന്നും ഒരു കോടി രൂപ ഖാദി ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 10 ഖാദി ഗ്രാമം (ചർക്ക) 5, ഖാദി ഗ്രാമം (തറി) എന്നിവ സൃഷ്ടിക്കുന്നതിലേയ്ക്കായി 250 ചർക്കകളും 50 തറികളും വാങ്ങി അതിനായുള്ള നെയ്ത്തുപരിശീലനം ആരംഭിച്ചിട്ടുണ്ട്. പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്ക് തന്നെ 15 ഖാദി ഗ്രാമങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഖാദി ഗ്രാമം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുമായി കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരിയിൽ ചർക്ക-തറി റിപ്പയറിംഗ് യൂണിറ്റ്, സ്പെയർപാർട്സ് ഗോഡൗൺ, നെയ്ത്ത് പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ഉണ്ട്.

(സി) 2018-19 വർഷത്തെ ബഡ്ജറ്റിൽ 4.32 കോടി രൂപ ഖാദിഗ്രാമം പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(ഡി) ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഉത്പാദനം, തൊഴിലാളികളുടെ എണ്ണം എന്നിവയ്ക്ക് ആനുപാതികമായി ഉണ്ടാകുന്ന ചെലവിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഖാദി ബോർഡ് തൊഴിൽ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

**ഖാദി മേഖലയിലെ നൂതന പദ്ധതികൾ**

134 (3576) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയുടെ വികസനത്തിനും ഖാദി ഗ്രാമവ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും ആധുനിക ഉപകരണങ്ങൾ, അസംസ്കൃത സാധനങ്ങൾ എന്നിവ ലഭ്യമാക്കിയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിലെ പുതിയ വ്യവസായ സംരംഭകർക്ക് ആവശ്യമായ ഉല്പാദന വിപണന സഹായങ്ങൾ നൽകുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനുമായി പ്രദർശന വില്പന മേളകൾ സംഘടിപ്പിക്കുന്നതിന് ഖാദി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഖാദി മേഖലയിൽ പുതുതായി അയ്യായിരം പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനുവേണ്ടി 'ഖാദി ഗ്രാമം' എന്ന പുതിയ പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി നടപ്പ് വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4.52 കോടി രൂപയിൽ നിന്ന് 1 കോടി രൂപ ഖാദി ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും

തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് മൊബൈൽ വർക്ക്ഷോപ്പ്, ഇവയ്ക്ക് ആവശ്യമായ കേന്ദ്രീകൃത സ്പെയർപാർട്സ് വിതരണം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

ഗ്രാമ വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണമേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന ഗ്രാമ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനം മുതൽ 40 ശതമാനം വരെ സംരംഭകർക്ക് സബ്സിഡി അനുവദിച്ച് നൽകുന്നുണ്ട്. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം (പി.എം.ഇ.ജി.പി.) ബാങ്ക് വായ്പ ലഭ്യമാക്കി ഗ്രാമീണ മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് മൊത്തം പദ്ധതിയുടെ 25 ശതമാനം മുതൽ 35 ശതമാനം വരെ സബ്സിഡി നൽകിവരുന്നു.

(ബി) തൊഴിലിടങ്ങളിൽ കുടിവെള്ളം, വൈദ്യുതി, ശൗചാലയം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ റിപ്പയർ, കെട്ടിടത്തിലെ ചൂട് കുറയ്ക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്റ്റൂൾ, മേശ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഖാദിയുടെ നിലവിലുള്ള അടിസ്ഥാന തത്വങ്ങളിൽ മാറ്റം വരാതെ തൊഴിലാളികൾക്ക് ശാരീരിക ആയാസം കുറയ്ക്കുന്ന തരത്തിലുള്ള തൊഴിലുപകരണങ്ങൾ സ്ഥാപിക്കൽ എന്നിവ ഖാദി ബോർഡിന്റെ ഗവേഷണ വികസന വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തൊഴിലിടങ്ങളിൽ ആവശ്യാനുസരണം അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും ഖാദി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

(സി) ഉല്പാദന വിപണന സഹായങ്ങൾ നൽകുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനുമായി പ്രദർശന വിൽപ്പന മേളകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വർഷാവർഷം ബോർഡിന്റെ മേൽനോട്ടത്തിൽ ഓണം, വിഷു, ബക്രീദ്, ക്രിസ്തുമസ്, ഗാന്ധിജയന്തി തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക മേളകൾ സംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി ഖാദി തുണിത്തരങ്ങൾക്ക് പ്രത്യേക റിബേറ്റും നൽകിവരുന്നുണ്ട്. കൂടാതെ ഓണം മേളകളിൽ പ്രത്യേക സമ്മാന പദ്ധതികൾ നടപ്പിലാക്കുകയും ഈ മേളകളിൽ ഖാദി ബോർഡിന്റെ തൊഴിൽദാന പദ്ധതികൾ മുഖേന ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും സൗകര്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ സംരംഭകർ നിർമ്മിക്കുന്ന ഗ്രാമ വ്യവസായ ഉത്പന്നങ്ങൾ ഖാദി ഷോറൂം വഴിയും വിൽക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രദർശന വിൽപ്പന മേളകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങളും നൽകിവരുന്നുണ്ട്.

## ഖാദി ഗ്രാമങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി

135 (3577) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഖാദി ഗ്രാമങ്ങൾ സൃഷ്ടിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഖാദി ഗ്രാമങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഖാദി ഗ്രാമം പദ്ധതിക്കായി 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 4.52 കോടി രൂപയിൽ ഒരു കോടി രൂപ 10-8-2017-ലെ സ.ഉ. (സാധാ) 1164/2017/വ്യവ നമ്പർ ഉത്തരവ് പ്രകാരം ഖാദി ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

(സി) അനുവദിച്ച തുക വിനിയോഗിച്ച് 10 ഖാദി ഗ്രാമം (ചർക്ക) 5 ഖാദി ഗ്രാമം (തറി) എന്നിവ സൃഷ്ടിക്കുന്നതിലേയ്ക്കായി 250 ചർക്കകളും 50 തറികളും വാങ്ങി അതിനായുള്ള നെയ്ത്തു പരിശീലനം നടന്നുവരികയാണ്. പരിശീലനം പൂർത്തിയാവുന്ന മുറയ്ക്ക് പ്രസ്തുത യൂണിറ്റുകൾ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

136 (3578) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിക്കായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷിക്കേണ്ട വിധം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, മികച്ച കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് " ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി. അന്തർദ്ദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിൽ മികച്ച പ്രകടനങ്ങളുടെ അടിസ്ഥാനത്തിലും കായികക്ഷമതയുടെ അടിസ്ഥാനത്തിലും അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്.

## പൊതുവിദ്യാലയങ്ങളിൽ കായികവകുപ്പിന് കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ

137 (3579) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പിന് കീഴിൽ പൊതുവിദ്യാലയങ്ങളിൽ സിന്തറ്റിക് ട്രാക്ക്, മിനി സ്റ്റേഡിയം, നീന്തൽകുളങ്ങൾ, ഗ്രൗണ്ടുകൾ ഇവ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് മേൽ സൂചിപ്പിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്കൂളുകൾക്കും മറ്റും ഫോർ ലൈൻ സിന്തറ്റിക്ക് ട്രാക്കുകളും മിനി സ്റ്റേഡിയങ്ങളും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് നിർമ്മിച്ചുനൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിൽ പരിഗണനയിലുള്ള സ്റ്റേഡിയങ്ങളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | മണ്ഡലം | സ്റ്റേഡിയം |
|---|---|---|
| 1 | കാട്ടാക്കട | പൂങ്കോട് രാജീവ് ഗാന്ധി നാഷണൽ സ്വിംമ്മിംങ് പൂൾ പുനരുദ്ധാരണം |
| 2. | കോതമംഗലം | പാലാരിമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം. |
| 3. | കല്ല്യാശ്ശേരി | പിലാത്തറ ഇൻഡോർ സ്റ്റേഡിയം തുടർ നിർമ്മാണം. |
| 4. | പൊന്നാനി | കോക്കൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നിർമ്മാണം. |
| 5. | കുന്നംകുളം | വേലൂർ RSRV HSS സ്റ്റേഡിയം നിർമ്മാണം. |

(സി) തെരഞ്ഞെടുത്തിട്ടില്ല.

**സ്പോർട്സ് കൗൺസിൽ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ**

138 (3580) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് കൗൺസിൽ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനും മത്സരങ്ങളിൽ പങ്കാളികളാവുന്നവരുടെ ശേഷി വർദ്ധിപ്പിക്കാനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി, എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം, അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ പദ്ധതി എന്നീ പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വഴി നടപ്പിലാക്കിവരുന്നു.

(ബി) വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനും മത്സരങ്ങളിൽ പങ്കാളികളാവുന്നവരുടെ ശേഷി വർദ്ധിപ്പിക്കാനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

(1) <u>പ്ലേ ഫോർ ഹെൽത്ത്</u>

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

(2) <u>ഫുട്ബോൾ പരിശീലന പദ്ധതി</u>

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തത്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധപരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തി എടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(3) <u>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിങ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി." ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(4) <u>കായികക്ഷമതാ മിഷൻ</u>

നഴ്സറി തലം മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കായിക്ഷമതയും, നല്ല ആരോഗ്യവും കൈവരിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് കായികക്ഷമതാ മിഷൻ. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിനും അത്‌ലറ്റിക്സ്, നീന്തൽ, വോളിബോൾ, ബാസ്കറ്റ് ബോൾ, ഫെൻസിംഗ്, തായ്ക്വോൺണ്ടോ എന്നീ കായിക ഇനങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ (എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകൾ, ദിന പരിശീലന കേന്ദ്രങ്ങൾ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ എന്നിവയിലൂടെ വിദഗ്ധരായ പരിശീലകരുടെ കീഴിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ചികിത്സ, പഠനസൗകര്യം എന്നിവയും ലഭ്യമാക്കുന്നു. സ്പോർട്സ് ഹോസ്റ്റൽ സ്കീമിൽ ഉൾപ്പെട്ട കായികതാരങ്ങൾക്ക് ബോർഡിംഗ്/ലോഡ്ജിംഗ്, വാഷിംഗ് അലവൻസ് എന്നിവ അനുവദിച്ചുവരുന്നു. ഇതിനുപുറമേ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി Dr. APJ Abdul Kalam Scholorship, Cash Award Scheme എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

139 (3581) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പത്ത് കോടി രൂപ വകയിരുത്തിയിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലെക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വർക്ക് നടത്തിയ കോൺട്രാക്ടറെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള ഫയൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത കോൺട്രാക്ടറെ റിസ്ക് ആൻഡ് കോസ്റ്റ് ടെർമിനേറ്റ് ചെയ്ത് ഒഴിവാക്കി സ്റ്റേഡിയം കിഫ്ബിക്ക് കൈമാറുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം കിഫ്ബി വഴി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനുദ്ദേശിക്കുന്ന സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം, കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയിലെ പ്രതിനിധികളുമായി ചേർന്ന് സന്ദർശിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് സ്ഥലം കായിക വകുപ്പിന് കൈമാറുന്ന മുറയ്ക്ക് സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

## പനവൂർ, പാങ്ങോട് ഗ്രാമപഞ്ചായത്തുകളിൽ സ്റ്റേഡിയങ്ങൾ

140 (3582) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പനവൂർ, പാങ്ങോട് ഗ്രാമപഞ്ചായത്തുകളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ ;

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ സൈ്യൽ പ്രോജക്ട് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിൽ ഇല്ല.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## സൈക്ലിംഗ് സ്റ്റേഡിയം

141 (3583) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര ബോയ്സ് ഹയർ സെക്കൻഡറിസ്കൂളിൽ സൈക്ലിംഗ് സ്റ്റേഡിയം പണിയുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സ്പോർട്സ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കായിക വകുപ്പിന്റെ കീഴിൽ എത്ര സ്ഥലത്താണ് സൈക്ലിംഗ് സ്റ്റേഡിയം ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) സൈക്ലിംഗുമായി ബന്ധപ്പെട്ട് നിലവിൽ എവിടെയാണ് പരിശീലനം നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) സൈക്ലിംഗ് ചാമ്പ്യൻഷിപ്പുമായി ബന്ധപ്പെട്ട് കേരളതാരങ്ങൾക്ക് ഏതൊക്കെ തരത്തിൽ രാജ്യാന്തര നിലവാരത്തിൽ മുന്നിൽ വരാൻ കഴിഞ്ഞിട്ടുണ്ട്; ഏതൊക്കെ വർഷങ്ങളിൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) നിലവിലില്ല.

(ഡി) സൈക്ലിംഗുമായി ബന്ധപ്പെട്ട് ഇപ്പോൾ സായ് എൽ.എൻ.സി.പി.ഇ. യുടെ സൈക്ലിംഗ് വെലോഡ്രോമിലാണ് പരിശീലനം നടക്കുന്നത്.

(ഇ)

2011-12

പ്രിൻസ് എച്ച്.എസ്. ഹൈലം, മഹിത മോഹൻ, രജനി വി, പാർവ്വതി വി.ജി., ദീപ ചന്ദ്രൻ, കെസിയ വർഗ്ഗീസ്, സയോണ പി.ഒ. എന്നിവർ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

2014-15

മഹിതാ മോഹൻ, പാർവ്വതി വി.ജി., കെസിയ വർഗ്ഗീസ്, അലൻ ബേബി എന്നിവർ 2014 മേയ് മാസം കസാഖിസ്ഥാനിൽ വച്ച് നടന്ന ഏഷ്യൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുകയുണ്ടായി.

മഹിതാ മോഹൻ, കെസിയ വർഗ്ഗീസ്, അലൻ ബേബി എന്നിവർ 2014 ജൂലൈയിൽ ഗ്ലാസ്ഗോയിൽ വെച്ച് നടന്ന കോമൺ വെൽത്ത് ഗെയിംസിൽ പങ്കെടുക്കുകയുണ്ടായി.

കെസിയ വർഗ്ഗീസ് 2014 സെപ്റ്റംബർ മാസം ഇഞ്ചിയോണിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുകയുണ്ടായി.

2014 ഒക്ടോബർ മാസം ന്യൂ ഡൽഹിയിൽ വച്ച് നടന്ന ഏഷ്യൽ കപ്പ് ചാമ്പ്യൻഷിപ്പിൽ പാർവ്വതി വി.ജി. പോയിന്റ് റെയ്സ് ബ്രോൺസ് മൂന്നാം സ്ഥാനവും, കെസിയ വർഗ്ഗീസ് ടീ സ്പ്രിന്റ് ഗോൾഡ് ഇനത്തിൽ ഒന്നാം സ്ഥാനവും, Individual Sprint സിൽവർ ഇനത്തിൽ രണ്ടാം സ്ഥാനവും, സോനാരാജ് ബ്രോൺസ് മെഡൽ ഇൻ ടൈം ട്രയൽ, ഇൻഡിവിഡ്വൽ പർസ്യൂട്ട് & സ്പ്രിന്റ് ഇനത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി.

2014 നവംബർ മാസം മെക്സിക്കോയിൽ വച്ച് നടന്ന ലോകകപ്പ് ചാമ്പ്യൻഷിപ്പിൽ കെസിയ വർഗ്ഗീസ് പങ്കെടുക്കുകയുണ്ടായി.

2014 ഒക്ടോബർ മാസം തായ്‌ലന്റിൽ വച്ച് നടന്ന ഏഷ്യൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ കെസിയ വർഗ്ഗീസ് രണ്ടാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി.

2015 ജനുവരി മാസം ഇന്തോനേഷ്യയിൽ വച്ച് നടന്ന ഏഷ്യൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ കെസിയ വർഗ്ഗീസ്, നയന രാജേഷ്, ഗോപിക എസ്. പ്രതാപൻ എന്നിവർ പങ്കെടുക്കുകയുണ്ടായി.

2015-16

2015 നവംബർ 18 മുതൽ 20 വരെ ന്യൂഡൽഹിയിൽ വച്ച് നടന്ന ട്രാക്ക് ഏഷ്യാ കപ്പ് മത്സരങ്ങളിൽ കെസിയ വർഗ്ഗീസ് വെള്ളി, അമൃത രഘുനാഥ്.ജി-സ്വർണ്ണം, നയന രാജേഷ് 2 സ്വർണ്ണമെഡലും കരസ്ഥമാക്കുകയുണ്ടായി.

2016 ഫെബ്രുവരി 6 മുതൽ 9 വരെ ഗുഹാട്ടിയിൽ വച്ച് നടന്ന 12-ാം മത് സൗത്ത് ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ലിഡിയ മോൾ എം. സണ്ണി ഒരു സ്വർണ്ണവും ഒരു വെള്ളിയും ഗീതുരാജ് എൻ ഒരു വെങ്കല മെഡലും കരസ്ഥമാക്കുകയുമുണ്ടായി.

2016 ജനുവരിയിൽ ജപ്പാനിൽ വച്ച് നടന്ന ഏഷ്യൻ ചാമ്പ്യഷിപ്പിൽ കെസിയ വർഗ്ഗീസ്, നയന രാജേഷ്, സനൂജ രാജ്. ജി. എന്നിവർ പങ്കെടുക്കുകയുണ്ടായി.

2015 ഒക്ടോബറിൽ തായ്‌ലന്റിൽ വച്ച് നടന്ന ട്രാക്ക് ഏഷ്യാ കപ്പ് മത്സരത്തിൽ നയന രാജേഷ്, സനുരാജ്.ജി എന്നിവർ പങ്കെടുക്കുകയുണ്ടായി.

## പൊഴിയൂർ, നെയ്യാറ്റിൻകര സ്റ്റേഡിയങ്ങൾ

142 (3584) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ സ്റ്റേഡിയം, നെയ്യാറ്റിൻകര നഗരസഭാ സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിന് 2017-18 ലെ സംസ്ഥാന പൊതു ബജറ്റിൽ ടോക്കൺ പ്രൊവിഷനായി തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എം. എൽ. എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് ഡയറക്ടറേറ്റിൽനിന്നും എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) നെയ്യാറ്റിൻകര നഗരസഭാ സ്റ്റേഡിയം, പൊഴിയൂർ സ്റ്റേഡിയം ഇവയുടെ നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കായിക യുവജനകാര്യ വകുപ്പിന്റെ 2017-18-ലെ ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) നടപ്പുസാമ്പത്തിക വർഷം പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം ഡയറക്ടറേറ്റിൽനിന്നും അറിയിച്ചിട്ടുണ്ട്.

**പെരിന്തൽമണ്ണ നെഹ്റു സ്റ്റേഡിയത്തിന്റെ നവീകരണം**

143 (3585) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ നെഹ്റു സ്റ്റേഡിയത്തിന്റെ സ്റ്റേജും പവലിയൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് തയ്യാറാക്കുന്നതിന് കായിക വകുപ്പ് നിർദ്ദേശം നൽകിയതെന്നാണ് ;

(സി) 2018-19-ലെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ -സി) പ്രസ്തുത പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. ലഭ്യമായാലുടൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ദേശീയ ഗെയിംസിൽ മെഡൽ നേടിയവർക്ക് ജോലി**

144 (3586) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ മെഡൽ നേടിയ കേരളാ കായിക താരങ്ങൾ മുഴുവൻ പേർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിനൽകാമെന്ന സർക്കാർ വാഗ്ദാനം പൂർണ്ണമായി നടപ്പിലാക്കിയോ; ഇത് സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) ഇതുവരെയുള്ള നിയമനങ്ങളുടെ കണക്കറിയിക്കാമോ?

ഉത്തരം

(എ&ബി) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങൾക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കായിക താരങ്ങൾക്ക് സർക്കാർ ജോലി**

145 (3587) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കായിക മേഖലകളിൽ കഴിവ് തെളിയിച്ച എത്ര പേർക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ടെന്നും ഇവർ ആരെല്ലാമാണെന്നും ഏതൊക്കെ കായിക ഇനങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവർക്കാണ് ജോലി നൽകിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീ ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി

ചേർക്കുന്നു.* ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങൾക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളും പുരോഗമിച്ചുവരുന്നു.

## കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി

146 (3588) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഇനങ്ങളിൽ മികവ് തെളിയിച്ച കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഫുട്ബോൾ, വോളിബോൾ, ഹോക്കി,കബഡി തുടങ്ങിയ കായിക ഇനങ്ങളിലും അത്‌ലെറ്റിക്സിലും സംസ്ഥാനതലത്തിലും ദേശീയ തലത്തിലും മികവു തെളിയിച്ച കായിക താരങ്ങളെ സംസ്ഥാന സർവ്വീസിൽ റിക്രൂട്ട് ചെയ്ത് മികച്ച ടീമുകളെ വാർത്തെടുക്കുന്നതിന് കായിക വകുപ്പ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ &ബി) ഉണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനധീകരിച്ച് ടീ ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വരെ കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് കായിക താരങ്ങളിൽ നിന്നും സർക്കാർ സർവ്വീസിൽ നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയുണ്ടായി. അപ്രകാരം ലഭിച്ച അപേക്ഷകൾ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രത്യേക സെൽ വിശദമായി പരിശോധിച്ച് അർഹരായ അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട കായിക താരങ്ങളുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ/രേഖകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച കായിക ഇനങ്ങളിൽ മികച്ച കായിക നേട്ടത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന സ്പോർട്സ് ക്വാട്ടാ നിയമനത്തിൽ ഫുട്ബോൾ, വോളിബോൾ, ഹോക്കി, കബഡി, അത്‌ലറ്റിക്സ് തുടങ്ങിയ കായിക ഇനങ്ങളും ഉൾപ്പെടുന്നു. മേൽ നിയമിതരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന താരങ്ങൾ ഉൾപ്പെടുന്ന സംസ്ഥാന സിവിൽ സർവ്വീസ് ടീം ദേശീയ മത്സരങ്ങളിൽ പങ്കെടുത്തുവരുന്നു. കൂടാതെ കേരള പോലീസ്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകൾ/സ്ഥാപനങ്ങൾ ഫുട്ബോൾ, വോളിബോൾ, അത്‌ലറ്റിക്സ് എന്നീ ഇനങ്ങളിൽ ടീമുകളെ പരിശീലിപ്പിച്ച് നിലനിർത്തിവരുന്നു.

## സ്പോർട്സ് ക്വാട്ട നിയമനം വ്യാപിപ്പിക്കാൻ നടപടി

147 (3589) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള എല്ലാ കായിക ഇനങ്ങളിൽ നിന്നുമുള്ള കായികതാരങ്ങളെ സംസ്ഥാനത്തെ വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ബി) ഇതിനായി ഒരു പ്രത്യേക സ്പോർട്സ് കമ്മറ്റി രൂപീകരിച്ച് പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ കായിക ഇനങ്ങളിലായി നാഷണൽ, ഇന്റർനാഷണൽ മത്സരങ്ങളിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ച നിരവധി കായികതാരങ്ങൾക്ക് ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന് പരിഹാരമായി എല്ലാ ഓഫീസുകളിലും സ്പോർട്സ് ക്വോട്ടാ നിയമനം വ്യാപിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ & ബി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെട്ട കായിക ഇനങ്ങളെയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്നുവർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങളെയും സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്നുണ്ട്.

(സി & ഡി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കായിക താരങ്ങളുടെ നിയമനത്തിനായി പ്രതിവർഷം 50 ഒഴിവുകൾ നീക്കിവച്ചിട്ടുള്ളതാണ്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങൾക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളും പുരോഗമിച്ചുവരുന്നു.

## പാലക്കാട് മണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

148 (3590) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്പോർട്സുമായി ബന്ധപ്പെട്ട് പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ പോകുന്നതുമായ പ്രവൃത്തികൾ ഏതൊക്കെ ; ഇതു സംബന്ധിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് സ്പോർട്സുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങളും അതിന് വേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി.യായ കിറ്റ്കോയോട് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ ഫെൻസിംഗ് ആന്റ് ടർഫിംഗ് സ്ഥാപിക്കുന്നതിന് 62,37,521 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. അത്‌ലറ്റിക്സ്, വോളിബോൾ എന്നീ കായിക ഇനങ്ങളിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ ആരംഭിച്ചു.

(ബി) പാലക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റേഡിയം | ഭരണാനുമതി നൽകിയ തുക (രൂപയിൽ) |
|---|---|---|
| 1 | പാലക്കാട് മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം | 5,00,00,000 |
| 2 | ഫുട്ബോൾ സ്റ്റേഡിയം നൂറണി, പാലക്കാട് (ആസ്തി വികസന ഫണ്ട് ഉപയോഗിച്ച്) | 2,54,00,000 |

**അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് സാമ്പത്തിക സഹായം**

149 (3591) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ പങ്കെടുക്കുന്നവർക്ക് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ ഇവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ നോ കോസ്റ്റ് ബേസിസിൽ ക്ലിയർ ചെയ്യുന്ന ടീമിൽ അംഗങ്ങളായ കേരളീയ കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമാവലി പ്രകാരം അംഗീകാരമുള്ള ഫെഡറേഷനെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവരുടെ അർഹമായ ചെലവിന്റെ 50 ശതമാനം അനുവദിക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ അംഗീകൃത അന്താരാഷ്ട്ര മത്സരങ്ങളിൽ നേരിട്ട് പങ്കെടുക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷൻ മുഖേന താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

1. പ്രസ്തുത കായികതാരത്തെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട ദേശീയ ഫെഡറേഷന്റെ കത്തും അതോടൊപ്പം ചെലവ് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ടും.

2. ഇന്ത്യൻ ടീമിന് അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നതിന് ചെലവ് ഉൾപ്പെടെയാണോ അല്ലാതെയാണോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത് എന്നുള്ള വിവരം.

3. കായികതാരം നിലവിൽ ജോലിയുള്ള ആളാണോ വിദ്യാർത്ഥിയാണോ എന്നുള്ള വിവരം കൂടാതെ അംഗീകൃത അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് കിറ്റ് അലവൻസ് ഇനത്തിൽ ഇന്ത്യയ്ക്കകത്ത് 3,000 രൂപയും ഇന്ത്യയ്ക്ക് പുറത്ത് 6,000 രൂപയും നൽകുവാനും വ്യവസ്ഥയുണ്ട്.

**പാലക്കാട് നിയോജകമണ്ഡലത്തിലെ യുവജനക്ഷേമ ബോർഡ് പദ്ധതികൾ**

150 (3592) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പാലക്കാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2017-ലെ സംസ്ഥാനതല കേരളോത്സവത്തിന്റെ കലാ മത്സരങ്ങൾ ഡിസംബർ 21 മുതൽ 24 വരെ പാലക്കാട് ജില്ലയിൽ വച്ച് സംഘടിപ്പിച്ചു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോർഡിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് യുവക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അഭിപ്രായ സ്വാതന്ത്ര്യത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള യൂത്ത് കോൺകോഡ് 2018 എന്ന പദ്ധതിയുടെ ഭാഗമായി യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സൈക്കിൾ റാലി, ആർട്ട് ഡേ ടൂർ ഉൾപ്പെടെ വിവിധ പരിപാടികൾ പുതുതായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ പാലക്കാട് നിയോജമണ്ഡലത്തിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## യൂത്ത് കമ്മീഷൻ റിപ്പോർട്ട്

151 (3593) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ മദ്യാസക്തി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മദ്യനയത്തിൽ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന യൂത്ത് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ?

ഉത്തരം

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ

152 (3594) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) യുവാക്കൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് എത്ര പഠനങ്ങളാണ് കമ്മീഷൻ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നടത്തിയിട്ടുള്ളത്; അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) യുവാക്കൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനകമ്മീഷൻ പഠനങ്ങൾ നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരളോത്സവത്തിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക പങ്കാളിത്തം

153 (3595) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവത്തിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക പങ്കാളിത്തം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാരുടെ വിവിധ സംഘടനകളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരും യുവജനക്ഷേമ ബോർഡും ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഈ വർഷത്തെ കേരളോത്സവത്തിൽ, കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരെക്കൂടി ഉൾപ്പെടുത്താൻ അനുകൂല നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-ലെ കേരളോത്സവം മത്സരങ്ങൾ സംബന്ധിച്ച അംഗീകരിച്ച മാനുവൽ പ്രകാരം മത്സരങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. 2018-ലെ കേരളോത്സവ മത്സരങ്ങളുടെ മാനുവൽ തയ്യാറാക്കുമ്പോൾ കേരളോത്സവമത്സരങ്ങളിൽ ഭിന്നശേഷിക്കാരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.-ക്ക് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക

154 (3596) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് 2018 ഫെബ്രുവരി മാസം വരെ എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി.-യ്ക്ക് എത്ര കോടി രൂപയുടെ കുടിശ്ശികയാണ് പിരിഞ്ഞു കിട്ടാനുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-12-2017 വരെ കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്. 2018 ഫെബ്രുവരി മാസം വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി, അടവ് വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച് ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ മുഖേനയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട്.

വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുകകൾ ബഹുമാനപ്പെട്ട കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

റവന്യൂ റിക്കവറി നടപടിക്രമങ്ങളിൽപ്പെട്ട് കിടക്കുന്ന കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി സ്റ്റേറ്റ് നോഡൽ ഓഫീസർ, താലൂക്ക് ജില്ലാടിസ്ഥാനത്തിൽ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലുള്ള സ്കീമുകൾ നടപ്പിലാക്കിയും കുടിശ്ശിക പിരിച്ചെടുക്കൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്.

(ബി) 30-6-2016-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് ആകെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക 1898.83 കോടി രൂപയായിരുന്നു.

**പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

155 (3597) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി വകുപ്പ്പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിലെ വിതരണ മേഖലയിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ, DDUGJY പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്നിവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ തുടങ്ങിയവയാണ് അനുവദിച്ചത്. ഈ പദ്ധതികളിലായി ഇതുവരെ ഏകദേശം 8.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

16.78 കിലോമീറ്റർ 11 കെ.വി. ലൈൻ, 46.97 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 32 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 14.93 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും 12.1 കി.മീ. എച്ച്.റ്റി. ലൈനും, 69.19 കി.മീ. എൽ.റ്റി. ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 5911 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ പട്ടാമ്പി മണ്ഡലത്തിൽ ഏകദേശം 3 കി.മീറ്റർ 110 കെ.വി. ലൈൻ വലിച്ച്, 12.5 എം.വി.എ. കപ്പാസിറ്റിയുള്ള രണ്ട് 110/11 കെ.വി. ട്രാൻസ്ഫോർമറും 16 എം.വി.എ. കപ്പാസിറ്റിയുള്ള ഒരു ട്രാൻസ്ഫോർമറും സ്ഥാപിച്ച് പുതുതായി ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി 20.6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2021-22 ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സ രഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്ന ജോലി പുരോഗമിക്കുന്നു.

## പ്രീപെയ്ഡ് വൈദ്യുതി മീറ്റർ

156 (3598) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീപെയ്ഡ് വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് ഏത് മേഖലയിലാണ് ആദ്യം നടപ്പിലാക്കുകയെന്നും എന്നത്തേക്ക് ഇതിന്റെ സേവനം ലഭ്യമാകുമെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) പ്രീ പെയ്ഡ് വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ നിലവിൽ പദ്ധതികളില്ല.

## വർദ്ധിച്ച വൈദ്യുതി ആവശ്യം നേരിടാൻ നടപടി

157 (3599) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്; എത്ര പേർക്ക് കാർഷിക ആവശ്യത്തിനുള്ള കണക്ഷൻ നൽകിയിട്ടുണ്ട് ;

(ബി) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വൈദ്യുതി ആവശ്യം നേരിടുന്നതിന് എന്തൊക്കെ പദ്ധതികളും പരിപാടികളും ആണ് ഊർജ്ജ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനുവരി 2018 വരെയുള്ള കാലയളവിൽ 3,48,950 ഗാർഹിക കണക്ഷനുകളും 21,037 കാർഷിക ആവശ്യത്തിനുള്ള കണക്ഷനുകളും നൽകിയിട്ടുണ്ട്.

(ബി) വിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി പുതിയ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ), മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുതി വിതരണം സുഗമവും കാര്യക്ഷമവുമാക്കി വരുന്നത്. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നേരിടുന്നതിന് നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതിനും പാരമ്പര്യേതര ഊർജ്ജ പദ്ധതികളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ തുടങ്ങിയവ പരമാവധി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 500 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് നേരിട്ട് നിർവ്വഹിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ഉത്പാദനം ആഭ്യന്തര നിലയങ്ങൾവഴി ലഭ്യമല്ലാത്തതുകൊണ്ട് ദീർഘകാല-മധ്യകാല-ഹ്രസ്വകാല കരാറുകൾവഴിയും കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽനിന്നും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

പരമ്പരേൃതര ഊർജ്ജ സ്രോതസ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ 20 ചെറുകിട പദ്ധതികൾ Build, Own Operate & Transfer (BOOT) എന്ന വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് കൊടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

ചെറുതടയണകൾ നിർമ്മിച്ച് ചെറിയ ഉയര വ്യത്യാസത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2x10kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ് ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ കൈനറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽറേസിൽ ഘടിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളും എനർജി മാനേജ്മെന്റ് സെന്റർ സ്വീകരിച്ചുവരുന്നു.

വൈദ്യുതി എത്താത്ത വിദൂര മേഖലകളിൽ 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള ഏകദേശം 100 പീക്കോ ജലവൈദ്യുതി പദ്ധതികൾ കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ ചിന്നാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ തായണ്ണൻകുടി ആദിവാസി കോളനിയിൽ 3 കിലോ വാട്ട് വൈദ്യുത പദ്ധതി നിർമ്മിച്ച് മൈക്രോ ഗ്രിഡ് സംവിധാനം വഴി വൈദ്യുതി വിതരണവും ചെയ്യുന്നുണ്ട്.

ഇടുക്കി ജില്ലയിൽ മറയൂരിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ട് സൂക്ഷ്മ ജലവൈദ്യുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും, വിവരങ്ങളും ലഭ്യമാക്കുന്നതിനും വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാറ്റിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് അനെർട്ട് മുഖേന സാങ്കേതിക അനുമതിയും നൽകിവരുന്നു.

## കുടപ്പനക്കുന്ന് കന്നുകാലി ഫാം അധികൃതരും കെ.എസ്.ഇ.ബി. അധികൃതരും തമ്മിലുള്ള തർക്കം

158 (3600) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിലേക്കുള്ള 11 കെ.വി. വൈദ്യുതി ലൈൻ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ ഫാം അധികൃതരും കെ.എസ്.ഇ.ബി. അധികൃതരും തമ്മിൽ തർക്കം നിലവിലുണ്ടോ;

(ബി) പ്രസ്തുത ഫാമിന്റെ പ്രവർത്തനം കെ.എസ്.ഇ.ബി.-യുടെ നടപടിമൂലം തടസ്സപ്പെടുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) മൃഗസംരക്ഷണ ഡയറക്ടറുടെ അനുമതിയില്ലാതെ ഫാമിനകത്ത് യാതൊരു വിധ പ്രവർത്തനവും അനുവദിക്കില്ലെന്ന ഫാം അധികൃതരുടെ നിലപാട് ദൂരദർശൻ കേന്ദ്രത്തിലേക്കുള്ള വൈദ്യുതി ലൈൻ നന്നാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കുടപ്പനക്കുന്ന് ദൂരദർശൻ കേന്ദ്രത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത് കുടപ്പനക്കുന്ന് കന്നുകാലി ഫാമിലൂടെ കടന്നുപോകുന്ന 11 kv UG കേബിൾ വഴിയാണ്. ടി കേബിളിന് 3-2-2018-ന് തകരാർ സംഭവിച്ചതുമൂലം പകരമായി സംവിധാനം ഒരുക്കിയാണ് നിലവിൽ ദൂരദർശൻ കേന്ദ്രത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. ദൂരദർശൻ കേന്ദ്രത്തിലേയ്ക്കുള്ള പ്രസ്തുത കേബിളിലെ തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. ജീവനക്കാർ ടി ഫാമിൽ എത്തുകയും ഫാം അധികൃതർ അത് തടയുകയും ചെയ്തിരുന്നു. പ്രസ്തുത ഫാമിന്റെ പ്രവർത്തനം തടയാൻ കെ.എസ്.ഇ.ബി. ജീവനക്കാർ ശ്രമിച്ചിട്ടില്ല. പ്രശ്നപരിഹാരത്തിനായി പ്രസ്തുത വിഷയം ബഹുമാനപ്പെട്ട അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

**ഭൂഗർഭ കേബിൾ സ്ഥാപിച്ച് പ്രശ്നപരിഹാരം**

159 (3601) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലിമണ്ഡലത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വടക്കൻ കോയിക്കൽ ക്ഷേത്രത്തിലെ ഉത്സവം, പ്രസിദ്ധമായ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഉത്സവം എന്നിവയോടനുബന്ധിച്ച് കെട്ടുകാഴ്ചകൾ കടന്നു വരുമ്പോൾ വൈദ്യുതി ലൈനുകൾ അഴിച്ചുമാറ്റുന്നതുമൂലം ഉത്സവദിനങ്ങളിൽ പ്രസ്തുത പ്രദേശം മുഴുവൻ ഇരുട്ടിലാകുന്നതിനാൽ ഈ പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സ്ഥാപിച്ച് പ്രശ്നത്തിനു പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

വടക്കൻ കോയിക്കൽ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചും ഓച്ചിറ ക്ഷേത്രത്തിലെ കെട്ടുകാഴ്ചയുമായി ബന്ധപ്പെട്ടും HT/LT ലൈനുകൾ അഴിച്ച് മാറ്റേണ്ടിവരികയും തന്മൂലം പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുത വിതരണം തടസ്സപ്പെടുകയും ചെയ്യാറുണ്ട്.

ഓച്ചിറ ക്ഷേത്രത്തിൽ കെട്ടുകാഴ്ചയുമായി ബന്ധപ്പെട്ട് വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി ഓച്ചിറ പ്രദേശത്ത് DDUGJY Scheme-ൽ ഉൾപ്പെടുത്തി 11.5 km 11kv ABC work ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓച്ചിറ ക്ഷേത്രത്തിന്റെ പരിധിയിൽ വരുന്ന ബാക്കി പ്രദേശങ്ങളിലും വടക്കൻ കോയിക്കൽ ക്ഷേത്രത്തിന്റെ പരിധിയിൽ വരുന്ന ബാക്കി പ്രദേശങ്ങളിലും 11 kv UG cable, LT ABC cable എന്നിവ സ്ഥാപിച്ച് വൈദ്യുത തടസ്സം ഒഴിവാക്കാവുന്നതാണ്. അതിനാവശ്യമായ തുക Deposit Work വ്യവസ്ഥയിൽ ഒടുക്കിയാൽ മാത്രമേ ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## വൈദ്യുതി ബോർഡിലെ തസ്തികകൾ

160 (3602) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ തസ്തികകൾ കുറയ്ക്കുന്നതിനും, അധികമുള്ളവ പുനർവിന്യസിക്കുന്നതിനുമുള്ള പദ്ധതി തയ്യാറായിട്ടുണ്ടോ;

(ബി) ബോർഡിന്റെ ഭരണം കാര്യക്ഷമമാക്കുന്നതിനും അധികമുള്ള തസ്തികകൾ പുനർവ്യന്യസിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിച്ച കോഴിക്കോട് ഐ.ഐ.എമ്മിന്റെ ശിപാർശകൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പഠിക്കുന്നതിന് ബോർഡ് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സമിതി ഐ.ഐ.എമ്മിന്റെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടോ;

(ഇ) കെ.എസ്.ഇ.ബി.-യിലെ മീറ്റർ റീഡർ, സ്പോട്ട് ബില്ലർ തസ്തികകളിലെ 799 ഒഴിവുകൾ കെ.എസ്.ഇ.ബി റദ്ദാക്കിയിട്ടുണ്ടോ;

(എഫ്) ആറുവർഷമായി നിയമനം കാത്തിരിക്കുന്ന കെ.എസ്.സി.ബി. മീറ്റർ റീഡർ, സ്പോർട്ട് ബില്ലർമാർക്ക് ഉടനടി നിയമനം നൽകണമെന്ന് കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് ഉത്തരവായത് ഡിവിഷൻ ബഞ്ചിനെ സമീപിച്ച് സ്റ്റേ വാങ്ങിയ ശേഷം ഒഴിവുകൾ റദ്ദാക്കിയത് സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ വെട്ടി കുറയിക്കില്ലായെന്ന ഇടതുമുന്നണിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനത്തിന്റെ ലംഘനമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തസ്തികകൾ നിജപ്പെടുത്തുന്നതിനും പുനർവിന്യസിക്കുന്നതിനുമുള്ള കരട് രേഖ തയ്യാറാക്കിവരുന്നു.

(ബി) ഐ.ഐ.എം.-ന്റെ ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.
2. ഉപഭോക്താക്കൾക്ക് കമ്പ്യൂട്ടർവൽക്കൃത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

3. കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ഓഫീസുകളിലെ ആശയ വിനിമയം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.
4. വിവിധ ഓഫീസുകളിൽ പുനസംഘടന നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.
5. ജീവനക്കാരെ പുനർവിന്യാസം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.
6. റവന്യൂ ചെലവ് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.
7. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ.
8. ചില തസ്തികകളിൽ യോഗ്യത പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ.
9. ഉദ്യോഗക്കയറ്റം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.
10. ആശ്രിത നിയമനത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ.
11. സ്പോർട്സ് ക്വാട്ട നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ.
12. ചില തസ്തികകളുടെ ഏകീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ.
13. ചില തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.
14. ചില തസ്തികകളുടെ എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.
15. ചില ഓഫീസുകൾ സംയോജിപ്പിച്ച് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.
16. ജീവനക്കാരുടെ ഉദ്യോഗക്കയറ്റവും പുരോഗമനവും സംബന്ധിച്ച നിർദ്ദേശങ്ങൾ.

(സി) ഉണ്ട്.

(ഡി) ഐ.ഐ.എം. കോഴിക്കോടിന്റെ നിർദ്ദേശങ്ങൾ പഠിച്ച് ചർച്ചകൾ നടത്തി ആയവയിൽ കെ.എസ്.ഇ.ബി.എൽ., നടപ്പിലാക്കേണ്ടവയെ സംബന്ധിച്ച ശിപാർശകൾ ഡയറക്ടർ ബോർഡിന് നൽകുന്നതിലേയ്ക്കാണ് ടി സമിതിയെ നിയോഗിച്ചിട്ടുള്ളത്. ഐ.ഐ.എം. കോഴിക്കോടിന്റെ ശിപാർശകൾ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യേണ്ട ചുമതല ഈ കമ്മിറ്റിയുടേതല്ല.

(ഇ) ഉണ്ട്. 23-2-2018-ലെ B.O. (DB) No.494/2018 (Estt.11/6718/2016 പ്രകാരം WP (C) No.30039/2016 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി 799 മീറ്റർ റീഡർ തസ്തികകൾ റദ്ദാക്കി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) 31-10-2012-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മീറ്റർ റീഡർമാരുടെ ഒരു NJD ഒഴിവ് KPSC-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ KPSC പരീക്ഷ നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. WP (C) No.30039/2016 D. 21919/2017L എന്നിവയിന്മേൽ 4-1-2013-ലെ വിധിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായി. എന്നാൽ പുതുതായി 799 മീറ്റർ റീഡർമാരുടെ ആവശ്യകത ഇല്ലാത്തതിനാൽ സിംഗിൾ ബഞ്ചിന്റെ ഈ വിധിക്കെതിരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡിവിഷൻ ബഞ്ച് മുമ്പാകെ WA 173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യകളുടെയും ഫലമായി ജീവനക്കാരുടെ അദ്ധ്വാന ഭാരത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലും ആവശ്യമുള്ള ജീവനക്കാരെ കണ്ടെത്തുകയും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ മറ്റ് തസ്തികകളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്യേണ്ടിവരും. ഇതോടൊപ്പം ഉപഭോക്താക്കളുടെ എണ്ണത്തിലെ വർദ്ധനവ്, ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ ലഭ്യമാകുന്ന പുതിയ സേവനങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവ കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായും വരും. ഇങ്ങനെ തസ്തികകളുടെ പുനർവിന്യാസം, ക്രമപ്പെടുത്തൽ എന്നിവയിലൂടെ സ്ഥാപനത്തെ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ നിലയിൽ നിലവിലുള്ള മീറ്റർ റീഡർമാരുടെ എണ്ണം പുനർ നിർണ്ണയിക്കുന്നതിന്റെ ഭാഗമായാണ് മീറ്റർ റീഡർ തസ്തികയുടെ 799 ഒഴിവുകൾ റദ്ദാക്കിയത്.

## വൈദ്യുത ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച കോഴിക്കോട് ഐ.ഐ.എം.-ന്റെ റിപ്പോർട്ട്

161 (3603) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അട്ടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച കോഴിക്കോട് ഐ.ഐ.എമ്മിന്റെ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ വിവിധ ഓഫീസുകൾ പുനഃസംഘടിപ്പിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ബോർഡിന്റെ റവന്യൂ ചെലവ് കുറയ്ക്കുവാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഐ.ഐ.എം. നൽകിയിട്ടുള്ളത്; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർമാരുടെ എഴുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് തസ്തികകൾ റദ്ദ് ചെയ്യലും നിയമന നിരോധനം നടപ്പിലാക്കിയതായുള്ള ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടികൾ റവന്യൂ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിൽ ആണ്. ടി കമ്മിറ്റിയെ സഹായിക്കുന്നതിലേയ്ക്കായി ഒരു ഉപസമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബോർഡിന്റെ റവന്യൂ ചെലവ് കുറയ്ക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് ഐ.ഐ.എം.കോഴിക്കോട് പ്രധാനമായും നൽകിയിട്ടുള്ളത്.

- പ്രഖ്യാപിത പവർകട്ടുകൾക്ക് നിർദ്ദിഷ്ട സമയം (ഗാർഹിക ഉപഭോക്താക്കൾക്കും വാണിജ്യ ഉപഭോക്താക്കൾക്കും വെവ്വേറെ സമയം) ഏർപ്പെടുത്തുക. പേയ്മെന്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കാവുന്ന വിവിധ അധിക സേവനങ്ങൾ ഏർപ്പെടുത്തുക. വാണിജ്യ സ്ഥാപനങ്ങൾക്ക് പകൽ സമയം പവർ ഉറപ്പുവരുത്തുക.

- ഓഫീസ് കമ്മ്യൂണിക്കേഷൻ കമ്പ്യൂട്ടർ മുഖേന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. മീറ്റിംഗുകൾ വീഡിയോ കോൺഫറൻസ് മുഖാന്തരം നടത്തുക.

- ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസുകളെ ഡിവിഷൻ ഓഫീസുകളോടൊപ്പം കൂട്ടിച്ചേർക്കുക. ഡിവിഷൻ/സർക്കിൾ ഓഫീസ് തലങ്ങളിൽ ഘടനാപരമായി ചില മാറ്റങ്ങൾ വരുത്തുക.

- വ്യവസായത്തിൽ നിലനിൽക്കുന്ന വേതനത്തിന്റെയും ജീവനക്കാരുടെ മികവിന്റെയും അടിസ്ഥാനത്തിൽ ശമ്പളം, വേതനം ഇവ ക്രമീകരിക്കുന്നതിനുള്ള സംവിധാനം വേണമെങ്കിൽ പുറമെ നിന്നുള്ള ഏജൻസിയുടെ സഹായത്തോടെ നിർണ്ണയിക്കുക, വാർഷിക ഇൻക്രിമെന്റും, ഉദ്യോഗക്കയറ്റങ്ങളും സാമ്പത്തിക വർഷത്തെയോ, കലണ്ടർ വർഷത്തെയോ അടിസ്ഥാനപ്പെടുത്തി നൽകുക.

- വിതരണമേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റിനൻസ് വിഭാഗങ്ങൾ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുക.

- മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക. ഈ തസ്തികയിൽ നിലവിലെ 876 ഒഴിവുകൾ നികത്തരുത്.

- ട്രെയിനിംഗ് സെന്ററിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ 2-ൽ നിന്നും 1 ആയി ചുരുക്കുക.

- ബില്ലിംഗിന് പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സംവിധാനം ഉപയോഗിക്കുന്നതിലൂടെയും വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെയും നിലവിലുള്ള 2950 സീനിയർ അസിസ്റ്റന്റുമാരുടെ എണ്ണം 1/3 ആയി ചുരുക്കാൻ കഴിയും. PDA സംവിധാനം സാർവത്രികമാക്കുക, തൊഴിൽപരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റുമാരെ മാനവ വിഭവശേഷി വിഭാഗത്തിലേയ്ക്ക് പുനർവിന്യസിക്കുക, ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയും ഹൈഡൽ ടൂറിസം മേഖലയിലും പുനർവിന്യസിക്കുക.

- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർകോപ്പി അസിസ്റ്റന്റ് & ഓഫീസ് അറ്റന്റന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക. ആശ്രിത നിയമനംവഴി ഓഫീസ് അറ്റന്റന്റ്, ഫെയർകോപ്പി അസിസ്റ്റന്റ് & കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നൽകുന്ന നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

- ഡ്രൈവർ, ശുപ്പുകാർ എന്നീ തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുക, ടി തസ്തികയിലേയ്ക്കുള്ള പുതിയ നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

- ആശ്രിത നിയമനത്തിനായി ഉദ്യോഗാർത്ഥികൾക്ക് കെ.എസ്.ഇ.ബി.എൽ.-ലേയ്ക്ക് ആവശ്യമായ യോഗ്യതാ പരിശീലനം നേടുവാനായി നിർദ്ദിഷ്ട കാലയളവിലേയ്ക്ക് വേതനത്തോടുകൂടിയ അവധി നൽകുക. ഉയർന്ന തുകയ്ക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി ആശ്രിത നിയമന വ്യവസ്ഥ പിൽക്കാലത്ത് നിർത്തലാക്കാവുന്നതാണ്.

- കായിക രംഗത്ത് സജീവകാലം പൂർത്തിയാക്കിക്കഴിഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രം സ്പോർട്സ് ക്വാട്ടയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുക.

- സിവിൽ എഞ്ചിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്താനായി ഹൈഡൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക.

- ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)-ന്റെ ഓഫീസ്, ബോർഡ് സെക്രട്ടറിയുടെ ഓഫീസ് & ചീഫ് പേഴ്സണൽ ഓഫീസറുടെ ഓഫീസ് എന്നിവയുടെ പ്രവർത്തനം സംയോജിപ്പിക്കുക.

- ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ കൺസ്യൂമേഴ്സിന് അനുസൃതമായി ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തുക.

ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾ ടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിൽ ആണ്. ടി കമ്മിറ്റിയെ സഹായിക്കുന്നതിലേയ്ക്കായി ഒരു ഉപസമിതിയെയും ചുമതല പ്പെടുത്തിയിട്ടുണ്ട്.

മീറ്റർ റീഡർ തസ്തികയിലെ അംഗീകൃത എണ്ണം 1721 ആയിരുന്നത് 799 എണ്ണം കുറച്ച് (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No. 30039/2016-ന്റെ അന്തിമ വിധിക്ക് വിധേയമായി) 922 ആയി നിജപ്പെടുത്തി 23-2-2018-ലെ B.O. (DB) No. 494/2018 (Estt.11/6718/2016) dated പ്രകാരം തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 33,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27,175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട KSERC കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം, കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും അവശ്യം വേണ്ട എണ്ണം ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റ് തസ്തികയിലേയ്ക്ക് പുനർവിന്യസിക്കേണ്ടിയുംവരും.

ഓൺലൈൻ പേയ്മെന്റ് സംവിധാനം, spot billing machine എന്നിവ എല്ലാ സെക്ഷൻ ആഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. Smart metre വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് എടുത്തുവരികയാണ്. ഇതിന്റെയെല്ലാം ഭാഗമായി ബില്ലിംഗ്, മീറ്റർ റീഡിംഗ് എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരെ പുനർ വിന്യസിക്കേണ്ടിവരും. ഇപ്പോൾത്തന്നെ എല്ലാ സെക്ഷൻ ആഫീസുകളിലും പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ഇത് മീറ്റർ റീഡിംഗ് ജോലി ഭാരം ഗണ്യമായി കുറച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി മീറ്റർ റീഡർമാരെ പുതുതായി എടുക്കുന്നതിനുപകരം നിലവിൽ അധികമായി കണ്ടെത്തുന്നവരെ പുനർ വിന്യസിക്കുന്നതിനാണ് ബോർഡ് മുൻഗണന നൽകുന്നത്. ഇക്കാരണങ്ങളാണ് മീറ്റർ റീഡർമാരുടെ 799 തസ്തികകൾ റദ്ദ് ചെയ്തത്.

## കുടിശ്ശികയിൽ ഇളവ്

162 (3604) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-ക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുകയിൽ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കുന്നതിനുവേണ്ടി റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിവരുന്നു.

കാലാകാലങ്ങളിൽ ഉണ്ടായ കുടിശ്ശികകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ദൈനംദിന നടത്തിപ്പിന് വായ്പ എടുക്കേണ്ടിവരുന്നു. കൂടാതെ അത്തരം കുടിശ്ശികകൾ കിട്ടാക്കടങ്ങളായി (bad debt) തീരുന്നതിനും സാധ്യതയുണ്ട്. അതുകൊണ്ട് പലിശ ബാധ്യത കുറയ്ക്കുന്നതിനും കിട്ടാക്കടമായി തീരുന്നത് ഒഴിവാക്കുന്നതിനും ആണ് റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പാക്കുന്നത്. കുടിശ്ശിക തുകയുടെ പലിശ കുറച്ചു നൽകുകയും മുതലും പലിശയും അടയ്ക്കുന്നതിന് തവണകൾ അനുവദിക്കുകയും ആണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ചെയ്യുന്നത്.

## സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ (2010)

163 (3605) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ (2010) സംസ്ഥാനത്തെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ഡിസ്ട്രിബ്യൂഷന് ലൈസൻസിയുമായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമാണോ;

(ബി) ടി റെഗുലേഷൻ(2010) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ അനുവദിച്ച സമയ പരിധി 2017 ഏപ്രിലിൽ അവസാനിച്ചതിനാൽ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഇതുവരെ എടുത്തത് അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ടി റെഗുലേഷൻ(2010) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സമയബന്ധിതമായി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്നിവർ എന്തെങ്കിലും താക്കീതു നൽകിയിട്ടുണ്ടോ. ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ടി റെഗുലേഷൻ (2010)കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സമയബന്ധിതമായി നടപ്പിലാക്കിയില്ലെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾ എന്തൊക്കെയാണ്; അതിന്റെ വിശദാംശംങ്ങൾ നൽകുമോ;

(ഇ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എൻട്രി കേഡർ തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ) തസ്തികയിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ(2010) നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളും നടപടിക്രമങ്ങളുമാണ് ഇതുവരെ എടുത്തിട്ടുള്ളത്; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ബാധകമാണ്.

(ബി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ വ്യവസ്ഥകൾ കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനുമായി ബോർഡ് ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനുശേഷം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനക്കയറ്റ-പരിശീലന പദ്ധതികൾ ബോർഡിന് സമർപ്പിക്കുകയുണ്ടായി. ആയത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ പ്രകാരമുള്ള നിശ്ചിത വ്യവസ്ഥാപിത പരിശീലന പരിപാടി കെ.പി.എസ്.സി.-വഴി നിയമിക്കുന്ന പുതിയ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകിവരുന്നു.

(സി) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഒ.പി. 7/2016-ൽ 29-12-2016-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ താഴെപ്പറയുന്ന കാര്യങ്ങൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1. നിലവിലുള്ള ജീവനക്കാരിൽനിന്നും സേഫ്റ്റി റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവരെ മാത്രമേ വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി നിയോഗിക്കുവാൻ പാടുള്ളൂ.

2. നിലവിലുള്ള ജീവനക്കാരിൽ ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ എന്നീ തസ്തികയിലുള്ള താത്പര്യമുള്ള ജീവനക്കാരെ ആവശ്യമായ പരിശീലനം നൽകി സേഫ്റ്റി റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മുകളിൽ സൂചിപ്പിച്ച ജോലികൾക്ക് യോഗ്യതയുള്ളവരാക്കി മാറ്റേണ്ടതാണ്.

3. ഭാവിയിൽ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റ പണികൾക്കുമായി നിയമിക്കപ്പെടുന്നവർ സേഫ്റ്റി റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം യോഗ്യത നേടിയിട്ടുള്ളവർ ആകേണ്ടതാണ്.

(ഡി) ടി റെഗുലേഷൻ (2010) കെ.എസ്.ഇ.ബി.എൽ.-ൽ സമയ ബന്ധിതമായി നടപ്പിലാക്കിയില്ലെങ്കിൽ സെക്ഷൻ 142 (ഇലക്ട്രിസിറ്റി ആക്ട് 2003) അനുസരിച്ച് പിഴ നൽകേണ്ടിവരും.

(ഇ) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ വ്യവസ്ഥകൾ കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനുമായി ബോർഡ് ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനുശേഷം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷനുകൾക്ക് അനുസൃതസമായിട്ട് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ പുതിയ നിയമന-സ്ഥാനക്കയറ്റ മാനദണ്ഡങ്ങൾ ബോർഡിന് സമർപ്പിക്കുകയുണ്ടായി. ആയത് ബോർഡിന്റെ പരിഗണനയിലാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ പ്രകാരമുള്ള നിശ്ചിത വ്യവസ്ഥാപിത പരിശീലന പരിപാടികൾ കെ.പി.എസ്.സി. വഴി നിയമിക്കുന്ന പുതിയ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകുവാൻ ആരംഭിച്ചിട്ടുണ്ട്.

### മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ

164 (3606) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ ഏതെല്ലാം; ഇവയുടെ ഓരോന്നിന്റെയും നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് ഓരോന്നിനും നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്;

(സി) വൈദ്യുത പദ്ധതികൾ മുടങ്ങിക്കിടക്കുന്നതിന് കാരണക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരം പദ്ധതികൾ പൂർത്തീകരിച്ചാൽ ഇവ ഓരോന്നിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി പ്രതിമാസം ലഭ്യമാക്കുവാൻ സാധിക്കും;നിലവിലെ പ്രതിമാസ വൈദ്യുതി ഉപഭോഗം എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം പദ്ധതികളുടെ പൂർത്തീകരണത്തിനായി ഓരോന്നിനും ഇനി എത്ര തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിൽ എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമാണോ;വിശദമാക്കുമോ;

(എഫ്) ഇത്തരം പദ്ധതികൾ പൂർത്തീകരിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ;വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജല വൈദ്യുതി പദ്ധതികളൊന്നും തന്നെ ഇപ്പോൾ നിലവിലില്ല.

(സി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പദ്ധതികളൊന്നും മുടങ്ങിയിട്ടില്ല.

(ഡി) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2018 ഫെബ്രുവരി 28-ലെ കണക്കുപ്രകാരം പ്രതിമാസ വൈദ്യുതി ഉപഭോഗം ഏകദേശം 1929.31 ദശലക്ഷം യൂണിറ്റാണ്.

(ഇ)

| പദ്ധതി | പദ്ധതി പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന ഏകദേശ ചിലവ് |
|---|---|
| പള്ളിവാസൽ എക്സ്റ്റൻഷൻ | 294 കോടി രൂപ |
| തോട്ടിയാർ | 213 കോടി രൂപ |
| ചാത്തൻകോട്ടുനട- II | 61 കോടി രൂപ. |

25 മെഗാവാട്ടിൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി MNRE-യുടെ CFA (സെൻട്രൽ ഫിനാൻഷ്യൽ അസിസ്റ്റൻസ്) ലഭ്യമാണ്. അതിൻപ്രകാരം 6 മെഗാവാട്ട് ശേഷിയുള്ള ചാത്തൻകോട്ടുനട-II-ന് 4.5 കോടി രൂപ MNRE അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ 25 ശതമാനം തുകയായ 1.125 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. തോട്ടിയാർ, പള്ളിവാസൽ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമല്ല.

(എഫ്) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പദ്ധതിയുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസം കൂടുമ്പോൾ കൂടുന്നുണ്ട്. പദ്ധതിയുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബി.എസ്.ഇ.എസ്. താപ വൈദ്യുതനിലയം ഏറ്റെടുക്കാൻ നടപടി

165 (3607) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലൂരിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.ഇ.എസ്. താപ വൈദ്യുതനിലയം ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് 2017 നവംബറിൽ കൂടിയ ഉന്നതലയോഗത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) 8-11-2017-ൽ കൂടിയ ഉന്നതതല യോഗത്തിൽ കേരളത്തിന്റെ ലോഡ്സെന്ററായ എറണാകുളത്ത് ഒരു സ്റ്റാൻഡ് ബൈ നിലയമായി ബി.കെ.പി.എൽ. താപനിലയം നിലനിർത്തുന്നതിന് depreciated വിലയെക്കാൾ അധികരിക്കാത്ത ഏറ്റവും മിതമായ വിലയ്ക്ക് ബി.കെ.പി.എൽ. താപവൈദ്യുതി നിലയം കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബി.കെ.പി.എൽ. താപവൈദ്യുതി നിലയം ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ബി.കെ.പി.എൽ.-ഉം ആയി ചർച്ച ചെയ്യുന്നതിന് താഴെപ്പറയുന്ന ഘടനയോടുകൂടി ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്:

(1) പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് - ചെയർമാൻ.

(2) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് - മെമ്പർ.

(3) ഡയറക്ടർ (ഫിനാൻസ്), കെ.എസ്.ഇ.ബി. ലിമിറ്റഡ് - മെമ്പർ

(4) ഡയറക്ടർ (സി.പി.ജനറേഷൻ (ഇ), എസ്.സി.എം & സേഫ്റ്റി), കെ.എസ്.ഇ.ബി.ലിമിറ്റഡ് - മെമ്പർ.

(5) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (കമ്മേർഷ്യൽ & പ്ലാനിംഗ് ചീഫ് എഞ്ചിനീയറിന്റെ പൂർണ്ണ അധികാരങ്ങളോടെ) - മെമ്പർ.

## വിവിധ സ്രോതസ്സുകൾ വഴി ഉത്പാദിപ്പിക്കേണ്ട വൈദ്യുതി

166 (3608) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന കടുത്ത വേനൽ വൈദ്യുതി ഉല്പാദന രംഗത്തെ എങ്ങനെ ബാധിക്കുന്നു എന്നു വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് വിവിധ സ്രോതസ്സുകൾ വഴി ഉല്പാദിപ്പിക്കേണ്ട വൈദ്യുതി എത്ര; എത്ര ഉല്പാദനം നടത്തുന്നു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വൈദ്യുതി ഉല്പാദനത്തിൽ കുറവുണ്ടാകുന്നുണ്ടോ എങ്കിൽ എത്ര; വ്യക്തമാക്കുമോ;

(ഡി) ആയതു പരിഹരിക്കാൻ വകുപ്പും സർക്കാരും എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആസന്നമായ വേനൽക്കാലം വൈദ്യുതി ഉത്പാദന രംഗത്തെ ബാധിക്കുമെന്ന് കരുതുന്നില്ല. കേരളത്തിൽ കഴിഞ്ഞ തുലാവർഷത്തിൽ നല്ല മഴയും നീരൊഴുക്കും ലഭിച്ചതിനാൽ കഴിഞ്ഞ ജല വർഷത്തേക്കാൾ കൂടുതൽ ജലം സംഭരണികളിൽ ലഭ്യമാണ്. ഈ വേനൽക്കാലത്ത് അടുത്ത വർഷത്തേയ്ക്കുള്ള കരുതൽ ജലശേഖരം കഴിച്ച് ബാക്കി ശേഖരംകൊണ്ട് പരമാവധി ജല വൈദ്യുതി വേനൽക്കാലത്ത് ഉത്പാദിപ്പിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനാൽ കടുത്ത വേനൽ ജലവൈദ്യുത ഉത്പാദനത്തെ ബാധിക്കുകയില്ല. സംസ്ഥാനത്തെ താപവൈദ്യുത നിലയങ്ങൾ ചെലവേറിയതിനാൽ അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ് പ്രവർത്തിപ്പിക്കാറുള്ളത്. വേനൽക്കാലത്ത് വേണ്ടിവന്നാൽ അവ പ്രവർത്തിപ്പിക്കാൻ കഴിയും.

(ബി) സംസ്ഥാനത്ത് വിവിധ സ്രോതസ്സിൽ നിന്ന് ഉത്പാദിപ്പിക്കേണ്ട വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചതും (2017-18) അവയിൽനിന്ന് മാർച്ച് മാസം ഉത്പാദിപ്പിച്ചതും താഴെ ചേർക്കുന്നു:

| നിലയങ്ങൾ | ഉത്പാദിപ്പിക്കേണ്ടത് (കോടി യൂണിറ്റ്) | ഉത്പാദിപ്പിച്ചത് (11-3-2018 വരെ കോടി യൂണിറ്റ്) |
|---|---|---|
| ജല വൈദ്യുതി നിലയങ്ങളിൽ നിന്ന് | 89.429 | 25.65 |
| ചെറുകിട ജലവൈദ്യുത കാറ്റാടി നിലയങ്ങളിൽ നിന്ന് | 0.827 | 0.50623 |

എന്നാൽ സംസ്ഥാനത്തെ താപനിലയങ്ങളിൽ നിന്ന് അത്യാവശ്യഘട്ടങ്ങളിൽ ഒഴിച്ച് ഈ വർഷം വൈദ്യുതി ഉത്പാദിപ്പിക്കാൻ നിശ്ചയിച്ചിട്ടില്ല.

പാലക്കാട് കുഴൽമന്ദത്ത് അനെർട്ട് സ്ഥാപിച്ച 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു.

അനെർട്ട് നടപ്പാക്കിയ പതിനായിരം ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് പദ്ധതി വഴി ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉത്പാദനം സാധ്യമാകുന്നുണ്ട്.

(സി & ഡി) കഴിഞ്ഞ തുലാവർഷക്കാലത്ത് മഴ ലഭിച്ചതുമൂലം ജലസംഭരണികളിൽ ജലമുള്ളതിനാൽ ആഭ്യന്തരമായി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പ്രധാനമായും ആശ്രയിക്കുന്ന ജല വൈദ്യുത നിലയങ്ങളിൽ നിന്ന് ഉത്പാദനം കുറഞ്ഞിട്ടില്ല. അപ്രതീക്ഷിതമായി അവയിൽനിന്ന് ഉത്പാദനക്കുറവുണ്ടായാൽ പവർ എക്സ്ചേഞ്ചുകൾവഴി വൈദ്യുതി വാങ്ങിയും അടിയന്തരഘട്ടങ്ങളിൽ സംസ്ഥാനത്തെ താപനിലയങ്ങൾ പ്രവർത്തിപ്പിച്ചും ഉത്പാദനക്കമ്മി നികത്തണമെന്നാണ് കരുതുന്നത്.

കൂടാതെ വൈദ്യുതി ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് വിവിധ സൗരോർജ്ജ പദ്ധതികളും കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികളും അനെർട്ട് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതി

167 (3609) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതി പുതുതായി ഉത്പാദിപ്പിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പുതുതായി എത്ര വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു എന്ന് അറിയിക്കുമോ;

(ഡി) അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 132.067 മെഗാവാട്ട് ശേഷിയുള്ള വൈദ്യുത പദ്ധതികൾ പുതുതായി ഉത്പാദനം ആരംഭിച്ചു.

സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ പുതുതായി 12.5 മെഗാവാട്ട് അധിക ഉത്പാദനശേഷി കൈവരിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു.

പതിനായിരം ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് പദ്ധതി വഴി ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉത്പാദനം സാധ്യമാകുന്നുണ്ട്.

(ബി)

| ചെറുകിട ജലവൈദ്യുതി പദ്ധതികൾ | |
|---|---|
| വെള്ളത്തൂവൽ | 3.6 മെഗാവാട്ട് |
| പെരുന്തേനരുവി | 6 മെഗാവാട്ട് |
| പതങ്കയം | 8 മെഗാവാട്ട് |
| സ്വകാര്യ സംരംഭകർ വഴിയുള്ള പദ്ധതി കാരിക്കയം | 4.5 മെഗാവാട്ട് |
| ആകെ | 22.10 മെഗാവാട്ട് |

| സൗരോർജ്ജ പദ്ധതികൾ | |
|---|---|
| കെ.എസ്.ഇ.ബി.എൽ. പദ്ധതികൾ | 14.255 മെഗാവാട്ട് |
| സി.ഐ.എ.എൽ. | 17 മെഗാവാട്ട് |
| അനെർട്ട് | 2 മെഗാവാട്ട് |
| ഹിന്റാൽക്കോ | 1 മെഗാവാട്ട് |
| സോളാർ പാർക്ക് | 50 മെഗാവാട്ട് |
| പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി ഗ്രിഡ് ബന്ധിതമാക്കിയ സൗരോർജ്ജ പ്ലാന്റുകൾ | 8.712 മെഗാവാട്ട് |
| ആകെ | 92.967 മെഗാവാട്ട് |

| കാറ്റിൽ നിന്നുള്ള പദ്ധതികൾ | |
|---|---|
| INOX സ്വകാര്യ സംരംഭകർ | 16 മെഗാവാട്ട് |
| കൊശമറ്റം സ്വകാര്യ സംരംഭകർ | 1 മെഗാവാട്ട് |
| ആകെ | 17 മെഗാവാട്ട് |

സ്വകാര്യ മേഖലയിൽ BOOT (Build, Own Operate & Transfer) അടിസ്ഥാനത്തിൽ അനുവദിച്ച രണ്ട് പദ്ധതികളിലൂടെയാണ് അധിക ഉത്പാദനം - (1) 4.5 മെഗാവാട്ടിന്റെ കാരിക്കയം പദ്ധതിയുടെ രണ്ടാം ഘട്ടം (2) 8 മെഗാവാട്ടിന്റെ പാതങ്കയം പദ്ധതി.

പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം ഭൂമിയിൽ 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു.

2016-17 വർഷത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10,000 വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10,000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിപ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചുനൽകി പദ്ധതി പൂർത്തിയാക്കിയത്. ഇവ മാത്രം ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പര്യാപ്തമാണ്.

(സി &ഡി) 166.5 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ നടന്നുവരുന്നു. 149.10 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പുതുതായി നടപ്പിലാക്കുന്നുണ്ട്. 453.7495 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ ടെണ്ടർ ഘട്ടത്തിലാണ് 6.75 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ നിർമ്മാണം നടന്നുവരുന്നു.

<u>നിർമ്മാണം നടന്നുവരുന്ന ജല വൈദ്യുത പദ്ധതികൾ</u>

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉത്പാദന ശേഷി (Mu) |
|---|---|---|---|
| 1 | കക്കയം | 3 | 10.39 |
| 2. | ഭൂതത്താൻ കെട്ട് | 24 | 83.5 |
| 3. | പെരിങ്ങൽക്കുത്ത് SHEP | 24 | 45.02 |
| 4. | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 |
| 5. | അപ്പർ കല്ലാർ | 2 | 5.14 |
| 6. | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 |
| 7. | തോട്ടിയാർ | 40 | 99 |
| 8. | ചാത്തൻകോട്ടു നട II | 6 | 14.76 |
| 9. | പഴശ്ശി സാഗർ | 7.5 | 25.16 |
| | ആകെ | 166.5 | 521.87 |

നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ Build, Own Operate & Transfer (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ചെറു തടയണകൾ നിർമ്മിച്ച് ചെറിയ ഉയര വ്യത്യാസത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2 X 10Kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ്' ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-യുടെ കക്കാട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ ഘടിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളും എനർജി മാനേജ്മെന്റ് സെന്റർ സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന 3 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകിവരുന്നത്.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ (ആകെ ശേഷി 5000 കിലോവാട്ട്) ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 4000 കിലോവാട്ട്) കേന്ദ്ര - സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## നദികളിൽനിന്ന് വൈദ്യുതി

168 (3610) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ നദികളിൽ നിന്നു വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായുള്ള പുതിയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരത്തിൽ കൂടുതൽ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ചെറിയ നദികൾ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ കണ്ടെത്തി അനുയോജ്യമായ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരെ ചെറിയ നീരൊഴുക്കിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന മൈക്രോ ഹൈഡൽ പ്രോജക്ടുകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് നടപ്പിലാക്കുന്നില്ല. എന്നാൽ 'വോർടെക്സ്' സാങ്കേതികവിദ്യ ഉപയോഗിച്ച് സൂക്ഷ്മ ജലവൈദ്യുത പദ്ധതി വിഭാഗത്തിൽപ്പെടുന്ന 20 കിലോവാട്ട് ജലവൈദ്യുത പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിന് കുറുകെ കാട്ടുവെട്ടിയിൽ പണി ആരംഭിച്ചുകഴിഞ്ഞു. ചെറിയ ഉയര വ്യത്യാസത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്. 2018 മേയ് മാസത്തിൽ കമ്മീഷൻ ചെയ്യുവാനാണ് വിഭാവന ചെയ്തിരിക്കുന്നത്.

ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിൽ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ ഘടിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളും എനർജി മാനേജ്മെന്റ് സെന്റർ സ്വീകരിച്ചുവരുന്നു.

വൈദ്യുതി എത്താത്ത വിദൂര മേഖലകളിൽ 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഏകദേശം 100 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ ചിന്നാർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലെ തായണ്ണൻകുടി ആദിവാസി കോളനിയിൽ 3 കിലോവാട്ട് വൈദ്യുത പദ്ധതി നിർമ്മിച്ച് മൈക്രോ ഗ്രിഡ് സംവിധാനം വഴി വൈദ്യുതി വിതരണവും ചെയ്യുന്നുണ്ട്.

ഇടുക്കി ജില്ലയിൽ മറയൂരിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ട് സൂക്ഷ്മ ജലവൈദ്യുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ കൂടുതൽ നദികളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യത മനസ്സിലാക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ നദികളിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ പഠനം തുടങ്ങിയിട്ടുണ്ട്.

## ഊട്ടുപോക്കിരിയിൽ 33 കെ.വി. പവർ സ്റ്റേഷൻ

169 (3611) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ഊട്ടുപോക്കിരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 33 കെ. വി. പവ്വർ സ്റ്റേഷന്റെ നടപടിക്രമങ്ങൾ എന്തായി എന്ന് വിശദീകരിക്കാമോ ;

(ബി) ഊട്ടുപോക്കിരിയിൽ സ്ഥാപിക്കുന്ന 33 കെ. വി. പവ്വർ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങിയാൽ ഏതൊക്കെ പഞ്ചായത്ത് പ്രദേശത്ത് ഇതിന്റെ നേട്ടം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പവ്വർ സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡി. പി. ആർ. തയ്യാറാക്കാൻ ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡി. പി. ആർ. തയ്യാറാക്കിയാൽ എത്ര വർഷം കൊണ്ട് ഇതിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ഊട്ടുപോക്കിരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷന് വേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു.

(ബി) കുളത്തൂർ, കാരോട്, ചെങ്കൽ എന്നീ ഭൂരിഭാഗം പ്രദേശങ്ങളിലും പ്രസ്തുത സബ്സ്റ്റേഷന്റെ പ്രയോജനം ലഭ്യമാകും.

(സി) പ്രസ്തുത പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിഴിഞ്ഞം 66 കെ.വി. സബ്സ്റ്റേഷൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭരണാനുമതിക്കുശേഷം ഉദ്ദേശം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി വിതരണ ശൃംഖല

170 (3612) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവും ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓവർഹെഡ് ലൈനുകൾ മൂലമുണ്ടാകുന്ന അപകട സാധ്യതകൾ കണക്കിലെടുത്ത് വൈദ്യുതി ബോർഡ് നടപ്പാക്കുന്ന അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

(സി) കേബിൾ കടത്തികൊണ്ട് പോകുന്നതിന് ഹൊറിസോണ്ടൽ ഡയറക്ഷണൽ ടിില്ലിംഗ് സാങ്കേതിക വിദ്യ വൈദ്യുതി ബോർഡിൽ പരിപൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ;എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) 2021-ഓടുകൂടി സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി ലഭ്യമാക്കുന്നതിന് എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, എബിസി, ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്) എന്നീ പദ്ധതികളിൽപ്പെടുത്തി 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുക, 11 കെ.വി. ലൈനുകളിലെ കണ്ടക്ടറുകൾ പുനർവലിക്കുക, എൽ.ടി ലൈനുകളിലെ കണ്ടക്ടറുകൾ പുനർവലിക്കുക, ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.) ലൈനുകൾ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| പ്രവൃത്തി | ഡി.ഡി.യു.ജി.ജെ.വൈ (കി.മീ) | ഐ.പി.ഡി.എസ് (കി.മീ) |
|---|---|---|
| 11 കെ.വി ഭൂഗർഭ കേബിളുകൾ | - | 192.00 |
| 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾ | 268.39 | 1134.00 |
| 11 കെ.വി. ലൈൻ കണ്ടക്ടർ പുനർവലിക്കൽ | 383.46 | 187.00 |
| എൽ.റ്റി. ലൈൻ കണ്ടക്ടർ പുനർവലിക്കൽ | 530.59 | 2416.00 |
| എൽ.റ്റി. ഏരിയൽ ബഞ്ച്ഡ് കേബിൾ | 107.60 | - |

(ബി) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീമിൽ (ഐ.പി.ഡി.എസ്.) ഉൾപ്പെടുത്തിയിട്ടുള്ള 192 കി.മീ. അണ്ടർഗ്രൗണ്ട് കേബിളിൽ 11 കി.മീ. സ്ഥാപിച്ചു.

(സി) കേബിൾ കടത്തിക്കൊണ്ട് പോകുന്നതിന് ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് സമ്പ്രദായം ബോർഡിൽ എല്ലായിടത്തും നടപ്പിലാക്കിയിട്ടില്ല. എന്നാൽ റോഡ് മുറിക്കുന്നതിന് അനുവാദം ലഭ്യമാകാത്ത സ്ഥലങ്ങളിലും റെയിൽവേ ക്രോസ്സിംഗ് വരുന്നയിടങ്ങളിലും കേബിൾ കടത്തിവിടുന്നതിന് ടി സമ്പ്രദായം ഉപയോഗിക്കാറുണ്ട്.

**ഭൂഗർഭ കേബിൾ**

171 (3613) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ കേബിളിംഗ് പ്രവൃത്തികൾക്കായി 2017-18 വർഷത്തിൽ എറണാകുളം ജില്ലയിൽ ഏതെങ്കിലും പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള പ്രവൃത്തി നടപ്പാക്കുന്നതിന് വൈപ്പിൻ മണ്ഡലത്തിലെ പ്രദേശങ്ങൾ ഏതെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീമിൽ (ഐ.പി.ഡി.എസ്.) ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ 48.25 കിലോമീറ്റർ ഭൂഗർഭ കേബിളിംഗ് 2017-18-ൽ നടപ്പിലാക്കിവരുന്നു. ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള വിശദവിവരം അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു.*

(ബി) ഐ.പി.ഡി.എസ്.-ൽ വൈപ്പിൻ മണ്ഡലത്തിൽ ഭൂഗർഭ കേബളിംഗ് ഉൾപ്പെടുത്തിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതി

172 (3614) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾക്കുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് ആസൂത്രണ സമീപനത്തിൽ കാതലായ മാറ്റംവരുത്തി എച്ച്.റ്റി. ശൃംഖലാ വികസനത്തിനും എൽ. റ്റി. പ്രാദേശിക ലൈനുകളുടെ വികസനത്തിനും പ്രത്യേകം പദ്ധതികൾ അടുത്ത നാലുവർഷത്തേയ്ക്ക് ആസൂത്രണം ചെയ്തുവരുന്നു.

വിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വിതരണനഷ്ടം കുറയ്ക്കുന്നതിനുമായി പുതിയ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കാനായി മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC(Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നത് എന്ന് ഉറപ്പുവരുത്തുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 3039 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 3964 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 3169 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 1399 കിലോമീറ്റർ എച്ച്.റ്റി. ലൈനും 20726 കിലോമീറ്റർ എൽ.റ്റി. ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സോളാർ പ്ലാന്റുകൾ ഉൾപ്പെടെയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി ശൃംഖലയിലേയ്ക്ക് വളരെ എളുപ്പത്തിൽ കടത്തിവിടുന്നതിനും സഹായകരമാകുന്ന പ്രത്യേക പ്രവൃത്തികളും ആസൂത്രണത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. എച്ച്.റ്റി. ശൃംഖലാ വികസനത്തിന്റെ ആദ്യപടിയായി നിലവിലുള്ളതും പുതുതായി കൂട്ടിച്ചേർക്കാൻ പോകുന്നതുമായ വിതരണ ശൃംഖലയുടെ (എച്ച്.റ്റി. ശൃംഖല) രേഖാചിത്രം നൂതന സംവിധാനമായ ജി.ഐ.എസ്. വഴി തയ്യാറാക്കിക്കഴിഞ്ഞു.

(ബി) വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുവേണ്ട പ്രവൃത്തികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടുപയോഗിച്ചും ഡി.ഡി.യു.ജി.ജെ.വൈ., ഐ.പി.ഡി.എസ്., ആർ.എ.പി.ഡി.ആർ.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും നടപ്പിലാക്കിവരുന്നു. അടുത്ത നാല് വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഏകദേശം 4000 കോടി രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിന് പുറമേ ആവശ്യമായി വരുന്ന തുക KIIFB വഴി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതികൾ 2021 മാർച്ചോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഡാമുകളിലെ ജലനിരപ്പ്

173 (3615) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷം ഈ സമയം ഉണ്ടായിരുന്നതിനേക്കാൾ അധികമാണോയെന്നും എങ്കിൽ സംഭരണശേഷിയുടെ എത്ര ശതമാനമാണുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുമൂലം ജലവൈദ്യുതി ഉൽപ്പാദനം വേനൽക്കാലത്ത് വർദ്ധിപ്പിക്കാനാകുമോ;

(സി) ജലവൈദ്യുതി ഉൽപ്പാദനത്തിന് താരതമ്യേന ഉൽപ്പാദനചെലവ് കുറവായതിനാൽ ബോർഡിന് ഇത് സാമ്പത്തിക നേട്ടമുണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷം ഈ സമയം ഉണ്ടായിരുന്നതിനേക്കാൾ അധികമാണ്. 2018 മാർച്ച് 9-ാം തീയതിയിലെ കണക്കുപ്രകാരം സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തേക്കാൾ 18.43 ശതമാനം കൂടുതലാണ്. ഇത് മൊത്തം സംഭരണശേഷിയുടെ 54.97 ശതമാനം ആണ്.

(ബി) ആവശ്യകതയനുസരിച്ച് ഉത്പദനം വർദ്ധിപ്പിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് ജലവൈദ്യുതി ഉത്പാദനം ചെലവ് കുറഞ്ഞ താണെന്നത് ഒരു വസ്തുതയാണ്. ഇക്കാരണത്താലാണ് സംസ്ഥാനത്ത് കഴിയുന്നത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. എന്നാൽ രാജ്യത്ത് നിലവിലുള്ള വനം/പരിസ്ഥിതി സംരക്ഷണ നിയമങ്ങളിലെ പ്രതികൂല വ്യവസ്ഥകൾ ഇത്തരത്തിലുള്ള ജലവൈദ്യുത പദ്ധതികൾ സാക്ഷാത്കരിക്കുന്നതിന് വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്.

**പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി**

174 (3616) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഊർജ്ജ ഉല്പാദനത്തിൽ വലിയ കമ്മി നേരിടുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ പ്രസ്തുത കമ്മി നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) നിർമ്മാണത്തിലിരിക്കുന്ന വിവിധ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും, അതിന്റെ പുരോഗതി വിലയിരുത്തുന്നതിനുമുള്ള നിലവിലെ സംവിധാനമെന്താണ്; വിശദീകരിക്കുമോ;

(സി) 2017-ൽ ചെറുകിട സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകിയ 20 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ഡി) മുടങ്ങിക്കിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## ഉത്തരം

(എ) വസ്തുതയാണ്. സംസ്ഥാനത്തിന്റെ ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമേ ആഭ്യന്തര ഉത്പാദനംവഴി സാധ്യമാകുന്നുള്ളൂ. ആവശ്യകതയ്ക്കനുസരിച്ച് ഉത്പാദന വർദ്ധനവ് സാധ്യമാകുന്നില്ല. കൂടുതൽ സംഭരണശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ വനം-പരിസ്ഥിതി വിഷയം കാരണം നടപ്പിലാക്കാൻ കഴിയുന്നില്ല. ഖനിജ ഇന്ധനങ്ങളുടെ അഭാവം, ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ്, ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റെ വിലയിലെ അസ്ഥിരത ഇവ താപനിലയങ്ങളും വാതകാധിഷ്ഠിത പദ്ധതികളും നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. എങ്കിൽ തന്നെയും സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നവീകരിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഉത്പാദനം പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന് മുൻഗണന നൽകുന്നു. സ്വകാര്യ സംരംഭകർ വഴിയും കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതികൾ വഴിയും ആഭ്യന്തര ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും നിർമ്മാണത്തിലിരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള പദ്ധതികളെല്ലാം തന്നെ വേഗത്തിൽ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പ്രതിമാസ പുരോഗതി പ്ലാനിംഗ് ബോർഡിന്റെ PLANS PACE എന്ന web പോർട്ടലിൽ ലഭ്യമാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഗണിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്റ്റ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനവും ചെയ്യുന്നുണ്ട്.

(സി) പദ്ധതി ലഭിച്ച സംരംഭകർ വിശദമായ പഠനത്തിനുശേഷമേ നിർമ്മാണ പ്രവർത്തനം തുടങ്ങുകയുള്ളൂ.

(ഡി) 11-4-2017-ൽ പുനരാരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്ഥാപിതശേഷി 60 മെഗാവാട്ടും വാർഷിക ഉത്പാദനശേഷി 153.9 ദശലക്ഷം യൂണിറ്റുമാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി 12/2020-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## താരിഫ് പോളിസി

175 (3617) <u>ശ്രീ. എസ്. ശർമ്മ</u> :

<u>ശ്രീ. എ. എം. ആരിഫ്</u> :

<u>ശ്രീ. യു. ആർ. പ്രദീപ്</u> :

<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയിലൂടെ സമവർത്തി പട്ടികയിലുള്ള വൈദ്യുതി വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ വൈദ്യുതി പോളിസി, താരിഫ് പോളിസി തുടങ്ങിയവ സംസ്ഥാനങ്ങൾക്കു ബാധകമാക്കിയതു വഴി സംസ്ഥാനങ്ങളുടെ അധികാരം ചോർത്താൻ ഉദ്ദേശിക്കുന്നത് സംബന്ധിച്ച് പ്രതിഷേധം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിതരണ മേഖലയെ തന്നെ രണ്ടായി വിഭജിച്ചുകൊണ്ടും ഒന്നിലധികം വൈദ്യുതി സപ്ലൈ കമ്പനികൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകി കൊണ്ടും വൈദ്യുതി വാങ്ങൽ വില്പനരംഗം സ്വകാര്യവൽക്കരിക്കാൻ വഴിയൊരുക്കുന്നത് വൈദ്യുതി ബോർഡിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായി മാറാനിടയുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാക്കാമോ;

(സി) വിതരണ ശൃംഖലയുടെ നിർമ്മാണവും പരിപാലന ചുമതലയും സർക്കാർ വഹിക്കുകയും വൈദ്യുതി വില്പനയിലൂടെ ലാഭമുണ്ടാക്കാൻ സ്വകാര്യ കമ്പനികളും എന്ന രീതിയിലേക്ക് വൈദ്യുതി മേഖല മാറാനിടയുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉത്പാദകർ മറ്റ് എല്ലാ ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെയും കെ.എസ്.ഇ.ബി.യുടെയും അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(ബി &സി) വൈദ്യുതി വിതരണ മേഖല വിഭജിച്ച് വിതരണ ലൈനുകളുടെ നിർമ്മാണ-പരിപാലന ചുമതലയുള്ള ഒരു വിതരണ കമ്പനിയായും വൈദ്യുതി വാങ്ങി പ്രസ്തുത ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളണമെന്ന് ടി കരട് ബിൽ നിർദ്ദേശിക്കുന്നു.

സപ്ലൈ ലൈസൻസികൾക്ക് നിലവിലുള്ള ശൃംഖലയിൽക്കൂടി വൈദ്യുതി കടത്തി വിൽക്കുന്നതിന് അവകാശം ലഭിക്കും. ഉപഭോക്താവിന് വൈദ്യുതി എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം സപ്ലൈ ലൈസൻസികൾക്കായിരിക്കും.

സംസ്ഥാനത്ത് 50 ശതമാനം വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾ ഉപയോഗിക്കുന്നതാണ്. അവർക്ക് താരതമ്യേന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതിയാണ് നൽകുന്നത്. വൻകിട ഉപഭോക്താക്കളിൽനിന്ന് ലഭിക്കുന്ന 'ക്രോസ് സബ്സിഡി' ഒരു പരിധിവരെ ഇതിന് സഹായകരമാണ്. അതുകൊണ്ട് പ്രത്യേക വിഭാഗത്തിന് സപ്ലൈ ലൈസൻസി വരുന്നതും ക്രോസ് സബ്സിഡി ഇല്ലാതാകുന്നതും പാവപ്പെട്ട ഉപഭോക്താക്കളെ സാരമായി ബാധിക്കും.

കൂടാതെ പൊതുമുതൽ ഉപയോഗിച്ച് നിർമ്മിച്ച ശൃംഖല സ്വകാര്യ/ വൻകിട/ധനിക ഉപഭോക്താക്കൾക്ക് നിയന്ത്രണമില്ലാതെ നൽകുന്നത് അനൗചിത്യമാണ്.

അതിനാൽ വിശദമായ പഠനം നടത്തി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന ചെറുകിട ഉപഭോക്താക്കളെ ബാധിക്കാത്ത വിധത്തിൽ സംസ്ഥാനത്തെ പ്രത്യേക സാമൂഹിക സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാത്രം ടി കരട് ബിൽ നടപ്പാക്കാവൂ എന്ന് അറിയിച്ചിട്ടുണ്ട്.

**വൈദ്യുതി നിരക്ക് വർദ്ധനവ്**

176 (3618) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധന ചട്ടങ്ങളുടെ കാലാവധി മൂന്ന് വർഷത്തിൽ നിന്നും നാലുവർഷമായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) നാലുവർഷത്തെ വൈദ്യുതി താരിഫ് മുൻകൂട്ടി പ്രഖ്യാപിക്കുന്ന സംവിധാനം നിലവിൽ വരുമോ എന്നറിയിക്കാമോ;

(സി) വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ്, ജീവനക്കാരുടെ വേതനം എന്നിവയുൾപ്പെടെയുള്ള ചെലവുകളുടെ വർദ്ധനവ് വൈദ്യുതി നിരക്ക് വർദ്ധനവിൽ ഏതൊക്കെ തരത്തിൽ പ്രതിഫലിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2018-19 സാമ്പത്തികവർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേയ്ക്ക് ഒന്നിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള നക്കൽ ചട്ടങ്ങൾ (ഡ്രാഫ്റ്റ് റെഗുലേഷൻ) കേരള സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റെഗുലേഷൻ പുറപ്പെടുവിച്ചിട്ടില്ല.

(സി) സംസ്ഥാന വൈദ്യുത ബോർഡ് റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിക്കുന്ന വാർഷിക പ്രതീക്ഷിത വരവുചെലവു കണക്കുകളിലെ വരവും ചെലവും തമ്മിലുള്ള അന്തരം നികത്തുന്നതിനായാണ് വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിന് കമ്മീഷൻ അംഗീകാരം നൽകുന്നത്. വൈദ്യുതി വാങ്ങൽ, ജീവനക്കാരുടെ വേതനം, ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ, മൂലധന നിക്ഷേപങ്ങളിലുള്ള പലിശ എന്നിവ പ്രധാന ചെലവുകളിൽ ഉൾപ്പെടുന്നു. അതുകൊണ്ട് മേൽപ്പറഞ്ഞ ഇനങ്ങളിലുണ്ടാകാവുന്ന വ്യതിയാനങ്ങളും വൈദ്യുതി വിൽപ്പന വഴി കാലാകാലങ്ങളിൽ ലഭിക്കുമെന്ന് കണക്കാക്കുന്ന വരുമാനത്തിലുള്ള വ്യതിയാനവും പൊരുത്തപ്പെടുന്നില്ലെങ്കിൽ വൈദ്യുതി നിരക്ക് പരിഷ്കരണം ആവശ്യമായി വരും. എന്നാൽ മേൽപ്പടി ചട്ടങ്ങളിൽ വൈദ്യുതി വാങ്ങൽ ഒഴികെയുള്ള ചെലവിനങ്ങളിൽ മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള വ്യതിയാനങ്ങൾ മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## പറമ്പിക്കുളത്തെ ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം

177 (3619) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ഏതെല്ലാം ആദിവാസി കോളനികളിലാണ് നിലവിൽ വൈദ്യുതി ഇല്ലാത്തത് എന്ന് വിശദമാക്കുമോ;

(ബി) ഈ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ;

(സി) വൈദ്യുതി ഇല്ലാത്ത മുഴുവൻ കോളനികളിലും വൈദ്യുതി എത്തിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ പൂപ്പാറ, കരിയാർകുറ്റി, ഒറവം പാടി, കച്ചിത്തോട്, അല്ലിമൂപ്പൻ, മുപ്പതേക്കർ എന്നീ കോളനികളിൽ സോളാർ വൈദ്യുതി ആണ് ലഭ്യമാക്കിയിരിക്കുന്നത്.

(ബി) കരിയാർകുറ്റി, പൂപ്പാറ എന്നീ കോളനികളിലേയ്ക്ക് തമിഴ്നാട് ഗ്രിഡ് സപ്ലൈ ഭൂഗർഭ കേബിൾ വഴി എത്തിക്കുന്നതിന് വനം വകുപ്പ്, തമിഴ്നാട് വൈദ്യുതി വകുപ്പ് എന്നിവരുടെ അനുമതി ആവശ്യമുണ്ട്. ആദ്യപടിയായി വനം വകുപ്പിനോട് അനുമതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) നിലവിൽ സോളാർ വൈദ്യുതി ഉൾപ്പെടെ എല്ലാ കോളനികളിലും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

## വൈദ്യുതി ഉത്പാദനശേഷി

178 (3620) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനമുള്ള വൈദ്യുത ഉല്പാദനശേഷി എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് കേന്ദ്ര ഗ്രിഡിൽനിന്നും ദിനം പ്രതി ലഭിക്കേണ്ട വൈദ്യുതി എത്ര; ഇപ്പോൾ ലഭിക്കുന്നത് എത്ര ഇതിനായി ദിനം പ്രതി ശരാശരി എത്ര തുക കേന്ദ്ര സർക്കാരിന് നൽകുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനം അനുഭവിക്കുന്ന കടുത്ത വേനൽ മുഖാന്തിരം ഉല്പാദനത്തിൽ ദിനംപ്രതി കുറവുണ്ടായത് എത്ര മെഗാവാട്ട്;

(ഡി) ഇക്കാരണങ്ങൾ ചൂണ്ടിക്കാണിച്ച് (ജലലഭ്യത പ്രത്യേകിച്ച്) കേന്ദ്ര ഗ്രിഡിൽ നിന്നും കൂടുതൽ വൈദ്യുതി ദിനം പ്രതി ലഭിക്കാനായി സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ വൈദ്യുതി നിലയങ്ങളുടെ മൊത്തം ഉത്പാദന ശേഷി 2777 മെഗാവാട്ട് ആണ്. ഇവയിൽ നിന്ന് 2018 മാർച്ച് മാസം 11-ാം തീയതി വരെ പ്രതിദിനം ശരാശരി 2.416 കോടി യൂണിറ്റാണ് ഉത്പാദിപ്പിച്ചത്.

(ബി) കേന്ദ്ര നിലയങ്ങളിൽ നിന്ന് ദിനംപ്രതി സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി വിഹിതം 4.039 കോടി യൂണിറ്റാണ്. 11-3-2018-ലെ കണക്ക് പ്രകാരം കേന്ദ്രവിഹിതമായി ശരാശരി 3.12976 കോടി യൂണിറ്റ് പ്രതിദിനം ലഭിച്ചിട്ടുണ്ട്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതിക്ക് കേന്ദ്രനിലയങ്ങൾക്ക് പ്രതിമാസാടി സ്ഥാനത്തിലാണ് വില നൽകുന്നത്. ഇപ്രകാരം 2017 ഡിസംബറിൽ വാങ്ങിയ 88.67 കോടി യൂണിറ്റിന് 324.84 കോടി രൂപ നൽകിയിട്ടുണ്ട്. വിവിധ കേന്ദ്ര നിലയങ്ങളിൽനിന്ന് വാങ്ങിയ യൂണിറ്റ് വൈദ്യുതിയും നൽകിയ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ തുക കരാറിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം യഥാസമയം നൽകുന്നതിന് അർഹതപ്പെട്ട റിബേറ്റ് കിട്ടിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വേനൽ മുഖാന്തിരം ഉത്പാദനത്തിൽ കുറവുണ്ടായിട്ടില്ല. കേരളത്തിൽ കഴിഞ്ഞ തുലാവർഷത്തിൽ നല്ല മഴയും നീരൊഴുക്കും ലഭിച്ചതിനാൽ കഴിഞ്ഞ ജലവർഷത്തേക്കാൾ ജലം ലഭ്യമാണ്. ഈ കടുത്ത വേനൽക്കാലത്ത് അടുത്ത വർഷത്തേയ്ക്കുള്ള കരുതൽ ജല ശേഖരം കഴിച്ച് ബാക്കി ശേഖരം കൊണ്ട് പരമാവധി ജലവൈദ്യുതി വേനൽക്കാലത്ത് ഉത്പാദിപ്പിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനാൽ കടുത്ത വേനൽ ജല വൈദ്യുത ഉത്പാദനത്തെ ബാധിക്കുകയില്ല. സംസ്ഥാനത്തെ താപവൈദ്യുത നിലയങ്ങൾ ചെലവേറിയതിനാൽ അടിയന്തിരഘട്ടങ്ങളിൽ മാത്രമാണ് പ്രവർത്തിപ്പിക്കാറുള്ളത്. വേനൽക്കാലത്ത് വേണ്ടിവന്നാൽ അവ ഉപയോഗിക്കാൻ കഴിയും.

(ഡി) കേരളത്തിൽ ജലലഭ്യതയിൽ മേൽപ്പറഞ്ഞ പ്രകാരം കുറവില്ലാത്തതിനാൽ കേന്ദ്ര ഗ്രിഡിൽനിന്നും കൂടുതൽ വൈദ്യുതി വാങ്ങാൻ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടില്ല.

## വൈദ്യുതി ഉപഭോഗം

179 (3621) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗവും, ഉത്പാദനവും തമ്മിലുള്ള വ്യത്യാസം എത്ര യൂണിറ്റാണ് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇവ തമ്മിലുള്ള കുറവ് പരിഹരിക്കുന്നതിനും, സംസ്ഥാനത്തിന് പുറത്തു നിന്ന് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുവാനും വൈദ്യുതി വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2018 മാർച്ച് മാസം 8-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ആഭ്യന്തര ഉത്പാദനം ഏകദേശം 74.13 ദശലക്ഷം യൂണിറ്റാണ്. ഉപഭോഗവും ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള വ്യത്യാസം 50.46 ദശലക്ഷം യൂണിറ്റാണ്.

(ബി) ഉപഭോഗത്തിനും ഉത്പാദനത്തിനും തമ്മിലുള്ള വ്യത്യാസത്തിന് സമാനമായ വൈദ്യുതി കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകൾ, ദീർഘകാല-മധ്യകാല-ഹ്രസ്വകാല കരാറുകൾ എന്നിവ വഴിയും പവർ എക്സ്ചേഞ്ച് മുഖേന വാങ്ങിയുമാണ് ആവശ്യകത നിറവേറ്റിയത്. സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നതിന് അന്യസംസ്ഥാനങ്ങളിലുള്ള ആശ്രിതത്വം സമീപ ഭാവിയിലൊന്നും തന്നെ ഇല്ലാതാക്കാൻ കഴിയില്ല. എങ്കിലും ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ, ചെറുകിട

ജലവൈദ്യുതി പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അടുത്ത മൂന്ന് വർഷത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി 500 മെഗാവാട്ട് ശേഷി വർദ്ധന കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ Build, Own, Operate & Transfer (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് 20 ചെറുകിടജല വൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ചെറു തടയണകൾ നിർമ്മിച്ച് ചെറിയ ഉയര വ്യത്യാസത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2 x 10 kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ് ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ ഘടിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളും എനർജി മാനേജ്മെന്റ് സെന്റർ സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന 3 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകിവരുന്നത്.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ (ആകെ ശേഷി 5000 കിലോവാട്ട്) ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## വൈദ്യുതി ഉപയോഗം

180 (3622) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ പ്രതിദിന വൈദ്യുതി ഉപയോഗം ശരാശരി എത്ര കോടി യൂണിറ്റാണെന്ന് വ്യക്തമാക്കാമോ;

(ബി) ഉപയോഗം ഏഴുകോടി യൂണിറ്റിൽ കൂടുന്നത് ബോർഡിന് സാമ്പത്തിക നേട്ടമുണ്ടാക്കുമെന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വർഷം ഉപയോഗം എത്ര കോടി യൂണിറ്റായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) 2016 ലെ വൈദ്യുതി ഉപയോഗം എത്ര യൂണിറ്റായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018 മാർച്ച് മാസം 11-ാം തീയതിയിലെ കണക്കുപ്രകാരം നിലവിൽ കേരളത്തിലെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 7.426 കോടി യൂണിറ്റാണ്.

(ബി) 2017-18 കാലയളവിലേയ്ക്ക് റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം 2018 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പ്രതീക്ഷിത വൈദ്യുതി ഉപഭോഗം യഥാക്രമം 7.78 കോടി, 8.21 കോടി യൂണിറ്റ് എന്നിങ്ങനെയാണ്. വൈദ്യുതി ബോർഡിന്റെ പ്രതീക്ഷിത വരുമാനം കണക്കാക്കിയിട്ടുള്ളത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ഉപഭോഗം 7 കോടി യൂണിറ്റിന് മുകളിലാകുമെന്ന പ്രതീക്ഷയിലാണ് പ്രതീക്ഷിത വരുമാനം കണക്കാക്കിയിരിക്കുന്നത് എന്നതിനാൽ എന്തെങ്കിലും അധിക സാമ്പത്തിക ലാഭം പ്രതീക്ഷിക്കാനാവില്ല.

(സി) 2017-18 കാലയളവിലെ മാർച്ച് മാസത്തെ പ്രതിദിന പരമാവധി ഉപഭോഗം 8.2 കോടി യൂണിറ്റാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) 2016-17 സാമ്പത്തിക വർഷത്തെ വൈദ്യുതി ഉപഭോഗം 23818.2950 ദശലക്ഷം യൂണിറ്റായിരുന്നു (മാർച്ച് 31/2017-ലെ കണക്കുകൾ പ്രകാരം).

## വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം

181 (3623) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സീസണുകളെ അപേക്ഷിച്ച് വേനൽക്കാലത്ത് വൈദ്യുതിയുടെ ഉപഭോഗത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്;

(ബി) വൈദ്യുതി ഉപഭോഗത്തിലെ ഈ വർദ്ധനവ് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം മുൻകരുതലുകളാണ് ഈ സാഹചര്യം തരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്ക് ആവശ്യമായ ബോധവത്കരണം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള പുരോഗതി പരിശോധിക്കുമോ?

ഉത്തരം

(എ) വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്തെ പ്രതിദിന പരമാവധി ഉപഭോഗം ഏകദേശം 8.2 കോടി യൂണിറ്റാകുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ഡിസംബർ 2017-ലെ (ശീതകാലത്തെ) പ്രതിദിന ശരാശരി ഉപഭോഗം 6.453 കോടി യൂണിറ്റായിരുന്നു. അതിനെ അപേക്ഷിച്ച് ഉപഭോഗം 27 ശതമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്.

(ബി) വേനൽക്കാലത്ത് വർദ്ധിച്ച ഉപഭോഗം കാരണം വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകുമെന്ന് കരുതുന്നില്ല. വർദ്ധിച്ച ആവശ്യകത നിറവേറ്റുന്നതിനായി മേയ് 31 വരെ ജലസംഭരണികളിൽ ലഭ്യമായ ജലമുപയോഗിച്ച് പ്രതിദിന ശരാശരി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുക, അർഹതപ്പെട്ട കേന്ദ്ര വിഹിതം, ദീർഘകാല കരാറിലൂടെയുള്ള പുറമേയുള്ള വൈദ്യുതി എന്നിവയുടെ ലഭ്യത ഉറപ്പാക്കുക തുടങ്ങിയ നടപടികൾ കെ.എസ്.ഇ.ബി.എൽ. ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ വൈദ്യുതി ലഭ്യതയിൽ കുറവ് വന്നാൽ പവർ എക്സ്ചേഞ്ച് മുഖേന വൈദ്യുതി ആവശ്യാനുസരണം വാങ്ങുകയോ അത്യാവശ്യഘട്ടങ്ങളിൽ സംസ്ഥാനത്തെ നിലവിലുള്ള താപനിലയങ്ങൾ ചെലവേറിയതെങ്കിലും പ്രവർത്തിപ്പിച്ചുമാണ് പ്രതിസന്ധി മറികടക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. കാര്യക്ഷമമായ വൈദ്യുതി ഉപയോഗത്തിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി വിദ്യാലയങ്ങളിൽ എനർജി സ്മാർട്ട് പരിപാടി എന്ന ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടിയും വീട്ടമ്മമാർക്കായി ഊർജ്ജ ക്ലിനിക്കും പൊതുജനബോധവൽക്കരണ പരിപാടിയായ ഊർജ്ജ കിരൺ പരിപാടി, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടത്തിവരുന്നുണ്ട്.

എനർജി സ്മാർട്ട് പരിപാടിയിലൂടെ വിദ്യാർത്ഥികൾ അവരവരുടെ വീടുകളിലും സ്കൂളുകളിലും വൈദ്യുതി ലാഭിക്കുന്നതിനായി മുൻകയ്യെടുക്കുന്നുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായി 570 സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമതയുള്ള എൽ.ഇ.ഡി.ലൈറ്റുകൾ, സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ നൽകിയിട്ടുണ്ട്. ഇതുകൂടാതെ അനെർട്ടുമായി സഹകരിച്ച് 19 സ്കൂളുകളിൽ 2 കിലോ വാട്ട് സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്. നിലവിൽ 4800 സ്കൂളുകൾ സ്മാർട്ട് എനർജി പരിപാടിയിൽ എൻറോൾ ചെയ്തിട്ടുണ്ട്.

എനർജി ക്ലിനിക് വാളണ്ടിയർമാർ അവർ നടത്തിയ ക്ലിനിക്കുകളിലൂടെ വൈദ്യുതി ലാഭം നേടിയ വീടുകൾ കണ്ടെത്തുന്നതിനുള്ള സർവ്വേകൾ നടത്തിവരുന്നുണ്ട്.

നിയോജക മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് സർക്കാരിതര സംഘടനകളുമായി സഹകരിച്ച് നടത്തുന്ന ഊർജ്ജ കിരൺ പരിപാടിയുടെ ഭാഗമായി കൂടുതൽ ജനപ്രിയ പരിപാടികളായ റാലികൾ, പ്രദർശനങ്ങൾ ഫ്ലാഷ് മോബുകൾ എന്നിവ ഉൾപ്പെടുത്തി കൂടുതൽ ജനങ്ങളിലേയ്ക്കെത്താനും ബോധവത്കരണം നടത്തുവാനും സാധിക്കുന്നുണ്ട്.

**കെ.എസ്.ഇ.ബി. ഓഫീസ് സമുച്ചയങ്ങളിൽ സൗരോർജ്ജ പാനലുകൾ**

182 (3624) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ഇ.ബി. ഓഫീസ് സമുച്ചയങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കെ.എസ്.ഇ.ബി.എൽ. ഓഫീസ് സമുച്ചയങ്ങളിൽ 15.213372 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇതുകൂടാതെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന 6.22 മെഗാവാട്ടിന്റെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാസർഗോഡ് സോളാർ പാർക്ക്**

183 (3625) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് യാഥാർത്ഥ്യമാക്കുവാൻ കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്ത് നൽകിയിട്ടുള്ളത്;

(സി) സോളാർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) കാസർഗോഡ് 200 മെഗാവാട്ടിന്റെ സോളാർപാർക്ക് യാഥാർത്ഥ്യമാക്കുവാൻ കേന്ദ്ര സർക്കാരുമായി 18-2-2015-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഇതിനായി ഗവൺമെന്റ് 1086 ഏക്കർ സ്ഥലം മുൻകൂറായി കൈമാറിയിരുന്നെങ്കിലും 24-10-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 836 ഏക്കർ ഭൂമി തിരിച്ചെടുത്തതിനാൽ പാർക്കിനായി 250 ഏക്കർ സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

(സി) സോളാർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട കാഞ്ഞങ്ങാട് അമ്പലത്തറയിൽ 50 മെഗാവാട്ടിന്റെ സോളാർ പാർക്ക് നിർമ്മാണം 14-9-2017-ൽ പൂർത്തീകരിച്ചു. അവശേഷിക്കുന്ന പദ്ധതികൾ ഭൂമി ലഭ്യമല്ലാത്തതിനാൽ നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല.

**വീടുകളിൽ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിന് പദ്ധതി**

184 (3626) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സബ്സിഡി നിരക്കിൽ സോളാർ പാനലുകൾ വീടുകളിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വീടുകളിൽ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിനായി സോളാർ കണക്ട് (വൈദ്യുത ശൃംഖലാബന്ധിതം), സോളാർ സ്മാർട്ട് (ബാറ്ററി ബാക്കപ്പോടു കൂടിയത്) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) സോളാർ കണക്ട്

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുതി വിതരണ കമ്പനികളുടെ ലൈനിലേയ്ക്ക് നൽകുന്ന പദ്ധതിയാണിത്.

(2) സോളാർ സ്മാർട്ട്

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത പദ്ധതിയാണിത്. മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററി ശേഷിയോടുകൂടി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിത ശേഷി ഇതുവരെ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സോളാർ കണക്ട്, സോളാർ സ്മാർട്ട് പദ്ധതികൾ സബ്സിഡിയോടു കൂടിയാണ് നടപ്പിലാക്കിവരുന്നത്.

**സൗരോർജ്ജ പദ്ധതികൾ**

185 (3627) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതികൾ എവിടെയെല്ലാം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തീരുമാനിച്ച സ്ഥലങ്ങളിലെല്ലാം പദ്ധതി നടപ്പിലാക്കണമെങ്കിൽ ആവശ്യമായി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന് ശേഷം ഏതെങ്കിലും ജില്ലയിൽ പദ്ധതി വേണ്ടെന്ന് വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് - വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചുനൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തരം നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള സൗരോർജ്ജ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനെർട്ടിന്റെ മുകളിൽ പ്രസ്താവിച്ച രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിന് 28.52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തരം പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇല്ല.

**സർക്കാർ ഓഫീസുകളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി**

186 (3628) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ ഓഫീസുകൾക്ക്/കെട്ടിടങ്ങൾക്ക് മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചത് വഴി 2017 വർഷത്തിൽ ലഭ്യമായ ആകെ വൈദ്യുതിയുടെ അളവ് എത്രയെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം പദ്ധതികൾക്ക് വൈദ്യുതിവകുപ്പ് പ്രത്യേക സബ്സിഡികൾ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് ജില്ലാ പഞ്ചായത്തുകളിലും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലും സ്ഥാപിച്ചുവരുന്ന പദ്ധതികളുടെയും മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു വരുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

**പുന്നോൽപെട്ടി പാലത്തെ പുനർജനി ആൾട്ടർനേറ്റീവ് എനർജി പാർക്ക്**

187 (3629) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ പുന്നോൽപെട്ടിപാലത്ത് സ്ഥാപിക്കുന്ന പുനർജനി ആൾട്ടർനേറ്റീവ് എനർജി പാർക്കിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് എന്ന് പൂർത്തികരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ പുന്നോൽപെട്ടിപാലത്ത് നേരത്തെ മാലിന്യനിക്ഷേപം നടത്തിവന്നിരുന്ന ഭൂമി വീണ്ടെടുത്ത് ഒരു ഹെക്സാ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. എം.എൽ.എ. മുൻകയ്യെടുത്ത് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി കേരള ഹൈഡൽ ടൂറിസം സെന്ററും തലശ്ശേരി മുൻസിപ്പാലിറ്റിയും സംയുക്തമായി നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സോളാർ വിന്റ് സാധ്യതകളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അനെർട്ട്, വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇത് നടപ്പാക്കുന്നതും പരിശോധനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി മോഷണവും നടപടികളും

188 (3630) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കെ.എസ്.ഇ.ബി. യുടെ നേതൃത്വത്തിൽ വൈദ്യുതി മോഷണ വിരുദ്ധ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടോ;

(സി) വൈദ്യുതി മോഷണവും ദുരുപയോഗവും മൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ അവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ആന്റിപവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പോലീസുകാർകൂടി ഉൾപ്പെട്ട ആന്റിപവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ നിലവിലുണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. രാത്രികാല പരിശോധനകളും അവധിദിന പരിശോധനകളും ഫലപ്രദമായി നടത്തി കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കിവരുന്നു.

വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടുപിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് സീലുകൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(ബി &സി) ഉണ്ട്.

(ഡി) വൈദ്യുതി നിയമം 2003-ൽ വൈദ്യുതി മോഷണവും ദുരുപയോഗവും തടയുന്നതിനും കണ്ടെത്തിയാൽ പിഴ ചുമത്തുന്നതിനുമുള്ള നിയമപരമായ നടപടികളെക്കുറിച്ച് പ്രതിപാദിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ വൈദ്യുതി ബോർഡ് നടപ്പാക്കിവരുന്നു.

കേരളത്തിൽ 14 ജില്ലകളിലും എ.പി.റ്റി.എസ്.ന്റെ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഈ പതിനാല് ജില്ലകളിലും വൈദ്യുതി മോഷണവും ദുരുപയോഗവും നടക്കുന്നതായി പരിശോധനയിൽ കണ്ടെത്തുകയോ പരാതി ലഭിക്കുകയോ ചെയ്താൽ അതത് ജില്ലയിലെ യൂണിറ്റുകൾ ബന്ധപ്പെട്ട ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും വൈദ്യുതി മോഷണമോ മറ്റ് ക്രമക്കേടുകളോ കണ്ടെത്തിയാൽ അത്തരം ഉപഭോക്താക്കളിൽനിന്നും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

## കെ.എസ്.ഇ.ബി.-യിലെ തസ്തികകൾ

189 (3631) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. യിൽ നിലവിലുണ്ടായിരുന്ന തസ്തികകളോ തസ്തികയിലെ എണ്ണമോ കുറവ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

ഉണ്ട്. മീറ്റർ റീഡർ തസ്തികയിലെ അംഗീകൃത എണ്ണം 1721 ആയിരുന്നത് 799 എണ്ണം കുറച്ച് (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP (C) No.30039/2016-ന്റെ അന്തിമ വിധിക്ക് വിധേയമായി) 922 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

31-10-2012-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മീറ്റർ റീഡർമാരുടെ ഒരു എൻ.ജെ.ഡി. ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കെ.പി.എസ്.സി. പരീക്ഷ നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. WP (C) No. 30039/2016 (D), 21919/2017(L) എന്നിവയിന്മേൽ 4-1-2018-ലെ വിധിയിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായി. എന്നാൽ പുതുതായി 799 മീറ്റർ റീഡർമാരുടെ ആവശ്യകത ഇല്ലാത്തതിനാൽ സിംഗിൾ ബെഞ്ചിന്റെ ഈ വിധിക്കെതിരെ കെ.എസ്.ഇ.ബി.ലിമിറ്റഡ് ഡിവിഷൻ ബഞ്ച് മുമ്പാകെ WA. 173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ സമ്പാദിക്കുകയും ചെയ്തു.

കേന്ദ്ര ഊർജ്ജ വകുപ്പും കേരള ഗവൺമെന്റും കെ.എസ്.ഇ.ബി. ലിമിറ്റഡും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം 'സ്മാർട്ട് മീറ്റർ ' ഉപയോഗത്തിൽ കൊണ്ടു വരുവാൻ നിശ്ചയിച്ചിരിക്കുന്നു. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA)-ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജോലി ചെയ്യുന്ന ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതികവിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപഭോഗം വിലയിരുത്തുവാൻ 'സ്മാർട്ട് മീറ്റർ ' സഹായിക്കുന്നതുകൊണ്ടും നിലവിൽ മറ്റ് തസ്തികകളിലുള്ള അധികമായ ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ നിലവിൽ സാഹചര്യം ഉള്ളതുകൊണ്ടും 799 മീറ്റർ റീഡർ തസ്തികകൾ WP (C) No. 30039/2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി നിർത്തലാക്കുവാൻ കമ്പനി 23-2-2018-ലെ B.O. (DB) No.494/2018 (Estt.II/6718/2016) പ്രകാരം തീരുമാനിച്ച് ഉത്തരവായി.

**കെ.എസ്.ഇ.ബി.-യിലെ എഞ്ചിനീയർ തസ്തികകൾ**

190 (3632) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര ചീഫ് എഞ്ചിനീയർ തസ്തികകളുണ്ട്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി ചീഫ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഭാഗത്തിലെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവയിൽ ഓരോന്നിലും എത്ര തസ്തികകൾ നിലവിലുണ്ട്;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇവയിൽ ഓരോന്നിലും എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അനുവദിക്കപ്പെട്ട ചീഫ് ചഞ്ചിനീയർ തസ്തികകളുടെ എണ്ണം -18

(ബി) ഇല്ല.

(സി)

| | | |
|---|---|---|
| a. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ | 77 |
| b. | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 273 |
| c. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ അംഗീകൃത എണ്ണം | 679 |
| | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിന്റെ ആകെ അംഗീകൃത എണ്ണം. | 164 |
| d. | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) അംഗീകൃത എണ്ണം (താൽക്കാലികമായ അപ്ഗ്രഡേഷൻ, അതായത് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളായി ഉയർത്തിയ ശേഷം നിലവിലെ കേഡർ സ്ട്രെങ്ത് 2171 ആണ്). | 2340 |
| | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ അംഗീകൃത എണ്ണം. | 330 |

(ഡി) നിലവിൽ സൃഷ്ടിച്ചിട്ടില്ല.

## അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ റെഗുലറൈസേഷൻ

191 (3633) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-2-2014-ലെ ജി.ഒ.(എം.എസ്.)4/2014/പി.ഡി. പ്രകാരം 124 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ)മാരെ റെഗുലറൈസ് ചെയ്യുന്നതിനും അതുമൂലമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ എത്ര അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ)മാരാണ് ഉള്ളത് എന്ന് പി.എസ്.സി.ഓപ്പൺ ക്വാട്ട, പി.എസ്.സി. ഇൻ സർവ്വീസ് ക്വാട്ട, ഡിപ്ലോമ പ്രൊമോഷൻ ക്വാട്ട, ഐ.റ്റി.ഐ. പ്രൊമോഷൻ ക്വാട്ട എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ;

(സി) KSEB ലിമിറ്റഡിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ)തസ്തികയിൽ ലീവ് വേക്കൻസിയിലും, ശൂന്യവേതനാവധിയിലും ഓരോ ക്വാട്ടയിലും ഉള്ള ഒഴിവുകൾ തരംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം അവധിയിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ)മാരെ ഇപ്പോൾ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ)ന്റെ വർക്കിംഗ് സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) നിലവിൽ ഡിഗ്രി ക്വാട്ടയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഒഴിവുകൾ ഇല്ല. ആയതിനാൽ നിലവിൽ അപ്ഗ്രേഡ് ചെയ്ത തസ്തികയിൽ ജോലി ചെയ്യുന്നവരെ റെഗുലറൈസ് ചെയ്യുന്നതിന് റെഗുലർ തസ്തികകൾ ലഭ്യമല്ല.

(ബി) 1921

| | |
|---|---|
| പി.എസ്.സി. ഓപ്പൺ ക്വാട്ട | 812 |
| പി.എസ്.സി. ഇൻസർവ്വീസ് ക്വാട്ട | 216 |
| ഡിപ്ലോമ പ്രൊമോഷൻ ക്വാട്ട | 614 |
| ഐ.റ്റി.ഐ. പ്രൊമോഷൻ ക്വാട്ട | 279 |
| ആകെ | 1921 |

(സി) ശൂന്യവേതന അവധി (ഡിഗ്രി ക്വാട്ട) - 23

മറ്റ് ക്വാട്ടകളിൽ ഒഴിവുകൾ ഇല്ല.

(ഡി) ഇല്ല. എന്നാൽ ശൂന്യവേതന അവധിയിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലുള്ള 18 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഇതിൽ പി.എസ്.സി. ക്വാട്ടയിൽ 16-ഉം ഇൻസർവ്വീസ് ക്വാട്ടയിൽ 2-ഉം ഒഴിവുകളാണുള്ളത്.)

## ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

192 (3634) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ (കെ.എസ്.ഇ.ആർ.സി.) ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ആർ.സി. നിയന്ത്രിക്കുന്ന എത്ര ഇലക്ട്രിസിറ്റി ലൈസൻസികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാമാണ്;

(സി) കെ.എസ്.ഇ.ആർ.സി. അംഗങ്ങളായി ഇപ്പോൾ പ്രവർത്തിക്കുന്നവരിൽ ആരെങ്കിലും ഏതെങ്കിലും ലൈസൻസികളിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നവരാണോ; ആണെങ്കിൽ അവരുടെ പേരുവിവരം, ലൈസൻസിയുടെ പേര്, ഏതൊക്കെ കാലയളവിലാണ്ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിരുന്നത്, വഹിച്ചിരുന്ന പദവികൾ ഏതൊക്കെയാണ് എന്നുള്ള വിവരങ്ങൾ വ്യക്തമാക്കാമോ;

(ഡി) ലൈസൻസികളിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നവരെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 2003 സെക്ഷൻ 85(5), സുപ്രീംകോടതി സി.എ. നമ്പർ 7600/2012 നമ്പർ വിധിന്യായം എന്നിവ ലംഘിച്ച് മുൻസർക്കാർ കെ.എസ്.ഇ.ആർ.സി.-യിൽ അംഗമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമനം റദ്ദാക്കുവാനും പുതിയ അംഗങ്ങളെ നിയമിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി നിയമം 2003 84 (1) വകുപ്പ് പ്രകാരം കെ.എസ്.ഇ.ആർ.സി. ചെയർമാനായും അംഗങ്ങളായും നിയമിക്കപ്പെടുന്നവർക്ക് ആവശ്യമായ അടിസ്ഥാന യോഗ്യത നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 85 (1) പ്രകാരം ഹൈക്കോടതി ജഡ്ജിയായിരുന്നയാൾ അദ്ധ്യക്ഷനായ സമിതിയാണ് ചെയർമാനെയും മെമ്പർമാരെയും നിയമിക്കുന്നതിന് വേണ്ടിയുള്ള പട്ടിക തയ്യാറാക്കുന്നത്. ഈ സമിതി ശിപാർശ ചെയ്യുന്ന പേരുകളിൽ നിന്നാണ് റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നത്.

(ബി) പതിനൊന്ന്. കെ.എസ്.ഇ.ആർ.സി.-യുടെ നിയന്ത്രണത്തിലുള്ള വൈദ്യുതി വിതരണ ലൈസൻസികൾ താഴെ സൂചിപ്പിക്കുന്നവരാണ്.

1. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
2. തൃശ്ശൂർ കോർപ്പറേഷൻ
3. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മൂന്നാർ
4. ടെക്നോപാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം
5. കൊച്ചിൻ സ്പെഷ്യൽ എക്കണോമിക്സ് സോൺ, കാക്കനാട്, കൊച്ചി.
6. കിനസ്കോ പവർ & യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി
7. റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.
8. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചി.
9. ഇൻഫോപാർക്ക്, കൊച്ചി.
10. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്.
11. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, പാർക്ക് സെന്റർ, ടെക്നോപാർക്ക്.

(സി) കെ.എസ്.ഇ.ആർ.സി.-യിൽ ഇപ്പോൾ അംഗങ്ങളായി പ്രവർത്തിക്കുന്ന ശ്രീ. കെ. വിക്രമൻ നായരും, ശ്രീ. എസ്. വേണുഗോപാലും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിട്ടുണ്ട്. ശ്രീ. എസ്. വേണുഗോപാൽ 1-11-2013 മുതൽ 18-4-2015 വരെ ഡയറക്ടർ (ഫിനാൻസ്) ആയും,

ശ്രീ. കെ. വിക്രമൻ നായർ 5-9-2011 മുതൽ 26-6-2013 വരെ ചീഫ് എഞ്ചിനീയറായും 27-6-2013 മുതൽ 30-11-2014 വരെ ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ) ആയും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിട്ടുണ്ട്.

(ഡി) 5-12-2014-ലെ സ.ഉ. (കൈ) 41/14/പി.ഡി. പ്രകാരം ശ്രീ. വിക്രമൻ നായരെയും 4-4-2015 ലെ സ.ഉ. (കൈ) 11/15/പി.ഡി. പ്രകാരം ശ്രീ. എസ്. വേണുഗോപാലിനെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ അംഗങ്ങളായി നിയമിച്ചിട്ടുണ്ട്. നിയമാനുസൃതം രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റികളുടെ പരിശോധനയുടെയും ശിപാർശയുടെയും അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

**കെ.എസ്.ഇ.ബി.-യിലെ ലൈൻ വർക്കർമാരെ സ്ഥിരപ്പെടുത്തൽ**

193 (3635) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ലൈൻ വർക്കർമാരെ സ്ഥിരപ്പെടുത്തണമെന്ന് 2016 ൽ ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായോ;

(ബി) എങ്കിൽ വിധിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) വിധിയുടെ അടിസ്ഥാനത്തിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തി യിട്ടുണ്ടോയെന്നും എങ്കിൽ എത്രപേരെയെന്നും വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ സ്ഥിരപ്പെടുത്താതിരിക്കുന്നതിന്റെ കാരണമെന്താണ്;

(ഇ) വിധിക്കെതിരെ കെ.എസ്.ഇ.ബി. അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിധി നടപ്പാക്കുന്നതിനുള്ള തടസ്സം എന്താണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഇ) പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ 27/2002 നമ്പർ കേസ്സിലെ 15-12-2014-ലെ അവാർഡ് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 15-12-2014 തീയതിയിൽ 1200 ദിവസമോ അതിൽ കൂടുതലോ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന പെറ്റി കോൺട്രാക്ടർമാരെയും കോൺട്രാക്ട് ലൈൻ വർക്കർമാരെയും സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി അർഹതപ്പെട്ടവരുടെ ഒരു സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിന് ഉത്തരവായിരുന്നു. തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കരട്

ലിസ്റ്റ് തയ്യാറാക്കുവാനും ടി കരട് ലിസ്റ്റിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ലേബർ കമ്മീഷണർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കേട്ട് ടി കരട് ലിസ്റ്റ് അന്തിമമായി പ്രസിദ്ധപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമായി നിരവധി കേസ്സുകൾ വരികയും 2016-ൽ അടക്കം അവയിന്മേലുണ്ടായ വിധിയനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുകയുമുണ്ടായി.

അതിന്റെ ഭാഗമായി ലേബർ ഡിപ്പാർട്ടുമെന്റ് 5 ഘട്ടങ്ങളായി തയ്യാറാക്കിയ 3035 പേരുടെ അന്തിമ ലിസ്റ്റ് എഴുത്തുപരീക്ഷയും കായികക്ഷമതാ പരീക്ഷയും നടത്തി നിയമനത്തിന് അനുയോജ്യമായ തരത്തിൽ ലഭ്യമാക്കുന്നതിനായി പി.എസ്.സി.-ക്ക് കൈമാറുകയും അങ്ങനെ നിലവിൽ വരുന്ന റാങ്ക് ലിസ്റ്റിൽനിന്ന് നിയമനത്തിന് ശിപാർശ ചെയ്യാനായി 14 ജില്ലകളിലായി 1486 ഒഴിവുകൾ കണ്ടെത്തി റിസർവ് ചെയ്ത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അതിനുള്ള ബോർഡ് ഉത്തരവുകൾ പുറപ്പെടുവിക്കുകയുമുണ്ടായി.

മസ്ദൂർ തസ്തികയിൽ സ്ഥിരം നിയമനം നൽകുന്നതിലേയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ യോഗ്യതാ പരീക്ഷയിൽ പങ്കെടുത്ത എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായവരുടെയും എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകാത്തവരെയും ഉൾപ്പെടുത്തി പി.എസ്.സി. 2488 പേരുടെ ഒരു റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP (C) No.28758/2016-ന് മേൽ പുറപ്പെടുവിച്ച വിധി പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കി. ജില്ലാടിസ്ഥാനത്തിൽ (മസ്ദൂർ തസ്തികയിലെ നിയമനം ജില്ലാടിസ്ഥാനത്തിലാണ് നടന്നുവരുന്നത്) റാങ്ക് പട്ടിക തയ്യാറാക്കി നൽകാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള മറുപടി 9-3-2018-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ലഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടി ഉടനെതന്നെ സ്വീകരിക്കുന്നതാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ ആരെയും മേൽപട്ടികയിൽ നിന്നും സ്ഥിരപ്പെടുത്തിയിട്ടില്ല.

ഏറ്റവും അവസാനം വന്ന ഹൈക്കോടതി വിധിയനുസരിച്ച് പത്താംതരം പാസ്സായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കി നിയമനം നടത്താനുള്ള നീക്കം തടയണമെന്നാവശ്യപ്പെട്ട് ആദ്യകാലത്ത് തയ്യാറാക്കിയ കേവലം 1001 പേരടങ്ങുന്ന ലിസ്റ്റിൽ നിന്നും മാത്രം നിയമനം പരിമിതപ്പെടുത്തണമെന്നാവശ്യപ്പെട്ടും സുപ്രീം കോടതിയിലടക്കം കേസ്സുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

## ബാണാസുഗര സാഗർ ഹൈഡൽ ടൂറിസം പദ്ധതി

194 (3636) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതി പ്രതിദിനം എത്ര വിനോദസഞ്ചാരികളാണ് സന്ദർശിക്കുന്നതെന്ന് കണക്കായിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര പേരാണ് പ്രതിദിനം ഈ കേന്ദ്രം സന്ദർശിക്കുന്നത്;

(ബി) ഈ ടൂറിസം പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നില്ലെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) സന്ദർശകർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിന് അധികൃതർ വൈമനസ്യം കാണിക്കുന്നതായുള്ള അക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെയെത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ;

(ഡി) എത്ര ബോട്ടുകളാണ് ഇവിടെ സർവ്വീസ് നടത്തുന്നത്; ആവശ്യമായ എണ്ണം ബോട്ടുകൾ സർവ്വീസ് നടത്താത്തത് വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ കൂടുതൽ ബോട്ടുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടുണ്ട്. പ്രവർത്തി ദിനങ്ങളിൽ ശരാശരി 2500 പേരും അവധി ദിനങ്ങളിൽ ശരാശരി 3500 പേരും ഇവിടെ സന്ദർശിക്കുന്നുണ്ട്.

(ബി) ഈ ടൂറിസം പദ്ധതിയെ ഗൗരവകരമായി കണ്ടുകൊണ്ട് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഹൈഡൽ ടൂറിസം പ്രതിജ്ഞാബദ്ധമാണ്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ 6 സ്പീഡ് ബോട്ടുകളും ഒരു പൊന്റൂൺ ബോട്ടും വിനോദ സഞ്ചാരികൾക്കായി സർവ്വീസ് നടത്തുന്നുണ്ട്. കൂടുതൽ ബോട്ടുകൾ വാങ്ങുന്ന കാര്യം സജീവ പരിഗണനയിലാണ്.

## കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

195 (3637) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.ടി.ഐ. പ്രൊമോഷൻ ക്വാട്ടയുടെ കേഡർ സ്ട്രെംഗ്ത്, നിലവിലെ വർക്കിംഗ് സ്ട്രെംഗ്ത് എന്നിവ എത്രയാണ്; പ്രസ്തുത വർക്കിംഗ് സ്ട്രെംഗ്ത് ഏത് തീയതി പ്രകാരം ഉള്ളതാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ ജോലി നോക്കുന്നവരിൽ എത്ര പേർക്കാണ് ഐ.റ്റി.ഐ. വിദ്യാഭ്യാസ യോഗ്യതയുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ ജോലി നോക്കി വരുന്നവരിൽ എത്ര പേർക്കാണ് ഐ.ടി.ഐ, ഡിപ്ലോമ എന്നീ രണ്ട് യോഗ്യതകളുമുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 30-11-2017-ലെ കണക്കുപ്രകാരം

| | | |
|---|---|---|
| കേഡർ സ്ട്രെങ്ത് | - | 459 |
| വർക്കിംഗ് സ്ട്രെങ്ത് | - | 279 ആണ്. |

(ബി&സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## കൃഷി ആവശ്യത്തിന് സൗജന്യമായി നൽകിവരുന്ന വൈദ്യുതിയുടെ പരിധി

196 (3638) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡ് കൃഷി ആവശ്യത്തിന് സൗജന്യമായി നൽകി വരുന്ന വൈദ്യുതി കണക്ഷനുകളുടെ കാര്യത്തിലും, വൈദ്യുതി ഉപഭോഗത്തിന്റെ കാര്യത്തിലും പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കൃഷി ആവശ്യത്തിന് ഇപ്പോൾ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നില്ല. നിലവിലുള്ള നിയമപ്രകാരം കാർഷിക കണക്ഷന് ആവശ്യമായ തുക അപേക്ഷകൻ അടയ്ക്കേണ്ടതായിട്ടുണ്ട്.

കൃഷി ആവശ്യത്തിനുള്ള വൈദ്യുതി ഉപഭോഗത്തിന് പരിധി നിശ്ചയിച്ചിട്ടില്ല.

എന്നാൽ കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന കണക്ഷനുകൾ നൽകുന്നതിന് ഭൂപരിധിയിൽ ചില നിബന്ധനകൾ നിലവിലുണ്ട്.

## ചെറുകിട കേബിൾ ഓപ്പറേറ്റർമാരിൽ നിന്ന് ഈടാക്കുന്ന നിരക്ക്

197 (3639) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ഇ.ബി.-യുടെ 110/220 കെ.വി. ടവറിൽകൂടി വലിച്ചിട്ടുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കരാർ പുതുക്കി നൽകേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് പുതുക്കി നൽകേണ്ട എന്ന് തീരുമാനിക്കുവാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിൽ കൂടി കേബിൾ വലിയ്ക്കുന്നതിന് ചെറുകിട കേബിൾ ഓപ്പറേറ്റർമാരിൽ നിന്ന് ഈടാക്കുന്ന നിരക്ക് കുറയ്ക്കുന്നകാര്യം പരിഗണിക്കുമോ;

(ഡി) നിലവിൽ ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാരെ ഇ.എഫ് താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ചെറുകിട വ്യവസായ മേഖലയ്ക്ക് അനുവദിയ്ക്കുന്ന ഇളവ് ഈ മേഖലയ്ക്കും അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പരിഗണനയിലില്ല.

(ഡി) നിലവിൽ കേബിൾ ടി.വി.നെറ്റ് വർക്ക് ഓപ്പറേറ്റർമാരുടെ ഓഫീസുകൾ LT.VIF എന്ന താരിഫിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെറുകിട വ്യവസായ മേഖലയെ LT IV താരിഫിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം താരിഫ് നിർണ്ണയം നടത്തിയിട്ടുള്ളത് സംസ്ഥാനത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. അതിനാൽ താരിഫ് നിശ്ചയിക്കുന്നതിനോ വ്യതിയാനങ്ങൾ വരുത്തുന്നതിനോ യാതൊരുവിധ അധികാരവും കെ.എസ്.ഇ.ബി.ക്കോ സർക്കാരിനോ ഇല്ല. വ്യവസായ മേഖലയ്ക്ക് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിരക്ക്, കേബിൾ ടി.വി. ഓപ്പറേറ്റർമാർക്കും ലഭിക്കുന്നതിന് കമ്മീഷനിൽ യഥാസമയം സമീപിക്കേണ്ടതാണ്.

## വൈദ്യുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള തടസ്സങ്ങൾ

198 (3640) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്തെന്ന് വിശദീകരിക്കാമോ?

ഉത്തരം

കുടിശ്ശിക വരുത്തുന്ന അവശ്യ സർവ്വീസ് വിഭാഗത്തിൽ വരുന്നതോ കോടതികളിൽ വ്യവഹാരം നിലനിൽക്കുന്നതോ ആയ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുവാൻ സാധിക്കാത്തതിനാൽ കുടിശ്ശിക ഈടാക്കുവാൻ സാധിക്കാതെ വരുന്നുണ്ട്.

വിവിധ കേസ്സുകളിൽപ്പെട്ട് വിവിധ കോടതികളുടെ പരിഗണനയിലുള്ള കുടിശ്ശിക തുക, ബഹുമാനപ്പെട്ട കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ.

റവന്യൂ റിക്കവറി നടപടിക്രമങ്ങളിലുള്ള കുടിശ്ശികയെ സംബന്ധിച്ചും താലൂക്ക്, ജില്ല റവന്യൂ അധികാരികളുമായി ബന്ധപ്പെട്ടുകൊണ്ട് കെ.ആർ.ആർ. ആക്ട് പ്രകാരവും ഐ.ആർ.ആർ. ആക്ട് പ്രകാരവും നടപ്പിലാക്കപ്പെടുന്ന റിക്കവറി നടപടികളിൽ നിന്നുകൊണ്ടാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ടും വിവിധ കോടതി കേസ്സുകൾ നിലനിൽക്കുന്നു. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 31-12-2017 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 696.55 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഈ തുക പിരിച്ചെടുക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ചർച്ചകളും മറ്റും നടത്തിവരുന്നുണ്ടെങ്കിലും പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഒട്ടേറെ പരിമിതികളുണ്ട്. അതുപോലെതന്നെ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ കുടിശ്ശികയിൽപ്പെടുന്ന വിവിധ ഗവൺമെന്റ് സ്ഥാപനങ്ങളുടെ കാര്യത്തിലും കുടിശ്ശിക പിരിവിന് കാലതാമസം വരുന്നുണ്ട്. ഇക്കാര്യങ്ങളിലൊക്കെത്തന്നെയും സർക്കാർ തലത്തിലുള്ള ഇടപെടലുകൾ നടത്തിവരുന്നു.

## പവർകട്ട് ഒഴിവാക്കാനുള്ള മുൻകരുതൽ

199 (3641) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി നടപ്പാക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതി മാത്രം ഉപയോഗിക്കുകയും, വൈദ്യുതി ഉപഭോഗം ദിനംപ്രതി വർദ്ധിച്ച് വരികയും ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുവാൻ നിർവ്വാഹമില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വൈദ്യുതി ബോർഡ് ഇക്കാര്യത്തിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഇതുവരെയുള്ള വൈദ്യുതി ഉപഭോഗ തോത് പരിഗണിക്കുമ്പോൾ വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്ത് പരമാവധി പ്രതിദിന ഉപഭോഗം ഏകദേശം 8.2 കോടി യൂണിറ്റാകുമെന്നും പരമാവധി ഡിമാന്റ് 4200 മെഗാവാട്ട് ആകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കാൻ കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

(1) മേയ് 31 വരെ ജലസംഭരണികളിൽ ലഭ്യമായ ജലം ഉപയോഗിച്ച് പ്രതിദിനം ശരാശരി 2.2 കോടി യൂണിറ്റ് വൈദ്യുതി/1700 മെഗാവാട്ട് വരെ ഉത്പാദിപ്പിക്കുക.

(2) കേന്ദ്രവിഹിതമായി കിട്ടുന്നതും ദീർഘ ഹ്രസ്വകാല കരാർവഴി ഉറപ്പാക്കിയിട്ടുള്ള മൊത്തം പ്രതിദിനം 6.0 കോടി യൂണിറ്റ് /2897 മെഗാവാട്ട് ഡിമാന്റ് വരെ പരമാവധി ഉപയോഗിക്കുക.

(3) ഹരിയാനയിൽ നിന്നും രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ മാർച്ച് 31 വരെ ബാങ്കിംഗ് അടിസ്ഥാനത്തിൽ എത്തിക്കുന്ന 100 മെഗാവാട്ട് വൈദ്യുതി പ്രയോജനപ്പെടുത്തുക.

(4) മിച്ചം വേണ്ടിവരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങുക.

(5) അത്യാവശ്യം വന്നാൽ ബ്രഹ്മപുരത്തും കോഴിക്കോടും സ്ഥാപിച്ച സ്വന്തം താപവൈദ്യുത നിലയങ്ങൾ (മൊത്തം 160 മെഗാവാട്ട്) പ്രവർത്തിപ്പിക്കുക.

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി മാത്രം ഉപയോഗിച്ച് ദിനംപ്രതി വർദ്ധിക്കുന്ന ഉപഭോഗം നേരിടാൻ കഴിയില്ല. കേന്ദ്രവിഹിതവും ദീർഘ/ഹ്രസ്വകാല കരാർ പ്രകാരമുള്ള വൈദ്യുതിയും പവർ എക്സ്ചേഞ്ചുകളിൽ നിന്ന് വാങ്ങുന്നവയും ഉപയോഗിച്ചുകൊണ്ടും അടിയന്തരഘട്ടങ്ങളിൽ സ്വന്തം താപ നിലയങ്ങൾ പ്രവർത്തിപ്പിച്ചുകൊണ്ടും മേൽ വിശദീകരിച്ച രീതിയിൽ പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കാനുള്ള മുൻകരുതലുകളാണ് കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുള്ളത്.

## ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം

200 (3642) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഡാമുകളിലും ജലാശയങ്ങളിലും ഫ്ലോട്ടിങ്ങ് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. കേരളത്തിന്റെ സ്ഥലപരിമിതി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് തടസ്സമായി കണ്ടതിനാൽ ലാൻഡ് ന്യൂട്രൽ പദ്ധതികൾ അണക്കെട്ടുകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ 500 kwp സ്ഥാപിത ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി ബാണാസുര സാഗർ ജലസംഭരണിയിൽ സ്ഥാപിച്ചു. 10 kwp-ന്റെ മറ്റൊരു പദ്ധതിയും ഇവിടെയുണ്ട്.

500 kwp ജലാശയത്തിൽ പൊങ്ങിക്കിടക്കുന്ന ഈ പദ്ധതിക്ക് 9.25 കോടി രൂപ ചെലവായിട്ടുണ്ട്. ഇത് കരഭൂമിയിൽ സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന തുകയെക്കാൾ വളരെ കൂടുതലാണ്. പുതിയ സാങ്കേതികവിദ്യകളുടെ വരവോടെ മാത്രമേ ഇത്തരം പദ്ധതികളുടെ നിർമ്മാണ ചെലവ് കുറച്ചുകൊണ്ടുവരാനും ഇത്തരം പദ്ധതികൾ വ്യാപകമാക്കാനും കഴിയുകയുള്ളൂ.

**ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി**

201 (3643) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് സഹായകമായി കെ.എസ്.ഇ.ബി. ഓഫീസുകൾ മുഖേന ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പ്രവൃത്തി ഏതുവരെയായി എന്ന് അറിയിക്കുമോ;

(ബി) എത്ര ശതമാനം ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം നടത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഏതെങ്കിലും സെക്ഷനുകളിൽ എൽ.ഇ.ഡി. ബൾബുകൾ സ്റ്റോക്കില്ല എന്ന കാരണത്താൽ വിതരണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഡി) ടി ബൾബുകളുടെ വിതരണം എന്ന് പൂർത്തിയാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി.മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുന്ന പദ്ധതിയിൽ ധാരണപ്രകാരമുള്ള 1.5 കോടി ബൾബുകളും ഇ.ഇ.എസ്.എൽ. എത്തിച്ചുകഴിഞ്ഞു. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.3 കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 1.3 കോടി ബൾബുകളുടെ വിതരണത്തിലൂടെ ഇതുവരെ 68 ശതമാനം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

(സി) ഇല്ല. ബാധകമല്ല.

(ഡി) 1.5 കോടി ബൾബുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്ന പദ്ധതിയിൽ ഇതുവരെ 1.3 കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ബൾബുകൾ ഉടൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പുതിയ സഹകരണ സ്ഥാപനങ്ങള്‍ക്ക് രജിസ്ട്രേഷന്‍

202 (3644) ശ്രീ. മുല്ലക്കര രത്നാകരന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര പുതിയ സഹകരണ സ്ഥാപനങ്ങള്‍ക്ക് രജിസ്ട്രേഷന്‍ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകള്‍ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം 14 ജില്ലകളിലുമായി 343 സഹകരണ സ്ഥാപനങ്ങള്‍ക്ക് രജിസ്ട്രേഷന്‍ അനുവദിച്ചു നല്‍കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേര്‍ക്കുന്നു.*

## സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം

203 (3645) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം നിര്‍മ്മിക്കുന്നതിന് സംഭാവന കിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ; ഈ മന്ദിരം നിര്‍മ്മിക്കുന്നതിന് ആകെ ചെലവായ തുക എത്രയാണ്;

(ബി) ഈ മന്ദിരം നിര്‍മ്മിക്കുന്നതിന് സഹകരണ വകുപ്പിന് കീഴിലുള്ള ഏതൊക്കെ ബോര്‍ഡുകള്‍ സംഭാവന നല്‍കിയിട്ടുണ്ട്; എത്ര വീതം ;

(സി) ഏതൊക്കെ ബോര്‍ഡുകള്‍ക്ക് ഈ കെട്ടിടത്തില്‍ പ്രവര്‍ത്തന സൗകര്യം നല്‍കിയിട്ടുണ്ട്; ഇനി എത്ര സ്ഥാപനങ്ങള്‍ക്ക് സൗകര്യം നല്‍കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ബോര്‍ഡുകള്‍ ആസ്ഥാനമന്ദിരത്തിലേക്ക് മാറുമ്പോള്‍ അവരില്‍നിന്ന് നിര്‍മ്മാണ ചെലവിലേക്ക് വാങ്ങിയ തുക വാടക ഇനത്തില്‍ കുറവു ചെയ്ത് നല്‍കുമോ;

(ഇ) തിരുവനന്തപുരം ജില്ലയില്‍ സഹകരണ വകുപ്പിന് കീഴിലുള്ള എത്ര ഓഫീസുകള്‍ വാടക കെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്നുണ്ട്; അവ ആസ്ഥാനത്തേക്ക് മാറ്റാന്‍ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; കെട്ടിട നിര്‍മ്മാണ കമ്പനിയുമായി കേടുപാടുകള്‍ പരിഹരിക്കുന്നതിന് എന്തെങ്കിലും കരാറുണ്ടോ; എത്ര വര്‍ഷത്തേയ്ക്കാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും 77,11,58,037 രൂപ സംഭാവന ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഈ മന്ദിരം നിർമ്മിക്കുന്നതിന് നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നാളിതുവരെ നിർമ്മാണ ചെലവിനത്തിൽ 55,18,60,043 രൂപ നൽകിയിട്ടുണ്ട്. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല.

(ബി)

1. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ് 1,50,00,000

2. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് തിരുവനന്തപുരം - 1,00,00,000

3. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ് - 2,00,00,000

4. കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് - 1,00,00,000

(സി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡ്, കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് എന്നീ ബോർഡുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് ട്രിബ്യൂണൽ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) തിരുവനന്തപുരം, കോ-ഓപ്പറേറ്റീവ് വിജിലൻസ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം, കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ട്, കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ ഓഫീസ്, തിരുവനന്തപുരം, ജില്ലാ സഹകരണ വകുപ്പ് എംപ്ലോയീസ് സഹകരണ സംഘം എന്നീ സ്ഥാപനങ്ങൾക്ക് ടി കെട്ടിടത്തിൽ സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, തിരുവനന്തപുരം, ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, സഹകരണ ഓംബുഡ്സ്മാൻ ഓഫീസ്, സഹകരണ

ആർബിട്രേഷൻ കോടതി, സഹകരണ ട്രിബ്യൂണൽ, സഹകരണ വിജിലൻസ്, സഹകരണ ഇലക്ഷൻ കമ്മീഷൻ, സഹകരണ പരീക്ഷാ ബോർഡ്, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് എന്നിവ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സ്ഥലം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ മാറ്റുന്നതിനാവശ്യമായ ഇന്റീരിയർ വർക്ക് ചെയ്യുന്നതിനുള്ള കാലതാമസമാണ് അവ ആസ്ഥാനത്തേയ്ക്ക് മാറ്റുന്നതിനുള്ള തടസ്സം. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെട്ടിടം നിർമ്മിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘവുമായി കേട്ടുപാടുകൾ പരിഹരിക്കുന്നതിന് കരാർ ഒന്നും ഒപ്പ് വച്ചിട്ടില്ല.

## നാല് ശതമാനം പലിശയ്ക്ക് സ്വർണ്ണ പണയ വായ്പ

204 (3646) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകരെ സഹായിക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾ ലഭ്യമാക്കുന്നതുപോലെ 4% പലിശയ്ക്ക് സഹകരണ സംഘങ്ങൾവഴി സ്വർണ്ണ പണയ വായ്പ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ ഹ്രസ്വകാല വിള വായ്പകൾക്ക് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി സ്വർണ്ണം ഈടായി സ്വീകരിച്ച് 7 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകിവരുന്നു. പ്രസ്തുത വായ്പയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വിള വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3 ശതമാനം പലിശ സബ്സിഡി ലഭ്യമാക്കി വായ്പക്കാരന് പൊതുമേഖലാ ബാങ്കുകൾ പോലെ 4 ശതമാനം പലിശയ്ക്ക് സ്വർണ്ണപ്പണയ വായ്പകൾ ലഭ്യമാക്കി വരുന്നുണ്ട്.

## കേരള ബാങ്ക് രൂപീകരണം

205 (3647) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് സംസ്ഥാന സഹകരണ ബാങ്ക് മനേജിങ്ങ് ഡയറക്ടർ നബാർഡിന് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന്റെ അന്തിമഫലം നഷ്ടം വരുത്തുമെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറയുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് പുതിയ ബാങ്കല്ലെന്നും സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും തമ്മിലുള്ള ലയനമാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും 2016-17 വർഷത്തെ കൺസോളിഡേറ്റഡ് ബാലൻസ് ഷീറ്റ്, ലാഭനഷ്ടക്കണക്ക്, സി.ആർ.എ.ആർ. തുടങ്ങിയവയുടെ സ്റ്റേറ്റ്മെന്റ് നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലയിപ്പിച്ചാണ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നത്.

(ഡി) നബാർഡ് നിർദ്ദേശ പ്രകാരം 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും ഒരു consolidated data ആണ് നബാർഡിന് സമർപ്പിച്ചത്.

## കേരള ബാങ്ക് രൂപീകരണം

206 (3648) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ബാങ്ക് പ്രവർത്തനം ആരംഭിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ അഞ്ച് അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

- കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് അനുമതിക്കായുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

- ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി " Software Integration" -ന് വേണ്ടിയുള്ള RFP അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

- കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച ലീഗൽ സെൽ സമർപ്പിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

- 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ബാക്കിപത്ര ശുദ്ധീകരണത്തിന്റെ ഭാഗമായുള്ള ബാങ്ക് തിരിച്ചുള്ള പ്രത്യേക യോഗങ്ങൾ 3 ഘട്ടം പൂർത്തിയായിക്കഴിഞ്ഞു.

- 15 ബാങ്കുകളുടെയും Asset Valuation, Audit എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ നിശ്ചയിക്കുന്നതിനുള്ള RFP തയ്യാറാക്കിവരുന്നു.

- മനുഷ്യവിഭവശേഷി സംയോജിപ്പിക്കുന്നതിന് വേണ്ട പ്രാഥമിക നടപടി സ്വീകരിച്ചുവരുന്നു.

- ജില്ലാ/സംസ്ഥാന ബാങ്കുകളുടെ നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനും നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

- കേരള ബാങ്കിലേയ്ക്കുള്ള പുതിയ ഉത്പന്നങ്ങൾ, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ച പഠനം പുരോഗമിക്കുന്നു.

(ബി) 2018 കലണ്ടർ വർഷത്തിൽ കേരള സഹകരണ ബാങ്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കേരള ബാങ്ക് രൂപീകരണവും ആശങ്കകളും

207 (3649) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കപ്പെട്ടാൽ നിലവിലുള്ള ജില്ലാ ബാങ്കുകളുടെ എത്ര ശാഖകൾ പൂട്ടേണ്ടിവരും എന്ന് വിശദമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരെ പിരിച്ചുവിടാൻ പദ്ധതിയുണ്ടോ; ഇത് സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) കേരള ബാങ്കിന്റെ രൂപീകരണത്തിന് എത്ര കോടി രൂപ വകയിരുത്തി എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുമ്പോൾ നിലവിലുള്ള ജില്ലാ ബാങ്കുകളുടെ ശാഖകൾ പൂട്ടേണ്ടിവരുമെന്ന് കരുതുന്നില്ല. ആയതിനാൽ ജീവനക്കാരെ പിരിച്ചുവിടേണ്ട സാഹചര്യം ഉണ്ടാകുകയില്ല.

(സി) കേരള സഹകരണ ബാങ്കിന്റെ രൂപീകരണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ കേരള സഹകരണ ബാങ്ക് രൂപീകരണത്തിനായി നിയോഗിച്ചിട്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തന ചെലവിനായും, മറ്റ് ചെലവുകൾക്കായും 1 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

**കേരള ബാങ്കും ജില്ലാ ബാങ്കുകളും**

208 (3650) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് വൻകിട പദ്ധതികൾക്ക് മാത്രമാണോ വായ്പ സഹായം ലഭ്യമാക്കുക; കേരള ബാങ്കിന്റെ വായ്പകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്ന് ജില്ലാ ബാങ്കുകൾ നൽകിവരുന്ന വ്യക്തിഗത ലോണുകൾ കേരള ബാങ്ക് തുടർന്നും നൽകുമോ;വ്യക്തമാക്കുമോ;

(സി) സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ ജില്ലാ ബാങ്ക് നടത്തുന്ന പ്രവർത്തനം വിലയിരുത്താമോ; ജില്ലാ ബാങ്കുകൾ ഇല്ലാതാകുന്നതോടെ ഈ പ്രവർത്തനം കേരള ബാങ്ക് ഏറ്റെടുക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേരള സഹകരണ ബാങ്ക് ഇപ്പോൾ രൂപീകരിച്ചിട്ടില്ല. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ വായ്പാനയം സംബന്ധിച്ച് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) നിലവിൽ ജില്ലാ സഹകരണ ബാങ്കുകൾ മുഖേന ജെ.എൽ.ജി. വായ്പ, ട്രേഡേഴ്സ് ലോൺ, കാർഷികാനുബന്ധ വായ്പകൾ എന്നീ സ്വയം തൊഴിൽ വായ്പകൾ നൽകിവരുന്നുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകൃതമാകുമ്പോൾ ഈ വായ്പകൾ തുടർന്നും നൽകുന്നത് സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കേരളാ ബാങ്ക്**

209 (3651) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ബാങ്കിന് റീജിയണൽ കേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ; ജില്ലാ തലത്തിൽ ബാങ്കിന്റെ ഘടന എന്തായിരിക്കുമെന്ന് വിശദമാക്കുമോ; നിലവിലുള്ള ജില്ലാ ബാങ്കുകളിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുമോ; അതിന്റെ ക്രമീകരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരളാ ബാങ്കിന് റീജിയണൽ കേന്ദ്രങ്ങൾ ഉണ്ടാകുമോ എന്നത് സംബന്ധിച്ചും ജില്ലാതലത്തിലുള്ള ഘടന സംബന്ധിച്ചും ഈ ഘട്ടത്തിൽ തീരുമാനമായിട്ടില്ല. ആയത് സംബന്ധിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ജില്ലാ ബാങ്കുകളിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുകയില്ല.

**സംസ്ഥാന കാർഷിക വികസന ബാങ്ക്**

210 (3652) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കേരള ബാങ്ക് രൂപീകരണ പരിധിയിൽ സംസ്ഥാന കാർഷിക വികസന ബാങ്കിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന കാർഷിക വികസന ബാങ്കിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ വകുപ്പുതല അന്വേഷണം നടത്താൻ തീരുമാനിച്ചിരുന്നോ; അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടില്ല.

(ബി) തീരുമാനിച്ചിരുന്നു; അന്വേഷണം പൂർത്തിയായിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരമുള്ള വായ്പ**

211 (3653) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസപദ്ധതി പ്രകാരമുള്ള വായ്പയിൻമേൽ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള എത്ര കേസുകളാണ് വൈപ്പിൻ മണ്ഡലത്തിലെ വിവിധ സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ എന്നിവയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മൊറട്ടോറിയം കാലയളവിലെ വായ്പകളുടെ പലിശ, പിഴപ്പലിശ എന്നിവയിൽ സൊസൈറ്റികൾ/ബാങ്കുകൾ സ്വീകരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൊറട്ടോറിയം പ്രഖ്യാപിച്ച 50 കേസ്സുകളുണ്ട്.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരമുള്ള വായ്പയിന്മേൽ 31-12-2018 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ പ്രസ്തുത കാലയളവിൽ പലിശ, പിഴപ്പലിശ എന്നിവ വായ്പക്കാരിൽനിന്നും ഈടാക്കുന്നില്ല. എന്നാൽ പ്രത്യേക സർക്കാർ നിർദ്ദേശങ്ങൾ ഒന്നുമില്ലെങ്കിൽ വായ്പക്കാരൻ വായ്പ തിരിച്ചടയ്ക്കുമ്പോൾ ഈ കാലയളവിലെ പലിശയും പിഴപ്പലിശയും സംഘങ്ങൾ ഈടാക്കാറുണ്ട്.

## കൺസ്യൂമർ ഫെഡ്‌വഴി വിദേശ നിർമ്മിത മദ്യം

212 (3654) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ്‌വഴി വിദേശ നിർമ്മിത മദ്യം വിൽക്കുന്നതിന് കൺസ്യൂമർ ഫെഡ് അനുമതി തേടിയിട്ടുണ്ടോ; വിശദാക്കാമോ;

(ബി) എവിടെയൊക്കെയുള്ള ഔട്ട്‌ലെറ്റ് വഴിയാണ് ഇത്തരം മദ്യം വില്ക്കുന്നതിന് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കൺസ്യൂമർ ഫെഡിന്റെ എല്ലാ മദ്യശാലകളും ആധുനിക വൽക്കരിക്കുന്നതിന് പദ്ധതിയുണ്ടോ; എത്ര കോടി രൂപയാണ് ഇക്കാര്യത്തിനായി മുടക്കുന്നത്; വിശദാക്കാമോ;

(ഡി) കൺസ്യൂമർ ഫെഡിന് മദ്യവില്പനയിൽ നിന്നും ശരാശരി പ്രതിദിനം ലഭിക്കുന്ന വരവ് എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിദേശനിർമ്മിത വിദേശമദ്യ ഷോപ്പുകൾ നടത്താനുള്ള അനുമതി കൺസ്യൂമർ ഫെഡറേഷനുകൂടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, വലിയ മാളുകൾ എന്നിവിടങ്ങളിൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനാണ് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലെ എയർപോർട്ടിനടുത്തും വിദേശികൾ കൂടുതലായുള്ള പത്തനംതിട്ട, മലപ്പുറം എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിലുമാണ് ഇത്തരം മദ്യം വിൽക്കുന്നതിന് ഉദ്ദേശിക്കുന്നത്.

(സി) കൺസ്യൂമർഫെഡ്ഡിന്റെ മദ്യ വിൽപ്പന ശാലകൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ മദ്യശാലകളിലും സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൺസ്യൂമർ ഫെഡ്ഡിന്റെ 39 ഷോപ്പുകളിൽ 12 ഷോപ്പുകളിൽ കൂടി സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. സി.സി.റ്റി.വി. ക്യാമറ, എയർ കണ്ടീഷൻ, മെയിന്റനൻസ് എന്നീ ഇനങ്ങളിലായി ഒരു ഷോപ്പിന് ശരാശരി 2 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്.

(ഡി) കൺസ്യൂമർ ഫെഡറേഷന്റെ 36 വിദേശമദ്യ ഷോപ്പുകളിലും 3 ബിയർ ഷോപ്പുകളിലും നിന്നായി പ്രതിദിനം ശരാശരി 4 കോടി രൂപ മുതൽ 4.50 കോടി രൂപവരെ ലഭിക്കുന്നുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും

213 (3655) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പുതിയ നീതി സൂപ്പർ മാർക്കറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ 7 നീതി സ്റ്റോറുകളും 10 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്.

നീതി മെഡിക്കൽ സ്റ്റോറുകൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ലൊക്കേഷൻ |
|---|---|---|
| 1 | 2 | 3 |
| 1 | ഊരൂട്ടമ്പലം എസ്.സി.ബി. | ഊരൂട്ടമ്പലം ജംഗ്ഷനിലെ ബാങ്കിന്റെ സ്വന്തം കെട്ടിടത്തിൽ |
| 2. | നെയ്യാറ്റിൻകര വെൽഫെയർ സഹകരണ സംഘം | നെയ്യാറ്റിൻകര ഹോസ്പിറ്റൽ ജംഗ്ഷനിൽ |

| 1 | 2 | 3 |
|---|---|---|
| 3. | പരശുവയ്ക്കൽ എസ്.സി.ബി. | ഇടിച്ചക്കപ്ലാമൂട് |
| 4. | കരുംകുളം എസ്.സി.ബി. | കരുംകുളം |
| 5. | നരുവാമൂട് റസിഡൻസ് വെൽഫെയർ സഹകരണ സംഘം | നടുക്കാട് |
| 6. | പേരൂർക്കട എസ്.സി.ബി. | പേരൂർക്കട |
| 7. | ചെമ്പഴന്തി അഗ്രി.ഇംപ്രൂവ്മെന്റ് സഹകരണ സംഘം | പൗഡിക്കോണം ജംഗ്ഷൻ |
| 8. | കഠിനംകുളം എസ്.സി.ബി. | താമരക്കുളം |
| 9. | പാണക്കാട് ശിഹാബ് തങ്ങൾ ഹോസ്പിറ്റൽ സഹകരണ സംഘം | അണ്ടൂർക്കോണം പഞ്ചായത്തിൽ ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്നു. |
| 10. | കോലിയക്കോട് കൺസ്യൂമർ സഹകരണ സംഘം | കോലിയക്കോട് ജംഗ്ഷനിൽ |

നീതി സ്റ്റോറുകൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ലൊക്കേഷൻ |
|---|---|---|
| 1. | സാമൂഹ്യക്ഷേമ വകുപ്പ് എംപ്ലോയീസ് സഹകരണ സംഘം | പൂജപ്പുര ഓഫീസ് സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. |
| 2. | കാഞ്ഞിരംകുളം എസ്.സി.ബി. | ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു. |
| 3. | നെല്ലിമൂട് വനിതാ സഹകരണ സംഘം (3 എണ്ണം) | കാരോട്, ഉച്ചക്കട, കൊടങ്ങാവിള |
| 4. | നരുവാമൂട് റസിഡൻസ് വെൽഫെയർ സഹകരണ സംഘം | നടുക്കാട് ജംഗ്ഷൻ |

(ബി) തിരുവനന്തപുരം ജില്ലയിൽ പുതിയ നീതി സൂപ്പർ മാർക്കറ്റ് ആരംഭിക്കുവാൻ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം

214 (3656) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് സഹകരണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കിവരുന്ന 'എല്ലാ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലേയും ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റുക' എന്ന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ വകുപ്പ് 1000 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ച് നൽകുവാൻ തീരുമാനിക്കുകയുണ്ടായി.

സംസ്ഥാനത്തെ 14 ജില്ലകളിലെയും സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു നിയോജകമണ്ഡലത്തിൽ നിന്നും സ്മാർട്ട് ക്ലാസ് റൂം ആവശ്യമുള്ളതും അർഹതയുള്ളതുമായ 7 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളുടെ വിവരങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.മാരിൽനിന്നും ശേഖരിച്ച് സ്കൂളുകളേയും അതാത് സ്ഥലത്തെ സന്നദ്ധരായ സഹകരണ സംഘങ്ങളെയും തമ്മിൽ ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) മലപ്പുറം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകൾ സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(സി) ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടിയെന്ന നിലയിൽ സ്മാർട്ട് ക്ലാസ് റൂം ആവശ്യമുള്ള സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളുടെ ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിവരുന്നു.

## സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി

215 (3657) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ വാളകം ശാഖയിൽ നിന്നും ശ്രീ. പി.അച്ചൻകുഞ്ഞ് എന്ന വ്യക്തി എടുത്ത വായ്പയിൽ, (നമ്പർ 03050603612003) സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) റിസ്ക്ഫണ്ട് ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി&സി) അച്ചൻകുഞ്ഞിന്റെ വായ്പയിൽ 6 മാസത്തിൽ അധികരിച്ച് (20 മാസത്തിലധികം) കുടിശ്ശിക വരുത്തിയിട്ടുണ്ട്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ നിബന്ധന 4 (ബി) പ്രകാരം വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാകാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ചവരുത്തിയാൽ ആനുകൂല്യത്തിന് അർഹതയില്ല. ആയതിനാൽ റിസ്ക് ഫണ്ട് നിയമാവലിയിൽ ഇളവ് അനുവദിച്ച് ധനസഹായം അനുവദിക്കുന്നതിന് സഹകരണ റിസ്ക് ഫണ്ട് ബോർഡ് ശിപാർശ ചെയ്തിട്ടുണ്ട്. ശിപാർശ 8-3-2018-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## റിസ്ക് ഫണ്ട്

216 (3658) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ടിൽ നിന്നും അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാകുന്നില്ലെന്ന പരാതി പരിശോധിക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില സഹകരണ സംഘങ്ങൾ കോടതികളുടെ ഉത്തരവുകൾ ഉണ്ടായിട്ടും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിക്കുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സർക്കാരിന്റെയും കോടതികളുടെയും നിർദ്ദേശങ്ങൾ അനുസരിക്കണമെന്ന കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് പരാതി പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു. ബോധവത്കരണത്തിന്റെ ഭാഗമായി സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിൽ വകുപ്പ് ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും കോടതി കേസ്സുകളുമായി ബന്ധപ്പെട്ട ഫയൽ അദാലത്തുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ പ്രതിമാസ പ്രവർത്തി അവലോകന യോഗത്തിൽ സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ എന്നിവ പാലിക്കുന്നത് സംബന്ധിച്ച് ആവശ്യമായ ബോധവത്കരണം നടത്തിവരുന്നുണ്ട്.

## സഹകരണ മേഖലയ്ക്ക് ലഭിച്ച കേന്ദ്ര ഫണ്ട്

217 (3659) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 മുതൽ 2017-18 വരെ സഹകരണ മേഖലയ്ക്ക് എത്ര തുക കേന്ദ്ര ഫണ്ടായി ലഭിച്ചു; മുഴുവൻ തുകയും ചെലവഴിച്ചില്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഫണ്ട് വിനിയോഗിച്ചതിന്റെ പശ്ചാത്തലത്തിൽ സഹകരണ മേഖലയിൽ എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2014-15 മുതൽ 2017-18 വരെ സഹകരണ മേഖലയ്ക്ക് കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഫണ്ടായി തുകയൊന്നും ലഭിച്ചിട്ടില്ല.

## സഹകരണ വകുപ്പിലെ ഒഴിവുകൾ

218 (3660) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും ഇനിയെത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പി. എസ്. സി. മുഖേന അല്ലാതെ സഹകരണ വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സഹകരണ വകുപ്പിൽ ഡെപ്യൂട്ടി രജിസ്ട്രാർ/ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 2 ഒഴിവുകളും അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 7 ഒഴിവുകളും ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ 59 ഒഴിവുകളും എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 13 ഒഴിവുകളും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ 6 ഒഴിവുകളും ഡ്രൈവർ തസ്തികയിൽ 2 ഒഴിവുകളും ആഫീസ് അറ്റൻഡന്റ് തസ്തികയിൽ 3 ഒഴിവുകളും നിലവിലുണ്ട്.

(ബി) ഇതിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്ന എൽ.ഡി.ക്ലാർക്ക് തസ്തികയിലെ 5 ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ബാക്കി എല്ലാ തസ്തികകളിലെയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലുള്ള ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരവും സർക്കാർ നിർദ്ദേശ പ്രകാരവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല 2018 വരെയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സഹകരണ വകുപ്പിൽ പി.എസ്.സി. മുഖേന അല്ലാതെ എൽ.ഡി. ക്ലാർക്ക്, ആഫീസ് അറ്റൻഡന്റ് തസ്തികകളിൽ ആശ്രിത നിയമനവും എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനവും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരവും നിയമനം നടത്തുന്നുണ്ട്.

(ഡി) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി 5 ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. ബാക്കി തസ്തികകളിലൊന്നുംതന്നെ നിലവിൽ ഒഴിവുകളില്ല.

## സഹകരണ നയം

219 (3661) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സഹകരണ നയത്തിന്റെ കാഴ്ചപ്പാടും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ;

(ബി) ഉദാരവത്കരണത്തിന് ബദൽ എന്ന നിലയിൽ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു പഞ്ചായത്തിന്റെ പരിധിയിൽ ഒന്നിലേറെ വായ്പാ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള സമീപനം വ്യക്തമാക്കുമോ;

(ഡി) സഹകരണ സംഘങ്ങളിലെ 'ആക്ടീവ് അംഗങ്ങളെ' 'സംഘങ്ങളുടെ പുരോഗതിക്ക് ഇടപെടാൻ കഴിയുന്ന സഹകാരി' എന്ന നിലയിലാണോ വിവക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് തയ്യാറാക്കി സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുക, നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷം കൂടുമ്പോൾ നടത്തുക, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക, കാർഷിക/കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10 ശതമാനം എന്നതിൽ നിന്നും അടുത്ത 2 വർഷത്തിനുള്ളിൽ 25 ശതമാനവും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50 ശതമാനവും ആക്കുക, പാലിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

കൂടാതെ പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക, തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക, ഉത്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക, സഹകരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി സ്വയംഭരണാവകാശം നിലനിർത്തികൊണ്ട് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക തുടങ്ങി സഹകരണ മേഖലയ്ക്ക് ഒരു സമഗ്ര നയം രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) സഹകരണ സംഘങ്ങൾവഴി സാമൂഹ്യ സുരക്ഷാ പെൻഷൻ, കെ.എസ്.ആർ.ടി.സി. പെൻഷൻ എന്നിവ വിതരണം ചെയ്തുവരുന്നു. കൂടാതെ സഹകരണ സംഘങ്ങൾവഴി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, കമ്മ്യൂണിറ്റി കിച്ചൻ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

(സി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 2 OA-ലാണ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ നിർവ്വചിച്ചിട്ടുള്ളത്. ഈ നിയമ വ്യവസ്ഥ നിലവിൽ വരുന്നതിനുമുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടതും ഒന്നിലേറെ പഞ്ചായത്തുകൾ പ്രവർത്തന പരിധിയുള്ളതുമായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ പ്രവർത്തനം ഒരു പഞ്ചായത്തായി നിജപ്പെടുത്തുന്നതിന് നിയമപരമായ പരിമിതികളുണ്ട്.

(ഡി) 2017 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ (ആക്ട് 14/2017) വകുപ്പ് 16A, 19A എന്നിവ ഒഴിവാക്കിയിട്ടുള്ളതിനാൽ സജീവ അംഗത്വത്തിന് ഇപ്പോൾ പ്രസക്തിയില്ല.

## സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽനിന്നും വിരമിച്ചവർ

220 (3662) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2017 വരെയുള്ള കാലഘട്ടത്തിൽ സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽനിന്നും വിരമിച്ചവർ എത്രയാണ്; പേര്, ജനനത്തീയതി, വിരമിക്കൽ തീയതി, വിരമിക്കുമ്പോൾ ജോലി ചെയ്തിരുന്ന ഓഫീസ് എന്ന ക്രമത്തിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഓരോരുത്തർക്കും ജി.പി.എഫ് ക്ലോഷർ, എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ്, ടെർമിനൽ സറണ്ടർ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ എന്നീ ഇനങ്ങളിൽ അനുവദിച്ചതും ലഭിച്ചതുമായ തുകയെത്രയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ ഫാമിലി പെൻഷൻ ആർക്കൊക്കെയാണ് (അവകാശിയുടെ പേര്, ബന്ധംസഹിതം ) അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-17 വരെയുള്ള കാലഘട്ടത്തിൽ സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽനിന്നും വിരമിച്ചത് 209 പേരാണ്. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## നിലവിലുള്ള സഹകരണ നിയമത്തിൽ ഭേദഗതി

221 (3663) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളുടെ പ്രവർത്തന മേഖല വിപുലമാകുകയും നൂതന സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള സഹകരണ നിയമത്തിൽ ഭേദഗതി ആവശ്യമാണോയെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 437/07/സഹ. പ്രകാരം രൂപീകരിച്ച കമ്മിറ്റി നൽകിയ ശിപാർശകളിലെ ഏതെല്ലാം വ്യവസ്ഥകളാണ് അംഗീകരിച്ചത് വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങളിൽ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുവാനും നഷ്ടം ഈടാക്കുവാനും രജിസ്ട്രാർക്ക് അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനുള്ളിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ രജിസ്ട്രാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ നിയമത്തിൽ കാലാനുസൃതമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2018 ഫെബ്രുവരി മാസം നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നു.

(ബി) 28-6-2007-ലെ സ.ഉ. (സാധാ) നമ്പർ 434/2007 സഹ. ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശകളിലെ ചുവടെ ചേർക്കുന്ന ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ നിയമത്തിന്റെ ആമുഖത്തിൽ തന്നെ സഹകരണ തത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർബിട്രേഷൻ കോടതി കോഴിക്കോട്, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ ആഫീസുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. വനിതാ സംവരണം, പട്ടികജാതി/പട്ടികവർഗ്ഗ സംവരണം എന്ന രീതിയിൽ സംഘങ്ങളിലെ ഭരണ സമിതികളിൽ 10,000 രൂപയെങ്കിലും നിക്ഷേപമുള്ളവർക്ക് ഒരു സീറ്റ് റിസർവ് ചെയ്തിട്ടുണ്ട്. വർഷത്തിൽ മാർച്ച് 31 കഴിഞ്ഞാൽ 6 മാസത്തിനകം ജനറൽ ബോഡി വിളിച്ച് ചേർക്കേണ്ടതാണെന്നുള്ള വ്യവസ്ഥ നിയമത്തിൽ ഉണ്ട്. ചട്ടം 185 (7) പ്രകാരം സഹകരണ പരീക്ഷാ ബോർഡ് മുഖേന യോഗ്യതാ പരീക്ഷ നടത്തുവാനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 36 എ പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക ഭവന സംഘം, ഒരു അർബൻ സഹകരണ ബാങ്ക് അല്ലെങ്കിൽ ഒരു പ്രാഥമിക സഹകരണ ബാങ്ക് അല്ലെങ്കിൽ ഏതൊരു പ്രാഥമിക സംഘവും പണമിടപാട് നടത്തുന്നവയ്ക്ക് ഗഹാൻ സമ്പ്രദായം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 198 (2 എ) പ്രകാരം അച്ചടക്ക നടപടികൾക്കായി സംഘം കമ്മിറ്റി 3 അംഗങ്ങളിൽ അധികരിക്കാതെ അതിലെ അംഗങ്ങൾക്കിടയിൽ നിന്നും ഒരു സബ് കമ്മിറ്റിയെ, അതിൽ ഒരാൾക്ക് ചെയർമാനായി സ്ഥാനം നൽകി എന്നാൽ സംഘം പ്രസിഡന്റ് അപ്രകാരമുള്ള കമ്മിറ്റിയിൽ അംഗമാകാതെയും രൂപീകരിക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 63 പ്രകാരം ആഡിറ്റ് ഡയറക്ടേറ്റ് രൂപീകരിക്കുകയും ആഡിറ്റ് മാനുവൽ പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ നിയമം വകുപ്പ് 57 എ ഖണ്ഡിക (2) 'A Society shall contribute to the fund' എന്നാക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ ധനാപഹരണം പോലുള്ള കുറ്റങ്ങൾ നടത്തുന്ന ജീവനക്കാർക്കും ഭരണസമിതിക്കും എതിരായി വകുപ്പ് 68 എ പ്രകാരം ഡി.ഐ.ജി. റാങ്കിൽ കുറയാതെയുള്ള ഒരു ഓഫീസറെ നിയമിച്ച് സഹകരണ വിജിലൻസ് രൂപീകരിച്ചിട്ടുണ്ട്. ആക്ടിൽ പലവക സംഘങ്ങളെ പൂർണ്ണവും കൃത്യവുമായ രൂപത്തിൽ ചട്ടം 15 പ്രകാരം വ്യക്തമായ നിർവചനം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ നിലവിൽ ബോണസ് ആക്ടിന് വിധേയമായി, അതാത് കാലത്ത് രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിൽ മാത്രമാണ് ബോണസ് നൽകാൻ വ്യവസ്ഥയുള്ളത്. സഹകരണ നിയമം വകുപ്പ് 32 ഇ പ്രകാരം പുറത്താക്കപ്പെട്ട കമ്മിറ്റിയിലെ ഓരോ ആംഗത്തിനും അവർ അയോഗ്യരാക്കപ്പെട്ട തീയതി മുതൽ രണ്ട് തുടർച്ചയായ കാലയളവിൽ ഏതൊരു സംഘത്തിലും തെരഞ്ഞെടുപ്പിൽ

മത്സരിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും സംഘത്തിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കപ്പെടുന്നതിനോ അയോഗ്യത ഉണ്ടായിരിക്കും. ജില്ലാ സഹകരണ ബാങ്കുകൾക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയും സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷിക വായ്പ എടുക്കുന്ന വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിലേയ്ക്കായി 2006 മാർച്ചിൽ നിലവിൽ വന്ന സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ചുമതല കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. സഹകരണ നിയമം വകുപ്പ് 28 (1 ജെ) പ്രകാരം സംഘത്തിന്റെ ഉപനിബന്ധനകളിൽ പറഞ്ഞിരുന്നാലും തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗത്തിന്റെ താൽക്കാലിക ഒഴിവ് അതേ മണ്ഡലത്തിൽ നിന്നുമുള്ള അംഗത്തെ നാമനിർദ്ദേശം ചെയ്തുകൊണ്ട് ഭരണ സമിതിക്ക് അതിന്റെ പൂർണ്ണകാലാവധിയുടെ പകുതിയിൽ കുറവാണെങ്കിൽ നികത്താവുന്നതാണ്. സഹകരണ നിയമ വകുപ്പ് 80 എ പ്രകാരം സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 53 (2) (എ) പ്രകാരം അറ്റ ലാഭത്തിന്റെ 5 ശതമാനം വകുപ്പ് 56, ഉപവകുപ്പ് 1 നിബന്ധന (ബി) പ്രകാരമുള്ള സഹകരണ വിദ്യാഭ്യാസ ഫണ്ടിലേയ്ക്കുള്ള വിഹിതമായി ഏറ്റവും കുറഞ്ഞത് 2,000 രൂപയും പരമാവധി 60,000 രൂപയും പ്രതിവർഷം വകമാറ്റേണ്ടതാണ്. എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സംബന്ധിച്ച് സഹകരണ വിദ്യാഭ്യാസ ഫണ്ട് വിഹിതം, എല്ലാ കേന്ദ്ര ഫെഡറേഷനുകളും/ബാങ്കുകൾ, മധ്യസംഘങ്ങൾ/ അർബൻ ബാങ്കുകൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ (ക്ലാസ് 1 സൂപ്പർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്), പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ 5,000 രൂപയും പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/ബാങ്കുകൾ, ക്ലാസ് - 1-3,000 രൂപ, ക്ലാസ് 2&3 -2,000 രൂപ, ക്ലാസ് 4-1,000 രൂപ പ്രാഥമിക സംഘങ്ങൾ അല്ലാതെയുള്ള സംഘങ്ങൾ (സ്കൂൾ സഹകരണ സംഘങ്ങളും, പ്രാഥമിക ഉപഭോക്തൃ സംഘങ്ങളും ഒഴികെ), 2000 രൂപ. അപ്രകാരം വിഭജനം നടത്തപ്പെട്ട് തുക ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച തീയതി മുതൽ 2 മാസത്തിനകം കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള സഹകരണ വിദ്യാഭ്യാസ ഫണ്ടിൽ അടയ്ക്കേണ്ടതാണെന്നും അപ്രകാരം വീഴ്ച വരുത്തുന്നതിന് ഉത്തരവാദിയായ സംഘത്തിലെ മുഖ്യകാര്യദർശി കുടിശ്ശിക വരുത്തിയ തുകയ്ക്ക് പ്രതിവർഷം 8 ശതമാനം നിരക്കിൽ പിഴപലിശയും നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 68 (1) (2) (3) പ്രകാരം ഒരു സംഘം ആഡിറ്റ് ചെയ്യുകയോ അന്വേഷണ വിചാരണ നടത്തുകയോ അത് പരിശോധിക്കുകയോ അല്ലെങ്കിൽ അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നതിനിടയിൽ ആ സംഘത്തിന്റെ ഘടനയോ നടത്തിപ്പോ സംബന്ധിച്ച കാര്യം ഏൽപ്പിച്ചിട്ടുള്ളതോ അല്ലെങ്കിൽ സംഘത്തിലെ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ ആയ ആൾ അഥവാ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് ആയിരുന്ന ആളോ ആയ ആരെങ്കിലും നിയമത്തിനോ ചട്ടത്തിനോ ഉപനിബന്ധനകൾക്ക് വിരുദ്ധമായി ഏതെങ്കിലും പണം കൊടുത്തിട്ടുണ്ടെങ്കിലോ അഥവാ വിശ്വാസ വഞ്ചനയോ മനഃപൂർവ്വം അവഗണനയാലോ കാര്യസ്ഥതയാലോ സംഘത്തിന്റെ ആസ്തികളിൽ ഏതെങ്കിലും നഷ്ടമോ നാശമോ വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള സംഘം വക ഏതെങ്കിലും പണമോ മറ്റ് വസ്തുക്കളോ, ദുർഭരണം നടത്തുകയോ, അപഹരിക്കുകയോ ചതിയായി കൈവശം വയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് കാണപ്പെടുകയാണെങ്കിൽ രജിസ്ട്രാർക്ക് സ്വമേധയാലോ അഥവാ കമ്മിറ്റിയുടെയോ ലിക്വിഡേറ്ററുടെയോ ഏതെങ്കിലും ഉത്തമർണ്ണന്റെയോ അപേക്ഷയിലോ അങ്ങനെയുള്ള ആളുടെ നടപടിയെപ്പറ്റി സ്വയം അന്വേഷണ വിചാരണ നടത്തുകയോ അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി രേഖാമൂലമായ ഉത്തരവ് പ്രകാരം താൻ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളോട് അന്വേഷണ വിചാരണ നടത്തുവാൻ നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്.

അന്വേഷണ വിചാരണ നടത്തുന്നപക്ഷം രജിസ്ട്രാർ ബന്ധപ്പെട്ട ആൾക്ക് പറയാനുള്ളത് കേൾക്കാൻ അവസരം നൽകിയശേഷം ആ പണമോ മറ്റ് മുതലുകളോ അഥവാ അതിന്റെ ഏതെങ്കിലും ഭാഗമോ, നീതി പൂർവ്വകവും ന്യായവുമെന്ന് തനിക്ക് തോന്നുന്ന നിരക്കിലുള്ള പലിശയോടുകൂടി തിരികെ അടയ്ക്കുകയോ മടക്കിക്കൊടുക്കുകയോ ചെയ്യുന്നതിനോ അഥവാ അങ്ങനെ തോന്നുന്നിടത്തോളം വിഹിതം നൽകാൻ അല്ലെങ്കിൽ ചെലവ് അല്ലെങ്കിൽ നഷ്ട പ്രതിഫലം നൽകുന്നതിനോ രേഖാമൂലമായ ഉത്തരവ്മൂലം അയാളോട് ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം പണം, മുതൽ, പലിശ, ചെലവ് അല്ലെങ്കിൽ നഷ്ടപ്രതിഫലം നൽകുന്നില്ലെങ്കിലോ മേൽ സൂചിപ്പിച്ച പ്രകാരം സ്വരൂപിക്കപ്പെടാതിരിക്കുകയോ ചെയ്താൽ സഹകരണ നിയമത്തിലെ വകുപ്പ് 79 പ്രകാരമുള്ള ഭൂമി നികുതി ഈടാക്കുന്ന തരത്തിലുള്ള നടപടികൾ, അപ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുന്നതിന് രജിസ്ട്രാർക്ക് അധികാരമുണ്ട്.

(ഡി) 35 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ടൂറിസം മേഖലയിലെ വികസന പ്രവർത്തനങ്ങൾ

222 (3664) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി കേരളത്തിന് ടൂറിസം മേഖലയിൽ വമ്പിച്ച കുതിച്ചുചാട്ടം നടത്തുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ടൂറിസ്റ്റുകളുടെ സുരക്ഷ ലക്ഷ്യമാക്കി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിക്ക് നൽകുന്ന ചുമതലകൾ എന്തൊക്കെയായിരിക്കും; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം നടപ്പിലാക്കുകവഴി കേരളത്തിന് ടൂറിസം മേഖലയിൽ കുതിച്ചുചാട്ടം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടൂറിസം നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

- ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുക.
- കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക.
- ആരോഗ്യരംഗം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കുക.
- വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുക.
- ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുക.
- സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക.

- ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയും ടൂറിസം മേഖലയിൽ മുതൽ മുടക്കുന്നതിന് പ്രോത്സാഹനം നൽകുക.

- പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക.

- കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക.

- കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുക.

- തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

- കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസിഡറെ നിയമിക്കുക.

- മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാക്കുക.

- കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കുക.

- ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം നടപ്പാക്കുക.

- ഹരിത പെരുമാറ്റച്ചട്ടം അനുസരിച്ച് മാലിന്യനിർമ്മാർജ്ജനം നടപ്പിലാക്കുക.

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കുക എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദസഞ്ചാര നയത്തിന്റെ കാതൽ.

(ബി) ഇല്ല. ടൂറിസം സംരംഭകത്വ ഫണ്ട് ഉൾപ്പെടെ ടൂറിസം നയത്തിലെ വിവിധ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

(സി) ഉണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുക എന്നതാണ് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം വഴി വിഭാവനം ചെയ്യുന്നത്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും. ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

## പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതി

223 (3665) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതിക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ടൂറിസം കേന്ദ്രങ്ങൾ എല്ലാവർക്കും അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ടൂറിസം അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ എത്രമാത്രം വിജയം കൈവരിക്കുവാൻ സാധിച്ചെന്നും ഇക്കാര്യത്തിൽ ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിലാണ് വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ നടപ്പാക്കിവരുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളതിന്റെ ഭാഗമായി ബോധവത്കരണ പ്രവർത്തനങ്ങളും ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ കോർത്തിണക്കി 'നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്' എന്ന പദ്ധതിക്ക് രൂപം

നൽകിയിട്ടുണ്ട്. ഉത്തര മലബാറിലെ നദികളെ കേന്ദ്രീകരിച്ചുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദമായ ഒരു റിവർ ക്രൂയിസ് സർക്യൂട്ട് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗങ്ങൾക്കും അനുഭവവേദ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിനടക്കം പ്രത്യേക നടപടികൾ സ്വീകരിച്ചുവരുന്നു. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ എന്നിവയ്ക്ക് പുറമേ അംഗ പരിമിത ഭിന്നശേഷിക്കാർ എന്ന വിഭാഗത്തിൽപ്പെട്ട വിനോദസഞ്ചാരികൾക്കായി ബാരിയർ ഫ്രീ ടൂറിസം പദ്ധതിയും ആവിഷ്കരിച്ചുവരുന്നു. ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലും ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന നടപടികൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ളതാണ്.

(സി) ടൂറിസം അടിസ്ഥാനസൗകര്യ വികസനത്തിന് കിഫ്ബിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി 8 പദ്ധതി പ്രൊപ്പോസൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കോഴിക്കോട് SIHM കാമ്പസിൽ ത്രീസ്റ്റാർ ഹോട്ടൽ കോംപ്ലക്സിന്റെ നിർമ്മാണം.

2. മുഴപ്പിലങ്ങാടിൽ ത്രീസ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം.

3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം.

4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം.

5. പാലക്കാട് ജില്ലയിലെ കാഞ്ഞിരമ്പുഴ ഡാം വിനോദസഞ്ചാര വികസനം.

6. കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വിനോദസഞ്ചാര വികസനം.

7. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം പരിസര വിനോദസഞ്ചാര വികസനം.

8. കോഴിക്കോട് മുഴപ്പിലങ്ങാട്-ധർമ്മടം-ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ് വേയുടെ നിർമ്മാണം.

ഇവയിൽ മുഴപ്പിലങ്ങാട് കെ.ടി.ഡി.സി.യുടെ ബീച്ച് റിസോർട്ട് നിർമ്മാണത്തിന് അനുമതി KIIFB-യിൽ നിന്ന് ലഭിച്ചു. നിർമ്മാണോദ്ഘാടനം നടത്താൻ നടപടി ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് കെ.ടി.ഡി.സി.യുടെ ത്രീ സ്റ്റാർ ഹോട്ടൽ പ്രോജക്ടിനും കിഫ്ബി അനുമതി നൽകിയിട്ടുണ്ട്.

## വിനോദസഞ്ചാര വികസനത്തിന് കേന്ദ്ര പദ്ധതികൾ

224 (3666) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസനത്തിനായി ഏതെല്ലാം കേന്ദ്രപദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം, മേളകളും പരിപാടികളും സംഘടിപ്പിക്കൽ, ഗവേഷണാധിഷ്ഠിത പ്രോജക്ടുകൾ തയ്യാറാക്കൽ എന്നിവയ്ക്കായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസനത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള ടൂറിസം പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. * നിലവിൽ നടപ്പിലാക്കി വരുന്നകേന്ദ്ര പദ്ധതികൾ താഴെപ്പറയുന്നു:

സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ-ടൂറിസം സർക്യൂട്ടായ പത്തനംതിട്ട - ഗവി, വാഗമൺ - തേക്കടി വികസനം, സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം), ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം എന്നീ പദ്ധതികളും 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം ലക്ഷ്യമിട്ട് അംഗീകാരം ലഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

പത്തനംതിട്ട-ഗവി വാഗമൺ -തേക്കടി വികസനം - 9006.16 ലക്ഷം രൂപ-സ്വദേശ് ദർശൻ സ്കീം.

ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)-9998.92 ലക്ഷം രൂപ - സ്പിരിച്വൽ ടൂറിസം സർക്യൂട്ട്.

ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം - 9244.26 ലക്ഷം രൂപ സ്പിരിച്വൽ ടൂറിസം സർക്യൂട്ട്

ഗുരുവായൂർ ക്ഷേത്ര വികസനം - 4614.20 ലക്ഷം രൂപ - പ്രസാദ് സ്കീം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൈതൃക ടൂറിസം പദ്ധതി

225 (3667) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) മുസിരിസ് പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മുസിരിസ് പൈതൃക പദ്ധതിയിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവ ജലപാതവഴി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള പൈതൃക ടൂറിസം പദ്ധതികൾ.

1. മുസിരിസ് പൈതൃക പദ്ധതി
2. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി
3. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി എന്നിവയാണ്.

ഇതിൽ മുസിരിസ് പൈതൃക പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കും. ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയുടെ സമഗ്രമായ DPR തയ്യാറാക്കിവരുന്നു.

(ബി) രണ്ടാംഘട്ട വികസന പ്രവൃത്തികൾ താഴെ വിവരിക്കുന്നു.

1. 8 മ്യൂസിയങ്ങളുടെ അടിസ്ഥാന വികസനവും, ഗുണനിലവാരവും ഉയർത്തലും.

2. മാള സിനഗോഗ്.

3. മാള ജ്യൂവിഷ് സെമിത്തേരി.

4. വൈപ്പിക്കോട്ട സെമിനാരി.

5. ചേന്ദമംഗലം മാറ്റചന്ത.

6. ഗോതുരുത്ത് ചവിട്ടുനാടക മ്യൂസിയം.

7. കേശവദേവിന്റെ ജന്മഗൃഹ പുനരുദ്ധാരണവും, സാഹിത്യ മ്യൂസിയം സ്ഥാപിക്കലും.

8. പറവൂർ ജൂതഗൃഹത്തിന്റെ പുനരുദ്ധാരണവും സംരക്ഷണവും.

9. ചേന്ദമംഗലം ചണ മ്യൂസിയം.

10. പള്ളിപ്പുറം പോലീസ്/മിലിട്ടറി മ്യൂസിയം.

11. ക്രിസ്റ്റ്യൻ ലൈഫ് സ്റ്റൈൽ മ്യൂസിയം, അഴീക്കോട്

12. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്ര മ്യൂസിയം.

13. ചേന്ദമംഗലം ജൂതഗൃഹം പുനരുദ്ധാരണം.

14. എസ്.എൻ. പുരം സെയ്ദ് മുഹമ്മദ് സ്മാരകം.

15. ഇലവഞ്ചിക്കുളം നവീകരണം.

16. ബംഗ്ലാക്കടവ് നവീകരണം.

17. പട്ടണം ഇന്റർപ്രട്ടേഷൻ സെന്റർ.

18. ഹോളിക്രോസ് ഇന്റർപ്രട്ടേഷൻ സെന്റർ.

19. 5 ബോട്ട് ജെട്ടികൾ.

മേൽ വിവരിച്ച പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. അതിനുവേണ്ടി ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5-4-2017-നും 11-10-2017-നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ടൂറിസം-സഹകരണ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് അവലോകന യോഗങ്ങൾ

നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടൂറിസം സെക്രട്ടറി 11-8-2016-നും 5-12-2016-നും അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. 3 മാസം കൂടുമ്പോൾ മുസിരിസ് ഡയറക്ടർ ബോർഡ് കൂടി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്. ഇതിനകം പട്ടണം ഇന്റർപ്രട്ടേഷൻ സെന്റർ, ഹോളിക്രോസ് ഇന്റർപ്രട്ടേഷൻ സെന്റർ, കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്ര മ്യൂസിയം എന്നിവയ്ക്കുവേണ്ടി 9.43 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ ടെൻഡറിംഗ് സ്റ്റേജിലാണ്. കൂടാതെ 5 ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിനുവേണ്ടി 2.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബോട്ട് ജെട്ടികളും ടെൻഡറിംഗ് സ്റ്റേജിലാണ്. മാള സിനഗോഗിന് 5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനും മിശ്രഭോജൻ സ്മാരകത്തിന് 3 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. മുസിരിസ് പ്രോജക്ടിൽ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ കെട്ടിടങ്ങളുടെയും മ്യൂസിയങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി 1.09 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

(ഡി) ഉണ്ട്. പദ്ധതി പ്രദേശത്തുള്ള മ്യൂസിയങ്ങളും പൈതൃക സ്മാരകങ്ങളും ബന്ധിപ്പിച്ചുകൊണ്ട് ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ബോട്ട് സർവ്വീസ് നടത്തിവരുന്നുണ്ട്. മറ്റ് ചരിത്ര സ്മാരകളങ്ങളെ ജലപാത വഴി ബന്ധിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് പരിഗണിക്കാവുന്നതാണ്.

**ചെറുകിട ടൂറിസം പദ്ധതികൾ**

226 (3668) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട, ഇടത്തരം ടൂറിസം പദ്ധതികൾ ആരംഭിക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തൊക്കെയാണ് എന്നറിയിക്കാമോ;

(സി) പദ്ധതിക്കായി പരമാവധി എത്ര രൂപവരെയാണ് ചെലവഴിക്കുക; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഇപ്രകാരം ഒരു പദ്ധതി വകുപ്പിൽ ഇല്ല.

(ബി&സി) ബാധകമല്ല.

## ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

227 (3669) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നതുവഴി ലക്ഷ്യമിടുന്നത് എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ?

ഉത്തരം

ടൂറിസം മേഖലയുടെ ഗുണഫലങ്ങൾ തദ്ദേശവാസികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2008-ൽ കുമരകം, കോവളം, തേക്കടി, വൈത്തിരി (വയനാട്) എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി ആരംഭിച്ചു. ഈ മേഖലയിലെ തദ്ദേശവാസികളെ ഉൾപ്പെടുത്തി ഹോട്ടൽ വ്യവസായത്തിനും വിനോദ സഞ്ചാരികൾക്കും ആവശ്യമായ സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ഉത്പാദനത്തിനും വിതരണത്തിനും ഒരു ശൃംഖല സൃഷ്ടിച്ചു. ഇത് തദ്ദേശവാസികൾക്ക് ടൂറിസം വഴി തൊഴിലും വരുമാനവും ലഭിക്കാൻ ഏറെ സഹായകമായി.

ഉത്തരവാദിത്ത ടൂറിസം മുഖേന താഴെപ്പറയുന്ന ദൗത്യങ്ങളാണ് ലക്ഷ്യമിടുന്നത് :

- ഗ്രാമീണ മേഖലയിലടക്കം ടൂറിസം സംരംഭകരുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ.
- ആക്സസിബിൾ ടൂറിസം
- കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക്
- ഹ്യൂമൻ റിസോർസ് ഡയറക്ടറി
- ആർടി ആർട്ട് & കൾച്ചറൽ ഫോറം
- ഉത്സവകാല പാക്കേജുകൾ
- വീട്ടിൽ ഊണ്, കഫെ കുടുംബശ്രീ, ഡിസൈനർ തട്ടുകട പരിപാടികൾ
- വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ
- ഹോംസ്റ്റേകളിൽ ഷോർട്ട് ടേം കുക്കിംഗ് പ്രോഗ്രാമുകൾ

• പ്രാദേശിക കായിക മത്സരങ്ങളും നാടൻ കളികളും പ്രചരിപ്പിക്കാൻ പ്രത്യേകം പാക്കേജുകൾ

- കാർബൺ ന്യൂട്രൽ ഇനിഷ്യേറ്റീവുകൾ
- മിയാവാകി രീതിയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കൽ
- കുടിവെള്ള സൗഹൃദ ശൃംഖലകൾ
- ടോയിലറ്റ് മാപ്പിംഗ്
- ടൂറിസം ക്ലബ്ബുകൾ
- മാലിന്യരഹിത ടൂറിസം കേന്ദ്രങ്ങൾ
- പെപ്പർ ടൂറിസം പദ്ധതിയുടെ വ്യാപനം
- പുതിയ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ.

## കെ.ടി.ഡി.സി. ഹോട്ടൽ കോമ്പൗണ്ടിൽ സ്ഥാപിച്ചിരിക്കുന്ന മൊബൈൽ ടവർ

228 (3670) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്മുടിയിലെ കെ.ടി.ഡി.സി. ഹോട്ടലായ ഗോൾഡൻ പീക്കിന്റെ കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള കൂറ്റൻ മൊബൈൽ ടവറിൽ ഏതൊക്കെ മൊബൈൽ കമ്പനികളുടെ ആന്റിനയാണ് സ്ഥാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത മൊബൈൽ കമ്പനികളിൽ നിന്നും കെ.ടി.ഡി.സി.-ക്ക് പ്രതിമാസം വാടകയിനത്തിൽ എന്ത് തുകയാണ് ലഭിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊന്മുടിയിൽ കെ.ടി.ഡി.സി.-യുടെ ഗോൾഡൻ പീക്ക് ഹോട്ടലിൽ ഇൻഡസ് ടവർ ലിമിറ്റഡ് എന്ന കമ്പനിയുടെ മൊബൈൽ ടവറാണ് സ്ഥാപിച്ചിട്ടുള്ളത്. എയർടെൽ, ഐഡിയ, വൊഡാഫോൺ, റിലയൻസ് എന്നീ കമ്പനികളുടെ ആന്റിനകളാണ് സ്ഥാപിച്ചിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ കമ്പനികളായ എയർടെൽ, ഐഡിയ, വൊഡാഫോൺ, റിലയൻസ് എന്നിവ കെ.ടി.ഡി.സി.-ക്ക് നേരിട്ട് വാടക നൽകുന്നില്ല. അവ ഇൻഡസ് ടവർ ലിമിറ്റഡ് മുഖേന പ്രതിമാസം ജി.എസ്.ടി. ഉൾപ്പെടെ 28,556 രൂപ കെ.ടി.ഡി.സി.-ക്ക് നൽകുന്നുണ്ട്.

## കെ.ടി.ഡി.സി. ആഡംബര ബസ്സുകൾ

229 (3671) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വിനോദസഞ്ചാര മേഖലകളിലാണ് കെ.ടി.ഡി.സി. ആഡംബര ബസുകൾ സർവ്വീസ് നടത്തുന്നത്;

(ബി) കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര മേഖലകളെയും ബന്ധിപ്പിച്ചുകൊണ്ട് പ്രസ്തുത സർവ്വീസുകൾ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ ബസ് ടൂർ പദ്ധതി ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലുമാണ് സർവ്വീസ് നടത്തുന്നത്. 24 സീറ്റുകളുള്ള മൂന്ന് ആഡംബര ബസ്സുകളിൽ രണ്ടെണ്ണം തിരുവനന്തപുരത്തും ഒന്ന് കൊച്ചിയിലുമാണ് ടൂറുകൾ നടത്തുന്നത്.

തിരുവനന്തപുരത്തുനിന്നും കന്യാകുമാരിയിലേയ്ക്കും, ടെക്നോപാർക്കിൽനിന്നും പൊന്മുടിയിലേയ്ക്കും, തിരുവനന്തപുരം-കോട്ടൂർ, നെയ്യാർ, കോവളം എന്നീ സ്ഥലങ്ങളിലേയ്ക്കുമാണ് തിരുവനന്തപുരത്തെ ബസ് ടൂർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൊച്ചിയിൽനിന്നും തൃപ്പൂണിത്തുറ മ്യൂസിയം, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, ചെറായി ബീച്ച് എന്നിവിടങ്ങൾ ഉൾപ്പെടുത്തിയ ടൂറുമാണുള്ളത്.

(ബി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## കെ.ടി.ഡി.സി. ഏറ്റെടുക്കുന്ന പുതിയ പദ്ധതികൾ

230 (3672) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.റ്റി.ഡി.സി.

(കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) യുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി വികസിപ്പിക്കുന്നതിന് എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് കെ.ടി.ഡി.സി.-യുടെ പ്രവർത്തനങ്ങളിൽ ഉണർവ്വും വരുമാനത്തിൽ വർദ്ധനവും ഉണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാനത്തിനകത്തും പുറത്തുമായി കെ.ടി.ഡി.സി. ഏറ്റെടുക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.ടി.ഡി.സി.-യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പണി നടന്നുകൊണ്ടിരുന്ന മസ്കറ്റ് ഹോട്ടലിന്റെ 36 റൂമുകൾ പൂർത്തീകരിച്ച് ഗസ്റ്റിന് തുറന്നുകൊടുത്തു. പൊന്മുടിയിൽ 14 പുതിയ കോട്ടേജുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവ്വീസ് ആരംഭിച്ചു.

കെ.ടി.ഡി.സി.-യുടെ നിലവിലുള്ള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കുമരകത്തെ വാട്ടർ സ്കേപ്പ് പൂർണ്ണമായ നവീകരണത്തിലാണ്.

(ബി) ഉണ്ട്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നോട്ട് നിരോധനം, സുപ്രീംകോടതി ഉത്തരവ് പ്രകാരം ബിയർ പാർലറുകൾ പൂട്ടി തുടങ്ങിയ പ്രതികൂല ഘടകങ്ങൾ ഉണ്ടായിട്ടുപോലും മറ്റുള്ള മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തിയതിനാൽ ഇക്കഴിഞ്ഞ ജനുവരി മാസം വരെ 102.5 കോടി രൂപ വിറ്റുവരവും 380 ലക്ഷം രൂപ പ്രവർത്തന ലാഭവും ഉണ്ടായിട്ടുണ്ട്. വിറ്റുവരവിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13 കോടി രൂപയുടെ ഇടിവുണ്ടായിട്ടും പ്രവർത്തന ലാഭം ഒരു കോടി കൂടിയത് പ്രവർത്തന മികവുമൂലമാണ്.

(സി) സംസ്ഥാനത്തിന് പുറത്ത് കന്യാകുമാരിയിൽ ഒരു സ്റ്റാർ ഹോട്ടൽ, മുഴപ്പിലങ്ങാടിയിൽ ഒരു ബീച്ച് റിസോർട്ട്, കോഴിക്കോട് ബീച്ചിൽ ഒരു സ്റ്റാർ ഹോട്ടൽ, ബേക്കൽ ബീച്ചിൽ 24 കോട്ടേജുകളുടെ നിർമ്മാണം, മലമ്പുഴ, നെയ്യാർ ഡാം എന്നീ രണ്ട് യൂണിറ്റുകളിലുമായി 3 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ, കണ്ണൂർ, പീരുമേട്, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലെ ടാമറിന്റ് ഹോട്ടലുകളുടെ നവീകരണം, മൂന്നാറിൽ 100 മുറികളുള്ള ഒരു ബഡ്ജറ്റ് ഹോട്ടൽ എന്നിവയാണ് കെ.ടി.ഡി.സി. ഏറ്റെടുക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ.

## വിനോദസഞ്ചാര മേഖലയിലെ കേന്ദ്ര വിഹിതം

231 (3673) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 മുതൽ 2017-18 വരെ വിനോദസഞ്ചാര മേഖലയ്ക്ക് എത്ര രൂപ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്; എത്ര ഫണ്ട് വിനിയോഗിച്ചു; മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ല എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഫണ്ട് വിനിയോഗം കൊണ്ട് ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 മുതൽ 2017-18 വരെ വിനോദസഞ്ചാര മേഖലയ്ക്ക് ലഭിച്ച കേന്ദ്ര സഹായം, ഫണ്ട്, വിനിയോഗം, വിനിയോഗിക്കാത്തതിനുള്ള കാരണം തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി വർഷം | അനുവദിച്ച രൂപ | വിനിയോഗം | വിനിയോഗിക്കാത്തതിനുള്ള കാരണം |
|---|---|---|---|
| 2014-15 | ഇല്ല | ഇല്ല | പദ്ധതി ലഭ്യമായിട്ടില്ല. |
| 2015-16 | 49,60,93,000 | 35,92,97,000 | പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു. തുക വിനിയോഗിച്ച് വരുന്നു. |
| 2016-17 | 73,98,11,000 | 5,73,98,224 | പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു. തുക വിനിയോഗിച്ച് വരുന്നു. |
| 2017-18 | ഇല്ല | ഇല്ല | ഇല്ല |

(ബി) ഉണ്ട്. കേന്ദ്ര ടൂറിസം വികസന ഫണ്ട് ലഭിച്ചതിന്റെ ഫലമായി ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിനും അതിലൂടെ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ഇതുവഴി കൂടുതൽ തൊഴിൽ ലഭ്യതയ്ക്കും വഴിതുറന്നിട്ടുണ്ട്.

## പ്രസാദ് സ്കീം

232 (3674) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങളാണ് വികസിപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ ഇനത്തിൽ 2016-2017, 2017-2018 എന്നീ വർഷങ്ങളിൽ കേരളത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കിവരുന്ന 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 2016-17 സാമ്പത്തിക വർഷം 4614.20 ലക്ഷം രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. അതിൽ 922.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി മെസേഴ്സ്. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ആണ്. പദ്ധതി പ്രവർത്തികൾ നടത്തുന്നതിനായി ഗുരുവായൂർ മുനിസിപ്പാലിറ്റിയെയും ഗുരുവായൂർ ദേവസ്വം ബോർഡിനെയും ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തികൾ നടന്നുവരുന്നു.

(ബി) 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചതായ മേൽ പദ്ധതിക്ക് ആദ്യഗഡുവായി 922.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലഭ്യമായ തുകകൾ മുഴുവൻ പ്രവർത്തികൾ നടത്തുന്ന ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തികൾ നടന്നുവരുന്നു.

## പാലക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ നവീകരണം

233 (3675) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ മുറികളുടെ പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ മുറികൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയ മുറികൾ നിർമ്മിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## വേളി ടൂറിസ്റ്റ് വില്ലേജിന്റെ നവീകരണം

234 (3676) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന്റെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ ടൂറിസ്റ്റ് വില്ലേജിന്റെ വികസനത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന്റെ നവീകരണത്തിനായി ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതികൾ സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

## പുള്ള്-മനക്കൊടി ടൂറിസം പദ്ധതി

235 (3677) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ, നാട്ടിക മണ്ഡലങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കോൾമേഖല കേന്ദ്രീകരിച്ച് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പുള്ള്-മനക്കൊടി ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

ഉത്തരം

പദ്ധതിയുടെ ആദ്യഘട്ട വികസന പ്രവർത്തികൾക്കുള്ള പദ്ധതി രൂപരേഖ തയ്യാറായിവരുന്നു. റാംസർ നീർത്തടമായതിനാലും ദേശാടന പക്ഷികളുടെ സങ്കേതമായതിനാലും ചട്ട പ്രകാരം പരിശോധനകളും നടപടികളും സ്വീകരിച്ചുമാത്രമേ മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വർക്കല മണ്ഡലത്തിലെ ടൂറിസം വികസനം**

236 (3678) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ടൂറിസം വികസനത്തിനായി എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ആയത് വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിലെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 21,560,070 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മറുപടി അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന് ബഡ്ജറ്റിലുള്ള തുക**

237 (3679) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബി.ആർ.ഡി.സി.- ക്ക് (ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) നാളിതുവരെയായി ബജറ്റിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ;

(ബി) ഈ തുക എന്തിനൊക്കെയാണ് ചെലവഴിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) അടിസ്ഥാന വികസന രംഗത്ത് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ബഡ്ജറ്റിൽ അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാതെ പോയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) എങ്കിൽ എത്ര രൂപയാണ് ചെലവഴിക്കാൻ കഴിയാതെ പോയിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.ആർ.ഡി.സി.-ക്ക് (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) 2016-17, 2017-18, 2018-19 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ യഥാക്രമം 150 ലക്ഷം രൂപ, 300 ലക്ഷം രൂപ, 330 ലക്ഷം രൂപ എന്നിങ്ങനെ തുക വകയിരുത്തിയിട്ടുണ്ട്.

(ബി&സി) 2017-18-ൽ അനുവദിച്ച 300 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) 2016-17 വർഷം ബി.ആർ.ഡി.സി.-ക്കുള്ള share capital contribution ഇനത്തിൽ വകയിരുത്തിയിരുന്ന 150 ലക്ഷം രൂപ Tourism promotion/marketing പരിപാടികൾക്കായി വിനിയോഗിക്കുന്നതിന് ബി.ആർ.ഡി.സി. നിർദ്ദേശിച്ചിരുന്നെങ്കിലും share capital ഇനത്തിൽ കോർപ്പറേഷന് വകയിരുത്തിയിട്ടുള്ള തുക പ്രസ്തുത ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിക്കാൻ അനുവദനീയമല്ലാത്തതിനാൽ ടി തുക ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയില്ല.

**ചടയമംഗലം മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ**

238 (3680) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 ലെ ബജറ്റ് പ്രകാരം പുതിയ ഏതെങ്കിലും പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട നിലവിലെ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ശംഖുംമുഖം സൗന്ദര്യവൽക്കരണ പദ്ധതി**

239 (3681) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖം സൗന്ദര്യവൽക്കരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) വിനോദസഞ്ചാരികൾ ഏറെ എത്തിച്ചേരുന്ന ശംഖുമുഖത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ശംഖുമുഖം വിനോദസഞ്ചാര കേന്ദ്രത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇവിടുത്തെ വികസന പദ്ധതികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശംഖുംമുഖം ബീച്ചിന്റെ സൗന്ദര്യവൽക്കരണ നടപടി അന്തിമ ഘട്ടത്തിലാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തിവരുന്നത്.

(ബി) ചക്രകുളം, മണ്ഡപം എന്നിവയുടെ പുനരുദ്ധാരണം, നിലവിലെ തട്ടുകടകളുടെ നവീകരണം എന്നിവ ഹാബിറ്റാറ്റ് മുഖേന നടന്നുവരുന്നു. ഇതിനുപുറമേ മറ്റ് സൗന്ദര്യവൽക്കരണ പദ്ധതികളും ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ശംഖുംമുഖത്തിന്റെ പ്രാധാന്യമനുസരിച്ചുള്ള വികസന പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. അവ വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**നമ്പികുളം ഇക്കോ ടൂറിസം പദ്ധതി**

240 (3682) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നമ്പികുളം ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഇന്റേണൽ റോഡിന്റെ പ്രവൃത്തി ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഇന്റേണൽ റോഡ് വർക്ക് കൂടി ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ നിർവ്വഹണ ചുമതല M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCC) എന്ന ഏജൻസിക്ക് നൽകിയിരുന്നെങ്കിലും പദ്ധതി ഏറ്റെടുക്കുവാൻ ടി സ്ഥാപനത്തിന് കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതിനാൽ ഡി.ടി.പി.സി. മുഖേന പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) റോഡ് വർക്ക് ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പാലക്കാട് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

241 (3683) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോന്നിന്റേയും വിശദവിവരം നൽകുമോ?

ഉത്തരം

പാലക്കാട് നിയോജക മണ്ഡലത്തിലെ വാടിക ഗാർഡന്റെ നവീകരണത്തിനും, സൗന്ദര്യവൽക്കരണത്തിനുമായി 70,36,897 രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. വാപ്കോസ് (WAPCOS) എന്ന കേന്ദ്ര സർക്കാർ ഏജൻസിക്കാണ് ഇതിന്റെ നിർവ്വഹണ ചുമതല.

## വേങ്ങരയിലെ വിനോദസഞ്ചാര വികസന പദ്ധതികൾ

242 (3684) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ പ്രകൃതി രമണീയമായ ഭൂപ്രദേശങ്ങൾ ഉൾപ്പെടുന്ന മിനി ഊട്ടി, വേങ്ങരയിലെ കാശ്മീർ എന്നിവിടങ്ങളിൽ വിനോദസഞ്ചാരാർത്ഥം എത്തിച്ചേരുന്നവർക്ക് ആവശ്യമായ യാതൊരു സൗകര്യവും ടൂറിസം വകുപ്പ് ഒരുക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിനോദസഞ്ചാര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ അനുയോജ്യമായ സ്ഥലങ്ങളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കാൻ നടപടി സ്വീകരിക്കുമോ;വിശദാക്കാമോ;

(സി) കെ.ടി.ഡി.സി.-യുടെ ഒരു ഗസ്റ്റ് ഹൗസ് ഈ പ്രദേശത്ത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുയോജ്യമായ സ്ഥലം ലഭ്യമാകുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്.

(സി) നിലവിൽ പരിഗണനയിലില്ല.

## സ്മാർട്ട് ആലുവ പ്രോജക്ട്

243 (3685) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ആലുവ ടൗണിന്റെ സൗന്ദര്യവൽക്കരണത്തിനുള്ള സ്മാർട്ട് ആലുവ എന്ന പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

സാധ്യത പരിശോധിച്ചുവരുന്നു.

## കീരനല്ലൂർ ടൂറിസം പദ്ധതി

244 (3686) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച പരപ്പനങ്ങാടി കീരനല്ലൂർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഭൂമിയിന്മേൽ അനുമതി ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി

245 (3687) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ടൗണിനോട് ചേർന്നു കിടക്കുന്ന വാടാനപ്പള്ളി ബീച്ചിൽ ടൂറിസ്റ്റുകൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനും ബീച്ചിന്റെ സൗന്ദര്യവത്കരണത്തിനുമായി ഡി.റ്റി.പി.സി.-യുടെയും വിനോദസഞ്ചാര വകുപ്പിന്റെയും ആഭിമുഖ്യത്തിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഒന്നാം ഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## തലശ്ശേരിയിലെ ഹെക്സാ പാർക്ക്

246 (3688) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പുന്നോൽ പെട്ടിപാലത്ത് നടപ്പിലാക്കുന്ന ഹെക്സാ പാർക്കിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഭരണാനുമതി സംബന്ധിച്ച ഫയൽ ഇപ്പോൾ ടൂറിസത്തിന്റെ ഏത് സെക്ഷനിലാണ് ഉള്ളതെന്നും ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കോൺസപ്റ്റ് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ഇത് വകുപ്പിന്റെ പരിഗണനയിലാണ്. പദ്ധതി പ്രദേശത്തിന്റെ സ്ഥലം ലഭ്യത സംബന്ധിച്ചുള്ള രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**പൊന്മുടിയിലെ അമിനിറ്റീസ് സെന്റർ**

247 (3689) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്മുടിയിൽ ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പണിയുവാൻ നിശ്ചയിച്ചിട്ടുള്ള അമിനിറ്റീസ് സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത സെന്ററിൽ ടൂറിസ്റ്റുകൾക്കായി ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത സെന്റർ അടിയന്തരമായി ടൂറിസ്റ്റുകൾക്ക് തുറന്ന് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ടോയ്‌ലെറ്റ്, സ്നാക്സ് ബാർ, ഇൻഫർമേഷൻ സെന്റർ.

(സി) ഇതിന്റെ പ്രവർത്തനം കുടുംബശ്രീ മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൊന്മുടിയിലെ ടൂറിസം വികസനം**

248 (3690) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടിയുടെ ടൂറിസം വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കെ.ടി.ഡി.സി.-യുടെ ഗോൾഡൻ പീക് റിസോർട്ടിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) പൊൻമുടിയിലെത്തുന്ന സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി പൊന്മുടിയിൽ ഗസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണം, നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു:

1. പൊന്മുടി ഗസ്റ്റ് ഹൗസിലെ ബി ബ്ലോക്കിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ.

2. പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം (phase II)

3. പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിലെ ഇലക്ട്രിക്കൽ പ്രവൃത്തി.

4. കെ.ടി.ഡി.സി.യുടെ 15 കേട്ടേജുകൾ നവീകരിക്കുന്നതിന് ഭരണാനുമതി.

(ബി) കെ.ടി.ഡി.സി.-യുടെ 15 കോട്ടേജുകൾ നവീകരിക്കുന്നതിന് 320 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) സ്വീകരിച്ചുവരുന്നു.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ടൂറിസം വികസനം**

249 (3691) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിലെ തമ്മാനിമറ്റത്ത്,മൂവാറ്റുപുഴയാറിലെ കടവും തൂക്കുപാലവും സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ടൂറിസം പദ്ധതിയുടെ ഭാഗമായി പാർക്കും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 14-9-2017-ന് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ പദ്ധതിക്കായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക്

250 (3692) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽപ്പെട്ട ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിനോടനുബന്ധിച്ച് കരിമ്പുഴയാറുമായി ബന്ധപ്പെടുത്തി ടൂറിസം വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയ്ക്കായി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയുടെ ടൂറിസം വികസനം

251 (3693) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ടൂറിസം വികസനത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രദേശങ്ങളിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(സി) ടൂറിസം വികസനത്തിന് സാധ്യതയുണ്ടായിട്ടും ഇതുവരെ ഒന്നും ചെയ്യാത്ത പ്രദേശങ്ങളിൽ എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) നീണ്ട സമുദ്രതീരവും ധാരാളം നദികളും പുഴകളുമുള്ള കാസർകോടിന്റെ ടൂറിസം വികസന സാധ്യതകളെക്കുറിച്ച് പഠിക്കാൻ സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജില്ലയിൽ ടൂറിസം വികസനത്തിന് സാധ്യതയുള്ള സ്ഥലങ്ങളായി കണക്കാക്കിയിട്ടുള്ളത് കടൽത്തീരങ്ങൾ, മലനിരകൾ (Hill station), പുഴയോരം, കായലോരങ്ങൾ മുതലായ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ്. അതിൻപ്രകാരം ബേക്കൽ, കാഞ്ഞങ്ങാട്, കാസർഗോഡ്, നീലേശ്വരം, മഞ്ചേശ്വരം പോലുള്ള പ്രധാന കടൽത്തീരങ്ങൾ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളാണ്. കുമ്പള, കാര്യംകോട്, ചിത്താരി, നീലേശ്വരം പുഴകൾ പുഴയോര ടൂറിസം പദ്ധതികൾക്ക് അനുയോജ്യമായ പ്രദേശങ്ങളാണ്. വീരമലക്കുന്ന്, റാണിപുരം, കോട്ടഞ്ചേരി, പൊഡി ഗുംബെ മുതലായവ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളാണ്.

(ബി) ബേക്കൽ ബീച്ച് വികസനം, തൃക്കണ്ണാട് ബീച്ച് എന്നിവ സൗന്ദര്യവൽക്കരിച്ച് നടപ്പാത റെയിൻ ഷെൽട്ടർ, ഫുഡ് കൗണ്ടർ, വലിയപറമ്പ് കായൽ, കോട്ടപ്പുറം പുഴ എന്നിവ കേന്ദ്രീകരിച്ച് ബോട്ട് ജെട്ടി, ഹൗസ് ബോട്ട് ടെർമിനൽ മുതലായ സംവിധാനങ്ങൾ BRDC മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. സഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ റാണിപുരം കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.

(സി&ഡി) സാധ്യത പരിശോധിക്കാവുന്നതാണ്.

**ദേവസ്വം വകുപ്പ് ക്ഷേത്രങ്ങളിലെ ഭൂസ്വത്തുകൾ**

252 (3694) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിലെ ഭൂസ്വത്തുക്കൾ അന്യാധീനപ്പെട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലം ഓരോ ദേവസ്വം ബോർഡിനും നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ദേവസ്വം വക സ്ഥലങ്ങൾ അതിര് തിരിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളിൽ ദേവസ്വം വസ്തുക്കൾ എത്രമാത്രം നഷ്ടപ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ കണക്കാക്കിവരുന്നു. മലബാർ ദേവസ്വം ബോർഡിൽ 3112.205 ഏക്കർ ഭൂമി കൈവശ ഭൂമിയായും

24693.24 ഏക്കർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡിൽ $78^{1}/_{2}$ സെന്റ് സ്ഥലവും കൂടൽമാണിക്യം ദേവസ്വത്തിൽ 4.87 ഏക്കർ സ്ഥലവും നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചുവരുന്നുണ്ട്. ദേവസ്വം ഭൂമി സംരക്ഷിക്കുന്നതിനായി ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക്, മൊബൈൽ ഫോൺ നിരോധനം

253 (3695) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഏപ്രിൽ 1 മുതൽ പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾ പ്ലാസ്റ്റിക് കുപ്പികളിൽ എണ്ണ കൊണ്ടുവരുന്നത് ഇതുപ്രകാരം നിരോധിച്ചിട്ടുണ്ടോ;

(സി) നാലമ്പലത്തിനകത്ത് മൊബൈൽ ഫോൺ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഭക്തജനങ്ങളുടെ ഫോൺ സൂക്ഷിക്കുന്നതിന് ദേവസ്വം ബോർഡ് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്ലാസ്റ്റിക്കിൽ പൊതിഞ്ഞതോ പ്ലാസ്റ്റിക് നിർമ്മിതമോ ആയ യാതൊരു വസ്തുക്കളും ക്ഷേത്രങ്ങളിലും നാലമ്പലത്തിനുള്ളിലും ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്.

(ഡി) ഇതിലേയ്ക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശബരിമല സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്

254 (3696) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പ്രവർത്തന സജ്ജമാണോ;

(ബി) പ്ലാന്റിന്റെ നിർമ്മാണം നിക്ഷിപ്തമായിരുന്നത് ആരിലാണെന്ന് വ്യക്തമാക്കുമോ;

(സി) സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കാൻ പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടെ കഴിയുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശബരിമല സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പ്രവർത്തന സജ്ജമാണ്.

(ബി) പ്ലാന്റിന്റെ നിർമ്മാണം ഹൈദ്രാബാദിലെ രാംകി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിക്കാണ് നൽകിയിട്ടുള്ളത്.

(സി) സന്നിധാനത്തെ മാലിന്യ നിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രസ്തുത പ്ലാന്റിന്റെ ഉപയോഗംകൊണ്ടുമാത്രം കഴിയുകയില്ല. ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി ബയോ മെത്തനേഷ്യൻ (ബയോഗ്യാസ്) പ്ലാന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ബയോ ഗ്യാസ് പ്ലാന്റ് കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ മാലിന്യ നിർമ്മാർജ്ജനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയും.

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾ

255 (3697) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഈ സർക്കാരിന്റെ കാലയളവിൽ പുനഃസംഘടിപ്പിച്ചതിനെത്തുടർന്ന് നിയമനങ്ങൾ നടത്തുന്നതിന് സ്വീകരിച്ച വരുന്ന തുടർനടപടികൾ വിശദമാക്കുമോ;

(ബി സബ്ഗ്രൂപ്പ് ആഫീസർ, കഴകം എന്നീ തസ്തികകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലവിൽ ഉള്ള ഒഴിവുകളുടെ എണ്ണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ ദേവസ്വം ബോർഡുകളിലെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് ബോർഡ് ഊർജ്ജിത ശ്രമം നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ സ്വീകരിക്കുന്നതുമുതൽ നിയമന ശിപാർശ വരെയുള്ള എല്ലാ പ്രവൃത്തികളും സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ത്വരിതഗതിയിൽ നടത്തുന്നതിനായി "ദേവജാലിക" എന്ന ഓൺലൈൻ റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കിന്റെ (CDAC) സഹായത്തോടെ വികസിപ്പിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് പട്ടിക തയ്യാറാക്കി അതിൽനിന്നും 140 പേരെയും ആനശേവുകം തസ്തികയിലേയ്ക്ക് പ്രാക്ടിക്കൽ പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി 14 പേരെയും സംവരണക്രമം പാലിച്ച് നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഓവർസീയർ ഗ്രേഡ്-3 (സിവിൽ) എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും യഥാക്രമം 25-2-2018, 4-3-2018 എന്നീ തീയതികളിൽ OMR പരീക്ഷ നടത്തുകയും ചെയ്തു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ്-4 തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 14-2-2018-ൽ പുറപ്പെടുവിച്ചു. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 17-3-2018 ആണ്. കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി, കഴകം, വിവിധ ക്ഷേത്ര വാദ്യക്കാർ അടക്കം 9 തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനങ്ങൾ ഉടൻതന്നെ പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള 64 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. പുനർവിന്യാസം കഴിഞ്ഞതിനുശേഷം മാത്രമേ സബ് ഗ്രൂപ്പ് ഓഫീസർ കഴകം തുടങ്ങിയ ഒഴിവുകളുടെ കൃത്യമായ എണ്ണം ലഭ്യമാകുകയുള്ളൂ.

## കൊട്ടാരക്കര ഗ്രൂപ്പിനുകീഴിൽ സ്വയംപര്യാപ്തതയില്ലുള്ള ക്ഷേത്രങ്ങൾ

256 (3698) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിനുകീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട്;

(ബി) അവയിൽ സ്വയംപര്യാപ്തതയില്ലുള്ള എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വരുമാനത്തിൽ മുൻനിരയില്ലുള്ള ആദ്യ അഞ്ച് ക്ഷേത്രങ്ങൾ ഏതൊക്കെയെന്നും അവയുടെ വാർഷിക വരുമാനം എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിനുകീഴിൽ 75 ക്ഷേത്രങ്ങൾ ഉണ്ട്.

(ബി) പി.ഡി. മണികണ്ഠേശ്വരം ദേവസ്വം, പട്ടാഴി ദേവസ്വം എന്നിവയാണ് സ്വയംപര്യാപ്തതയില്ലുള്ള ക്ഷേത്രങ്ങൾ.

(സി) വരുമാനത്തിൽ മുൻനിരയില്ലുള്ള ആദ്യ അഞ്ച് ക്ഷേത്രങ്ങൾ ഇവയാണ്.

| ക്ഷേത്രങ്ങൾ | | വരുമാനം |
|---|---|---|
| കുലശേഖല നല്ലൂർ<br>(കൊട്ടാരക്കര ഗണപതി ക്ഷേത്രം) | - | 5,65,41,364/- |
| പടിഞ്ഞാറ്റിൻകര ശിവക്ഷേത്രം | - | 69,91,761/- |
| പട്ടാഴി ദേവി ക്ഷേത്രം | - | 1,34,34,675/- |
| അടൂർ പാർത്ഥസാരഥി ക്ഷേത്രം | - | 58,10,054/- |
| പൊലിക്കോട് ദേവി ക്ഷേത്രം | - | 68,83,994/- |

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

257 (3699) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഏതെല്ലാം ഉന്നത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നു എന്നും ആയതിന് ആസ്പദമായ സംഭവങ്ങളുടെ വിശദാംശങ്ങളും നൽകുമോ;

(ബി) പ്രസ്തുത അന്വേഷണങ്ങളുടെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ, മുൻ മെമ്പർ ശ്രീ. അജയ് തറയിൽ എന്നിവർക്കെതിരെ ഉന്നയിച്ചിട്ടുള്ള അഴിമതി ആരോപണത്തെ സംബന്ധിച്ചുള്ള ത്വരിതാന്വേഷണം (No.QV 56/2017/SIU-1, No.QV 57/2017/SIU-1) നടന്നുവരുന്നു. 2013-14 കാലയളവിൽ ശബരിമല ഉത്സവത്തോടനുബന്ധിച്ച് പാത്രങ്ങളും മറ്റ് സാധനങ്ങളും നിയമവിരുദ്ധമായി വാങ്ങിയത് സംബന്ധിച്ച് അഴിമതി ആരോപണത്തിൽ മുൻ ബോർഡ് സെക്രട്ടറി ശ്രീ. വി. എസ്. ജയകുമാറിനെതിരെ കേരള സംസ്ഥാന വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുഖാന്തരം അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനം സംബന്ധിച്ച് തിരുവാഭരണം കമ്മീഷണർ (റിട്ട.) ശ്രീമതി. എസ്. പാർവ്വതി, തിരുവല്ലം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ.ജി. ഗോപകുമാർ എന്നിവർക്കെതിരെ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിൽ കേസ്സുണ്ട്. (No. VC.09/09/SIU). കൊട്ടാരക്കര അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ ആയിരുന്ന റിട്ടയർ ചെയ്ത ശ്രീമതി ശ്രീലത, പേരൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയിരുന്ന കാലയളവിൽ ടിയാളുടെ പേരിൽ കാണപ്പെട്ട വീഴ്ചകൾ സംബന്ധിച്ച് സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 (കുഞ്ചാലുംമൂട്, തിരുവനന്തപുരം)-ന്റെ കാര്യാലയത്തിൽ അന്വേഷണം നടന്നുവരുന്നു. (No.VC.6/13/SIU-II).

## നെയ്യാറ്റിൻകരയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

258 (3700) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും അവയുടെ പേരുവിവരവും സ്ഥലവും വിശദീകരിക്കാമോ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മറ്റ് സ്ഥലങ്ങളിൽ നിന്നും വരുന്ന അയ്യപ്പ ഭക്തന്മാർക്ക് വിശ്രമിക്കുന്നതിന് ഇടത്താവള നിർമ്മാണത്തിന് ഏതെങ്കിലും ക്ഷേത്രത്തിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതു ക്ഷേത്രത്തിന്റെ നിവേദനം ആണ് ലഭിച്ചതെന്നറിയിക്കാമോ;

(സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഏറ്റവും കൂടുതൽ വരുമാനമുള്ള ക്ഷേത്രം ഏതാണെന്നും ലഭിക്കുന്ന വാർഷികവരുമാനം എത്ര എന്നും വിശദമാക്കാമോ;

(ഡി) 2018-19 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ എത്ര ക്ഷേത്രങ്ങളിൽ ആണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ; അതിന് ഓരോന്നിനും അനുവദിച്ച തുക എത്ര എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| | ദേവസ്വം | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | 2 | 3 |
| 1 | നെയ്യാറ്റിൻകര | നെയ്യാറ്റിൻകര |
| 2 | രാമേശ്വരം | രാമേശ്വരം |
| 3 | ദേവേശ്വരം | അമരവിള |
| 4 | തൃക്കണ്ണാപുരം | നടവൂർകൊല്ല |
| 5 | തിരുനാരായണപുരം | അമരവിള |
| 6 | കുട്ടപ്പന | കുട്ടപ്പന |
| 7 | രാമപഥനി | ചെമ്പരത്തിവിള |
| 8 | വീരചക്രം | ചെമ്പരത്തിവിള |
| 9 | അരങ്ങൽ | അരങ്ങൽ |
| 10 | അലത്തറയ്ക്കൽ | പിരായുംമൂട് |
| 11 | കോട്ടിയൽ | അതിയന്നൂർ |
| 12 | തിരുപുറം | തിരുപുറം |
| 13 | ഇടവൂർ | ഇടവൂർ |

| 1 | 2 | 3 |
|---|---|---|
| 14 | അരുവല്ലൂർ | കുളത്തൂർ |
| 15 | കോയിക്കൽ | കുളത്തൂർ |
| 16 | പൊഴിയൂർ | പൊഴിയൂർ |
| 17 | കാന്തള്ളൂർശാല | കടകുളം |
| 18 | നീലകണ്ഠേശ്വരം | കടകുളം |

(ബി) ലഭിച്ചിട്ടില്ല. എന്നാൽ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ശബരിമല ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേത്രമാണ്.

(സി) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം 4/2017 മുതൽ 1/2018 വരെ 86,21,841 രൂപ (എൺപത്തിയാറു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എണ്ണൂറ്റി നാല്പത്തിയൊന്ന് രൂപ) വരുമാനമുണ്ട്.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

## ശബരിമല തീർത്ഥാടകർക്കായി തൃത്തല്ലൂരിൽ ഇടത്താവളം

259 (3701) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വാടാനപ്പള്ളി പഞ്ചായത്തിലെ തൃത്തല്ലൂരിൽ ശബരിമല തീർത്ഥാടകർക്കുവേണ്ടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ ഇടത്താവളം സ്ഥാപിക്കുന്നതിനായി നൽകിയിട്ടുള്ള ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ബി) ഭരണാനുമതി ലഭിച്ചശേഷം പ്രസ്തുത ഇടത്താവളം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇടത്താവളം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ലീവ് ആന്റ് ലൈസൻസ് എഗ്രിമെന്റ് വയ്ക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് മേൽപ്പറഞ്ഞ ക്ഷേത്ര ഭരണാധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ മലബാർ ദേവസ്വം ബോർഡ് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുടിക്കോട് ശിവക്ഷേത്രം വക സ്ഥലത്ത് ശബരിമല ഇടത്താവളം

260 (3702) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതും കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതുമായ മുടിക്കോട് ശിവക്ഷേത്രം വക സ്ഥലത്ത് ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മുടിക്കോട് ശിവക്ഷേത്രം വക സ്ഥലത്ത് ശബരിമല തീർത്ഥാടകർക്കായി ഐ.ഒ.സി. മുഖേന ഇടത്താവളം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## പട്ടാമ്പിയിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള അമ്പലങ്ങൾ

261 (3703) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള അമ്പലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അമ്പലത്തിനോട് അനുബന്ധിച്ചുള്ള ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് എം.എൽ.എ. പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്താൻ സാധിക്കുമോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള അമ്പലങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3458-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## II അടിയന്തരപ്രമേയം

### ധനപ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാന നികുതി വിഹിതം സംബന്ധിച്ചുള്ള 5-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നിരസിച്ചുകൊണ്ടും വിനോദ നികുതി, പരസ്യ നികുതി എന്നിവയിൽ നിന്നുള്ള വരുമാനം നഷ്ടപ്പെട്ടുകൊണ്ടും സംസ്ഥാന സർക്കാർ അധികഭാരം അടിച്ചേൽപ്പിക്കുന്നതിനാൽ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ നേരിടുന്നതായി പറയപ്പെടുന്ന രൂക്ഷമായ ധനപ്രതിസന്ധിയെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രമേയാവതാരകർ ആരോപിക്കുന്നതുപോലെ ഗൗരവമായ ധനപ്രതിസന്ധി നിലവിലില്ല. അതിന് തെളിവായി പറയാനുള്ളത് കഴിഞ്ഞ വർഷം പ്ലാൻ ഫണ്ട് അടങ്കൽ തുക 8671 കോടി രൂപയായിരുന്നു. നടപ്പുവർഷത്തിൽ അത് 9774 കോടി രൂപയാണ്. കഴിഞ്ഞ വർഷം ഈ സമയത്ത് പ്ലാൻ സ്പെയ്സ് പ്രകാരം ഏതാണ്ട് 45 ശതമാനം തുകയാണ് ചെലവാക്കിയതെങ്കിൽ ഈ വർഷം ഈ നിമിഷംവരെ ഏതാണ്ട് 60.6 ശതമാനം തുക ചെലവാക്കിയിട്ടുണ്ട്. അപ്പോൾ എവിടെയാണ് പ്രതിസന്ധി? ബാക്കിയുള്ള ദിവസങ്ങളെക്കുറിച്ചാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവിൽ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. മാർച്ച് 31-ന് മുമ്പ് സമർപ്പിച്ച ബിൽ ഈ വർഷം നൽകിയതുപോലെ അടുത്ത വർഷവും നൽകും. ലൈഫ് പദ്ധതിയുടെ പ്രവർത്തനമാണ് പൂർത്തിയാകാതെ കിടക്കുന്ന പ്രധാനപ്പെട്ട മേഖല. ആ ഫണ്ട് ക്യാരി ഓവർ ചെയ്യുന്നതിനുള്ള അനുവാദം പ്രത്യേകം നൽകും; സ്പിൽ ഓവർ അനുവദിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എവിടെയാണ് പ്രതിസന്ധി ഉണ്ടാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വിനോദ നികുതി, പരസ്യ നികുതി എന്നിവ ലഭിക്കാത്തതുകൊണ്ടുള്ള പ്രതിസന്ധിയുടെ കാര്യത്തെക്കുറിച്ചാണ് വിമർശനം വന്നിട്ടുള്ളത്. അത് പ്ലാൻ ഫണ്ടിനെയല്ല അതിന്റെ ദൈനംദിന പ്രവർത്തനങ്ങളെയാണ് ബാധിക്കുന്നത്. സംസ്ഥാനത്താകെ ഏതാണ്ട് 130 കോടി രൂപയാണ് ഈ ഇനങ്ങളിൽ കഴിഞ്ഞ വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചത്. അതുസംബന്ധിച്ചുള്ള ഫയലിൽ പണം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ അത് കൃത്യമായി നടക്കുകയും ചെയ്യും.

ഒന്നുകിൽ മാർച്ച് മാസത്തിൽ പണം നൽകും അല്ലെങ്കിൽ ഏതെങ്കിലും പ്രകാരം നീണ്ടുപോയാൽ ഏപ്രിൽ മാസത്തിൽ ഈ പണം കൈമാറും. 9774 കോടി രൂപയുടെ കാര്യം പറയുമ്പോൾ 137 കോടി രൂപ കിട്ടാത്തതുകൊണ്ട് വലിയ പ്രതിസന്ധി ഉണ്ടായെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അവസാനമായി ഫിനാൻസ് കമ്മീഷന്റെ തീർപ്പുകൾ സംബന്ധിച്ചാണ് പറയുന്നത്. ഫിനാൻസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ അപ്പാടെ സർക്കാർ സ്വീകരിച്ചിട്ടില്ല. കേരളത്തിൽ ഇതുവരെ തുടർന്നുവന്ന സമ്പ്രദായത്തിൽ ഒരു ഭേദഗതി കൊണ്ടുവരാമെന്നല്ലാതെ കീഴ്മേൽ മറിക്കുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ സ്വീകാര്യമല്ലെന്നുള്ളതാണ് സർക്കാർ നിലപാട്. സർക്കാർ പ്രധാനമായും നിരാകരിച്ചത് യൂണിയൻ ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് അധികമായി നൽകണമെന്നുള്ള നിർദ്ദേശമാണ്, അതാണ് കുറവുവരുത്തി എന്നുപറയുന്ന പ്രധാനപ്പെട്ട കാര്യം. ജനകീയാസൂത്രണം ആരംഭിച്ച് പണം താഴെത്തട്ടിലേയ്ക്ക് വിന്യസിക്കാൻ തുടങ്ങിയത് മുതൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ വഴി, ബഡ്ജറ്റ് വഴി നൽകുന്ന എല്ലാ തുകയുടെയും സ്രോതസ്സ് എവിടെയാണെങ്കിലും ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. അങ്ങനെ ഡെവലപ്മെന്റ് ഫണ്ടിൽ നൽകുന്നതിന് സംസ്ഥാന സർക്കാരിന് ബുദ്ധിമുട്ട് വന്നപ്പോഴാണ് വേൾഡ് ബാങ്കിൽനിന്ന് വായ്പയെടുത്ത് അതിനൊരു ഭാഗം കണ്ടെത്തിയത്. അപ്പോഴും ആ തുക ഡെവലപ്മെന്റ് ഫണ്ടിന്റെ ഭാഗമാണ്. പ്ലാൻ ഫണ്ടിന്റെ ഭാഗമായല്ലേ നൽകുന്നത്? യൂണിയൻ ഫിനാൻസ് ഗ്രാന്റും വേൾഡ് ബാങ്കിന്റെ ഗ്രാന്റും പ്ലാൻ റിസോഴ്സിൽ ഉൾപ്പെട്ടതാണ്. അതുകൊണ്ട് സ്വാഭാവികമായും പ്ലാൻ ഫണ്ടിന്റെ നിശ്ചിത ശതമാനം തുക (ഈ വർഷം 24.5 ശതമാനം) എന്നുപറഞ്ഞ് കൊടുക്കുമ്പോൾ അതിൽ ഇതും ഉൾപ്പെടുത്തുന്നതാണ് ന്യായം. അല്ലാത്തപക്ഷം പ്രതിസന്ധിയിലാകുന്നത് സംസ്ഥാന പ്ലാൻ ഫണ്ടാണ്. നമുക്ക് സംസ്ഥാന പ്ലാൻ ഫണ്ടും തദ്ദേശ സ്വയംഭരണ പ്ലാൻ ഫണ്ടും വേണം. സംസ്ഥാന പ്ലാൻ ഫണ്ടിൽ ഈ വർഷം 30,000 കോടി രൂപയുടെ അടങ്കലാണുള്ളത്. ഇവിടെ പറഞ്ഞതുപോലെ 10,000 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേത് സംസ്ഥാനത്തിന് തീരുമാനിക്കാൻ കഴിയുന്നതല്ല. അത് 20,000 കോടി രൂപയായി. ഇലക്ട്രിസിറ്റി ബോർഡിനും External Aided Project-നും CSS-ന്റെ വിഹിതം മാറ്റണ്ടേ? ഇതെല്ലാം കഴിയുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ഫ്രീ പ്ലാൻ ഔട്ട്ലേ 12,000-15,000 കോടി രൂപയാണ്. ഈ പശ്ചാത്തലത്തിൽ യൂണിയൻ ഫിനാൻസ് ഗ്രാന്റ് അധികമായി നൽകിയാൽ സംസ്ഥാനത്തിന്റെ പ്ലാനിംഗ് അസന്തുലിതാവസ്ഥയിൽ വരും. കേരളത്തിൽ ജനകീയാസൂത്രണത്തിന്റെ കാലം മുതൽ തുടർന്നുവന്ന അതേ കീഴ്വഴക്കം തുടരാൻ തീരുമാനിച്ചു. അങ്ങനെ വന്നതുകൊണ്ട് ഒരു അപാകതയും ഉണ്ടായിട്ടില്ല. പ്ലാൻ

ഔട്ട്ലേ കൂടിയിട്ടേയുള്ളു. കുറഞ്ഞിട്ടില്ല. ഈ വർഷത്തെ പ്ലാൻ ഫണ്ട് 10,770 കോടി രൂപയാണ്. ഇത്തരത്തിൽ പ്രമേയാവതാരകർ പറയുന്നതുപോലുള്ള ധനപ്രതിസന്ധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇല്ലാത്ത സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം എത്ര കൗശലത്തോടുകൂടിയാണ് അട്ടിമറിക്കപ്പെട്ടിരിക്കുന്നത് എന്നതിന്റെ ചില ഉദാഹരണങ്ങളാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 280 അനുസരിച്ചാണ് കേന്ദ്ര ധനകാര്യ കമ്മീഷനും 243(i) അനുസരിച്ചാണ് സംസ്ഥാന ധനകാര്യ കമ്മീഷനും രൂപീകരിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നികുതി വിഹിതത്തിന്റെ ഒരു ഭാഗവും ഗ്രാന്റുകളും സംസ്ഥാന സർക്കാരുകൾക്ക് വരുന്ന 5 വർഷത്തേയ്ക്ക് കൊടുക്കുന്നതുപോലെ തന്നെ സംസ്ഥാന ധനകാര്യ കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ നികുതി വിഹിതത്തിന്റെ ഒരു ഭാഗവും ഗ്രാന്റുകളും പ്രാദേശിക സർക്കാരുകൾക്ക് 5 വർഷത്തേയ്ക്ക് വീതംവച്ച് കൊടുക്കുന്ന ജോലിയാണ് ചെയ്യുന്നത്. അതിനർത്ഥം കേന്ദ്ര ധനകാര്യ കമ്മീഷനും സംസ്ഥാന ധനകാര്യ കമ്മീഷനും ഭരണ ഘടനാപരമായി തുല്യ സ്റ്റാറ്റസ് ആണുള്ളതെന്നാണ്. യൂണിയൻ ഫിനാൻസ് കമ്മീഷൻ റിപ്പോർട്ട് പ്രസിഡന്റിന് സമർപ്പിക്കുകയും സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ റിപ്പോർട്ട് ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. അവിടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് പാർലമെന്റിൽ വയ്ക്കുന്നു; ഇവിടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നു. കമ്മീഷൻ റിപ്പോർട്ടിന്റെ ഫസ്റ്റ് പാർട്ട് 2015 ഡിസംബർ മാസത്തിലും സെക്കന്റ് പാർട്ട് 2016 മാർച്ച് മാസത്തിലും ഗവൺമെന്റിന് നൽകി. 2016 മാർച്ച് മാസത്തിൽ പൂർണ്ണമായ കമ്മീഷന്റെ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെയുള്ള 5 വർഷക്കാലം നടപ്പിലാക്കേണ്ട ശിപാർശകളാണ് സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ സമർപ്പിച്ചത്. ഈ ഗവൺമെന്റ് രണ്ട് വർഷക്കാലം ഇത് വൈകിപ്പിച്ചു. രണ്ട് വർഷക്കാലം സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സർക്കാർ അടയിരുന്നു. അതിനുശേഷം 3 ബഡ്ജറ്റുകൾ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്ത് അവതരിപ്പിച്ചു. അതുകഴിഞ്ഞ് ഫെബ്രുവരി 7-ാം തീയതി നിയമസഭാ സമ്മേളനം അവസാനിക്കുന്ന ദിവസമാണ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ചത്. രണ്ട് വർഷത്തെ കാലതാമസംകൊണ്ട് സംസ്ഥാനത്തെ 1200 പ്രാദേശിക സർക്കാരുകൾക്ക് സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശിപാർശ അനുസരിച്ച് ലഭിക്കേണ്ട നികുതി വിഹിതവും മറ്റ് ഗ്രാന്റുകളും 2016-17, 2017-18, 2018-19 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചിട്ടില്ല. 2016-17-ൽ കമ്മീഷൻ ശിപാർശ ചെയ്തതിനേക്കാൾ 10 ശതമാനവും 2017-18-ൽ

14 ശതമാനവും 2018-19-ൽ (കറണ്ട് ഇയറിൽ) 19 ശതമാനവും കുറവാണ് നൽകിയത്. സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യണം അല്ലെങ്കിൽ അത് ഭരണഘടനാ ലംഘനവും നിയമ ലംഘനവുമാണ് എന്നാണ് ഞാൻ മനസ്സിലാക്കിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രതിപക്ഷത്തിരുന്നപ്പോൾ 'ചിന്ത'യിൽ എഴുതിയ കവർ സ്റ്റോറി ലേഖനം വായിച്ചപ്പോൾ, അന്നത്തെ ധനകാര്യ കമ്മീഷന്റെ ശിപാർശകൾ യു.ഡി.എഫ്. സർക്കാർ അനുസരിക്കുന്നില്ല, 30 ശതമാനത്തിൽ താഴെ പ്ലാൻ ഫണ്ട് കൊടുക്കുന്നില്ല തുടങ്ങിയ കാര്യങ്ങൾ കവർ സ്റ്റോറി ലേഖനത്തിലുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സംസ്ഥാന സർക്കാർ അനുസരിച്ചില്ലെങ്കിൽ അത് ഭരണഘടനാ ലംഘനവും നിയമ ലംഘനവുമാണെന്ന് എന്നെ പഠിപ്പിച്ചത് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്കാണ്. ഈ കമ്മീഷൻ റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിശോധിച്ചാൽ കൃത്യമായ ഭരണഘടനാ ലംഘനവും നിയമ ലംഘനവും അന്ന് ഇതുപറഞ്ഞ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തിരിക്കുകയാണ്. ഇതിനകത്ത് നികുതി വിഹിതം കൊടുക്കുന്നത് സംബന്ധിച്ച ഡെവലൂഷൻ പാർട്ടുണ്ട്. സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശിപാർശകൾ പൂർണ്ണമായി നിരാകരിച്ചിരിക്കുകയാണ്. 2016-17-ൽ സംസ്ഥാന സർക്കാരിന്റെ തനതു നികുതി വരുമാനത്തിന്റെ (State own tax revenue) 19 ശതമാനം കൊടുക്കണം. തുടർന്ന് ഓരോ വർഷങ്ങളിലും ഒരു ശതമാനം വീതം അധികം കൊടുത്ത് 2020-21 ആകുമ്പോൾ 24 ശതമാനം ആകണമെന്നായിരുന്നു ശിപാർശ. കമ്മീഷന്റെ ശിപാർശ പൂർണ്ണമായും ഈ സർക്കാർ നിരാകരിച്ചു. അതുപോലെ യൂണിയൻ ഫിനാൻസ് കമ്മീഷന്റെ മാതൃകയിൽ അതാതു വർഷം തനതു നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് വിഹിതം നിശ്ചയിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തു. ആ അഭിപ്രായവും പൂർണ്ണമായും നിരാകരിച്ചു. ഈ വർഷത്തെ നികുതി വിഹിതം എത്രയാണെന്ന് കണ്ടെത്താൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. പ്രൊജക്ഷന്റെ അടിസ്ഥാനത്തിലാണ് യൂണിയൻ ഫിനാൻസ് കമ്മീഷൻ ചെയ്യുന്നത്. ഇവിടെ സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ ടാക്സിന്റെ പ്രൊജക്ഷൻ സ്റ്റേറ്റ്മെന്റെടുത്ത് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ധനകാര്യ വകുപ്പ് പ്രൊജക്ഷൻ സ്റ്റേറ്റ്മെന്റെടുത്ത് കൊടുത്തിട്ടുണ്ട്. അപ്പോൾ ഈ വർഷത്തെ തനതു നികുതി വരുമാനത്തിന്റെ പ്രൊജക്ഷൻ മനസ്സിലാക്കി അതനുസരിച്ച് ഈ വർഷം പ്രാദേശിക സർക്കാരുകൾക്ക് കൊടുക്കുന്നതിന് പകരം രണ്ട് വർഷക്കാലം മുമ്പുള്ള ആ വർഷങ്ങളിലെ തനതുനികുതി വരുമാനത്തിന്റെ ശതമാനമെടുത്തിട്ടാണ് ഇപ്പോൾ സർക്കാർ നൽകാൻ തീരുമാനിച്ചിരിക്കുന്നത്. അതുപോലെതന്നെ

വാർഷിക പദ്ധതിക്ക് സംസ്ഥാന നികുതി വരുമാനത്തിന്റെ 11 മുതൽ 14.5 ശതമാനം വരെ നൽകണമെന്നുള്ള ശിപാർശ നിരസിച്ചു. നിലവിലുള്ളതുപോലെ സംസ്ഥാന പദ്ധതിയുടെ ഒരു വിഹിതം മാത്രം നൽകിയാൽ മതിയെന്നുള്ള തീരുമാനത്തിലേയ്ക്ക് സർക്കാർ പോയി. അതിന്റെ ന്യായങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. പക്ഷെ സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി ഫണ്ടിൽ യൂണിയൻ ഫിനാൻസ് കമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക് നൽകുന്ന ഗ്രാന്റ് ഉൾപ്പെടുത്താൻ പാടില്ല. അത് പ്രത്യേകമായി അവർക്ക് കൊടുക്കണമെന്ന് കമ്മീഷന്റെ ശിപാർശയുണ്ട്. ആ ശിപാർശയെ പൂർണ്ണമായി ഗവൺമെന്റ് അവഗണിച്ചു. അഞ്ച് വർഷക്കാലം ഓരോ പ്രാദേശിക സർക്കാരിനും ഓരോ വർഷവും ലഭിക്കേണ്ടതായ തുക മുൻകൂട്ടി അറിയിക്കണമെന്നുള്ള കമ്മീഷന്റെ ശിപാർശ സ്വീകരിച്ചില്ല. മൂന്നാം ധനകാര്യ കമ്മീഷൻ, ഇതനുസരിച്ച് ഓരോ പ്രാദേശിക സർക്കാരിനും ഓരോ വർഷവും കമ്മീഷൻ ശിപാർശ അനുസരിച്ച് കിട്ടേണ്ട തുക മുൻകൂട്ടി അറിയിക്കും. കിട്ടാൻ സാധ്യതയുള്ള തുക മുൻകൂട്ടി അറിഞ്ഞാൽ മാത്രമല്ലേ ആസൂത്രണം നടത്താൻ കഴിയുകയുള്ളൂ. പ്ലാനിംഗ് എന്നുപറയുന്നത് അതല്ലേ! മറ്റൊരു പ്രധാനപ്പെട്ട ശിപാർശ നിരസിച്ചത്, പ്രാദേശിക സർക്കാരുകൾക്ക് മെയിന്റനൻസ് ഫണ്ട് കൊടുക്കുന്നുണ്ട്, ലോക്കൽ ബോഡികളുടെ ആസ്തിയെന്നുപറയുന്നത് റോഡുകളുടെയും നോൺ റോഡുകളുടേതുമാണ്. ആസ്തികളുടെ അടിസ്ഥാനത്തിൽ വേണം മെയിന്റനൻസ് ഫണ്ട് കൊടുക്കേണ്ടതെന്ന് പറഞ്ഞു. അതെന്ത് അടിസ്ഥാനത്തിലാണ് നിരാകരിച്ചത്? ഊഹക്കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കൊടുക്കുന്നത്. ഓരോ പഞ്ചായത്തിലും ഓരോ മുനിസിപ്പാലിറ്റിയിലും ഓരോ കോർപ്പറേഷനിലും ആസ്തിയുടെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഫണ്ട് കൊടുക്കേണ്ടത്. ചില പഞ്ചായത്തുകളിൽ നൂറ് റോഡുകളുണ്ടാകും. ചില പഞ്ചായത്തിൽ ഇരുന്നൂറായിരിക്കും. ചില പഞ്ചായത്തിൽ അമ്പത് റോഡുകളായിരിക്കും. ഊഹക്കണക്കിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടേണ്ട ഒന്നാണോ മെയിന്റനൻസ് ഫണ്ട്? ആസ്തി രജിസ്റ്റർ നവീകരിച്ച് ഈ കമ്മീഷൻ റിപ്പോർട്ടിന്റെ അപ്പൻഡിക്സിൽത്തന്നെ ആസ്തിയെ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങളുണ്ട്. ആ ആസ്തിയെ അടിസ്ഥാനമാക്കി മെയിന്റനൻസ് ഫണ്ട് കൊടുത്തില്ലെങ്കിൽ നീതിപൂർവ്വമായ വിതരണമാകില്ല. അത് വളരെ നല്ല ശിപാർശയാണ്. ആ ശിപാർശയും ഗവൺമെന്റ് സ്വീകരിച്ചില്ല. എനിക്ക് ഏറ്റവും അത്ഭുതം തോന്നിയ മറ്റൊരു കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ 12 ഗഡുക്കളായി നൽകണമെന്നുള്ള കമ്മീഷൻ ശിപാർശ പൂർണ്ണമായി അവഗണിക്കപ്പെട്ടുവെന്നതാണ്. ഈ ശിപാർശ നൽകിയത് ആരാണ്? കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ മുന്നിൽ സി.പി.ഐ.(എം)-നുവേണ്ടി സംസാരിക്കാൻ പോയത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുവേണ്ടി സംസാരിക്കാൻ പോയത് ഞാനുമാണ്. ഞാനിരിക്കുമ്പോഴാണ് ഇന്നത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 12 ഗഡുക്കളായി ഇത് നൽകണമെന്ന് വളരെ വീറോടുകൂടി വാദിച്ചത്. അതായത് ഓരോ വർഷവും സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് കൊടുക്കുന്ന തുക 12 ഗഡുക്കളായി കൊടുക്കണം. ഞാൻ ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ പഠിച്ചത് അദ്ദേഹത്തിന്റെ അവതരണം കൂടി കേട്ടിട്ടാണെന്ന് നന്ദിപൂർവ്വം പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സി.പി.ഐ.(എം)-നുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് കമ്മീഷന്റെ മുമ്പാകെ വീറോടുകൂടി ഉന്നയിച്ച ആവശ്യം കമ്മീഷൻ അംഗീകരിച്ചു. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ കമ്മീഷൻ റിപ്പോർട്ടുവന്നു. പാർട്ടിക്കുവേണ്ടി ആവശ്യപ്പെട്ട ആ കാര്യം അദ്ദേഹംതന്നെ നിരസിച്ചിരിക്കുന്ന വിചിത്രമായ കാഴ്ചയാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ കാണുന്നത്. അങ്ങുതന്നെ പറഞ്ഞിട്ട് കമ്മീഷൻ അംഗീകരിച്ച ഒരു കാര്യം അങ്ങുതന്നെ പൂർണ്ണമായി നിരാകരിച്ചിരിക്കുന്ന അത്ഭുതമാണിവിടെ നടക്കുന്നത്.

അതുപോലെ നഗരസഭകളുടെ പെൻഷൻ വിതരണം താളംതെറ്റി കിടക്കുകയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കറിയാം. അതിനൊരു ആൾട്ടർനേറ്റീവ് മെക്കാനിസം കമ്മീഷൻ കൊടുത്തു. അതൊന്ന് പരിഗണിച്ചതു പോലുമില്ല എന്നത് വളരെ ദൗർഭാഗ്യകരമാണ്. On flimsy grounds almost all the recommendations were rejected. അതാണ് നടന്നത്. എന്നാൽ കുറേ കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കുറെ പുതിയ നികുതി നിർദ്ദേശങ്ങൾ കമ്മീഷൻ കൊടുത്തിട്ടുണ്ട്. അതെല്ലാം 90 ശതമാനവും സ്വീകരിച്ചു. ഇങ്ങോട്ട് നികുതി കിട്ടേണ്ട കാര്യങ്ങൾ 90 ശതമാനവും സ്വീകരിച്ചു. കമ്മീഷൻ പ്രാദേശിക സർക്കാരുകളോട് ലീനിയെൻസി കാണിക്കണം. യൂണിയൻ ഫിനാൻസ് കമ്മീഷൻ ഇത്തരം തീരുമാനങ്ങളെടുത്തിട്ട് കേന്ദ്ര ഗവൺമെന്റ് അത് നിഷേധിച്ചാൽ ഏറ്റവും ശക്തിയായി അതിനെ വിമർശിക്കുന്നതിന്റെ മുമ്പന്തിയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിൽക്കില്ലേ; ഞങ്ങളെല്ലാം കൂടെ നിൽക്കും. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളെ കാറ്റിൽപ്പറത്തിക്കൊണ്ട് അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഒരു ധനപ്രതിസന്ധിയുമില്ല എന്ന് അങ്ങ് പറഞ്ഞു. യഥാർത്ഥത്തിൽ ഇവിടെ

വികേന്ദ്രീകരണമാണോ കേന്ദ്രീകരണമാണോ നടക്കുന്നത്? അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുമെന്ന് ഇവിടെ പ്രഖ്യാപിച്ചു. അതുകേട്ട് ഞങ്ങളടക്കം കയ്യടിച്ചു. എന്നിട്ട് അധികമായി വർദ്ധിപ്പിച്ച വേതനത്തിന്റെ 50 ശതമാനം പഞ്ചായത്തുകളോടും മുനിസിപ്പാലിറ്റികളോടും കൊടുക്കാൻ പറഞ്ഞു. ഒരാൾക്ക് 1,000 രൂപ വച്ച് കൊടുക്കണം. 25 അങ്കണവാടികളുണ്ടെങ്കിൽ 50 പേർക്ക് 1,000 രൂപ വച്ച് 50,000 രൂപ മാസം അഡീഷണലായി പഞ്ചായത്തുകൾ കൊടുക്കണം. നിങ്ങൾ പകുതി പ്രഖ്യാപിച്ചാൽ മതിയായിരുന്നല്ലോ; എന്തിനാണ് കൂടുതൽ പ്രഖ്യാപിച്ചത്; നിങ്ങൾക്ക് കൊടുക്കാൻ കഴിയുന്നത് പ്രഖ്യാപിച്ചാൽ പോരെ? നിങ്ങൾ പ്രഖ്യാപിക്കുകയും കയ്യടി വാങ്ങുകയും ചെയ്തിട്ട് അതിന്റെ പകുതി പഞ്ചായത്തിനോടും മുനിസിപ്പാലിറ്റിയോടും കൊടുക്കാൻ പറയുന്നത് എന്തുതരത്തിലുള്ള വികേന്ദ്രീകരണമാണ്. അത് മര്യാദയാണോ? അതുപോലെ എസ്.എസ്.എ.-യുടെ വിഹിതത്തിന്റെ ശതമാനം, പഞ്ചായത്തിന്റെ വിഹിതം വർദ്ധിപ്പിച്ചു. പല മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പ്രധാന വരുമാന സ്രോതസ്സാണ് വിനോദ നികുതി. അങ്ങ് ജി.എസ്.ടി. അവതരിപ്പിച്ചപ്പോൾ പറഞ്ഞതെന്താണ്? ഞങ്ങൾ വിനോദ നികുതിയിൽനിന്നുള്ള വരുമാനം ഉടനെ കൊടുക്കുമെന്നാണ്. എട്ട് മാസമായിട്ട് ഇതുവരെ കൊടുത്തോ? എട്ട് മാസമായി വിനോദ നികുതിയിൽനിന്നുള്ള വരുമാനം സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾക്ക് കൊടുത്തിട്ടില്ല. അവർക്ക് സ്ഥിരമായി കിട്ടിക്കൊണ്ടിരുന്ന വരുമാനമാണിത്. ആ വരുമാനം അവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല. പരസ്യ നികുതിയുടെ വരുമാനം പൂർണ്ണമായും ഇല്ലാതായി എന്നുമാത്രമല്ല ഒരു വർഷത്തേയ്ക്ക് കുത്തകയായിട്ടാണ് പരസ്യ നികുതി കൊടുക്കുന്നത്. അവരുടെ കയ്യിൽനിന്ന് പണം വാങ്ങി ആറ് മാസം കഴിഞ്ഞപ്പോൾ ജൂലൈ മാസം ഒന്നാം തീയതി, ഇനി പരസ്യ നികുതി നിങ്ങൾ വാങ്ങാൻ പാടില്ലെന്ന് പറയുകയാണ്. ഇപ്പോൾ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ചെയ്യുന്നതെന്താണ്, ഒരു വർഷത്തേയ്ക്ക് വാങ്ങിയ മുൻകൂർ നികുതിയിൽനിന്ന് ആറ് മാസത്തെ നികുതി തിരിച്ചുകൊടുക്കേണ്ട ബാധ്യതയിലേയ്ക്ക് പ്രാദേശിക സർക്കാരുകൾ എത്തിയിരിക്കുകയാണ്. എന്നിട്ട് ഒന്നുമില്ല എന്നാണ് പറയുന്നത്. അർബൻ പി.എം.എ.വൈ. പദ്ധതി മൂന്ന് ലക്ഷം രൂപയായിരുന്നു. സർക്കാർ അത് നാല് ലക്ഷം രൂപയാക്കി. മൂന്ന് ലക്ഷം രൂപ നാല് ലക്ഷം രൂപയാക്കിയപ്പോൾ ഗംഭീര കയ്യടി കിട്ടി. ഞങ്ങളെല്ലാവരും കയ്യടിച്ചു. എന്നിട്ട് പറഞ്ഞു, ബെനഫിഷറി ഫണ്ടുണ്ട്, ഉപഭോക്തൃ വിഹിതമായ അമ്പതിനായിരം രൂപ ഇനി ഗുണഭോക്താവ് കൊടുക്കണ്ട. അപ്പോൾ രണ്ടര ലക്ഷം രൂപയിൽ നിന്ന് നാല് ലക്ഷം രൂപയാക്കി. ആ ഒന്നര ലക്ഷം രൂപയിൽ സർക്കാർ അഞ്ച് പൈസ കൊടുക്കുന്നുണ്ടോ? എന്നിട്ട്

വർദ്ധിപ്പിച്ച ഒന്നര ലക്ഷം രൂപ നിങ്ങൾ കൊടുക്കണമെന്നാണ് സർക്കാർ മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനുകളോടും പറഞ്ഞിരിക്കുന്നത്. അവരുടെ വിഹിതം നേരത്തെ അമ്പതിനായിരം രൂപയായിരുന്നു. അതിപ്പോൾ രണ്ട് ലക്ഷം രൂപയായി. സർക്കാരിന്റെ വിഹിതമായ അമ്പതിനായിരത്തിൽനിന്ന് ഒരു രൂപപോലും കൂട്ടിയില്ല. ആരെ കബളിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പ്രഖ്യാപനങ്ങൾ നടത്തുന്നത്? വലിയ വലിയ പ്രഖ്യാപനങ്ങൾ നടത്തി അതിന്റെ സാമ്പത്തിക ഭാരം മുഴുവൻ പ്രാദേശിക സർക്കാരുകളുടെ തലയിൽ കെട്ടിവയ്ക്കുന്ന പദ്ധതിയാണ്. ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി പൂർത്തിയാകാതെ കിടക്കുന്ന വീടുകളെല്ലാം പണിയണമെന്ന് മുനിസിപ്പാലിറ്റികളോട് പറഞ്ഞു. പൂർത്തിയാകാതെ കിടക്കുന്ന വീടുകളെല്ലാം പണിയാൻ നഗര സഭകൾ പണം കൊടുത്തു. നഗരസഭകൾക്ക് നിങ്ങൾ ആ പണം തിരിച്ചുകൊടുത്തോ; നിങ്ങളുടെ പദ്ധതിയാണ് ലൈഫ്. ആ പണി പൂർത്തിയാക്കാൻ സർക്കാരിന്റെ ഉത്തരവനുസരിച്ച് പണം പ്രാദേശിക സർക്കാരുകൾ കൊടുത്തിട്ട് ആ പണം ഇതുവരെ കൊടുത്തിട്ടില്ല. പെൻഷൻ ഫണ്ട് എത്ര കൊടുക്കാനുണ്ട്. എന്റെ മുനിസിപ്പാലിറ്റിയിൽ മൂന്ന് കോടിയിലധികം രൂപ സർക്കാർ കൊടുക്കേണ്ട പൈസ കെട്ടിക്കിടക്കുകയാണ്. മൂന്ന് കോടിയിലധികം രൂപ കിട്ടാതെ എങ്ങനെയാണ് മുനിസിപ്പാലിറ്റികളും പ്രാദേശിക സർക്കാരുകളും പ്രവർത്തിക്കുന്നത്? ഒരു കുഴപ്പവുമില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയാണ്. പ്രാദേശിക സർക്കാരുകളുടെ കഴുത്ത് ഞെരിച്ച് കൊല്ലുന്നൊരു നടപടിയാണിത്. അധികാര വികേന്ദ്രീകരണത്തെ കാറ്റിൽപ്പറത്തി അധികാര കേന്ദ്രീകരണം നടപ്പിലാക്കുന്ന, സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശിപാർശകൾ പൂർണ്ണമായി റിജക്ട് ചെയ്തുകൊണ്ട് നടപ്പാക്കുന്ന, സമയക്കുറവുമൂലം അങ്ങയുടെ ലേഖനത്തിന്റെ ഭാഗമൊന്നും ഞാൻ വായിക്കുന്നില്ല. ധാരാളം കാര്യങ്ങൾ അങ്ങ് അതിൽ പറഞ്ഞിട്ടുണ്ട്. ആ ലേഖനത്തിൽ എന്താണോ അങ്ങ് പറഞ്ഞിട്ടുള്ളത് അതിനുനേരെ വിപരീതമായ കാര്യമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഗൗരവതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശന് സെലക്ടീവ് മെമ്മറിയാണ്. ഞാൻ പറഞ്ഞ ചില കാര്യങ്ങൾ വളരെ കൃത്യമായി അദ്ദേഹം ഓർത്തെങ്കിലും അദ്ദേഹമടക്കമുള്ളവർ അംഗീകരിച്ച് ചെയ്ത പല കാര്യങ്ങളും സൗകര്യപൂർവ്വം വിട്ടുകളഞ്ഞു. ഉദാഹരണത്തിന് അങ്കണവാടി ജീവനക്കാരുടെ വേതന വർദ്ധനവിനെക്കുറിച്ച് പറഞ്ഞതെടുക്കാം. ഡോ. എം. കെ. മുനീർ മന്ത്രിയായിരിക്കുമ്പോഴാണ് അവരുടെ

വേതനത്തിൽ വർദ്ധനവ് വരുത്തിയത്. അതിന്റെ ഉത്തരവ് വന്നത് മുഴുവൻ വർദ്ധനവും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം എന്നുപറഞ്ഞാണ്. അങ്ങനെയല്ലെങ്കിൽ അങ്ങ് പറയണം. ഈ സർക്കാർ എന്താണ് ചെയ്തത്? പകുതി സർക്കാർ വഹിച്ചുകൊള്ളാം, പകുതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ചാൽ മതിയെന്ന് പറഞ്ഞു. മുഴുവൻ വഹിക്കണമെന്ന അഭിപ്രായമുള്ളവരുമുണ്ട്. പക്ഷെ നിങ്ങളിൽ നിന്ന് പുറകോട്ടല്ല മറിച്ച് മുന്നോട്ടാണ് പോയത്. ഇതാണ് സെലക്ടീവ് മെമ്മറി എന്നുപറയുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ 12 ഗഡുക്കളായി കൊടുത്തുകൊണ്ടിരുന്നത് നിർത്തലാക്കിയത് ആരാണ്? ആ കീഴ്വഴക്കമെല്ലാം നിങ്ങൾ ഭരിച്ചുകൊണ്ടിരുന്ന കാലത്തല്ലേ മാറ്റിയത്. എന്നാൽ ഇപ്പോൾ എന്തുകൊണ്ടാണ് തിരിച്ച് അതുപോലെ പോകാത്തത്? അത്തരത്തിൽ ഗഡുക്കൾ ഓരോ മാസവും നൽകി ടി.എസ്.ബി. അക്കൗണ്ടിലിടാൻ പറ്റില്ല. അങ്ങനെ ചെയ്തതിന്റെ ഫലമായാണ് സംസ്ഥാന ഖജനാവ് ഏതാണ്ട് മൂന്ന് മാസക്കാലം സ്തംഭനത്തിലെത്തിച്ചേർന്നത്. നമ്മുടെ പബ്ലിക് അക്കൗണ്ടിൽ പരിധിവിട്ട് പണം വർദ്ധിച്ചാൽ അത് അനധികൃത വായ്പയായി കരുതി നമ്മുടെ വായ്പാ അവകാശത്തെ തടയിടുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുകയാണ്. അപ്പോൾ എങ്ങനെയാണ് ചെലവാക്കിയാലും ഇല്ലെങ്കിലും മാസാമാസം പണം കൊടുത്തശേഷം ട്രഷറിയിലെ അക്കൗണ്ടിലിടണമെന്ന് പറയാൻ സാധിക്കുന്നത്? ഈ മാറിയ സാഹചര്യത്തിൽ മറ്റേതാണ് അഭികാമ്യമെങ്കിലും തിരിച്ചുപോകാൻ പറ്റാത്ത അവസ്ഥ വന്നിരിക്കുകയാണ്.

പാർപ്പിടത്തിന്റെ കാര്യമെടുക്കാം, സർക്കാർ ഒരു പൈസ കൂടുതൽ കൊടുക്കുന്നുണ്ടോ? നടപ്പാക്കാൻ പോകുന്ന ബഡ്ജറ്റിൽ 2500 കോടി രൂപയാണ് ഇതിനുവേണ്ടി മാത്രം പ്ലാനിൽ നീക്കിവച്ചിട്ടുള്ളത്. പ്ലാനിലെ ഏറ്റവും വലിയ ചെലവ് ഇതാണ്. തങ്ങളുടെ ഫണ്ട് കഴിഞ്ഞ് പണം തികയുന്നില്ലെങ്കിൽ സർക്കാർ ഗ്യാരണ്ടിയിൽ സർക്കാർ പലിശ നൽകി അവരെ വായ്പയെടുക്കാൻ സഹായിക്കും. വായ്പ ലഭിക്കാൻ മുമ്പത്തെപ്പോലെ ഓരോരുത്തരും നെഗോഷ്യേറ്റ് ചെയ്യേണ്ടതില്ല. പ്രമേയം പാസ്സാക്കിയാൽ സർക്കാർ തന്നെ വായ്പ എടുത്ത് തരുമെന്നാണ് പറയുന്നത്. വീട് നൽകുക എന്നുള്ളത് ഏത് തദ്ദേശഭരണ സ്ഥാപനത്തിനും സംസ്ഥാന സർക്കാരിനെപ്പോലെ താല്പര്യമുള്ള കാര്യമല്ലേ; അപ്പോൾ ഇത്തരം കാര്യങ്ങളെ ആ രീതിയിലല്ല വീക്ഷിക്കേണ്ടത് എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യത്തിൽ ശരിയായിട്ടുള്ള ഒരു വശമുണ്ട്. ഫിനാൻസ് കമ്മീഷന്റെ ഡെവലൂഷൻ സംബന്ധിച്ച തീർപ്പുകളിൽ സർക്കാർ

ഭേദഗതി വരുത്തി എന്നുള്ളത്. ഫിനാൻസ് കമ്മീഷന്റെ പ്രാധാന്യത്തെക്കുറിച്ചൊന്നും ഒരു തർക്കവുമില്ല. പക്ഷെ അവർ വയ്ക്കുന്ന ഏത് നിർദ്ദേശവും അതേപടി സ്വീകരിച്ചുകൊള്ളണം എന്നതല്ല നിയമം. കാരണം ഇതിങ്ങനെ നിരാകരിക്കേണ്ടതുണ്ടോ അതോ വേറൊരു രീതിയിലേയ്ക്ക് ഭേദഗതി ചെയ്യേണ്ടതുണ്ടോ എന്നുള്ളതിനെക്കുറിച്ച് ഗൗരവമായ ചർച്ച വേണ്ടിവന്നതുകൊണ്ടാണ് സർക്കാർ അൽപ്പസമയം കൂടുതലെടുത്തത്. അതുപോലെ അങ്ങ് പണ്ട് ഞാൻ എഴുതിയ ലേഖനം മാത്രം വായിച്ചാൽപ്പോരാ, ഫിനാൻസ് കമ്മീഷൻ ചെയർമാൻ അക്കാലത്ത് നടത്തിയ പ്രസ്താവനകളും തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധികൾ മെമ്മോറാണ്ടം കൊടുത്തപ്പോൾ അവരോട് ചോദിച്ച ചോദ്യങ്ങളുമെല്ലാം കേൾക്കണം. ലഭിക്കുന്ന പണം ആവശ്യത്തിലധികമാണെന്ന് പറഞ്ഞിരുന്നു. റിപ്പോർട്ട് വന്നപ്പോൾ നേരെ വിപരീതമായി വന്നു. അതിനെപ്പറ്റി ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. അതിനെതിരായാണ് ഞാൻ ലേഖനമെഴുതിയത്. ഫിനാൻസ് കമ്മീഷൻ ഇങ്ങനെ പോയാൽ അത് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്നതിന് സമമായിരിക്കുമെന്ന് പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: അത് ശരിയല്ല. അങ്ങ് എഴുതിയ ലേഖനത്തിൽ പറയുന്നത് അഞ്ചാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ അവർ പ്രാദേശിക സർക്കാരുകളുടെ വിഹിതം കുറച്ചുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള കുറ്റാന്വേഷണം നടത്തുകയാണെന്നാണ്. ധനകാര്യ കമ്മീഷൻ ചോദിച്ചത് മാർച്ച് മാസമാകുമ്പോൾ നിങ്ങൾ പണമെല്ലാം ചെലവഴിക്കുന്നത് എന്തുകൊണ്ടാണ്; അത് ശരിയായ എക്സ്പെൻഡിച്ചറാണോ; ക്വാളിറ്റി എക്സ്പെൻഡിച്ചറാണോ; ഇങ്ങനെ ചെലവാക്കുന്നത് ശരിയല്ലല്ലോ എന്നാണ്. അതിനാണ് നികുതി വിഹിതം കുറച്ചുകൊണ്ടുവരാൻ ധനകാര്യ കമ്മീഷൻ ശ്രമിക്കുന്നുവെന്ന് അങ്ങ് പറഞ്ഞത്. റിപ്പോർട്ട് വന്നപ്പോൾ അങ്ങ് പറഞ്ഞതിൽ നിന്ന് വിരുദ്ധമായി നികുതി വിഹിതം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള തീരുമാനമാണ് അവരെടുത്തത്. ആ തീരുമാനം അങ്ങ് ഇപ്പോൾ നടപ്പിലാക്കുന്നില്ല എന്നതാണ് ഞങ്ങളുടെ പരാതി.

ഡോ. ടി. എം. തോമസ് ഐസക്: അപ്പോൾ ആ ലേഖനം എന്തുകൊണ്ടാണ് എഴുതിയത് എന്നുള്ളത് വളരെ കൃത്യമായി വ്യക്തമായി. കാരണം ധനകാര്യ കമ്മീഷന്റെ തെളിവെടുപ്പ് വേളയിലും സെമിനാറുകളിലും എല്ലാം ചെയർമാനും മറ്റും വച്ച നിലപാടുകളും വിശദീകരണങ്ങളും അതിനോടുള്ള പ്രതികരണമാണ്. ആ വിശദീകരണത്തെക്കുറിച്ചും അദ്ദേഹത്തെക്കുറിച്ചും ഞാൻ ഇപ്പോൾ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ധനകാര്യ കമ്മീഷൻ നിവേദനങ്ങളുമായി ചെല്ലുന്നവരോട് ചർച്ചകൾ നടത്താറില്ലേ; അഭിപ്രായങ്ങൾ പറയാറില്ലേ; കേന്ദ്ര ധനകാര്യ കമ്മീഷൻ വരുമ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും മെമ്മോറാണ്ടം കൊടുക്കാറില്ല; നമ്മുടെ അഭിപ്രായങ്ങൾ ചോദിക്കാറില്ലേ; രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് നമ്മളെല്ലാം പോകാറുള്ളതല്ലേ? അതിന്റെ അർത്ഥം അദ്ദേഹം ടാക്സ് കളക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കെതിരെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിഘാതമായ നിലപാട് എടുത്തുവെന്നാണോ? റിപ്പോർട്ടല്ലേ പ്രധാനം.

ഡോ. ടി. എം. തോമസ് ഐസക്: ശരിയാണ്. അദ്ദേഹം ഒരു സമീപനം കൈക്കൊള്ളുന്നു. നിങ്ങൾക്ക് നിങ്ങളുടേതായ രീതിയിൽ വ്യാഖ്യാനിക്കാം. എനിക്ക് എന്റേതായ രീതിയിൽ വ്യാഖ്യാനിക്കാം. കേന്ദ്ര സർക്കാർ ഇപ്പോൾ ഒരു കമ്മീഷനെ നിയോഗിച്ചിരിക്കുന്നു. അതിന്റെ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ചും ചെയർമാൻ സ്വീകരിക്കുന്ന നിലപാടിനെക്കുറിച്ചും നിശിതമായ വിമർശനങ്ങൾ നിങ്ങളുടെയും ഞങ്ങളുടെയും പാർട്ടികൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതെല്ലാം സ്വാഭാവികമാണ്. അന്നുള്ള റീഡിംഗിന്റെ അടിസ്ഥാനത്തിൽ ഞാൻ നിലപാട് പറഞ്ഞു. റിപ്പോർട്ട് വന്നപ്പോൾ ആ റിപ്പോർട്ട് അതേ രീതിയിൽ നടപ്പിലാക്കുന്നത് സംസ്ഥാന ധനകാര്യ സ്ഥിതിയെ അപകടത്തിലാക്കും. കാരണം ഇത് കൊടുത്ത നാൾ മുതൽ ഇന്നുവരെ പ്ലാനിലുള്ള എല്ലാവിധ വിഭവ സ്രോതസ്സുകളും ചേർത്താണ് സംസ്ഥാനം താഴെത്തട്ടിലേയ്ക്ക് നൽകുന്ന ഡെവലൂഷൻ ഫോർമുല തീരുമാനിക്കുന്നത്. അല്ലെങ്കിൽ ഒരു സംഭവം പറയൂ. വേൾഡ് ബാങ്കിൽനിന്നും ഇതുമായി യാതൊരു ബന്ധവുമില്ലാതെ എടുത്ത വായ്പയല്ലേ. 11, 12, 13, 14 ധനകാര്യ കമ്മീഷനുകളുടെയെല്ലാം ഗ്രാന്റുകൾ പ്ലാനിന്റെ ഭാഗമായി ഡിവോൾവ് ചെയ്തിട്ടുള്ളതാണ്. ഇനി അതല്ല പുറത്തേയ്ക്ക് ആക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഇപ്പോൾത്തന്നെ 12000, 13,000 കോടി രൂപയായി ഫ്രീ പ്ലാൻ ഔട്ട്ലേ സംസ്ഥാന സർക്കാരിന്റെ പ്ലാനിൽ കുറഞ്ഞിരിക്കുന്നത് വീണ്ടും 10,000 കോടി രൂപയായി കുറയും. അങ്ങനെവന്നാൽ ഡിപ്പാർട്ടുമെന്റുകളോട് എന്ത് പറയും? വളരെ ഗൗരവമായി ആലോചിച്ച് ഞങ്ങൾ ഒരു നിലപാടെടുത്തതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; എല്ലാ വർഷവും 10% വച്ച് വർദ്ധിക്കുന്നുണ്ട്. അവരുടെ പ്ലാൻ ഡെവലപ്മെന്റ് ഫണ്ട് കുറഞ്ഞിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് 5.5% എന്നുള്ളത് 6% ആക്കണം. അഞ്ച് വർഷത്തെ സാവകാശത്തിൽ 0.1% വച്ചുകൂട്ടി 6% ആക്കുന്നു. ജനറൽ പർപ്പസ് ഗ്രാന്റ് 3.5% എന്നുള്ളത് 5% ആയി കുറച്ചു. ജി.എസ്.ടി.യുടെ ഈ കാലത്ത് അങ്ങനെ എസ്റ്റിമേറ്റ് ചെയ്തിരുന്നുവെങ്കിൽ സംസ്ഥാനത്തിന്റെ വരുമാനവും

ഡിവോൾവ് ചെയ്യുന്നതും തമ്മിലുള്ള അന്തരം എന്തായിരിക്കും? അതുകൊണ്ട് ഞങ്ങളുടെ ബെസ്റ്റ് ജഡ്ജ്മെന്റിൽ അത് പാടില്ല ഇതിനൊരു ഭേദഗതി വേണമെന്ന് തോന്നി. ആ ഭേദഗതിമൂലം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതി അപകടത്തിലായിട്ടില്ല. കാര്യങ്ങൾ ഭംഗിയായി നടന്നുപോകുന്നുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 Am]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കാൻ കഴിയുന്നതല്ല. പ്രതിപക്ഷത്തിരുന്നപ്പോഴും അല്ലാത്ത സന്ദർഭങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തെ സംബന്ധിച്ചും അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചും വാതോരാതെ സംസാരിച്ച വ്യക്തിയാണ് ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി. സമയം കിട്ടിയാൽ ലേഖനമെഴുതുകയും ഫെയ്സ്ബുക്ക് പോസ്റ്റിടുകയും അതിനെപ്പറ്റി ചർച്ച സംഘടിപ്പിക്കുകയുമൊക്കെ ചെയ്യും. പക്ഷെ തരം കിട്ടിയാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കഴുത്തിനു പിടിക്കുന്ന നിലപാടാണ് ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഡോ. ടി. എം. തോമസ് ഐസക് ചെയ്തുകൊണ്ടിരിക്കുന്നത്. ഡോ. ബി. എ. പ്രകാശ് ചെയർമാനായ അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ച് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അർഹമായ പണം നൽകാതെ തട്ടിപ്പറിക്കുന്നുവെന്നുള്ളതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രധാന ആരോപണം. പിശുക്കനായ ഒരു മുതലാളിയുടെ മനോഭാവമാണ് ധനകാര്യ വകുപ്പുമന്ത്രി ഈ കാര്യത്തിൽ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാരിൽനിന്നും കിട്ടേണ്ടതെല്ലാം മുറവിളി കൂട്ടി നമ്മൾ വാങ്ങാറുണ്ട്. പക്ഷെ താഴോട്ട് പഞ്ചായത്തുകൾക്ക് അത് കൊടുക്കേണ്ടിവരുമ്പോൾ നിഷേധാത്മകമായ നയമാണ് സ്വീകരിക്കുന്നത്. കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും ഉൾപ്പെടെ 1200-ഓളം പ്രാദേശിക സർക്കാരുകളാണുള്ളത്. ഇവർക്കുള്ള അർഹമായ വിഹിതമാണ് സർക്കാർ കൊടുക്കാതിരിക്കുന്നത്. ഡെവല്യൂഷനെപ്പറ്റി അങ്ങ് പറഞ്ഞു. കേന്ദ്രത്തിൽ നിന്നും കിട്ടുന്ന നികുതികൾ സംസ്ഥാനങ്ങൾക്കും സംസ്ഥാനങ്ങൾക്ക് കിട്ടുന്ന നികുതികൾ പ്രാദേശിക സർക്കാരുകൾക്കും

ഡിവോൾവ് ചെയ്യുന്ന ഒരു സ്ട്രക്ചറാണ് നമ്മുടെ രാജ്യത്ത് നിലവിലുള്ളത്. അതാണ് ഭരണഘടന വിഭാവനം ചെയ്യുന്നതും. കേന്ദ്രത്തിൽനിന്നും കിട്ടേണ്ടത് സംസ്ഥാനം വാങ്ങിച്ചെടുക്കും. പക്ഷെ സംസ്ഥാനങ്ങൾ താഴോട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് പണം ഡിവോൾവ് ചെയ്യുന്നില്ല എന്നുള്ള ഗുരുതരമായ പ്രശ്നമാണ് പ്രമേയാവതാരകൻ ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ച് 2016-17-ൽ 9684 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത്. പക്ഷെ നൽകിയത് 8671 കോടി രൂപ മാത്രമാണ്. അതായത് 10 ശതമാനത്തിന്റെ കുറവാണ് വന്നിരിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനൊരു വിശദീകരണം നൽകാൻ അവസരം തന്നത് നന്നായി. കാരണം അവസാനത്തെ ഗഡു ഇതുവരെ വന്നിട്ടില്ല. അവരുടെ പെർഫോമൻസ് ഗ്രാന്റിന്റെ ഭാഗമായി തരേണ്ടതാണ്. കേരളത്തിന്റെ മാത്രമല്ല എല്ലാ സംസ്ഥാനങ്ങളുടെയും കണക്കുകൾ കേന്ദ്രസർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് വരുന്ന മുറയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറും.

ശ്രീ. രമേശ് ചെന്നിത്തല: സർ, 2017-18-ൽ കമ്മീഷൻ ശിപാർശ ചെയ്തത് 11363 കോടി രൂപയാണ്. പക്ഷെ നൽകിയത് 9775 കോടി രൂപ മാത്രം. 14 ശതമാനത്തിന്റെ കുറവ്. 2018-19-ൽ കമ്മീഷൻ ശിപാർശ ചെയ്തത് 13304 കോടി രൂപയാണ്. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയത് 10771 കോടി രൂപ. 19 ശതമാനത്തിന്റെ കുറവ്. 2016-17-ലെ സർക്കാരിന്റെ മൊത്തം തനത് നികുതി വരുമാനത്തിന്റെ 19 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. തുടർന്നുള്ള ഓരോ വർഷവും ഓരോ ശതമാനം വീതം വർദ്ധിപ്പിച്ച് 2020-21 ആകുമ്പോൾ 24 ശതമാനം നൽകണമെന്നാണ് കമ്മീഷൻ ശിപാർശ ചെയ്തത്. തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ എക്കണോമിക്കലി വയബിളാക്കണം അല്ലെങ്കിൽ സ്ട്രെങ്ത്തൻ ചെയ്തെങ്കിൽ മാത്രമേ പ്രാദേശിക അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ സാധ്യമാകുകയുള്ളൂ. ജനകീയാസൂത്രണത്തെപ്പറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കപ്പെടണമെന്നുള്ളതിനെ സംബന്ധിച്ചും ഏറ്റവും കൂടുതൽ വാദിച്ച ഒരാളാണ് അങ്ങ്. ധനകാര്യ കമ്മീഷൻ പറയുന്നതെല്ലാം അംഗീകരിക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ പെർഫെക്ടായ ഒരു ഫോർമുല ധനകാര്യ കമ്മീഷൻ അഞ്ചു വർഷത്തേയ്ക്ക് മുന്നോട്ടുവയ്ക്കുമ്പോൾ അതിനെ യുക്തിസഹമായി അങ്ങ് പരിശോധിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് മാത്രമേ ധനകാര്യ വകുപ്പുമന്ത്രിക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. പക്ഷെ കുറേക്കൂടി ഉദാരമായ സമീപനം തദ്ദേശഭരണ സ്ഥാപനങ്ങളോട് കാണിക്കാൻ മുന്നോട്ടുവരേണ്ടതായിരുന്നു. കേന്ദ്ര

ധനകാര്യ കമ്മീഷന്റെ ശിപാർശകളെ കേന്ദ്ര സർക്കാർ അട്ടിമറിച്ചിരുന്നെങ്കിൽ നമ്മളെന്തുപറയും? ഇപ്പോൾ കേന്ദ്രം ജി.എസ്.ടി. നടപ്പാക്കി. അതനുസരിച്ച് ഓരോ വർഷവുമുള്ള വരുമാനത്തിന് പകരം പദ്ധതി വിഹിതമനുസരിച്ചുള്ള ഒരു തുക സംസ്ഥാനത്തിന് നൽകാമെന്ന് പറഞ്ഞാൽ അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ? ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചിന്ത വാരികയിൽ എഴുതിയ ലേഖനത്തെപ്പറ്റി പറഞ്ഞു. ഞാൻ അതിൽ ഒരു വാചകം മാത്രം വായിക്കാം - 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണം തട്ടിയെടുക്കാൻ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഒരു സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ സമ്പ്രദായം. പണം ചെലവാക്കി തീർന്നില്ലെങ്കിൽ പ്രശ്നമില്ല. അത് ലാപ്സാകുകയുമില്ല. അത് പ്രത്യേക കണക്കായി സൂക്ഷിക്കുമെന്നാണ് യു.ഡി.എഫ്. സർക്കാർ പറഞ്ഞത്. ഈ കുരുട്ടുവിദ്യക്ക് ഒരു പരിവേഷം നൽകാൻ അവർ പുതിയ പേര് നൽകി, ഇലക്ട്രോണിക് ഫിനാൻസ് ലെഡ്ജർ'. ആ കുരുട്ടുവിദ്യ അങ്ങും തുടരുന്നുവെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറന്നുപോകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോഴും ഇലക്ട്രോണിക് ലെഡ്ജർ അനുസരിച്ചാണല്ലോ അങ്ങ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ലേഖനം എഴുതുമ്പോൾ ശ്രദ്ധിക്കേണ്ടതായിരുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. മാത്രമല്ല ധനകാര്യ കമ്മീഷൻ ശിപാർശ നൽകി രണ്ടുവർഷമായിട്ടും അത് നടപ്പാക്കാതെ സൂത്രപ്പണിയായി പരിശോധിക്കുകയാണ് എന്നുപറഞ്ഞ് അങ്ങ് കൈകഴുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്രത്തിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റും മറ്റും അവർക്ക് നേരിട്ടുകൊടുക്കാതെ വെട്ടിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ആ തുക കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തുന്നു. അപ്പോൾ ആരാണ് അട്ടിമറി നടത്തുന്നത്? ഞാൻ അവസാനിപ്പിക്കുകയാണ്. നമുക്ക് വേണ്ടത് പ്രാദേശിക ഗവൺമെന്റുകളെ കൂടുതൽ ശക്തിപ്പെടുത്തുകയാണ്. അതുവഴി ജനാഭിലാഷം കൂടുതൽ യാഥാർത്ഥ്യമാകും. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് രാഷ്ട്രപിതാവിന്റെ സ്വപ്നം സാക്ഷാത്കരിക്കാൻവേണ്ടി പഞ്ചായത്ത് രാജ് നിയമം നടപ്പാക്കിയത്. ഈ രംഗത്ത് കൂടുതൽ കൂടുതൽ ഭേദഗതി വന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഫലപ്രദമായി പ്രാദേശിക ഗവൺമെന്റുകളെ ശക്തിപ്പെടുത്താൻവേണ്ടി ശ്രമിക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രാദേശിക സർക്കാരുകളെ ദുർബലപ്പെടുത്തുകയും അവരുടെ തലയിൽ കൂടുതൽ ഭാരം അടച്ചേൽപ്പിക്കുകയും ചെയ്യുന്ന തെറ്റായ നയം സ്വീകരിക്കുകയാണ്. ഇത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, സംസ്ഥാനത്തിന് ഇങ്ങനെയൊരു ധനകാര്യ കമ്മീഷനെ ആവശ്യമുണ്ടോ എന്ന രീതിയിലാണ് അങ്ങ് ഇവിടെ മറുപടി പറഞ്ഞത്. ഒന്നുരണ്ട് വർഷം അത് താമസിപ്പിച്ചു. അങ്ങനെ താമസിപ്പിച്ചത് ആലോചനകൾക്കുവേണ്ടിയാണെന്നാണ് അങ്ങ് പറഞ്ഞത്. അവധാനപൂർവ്വം ആലോചിച്ച് ശിപാർശകളിൽ ആവശ്യമായ കാര്യങ്ങൾ സ്വീകരിക്കേണ്ടതിനും നിരാകരിക്കേണ്ടതിനും വേണ്ടിയെടുത്തത് രണ്ടുവർഷമാണ്. ആ രണ്ടുവർഷം കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടത്തെക്കുറിച്ചാണ് ഞങ്ങൾ ഇവിടെ പറഞ്ഞത്. അങ്ങ് ഇന്ന് മറുപടി പറഞ്ഞത് യഥാർത്ഥത്തിൽ അങ്ങനെയൊരു കമ്മീഷൻ തന്നെ ആവശ്യമുണ്ടോ എന്ന രീതിയിലാണ്. പ്രധാനപ്പെട്ട പല ശിപാർശകളും നിരാകരിച്ചിരിക്കുന്നു. കേന്ദ്രത്തിൽ ധനകാര്യ കമ്മീഷൻ ഇങ്ങനെ ഒരു നിലപാടെടുത്താൽ നമ്മൾ എന്തുചെയ്യും? അതിനെ എതിർക്കും. സംസ്ഥാനങ്ങൾക്ക് അപകടകരമാണെന്നുപറയുന്ന സമയത്ത് നമ്മളൊന്നിച്ച് അതിനെ ഡിഫൻഡ് ചെയ്യുന്നു. പക്ഷെ സംസ്ഥാനത്തിന്റേത് വരുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഡിഫൻസ് സിസ്റ്റംപോലും തകർത്തുകൊണ്ട് ഇവിടെ അധികാരകേന്ദ്രീകരണം നടത്താനുള്ള ശ്രമം നടത്തുന്നു. അങ്കണവാടിയെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ പറഞ്ഞ പണം മുഴുവൻ പിടിച്ചുവച്ചാൽ വേണമെങ്കിൽ അങ്കണവാടിക്ക് നൂറു ശതമാനവും നമുക്ക് കൊടുക്കാൻ സാധിക്കും. ആ ഒരു സന്ദർഭത്തിൽ പ്ലാനിംഗ് ബോർഡുമായി ആലോചിച്ച് 500 കോടി രൂപയുടെ ഇൻസെന്റീവ് കൂടി അന്ന് മാറ്റിവച്ചിരുന്നു. പക്ഷെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ 500 കോടി രൂപയുടെ ഇൻസെന്റീവ് എടുത്തുകളഞ്ഞു. ഇതിനുപുറമെ പല ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് മാറ്റിവച്ച 500 കോടി രൂപയുണ്ടായിരുന്നു. ആ 500 കോടി രൂപ എങ്ങോട്ടുപോയി? സത്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തി അവർക്ക് കിട്ടേണ്ടതായിട്ടുള്ള മുഴുവനും നമ്മൾതന്നെ പിടിച്ചുവച്ചാൽ അങ്കണവാടിക്ക് 100 ശതമാനം കൊടുക്കുന്നതിന് എന്താണ് കുഴപ്പം?

ഡോ. ടി. എം. തോമസ് ഐസക്: സർ, 500 കോടി രൂപ എവിടെയും പോയിട്ടില്ല. അത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുതന്നെ പോയിട്ടുണ്ട്. പ്രത്യേക പ്രോജക്ടെന്നു പറഞ്ഞ് ഇഷ്ടമുള്ള കാര്യങ്ങൾക്ക് കൊടുക്കുന്നതിനുപകരം ആ സബ്ജക്ടീവിസം വേണ്ട, കൃത്യമായ ഒബ്ജക്ടീവും മാനദണ്ഡവും പ്രകാരം വിതരണം ചെയ്താൽ മതിയെന്നുള്ള ഒരു കാഴ്ചപ്പാടോടെ ഈ 500 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുതന്നെ pro-rata കൊടുത്തിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, നമ്മുടെ ഇഷ്ടത്തിനനുസരിച്ചുള്ള പദ്ധതികളല്ല വേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ചില ഏരിയകളിലേയ്ക്കാവശ്യമായ സ്പെസിഫിക്കായ പദ്ധതികൾ വേണം. ഉദാഹരണത്തിന് എവിടെയെങ്കിലും സ്ലോട്ടർ ഹൗസുകളോ പൊതുശ്മശാനമോ വേണമെന്നുള്ള വളരെ അനിവാര്യമായ കാര്യങ്ങൾക്ക് കൂടുതൽ പണം കിട്ടണമെന്നുള്ള നിലയ്ക്ക് അവരുടെ നിർദ്ദേശപ്രകാരമാണ് 500 കോടി രൂപ സ്പെസിഫിക്കായിട്ടുള്ള പ്രോജക്ടിന് കൊടുക്കാമെന്ന് പറഞ്ഞത്. അത് മറ്റുള്ള തുകപോലെ വിനിയോഗിക്കാൻ കൊടുക്കുന്ന സമയത്ത് അതും ഇതും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതെയാകും. ഏതായാലും ആ 500 കോടി രൂപ ഞങ്ങൾ കണ്ടെത്തിയ ഒരു ഇൻസെന്റീവാണല്ലോ. ഈ രീതിയിൽ അവരെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുന്നതിനുപകരം അവരെ ദുർബലപ്പെടുത്തുന്ന അവസ്ഥയിലേയ്ക്ക് പോകരുതെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് തന്നെ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നല്ലോ. മൂന്ന് മാസം കൂടുമ്പോൾ അവർക്ക് വിഹിതം കൊടുക്കാമെന്നുള്ള സിസ്റ്റം കൊണ്ടുവന്നപ്പോൾ, ഞങ്ങൾ ഫിനാൻഷ്യൽ ഡിസിപ്ലിൻ ഉണ്ടാക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അവർക്ക് കൃത്യമായി കിട്ടേണ്ട വിഹിതം മാസംതോറും കിട്ടണമെന്ന് പറഞ്ഞ് ഇവിടെ പ്രമേയം അവതരിപ്പിച്ചത് അങ്ങ് അടക്കമുള്ള പ്രതിപക്ഷമല്ലേ? ആ കസേരയിൽ ഇരുന്നാലുണ്ടാകുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ഇപ്പോൾ അങ്ങേയ്ക്ക് മനസ്സിലായല്ലോ. ഫിനാൻഷ്യൽ ഡിസിപ്ലിനുവേണ്ടി അന്ന് ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളതൊക്കെ വികലമാണെങ്കിൽ രണ്ട് വർഷമായല്ലോ അങ്ങയുടെ കയ്യിൽ ഈ ധനകാര്യ വകുപ്പ് കിട്ടിയിട്ട്, ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളതും അങ്ങ് വിമർശിച്ചിട്ടുള്ളതുമായ ഏതെങ്കിലും വിഷയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇക്കാര്യത്തെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. അന്നില്ലാത്ത ഒരു പ്രവണത ഇന്നുണ്ട്. ഇപ്പോൾ മാസം തോറും പണം തന്നുകഴിഞ്ഞാൽ ട്രഷറിക്ക് പുറത്തുകൊണ്ടുപോയി ബാങ്കിലിടാൻ കഴിയില്ല. ട്രഷറിയിലെ ടി.എസ്.പി. അക്കൗണ്ടിൽത്തന്നെ ഇടണം. ഇനിമുതൽ അതിൽ കൂടുതൽ പണം ഇടാൻ കഴിയില്ല. അങ്ങനെ ഇടുമ്പോൾ ക്രമാതീതമായി പബ്ലിക് അക്കൗണ്ട് വർദ്ധിച്ചാൽ കേന്ദ്രസർക്കാർ അതിന് നടപടിയെടുക്കും. അന്നത്തെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും വ്യത്യസ്തമാണ്. കാര്യങ്ങൾ മാറുന്നത് നാം മനസ്സിലാക്കണ്ടേ?

ഡോ. എം. കെ. മുനീർ: സർ, ഇത് മുൻകൂട്ടി കണ്ടുകൊണ്ട് വരുത്തിയിട്ടുള്ള മാറ്റങ്ങളാണ്. ആ മാറ്റങ്ങൾ അന്ന് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അതിനെ നഖശിഖാന്തം എതിർക്കുകയും ഇന്ന് അത് യാഥാർത്ഥ്യമായി അങ്ങയുടെ മുന്നിൽ

നിൽക്കുമ്പോൾ നിസ്സഹായാവസ്ഥയിൽ ഞങ്ങൾ ഇതുതന്നെ തുടരുന്നുവെന്ന് പറയേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തിരിക്കുന്നു. ഈ പറഞ്ഞിട്ടുള്ള ശിപാർശകളൊക്കെ അങ്ങ് പരിശോധിക്കണം. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലാവധി തീരുന്ന സമയത്തായിരുന്നതുകൊണ്ട് അതിനുമുകളിൽ നടപടിയെടുക്കാൻ സാധിച്ചില്ല. ഒരു ഭരണഘടനാ സ്ഥാപനമെന്നുള്ള നിലയ്ക്ക് കമ്മീഷൻ നൽകിയിട്ടുള്ള റിപ്പോർട്ട് യാതൊരു തരത്തിലും ഉൾക്കൊള്ളേണ്ടതില്ലെന്നും ഞങ്ങൾ ഞങ്ങളുടേതായ സിസ്റ്റമനുസരിച്ചാണ് പോകുകയെന്നും പറയുന്ന രീതിയാണുള്ളത്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചില കാര്യങ്ങൾ പറയുന്നുണ്ട്. മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള അസറ്റിന്റെ അടിസ്ഥാനത്തിൽ കൊടുക്കണമെന്ന് പറയുന്നത് എന്തുകൊണ്ടാണ്? അവിടത്തെ കുത്തഴിഞ്ഞ സിസ്റ്റം മാറ്റി അതിനൊരു രജിസ്റ്ററുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് കൊടുക്കുകയെന്ന നല്ല സിസ്റ്റത്തിലേയ്ക്ക് അതിനെ കൊണ്ടുവരാനാണ് അങ്ങനെ കൊടുക്കണമെന്ന് പറയുന്നത്. അതുപോലെ സിവിക് ഫണ്ട് ഇവർക്കുവേണ്ടി മാത്രമുള്ളതാണ്. അത് നമ്മുടെ ഫണ്ടുമായി കൂട്ടിക്കുഴച്ച് കൊടുക്കരുതെന്നുള്ള ശിപാർശ, അതായത് ആ ഫണ്ട് പ്രത്യേകമായി മാറ്റിവച്ചുകൊണ്ടായിരിക്കണം കൊടുക്കേണ്ടതെന്ന ശിപാർശ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗുണകരമാണോ ദോഷകരമാണോയെന്ന് പരിശോധിക്കണം. ഇതൊന്നും ചെയ്യാതെ കമ്മീഷനെ പൂർണ്ണമായും നിരാകരിച്ചുകൊണ്ട് അങ്ങനെയൊരു കമ്മീഷൻ റിപ്പോർട്ട് ഞങ്ങളുടെ മുന്നിലില്ലെന്നുള്ള രീതിയിൽ പോകുന്നത് ശരിയല്ല. ഇതൊന്നുമില്ലെങ്കിലും രണ്ട് വർഷമായി കാര്യങ്ങളൊക്കെ നന്നായി പോകുന്നുണ്ടെന്നും അതുകൊണ്ട് ഇനി ഇത്തരത്തിലുള്ള ശിപാർശകളുടെയൊന്നും ആവശ്യമില്ലെന്നും പറയുമ്പോൾ അതിന്റെ അർത്ഥം ഇതാ എല്ലാം ഞാൻ എന്നിലേയ്ക്കുതന്നെ കേന്ദ്രീകരിക്കുന്നു എന്നാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ അതേ രീതിയിൽ വികേന്ദ്രീകരിച്ച് അവരുടെ കാര്യങ്ങൾ നേടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളെ ദുർബലപ്പെടുത്തുന്നുവെന്ന് പറയുന്ന അവസ്ഥയിൽ ഇതിനൊക്കെ എതിരെ സംസാരിച്ച അങ്ങിൽനിന്നുതന്നെ ഇത് സംഭവിച്ചതിലുള്ള ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ധനകാര്യ കമ്മീഷൻ ശിപാർശകളെല്ലാം ഗവൺമെന്റ് അംഗീകരിക്കണമെന്നില്ല. പക്ഷേ അതിനെ നിസ്സാരവൽക്കരിക്കുകയും അവഗണിക്കുകയും ചെയ്യുന്നത് ജനാധിപത്യ ഗവൺമെന്റിന് ഭൂഷണമല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആറോ ഏഴോ നിർദ്ദേശങ്ങൾ മാത്രമേ നിരാകരിച്ചിട്ടുള്ളൂ. ബാക്കിയുള്ള നാല്പതോളം നിർദ്ദേശങ്ങൾ പൂർണ്ണമായും അംഗീകരിച്ചുകൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണ് ഞാൻ സഭയിൽ വച്ചത്.

ശ്രീ. കെ. എം. മാണി: സർ, നിങ്ങൾ കുറച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ചു. കുറച്ച് സ്വീകരിച്ചില്ല. ഇതൊരു കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയാണ്. അവരുടെ ശിപാർശകളൊക്കെ മാനിക്കുക എന്നുള്ളത് കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷനാണ്. അതല്ലാതെ ഞങ്ങളുടെ ഇഷ്ടംപോലെ പ്രവർത്തിക്കുമെന്ന് പറയുന്നത് വെറുതെ തന്റേടമായി പറയാമെന്നല്ലാതെ അത് കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള നടപടിയല്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഈ രീതിയിൽ ഏകാധിപത്യപരമായി ജനാധിപത്യ രീതിയെ മുഴുവൻ അവഗണിക്കുന്ന പ്രവർത്തന ശൈലിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി വരുമാനമില്ലാതെ നട്ടം തിരിയുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. ഈ ധനകാര്യ കമ്മീഷൻ റിപ്പോർട്ട് രണ്ട് വർഷത്തോളം നടപ്പിലാക്കാതെ വച്ചത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കേറ്റ വലിയൊരു തിരിച്ചടിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ രീതിയിലുള്ള ബാധ്യത അവർ ഏറ്റെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് പോയിരിക്കുന്നു. ജി.എസ്.ടി. വന്നതിനുശേഷം പ്രധാന വരുമാന മാർഗ്ഗങ്ങളായ പരസ്യ നികുതിയും വിനോദ നികുതിയും ഉൾപ്പെടെയുള്ള നികുതികൾ അവർക്ക് ലഭ്യമല്ലാത്ത സാഹചര്യം ഇന്നുണ്ട്. ഇതടക്കമുള്ള വിഷയങ്ങൾ നിലനിൽക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെപ്പോലും ബാധിക്കുന്ന നിലയിലേയ്ക്ക് അത് മാറുന്നു. ഇവിടെ സൂചിപ്പിച്ച ഒരു കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. മെയിന്റനൻസ് ഫണ്ട് അസറ്റിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കണമെന്ന് പറയുമ്പോൾ വികസനത്തിന്റെ നേർമുഖമെന്ന് പറയുന്ന അടിസ്ഥാനപരമായ വിഷയങ്ങൾ വെള്ളം, ഭവനം, സഞ്ചാരയോഗ്യമായ റോഡുകൾ എന്നിവയാണ്. അതിലേയ്ക്കൊന്നും കടക്കാൻ സാധിക്കാത്ത നിലയിലേയ്ക്ക് മാറാൻ പോകുന്നുവെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. തീർച്ചയായും വലിയ രീതിയിലുള്ള പ്രതിസന്ധി തദ്ദേശ സ്ഥാപനങ്ങൾക്ക് വന്നിരിക്കുന്ന സാഹചര്യം നിൽക്കുന്നു. ഈ വിഷയം ഗവൺമെന്റ് ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ സർക്കാർ സാമ്പത്തിക രംഗത്ത് പിന്തുടരുന്ന നയങ്ങൾ വികേന്ദ്രീകരണമെന്നുള്ള അടിസ്ഥാന തത്വത്തിന് തികച്ചും വിരുദ്ധമായ രീതിയിലാണ്. ധനകാര്യ കമ്മീഷന്റെ റെക്കമെന്റേഷനിൽ ഞങ്ങൾ ചിലതൊക്കെ സ്വീകരിക്കുന്നുണ്ട്, ചിലത് സ്വീകരിക്കില്ല എന്നുള്ള നിലപാട് ഒരു കേന്ദ്രീകൃത ഭരണഘടനാ വ്യവസ്ഥയുടെ സ്പിരിറ്റിന് കടകവിരുദ്ധമായ രീതിയാണ്. പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും കാര്യമായി ബാധിക്കുന്ന ഈ വിഷയം വിശദമായി ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### 1. കാൻസർ, വൃക്ക രോഗങ്ങളുടെ നിയന്ത്രണം

ശ്രീ. സി. കെ. നാണു: സർ, സംസ്ഥാനത്ത് കാൻസറും വൃക്ക രോഗവും വ്യാപകമായിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചുമതലയേറ്റ ശേഷം ഇതിന്റെ ചികിത്സയ്ക്കുവേണ്ടി എല്ലാ ആശുപത്രികളിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ടെങ്കിലും ഈ രോഗങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്ത് ചെയ്യാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. നാലഞ്ച് വർഷം മുമ്പ് വടകരയിലെ ഇന്നത്തെ ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് ധന്വന്തരി എന്ന പേരിൽ ഡയാലിസിസ് കേന്ദ്രം സംഘടിപ്പിക്കാനായി ബഹുജനാടിസ്ഥാനത്തിൽ വലിയൊരു സംരംഭം നടത്തിയതിന്റെ ഫലമായി അതിന് നേതൃത്വം നൽകിയ ഞങ്ങൾ പ്രതീക്ഷിച്ചതിനേക്കാളും കൂടുതൽ സഹായം ജനങ്ങളിൽനിന്നും ലഭിച്ചു. വടകരയിൽ ഇപ്പോൾ ജില്ലാ ആശുപത്രിയായി മാറിയ ആ ആശുപത്രിയിൽ ഇന്നും 10 ഡയാലിസിസ് മെഷീനുകളുണ്ട്. അവിടെ ഇപ്പോൾ ഒരു ദിവസം ഏതാണ്ട് 52 രോഗികൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സൗകര്യമുണ്ട്. അതുപോലെ തണൽ ചാരിറ്റി കൂട്ടായ്മയുടെ നേതൃത്വത്തിൽ 7 ഡയാലിസിസ് സെന്ററുകളുണ്ട്. അവരുടെ നേതൃത്വത്തിൽ ഒരു ദിവസം 300 ആളുകൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സൗകര്യമുണ്ട്. മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട മന്ത്രിയോടൊപ്പം ഒരു പരിപാടിയിൽ പങ്കെടുത്തശേഷം ഞാൻ തൊട്ടടുത്ത പയ്യോളി മുനിസിപ്പാലിറ്റിയിൽ വന്നപ്പോൾ അവിടെയും തണലിന്റെ നേതൃത്വത്തിൽ ഡയാലിസിസിനുള്ള സംവിധാനം ചെയ്യുന്നുണ്ട്. ഡോ. ഗിരീഷ് ആണ് ഇതിനൊക്കെ നേതൃത്വം നൽകുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അവർ പതിനായിരക്കണക്കിന് രൂപ സംഭരിച്ചു. അവർ പറഞ്ഞതനുസരിച്ച് ഞാനും ആ പരിപാടിയിൽ പങ്കെടുത്തു. വ്യാപകമായ രൂപത്തിൽ ഇതിനുള്ള സംവിധാനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പുകവലി നിർത്താൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 99 ശതമാനം ആളുകളും പുകവലി നിർത്തി. പക്ഷേ സ്ത്രീകൾക്കടക്കം കാൻസർ ബാധിച്ച് ആർ.സി.സി.യിലേയ്ക്കും തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലേയ്ക്കും മറ്റ് ആശുപത്രികളിലേയ്ക്കും ചികിത്സയ്ക്കായി വരുന്നത് മിക്കവാറും ദിവസങ്ങളിൽ എം.എൽ.എ.മാരെല്ലാം കാണാനിടയാകുന്നുണ്ട്. WHO-യുടെ കണക്കുപ്രകാരം പത്തിൽ ഒരാൾക്ക് കിഡ്നി രോഗമുണ്ടെന്നാണ് സംശയിക്കുന്നത്. ഇപ്പോൾ തണലിന്റെ നേതൃത്വത്തിൽ ആംബുലൻസിൽ കുറേ മെഷീനൊക്കെ വച്ച് നഴ്സുമാർ വീടുകളിൽ കയറി ആളുകളുടെ രക്തവും മൂത്രവും ടെസ്റ്റ് ചെയ്യുകയാണ്. ആദ്യമേ രോഗം കണ്ടുപിടിക്കാൻ സാധിച്ചാൽ വില കുറഞ്ഞ രൂപത്തിലുള്ള ഗുളികകൾ കഴിച്ച് കിഡ്നി രോഗത്തെ നിയന്ത്രിക്കാൻ സാധിക്കുമെന്നാണ് പറയുന്നത്. ഈ രോഗത്തിന്റെ വ്യാപനം നമ്മൾ വിചാരിക്കുന്നതിനെക്കാളും ഭയപ്പെടുന്ന രൂപത്തിലുള്ളതാണ്. ഇതിനെ നേരിടുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ വിപുലമായ രൂപത്തിൽ ജൈവ പച്ചക്കറിയുടെ ഉല്പാദനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. അത് സംഘടിതമായ രൂപത്തിൽ നടത്തണം. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പച്ചക്കറിയുടെ തൂക്കം വർദ്ധിപ്പിക്കാനായി ഭക്ഷ്യ ആവശ്യത്തിനു പയോഗിക്കാത്തവയുള്ള രാസവളം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഉപയോഗിക്കുന്നവർക്ക് കാൻസറും കിഡ്നി രോഗങ്ങളും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരത്തിലുള്ള സാഹചര്യമുള്ളപ്പോൾ ഇതിനെ ഫലപ്രദമായ രൂപത്തിൽ നേരിടാൻ സാധിച്ചതിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. അവർ അധികാരത്തിൽ വന്നശേഷം ഈ രണ്ട് കാര്യങ്ങളും പ്രധാനമായി കണ്ടുകൊണ്ട് വിപുലമായ രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ പ്രധാനപ്പെട്ട ഒരു പത്രത്തിൽ വെള്ളത്തിന്റെ പ്രതിസന്ധിയെക്കുറിച്ച് വാർത്തയുണ്ടായിരുന്നു. ഇന്ത്യയിൽ തന്നെ പല സംസ്ഥാനങ്ങളിലും നല്ല കുടിവെള്ളത്തിന് ഭീഷണിയുണ്ടാകുമെന്ന് പറയുന്നു. നല്ല കുടിവെള്ളം ലഭിക്കാനും നല്ല ഓക്സിജൻ ലഭിക്കാനുമുള്ള സംവിധാനം നമ്മുടെ വീടുകളിലും സ്കൂളുകളിലും ഉണ്ടായാൽ മാത്രമേ ഈ രോഗങ്ങളിൽനിന്ന് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ മാർക്കറ്റിൽ വിൽക്കുന്ന പായ്ക്ക് ചെയ്ത ഭക്ഷ്യധാന്യങ്ങൾ പലതും കുട്ടികളുടെ ആരോഗ്യത്തിന് ഗുണകരമല്ലെന്നാണ് പറയുന്നത്. ഞാൻ അതിന്റെ എക്സ്പെർട്ടല്ല; എന്നാൽ ഇതിന് ചുമതലപ്പെടുത്തിയ ഗവൺമെന്റ് ഏജൻസി ഇക്കാര്യം പരിശോധിക്കണം. അത് കഴിക്കുന്ന ചില കുട്ടികളിൽ കാൻസർ പോലുള്ള രോഗങ്ങൾ തുടക്കത്തിൽ തന്നെ ഉണ്ടെന്ന് ചില കേന്ദ്രങ്ങൾ പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ആരോഗ്യപരമായി നമ്മളെ മോശമാക്കുന്ന എന്തെങ്കിലും മാർക്കറ്റിലുണ്ടോയെന്ന്

പരിശോധിച്ച് അതിനെ എടുത്തുമാറ്റണം. ഈ രോഗം തടയാനാവശ്യമായ രൂപത്തിൽ എന്തെല്ലാം റിസർച്ചുകളുണ്ടോ അതെല്ലാം ചെയ്യണം. ഇന്ത്യക്ക് മാതൃകയാക്കാൻ സാധിക്കുന്ന സ്റ്റേറ്റ് കേരളം മാത്രമാണ്. സർക്കാർ ഇപ്പോൾ ആരോഗ്യവകുപ്പിന് അനുവദിക്കുന്നതിനേക്കാൾ കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് കാൻസറിനെയും വൃക്കരോഗത്തെയും നേരിടാനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും ഓരോ വ്യക്തിയെയും കേന്ദ്രീകരിച്ച് എങ്ങനെ ഇതിനെ നേരിടാൻ സാധിക്കുമെന്നും ഇത് വരാതിരിക്കാൻ എന്ത് സംവിധാനമാണുള്ളതെന്നും ഗൗരവമായി ആലോചിച്ചാൽ മാത്രമേ ഇതിൽനിന്ന് സമൂഹത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ രംഗത്ത് പൊതുവെ കണ്ടുവരുന്ന ഒരു വെല്ലുവിളി ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ളതാണ്. ജീവിത രീതിയുടെ ഭാഗമായിട്ടാണോ എന്ന് സംശയിക്കപ്പെടുന്ന രീതിയിൽ കാൻസറും കിഡ്നിക്കുണ്ടാകുന്ന അസുഖങ്ങളും വർദ്ധിച്ചുവരികയാണ്. അതുകൊണ്ടാണ് ഡയാലിസിസ് സെന്ററുകൾ കൂടുതലായി ആരംഭിക്കേണ്ടതായി വരുന്നത്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആരോഗ്യ വകുപ്പ് ശ്രദ്ധേയമായ ഒട്ടേറെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ പ്രതിവർഷം 50,000-ത്തോളം പുതിയ കാൻസർ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്നാണ് WHO-യുടെ സഹായത്തോടുകൂടി നടത്തിയ ചില പഠനങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇതിന് പരിഹാരം കാണുന്നതിനാവശ്യമായ സമീപനങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 'Early detection' ആണ് ഏറ്റവും പ്രധാനമായി വരുന്നത്. ബഹുമാനപ്പെട്ട സി. കെ. നാണു സൂചിപ്പിച്ചതുപോലെ കാൻസറും വൃക്ക സംബന്ധമായ അസുഖങ്ങളും പ്രാരംഭത്തിൽ കണ്ടെത്തിയാൽ കുറേയേറെ ചികിത്സിച്ച് മാറ്റാൻ സാധിക്കുമെന്നുള്ളതാണ് അവസ്ഥ. എന്നാൽ ആളുകൾ പലപ്പോഴും കാൻസറിന്റെ കാര്യത്തിലാണെങ്കിൽപ്പോലും സംശയം തോന്നിയാൽ അത് പറയാനും പരിശോധിക്കാനും തയ്യാറാകാത്ത അവസ്ഥയിലേയ്ക്ക് പോകുന്നു. എന്നാൽ അത് പരിഹരിക്കുന്നതിനുവേണ്ടി early detection സെന്ററുകൾ വർദ്ധിപ്പിച്ചും ക്യാമ്പുകൾ നടത്തിയും പരിശോധന ഊർജ്ജസ്വലമാക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും അതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ആരംഭിച്ചുകൊണ്ടിരിക്കുന്ന ഫാമിലി ഹെൽത്ത് സെന്ററിൽ ഇത്തരത്തിലുള്ള early detection-നുള്ള സൗകര്യം കൂടി ചെയ്യുന്നതാണ്. എല്ലാ കാൻസറും ഫാമിലി ഹെൽത്ത് സെന്ററിൽ വച്ച് പരിശോധിച്ച് മനസ്സിലാക്കാൻ

സാധിക്കില്ല. എന്നാൽ കേരളത്തിൽ ഏറ്റവും കൂടുതലായി കണ്ടുവരുന്നത് സ്ത്രീകളിലെ സ്തനാർബുദവും തൈറോയ്ഡ് ക്യാൻസറും ഗർഭാശയ, ഗളാർബുദവുമാണ്. ഇത് early detection-ലൂടെ ഫാമിലി ഹെൽത്ത് സെന്ററിൽ വച്ചുതന്നെ ഏകദേശം ഈ രോഗത്തെക്കുറിച്ചുള്ള സാധ്യത മനസ്സിലാക്കാനും പരിശോധന ആവശ്യമാണെങ്കിൽ ഉയർന്ന ആശുപത്രികളിലേയ്ക്ക് അപ്പോൾ തന്നെ നിർദ്ദേശിക്കാനും സാധിക്കും. അതുകൊണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുഖേന ഇത്തരം രോഗങ്ങൾ തുടക്കത്തിൽത്തന്നെ കണ്ടെത്താൻ ശ്രമിക്കുകയാണ്. പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ വലിയൊരു സാധ്യത ഈ മേഖലയിൽനിന്ന് നമുക്ക് ലഭിക്കുകയാണ്. കാരണം ഓരോ വ്യക്തിക്കും പ്രത്യേക പരിഗണന നൽകുന്ന സംവിധാനമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളിലുണ്ടാവുന്നത്. പുരുഷന്മാരിൽ പുകയിലജന്യമായിട്ടുള്ള വദനാർബുദവും ശ്വാസകോശ അർബുദവുമാണ് കൂടുതലായി കാണുന്നത്. വദനാർബുദം എളുപ്പത്തിൽ ഡിറ്റക്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്. ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ശ്വാസ്' ക്ലിനിക്കുകൾ ഏർപ്പെടുത്തുന്നുണ്ട്. ഈ പരിശോധനയുടെ ഭാഗമായി സംശയം തോന്നുന്ന ഘട്ടത്തിൽ ഉയർന്ന പരിശോധനയ്ക്ക് റഫർ ചെയ്യാനും രോഗം ആദ്യംതന്നെ കണ്ടുപിടിക്കാനും സാധിക്കും. എന്നാൽ എല്ലാ പി.എച്ച്.സി.കളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നതുവരെ നമുക്ക് കാത്തുനിൽക്കാൻ കഴിയില്ല. അതുകൊണ്ട് early detection-നുവേണ്ടി മറ്റുചില പദ്ധതികളും ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. ഇതിൽ കാൻസർ ഡിറ്റക്ഷനും ട്രീറ്റ്മെന്റും ഏറ്റവും ഫലപ്രദമാക്കുന്നതിന് പ്രധാനപ്പെട്ട റീജിയണൽ കാൻസർ സെന്ററുകളെ ശക്തമാക്കി അവയുടെ നേതൃത്വത്തിൽ ഒരു കാൻസർ രജിസ്ട്രി തയ്യാറാക്കാനുള്ള ശ്രമവും ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. മലബാർ കാൻസർ സെന്ററിന്റെ പരിശ്രമത്തിന്റെ ഭാഗമായി മലബാർ, കണ്ണൂർ, കാസർഗോഡ് മേഖലകളിലുള്ള കാൻസർ പേഷ്യന്റ്സിനെ കണ്ടെത്തി കാൻസർ രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്. അതുവച്ചിട്ടുള്ള പരിശോധനയും മറ്റും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം-കൊല്ലം മേഖലയിലുള്ള കാൻസർ പേഷ്യന്റ്സിന്റെ പോപ്പുലേഷൻ ബെയ്സ്ഡായിട്ടുള്ള രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്. ഇത് കേരളത്തിലുടനീളം വ്യാപിപ്പിച്ച് കേരളത്തിലെ മുഴുവൻ കാൻസർ പേഷ്യന്റ്സിനെയും കണ്ടെത്തി റജിസ്റ്റർ തയ്യാറാക്കുന്നതിനും ഓരോ പേഷ്യന്റിനും ആവശ്യമായിട്ടുള്ള ശ്രദ്ധ കൊടുക്കുന്നതിനുമാണ് ആഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് കൊച്ചിൻ കാൻസർ സെന്റർ യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനം നടത്തിക്കഴിഞ്ഞു. കൊച്ചിൻ കാൻസർ സെന്ററിൽ ഒ.പി. വിഭാഗം ആരംഭിക്കുകയും

ചെറിയ സർജറികളൊക്കെ നടത്താനുള്ള സൗകര്യവും ചെയ്തിട്ടുണ്ട്. കീമോ തെറാപ്പിയും തൊണ്ടയിലെ കാൻസർ കണ്ടുപിടിക്കാനുള്ള എൻഡോസ്കോപ്പിയും അവിടെ ആരംഭിച്ചിട്ടുണ്ട്. എന്നാലും പ്രസ്തുത കാൻസർ സെന്റർ പൂർണ്ണമായും യാഥാർത്ഥ്യമാകണമെങ്കിൽ ഒന്നുരണ്ടുകൊല്ലം വേണ്ടിവരും. അതിനാവശ്യമായ ഫണ്ടും നീക്കിവച്ചിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി 350 കോടി രൂപ അനുവദിച്ച് അതിന്റെ വർക്ക് തുടങ്ങിയിരിക്കുകയാണ്. ഇപ്പോൾ മൂന്ന് റീജിയണിലായി ആർ.സി.സി.യും മലബാർ കാൻസർ സെന്ററും കൊച്ചിൻ കാൻസർ സെന്ററും വരുന്നതോടുകൂടി കാൻസറിന്റെ early detection, ചികിത്സ തുടങ്ങിയ എല്ലാ കാര്യത്തിലും നമുക്ക് മുൻകൈ ലഭ്യമാകുന്നതാണ്. ഈ മൂന്ന് കാൻസർ സെന്ററുകൾക്ക് പുറമേ ഇത് വികേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. അത്രയും വലുതാണ് കാൻസറിന്റെ പ്രശ്നം. അതുകൊണ്ട് നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളെ മിനി കാൻസർ സെന്ററുകളായി അവിടെ പ്രവർത്തിക്കാനുള്ള തീരുമാനം എടുക്കുകയും തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ അഞ്ച് മെഡിക്കൽ കോളേജുകളും ഒരു മിനി കാൻസർ സെന്റർ എന്നുള്ള നിലയിൽ ആരംഭിക്കാനുള്ള തീരുമാനമെടുത്ത് 105 പുതിയ തസ്തികകൾ ഓങ്കോളജി വിഭഗത്തിൽ സൃഷ്ടിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ ജില്ലാ ആശുപത്രികളിൽ കീമോ യൂണിറ്റുകൾ ശക്തമാക്കിക്കൊണ്ട് പാലിയേറ്റീവ് ആൻഡ് കീമോ യൂണിറ്റുകൾ എല്ലാ ജില്ലാ ആശുപത്രികളിലും തുടങ്ങാൻ തീരുമാനിക്കുകയും നാലിടത്ത് തുടങ്ങുകയും ബാക്കിയുള്ള സ്ഥലത്ത് ഉടൻ തുടങ്ങാനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. ഇതിന്റെകൂടെ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ സ്ത്രീകളുടെ സ്തനാർബുദം കണ്ടുപിടിക്കുന്നതിന് മാമോഗ്രാമാണ് ഉപയോഗിക്കുന്നത്. ഗവൺമെന്റ് ഇടപെട്ട് തിരുവനന്തപുരം, എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ ജനറൽ ആശുപത്രികളിൽ ഇപ്പോൾ മാമോഗ്രാം മെഷീൻ കൊടുത്തിട്ടുണ്ട്. അതുകൂടാതെ ജില്ലാ പഞ്ചായത്തിന്റെയും എം.പി.മാരുടെയും സഹായത്തോടുകൂടി മാമോഗ്രാം മെഷീൻ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട നാണവേട്ടൻ പറഞ്ഞതുപോലെ തണൽ പോലുള്ള ചില സന്നദ്ധ സംഘടനകൾ ക്യാൻസറിന്റെ ചികിത്സയ്ക്കും കിഡ്നി സംബന്ധിച്ച അസുഖങ്ങൾക്ക് ഡയാലിസിസ് നടത്താനും സഹായിക്കുന്നുണ്ട്. ക്യാൻസറിന്റെ കാര്യത്തിൽ ഗവൺമെന്റ് വലിയൊരു സ്റ്റെപ്പാണ് എടുത്തിട്ടുള്ളത്. ഒരു 'ക്യാൻസർ കെയർ ഗ്രിഡ് സ്ഥാപിക്കാനും 'ക്യാൻസർ സ്ട്രാറ്റജി' പ്രഖ്യാപിക്കാനും തീരുമാനിച്ചു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ (ഡബ്ല്യു.എച്ച്.ഒ.) സഹായത്തോടുകൂടി ആർ.സി.സി.യും എം.സി.സി.യും പങ്കെടുത്തുകൊണ്ട് തിരുവനന്തപുരത്തുവച്ച് ഒരു

വർക്ക്ഷോപ്പ് നടത്തുകയും ക്യാൻസർ കെയർ ഗ്രിഡ് സ്ഥാപിക്കാൻ തീരുമാനിക്കുകയും അതുസംബന്ധിച്ച ഉത്തരവ് ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രൈവറ്റ് ആശുപത്രികളടക്കം താൽപ്പര്യമുള്ളവരെ പ്രേരിപ്പിച്ച് മെമ്പർഷിപ്പ് എടുപ്പിച്ചുകൊണ്ട് ഒരു ക്യാൻസർ സ്ട്രാറ്റജിയും പ്രധാനപ്പെട്ട പത്തിനം ക്യാൻസറിനെങ്കിലുമുള്ള ട്രീറ്റ്മെന്റ് പ്രോട്ടോകോളും തയ്യാറാക്കണമെന്ന് തീരുമാനിച്ചു. എങ്കിൽ മാത്രമേ ഏർലി ഡിറ്റക്ഷനും തുടർ ചികിത്സയും ഫലപ്രദമായി സംസ്ഥാനത്ത് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ക്യാൻസർ കെയർ ഗ്രിഡ് സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചുകഴിഞ്ഞു. സ്ട്രാറ്റജി പുറത്തിറക്കാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. അടുത്തുതന്നെ ഒരു ക്യാൻസർ കെയർ സ്ട്രാറ്റജി നമ്മൾ തയ്യാറാക്കും. അതിൽ പ്രൈവറ്റ് ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പുവരുത്തും. ക്യാൻസർ കെയർ ഗ്രിഡ് പ്രവർത്തനത്തിന്റെ ഒരു ഭാഗം 'capacity building for cancer care in member hospitals and partnership in health system in general to improve preventive measures and early diagnosis' ആണെന്ന് പ്രത്യേകിച്ച് പറഞ്ഞിട്ടുണ്ട്. ഇത് നടപ്പിലാക്കുമ്പോൾ നമുക്ക് വിവിധ ആശുപത്രികളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് വളരെ എളുപ്പത്തിൽ ഡയഗ്നോസിസും ഏർലി ഡിറ്റക്ഷനും നടത്തുന്നതിന് സാധിക്കും. ക്യാൻസറിന്റെ കാര്യത്തിൽ ഇത്രയും കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ഇതുകൂടാതെ മലബാർ ക്യാൻസർ സെന്ററിന്റെ സഹായത്തോടുകൂടി കണ്ണൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ 'ആയൂർ ദീപ്തം' എന്നൊരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ചെന്ന് early detection നടത്താനും സ്ത്രീകളെ സംബന്ധിക്കുന്ന മൂന്ന് ക്യാൻസറുകൾ (വദനാർബുദം, സ്തനാർബുദം, സെർവിക്കൽ ക്യാൻസർ) തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കാനും ഈ ക്യാമ്പുകളിലൂടെ കഴിയും. ഈ പദ്ധതി വിജയിക്കുന്നപക്ഷം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാനും early detection നടത്താനും സാധിക്കും. കിഡ്നി സംബന്ധമായ രോഗങ്ങൾ വളരെ വ്യാപകമായി $^{1}/_{10}$ എന്ന നിലയിൽ വരികയാണ്. എത്ര ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടും പോരാത്ത സ്ഥിതിയാണ് നാട്ടിലുള്ളത്. 47 താലൂക്ക് ആശുപത്രികളിൽ ഡയാലിസ് സെന്ററുകൾ ആരംഭിച്ചതായി ഞാൻ ഇന്നലെ ഡിമാന്റ് ഡിസ്കഷനിൽ പറഞ്ഞതാണ്. അത് കൂടുതൽ വ്യാപിപ്പിച്ച് 75 താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കും. തണൽപോലുള്ള സംഘടനകളുടെ കൂടി ചേർക്കുമ്പോൾ നമുക്കാവശ്യമായത്ര ഡയാലിസിസ് യൂണിറ്റ് വരുമെന്നാണ് കരുതുന്നത്. ജീവിതശൈലി കൊണ്ടു തന്നെയാണ് കുറെ അസുഖങ്ങൾ വരുന്നത്. ഗവൺമെന്റിന്റെ നാല് മിഷനുകളിൽ പ്രധാനപ്പെട്ട 'ഹരിത കേരള മിഷൻ' വിജയിച്ചാൽ നമുക്ക് നല്ല ജൈവപച്ചക്കറിയും നല്ല കുടിവെള്ളവും കിട്ടും. അതിനുവേണ്ടിയിട്ടുള്ള പരിശ്രമവും നടത്തുന്നുണ്ട്. ഏതായാലും ക്യാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങളുടെ കാര്യത്തിൽ വളരെ

വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. Early detection, ക്യാൻസർ സ്ട്രാറ്റജി, ഡയാലിസിസ് സെന്ററുകൾ അടക്കമുള്ള കാര്യങ്ങൾ വരുമ്പോൾ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്.

ശ്രീ. സി. കെ. നാണു: സർ, കോഴിക്കോട് ജില്ലയിലെ എല്ലാ എം.എൽ.എ.മാരും കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് ഓരോ ഡയാലിസിസ് മെഷീൻ വാങ്ങിക്കൊടുത്തിട്ടുണ്ട്. വടകര ജില്ലാ ആശുപത്രിയിലേയ്ക്ക് ഞാനും ഒരു ഡയാലിസിസ് മെഷീൻ വാങ്ങിക്കൊടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ധാരാളം ആശുപത്രികളുണ്ടെങ്കിലും ക്യാൻസർ വരാതിരിക്കാനും ആരംഭകാലത്ത് ചികിത്സിച്ച് മാറ്റാനും ഫലപ്രദമായ സൗകര്യങ്ങൾ അലോപ്പതിക്ക് പുറമെ ആയുർവ്വേദം, ഹോമിയോ തുടങ്ങിയ മേഖലകളിലുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ആവശ്യമായ രൂപത്തിൽ ആ മേഖലയെ പ്രോൽസാഹിപ്പിക്കാൻ സർക്കാർ മേഖലയിലുള്ള ആയുർവ്വേദ, ഹോമിയോ ആശുപത്രികളിൽ ഈ രോഗങ്ങൾ ചികിത്സിക്കാനുള്ള സൗകര്യമൊരുക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ജീവിതചര്യകളിൽ ഊന്നിക്കൊണ്ടുള്ള ചികിത്സാ രീതിയാണ് ആയുർവ്വേദം. നമ്മൾ അത് പ്രോൽസാഹിപ്പിക്കുന്നുണ്ട്. ജീവിതചര്യ ശരിയാക്കിക്കൊണ്ട് പകർച്ച വ്യാധികളും ഇത്തരത്തിലുള്ള രോഗങ്ങളും വരാതിരിക്കുന്നതിനുള്ള പരിശ്രമം ആയുർവ്വേദത്തിലൂടെ നടത്തുന്നുണ്ട്. ക്യാൻസറിന്റെ ചികിത്സയെന്ന് പറയുമ്പോൾ, ശരിയായി തെളിയിക്കപ്പെടാത്ത കാര്യങ്ങളിലേയ്ക്ക് ഗവൺമെന്റിന് നിർദ്ദേശം നൽകാൻ സാധിക്കുകയില്ല. ആയുർവ്വേദ ട്രീറ്റ്മെന്റ് നന്നായി ആ രീതിയിൽ നടക്കുന്നുണ്ട്. എന്നാൽ ക്യാൻസർ ഒറ്റയടിക്ക് ചികിത്സിച്ച് മാറ്റുമെന്ന് പറഞ്ഞ് ചില വ്യാജ ചികിത്സാ രീതികളും നാട്ടിലുണ്ട്. അത് പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. അതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ സാധിക്കുകയില്ല. പക്ഷെ ആയുർവ്വേദ മേഖലയിലുള്ള എല്ലാ സൗകര്യങ്ങളും ക്യാൻസറിനെ പ്രതിരോധിക്കുന്നതിനും ആശ്വാസം നൽകുന്നതിനും ലഭ്യമാക്കുന്നതാണ്.

## 2. കൊച്ചി മെട്രോ വില്ലേജ്

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലൂടെയാണ് മെട്രോ റെയിലിന്റെ സിംഹഭാഗവും കടന്നുപോകുന്നത്. ആലുവ മുതൽ പേട്ട വരെയുള്ള ഒന്നാംഘട്ടത്തിലും ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെയുള്ള മേഖലകൾ ഉൾപ്പെടുന്ന പ്രദേശത്തെ നിർദ്ദിഷ്ട രണ്ടാംഘട്ട വികസനത്തെ സംബന്ധിച്ചും കാക്കനാടുള്ള മെട്രോ സിറ്റിയുടെ വികസനത്തെ സംബന്ധിച്ചുമുള്ള ശ്രദ്ധ ക്ഷണിക്കലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്.

ദീർഘവീക്ഷണത്തോടെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ആവിഷ്കരിച്ച മെട്രോ റെയിൽ പദ്ധതി നാടിന്റെ അഭിമാന നേട്ടമാണ്. മെട്രോ ഒന്നാംഘട്ടം ആലുവ മുതൽ മഹാരാജാസ് കോളേജുവരെ പൂർത്തിയായപ്പോൾ ശരാശരി മുപ്പത്തിയാറായിരത്തോളം യാത്രക്കാരുണ്ടെന്നാണ് കണക്കാക്കുന്നത്. ഒന്നാം ഘട്ടം തൃപ്പൂണിത്തുറ വരെ പൂർത്തിയാകുമ്പോൾ മൂന്നരലക്ഷം യാത്രക്കാരുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടം ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെ രണ്ട് ലക്ഷം യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. 20 ശതമാനം സംസ്ഥാനം, 20 ശതമാനം കേന്ദ്രം, 60 ശതമാനം ലോൺ എന്നതാണ് മെട്രോയുടെ സാമ്പത്തിക അനുപാതം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ കാക്കനാട് 17.415 ഏക്കർ സ്ഥലം മെട്രോ സിറ്റിക്കായി വിട്ടുകൊടുത്തിരുന്നു. എന്നാൽ അവിടെ റെസിഡൻഷ്യൽ കോംപ്ലക്സും കൊമേഴ്സ്യൽ കോംപ്ലക്സും നിർമ്മിച്ച് മെട്രോയുടെ നഷ്ടം ഒഴിവാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ 20 മാസക്കാലമായി കാര്യമായ പുരോഗതിയൊന്നും ഇതിനുണ്ടായിട്ടില്ല. മെട്രോയുടെ രണ്ടാം ഘട്ടമായ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെയുള്ള 11.12 കിലോമീറ്റർ ദൂരത്തിൽ 11 സ്റ്റേഷനുകളാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ഇതിൽ സ്റ്റേഷനുകൾക്കായി 1.72 ഹെക്ടർ സ്ഥലവും റോഡ് വീതി കൂട്ടുന്നതിന് 2.14 ഹെക്ടർ സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആ പണി വളരെ മന്ദഗതിയിലാണ്. 189 കോടി രൂപ സ്ഥലമെടുപ്പിനുവേണ്ടി അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിന്റെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായെങ്കിലും സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി ഇതുവരെ നടത്തിയിട്ടില്ല. 17 ഏക്കർ സ്ഥലത്തിന്റെ 80 ശതമാനമായ 13 ഏക്കർ സ്ഥലം മിഡിൽ ഇൻകം ഗ്രൂപ്പിനും അതിനു താഴെയുള്ളവർക്കുമായി ഫ്ലാറ്റ് പണിയുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഇതിലൂടെ 250 കോടി രൂപ വരുമാനമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. കൊമേഴ്സ്യൽ മേഖലയിൽനിന്നും വർഷംതോറും 2 കോടി രൂപ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് Ernst & Young നടത്തിയ പഠനവും കോഴിക്കോട് ഐ.എ.എം. നടത്തിയ പഠനവും നമ്മുടെ മുമ്പിലുണ്ട്. സ്ഥലം മെട്രോയ്ക്ക് കൈമാറാൻ കളക്ടർ ഉത്തരവിട്ടെങ്കിലും ഒരു വർഷത്തിലേറെയായി ആ ഫയൽ സർക്കാർ പെൻഡിംഗിൽ വച്ചിരിക്കുകയാണ്. കാക്കനാട് ഉണ്ടായിരുന്ന കോടതികളും എൻ.ജി.ഒ. ക്വാർട്ടേഴ്സുമൊക്കെ ഒഴിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും അടിയന്തര നടപടി സ്വീകരിക്കണ മെന്ന് ആവശ്യപ്പെടുന്നു. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 2330 കോടി രൂപയാണ് രണ്ടാം ഘട്ടത്തിന്റെ ചെലവ് പ്രതീക്ഷിക്കുന്നത്. ഇത് കണക്കാക്കി അടിയന്തരമായി കേരളത്തിന്റെ അഭിമാനമായ മെട്രോ രണ്ടാം ഘട്ടത്തിന്റെ പണിയും മെട്രോ സിറ്റിയുടെ പണിയും ഏറ്റവും വേഗത്തിൽ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് മുന്നോട്ടുവയ്ക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടം ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോ പാർക്കുവരെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 2017 മേയ് മാസത്തിൽ 2577.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2017-ലെ മെട്രോ റെയിൽ പോളിസിക്കനുസൃതമായി വിശദമായ പദ്ധതി റിപ്പോർട്ടിൽ മാറ്റം വരുത്തി സമർപ്പിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം തയ്യാറാക്കിയ ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ട് കേന്ദ്ര സർക്കാരിന് അയച്ചശേഷം അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കാനാകുകയുള്ളൂ. കൊച്ചി മെട്രോ പദ്ധതിക്ക് അനുമതി നൽകിയപ്പോൾ പ്രോപ്പർട്ടി ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ ഉപാധി വച്ചിരുന്നു. ഇതനുസരിച്ച് കാക്കനാട് 17.315 ഏക്കർ ഭൂമിയിൽ പ്രോപ്പർട്ടി ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകിയിരുന്നു. ജില്ലാ കളക്ടർ ഇതിനായുള്ള സ്ഥലം അളന്ന് തിരിച്ച് കൊച്ചി മെട്രോയ്ക്ക് നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഭൂമി കൈമാറ്റം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

ശ്രീ. പി. ടി. തോമസ്: സർ, മെട്രോ രണ്ടാംഘട്ടം ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള 11 കിലോമീറ്ററിലേറെ വരുന്ന പ്രദേശത്തെ ഏകദേശം മൂന്നര നാല് ഹെക്ടറിനടുത്ത് സ്ഥലം എടുക്കേണ്ടതുണ്ട്. സ്ഥലമെടുപ്പ് വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതൊന്ന് ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സ്ഥലമെടുപ്പ് വേഗത്തിൽത്തന്നെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## IV. സബ്മിഷൻ

### 1. വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗൗരവമുള്ള, കേരളത്തിൽ ഒരിക്കലും നടക്കാൻ പാടില്ലാത്ത ഒരു സംഭവത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ വേണ്ടിയാണ് ഞാൻ ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്.

സംസ്ഥാനത്തെ ഒരു കൂട്ടം വനിതാ സിവിൽ എക്സൈസ് ഓഫീസർമാർ മനുഷ്യാവകാശ കമ്മീഷനുമുന്നിൽ തങ്ങളുടെ മേലുദ്യോഗസ്ഥരാൽ ലൈംഗികമായും മാനസികമായും പീഡിപ്പിക്കപ്പെടുന്നുവെന്ന അതീവ ഗുരുതരമായ പരാതി രേഖാമൂലം നൽകുകയും കമ്മീഷൻ അതിൽ അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ട് എക്സൈസ് കമ്മീഷണർക്ക് അയയ്ക്കുകയും ചെയ്ത ഗൗരവതരമായ സംഗതിയിലേയ്ക്കാണ് ഞാൻ വിരൽ ചൂണ്ടുന്നത്. ഈ പരാതിയുടെ കോപ്പി അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എക്സൈസ് വകുപ്പുമന്ത്രിക്കും നൽകിയതാണ്. വനിതാ സിവിൽ എക്സൈസ് ഓഫീസർമാർ വിവിധ ശ്രേണികളിലുള്ള തങ്ങളുടെ മേലുദ്യോഗസ്ഥരിൽ നിന്നും നിരന്തരം പീഡനങ്ങൾക്ക് വിധേയരാകുന്നുവെന്നാണ് പരാതിയിൽ പറയുന്നത്. എക്സൈസ് കമ്മീഷണർമാർ, ഡെപ്യൂട്ടി കമ്മീഷണർമാർ, അസിസ്റ്റന്റ് കമ്മീഷണർമാർ, പ്രിവെന്റീവ് ഓഫീസർമാർ എന്നിവരെക്കുറിച്ച് ഒരു സർക്കാർ സംവിധാനത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത അതീവ ഗുരുതരമായ പ്രവൃത്തികളാണ് തങ്ങൾക്ക് നേരെയുണ്ടാകുന്നത് എന്ന് അവർ സൂചിപ്പിക്കുന്നു. തങ്ങളിൽ പലരും നിഷ്ഠൂരമായി ലൈംഗിക പീഡനങ്ങൾക്ക് മേലുദ്യോഗസ്ഥരാൽ ഇരയാകുന്നുണ്ടെന്നും എന്നാൽ പരാതി ബോധിപ്പിക്കാനോ പുറത്തുപറയാനോ കഴിയാത്ത നിസ്സഹായാവസ്ഥയിലാണെന്നും മനുഷ്യാവകാശ കമ്മീഷനിൽ നൽകിയ പരാതിയിൽ അവർ ചൂണ്ടിക്കാണിക്കുന്നു. 25-നും 30-നും ഇടയിൽ സ്റ്റാഫ് സ്ട്രെങ്ങ്തുള്ള റെയ്ഞ്ച് ഓഫീസുകളിൽ രണ്ടോ മൂന്നോ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെ ഉണ്ടാകുകയുള്ളൂ. ഇവർക്ക് മതിയായ റെസ്റ്റ് റൂമോ ടോയ്ലെറ്റ് സൗകര്യങ്ങളോ ഇല്ല. റെയ്ഞ്ച് ഓഫീസുകളിൽ രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ഉദ്യോഗസ്ഥന്മാർ മദ്യപിച്ച് വരികയും അവരിൽനിന്നും നിരന്തരമായ ലൈംഗിക പീഡനങ്ങൾ വനിതാ ജീവനക്കാരികൾ അനുഭവിക്കുന്നുവെന്നും അവർ വളരെ വേദനയോടെ ചൂണ്ടിക്കാണിക്കുന്നു. ചില റെയ്ഞ്ച് ഓഫീസുകളിൽ ഓഫീസ് വർക്കുണ്ടെന്നും റെയ്ഡുണ്ടെന്നും പറഞ്ഞ് രാത്രികാലങ്ങളിൽ വനിതാ ജീവനക്കാരികളെ വിളിച്ചുവരുത്തുകയും മേലുദ്യോഗസ്ഥർ അപമര്യാദയായി പെരുമാറുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട് എന്ന് പരാതിയിൽ പറയുന്നു. അസമയങ്ങളിൽ വനിതാ ജീവനക്കാരെ വിളിച്ചുവരുത്തുന്നത് ജി.ഡി. പുസ്തകത്തിൽ രേഖപ്പെടുത്താറില്ല. മാത്രമല്ല, അങ്ങനെ വരുന്നവരെ രാത്രികാലങ്ങളിൽ സുരക്ഷിതമായി വീട്ടിലെത്തിക്കാനുള്ള നടപടിയും മേലുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല എന്ന പരാതിയും അവർ ശക്തമായി ഉന്നയിക്കുകയാണ്. തങ്ങൾ ഈ ഡിപ്പാർട്ടുമെന്റിൽ പുഴുക്കളെപ്പോലെയാണ് ജോലി ചെയ്യുന്നതെന്നും വളരെ വിഷമത്തോടെ അവർ പരാതി ഉന്നയിച്ചിട്ടുണ്ട്. തൊഴിൽ സ്ഥലത്തെ പീഡനങ്ങളെ സംബന്ധിച്ച് പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ ഇന്റേണൽ കംപ്ലെയിൻസ് കമ്മിറ്റികൾ ഓരോ ഡിപ്പാർട്ട്മെന്റിലും രൂപീകരിക്കണ

മെന്ന് വ്യക്തമായി പറയുന്നുണ്ട്. അതുപോലെ ഇത്തരം കുറ്റകൃത്യങ്ങൾ ഗൗരവമായി എടുക്കണമെന്നും treat sexual harassment as a misconduct under the Service Rules and initiate action for such misconduct തുടങ്ങിയ നിയമപരമായ പരിരക്ഷ ഇക്കാര്യത്തിൽ ഉള്ളതാണ്. തൊഴിൽ സ്ഥലത്തെ പീഡനങ്ങൾക്ക് അതീവ ഗൗരവമുള്ള ഒരു നിയമ സംവിധാനമാണ് നമ്മുടെ രാജ്യത്തുള്ളത്. വിശാഖ കേസ്സിലെ സുപ്രീംകോടതി വിധി ഇതിനകത്ത് വളരെ പ്രസക്തമാണ്. ഈ പരാതിയുടെ കോപ്പി എന്റെ കൈവശമുണ്ട്. അതിൽ എക്സൈസ് കമ്മീഷണർ ശ്രീ. ഋഷിരാജ് സിംഗ് മൂന്ന് ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് പീഡിപ്പിച്ചവരിൽ നിന്നുതന്നെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. Get report from range inspectors within three days. ഇത് എന്ത് നടപടിയാണ്? ഇങ്ങനെയൊരു anonymous petition കിട്ടിയാൽ എന്താണ് ചെയ്യേണ്ടത്? വളരെ വ്യക്തമായി മനുഷ്യാവകാശ കമ്മീഷനും വനിതാ കമ്മീഷനും മുഖ്യമന്ത്രിക്കും എക്സൈസ് വകുപ്പുമന്ത്രിക്കുമൊക്കെ പരാതി കൊടുത്തിട്ട് മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോഴാണ് മൂന്ന് ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെടുന്നത്. അതിനകത്ത് താഴെ എഴുതിയിരിക്കുന്നു, "മേൽ വിഷയത്തിൽ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. ടി പരാതിയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് മൂന്ന് ദിവസത്തിനകം നൽകണം, ഡെപ്യൂട്ടി കമ്മീഷണർ." ഇത് ഡെപ്യൂട്ടി കമ്മീഷണർ താഴോട്ട് കൊടുക്കും അവസാനം ഇതൊന്നും ശരിയല്ല എന്നുപറഞ്ഞ് റിപ്പോർട്ട് വരും. പരാതിയിൽ പറഞ്ഞ കാര്യങ്ങൾ ഇവിടെ പറയാൻ എനിക്ക് പ്രയാസമുണ്ട്. അതുകൊണ്ട് അവതരിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കോൺഫിഡൻഷ്യലായി ഞാൻ ഈ പരാതി നൽകാം. അങ്ങ് ഇത് പരിശോധിക്കണം. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കേരളത്തിൽ ഇത് നടക്കാൻ പാടില്ല. ഒരു ഡിപ്പാർട്ടുമെന്റിനകത്ത് വനിതാ ജീവനക്കാർക്ക് സ്വൈര്യമായി ജീവിക്കാൻ കഴിയുന്നില്ല, അവരെ ലൈംഗികമായി പീഡിപ്പിക്കുന്നു, അവരെ ഹരാസ് ചെയ്യുന്നു, അപമാനിക്കുന്നു, അവർ കുടുംബവും കുട്ടികളും ഉള്ളവരായതിനാൽ പരാതിയിൽ പേരുവയ്ക്കാൻ അവർക്ക് മടിയുണ്ട്. അതുകൊണ്ടാണ് പേര് വയ്ക്കാത്തത്. കൂടാതെ ഇത് പുറത്തുപറഞ്ഞാൽ കൂടുതൽ പീഡനമുണ്ടാകുമെന്ന് അവർ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത് സീനിയറായ ഒരു വനിതാ ഐ.പി.എസ്. ഓഫീസർ ഉൾപ്പെട്ട ടീമിനെ നിയോഗിച്ച് ഇതിന്റെ സത്യാവസ്ഥ എന്താണെന്ന് അങ്ങ് അന്വേഷിച്ച് നടപടി സ്വീകരിക്കണം. സാംസ്കാരിക, പുരോഗമന കേരളത്തിന് അപമാനകരമായ സംഭവമാണ് ഇന്ന് എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നടക്കുന്നത്. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കോൺഫിഡൻഷ്യലായിത്തന്നെ ഈ പരാതി നൽകുന്നതാണ്. പുറത്ത് പറയാൻ വിഷമമുള്ളതുകൊണ്ട് ഞാൻ അത് പറയുന്നില്ല.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിഷയം അവതരിപ്പിച്ച് സംസാരിച്ചപ്പോൾ തന്നെ പരാതിയിൽ പറഞ്ഞിട്ടുള്ള മിക്കവാറും കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ആ പരാതിയുടെ കോപ്പി എന്റെ കൈവശമുണ്ട്. പക്ഷേ അങ്ങ് ഉദ്ദേശിച്ചതുപോലെ മുഖ്യമന്ത്രിയുടെ ഓഫീസിലോ എന്റെ ഓഫീസിലോ പരാതി കിട്ടിയിട്ടില്ല. അത് വസ്തുതാപരമല്ല. പരാതിയുടെ കോപ്പി മാർക്ക് ചെയ്തിട്ടുണ്ട്. അങ്ങയുടെ സബ്മിഷന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഞാൻ ഇന്ന് വീണ്ടും പരിശോധിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല. എന്റെ ഓഫീസിലും കിട്ടിയിട്ടില്ല. ഈ പരാതി മനുഷ്യാവകാശ കമ്മീഷൻ എക്സൈസ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് അയച്ചതാണ്. മനുഷ്യാവകാശ കമ്മീഷനിൽ ലഭിച്ച anonymous പരാതി പരിശോധനയ്ക്കുവേണ്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയച്ചു. എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ കിട്ടിയത് ഒരാഴ്ചയ്ക്കകത്താണ്. അതാണ് വസ്തുത. ഇവിടെ ചില കാര്യങ്ങൾ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പരാതിയിൽ എക്സൈസ് കമ്മീഷണറെ പുകഴ്ത്തി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൽ വിശ്വാസം അർപ്പിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണറെക്കുറിച്ച് പരാതിക്കകത്തും പറയുന്നുണ്ട്. 'കമ്മീഷണർ രണ്ട് മാസത്തിൽ ഒരു തവണ എല്ലാ ജില്ലകളിലും പരിശോധനയ്ക്ക് എത്താറുണ്ട്.' ഈ പരാതിയുടെ പശ്ചാത്തലത്തിൽ ഈ മാസം അദ്ദേഹം വീണ്ടും പരിശോധനയ്ക്ക് ഇറങ്ങുകയാണ്. ഈ സന്ദർശന സമയത്ത് വനിതകളെയും അദ്ദേഹം സന്ദർശിക്കാറുണ്ട്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള ഒരു പരാതി കമ്മീഷണറോട് നേരിട്ട് പറയുകയോ എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ ലഭിക്കുകയോ ചെയ്തിട്ടില്ല. നിയമസഭ നടക്കുന്ന സന്ദർഭത്തിൽ എന്റെ ചേംബറിൽ വന്ന് ഇവിടത്തെ സൗകര്യങ്ങൾ കൂടി നോക്കി ആർക്കും എന്നെ കാണാം. ഞാൻ ഓഫീസിലുള്ള സമയത്തും എല്ലാവർക്കും കാണാൻ സൗകര്യം കൊടുക്കുന്നുണ്ട്. ആരേയും നിയന്ത്രിക്കുന്നില്ല. ആർക്കും പരാതി തരാം. വനിതാ എക്സൈസുകാരിൽ ചിലർ ജോലി കിട്ടുന്നതിനുമുമ്പ് റാങ്ക് ലിസ്റ്റിൽ നിന്നും അവർക്ക് ജോലി ലഭിക്കണമെന്ന ആവശ്യവുമായി എന്റെ ഓഫീസിൽ വന്നിട്ടുണ്ട്. ഞാൻ എക്സൈസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ചില പരിപാടികളിൽ പങ്കെടുക്കുന്ന സമയത്തും അവിടെയുണ്ടാകുന്ന വനിതാ ഓഫീസർമാരുമായും സംസാരിക്കാറുണ്ട്. മന്ത്രി എന്ന നിലയിൽ എന്റെ മുന്നിലോ, എന്റെ ഓഫീസിലോ, എക്സൈസ് കമ്മീഷണറോട് നേരിട്ടോ, എക്സൈസ് കമ്മീഷണറുടെ ഓഫീസിലോ ഇതുസംബന്ധിച്ച് യാതൊരു പരാതിയും ലഭിച്ചിട്ടില്ല. യഥാർത്ഥത്തിൽ പ്രതീക്ഷിക്കാത്ത നിലയിലുള്ള പ്രശ്നമാണ് ഉയർന്നുവന്നിട്ടുള്ളത്. ഇതിന്റെ നിജസ്ഥിതി എന്താണെന്ന് പരിശോധിക്കണം. ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ കാര്യങ്ങൾ വന്നുകഴിഞ്ഞാൽ ഡിപ്പാർട്ട്മെന്റ്

അടിസ്ഥാനത്തിൽ തന്നെയാണ് ആദ്യം പരിശോധിക്കേണ്ടത്. അതുകൊണ്ടാണ് എക്സൈസ് കമ്മീഷണർ തന്നെ ഇടപെട്ട് മൂന്ന് ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് ഡെപ്യൂട്ടി കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയത്. ഡെപ്യൂട്ടി കമ്മീഷണർമാർ എല്ലാം കുറ്റവാളികളാണെന്ന് പരാതിയിൽ പറയുന്നില്ല. ആരെങ്കിലും ഉണ്ടോ ഇല്ലയോ എന്നുള്ളത് നമുക്ക് പരിശോധിക്കാം. വനിതാ ജീവനക്കാർക്ക് ടോയ്‌ലെറ്റ്, റെസ്റ്റ്റൂം തുടങ്ങിയ സൗകര്യങ്ങൾ അനുവദിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി ഒന്നരക്കോടി രൂപ അനുവദിക്കുകയും നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയുമാണ്. അത് എത്രത്തോളമായി എന്നതിനെക്കുറിച്ച് പരിശോധിക്കാം. അങ്ങ് കംപ്ലെയിന്റ്സ് കമ്മിറ്റി രൂപീകരിക്കേണ്ടത് സംബന്ധിച്ച് ചൂണ്ടിക്കാണിച്ചു. അത്തരം ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച് പരിശോധിക്കാനും ആവശ്യമെങ്കിൽ കമ്മിറ്റി തന്നെ പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശവും എക്സൈസ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഈ പരാതിയുടെ പശ്ചാത്തലത്തിൽ ആ സംഭവം ശരിയാണോ തെറ്റാണോ എന്നുള്ള നിഗമനത്തിൽ എത്താനായിട്ടില്ല. എന്തെങ്കിലും തെളിവോ, വ്യക്തമായ വിവരങ്ങളോ, അങ്ങ് ഇവിടെ പറയാത്ത കാര്യങ്ങളോ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ പ്രത്യേകം ഗൗരവത്തിൽ എടുത്തുകൊണ്ട് പരിശോധിക്കാൻ വകുപ്പ് തയ്യാറാണ്. ചുമതലപ്പെട്ട മന്ത്രി എന്ന നിലയിൽ ഞാൻ പ്രത്യേകം താൽപ്പര്യം എടുക്കുകയും ചെയ്യും. ഇത് ഒരു തരത്തിലും കുറച്ചുകാണാൻ ശ്രമിക്കുന്നില്ല. ഈ പരാതി ശരിയാണോ തെറ്റാണോ എന്നുള്ളതും പരിശോധിക്കേണ്ടതുണ്ട്. എല്ലാ കാര്യങ്ങളും പരിശോധിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. പരാതികൾ സ്വകാര്യമായി സമർപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും ഇപ്പോൾ തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 138 എക്സൈസ് റെയ്ഞ്ച് ഓഫീസുകളിലും പരാതിപ്പെട്ടി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിപ്പെട്ടിയിൽ പരാതി സമർപ്പിക്കുന്നവരുടെ പേര് ഒരു കാരണവശാലും പുറത്ത് പറയില്ല. പരാതിപ്പെട്ടിയുടെ നിയന്ത്രണം കമ്മീഷണർക്കായിരിക്കും. താക്കോൽ അദ്ദേഹം സൂക്ഷിക്കും അല്ലെങ്കിൽ അദ്ദേഹത്തിന്റെ സ്ക്വാഡ് സൂക്ഷിക്കും. അതിനകത്തുനിന്നും സ്വകാര്യമായി പരാതികൾ എടുത്ത് പരിശോധിക്കുന്നതിനാവശ്യമായ ഏർപ്പാട് ചെയ്യുന്നുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുമായി ബന്ധപ്പെട്ടതോ അല്ലാത്തതോ ആയ പ്രശ്നങ്ങളുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കാനും പരാതി സ്വീകരിക്കാനും ആക്ഷേപത്തിനിടയില്ലാത്ത വിധത്തിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതിയിൽ പറഞ്ഞിട്ടുള്ള സ്കൂട്ടറിന്റെ കാര്യം അങ്ങയുടെ അവതരണത്തിൽ വന്നില്ല. 100 എക്സൈസ് റെയ്ഞ്ച്

ഓഫീസുകളിൽ സ്റ്റാർ അനുവദിച്ചിട്ടുണ്ട്. ഈ സ്റ്റാറുകൾ ദുരുപയോഗപ്പെടുത്തുന്നു, മറ്റാളുകൾ ഉപയോഗിക്കുന്നുവെന്നാണ് പരാതിയിൽ പറയുന്നത്. ഇത് എക്സൈസ് ഡിപ്പാർട്ടുമെന്റ് കമ്മീഷണറുടെയോ ഉദ്യോഗസ്ഥരുടെയോ ശ്രദ്ധയിൽപ്പെടാത്ത വിഷയമാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും പരിശോധിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. അങ്ങ് പറയാത്ത ഒരു പ്രശ്നം കൂടി ഉണ്ടെന്ന് എനിക്ക് അറിയാം. ആ പ്രശ്നത്തെക്കുറിച്ച് പരിശോധിച്ചതിൽ അത് നേരത്തേയുള്ള പ്രശ്നമാണ്. അതിന് വിധേയരായിട്ടുള്ളവർ നടപടിക്ക് വിധേയരായിട്ടുണ്ട്, നടപടിയിലാണ്. അങ്ങ് പറയാത്തതുകൊണ്ട് ഞാനും അക്കാര്യങ്ങൾ ഇവിടെ പറയുന്നില്ല. മാത്രമല്ല, ഇവരെല്ലാം കുടുംബമായി താമസിക്കുന്നവരാണ്. കുടുംബത്തിന്റെ സ്വസ്ഥതയും ഭദ്രതയും കോട്ടം തട്ടാത്ത രീതിയിൽത്തന്നെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകണം. ആ നിലയിൽത്തന്നെ ഇത് കൈകാര്യം ചെയ്യും. സമയക്കുറവ് കാരണം വിശദ വിവരങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു.*

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാനപ്പെട്ട മന്ത്രിയെ ആരും കുറ്റപ്പെടുത്തിയിട്ടില്ല. ഇങ്ങനെയൊരു പരാതി മനുഷ്യാവകാശ കമ്മീഷന് കിട്ടിയത് ഗുരുതരമായ കാര്യമാണ്. അനോനിമസ് പെറ്റീഷനാണ്. ഇത് സത്യമാണോ അല്ലയോ എന്നറിയണം. സാധാരണഗതിയിൽ പീഡിപ്പിക്കപ്പെട്ട ഒരു വനിത ഏതെങ്കിലും പുരുഷ ഉദ്യോഗസ്ഥനോട് എന്നെ പീഡിപ്പിച്ചുവെന്ന് പറയാറില്ല. അതുകൊണ്ടാണ് ഒരു വനിതാ ഐ.പി.എസ്. ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി രഹസ്യമായി വനിതകൾക്ക് അങ്ങനെയൊരു ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ തയ്യാറാകണമെന്ന് പറഞ്ഞത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിന്റെ തലപ്പത്ത് ഇരിക്കുന്ന ആളെക്കുറിച്ച് പരാതി അയച്ചവർക്കോ മറ്റാർക്കെങ്കിലുമോ പരാതിയില്ല. കാര്യങ്ങൾ ഏറെക്കുറെ അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹവുമായി ചർച്ച ചെയ്തശേഷം തുടർനടപടി സ്വീകരിക്കാം.

## 2. മധുസൂദനന്റെ തിരോധാനം

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, എന്റെ നിയോജക മണ്ഡലത്തിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് മെമ്പറായ ശ്രീ. മധുസൂദനനെ കഴിഞ്ഞ 11 ദിവസമായി കാണാതായിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അദ്ദേഹത്തിന്റെ ഭാര്യയും മാതാവും വല്ലാതെ വിഷമത്തിലാണ്. കഴിഞ്ഞ 11

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ദിവസമായി അടൂർ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ കൊടുമൺ സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തുന്നുണ്ടെങ്കിലും ഇതുവരെ ആളിനെ കണ്ടെത്താൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തിന് പുറത്തുകൂടി അന്വേഷണം വ്യാപിപ്പിച്ചെങ്കിൽ മാത്രമേ ഇതുമായി ബന്ധപ്പെട്ട വ്യക്തത ലഭിക്കുകയുള്ളൂവെന്നാണ് പോലീസ് പറയുന്നത്. അതുകൊണ്ട് മധുസൂദനനെ കണ്ടെത്തുന്നതിനായി പോലീസിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് തുടരന്വേഷണം നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പന്തളം തെക്കേക്കര പഞ്ചായത്തിലെ 12-ാം വാർഡ് മെമ്പർ ശ്രീ. മധുസൂദനനെ 4-3-2018 മുതൽ കാണാനില്ലെന്ന് ഭാര്യ 6-3-2018-ന് കൊടുമൺ പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 350/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരികയാണ്. തിരിച്ചറിയൽ അടയാളങ്ങളും ഫോട്ടോയും സഹിതം എല്ലാ പോലീസ് സ്റ്റേഷനിലേയ്ക്കും ഇ-മെയിൽ മുഖാന്തരവും പോലീസ് വാട്ട്സ്ആപ് ഗ്രൂപ്പിലും റെയിൽവേ അലെർട്ട് കൺട്രോളിലും അയച്ചുകൊടുത്തിട്ടുണ്ട്. ഫോട്ടോ പതിച്ച ലുക്കൗട്ട് നോട്ടീസ് കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളുടെ വിവിധ ഭാഗങ്ങളിൽ പതിച്ചിട്ടുണ്ട്. പത്രമാധ്യമങ്ങളിലും ഇത് പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. മധുസൂദനൻ ഉപയോഗിച്ചുവന്ന മൊബൈൽ നമ്പർ പിന്തുടരുന്നതിന് പത്തനംതിട്ട സൈബർ സെല്ലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൊടുമൺ എസ്.എച്ച്.ഒ.യുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ചാണ് ഇപ്പോൾ അന്വേഷണം നടത്തിവരുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഉയർന്ന തലത്തിൽ അന്വേഷണം നടത്താൻ ഡി.ജി.പി.-ക്ക് നിർദ്ദേശം നൽകുന്നതാണ്.

### 3. നിലമ്പൂർ ഫയർ സ്റ്റേഷൻ

<u>ശ്രീ. പി. വി. അൻവർ:</u> സർ, എന്റെ മണ്ഡലത്തിൽ 2005 മുതൽ പ്രവർത്തിച്ചുവരുന്ന ഫയർ സ്റ്റേഷന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. നിലമ്പൂർ ഫയർ സ്റ്റേഷന് കീഴിൽ 9 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും 4,07,145 ജനങ്ങളുമാണ് താമസിക്കുന്നത്. പത്തിലധികം ചെറുനദികളും ഒട്ടേറെ നീർച്ചാലുകളും തോടുകളും ഘോര വനങ്ങളുമുള്ള പ്രദേശമാണ് നിലമ്പൂർ. മലപ്പുറം ജില്ലയിലെ വനാന്തരങ്ങളിൽ ജീവിക്കുന്ന 95 ശതമാനം ആദിവാസികളും ഈ മേഖലയിലാണുള്ളത്. ചെങ്കുത്തായ മലകളും ദുർഘടം പിടിച്ച ഗതാഗത

യോഗ്യമല്ലാത്ത വഴികളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. പുഴകളിലും ജലാശയങ്ങളിലും ഒഴുക്കിൽപ്പെട്ട് പോകുന്നവരും കാട്ടുതീ അടക്കമുള്ള അത്യാഹിതവുമാണ് ഈ പ്രദേശത്ത് ഫയർ ഫോഴ്സ് കൂടുതലായും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. വരണ്ടുണങ്ങിയ പുരയിടങ്ങളിലും മരവ്യവസായ ഷെഡ്ഡുകളിലും വേനൽക്കാലമായാൽ തീപിടിത്തം പതിവാണ്. വനപ്രദേശത്തോട് ചേർന്ന് ഏറെ ജനവാസമുള്ള സ്ഥലം കൂടിയാണ് നിലമ്പൂർ നിയോജകമണ്ഡലം. കാട്ടുതീ പടർന്ന് ജനവാസമേഖലയിലും കനത്ത നാശമുണ്ടാകാറുണ്ട്. ഏക്കർ കണക്കിന് റബ്ബർ തോട്ടങ്ങളും കൃഷിയിടങ്ങളും വനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. അശ്രദ്ധയോടെ വലിച്ചെറിയുന്ന ഒരു സിഗററ്റ് കുറ്റി മതി ഒട്ടേറെ ജൈവവൈവിധ്യമുള്ള ഹെക്ടർ കണക്കിന് അടിക്കാടുകൾ കത്തിനശിക്കാൻ. കേരള-തമിഴ്നാട് അതിർത്തി അന്തർ സംസ്ഥാന പാത കടന്നുപോകുന്നതും നിലമ്പൂർ നിയോജകമണ്ഡലത്തിലുള്ള നാടുകാണി ചുരം മേഖലയിലൂടെയാണ്. ഇത്രയും പ്രത്യേകതയുള്ള ഈ പ്രദേശത്ത് പിണറായി സർക്കാർ അധികാരത്തിൽവന്ന 2016-17-ൽ 5 കോടി രൂപ കെട്ടിടത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. പക്ഷേ സ്വന്തമായി സ്ഥലം ഇല്ലാത്തതിന്റെ പേരിൽ ഇന്നുവരെ ആ കെട്ടിടം പണിയാൻ സാധിച്ചിട്ടില്ല. അതിനായി നിലമ്പൂർ താലൂക്ക് ഓഫീസ് പരിസരത്ത് പട്ടികജാതി വകുപ്പിന്റെ അധീനതയിലുള്ള നിലമ്പൂർ ജവഹർ കോളനിയിലെ പൊതു ആവശ്യങ്ങൾക്കായി നീക്കിവച്ച സ്ഥലത്തിൽ ശേഷിക്കുന്ന ഒന്നരയേക്കർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം ലഭിക്കുന്നതിന് പട്ടികജാതി വകുപ്പിന് അപേക്ഷ കൊടുത്തിരുന്നു. അത് ഒരു ആലോചനയുമില്ലാതെ മടക്കിയിരിക്കുകയാണ്. ആയതിനാൽ അടിയന്തര പ്രാധാന്യത്തോടുകൂടി പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള പൊതു ആവശ്യങ്ങൾക്കായി നീക്കിവച്ച സ്ഥലത്തുനിന്നും വിവിധ വകുപ്പുകൾക്ക് മുമ്പ് സ്ഥലം നൽകിയ മാതൃകയിൽ ചുരുങ്ങിയത് 50 സെന്റ് ഭൂമിയെങ്കിലും അഗ്നി സുരക്ഷാ വകുപ്പിന് വിട്ടുനൽകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിലമ്പൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 60 സെന്റ് സ്ഥലം പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള നിലമ്പൂർ വെളിയന്തോട് ജവഹർ കോളനി പരിസരത്ത് ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഥലം അഗ്നിരക്ഷാ വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ട് സർക്കാർ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റത്തിനുള്ള നടപടിക്രമം പൂർത്തിയാക്കി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനാവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## 4. കോംട്രസ്റ്റ് നെയ്ത്തുഫാക്ടറിയും അനുബന്ധ കെട്ടിടങ്ങളും

ഡോ. എം. കെ. മുനീർ: സർ, ശ്രീ. ഇ. ശ്രീധരനെ കാണാൻ ഗവൺമെന്റ് അനുവദിച്ചില്ല എന്ന പ്രമേയം ഞങ്ങൾ ഇവിടെ അവതരിപ്പിച്ചിരുന്നു. അതേ അവസ്ഥയാണ് എനിക്കുമുണ്ടായിട്ടുള്ളത്. കോംട്രസ്റ്റ് വിഷയത്തിൽ ഞാൻ ബഹുമാനപ്പെട്ട പുരാവസ്തു വകുപ്പുമന്ത്രിയെക്കണ്ട് ചർച്ച ചെയ്യാൻ 10-15 ദിവസങ്ങൾക്കുമുമ്പ് ഒരു കത്ത് കൊടുത്തിരുന്നു. അതിനൊരു മറുപടിയും ലഭിക്കാത്തതുകൊണ്ടാണ് എനിക്ക് ഈ വിഷയം സബ്മിഷനായി കൊണ്ടുവരേണ്ടിവന്നത്. അതുകൊണ്ട് ദയവുചെയ്ത് ഞങ്ങളൊക്കെ ഒന്ന് കാണണമെന്ന് പറയുമ്പോൾ സമയം അനുവദിച്ച് യോഗം വിളിക്കണം. ഞങ്ങളുടെ കാലത്തും ഇന്നും മറ്റ് മന്ത്രിമാരുമൊക്കെ അത് ചെയ്യുന്നുണ്ട്. കോംട്രസ്റ്റിന്റെ മീറ്റിംഗ് വിളിക്കാൻ തയ്യാറാകാതെ വരുമ്പോൾ ഞങ്ങൾക്ക് സംശയം തോന്നുകയാണ്. കാരണം അവിടെ ഒരു ഭൂമാഫിയ കുറെ നാളുകളായി കോംട്രസ്റ്റ് പിടിച്ചടക്കാൻ ശ്രമിക്കുകയാണ്. പല തവണ ഭൂമാഫിയ മതിലുകൾ ചവിട്ടിപ്പൊളിച്ചപ്പോഴും അവിടത്തെ തൊഴിലാളികളാണ് കോംട്രസ്റ്റിന് സംരക്ഷണം കൊടുത്തത്. ഇപ്പോൾ എന്താണ് സംഭവിച്ചത്? കഴിഞ്ഞ ഗവൺമെന്റ് പറഞ്ഞതനുസരിച്ച് കോംട്രസ്റ്റ് ഏറ്റെടുക്കുന്നതിനുള്ള ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് അയച്ചു. ബഹുമാനപ്പെട്ട രാഷ്ട്രപതി ആ ബിൽ അംഗീകരിച്ചു, കോംട്രസ്റ്റ് ഏറ്റെടുക്കുന്നതിന് അനുമതി ലഭിച്ചിരിക്കുന്നു. അതിൽ രണ്ട് കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. ഇതിന്റെ പകുതി ഭാഗം പുരാവസ്തുവായി പരിഗണിക്കണമെന്നും പകുതി ഭാഗം ഒരു മ്യൂസിയവും അതിന്റെ കൂടെ ആധുനികവൽക്കരിക്കപ്പെട്ട രീതിയിൽ ഇപ്പോൾ നടക്കുന്ന വ്യവസായം തുടരുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്നാണ്. ഞങ്ങൾക്ക് പറയാനുള്ളത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണികൾ നടത്തി ഭൂമാഫിയ തകർത്തിട്ടുള്ള മതിൽ അടക്കം പുനർനിർമ്മിച്ച് അതിന്റെ സംരക്ഷണം ഏറ്റെടുത്ത് ഇതൊരു സംരക്ഷിത പൈതൃകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. രണ്ട്, പൂട്ടിക്കിടന്ന കമ്പനിയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി അവിടെ വ്യവസായ മ്യൂസിയവും ഉത്പാദനകേന്ദ്രവും സ്ഥാപിക്കാൻ ഉടൻതന്നെ നടപടിയെടുക്കണം. കോഴിക്കോട് നിന്നാണ് ഒരു കാലഘട്ടത്തിൽ തുണിത്തരങ്ങൾ വിദേശ രാജ്യത്തേയ്ക്ക് കയറ്റി അയച്ചിരുന്നത്. കാലിക്കറ്റ് എന്ന പേരുതന്നെ വന്നത് കാലിക്ലോത്ത് എന്നുപറയുന്ന തുണി അവിടെനിന്നും കയറ്റി അയച്ചതുകൊണ്ടാണ്. ഈ കോംട്രസ്റ്റിൽ നിർമ്മിക്കുന്ന തുണിത്തരങ്ങളാണ് പണ്ട് രാഷ്ട്രപതി ഭവനിൽ വരെ ഉപയോഗിച്ചിട്ടുള്ളത്. ഇപ്പോൾ തമിഴ്നാട്ടിലൊക്കെയാണ് വലിയ കമ്പനികളുള്ളത്. പ്യൂമ, അഡിഡാസ് തുടങ്ങിയ കമ്പനികളുടെ ടീ-ഷർട്ടൊക്കെ നിർമ്മിക്കുന്നത് അന്യസംസ്ഥാനങ്ങളിലാണ്. അതുകൊണ്ട് നമുക്ക് ആധുനിക

വൽക്കരിക്കപ്പെട്ട രീതിയിൽ തുണിത്തരങ്ങൾ നിർമ്മിക്കാൻ കോംട്രസ്റ്റിനെ ഉപയോഗിക്കാം. ഇത് സംരക്ഷിത പൈതൃകമായി പ്രഖ്യാപിക്കുന്നതിന് പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉടൻ ചെയ്യണം. കെ.എസ്.ഐ.ഡി.സി. ആണ് അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കേണ്ടത്. ആ സംരക്ഷണം ഉറപ്പുവരുത്തി കമ്പനി ആധുനികവൽക്കരിച്ച് തൊഴിലാളികൾക്കുള്ള തൊഴിലവസരം നഷ്ടപ്പെടാതെ ഒന്നുകൂടി ഭംഗിയായി നടത്തുന്നതിനുവേണ്ട നടപടിയുണ്ടാകണം. ഇതുപോലുള്ള കാര്യങ്ങൾ ആവശ്യപ്പെടുമ്പോൾ ഞങ്ങളുടെ റിക്വസ്റ്റ് പരിഗണിച്ച് ചർച്ചയ്ക്ക് വിളിക്കാൻ മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം ഇതിനുവേണ്ടി സമരം ചെയ്ത ആളുകളാണ് ഇതിനകത്തിരിക്കുന്നത്. രാഷ്ട്രീയ ഭേദമില്ലാതെ സമരം ചെയ്ത് നേടിയെടുത്ത കാര്യമാണിത്.

11.00 AM]

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാന്യനായ എന്റെ സുഹൃത്ത് ഡോ. എം. കെ. മുനീർ ഇവിടെ ആമുഖമായി പരാമർശിച്ച കാര്യം വേദനാജനക മാണെന്ന് മാത്രമല്ല, എന്നെ കാണാൻ ആഗ്രഹിക്കുന്നവർക്കും ആഗ്രഹിക്കാത്തവർക്കും കാണാൻ സൗകര്യം നൽകുന്ന ഒരു എളിയ പ്രവർത്തകനാണ് ഞാൻ. ജീവിതത്തിൽ ആദ്യമായാണ് ഇത്തരം പരാമർശനം കേൾക്കുന്നത്. എന്നെ കൂടുതൽ കാണുന്നുവെന്നാണ് പലരും പരാതിയായി പറഞ്ഞിട്ടുള്ളത്. ആ നിലയിൽ ഇങ്ങനെ ഒരു സംഭവമുണ്ടാകുമെന്ന് എനിക്ക് ചിന്തിക്കാൻപോലും കഴിയില്ല. കത്ത് കിട്ടിയതായി ഓർക്കുന്നില്ല. പരിശോധിച്ച് നേരിട്ട് സംസാരിക്കാവുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, കത്ത് കിട്ടിയിട്ടില്ലെന്നാണോ അങ്ങ് പറയുന്നത്? കത്തിന്റെ കോപ്പി വേണമെങ്കിൽ അങ്ങേയ്ക്ക് നൽകാം. ആർക്കാണ് കത്ത് കൊടുത്തതെന്ന വിവരവും പറയാം. മീറ്റിംഗ് വിളിക്കുന്നതിനുവേണ്ടി ഞാനും ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.യും ചേർന്നാണ് കത്ത് കൊടുത്തത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം. കെ. മുനീർ, നമ്മൾ തമ്മിൽ എപ്പോഴും കാണുന്നതല്ലേ; കത്ത് കിട്ടിയിട്ടുണ്ടെങ്കിൽ അത് കാണാത്ത സാഹചര്യം പരിശോധിക്കാം. കത്ത് കിട്ടിയിട്ടുണ്ടെങ്കിൽ ഞാൻ അങ്ങയോട് ക്ഷമ ചോദിക്കുകയും ചെയ്യാം. ഈ പരാമർശം ഡോ. എം. കെ. മുനീറിന്റെ ഭാഗത്തു നിന്നുണ്ടായത് എന്നെ അമ്പരപ്പിച്ചു. വാസ്തവത്തിൽ ഏറെ വേദനിപ്പിക്കുന്നതാണ്. ശ്രീ. ഇ. ശ്രീധരനെ കാണാൻ അനുവദിച്ചില്ലെന്ന് പറഞ്ഞതുമായി ബന്ധപ്പെടുത്തി പറയേണ്ടിയിരുന്നില്ല. ആ നിലയിൽ ഒരു പ്രശ്നവും ഇല്ലായിരുന്നു. ആ പരാമർശം നിർഭാഗ്യകരമായിപ്പോയി.

ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച വിഷയം സംബന്ധിച്ച് അദ്ദേഹവും ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.യും ഉൾപ്പെടെ പല സുഹൃത്തുക്കളും ഈ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും മുൻകാലത്ത് നിലനിന്നിരുന്ന സങ്കീർണ്ണമായ ചില പ്രശ്നങ്ങൾ ഉള്ളതുമാണ്. ചരിത്രപരവും പുരാവസ്തു പ്രാധാന്യമുള്ളതുമായ 150 വർഷത്തിലധികം പഴക്കമുള്ള കോംട്രസ്റ്റ് വീവിംഗ് ഫാക്ടറി കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കേണ്ടതാണെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്യുകയും റവന്യൂ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കരട് പ്രാഥമിക വിജ്ഞാപനവും സമർപ്പിച്ചിട്ടുമുണ്ട്. കൂടാതെ കോംട്രസ്റ്റ് വീവിംഗ് ഫാക്ടറി കെട്ടിടവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 36421/16 നമ്പരായി കേസ് നിലവിലുള്ളതായും ആ കേസുമായി ബന്ധപ്പെട്ട് കേന്ദ്ര പുരാവസ്തു വകുപ്പിലെയും സംസ്ഥാന പുരാവസ്തു വകുപ്പിലെയും ഉദ്യോഗസ്ഥർ പ്രസ്തുത സ്മാരകം സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംരക്ഷിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും പുരാവസ്തു ഡയറക്ടർ ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോമൺവെൽത്ത് നെയ്ത്ത് ഫാക്ടറി കെട്ടിടം നശിച്ചുകൊണ്ടിരിക്കുകയാണെന്നും മഴയത്ത് ഫാക്ടറിയുടെ പലഭാഗങ്ങളിലും ചുമരുകളും തൂണുകളും അടർന്ന് വീണതായും മേൽ സാഹചര്യത്തിൽ പ്രസ്തുത സ്മാരകം സംരക്ഷിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നും കോഴിക്കോട് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് അക്വിസിഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് അണ്ടർടേക്കിംഗ് ബിൽ, 2012-ന് ബഹുമാനപ്പെട്ട രാഷ്ട്രപതി അംഗീകാരം നൽകിയത് അടുത്ത ദിവസങ്ങളിലാണ്. മേൽ സാഹചര്യത്തിൽ വ്യവസായ വകുപ്പുമായി ആലോചിച്ച് ചരിത്രപ്രാധാന്യമുള്ള കോംട്രസ്റ്റ് വീവിംഗ് ഫാക്ടറി കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഫാക്ടറി കെട്ടിടം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാനാകുകയുള്ളൂ. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചാൽ മാത്രമേ പ്രസ്തുത സ്മാരകത്തിൽ പുരാവസ്തു വകുപ്പിന്റെ ചുമതലയിൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്മാരകം സംരക്ഷിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് മറ്റ് കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീറും ശ്രീ. എ. പ്രദീപ്കുമാറും മറ്റ് ബന്ധപ്പെട്ട ജനപ്രതിനിധികളുമായും പൗരപ്രമുഖന്മാരുമായും സംസാരിക്കുകയും തുടർനടപടി സ്വീകരിക്കാനാവശ്യമായ പശ്ചാത്തലം ഒരുക്കുകയും ചെയ്യുന്നതാണ്.

## 5. കുടിവെള്ള പദ്ധതികൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ രണ്ട് കുടിവെള്ള പദ്ധതികളാണുള്ളത്. തിരുനാവായ കുടിവെള്ള പദ്ധതിയും വളാഞ്ചേരി മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ഇരുമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിയും. ഇരുമ്പിളിയം-എടയൂർ പദ്ധതിയിൽ സ്വന്തമായി ഒരു കുടിവെള്ള പദ്ധതിപോലുമില്ലാത്ത പഞ്ചായത്തിനെക്കൂടി ചേർത്ത് പുതുതായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഏകദേശം 75 കോടി രൂപ നൽകിയത് നിലവിലുള്ള കുടിവെള്ള പദ്ധതി വിപുലീകരിക്കാനും ആവശ്യമായ സംരക്ഷണം നൽകാനുമൊക്കെയാണ്. അതിന്റെ പുരോഗമന പ്രവൃത്തികളൊന്നും ഇതുവരെ ആയിട്ടില്ല. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം. തിരുനാവായ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ സമയമെടുക്കുന്നതിനാൽ കുടിവെള്ളത്തിനായി ആളുകൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് തിരുനാവായ കുടിവെള്ള പദ്ധതി വേഗത്തിൽ കമ്മീഷൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തിരുനാവായ-കാടാമ്പുഴ കുടിവെള്ള പദ്ധതി 2013-ൽ അംഗീകാരം ലഭിച്ച് ആരംഭിച്ചതാണ്. ഇതിന് പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നത് സംബന്ധിച്ച് 81.4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരമുള്ള ടാർ കട്ടിംഗ് നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തുക 62.8 ലക്ഷം രൂപയായി പുനഃനിജപ്പെടുത്തുകയും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പൊതുമരാമത്ത് വകുപ്പിന് അടയ്ക്കാനായി തുക നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എടയൂർ-ഇരുമ്പിളിയം-വളാഞ്ചേരി കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള ഡി.എസ്.ആർ. 2016 പ്രകാരം 75 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

## 6. സബ്ട്രഷറി

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശാസ്താംകോട്ട സബ്ട്രഷറി നിർമ്മാണ പദ്ധതിക്ക് അനുമതി ലഭിച്ചിട്ട് വർഷങ്ങൾ ഏറെയായെങ്കിലും നാളിതുവരെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ട്രഷറി പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റുകയും രണ്ട് വർഷമായി ട്രഷറി ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിലുമാണ് പ്രവർത്തിക്കുന്നത്. അവിടെയാണെങ്കിൽ സ്ഥലപരിമിതിയുണ്ട്. വരുന്ന പെൻഷൻകാർക്കും ജീവനക്കാർക്കും ആകെ ബുദ്ധിമുട്ടും പ്രയാസവും അനുദിനം ഉണ്ടായി

ക്കൊണ്ടിരിക്കുകയാണ്. അനുബന്ധ നിർമ്മാണ പ്രവൃത്തി 2010-ൽ ഇൻകെൽ എന്ന ഏജൻസി ഏറ്റെടുത്തെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിച്ചില്ല. പി.ഡബ്ല്യു.ഡി. റേറ്റിനേക്കാൾ വലിയ റേറ്റിലാണ് ഇൻകെൽ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. അതുകൊണ്ട് എസ്റ്റിമേറ്റ് സംബന്ധിച്ച ചില സാങ്കേതിക തടസ്സങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ശാസ്താംകോട്ട ട്രഷറിയുടെ കാര്യം മാത്രമല്ല കേരളത്തിലെ 21 സബ്ട്രഷറികളുടെയും നിർമ്മാണ പ്രവർത്തനം ഇതോടെ നിലച്ചിരിക്കുകയാണ്. 2017-ൽ ഈ ട്രഷറിയുടെ നിർമ്മാണ ചുമതല വീണ്ടും ഇൻകെൽ ഏറ്റെടുത്തു. അങ്ങ് ആദ്യം ധനകാര്യ വകുപ്പുമന്ത്രി യായിരുന്നപ്പോൾ ഞാൻ സഭയിലുണ്ടായിരുന്നു. അന്നും ഈ വിഷയം നിയമസഭയിലടക്കം ചർച്ച ചെയ്തതാണ്. അങ്ങ് രണ്ടാമതും ധനകാര്യ വകുപ്പു മന്ത്രിയായപ്പോൾ ഇൻകെൽ വീണ്ടും കരാർ പുതുക്കിയെങ്കിലും നാളിതുവരെ അതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇൻകെലിനെക്കൊണ്ട് കേരളത്തിലെ മൊത്തം സബ്ട്രഷറികളുടെയും ശാസ്താംകോട്ട സബ്ട്രഷറിയുടെയും നിർമ്മാണ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കേരളത്തിലെ എല്ലാ ട്രഷറികളുടെയും കെട്ടിടങ്ങളുടെയും നവീകരണത്തിനായുള്ള പദ്ധതി കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയിരുന്നു. പലതിനും പുതിയ കെട്ടിടങ്ങൾ വേണം. ചിലതിൽ നിലവിലുള്ളവയ്ക്ക് അഡീഷണലായി വേണം, ചിലതിന് ചില ക്രമീകരണങ്ങൾ വരുത്തണം. ഓരോന്നും പരിശോധിച്ച് അവിടത്തെ ജീവനക്കാരോടും നാട്ടുകാരോടും ചർച്ച ചെയ്ത് എന്താണ് വേണ്ടതെന്നാലോചിച്ച് ഒറ്റ പാക്കേജായി ഇൻകെൽ വഴി നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ പിന്നീട് വന്ന സർക്കാർ രണ്ടുമൂന്ന് ട്രഷറികളുടെ നവീകരണം നടത്തി ബാക്കി ഉപേക്ഷിച്ചു. അതങ്ങനെ കിടക്കുകയായിരുന്നു. ഈ സർക്കാർ വന്നതിനുശേഷം അത് പുനരാരംഭിച്ചു. പക്ഷേ ഇത്രയും കാലതാമസം വരുമ്പോൾ ധാരാളം കാര്യങ്ങൾ ദുരുമ്പിക്കുമല്ലോ. അങ്ങനെ പോയതാണ്. അങ്ങ് പറഞ്ഞതുപോലെ എസ്റ്റിമേറ്റ് Price Software-ൽ അല്ല തയ്യാറാക്കിയത്. അതുവഴിതന്നെ വേണം. അതുപോലെ സാങ്കേതിക അനുമതി നൽകുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചു. അതിന് ഇക്കഴിഞ്ഞ മാസം പി.ഡബ്ല്യൂ.ഡി.-യുടെയും ഇൻകലിന്റെയുമെല്ലാം പ്രത്യേക യോഗം ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഴയ പാക്കേജ് പുനരുജ്ജീവിപ്പിച്ച് സമയ ബന്ധിതമായി നടപ്പാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. അതിലെ ആദ്യത്തെ ലോട്ടിൽത്തന്നെ ശാസ്താംകോട്ട സബ്ട്രഷറി നിർമ്മാണം ഏറ്റെടുക്കും. ആദ്യ ഘട്ടത്തിൽ പണിയുന്ന ട്രഷറികൾ, ആ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട എം.എൽ.എ.മാരെയും എല്ലാവരെയും കൂടി ഒരുമിച്ചൊരു യോഗം വിളിച്ച് ഇക്കാര്യങ്ങൾ റിവ്യൂ ചെയ്ത് സമയബന്ധിതമായി നടക്കും എന്നുള്ളത് ഉറപ്പുവരുത്താം.

## 7. ധനസഹായം

ശ്രീ. കെ. ആൻസലൻ: സർ, കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനെ സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. ഓഖി കൊടുങ്കാറ്റുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിലെ മുനിസിപ്പാലിറ്റി അടക്കമുള്ള എല്ലാ പഞ്ചായത്ത് പ്രദേശത്തും കോടിക്കണക്കിന് രൂപയുടെ കൃഷിനാശം ഉണ്ടാവുകയും ആയിരക്കണക്കിന് കർഷകർ തീരാദുരിതത്തിലേയ്ക്ക് എത്തുകയും ചെയ്തു. സാധാരണ നിലയിൽ കർഷകരെ സംബന്ധിച്ച് മിഥുന മാസം ശാന്തമായ പ്രകൃതിയുടെ സന്ദർഭമാണെങ്കിലും ആരും പ്രതീക്ഷിക്കാത്ത തരത്തിൽ ഒരു ചുഴലിക്കൊടുങ്കാറ്റ് ഉണ്ടായതിന്റെ ഫലമായി കാർഷിക വിളകൾ വ്യാപകമായി നഷ്ടപ്പെട്ടു. അതിനാവശ്യമായ മുൻകരുതൽ കൃഷിക്കാർ എടുത്തിരുന്നില്ല. കുറച്ച് ആളുകൾ മാത്രമാണ് വിള ഇൻഷ്വർ ചെയ്തിരുന്നത്. അവർക്ക് വിള ഇൻഷ്വറൻസിന്റെ കാശ് ഇപ്പോൾ ഘട്ടംഘട്ടമായി ലഭിക്കുന്നുണ്ട്. എന്നാൽ 80 ശതമാനത്തോളം കൃഷിക്കാരും വിള ഇൻഷ്വർ ചെയ്യാത്തതുകൊണ്ട് വലിയ തോതിലുള്ള സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയടക്കം ആ പ്രദേശങ്ങൾ സന്ദർശിച്ചതാണ്. നമ്മുടെ കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്ന് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക ഇന്നും അവർക്ക് ലഭിച്ചിട്ടില്ല. അത് സംബന്ധിച്ച് പരിശോധിക്കുമ്പോൾ 2015 മുതലുള്ള കൃഷി ഡിപ്പാർട്ടുമെന്റിന്റെ നഷ്ടപരിഹാരത്തുക കിട്ടിയിട്ടില്ല എന്നാണ് കൃഷിക്കാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്ന് വിവരങ്ങൾ ലഭിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ സത്വര ഇടപെടൽ നടത്തി വളരെ പെട്ടെന്നുതന്നെ തുച്ഛമായ പൈസയാണെങ്കിലും അത് കർഷകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നവംബർ 29, 30 തീയതികളിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ തിരുപുറം, ചെങ്കൽ, പെരുമ്പഴുതൂർ, കുളത്തൂർ, കാരോട്, നെയ്യാറ്റിൻകര, അതിയന്നൂർ എന്നീ കൃഷി ഭവന്റെ പരിധിയിൽപ്പെടുന്ന കർഷകർക്കാണ് കൃഷിനാശം ഉണ്ടായത്. ഇവിടെ ഏകദേശം 3580 കർഷകർക്ക് ആകെ 784 ഹെക്ടർ സ്ഥലത്ത് 11,71,30,230 രൂപയുടെ കൃഷിനാശം സംഭവിച്ചതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാന ഗവൺമെന്റ് വളരെ ആകർഷകമായിട്ടുള്ള വിള ഇൻഷ്വറൻസ് സ്കീം നടപ്പാക്കിയിട്ടുണ്ടെങ്കിലും കൃഷിഭവനുകൾ വഴി വലിയ കാമ്പെയിനുകൾ നടത്തിയെങ്കിലും ഈ 3580 കർഷകരിൽ 157 പേർ മാത്രമാണ്

വിള ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളായിട്ടുള്ളത് എന്നുള്ളതുകൊണ്ട് ഓഖി ചുഴലിക്കാറ്റ് മൂലം വിളനാശം സംഭവിച്ചവർക്കുള്ള സംസ്ഥാന കൃഷി വകുപ്പിന്റെ ധനസഹായം 157 കർഷകർക്കാണ് ലഭ്യമാകേണ്ടത്. ഇന്നലെ അടക്കമുള്ള കണക്കുകൾ വച്ച് ഈ വിള ഇൻഷ്വറൻസ് സ്കീമിൽ ധനസഹായം ലഭിക്കേണ്ട എല്ലാ അംഗങ്ങൾക്കും പൂർണ്ണമായിട്ടും 61,99,800 രൂപയുടെ ധനസഹായം വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. അക്കൗണ്ടിലേയ്ക്ക് പണം എത്തിയിട്ടുണ്ട്. എന്നാൽ ഇവിടെ കൃഷി നാശം സംഭവിച്ച, വിള ഇൻഷ്വർ ചെയ്യാത്ത കർഷകർക്ക് നഷ്ടപരിഹാരമായി നിലവിലുള്ള നിയമപ്രകാരം നൽകേണ്ടത് 4,84,67,419 രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതമായി ആകെ ലഭിക്കുന്നത് 35,62,405 രൂപ മാത്രമാണ്. ബാക്കി റവന്യൂ ഡിപ്പാർട്ടുമെന്റ് വഴി 4,49,05,014 രൂപ ലഭിക്കേണ്ടതുണ്ട്. മുൻകാല കുടിശ്ശിക ഈ വിഭാഗത്തിൽപ്പെട്ട് തന്നെയായി ലഭിക്കേണ്ട 1,73,35,607 രൂപയിൽ നിന്നും ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ മാത്രമായി 35,62,405 രൂപ അനുവദിച്ചു. അതിൽ പകുതിയോളം രൂപ ഇതുവരെ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി തുകയുടെ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ലഭ്യമാകേണ്ട തുകയെല്ലാം ലഭിച്ചിട്ടുണ്ടെങ്കിലും മറ്റ് വകുപ്പുകളിലൂടെ ലഭിക്കേണ്ട, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഓഖി ദുരിത ബാധിതരായിട്ടുള്ള വിള ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർക്ക് കൃഷിനാശത്തിന്റെ നഷ്ടപരിഹാരം പൂർണ്ണമായി നൽകുന്നതിന് സംസ്ഥാന വിഹിതമായി ലഭിക്കേണ്ട 4,49,05,014 കോടി രൂപ കൃഷി വകുപ്പിലേയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിയും വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എത്രയും വേഗം ഈ നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നൽകേണ്ട പണം കൊടുത്തിട്ടുണ്ടെങ്കിലും ഡിപ്പാർട്ടുമെന്റ് വഴി നൽകുന്ന മറ്റ് ഫണ്ടുകൾകൂടി ലഭ്യമായാൽ മാത്രമേ ഈ തുക പൂർണ്ണമായും ലഭ്യമാകുകയുള്ളൂ. അത് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## 8. കുറ്റാലം കൊട്ടാരവും അനുബന്ധ ഭൂമിയും

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കേരള സർക്കാരിന്റെ അധീനതയിലുള്ള കുറ്റാലം കൊട്ടാരവും അതുൾപ്പെട്ടുവരുന്ന 56-ലധികം ഏക്കർ ഭൂമിയും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരള സംസ്ഥാനം രൂപീകൃതമാകുന്നതോടൊപ്പംതന്നെ അന്നത്തെ രാജാവിന്റെ കൈവശമിരുന്ന മറ്റ് സംസ്ഥാനങ്ങളിലെ വസ്തുവകകളും അതിലുണ്ടായിരുന്ന എല്ലാ എടുപ്പുകളും ചേർന്ന് കേരള സർക്കാരിന്റെ അധീനതയിലേയ്ക്ക് ആയിട്ടുണ്ട്.

അപ്രകാരം തിരുവിതാംകൂർ മഹാരാജാവിന്റെ കൈവശമിരുന്ന തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ പത്മനാഭപുരം കൊട്ടാരവും തിരുനെൽവേലി ജില്ലയിലെ കുറ്റാലം കൊട്ടാരവും അത്തരത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാരത്തിലും കൈവശത്തിലും ഉടമസ്ഥതയിലും വന്നുചേർന്നിട്ടുണ്ട്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പാണ് ഈ കൊട്ടാരവും അനുബന്ധ ഭൂമിയുമെല്ലാം പരിപാലിച്ചുവരുന്നത്. എന്നാൽ കൊട്ടാരവും അനുബന്ധമായ 56 ഏക്കറിലധികം വരുന്ന ഭൂമിയും സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചില തർക്കങ്ങളും വലിയ തോതിലുള്ള ആക്ഷേപങ്ങളും പ്രശ്നങ്ങളും വരികയും ഇത് കൈവശം വയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ചസംഭവിച്ചത് പത്ര വാർത്തകളിലൊക്കെ വരുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി കാര്യങ്ങൾ അക്കാര്യത്തിൽ ചെയ്തിട്ടുള്ളതായി മനസ്സിലാക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിലവിലില്ലാത്ത ഒരു തസ്തികയിൽ തമിഴ്നാട്ടുകാരനായ ഒരാളെ നിയമിച്ച് എല്ലാ വസ്തുവകകളും മേപ്പടിയാന്റെ ഇഷ്ടാനുസരണം കൈകാര്യം ചെയ്യുന്നതായി പരാതിയും വന്നിരുന്നു. ഇതിനാണ് കുറേയേറെ പരിഹാര മുണ്ടാക്കാൻ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇടപെട്ടിട്ടുള്ളത്. കൊട്ടാരത്തിന്റെ ചുമതലയിലുള്ള പാലസ് സൂപ്രണ്ട് തന്നിഷ്ട പ്രകാരം പ്രവർത്തിച്ചുവരുന്നതായി മനസ്സിലാക്കുന്നുണ്ട്. കൊട്ടാരത്തിന്റെ നടത്തിപ്പിനെക്കുറിച്ച് അന്വേഷിക്കാനെത്തിയ കേരള ഗവൺമെന്റ് ഉദ്യോഗസ്ഥരെ തടഞ്ഞുവച്ച് ഭീഷണിപ്പെടുത്തിയതായി പത്രങ്ങളിൽ വാർത്ത വന്നിരുന്നു. കേരളത്തിൽ നിന്നും കുറ്റാലത്തെത്തുന്ന വിനോദ യാത്രക്കാർക്ക് അനുഗ്രഹമായിരിക്കേണ്ട കുറ്റാലം കൊട്ടാരവും അതിന്റെ അനുബന്ധമായ ഭൂമിയും വൈദ്യുതി കണക്ഷൻ പോലുമില്ലാതെ ശ്രദ്ധിക്കപ്പെടാതെപോയ സ്ഥിതിയുണ്ട്. തീർച്ചയായും ഈ ഭൂമിയും കൊട്ടാരവും വളരെ മനോഹരമാക്കി വിനോദസഞ്ചാരികൾക്ക് ഉപയോഗപ്പെടുത്താനും ടൂറിസം വകുപ്പുമായി ചേർന്നുകൊണ്ട് വലിയ തോതിലുള്ള പദ്ധതി തയ്യാറാക്കി നന്നായി വിനിയോഗിക്കാനും നല്ല വരുമാനമുണ്ടാക്കാനും കഴിയുന്നതാണ്. അത്തരത്തിൽ മാറ്റിയെടുക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം വെറുമൊരു ഉപക്ഷേപമല്ല. സഭയാകെ ശ്രദ്ധക്ഷണിക്കേണ്ടത്ര പ്രാധാന്യമുള്ള വിഷയമാണ്. അത് സഭയുടേയും ജനങ്ങളുടേയും മുമ്പാകെ കൊണ്ടുവന്നതിൽ ശ്രീമതി അയിഷാ പോറ്റി, എം.എൽ.എ.-യെ ഞാൻ ഗവൺമെന്റിനുവേണ്ടി അഭിനന്ദിക്കുകയാണ്. തമിഴ്നാട്ടിൽ തിരുനെൽവേലി ജില്ലയിൽ തെങ്കാശി താലൂക്കിലെ കുറ്റാലം വില്ലേജിൽ 56.68

ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന വസ്തുവകകളാണ് കുറ്റാലം കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും. കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും പണി കഴിപ്പിച്ചിട്ടുള്ളത് തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമ്മയുടെ കാലത്താണ്. ഈ വസ്തുവകകളൊക്കെ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് വിലയ്ക്ക് വാങ്ങുകയായിരുന്നു. തീറാധാരം നമ്പർ 3080/1886 സബ് രജിസ്ട്രാർ തെങ്കാശിയാണ്. വിലയ്ക്കുവാങ്ങിയ ഉടൻതന്നെ അതിന്റെ പട്ടയം തിരുവിതാംകൂർ മഹാരാജാവിന്റെ പേരിൽ മാറ്റിയിട്ടുണ്ട്. 56.68 ഏക്കർ സ്ഥലവും 11 കെട്ടിടങ്ങളും അടങ്ങിയതാണ് രണ്ടിടങ്ങളിലായുള്ള ഈ വസ്തുവകകൾ. കൂടാതെ 1364 ഫല വൃക്ഷങ്ങളും അവിടെയുണ്ട്. സംസ്ഥാന വിഭജനം വന്നപ്പോൾ ടി വസ്തു കേരള സർക്കാരിന് കിട്ടുകയായിരുന്നു. ആയതിന്റെ പട്ടയം കേരള സർക്കാരിന്റെ പേരിൽ നിയമപരമായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വസ്തുവകകൾ കേരള സർക്കാരിന്റേതായതിനുശേഷം കേരളത്തിലെ പൊതുമരാമത്ത് വകുപ്പാണ് അത് സംരക്ഷിച്ചുവരുന്നത്. പ്രഭു ദാമോദരൻ എന്നൊരാൾക്ക് ഗവൺമെന്റ് ഉത്തരവ് 1424/09/പി.ഡബ്ല്യു.ഡി. പ്രകാരം 2009 ഒക്ടോബർ 25-ന് കരാർ അടിസ്ഥാനത്തിൽ കുറ്റാലം കൊട്ടാരത്തിന്റെ ചുമതല ഏൽപ്പിച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗവൺമെന്റ് ഓർഡർ എം.എസ്. നമ്പർ 2/2015/ പി.ഡബ്ല്യു.ഡി. പ്രകാരം 2015 ഫെബ്രുവരി 2-ന് സർവ്വീസിൽ സ്ഥിരപ്പെടുത്തുകയായിരുന്നു. ഇങ്ങനെ ചെയ്തതുമുതലാണ് കുഴപ്പങ്ങൾ ആരംഭിച്ചത്. ഗുരുതരമായ തെറ്റാണ് ഗവൺമെന്റ് പ്രഭു ദാമോദരനെ സ്ഥിരപ്പെടുത്തുകവഴി ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിൽ ഇല്ലാത്ത പാലസ് സൂപ്രണ്ട് എന്ന പോസ്റ്റിലാണ് നിയമിച്ചിരിക്കുന്നത്. അദ്ദേഹവും അദ്ദേഹത്തിന്റെ സഹോദരൻമാരും അവിടെയുള്ള സാമൂഹ്യവിരുദ്ധരായ ഗുണ്ടകളും ചേർന്ന് ഈ പാലസും സ്ഥലവും കയ്യടക്കുന്നതിനുള്ള ആസൂത്രിതമായ കാര്യങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. അവർ താമസിച്ചവരിൽനിന്ന് വാടക ഈടാക്കി രണ്ടാഴ്ചകൂടുമ്പോൾ മേൽനോട്ട ചുമതലയുള്ള പുനലൂർ പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടയ്ക്കുന്നതിന് പകരം നാമമാത്രമായ തുക അടയ്ക്കുകയും ബാക്കി നിരവധി മുറികളുള്ള കെട്ടിടത്തിന്റെ വാടകയും 1400-ഓളം ഫലവൃക്ഷങ്ങളുടെ ഫലവും ഇവർ എടുക്കുകയുമാണ് ചെയ്തത്. മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിൽ പ്രഭു ദാമോദരൻ വലിയ ക്രമക്കേടുകൾ നടത്തി. അനധികൃതമായി പാട്ടത്തിന് കോമ്പൗണ്ടിൽ കൃഷി നടത്തി പൈസ വാങ്ങി. കല്യാണ ആവശ്യങ്ങൾക്കും സിനിമാ ഷൂട്ടിംഗിനുമായി ഒരു വർഷം എത്രയോ തവണയാണ് കെട്ടിടം വാടകയ്ക്ക് കൊടുത്ത് വലിയ തുകകൾ വാങ്ങിയിട്ടുള്ളത്. വാഹന പാർക്കിംഗിന് സ്ഥലം കൊടുക്കുകയാണ്, ജലസ്രോതസ്സ് സ്വകാര്യ ആവശ്യത്തിനുവേണ്ടി കൊടുക്കുകയാണ്, രേഖകളിൽ കൃത്രിമം കാണിക്കുകയാണ്.

ഇതിന്റെയെല്ലാം ഫലമായി അദ്ദേഹം കാണിച്ച കുഴപ്പങ്ങളുടെ പേരിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ കാര്യം ആദ്യമായി പരിശോധിക്കുകയും 2017 നവംബർ 30-ന് അദ്ദേഹത്തെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കുറ്റാലം കൊട്ടാരത്തിന്റെ ദൈനംദിന നടത്തിപ്പ് കാര്യങ്ങളിലും മറ്റും തുടർച്ചയായി ഇടപെട്ടുവരികയാണ്. കുത്തഴിഞ്ഞ രീതി അവസാനിപ്പിക്കുകയും താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ രണ്ട് സ്ഥിരം കെയർ ടേക്കർമാരും രണ്ട് താൽക്കാലിക ജീവനക്കാരുമുണ്ട്. ടൂറിസ്റ്റ് സീസൺ അല്ലാത്തതുകൊണ്ട് കുറച്ച് മുറികൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ ആളുകൾ വൈദ്യുതി മോഷണം നമ്മൾ നടത്തിയെന്നുപറഞ്ഞ് അവിടത്തെ വൈദ്യുതി വകുപ്പിനെക്കൊണ്ട് കള്ളക്കേസ്സെടുപ്പിച്ച് വൈദ്യുതി വിച്ഛേദിച്ചിരുന്നു. അത് പുനഃസ്ഥാപിച്ച് കിട്ടിയിട്ടുണ്ട്. ലോക്കൽ പോലീസ് നമ്മളെ സഹായിക്കാറില്ല. വേലി കെട്ടിത്തിരിക്കാൻ ഇയാളുടെ ആൾക്കാരായ ഗുണ്ടകൾ സമ്മതിക്കുകയില്ല. അങ്ങനെ രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾപോലും രണ്ട് സംസ്ഥാന ഗവൺമെന്റുകളും അറിയാതെ പ്രാദേശിക ഉദ്യോഗസ്ഥൻമാരേയും പോലീസിനേയും ഉപയോഗിച്ചുള്ള ഗുണ്ടാരാജാണ് അവിടെ നടത്തിവന്നിട്ടുള്ളത്. ഇപ്പോൾ കുറച്ച് കുറഞ്ഞിട്ടുണ്ടെങ്കിലും ഭീഷണി തുടരുകയാണ്. കോടതികളിൽ മാന്യമായി കേസ് നടത്താനൊന്നും തയ്യാറായിരുന്നില്ല. അവിടത്തെ കെട്ടിടങ്ങളുടെ മെയിന്റനൻസ് വകയിൽ 18.5 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. കമ്പിവേലി കെട്ടാൻ ഇപ്പോൾ 48 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അവിടെ പോലീസ് പ്രൊട്ടക്ഷനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. പൂർണ്ണമായി അവർ തന്നിട്ടില്ല. മദ്രാസ് ഹൈക്കോടതിയുടെ ബഞ്ചിൽ ഈ വസ്തുവകകളെപ്പറ്റി WPMD 13737/2013 നമ്പരായി ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പവർ ഓഫ് അറ്റോർണി ഓണറായ ശ്രീ. വെങ്കിട്ടരാമൻ കൊല്ലം ജില്ലാ കളക്ടറേയും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടേറിയേയും കക്ഷിയാക്കി ഇത് അവരുടെ സ്വത്താക്കാൻ വേണ്ടി കേസ് ഫയൽ ചെയ്യുകയും നമ്മൾ അത് കൈകാര്യം ചെയ്യുകയും ചെയ്തു. 2017-18-ലെ ഭൂനികുതി ഇവർ വാങ്ങിയില്ല, ഒടുവിൽ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അവിടെ പോയതിനുശേഷം മാത്രമാണ് വാങ്ങിയത്. വാങ്ങാതിരിക്കേണ്ട യാതൊരു കാര്യവുമില്ല. അതിന് റസീപ്റ്റ് നൽകിയിട്ടുണ്ട്. ഭൂനികുതി വാങ്ങാത്തതിന് അവിടത്തെ വില്ലേജ് ഓഫീസറുടേയും സബ് ഡിവിഷണൽ ഓഫീസറുടേയും പേരിൽ നടപടിയെടുക്കണ മെന്ന് അവിടത്തെ ഗവൺമെന്റിനോട് നമ്മൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ വൈദ്യുതി വിച്ഛേദിച്ചതിനും നടപടി വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പോലീസ് പ്രൊട്ടക്ഷൻ തരാതിരിക്കേണ്ട യാതൊരു കാര്യവുമില്ല. ഈ പ്രട്ട ദാമോദരന്റേയും അനുയായികളുടേയും പേരിൽ നിരവധി കേസുകളുണ്ട്. അവർ ആ നാട്ടിൽ അറിയപ്പെടുന്ന ക്രിമിനലുകളാണ്. അയാളെയാണ് അവിടെ പാലസ് സൂപ്രണ്ടായി കഴിഞ്ഞ ഗവൺമെന്റ് ഇല്ലാത്ത പോസ്റ്റിൽ സ്ഥിരപ്പെടുത്തി ക്കൊടുത്തതെന്ന കാര്യം ഞാൻ അറിയിക്കുകയാണ്. ഇതിന്റെ ഏജന്റുമാർ സെക്രട്ടേറിയറ്റിലും പി.ഡബ്ല്യൂ.ഡി. വകുപ്പിനകത്തും രാഷ്ട്രീയ നേതൃത്വത്തിലും പലയിടത്തുമുണ്ട്. കാരണം ഈ സ്ഥലത്തിന് ആയിരം കോടി രൂപ വില വരും. അത്രയ്ക്ക് പ്രാധാന്യമുള്ള സ്ഥലമാണ്. അത് തട്ടിയെടുക്കാനുള്ള ശ്രമം നമ്മൾ ഇടപെട്ട് ശക്തമായി തടഞ്ഞിരിക്കുകയാണ്. ആ നടപടി തുടരും. സംസ്ഥാന ജനങ്ങൾ അറിയേണ്ട സുപ്രധാന കാര്യമാണ് ചെറിയ സബ്മിഷനിൽ കൂടിയാണെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. അവരെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## 9. റെയിൽവേ മേൽപ്പാലം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ഗുരുവായൂർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ഗതാഗതക്കുരുക്കാണ്. റെയിൽവേ ഗേറ്റ് ഒരു ദിവസം 32 തവണ അടയ്ക്കാറുണ്ട്. ചില ദിവസങ്ങളിൽ അവിടെ 100 മുതൽ 200 വരെ വിവാഹങ്ങൾ നടക്കാറുണ്ട്. അത്തരം ദിവസങ്ങളിൽ ആയിരക്കണക്കിന് വാഹനങ്ങളാണ് ഗുരുവായൂരിൽ എത്താറുള്ളത്. ഗതാഗതം സുഗമമാക്കുന്നതിനുള്ള ഏകമാർഗ്ഗം ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മിക്കുകയെന്നുള്ളതാണ്. ഈ സർക്കാർ അധികാരമേറ്റശേഷം റെയിൽവേ മേൽപ്പാലം അനുവദിക്കുകയും കിഫ്ബി ഈ പദ്ധതിക്ക് ഭരണാനുമതി നൽകുകയുമുണ്ടായി. സ്ഥലമെടുപ്പ് പ്രക്രിയ ദ്രുതഗതിയിലാക്കുന്നതിനും റെയിൽവേ മേൽപ്പാലം നിർമ്മാണം തുടങ്ങുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ഇതിന് 2017 മാർച്ച് 9-ാം തീയതി 33.63 കോടി രൂപയുടെ ഭരണാനുമതി നൽകി. 2017 മേയ് 16-ന് പൊതുമരാമത്ത് വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാനമനുസരിച്ച് ആർ.ബി.ഡി.സി.കെ. 24.55 കോടി രൂപയ്ക്ക് വൺ ഇൻ ട്വന്റി ഗ്രേഡിലുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 2017 ഒക്ടോബർ 15-ന് അത് അംഗീകരിക്കുകയും ചെയ്തു. ഗുരുവായൂർ റെയിൽവേ

മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച് 2017 നവംബർ 3-ന് ജില്ലാ കളക്ടർക്ക് റിക്വസിഷൻ കൊടുത്തിട്ടുണ്ട്. 2017 നവംബർ 25-ലെ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ലാന്റ് അക്വസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ. എ. ജനറൽ) തൃശ്ശൂരിനെ നിയോഗിച്ചിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥൻമാരുമായി അലൈൻമെന്റിന്റെ സംയുക്ത പരിശോധന 2017 ഡിസംബർ 14-ന് പൂർത്തിയായി. 2018 ഫെബ്രുവരി 21-ന് തൃശ്ശൂർ എൽ.എ. ഡെപ്യൂട്ടി കളക്ടർ നടത്തിയ കിഫ്ബി പ്രോജക്ടിന്റെ ലാന്റ് അക്വസിഷൻ റിവ്യൂ മീറ്റിംഗിൽ കണ്ടിജൻസി തുക അറിയിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും അത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി ത്വരിതപ്പെടുത്തുന്നതുമാണ്. എം.എൽ.എ. മുൻകയ്യെടുത്ത് ഡിസ്ട്രിക്ട് കളക്ടർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ ഭാരവാഹികൾ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി അടക്കമുള്ളവരുടെ യോഗം വിളിച്ച് അത് റിവ്യൂ ചെയ്യണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

## 10. പട്ടയം നൽകൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ ആദ്യമായി ഗവൺമെന്റിന് നന്ദി പറയുകയാണ്. കെ.എസ്.ഇ.ബി. ഉപേക്ഷിക്കപ്പെട്ട പദ്ധതിപ്രദേശത്ത് പട്ടയം കൊടുക്കണമെന്നുള്ള ഡിമാന്റ് വർഷങ്ങളായി ഉയർന്നുവരുന്നതാണെങ്കിലും നാളിതുവരെ മാറിമാറി വന്ന ഗവൺമെന്റുകൾക്കൊന്നും അത് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് 7 ചെയിനിൽ പട്ടയം കൊടുത്തു. ബാക്കി 3 ചെയിനിൽ കൂടി പട്ടയം കൊടുക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിക്കുന്നത്. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശം എന്ന് കേൾക്കുമ്പോൾ കെ.എസ്.ഇ.ബി.യുടെ കയ്യിൽ വച്ചതിനുശേഷം ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശം എന്ന നിലയിലാണ് സാധാരണ ആളുകൾ ധരിക്കുന്നത്. എന്നാൽ ആളുകൾ ഇപ്പോഴും കൃഷി ചെയ്ത് വീടുവച്ച് താമസിക്കുന്ന ഭൂമിയാണ് ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശം എന്ന നിലയിൽ പരിഗണിക്കുന്നത്. ഒരിക്കൽ അവിടെനിന്നും കുടിയിറക്കപ്പെടുകയും അമരാവതി അടക്കമുള്ള പ്രദേശങ്ങളിലേയ്ക്ക് മാറ്റപ്പെടുകയും എ.കെ.ജി. അടക്കമുള്ള ആളുകൾ അവിടെവന്ന് നിരാഹാര സമരമനുഷ്ഠിക്കുകയുമൊക്കെ ചെയ്ത വലിയ സംഭവങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. മൂന്ന് ചെയിൻ മാറ്റി നിർത്തിക്കൊണ്ട് എഴ് ചെയിനിൽ പട്ടയം അനുവദിക്കുന്നതിനാണ് ഗവൺമെന്റ് ഇപ്പോൾ നടപടി സ്വീകരിച്ചത്. ബാക്കി മൂന്ന് ചെയിനിൽ താമസിക്കുന്നത് വളരെക്കുറച്ച് ആളുകളാണ്. ഏതാണ്ട് 60 മീറ്ററിൽ താമസിക്കുന്ന അവർക്കുകൂടി പട്ടയം അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും വളരെ വിനീതമായി അപേക്ഷിക്കുകയാണ്. ഇരട്ടയാർ അടക്കമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്നതിന് ഗവൺമെന്റ് കാണിച്ച ഉദാരമനസ്കതയ്ക്ക് നന്ദി പറയുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ശ്രീമതി ഇ. എസ്. ബിജിമോളുടെ സബ്മിഷനിൽ ഒരു തെറ്റിദ്ധാരണയുണ്ട്. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് പട്ടയം കൊടുക്കുന്നതിന് തടസ്സം എന്നുപറഞ്ഞത് ശരിയല്ല. പദ്ധതി ഉപേക്ഷിക്കപ്പെട്ടിടത്ത് പട്ടയം കൊടുക്കുന്നതിന് തടസ്സമില്ല. അക്കാര്യം നേരത്തെ തന്നെ തീരുമാനിച്ചിട്ടുള്ളതാണ്. പട്ടയം കൊടുത്തുകൊണ്ടിരിക്കുന്നതുമാണ്. എന്നാൽ നിലവിലെ ഇടുക്കി പദ്ധതിയടക്കമുള്ളവയുടെ പദ്ധതി പ്രദേശത്താണ് പത്ത് ചെയിൻ ബെൽറ്റിൽ പട്ടയം കൊടുക്കാൻ പാടില്ല എന്ന തീരുമാനമുള്ളത്. ആ തീരുമാനം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 1963 മേയ് 4-ന്റെ എസ്.ഒ. നമ്പർ. 1285 വിജ്ഞാപനം അനുസരിച്ച് സംസ്ഥാന ആഭ്യന്തര മന്ത്രാലയം 1968 നവംബർ 28-ന് പുറപ്പെടുവിച്ച 375/68 സർക്കാർ ഉത്തരവനുസരിച്ചാണ് വിവിധ ഡാം റിസർവോയറുകളുടെ പരമാവധി ജലനിരപ്പിൽ നിന്നുള്ള പത്ത് ചെയിൻ പ്രദേശം നിരോധിത മേഖലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ ഭൂമി സർക്കാരോ വൈദ്യുതി ബോർഡോ നഷ്ടപരിഹാരം നൽകി എടുത്തിട്ടുള്ളതല്ല. ഇങ്ങനെ വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയിൽ ദീർഘകാലമായി കൃഷി ചെയ്തും മറ്റ് ഉപജീവനോപാധികൾ കണ്ടെത്തിയും തുടരുന്ന ധാരാളം കുടുംബങ്ങളുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഈ പ്രദേശങ്ങളിൽ 50-ഉം 70-ഉം വർഷങ്ങളായി താമസിക്കുകയും കൃഷി ചെയ്യുകയും ചെയ്തുവരുന്നവർക്ക് പട്ടയമടക്കമുള്ള രേഖകൾ ലഭ്യമാക്കണമെന്ന ആവശ്യം ന്യായമായതാണ്. എന്നാൽ മേൽപ്പറഞ്ഞ വിജ്ഞാപനത്തിന്റെ സാഹചര്യത്തിൽ പട്ടയം നൽകുന്നതിന് നടപടിയുണ്ടാകാത്ത സാഹചര്യമുണ്ട്. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ കൃഷിയടക്കമുള്ള പ്രവർത്തനങ്ങൾ വൈദ്യുതി പദ്ധതികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ പ്രദേശത്ത് പട്ടയം നൽകൽ അടക്കമുള്ള കാര്യങ്ങളിൽ വൈദ്യുതി, റവന്യൂ, ആഭ്യന്തരം, എന്നീ വകുപ്പുകൾ കൂടിയാലോചിച്ച് ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഏഴ് ചെയിൻ ബെൽറ്റിൽ പട്ടയം കൊടുക്കാൻ ആദ്യം തീരുമാനിക്കുകയും അതിനുള്ള നടപടികൾ നടന്നിട്ടുമുണ്ട്. ബാക്കി മൂന്ന് ചെയിനിൽക്കൂടി പട്ടയം കൊടുക്കണം. പദ്ധതിക്ക് തടസ്സമൊന്നുമില്ല, പട്ടയം കൊടുക്കണമെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. അക്കാര്യം ബോർഡുമായി ചർച്ച ചെയ്ത് കുറെയേറെ നടപടികളായിട്ടുണ്ട്. താമസംവിനാ അതിന്മേൽ തുടർനടപടികളുണ്ടാകും.

## V ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

"ദി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസ് 2018 (എസ്.ആർ.ഒ.നമ്പർ861/2017)]" -നുള്ള ഭേദഗതികളുടെ പരിഗണന

Sri. V. T. Balram: Sir, I move the following amendments:

1. In rule 4(a) wherever the figures " 10%" come, substitute the figure " 5%" .

3. In rule 4(d) for the words " the review of cadre strength of the KAS shall be done once in five years or as and when decided by government" , the review of cadre strength of KAS shall be done once in Ten years" shall be substituted.

9. Rule 7(o) shall be deleted.

10. In rule 9 (f) for the words " date of the order of his first appointment to KAS" , the words " date of PSC advice to KAS" shall be substituted.

22. Rule 12 (c) (v) shall be deleted.

24. In rule 13 (b) the figure " 40" shall be substituted by the figure " 50" .

27. Rule 20 shall be deleted.

28. In schedule I delete item No. " 21 " & " 22" " (Administrative Secretariat & Finance Secretariat)"

29. In schedule I item 30 common categories the following shall be deleted

   " Administrative Officer, Accounts Officer, Financial Assistant" .

Prof. Abid Hussain Thangal: Sir, I move the following amendments:

2. In rule 4(d), the word " Quinquennial" shall be substituted by 'Periodical" and the word " Five" shall be substituted by " Three" .

4. Rule 5 (Reservation of appointment) modified as " The rules of Reservation of Appointment (General Rules 14-19) shall apply to appointment by direct recruitment to KAS envisaged in Stream I, Stream II and Stream III under Rule 12-Method of appointment and qualification" .

8. In rule 7, 7(j), 7(l), 7(m), 7(n), 7(o), 7(r), the word " Quinquennial" shall be substituted by 'Periodical" .

11. In rule 12 column 2 " Manner of appointment" shall be modified in Stream II and Stream III as follows:-

Stream II By Direct Recruitment (from regular employees or approved probationers in any Government Departments or Constitutional Bodies)

Stream III By Direct Recruitment (From candidates holding 1st Gazetted post or above in Departments in the Schedule I and equivalent posts in Common Categories listed in Schedule I)

26. In rule 14 (c), after the words " Commission" the words" once in three years" shall be added.

30. In schedule II, before " Senior Time Scale Posts" rewrite " Table I" as " Table II" .

Sri. T. V. Ibrahim: Sir, I move the following amendments:

15. In column 3 against 'Stream II" , for the words " the Departments in Schedule I", the words " any Government Department" shall be substituted.

16. In column 2 against Stream III, " By Transfer appointment (from candidates holding 1st Gazetted post or above in Departments in the Schedule I and equivalent post in Common Categories listed in Schedule I)" shall be substituted by " By Transfer recruitment (from candidates holding 1st Gazetted post or above in any Government Department)"

അതിനോടനുബന്ധമായി പറയാനുള്ളത് റൂൾ 5-ൽ After the word Stream - I എന്നതിന്റെ കൂടെ Stream -II-ഉം Stream III -ഉം കൂടി add ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിനുകാരണം സംവരണമാണ്. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 15(4)-ന്റെ നിഷേധമാണ്. ഹയർ പോസ്റ്റുകളിലേയ്ക്ക് വരുമ്പോൾ പ്രൊമോഷൻവഴി വരുന്ന എല്ലാ പോസ്റ്റുകളും റിസർവേഷനില്ലാതെയാണ് വരുന്നത്. കർണ്ണാടകയിൽ ഇത് നടപ്പിലാക്കിയപ്പോൾ പ്രൊമോഷൻ പോസ്റ്റിനുപോലും സംവരണം കൊടുത്തിട്ടുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്കും ദളിത് ആദിവാസി വിഭാഗങ്ങൾക്കും Stream-II-ഉം Stream-III-ഉം പ്രൊമോഷൻ നൽകുന്നില്ല. അതുകൊണ്ട് Stream-II-ഉം Stream-III-ഉം കൂടി add ചെയ്യണമെന്നതാണ് ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്.

ഭേദഗതി നമ്പർ 15, 16 - പ്രൊമോഷൻ കാറ്റഗറിയിൽ പറയുന്ന ലിസ്റ്റുണ്ട്. ഇതിലെ ഷെഡ്യൂൾ I-ൽ പറയുന്ന ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രൊമോഷൻ എന്നാണ് പറയുന്നത്. ഷെഡ്യൂൾ I-ൽ 29 ഡിപ്പാർട്ടുമെന്റുകൾ പറയുന്നുണ്ട്. 30-ാമത്തെ ഐറ്റത്തിൽ പറയുന്നത് മറ്റ് അനുബന്ധമായിട്ടുള്ള ഡിപ്പാർട്ടുമെന്റുകൾ എന്നാണ്. അതിനുപകരം എനിക്കുള്ള നിർദ്ദേശം, The Department in Schedule-I എന്നുപറയുന്നത് മാറ്റി 'Any Government Departments' എന്നാക്കിയാൽ ഏത് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിലുമുള്ള ഉദ്യോഗസ്ഥന്മാർക്കും ഇതേ സൗകര്യം കിട്ടും. പി.എസ്.സി.യുടെ ഒരേ ടെസ്റ്റ് കഴിഞ്ഞ് ഒരേ ചാനലിലൂടെ വരുന്ന ഉദ്യോഗസ്ഥരെ വേർതിരിക്കുക, മറ്റുള്ള ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർക്ക് ഇതിന്റെ സൗകര്യങ്ങൾ നിഷേധിക്കുക എന്നുള്ളത് ശരിയല്ല. അങ്ങനെ ചെയ്യുന്നത് സാമാന്യ നീതിക്ക് യോജിച്ചതല്ല, അതിനകത്ത് ഒരു discremination ഉണ്ട്. അതുകൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റിലുമുള്ള ഉദ്യോഗസ്ഥന്മാർക്കും പ്രൊമോഷൻ സൗകര്യം കിട്ടണമെന്നുള്ളതാണ് എന്റെ ഭേദഗതിയിൽ പറയുന്നത്. അതിന്റെ തന്നെ ആവർത്തനമാണ് സ്കീം-2-ലും സ്കീം -3-ലും ഉള്ളത്, 'Schedule-I' ന് പകരം 'Any Government Departments' എന്ന് ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. ഷംസുദ്ദീന്റെ 5-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 6 -ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ളയുടെ 7-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 4-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 12-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ളയുടെ 13, 17 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 11-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. അതിനാൽ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല, വേണമെങ്കിൽ സംസാരിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച് ഞാനും പറഞ്ഞിട്ടുണ്ട്. അതുകൂടാതെ provided further that എന്നുചേർത്ത് കുറച്ചുകൂടി കാര്യങ്ങൾ പറയുന്നുണ്ട്. ഇവിടെ ഈ റൂൾസിൽ എല്ലാവരും ചൂണ്ടിക്കാണിച്ചപോലെതന്നെ ഞാനും ഭേദഗതി ഉന്നയിക്കുന്നത് Rule 5, Reservation of appointment എന്നതിലാണ്. ഇതിൽ പറയുന്നത് The rules of resevation of appointment shall apply to appointment by direct recruitment to KAS envisaged in Stream-I എന്നാണ്. KAS-ൽ മൂന്ന് തരത്തിലുള്ള അപ്പോയ്മെന്റുകളാണുള്ളത്. അതിൽ ഒന്നാമത്തേത് ഡയറക്ട് റിക്രൂട്ട്മെന്റ് Stream-I, രണ്ടാമതായി നോൺ ഗസറ്റഡ് ഓഫീസർമാരിൽനിന്നും പരീക്ഷയിലൂടെ Stream-II, ഗസറ്റഡ് ഓഫീസർമാരിൽനിന്നും Stream-III; അപ്പോൾ റിസർവേഷൻ ഇവിടെ ഒന്നിന് മാത്രമാണ് ഈ നിയമപ്രകാരം ബാധകമായിട്ടുള്ളത്. എന്റെ അമെന്റ്മെന്റ് ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞതുപോലെ 'The rules of Reservation of appointment shall apply to appointment by direct recruitment, by transfer recruitment, and by transfer appointment to KAS envisaged in Stream I, Stream II and Stream III under Rule 12'. എന്നതാണ്. എല്ലാത്തിനും റിസർവേഷൻ ബാധകമാക്കണമെന്നതാണ് എന്റെ നിർദ്ദേശം. അതിനുപുറമെ ഒരു കാര്യം കൂടി പറയുന്നുണ്ട്, " Provided that the quota reserved to the reservation communities shall be maintained." അതായത് സംവരണ സമുദായങ്ങൾക്ക് പറഞ്ഞിട്ടുള്ള സംവരണാനുപാതം പാലിക്കപ്പെടണം എന്നുള്ളതാണ് രണ്ടാമതായി പറയുന്ന provided that എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മൂന്നാമതായി " Provided further that വീണ്ടും പരിഗണിക്കേണ്ട കാര്യം Total number of appointment against the reservation quota shall be assessed with quinquennial review under sub clause (d) of rule 4" . റൂൾ 4-ലെ (ഡി) പ്രകാരം ഇതിലൊരു റിവ്യൂ പറയുന്നുണ്ട്. ആ റിവ്യൂ പ്രകാരം റിസർവേഷൻ പാലിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യം കൂടി പരിഗണിക്കണം. ഒരു അഡീഷണൽ കാര്യം കൂടി സൂചിപ്പിക്കാനുള്ളത്, ഇവിടെ പറയുന്നതിൽ Stream I മാത്രമേ ഡയറക്ടുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയ്ക്കായാണ് പറയുന്നത്. Stream II- ഉം Stream III-ഉം നിലവിലുള്ള ജീവനക്കാരിൽനിന്നും അപ്പോയിന്റ് ചെയ്യണമെന്നാണ് പറയുന്നത്. അത് തെറ്റാണ്. കാരണം ഇത് പ്രൊമോഷനല്ല. പ്രൊമോഷന് റിസർവേഷൻ വേണ്ട. ഇതങ്ങനെയല്ല. We are creating a new

cadre. നിലവിലെ ജീവനക്കാരിൽ നിന്നും പരീക്ഷ നടത്തിയാണ് കേഡർ ഉണ്ടാക്കുന്നത്. അപ്പോൾ അവിടെ റിസർവേഷൻ ബാധകമാണ്. ഇവിടെ പുതിയ കേഡറിൽ സംവരണം നൽകുന്നില്ലെന്ന് പറയുന്നത് സംവരണത്തിന്റെ നഗ്നമായ ലംഘനമാണ്. ഇപ്പോൾ കെ.എ.എസ്.-ൽ 150 ആളുകളെയാണെടുക്കുന്നത്. അതിൽ 50 എണ്ണം ഡയറക്ട് റിക്രൂട്ട്മെന്റാണ്. സ്വാഭാവികമായും അതിന്റെ 50 ശതമാനമായ 25 പേർ സംവരണത്തിൽ വരും. അടുത്തതായി വരുന്നത് പരീക്ഷ നടത്തിയിട്ടുള്ള 50 പേരാണ്. അതിൽ റിസർവേഷനില്ല. അടുത്തതായി വരുന്ന 50 പേരിലും റിസർവേഷനില്ല. അതായത് 150 പേർ നമ്മുടെ സംസ്ഥാനത്തെ ഉന്നത ഉദ്യോഗ പദവിയായ KAS-ലേയ്ക്ക് വരുമ്പോൾ കേവലം 25 പേർ മാത്രമാണ് സംവരണ സമുദായങ്ങളിൽനിന്നും വരുന്നത്. യഥാർത്ഥത്തിൽ സംവരണ സമുദായങ്ങളിൽ നിന്നും 75 പേർ വരേണ്ടതാണ്. ഇത് സംവരണത്തിന്റെ നഗ്നമായ ലംഘനമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ മറ്റ് പിന്നോക്ക ജനവിഭാഗങ്ങൾ ഇവരെല്ലാം ഇതിന്റെ പ്രയാസം അനുഭവിക്കും. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമാണ്. സംവരണം അട്ടിമറിക്കപ്പെടുകയെന്നാൽ ഭരണഘടന അട്ടിമറിക്കപ്പെടുക എന്നുള്ളതാണ്. വർഷങ്ങളായി സംവരണ സമുദായങ്ങൾ നടത്തിയിട്ടുള്ള പേരാട്ടത്തിലൂടെ നേടിയിട്ടുള്ള അവകാശം ചെറിയ അശ്രദ്ധയിലൂടെ ഈ ഗവൺമെന്റ് നഷ്ടപ്പെടുത്തുന്നുവെന്നുള്ളത് ഗൗരവമായി കാണേണ്ടതുണ്ട്. രാഷ്ട്രീയമായിപ്പോലും സി.പി.ഐ.(എം)-ന്റെ എം.പി. ശ്രീ. കെ. സോമപ്രസാദും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഞാൻ ഭേദഗതി ഉന്നയിക്കുന്നത്.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതിയും ശ്രീ. എൻ. ഷംസുദ്ദീന്റെ ഭേദഗതിയും ഒന്നുതന്നെയാണ്. Recruitment to KAS envisaged in Stream I, Stream II and Stream III under Rule 12 - Method of appointment and qualification shall be inserted എന്നുപറയുന്നത് ഒന്നുതന്നെയല്ലേ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അതിനുശേഷം, Provided that the quota reserved to the reservation communities shall be maintained എന്നുപറയുന്നുണ്ട്. നിയമം എപ്പോഴും സംശയത്തിനിടയില്ലാത്തവിധം വ്യാഖ്യാനിക്കാൻ കഴിയണം. Quinquennial റിവ്യൂവിൽ ഇതുകൂടി വരണം. നിയമം ഭേദഗതി ചെയ്യുമ്പോൾ എല്ലാ കാര്യങ്ങളും വരേണ്ടതല്ലേ?

ശ്രീ. പി ഉബൈദുള്ള: സർ, കെ.എ.എസ്. എന്നുപറയുന്നത് പുതിയ സംവിധാനമാണ്. ആ പുതിയ സംവിധാനത്തിലാണ് മൂന്നു തരത്തിൽ റിക്രൂട്ട്മെന്റ് നടത്താൻ പോകുന്നത്. Stream I - ഡയറക്ട് റിക്രൂട്ട്മെന്റാണ്. Stream II - നിലവിൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവർക്കിടയിൽ പരീക്ഷ നടത്തിക്കൊണ്ടുള്ള നിയമനമാണ്. Stream III - എന്നുപറയുന്നത് ഗസറ്റഡ് ഓഫീസർ റാങ്കിലുള്ളവർക്ക് ഇതുപോലെ പരീക്ഷ എഴുതി നടത്തുന്ന നിയമനമാണ്. യഥാർത്ഥത്തിൽ ഇതുമൂന്നും ഫ്രഷ് നിയമനമാണ്. അപ്പോൾ ഒന്നിൽ മാത്രം സംവരണം ഏർപ്പെടുത്തുകയും മറ്റ് രണ്ടും ട്രാൻസ്ഫർ വ്യവസ്ഥയിൽ വരുന്നതുപോലെയുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ബൈ ട്രാൻസ്ഫർ എന്നത് മാറ്റി ഡയറക്ട് റിക്രൂട്ട്മെന്റ് എന്നാക്കണമെന്നതാണ് എന്റെ ഭേദഗതി. പുതിയ സംവിധാനം വരുമ്പോൾ സ്കീം രണ്ടും മൂന്നും പുതിയ നിയമനം തന്നെയാണ്. നിലവിലുള്ള ഭരണഘടനാനുസൃതമായി പിന്നോക്കവിഭാഗങ്ങൾക്കും പട്ടികവിഭാഗങ്ങൾക്കും സംവരണ സമുദായങ്ങൾക്കും ലഭ്യമാകേണ്ട എല്ലാ സംവരണാനുകൂല്യങ്ങളും കെ.എ.എസ്.-ൽ സ്കീം മൂന്നിലും വരുന്ന മുഴുവൻ ജീവനക്കാർക്കും ബാധകമാക്കണമെന്നതാണ് എന്റെ ഭേദഗതി. ഇത് നിസ്സാരപ്രശ്നമായി കാണാൻ സാധിക്കുകയില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് തെറ്റ് വന്നിട്ടുണ്ടെങ്കിൽ ആ തെറ്റ് തിരുത്താനും ഈ ഭേദഗതി അംഗീകരിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവരണമെന്ന് ആവശ്യപ്പെടുന്നു.

Shri. M. Ummer: Sir, I move the following amendments:

14. In rule 12 (a) column 2 against Stream 2 after the word "Departments" the words "or Constitutional Bodies" shall be inserted.

23. After 12 (c) the following shall be inserted

" (d) In the case of Stream 2, 3 a review in every 3 year shall be made to ensure proper representation of reservation communities"

ഇവിടെ വന്നിട്ടുള്ള ഭേദഗതികളിൽ വാക്കുകൾക്കുമാത്രമെ വ്യത്യാസമുള്ളൂ, പ്രിൻസിപ്പിൾ ഒന്നുതന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഡ്മിനിസ്ട്രേഷൻ നന്നാക്കി കൊണ്ടുവരുന്നതിനുവേണ്ടി വളരെ സദുദ്ദേശപരമായി ഒരു സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽത്തന്നെ കുറെ ആളുകൾക്ക് എതിർപ്പുണ്ട്. യഥാർത്ഥത്തിൽ ഇതിന്റെ ഡ്രാഫ്റ്റിംഗിനെ അത് ബാധിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. കാരണം നടപ്പിലാക്കരുതെന്ന് പറഞ്ഞാൽ ഗവൺമെന്റ് പിന്നോക്കം പോകുകയില്ല. പക്ഷെ, ഒരിക്കലും നടപ്പിലാകാത്ത വിധത്തിലാണ് ഇതിന്റെ ക്ലോസുകൾ വരുന്നത്. ഇതിനുശേഷം കേസ്സിന്റെ വലിയ പ്രളയമായിരിക്കും കോടതിയിൽ വരാൻ പോകുന്നത്. ഒന്ന്, സംവരണം

അട്ടിമറിക്കപ്പെടുന്നു. രണ്ട്, എന്റെ ആദ്യത്തെ ഭേദഗതി "or Constitutional Bodies" shall be inserted. കേരള അഡ്മിനിസ്ട്രേഷൻ സർവ്വീസ് തസ്തികയിൽ അപേക്ഷിക്കുന്നതിൽനിന്നും ഭരണഘടനാ സ്ഥാപനങ്ങളെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. അതിന്റെ പിന്നിലുള്ള ഉദ്ദേശം എന്നുപറയുന്നത് ആകെ കെ.എ.എസ്.-നുള്ള തസ്തിക സൃഷ്ടിക്കുന്നത് 29 വകുപ്പുകളിൽ മാത്രമാണ്. 29 വകുപ്പുകളിലാണെങ്കിലും കെ.എ.എസ്. നടപ്പിലാക്കാത്ത മറ്റ് 88 ഡിപ്പാർട്ടുമെന്റുകളിലുള്ളവർക്ക് ഇതിന്റെ പരീക്ഷ എഴുതാം.

Mr. Speaker: There is no need of so many explanations. Please.

ശ്രീ. എം. ഉമ്മർ: സർ, ഇതിൽ ഉൾപ്പെടാത്ത മൂന്ന് ഡിപ്പാർട്ടുമെന്റുകൾ മാത്രമാണുള്ളത്. നിയമസഭാ സെക്രട്ടേറിയറ്റ്, പി.എസ്.സി. , അഡ്വക്കേറ്റ് ജനറൽ ഓഫീസ്. ഈ മൂന്ന് വിഭാഗത്തെ ഉൾപ്പെടുത്തണമെങ്കിൽ or Constitutional Bodies എന്നുകൂടി ചേർത്താൽ ഈ പർപ്പസ് നടക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നവർ യാതൊരു കാരണവശാലും ഒഴിവാക്കാൻ പാടില്ലാത്തവരാണ്. ഒന്ന്, ഈ സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഒരേ ടെസ്റ്റ് എഴുതി പാസ്സാകുന്നവരാണ്. ഈ വകുപ്പിൽ പ്രവേശിച്ചത് അവരുടെ ഓപ്ഷൻ കൊണ്ടല്ല. അവരുടേതല്ലാത്ത ഓപ്ഷനോ സെലക്ഷനോ ഇല്ലാതെ അവർ അവിടെ നിയമിതരാകുകയാണ്. അവർ നിയമസഭയിലോ അല്ലെങ്കിൽ പി.എസ്.സി.യിലോ നിയമിച്ചു എന്നതുകൊണ്ട് അതവരുടെ അയോഗ്യതയായി കാണരുത്. ഒരേ ക്വാളിഫിക്കേഷനുള്ളവരാണ്. ഇവിടെ ജസ്റ്റിസ് നടപ്പിലാക്കുന്നില്ല എന്നുള്ളതാണ്. സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് ഭരണപരിചയമില്ലെന്ന് പറയുന്നത് ശരിയല്ല. ഇത്രമാത്രം നിയമനിർമ്മാണവും ഭരണവും നടത്തുന്ന ഓഫീസ് വേറെയില്ല. ഭരണപരിചയമില്ലെന്ന് പറഞ്ഞാണ് ഒഴിവാക്കുന്നതെങ്കിൽ ഡയറക്ട് റിക്രൂട്ട്മെന്റിലെ ബാക്കിയുള്ളവർക്ക് ഭരണപരിചയം കാണുകയില്ലേ? അത് തമ്മിൽ യോജിക്കുന്നില്ല. അതുകൊണ്ട് കെ.എ.എസ്.ലേയ്ക്ക് കൂടുതൽ കാര്യക്ഷമതയുള്ളവരെ തെരഞ്ഞെടുക്കാനാണല്ലോ ഉദ്ദേശിക്കുന്നത്. കൂടുതൽ കാര്യക്ഷമതയുള്ള വരാണെങ്കിൽ ഇവരെക്കൂടി ഉൾപ്പെടുത്തി കൂടുതൽ കാര്യക്ഷമതയുള്ളവരാക്കി തീർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതാണ് എന്റെ ആദ്യത്തെ "or Constitutional Bodies" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ 12 (d) - സംവരണത്തിന്റെ പ്രിൻസിപ്പിൾ ആണ്. അതുകൊണ്ട് ഇവിടെ Stream - I ഏതായാലും ഉൾപ്പെടുത്തേണ്ടിവരും. ഗവൺമെന്റിന്റെയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ ധാരണ ഉണ്ടാകാവുന്നത് Stream -I എന്നുപറയുന്ന Direct appointment നടക്കുമ്പോൾ അവിടെ നിങ്ങൾ സംവരണം നടപ്പിലാക്കുന്നത് സംവരണത്തിൽ ഗവൺമെന്റോ ഈ ആക്ടോ വിരുദ്ധമല്ലെന്ന് തോന്നും. പക്ഷേ Stream II -ഉം Stream III-ഉം വരുന്നത് നോൺ ഗസറ്റഡ് ബൈ ട്രാൻസ്ഫറാണ്. ഇവിടെയുള്ള ഏറ്റവും വലിയ പ്രിൻസിപ്പിൾ എന്നുപറയുന്നത് ഇപ്പോൾ നോൺ ഗസറ്റഡ് ഓഫീസറായി വരുന്ന ആളെ നിയമിക്കപ്പെട്ടത്

ഒരിക്കലും സംവരണത്തിന്റെ അടിസ്ഥാനത്തിലായിരിക്കില്ല. മെറിറ്റ് അടിസ്ഥാനത്തിൽ വന്നവരുണ്ടാകും. അതുപോലെ ബൈ ട്രാൻസ്ഫർവഴി ഗസറ്റഡ് ഓഫീസർമാർ മെറിറ്റിൽ വന്നവരുണ്ടാകും. രണ്ടു തവണ വേണമെന്ന് ഒരിക്കലും പറയുന്നില്ല. രണ്ട് തവണ സംവരണത്തിന് യോഗ്യതയില്ല. പക്ഷേ ആദ്യമായി വരുന്ന ആൾ സംവരണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ മെറിറ്റിൽ വരുന്നവരുണ്ടാകും. അങ്ങനെ മെറിറ്റിൽ വരുന്നവർക്ക് ഇവിടെ സീറ്റില്ലാതെ പോകുകയാണ്. അതുകൊണ്ട് അത് പരിശോധിക്കണം. സംവരണത്തിന്റെ പ്രിൻസിപ്പിൾ എന്നുപറയുന്നത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ, ഇന്ദിരാസാഹ്നി കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. 'No reservation in excess of 50%'. 50 ശതമാനത്തിലധികം റിസർവേഷൻ പാടില്ല. റിസർവേഷൻ പ്രൊമോഷനിലും പാടില്ല. But consideration of merit cannot be ignored. മെറിറ്റിൽ വരുന്നവരെ ഇഗ്നോർ ചെയ്യരുത് എന്നുള്ളത് ഇന്ദിരാസാഹ്നി കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയതാണ്. അതുകൊണ്ട് അങ്ങനെ വരാതിരുന്നാൽ സുപ്രീം കോടതി വിധിക്ക് എതിരാണ്. സംവരണ തത്വത്തിന്റെ പ്രിൻസിപ്പിളിന് എതിരാണ്. അതുകൊണ്ട് ഞാൻ പറയുന്ന ഭേദഗതികൾ കെ.എ.എസ്.-ൽ ഉൾപ്പെടുത്തി സംവരണതത്വം അട്ടിമറിക്കപ്പെടാതിരിക്കാനുള്ള അതീവ സൂക്ഷ്മത ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

മി. സ്പീക്കർ: ഭേദഗതികളുടെ ചർച്ച വീണ്ടും വരുന്നതാണ്. അതുകൊണ്ട് ചെറിയൊരു ക്ലാരിഫിക്കേഷൻ കൊടുക്കേണ്ട ആവശ്യമേയുള്ളൂ.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പറഞ്ഞിട്ടുള്ളത്, " In the case of Stream 2, 3, a review in every 3 year shall be made to ensure proper representation of reservation communities" എന്നാണ്. മൂന്ന് വർഷത്തിലൊരിക്കൽ അത് റിവ്യൂ ചെയ്ത് പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് ഭേദഗതി. അതുകൊണ്ട് ഇത് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

Dr. M. K. Muneer: Sir, I move the following amendments:

18. In the Table under rule 12 (a) category, Stream III against in Column (2), after the words "By Transfer Appointment" the following words and bracket shall be substituted as follows;

"(from Gazetted Officers of any Government Departments)"

19. In rule 12 (b) after the words and bracket "(from all Government Departments)", the following words shall be substituted.

"By Transfer Appointment from Gazetted Officers of any Government Departments"

20. In rule 12 (c) (i) after the word, alphabet and bracket "(Stream 2)" the following words shall be substituted;

"(3) By Transfer Appointment from Gazetted Officers of any Government Departments (Stream 3) respectively"

21. In rule 12 (c) (v) after the words and symbol "By Transfer Appointment - " the following words shall be substituted "from Gazetted Officers of any Government Department."

25. In rule 14 (b) after the word and symbol "and (iii)" the following words shall be substituted

"By Transfer Appointment from Gazetted Officers of any Government Departments"

എന്റെ ഭേദഗതികൾ 18, 19, 20, 21, 25 എന്നിവയാണ്. എല്ലാം ഒരേകാര്യം തന്നെയാണ്. Stream III എന്നുപറയുന്ന സ്ഥലത്ത് from candidates holding first gazetted post of above in Departments in the Schedule I and equallent post in common categories listed in Schedule I. ഷെഡ്യൂൾ I എടുത്തുനോക്കിയാൽ അതിനകത്ത് ഏകദേശം 30 ഡിപ്പാർട്ട്മെന്റുകൾ മാത്രമേ പറയുന്നുള്ളൂ. 130-ഓളം ഡിപ്പാർട്ടുമെന്റുകളുള്ളപ്പോൾ ഇത്രയും മാത്രം സെലക്ടീവായി എടുത്തത് ഏതടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല.

ഹെൽത്ത് സർവ്വീസ്, ഇറിഗേഷൻ, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്, പബ്ലിക് വർക്സ്, അഗ്രിക്കൾച്ചർ, ഡയറി ഡെവലപ്മെന്റ്, എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫിഷറീസ്, ഫുഡ് സേഫ്റ്റി തുടങ്ങിയ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകളെയെല്ലാം ഇതിൽനിന്നും മാറ്റിനിർത്തിയിരിക്കുന്നു. ഭാവിയിൽ കെ.എ.എസ്-ൽ നിന്നും എഫിഷ്യൻസി നോക്കി ഐ.എ.എസ്.-ലേയ്ക്ക് കൺഫർ ചെയ്യാനുള്ള ഉദ്ദേശമുണ്ടെങ്കിൽ എന്തിനാണ് കുറെ ആളുകളെ മാറ്റിനിർത്തുന്നത്? സംവരണതത്വത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. സംവരണ തത്വം പാലിക്കണമെന്നുള്ള അമെന്റ്മെന്റ്സ് ഇവിടെയുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ഡോക്ടേഴ്സ്, എഞ്ചിനീയേഴ്സ് എന്നിവരെയൊക്കെയാണ് ഇതിൽനിന്നും മാറ്റിനിർത്തിയിരിക്കുന്നത്. ഐ.എ.എസ്. കാറ്റഗറിയിൽ വന്നിട്ടുള്ള ഡോക്ടർമാരുടെയും എഞ്ചിനീയർമാരുടെയും എഫിഷ്യൻസി അതത് മേഖലയിൽ മനോഹരമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹെൽത്ത് സർവ്വീസ്, എഞ്ചിനീയറിംഗ് വിംഗ് തുടങ്ങിയ വകുപ്പുകളെ മാറ്റിനിർത്തിക്കൊണ്ട് മറ്റ് ഡിപ്പാർട്ടുമെന്റുകളെ എങ്ങനെയാണ് തെരഞ്ഞെടുത്തത് എന്നുള്ളത് നമ്മുടെ മുന്നിൽ സംശയമായി നിൽക്കുകയാണ്. ഡിപ്പാർട്ട്മെന്റ് എന്നുപറയുമ്പോൾ ഏത് ഡിപ്പാർട്ട്മെന്റിലുമുള്ള ആളുകൾക്കും വരാൻവേണ്ടി all departments എന്നാക്കി മാറ്റണം. ഷെഡ്യൂൾ 1-ൽ പറഞ്ഞിട്ടുള്ള കുറച്ച് ഡിപ്പാർട്ട്മെന്റ്സിനെ മാത്രം തെരഞ്ഞെടുക്കുന്നത് ശരിയല്ല എന്നതാണ് എന്റെ അമെന്റ്മെന്റ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

ചട്ടം 14(b)-യിൽ "any Government Departments or Constitutional Bodies" എന്നതിൽ "or Constitutional Bodies" എന്ന വാക്കുകൾ ഒഴിവാക്കണം.

ബഹുമാനപ്പെട്ട അംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികളിൽ ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 30-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഇവിടെ ഗൗരവമായി ഉന്നയിച്ച ഒരു പ്രശ്നം 4 മുതൽ 7 വരെയുള്ള ഭേദഗതികളുടെ ഭാഗമായി നേരിട്ടുള്ള നിയമനം നടത്തുന്ന Stream I-ൽ മാത്രമാണ് സംവരണം ബാധകമാക്കിയിട്ടുള്ളത്. തസ്തികമാറ്റംവഴി നിയമനം നടത്തുന്ന മറ്റ് രണ്ട് വിഭാഗത്തിലും സംവരണം ബാധകമല്ല. ഇതുസംബന്ധിച്ച് ഒട്ടേറെ അഭിപ്രായങ്ങൾ വരുന്നുണ്ട്. ഇത് സംവരണത്തിന് എതിരായുള്ള ഒരു നടപടിയായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ആദ്യഘട്ട പരിശോധനയിൽ ഇവിടെ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്, അവർ സർവ്വീസിൽ വന്നതിനുശേഷം വീണ്ടും സംവരണം നൽകുകയെന്ന നിലപാട് സാധാരണഗതിയിൽ സ്വീകരിക്കുന്നില്ല. എന്നാൽ ഗൗരവമായ ചില അഭിപ്രായങ്ങൾ ഇക്കാര്യത്തിൽ ഉയർന്നുവന്നതുകൊണ്ട് ഇക്കൂട്ടർക്ക് സംവരണം ബാധകമാണോയെന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിനോട് അഭിപ്രായം ചോദിച്ചിട്ടുണ്ട്. ആ അഭിപ്രായം ലഭിച്ചതിനുശേഷം എന്തെങ്കിലും നടപടികൾ ആവശ്യമായി വരുന്നുണ്ടെങ്കിൽ അക്കാര്യം പ്രത്യേകമായി സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. ഇതാണ് അക്കാര്യത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. മറ്റ് നിർദ്ദേശങ്ങളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചട്ടം 14(b) "or Constitutional Bodies" എന്ന വാക്കുകൾ ഒഴിവാക്കണമെന്ന ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 30-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം, അങ്ങയുടെ 1, 3, 9, 22, 24, 27, 28, 29 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 1, 3, 9, 22, 24, 27, 28, 29 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങയുടെ 2, 4, 8, 11, 26 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 2, 4, 8, 11, 26 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 15, 16 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 15, 16 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ, അങ്ങയുടെ 14, 23 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 14, 23 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ, അങ്ങയുടെ 18, 19, 20, 21, 25 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ..................................

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 8, 19, 20, 21, 25 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

## VI റൂളിംഗ്

### ചട്ടത്തിനുള്ള ഭേദഗതി

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നൽകിയിട്ടുള്ള സ്പെഷ്യൽ റൂൾസ് ഫോർ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്) എന്ന ചട്ടത്തിനുള്ള ഭേദഗതി നോട്ടീസുകൂടി ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും വിശദമായ പരിശോധനയിൽ പ്രസ്തുത നോട്ടീസ് ക്രമപ്രകാരമല്ലെന്ന് കാണുകയുണ്ടായി. നോട്ടീസിൽ പറഞ്ഞിരിക്കുന്ന ചട്ടം ഒരു സ്റ്റാറ്റ്യൂട്ടറി ചട്ടം (SRO) അല്ല. മറിച്ച്, സർക്കാരിനുകീഴിലുള്ള ഒരു സ്ഥാപനമായ മത്സ്യഫെഡിനെ സംബന്ധിക്കുന്ന ചട്ടമാണ്. പ്രസ്തുത ചട്ടത്തിന്മേലുള്ള ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുതന്നെയാണ്. സഭയുടെ നടപടി ചട്ടം അനുസരിച്ച് പ്രസ്തുത ഭേദഗതി നോട്ടീസുകൾ സഭ പരിഗണിക്കേണ്ടതില്ല. അതിനാൽ ക്രമപ്രകാരമല്ലാത്ത പ്രസ്തുത നോട്ടീസിന് അനുമതി നിഷേധിക്കുകയാണ്.

## VII ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| XXX | ഭക്ഷ്യം | 1725,41,90,000 | 94,21,85,000 | 1819,63,75,000 |
| XXXI | മൃഗസംരക്ഷണം | 715,93,37,000 | 33,85,00,000 | 749,78,37,000 |
| XXXII | ക്ഷീരവികസനം | 176,19,84,000 | 5,36,34,000 | 181,56,18,000 |
| XXXIV | വനം | 614,05,54,000 | 118,85,02,000 | 732,90,56,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. എം. ഉമ്മർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിത്യോപയോഗ സാധനങ്ങളുടെ അതിരൂക്ഷമായ വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗോത്ര മേഖലകളിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന പട്ടിണിയും വിശപ്പുംമൂലം ചെറിയ തെറ്റ് ചെയ്ത മധു എന്ന ആദിവാസി യുവാവിനെ ജനക്കൂട്ടം തല്ലിക്കൊന്ന സംഭവത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത മേഖലയിൽ മൊബൈൽ റേഷനിംഗ് ആരംഭിക്കാത്തതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെറു ധാന്യങ്ങൾ പോലുള്ള ഗോത്ര ഉല്പന്നങ്ങൾ സംഭരിച്ച് ഗോത്ര കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതു വിതരണ സമ്പ്രദായം സുതാര്യമാക്കുന്നതിനും അഴിമതി തുടച്ച് നീക്കുന്നതിനും ചോർച്ച തടയുന്നതിനും കർശന നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റേഷൻ കാർഡ് ഇല്ലാത്തവർക്ക് കാർഡ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വലിയതുറ സപ്ലൈകോ ഡിപ്പോയിൽ നടന്ന ഹോർലിക്സ് തിരിമറിമൂലം നഷ്ടം ഉണ്ടായതായി പറയപ്പെടുന്നതു ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സപ്ലൈകോ ഔട്ട് ലെറ്റുകളിൽ ആവശ്യമായ സാധനങ്ങൾ ലഭിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണത്തിനായി കൂടുതൽ തുക നീക്കിവച്ച് നെൽകർഷകർക്ക് പ്രോത്സാഹനം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരളത്തെ വിശപ്പുരഹിത സംസ്ഥാനമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

### സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1819,63,75,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ലൈവ് സ്റ്റോക്ക്, ഓരോ ലൈവ് സ്റ്റോക്ക് സെൻസസ്സ് കഴിയുന്തോറും കുറയുകയും എന്നാൽ മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാത്രി കാലങ്ങളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പിൽ ആവശ്യത്തിന് ഡോക്ടർമാരും മറ്റ് അനുബന്ധ സ്റ്റാഫുകളും ഉണ്ടെങ്കിലും വളർത്തു മൃഗങ്ങളുടെ ചികിത്സ കൃത്യമായി ലഭ്യമാകാതെ വരുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പ് ജീവനക്കാർ കർഷക ഭവനങ്ങൾ സന്ദർശിച്ച് ചികിത്സ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രോഗബാധിതരായ കന്നുകാലികളെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കടത്തിക്കൊണ്ടുവരുന്നതു തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കന്നുകാലി രോഗങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുളമ്പുരോഗത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് എല്ലാ കന്നുകാലികൾക്കും നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള കോഴിയിറച്ചിയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൗൾട്രി വാക്സിൻ ഉല്പാദനം ക്രമാതീതമായി കുറഞ്ഞതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 749,78,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോഴിത്തീറ്റയുടെ വില വർദ്ധനവ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മിൽമ പാൽ വില വർദ്ധിപ്പിച്ച് സാധാരണക്കാരുടെ മേൽ അധികഭാരം ഏല്പിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ക്ഷീരകർഷകരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ക്ഷീരകർഷകർക്ക് പാൽവില വർദ്ധനവ് അനുസരിച്ചുള്ള പ്രയോജനം ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കാലിത്തീറ്റയുടെ വില വർദ്ധനവ് മൂലം ക്ഷീരകർഷകർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (തരിശു ഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്താൻ നടപടി സ്വീകരിക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (തീറ്റപ്പുൽ കൃഷി വ്യാപകമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,56,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മായം കലർന്ന പാൽ വിതരണം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV - വനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അടൂർ പ്രകാശ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (വനങ്ങളിൽ 500 ജലാശയങ്ങൾ പുനരുജ്ജീവിപ്പിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കും എന്ന പ്രഖ്യാപനം പൂർണ്ണതോതിൽ നടപ്പിലാക്കാത്തതുമൂലം വന്യമൃഗങ്ങൾ നാട്ടിലിറങ്ങി ജനങ്ങളുടെ സൈ്വരജീവിതത്തെ തടസ്സപ്പെടുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (വനങ്ങളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പൊന്തൻപുഴ വനഭൂമി സർക്കാരിന് നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള നിലപാടുകൾ വനം വകുപ്പ് സ്വീകരിച്ചതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വനം കയ്യേറ്റം തടയുന്നതിന് സർക്കാർ ഭാഗത്തുനിന്നും വീഴ്ച ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കാട്ടുകള്ളന്മാരെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതുമൂലം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശങ്ങൾ നിഷേധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കണ്ടൽ കാടുകളുടെ സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വനങ്ങളിലെ അപൂർവ്വ സസ്യങ്ങളെ സംരക്ഷിച്ച് പരിപാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 732,90,56,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സാമൂഹ്യ വനവൽക്കരണം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12.00 Noon]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഞാൻ ഭക്ഷ്യം, വനം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ നാല് ധനാഭ്യർത്ഥനകളെയും പിന്താങ്ങുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 20 മാസം കഴിഞ്ഞു. ഈ 20 മാസവും സഭാ സമ്മേളനങ്ങളിൽ ചർച്ച ചെയ്ത പ്രധാനപ്പെട്ട കാര്യം കേരളത്തിലെ ഭക്ഷ്യ വസ്തുക്കളുടെ ദൗർലഭ്യത്തെ സംബന്ധിച്ചാണ്. ഭക്ഷ്യ പ്രശ്നം കേരള ജനതയെ ഒന്നാകെ ബാധിക്കുന്നതാണ്. കേരളം രൂപീകരിക്കുമ്പോഴും അതിനുമുമ്പും ഭക്ഷ്യരംഗത്ത് കേരളം കമ്മിയാണെന്ന കാര്യം എല്ലാവർക്കുമറിയാം. ആ കമ്മി പരിഹരിക്കുന്നതിനുവേണ്ടി മാറിമാറിവന്ന ഗവൺമെന്റുകൾ വലിയ ശ്രമം നടത്തിയെങ്കിലും അത് പരിഹരിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല കൂടുതൽ ദൗർലഭ്യം നേരിടുന്ന അവസ്ഥയിലേയ്ക്കാണ് സംസ്ഥാനത്തെ കൊണ്ടെത്തിച്ചത്. കേരളത്തിലെ ജനങ്ങളെ സഹായിക്കുന്നതിനായി പഴയ കേന്ദ്ര ഗവൺമെന്റ്, എഗ്രിമെന്റ് പ്രകാരം ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചു വെങ്കിലും സംസ്ഥാനത്തിന് കിട്ടേണ്ട ഗോതമ്പും അരിയും മറ്റ് ഭക്ഷ്യ വസ്തുക്കളും കാലാകാലം തരാതെ ബുദ്ധിമുട്ടിക്കുന്ന ഏർപ്പാടാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത് എന്നുള്ളത് കഴിഞ്ഞ ഗവൺമെന്റിലെയും ഇപ്പോഴത്തെ ഗവൺമെന്റിലെയും വകുപ്പുമന്ത്രിമാരും ഗവൺമെന്റുകളും പരസ്യമായി സമ്മതിച്ചിട്ടുള്ളതാണ്. അത് പറഞ്ഞ് പരിഹരിക്കാനുള്ള ശ്രമം നടത്തിയെങ്കിലും ഇതുവരെ കഴിഞ്ഞില്ലെന്നുള്ളത് പ്രധാനപ്പെട്ട വസ്തുതയാണ്. അപ്പോഴാണ് കൂനിൻമേൽ കുരുവെന്നപോലെ ഭക്ഷ്യ ഭദ്രതാ നിയമം നാട്ടിൽ നടപ്പിലാക്കിയത്. അതിന്റെ ആന്തരിക കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ എതിർക്കുന്നില്ല. പക്ഷെ അതുണ്ടാക്കിവച്ച പൊല്ലാപ്പാണ് കഴിഞ്ഞ 20 മാസവും സഭയിൽ ഭരണപക്ഷവും പ്രതിപക്ഷവും ചർച്ച ചെയ്തത്. അതിനർത്ഥം കേരളത്തിലെ ജനങ്ങൾ അത്രയും ബുദ്ധിമുട്ട് അനുഭവിക്കുന്നു എന്നുള്ളതാണ്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ പാവപ്പെട്ടവർക്കെല്ലാം നിശ്ചിത അളവിൽ അരിയും മറ്റ് ഭക്ഷ്യ വസ്തുക്കളും കിട്ടുമെന്ന വ്യവസ്ഥിതിക്ക് പകരം കിട്ടിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾപോലും കിട്ടാത്ത അവസ്ഥയാണ് ഉണ്ടായത്. ഇതിന്റെ ഉത്തരവാദി ആരെന്ന കാര്യത്തിൽ മാത്രമേ തർക്കമുണ്ടായിരുന്നുള്ളൂ. അത് ആരെന്ന് ചോദിച്ചാൽ നിയമം കൊണ്ടുവന്ന അന്നത്തെ ഗവൺമെന്റ് ആണെന്നുള്ള കാര്യം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. അത് അവർ അംഗീകരിക്കുന്നില്ലെന്ന് മാത്രമേയുള്ളൂ. ഭക്ഷ്യ പ്രശ്നം പരിഹരിക്കുന്നതിനായി ഈ

സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. അതിന്റെ ഫലമായാണ് എല്ലാവർക്കും തുല്യമായല്ലെങ്കിലും അരി കിട്ടാനൊരു അവസരം ഉണ്ടായത്. ഒരു കിലോയും ഒന്നരക്കിലോയും കൊടുക്കുന്ന അരിയെക്കുറിച്ച് നാം ചർച്ച ചെയ്തു. അതുസംബന്ധിച്ച് മോശപ്പെട്ട അഭിപ്രായമാണ് എല്ലാവർക്കുമുള്ളത്. ഒരു കിലോ അരി ആഴ്ചയിലോ മാസത്തിലോ ആണ് കൊടുക്കുന്നതെങ്കിൽ ആരാണ് അത് വാങ്ങാൻ പോകുന്നത്; ആരും വാങ്ങുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അത് പരിഹരിക്കുന്നതിന് ഭക്ഷ്യ വകുപ്പുമന്ത്രി എടുത്ത തീരുമാനത്തിന്റെ ഫലമായി ഇന്ന് എക്സസ് വരുന്ന അരിയുടെ അളവ് കൂട്ടിക്കൊടുക്കാൻ നടപടി സ്വീകരിച്ചു. വാതിൽപ്പടി നടപടിയുമായി ഒരു പരിധിവരെ മുന്നോട്ടുപോയെങ്കിലും അതിലുണ്ടാകുന്ന പ്രയാസങ്ങൾ ഏറ്റവും വലുതാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. വാതിൽപ്പടി അരി 50 കിലോഗ്രാമിന്റെ ചാക്കുകളിലാക്കി റേഷൻ കടകളിൽ കൊണ്ടെത്തിക്കുകയാണ്. അതിൽ 47-48 കിലോഗ്രാം അരി മാത്രമേ ഉണ്ടാകുകയുള്ളുവെന്ന് റേഷൻ ഷോപ്പ് ഉടമകൾ പരാതി പറയുന്നുണ്ട്. ഇടനിലക്കാർ ആരോ ഈ അരി തട്ടിയെടുക്കുന്നുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് റേഷൻ കടക്കാരാണ്. പഴയ രീതിയിൽ റേഷൻ ഷോപ്പ് ഉടമകൾക്ക് ഇതിൽ നിന്ന് വലുതായൊന്നും ലാഭം കിട്ടുന്നില്ല. ഇന്നത്തെ നടപടിയുടെ ഫലമായി ശമ്പളം നിശ്ചയിച്ച് കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇടനിലക്കാർ അരി തട്ടിയെടുക്കുന്ന നടപടി ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി പരിശോധിക്കുകയും അതിന് ഇടവരാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഭക്ഷ്യ സംഭരണം നടത്തുന്നതിന്റെ ഭാഗമായാണ് നെല്ല് സംഭരിച്ച് അരിയാക്കി കൊടുക്കാൻ തീരുമാനമെടുത്തത്. നെല്ല് സംഭരണം കൃത്യമായി നടത്തുന്നതിനുവേണ്ടി നല്ല ഇടപെടൽ ഭക്ഷ്യ വകുപ്പും ഗവൺമെന്റും നടത്തിയെങ്കിലും മില്ലുടമകൾ അതിനെ തടസ്സപ്പെടുത്തുന്ന നടപടിയാണ് കേരളത്തിൽ പല സ്ഥലത്തും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടാകുന്നുണ്ടോ എന്ന കാര്യവും മന്ത്രി വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ ഒന്നാം വിളയുടെ കാലത്ത് കാസർഗോഡ് ജില്ലയിൽനിന്നും നെല്ലെടുക്കാത്ത പ്രശ്നം വന്നപ്പോൾ ഞാൻ മന്ത്രിയെ വിളിച്ചുപറയുകയും യാത്രയിലായിരുന്ന അദ്ദേഹം അപ്പോൾത്തന്നെ ഇടപെട്ട് ആ നെല്ല് സംഭരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. എം.എൽ.എ.മാർ പറഞ്ഞിട്ടുപോലും ഉദ്യോഗസ്ഥർ കൂട്ടാക്കുന്നില്ലെന്ന് മാത്രമല്ല, അതിന്റെ കാലാവധി തീർന്നുപോയെന്ന് പറഞ്ഞ് അവസാനിപ്പിക്കുന്ന ഏർപ്പാടാണുണ്ടായത്. എന്നാൽ

ഭക്ഷ്യ വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടാണ് ആ നെല്ല് സംഭരിക്കുന്നതിനുള്ള നടപടിയുണ്ടായത്. കാസർഗോഡ് ജില്ലയിൽ നെൽകൃഷി കുറച്ചുമാത്രമേയുള്ളു. ആ നെല്ല് ഉല്പാദിപ്പിക്കുന്ന കർഷകരെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമം അട്ടിമറിക്കുന്നതിനായി നമ്മുടെ നാട്ടിലെ ചില സംവിധാനങ്ങൾ തുടരുന്നു. അത് മനസ്സിലാക്കി അടിയന്തരമായി ഇടപെടാൻ മന്ത്രിക്ക് കഴിഞ്ഞുവെന്നുള്ളത് വസ്തുതയാണ്. മേലിലും അത് തുടർന്നുകൊണ്ട് നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ ഇടപെടൽ, നെല്ല് സംഭരിക്കുന്നവരുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റേഷൻ സംവിധാനം നിലച്ചുപോയാൽ നാട്ടിലെ നിത്യോപയോഗ സാധനങ്ങളുടെ പ്രത്യേകിച്ച് അരിയുടെ വില കൂടുമെന്നുള്ള കാര്യം എല്ലാവർക്കും അറിയാം. അത് പരിഹരിക്കാൻ ഈ ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളെയും ഞാൻ അഭിനന്ദിക്കുന്നു. മാത്രമല്ല, അത് തുടർന്നുകൊണ്ട് പോകുന്നതിനുള്ള നടപടി ശ്ലാഘനീയവുമാണ്. ഭക്ഷ്യ വസ്തുക്കളുടെ വില പിടിച്ചുനിർത്തുന്നതിനുവേണ്ടിയാണ് സബ്സിഡി കൊടുക്കുന്ന നടപടി സ്വീകരിച്ചത്. അതൊന്നും എണ്ണിയെണ്ണി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഓരോ നടപടിയും ശ്ലാഘനീയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങളിൽ ഒന്നാണ് 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ല എന്നുള്ളത്. കഴിഞ്ഞ 22 മാസവും വില വർദ്ധിപ്പിച്ചില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഈ ഗവൺമെന്റിനും ഭക്ഷ്യ വകുപ്പിനും അല്ലാതെ അത്തരത്തിൽ ഒരു നേട്ടം ഉണ്ടാക്കാൻ മറ്റാർക്കും കഴിയില്ല. ഇനിയുമുണ്ട് കാലം. സർക്കാർ അഞ്ചുവർഷം പൂർത്തീകരിക്കുന്നത് വരെയും 13 ഇനം നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിപ്പിക്കാതെ കൊടുക്കാൻ കഴിയും എന്നുള്ളതും പ്രധാനപ്പെട്ട വിഷയമാണ്. ഞാൻ അടുത്തകാലത്ത് ശ്രീ. വീരേന്ദ്രകുമാറിന്റെ ഒരു പുസ്തകം വായിച്ചു. അദ്ദേഹം 1958-ൽ ചൈനയിൽ പോയി വന്നപ്പോൾ എഴുതിയ പുസ്തകമാണ്. അതിൽ ചൈനയിലെ പീടികയിൽ കണ്ട വിലനിലവാര പട്ടികയെക്കുറിച്ച് പറയുന്നുണ്ട്. 1951-ൽ ഇറക്കിയ വിലനിലവാര പട്ടികയാണ് അന്നും പ്രദർശിപ്പിച്ചിട്ടുള്ളത്. നമ്മുടെ നാട്ടിൽ ഓരോ ദിവസവും അന്നത്തെ വില എഴുതുകയാണ് ചെയ്യുന്നത്. അത്തരത്തിൽ വില പിടിച്ചുനിർത്താൻ കഴിഞ്ഞ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതാണ് സോഷ്യലിസവും കമ്മ്യൂണിസവും. അപ്പുറത്തുള്ള ആളുകൾക്ക് അത് മനസ്സിലാകുകയില്ല. അവർ സ്വേച്ഛാധിപത്യം, ജനാധിപത്യമില്ലായ്മ എന്നൊക്കെ പറഞ്ഞ് എതിർക്കുകയാണ്. എന്നാൽ ജനാധിപത്യപരമായ ഭരണം ഉള്ളതു കൊണ്ടാണ് അങ്ങനെ നിശ്ചിത വിലയ്ക്ക് സാധനങ്ങൾ കൊടുക്കാൻ കഴിഞ്ഞത്. അതുകൊണ്ട് ഈ ഗവൺമെന്റിനെയും ആ വകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു.

മറ്റൊരു പ്രധാനപ്പെട്ട കാര്യം മൃഗസംരക്ഷണമാണ്. ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയെ അഭിനന്ദിക്കുന്നു. കേരളത്തിൽ പ്രധാനമായും മൃഗസംരക്ഷണം നടത്തുന്നത് പശുക്കളെ സംരക്ഷിക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമാണ്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് എടുത്ത നടപടി ശ്ലാഘനീയമാണ്. കേരളത്തിൽ പാലുല്പാദനം കുറഞ്ഞുവരാൻ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആ രംഗത്തുള്ള കൃഷിക്കാർക്ക് ലാഭം കിട്ടുന്നില്ലെന്നുള്ളതാണ്. ആ കാർഷിക മേഖല പുഷ്ടിപ്പെടുത്താനും കൃഷിക്കാരന് കാലിത്തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാനും ഈ ഗവൺമെന്റും വകുപ്പും കാണിക്കുന്ന നടപടി എടുത്തുപറയേണ്ടതാണ്. അത് നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. കേരളത്തിൽ 60-65 ശതമാനം മാത്രം പാലുല്പാദനം നടത്തിയിരുന്ന സ്ഥാനത്ത് ഇന്ന് 85 ശതമാനം പാലുല്പാദിപ്പിക്കാൻ കഴിയുന്നുവെന്നുള്ളത് പ്രധാനപ്പട്ട വസ്തുതയാണ്.

നമ്മുടെ അന്യസംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിനാവശ്യമായ പാൽ വരുന്നത്. ആ പാൽ മോശമെന്ന് മാത്രമല്ല ഭക്ഷ്യവസ്തുവായി ഉപയോഗിക്കാൻ കഴിയാത്ത രീതിയിലുള്ളതുമാണ്. അത് കൃത്രിമ പാലാണ്. അത്തരം പാൽ നമ്മുടെ നാട്ടിൽ കൊണ്ടുവരാതിരിക്കാനും ഇവിടെത്തന്നെ പാൽ ഉൽപ്പാദിപ്പിക്കാനും എല്ലാ സഹായങ്ങളും നൽകി പ്രോത്സാഹിപ്പിക്കുന്ന നടപടി ഗവൺമെന്റ് കൈക്കൊണ്ടതുകൊണ്ടാണ് ഈ രംഗത്ത് നേട്ടമുണ്ടായത്. മൃഗസംരക്ഷണമെന്നത് പ്രധാനപ്പെട്ട ഘടകമാണ്. നമ്മുടെ നാട്ടിലെ മൃഗങ്ങളെ സംരക്ഷിക്കണമെന്ന് പറയുന്നതോടൊപ്പം തന്നെ മൃഗങ്ങളെക്കൊണ്ട് ബുദ്ധിമുട്ടുന്ന കുറെ ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട് പ്രത്യേകിച്ച് കാർഷിക മേഖലയിൽ. എന്റെ മണ്ഡലമായ ഉദുമയിൽ മൂന്ന്, നാല് ഫോറസ്റ്റ് പ്രദേശങ്ങളുണ്ട്. വന്യജീവികളെക്കൊണ്ട് അവിടത്തെ കൃഷിക്കാർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ നേരിട്ട് കണ്ട് സംസാരിക്കുകയും ആ ഫോറസ്റ്റിൽവച്ച് ഒരു മീറ്റിംഗ് കൂടുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല, തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽപ്പോലും ആനകളും മറ്റ് മൃഗങ്ങളും വന്ന് കൃഷി നശിപ്പിക്കുന്നുണ്ട്. അതിന് പരിഹാരം കാണാൻ കഴിയുന്നില്ലെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഈ ഭാഗങ്ങളിൽ വരുന്ന ആനകളെ തിരിച്ച് കർണ്ണാടകത്തിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. കർണ്ണാടകയിൽ വലിയ ടാസ്ക്ഫോഴ്സ് സംവിധാനമുണ്ടാക്കി വീണ്ടും കേരളത്തിലേയ്ക്ക് തിരിച്ചയയ്ക്കുകയാണ്. അതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് എന്റെ ജില്ലയിലെ കർഷകരാണ്. പ്രത്യേകിച്ച് ഉദുമ മണ്ഡലത്തിലെ കർഷകർ. അതിനൊരു പരിഹാരം കാണാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മൃഗങ്ങൾക്ക് ഫോറസ്റ്റ് പ്രദേശങ്ങളിൽ കുടിക്കാൻ

വെള്ളവും ആഹാരവും കിട്ടുന്നില്ല. തെറ്റായ നടപടിയുടെ ഭാഗമായി വനത്തിലെ മരങ്ങളെല്ലാം വെട്ടിനശിപ്പിക്കുകയും പകരം യൂക്കാലിപ്റ്റസ് മരങ്ങളും ജനങ്ങൾക്ക് ആവശ്യമില്ലാത്ത മറ്റ് മരങ്ങളും വച്ചുപിടിപ്പിച്ചതുകാരണം വനത്തിലെ വെള്ളം നഷ്ടപ്പെടുകയുമാണ്. അതിന്റെ ഫലമായി മൃഗങ്ങൾക്ക് അവിടെ കുടിക്കാൻ വെള്ളം കിട്ടുന്നില്ല. അതുകൊണ്ടാണ് മൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത്. ഈ വനത്തിൽ തടയണകൾ കെട്ടി വെള്ളം സംഭരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെ തടയണകൾ കെട്ടി വെള്ളം സംഭരിച്ചാൽ മൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത് കുറയ്ക്കാൻ കഴിയും. സംസ്ഥാനത്തിനും ഗുണംചെയ്യും. വനത്തിൽ യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങൾ വച്ചുപിടിപ്പിച്ചതിന്റെ ഫലമായി അവിടെ പുല്ലുപോലും മുളയ്ക്കുന്നില്ല. അതിനുപകരം പ്ലാവ്, മാവ് തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന മരങ്ങൾ വച്ചുപിടിപ്പിച്ച് മൃഗങ്ങൾക്ക് ഭക്ഷണം ലഭ്യമാകുന്ന നടപടികൂടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

അതുപോലെ മന്ത്രിയടക്കം പങ്കെടുത്ത് ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച നാല് റോഡുകൾ എന്റെ മണ്ഡലത്തിലുണ്ട്. മയ്യള - പരപ്പ റോഡ് കോടിക്കണക്കിന് രൂപ ചെലവഴിച്ചാണ് ഈ ഗവൺമെന്റ് നിർമ്മിച്ചത്. പക്ഷെ ഒരു കിലോമീറ്ററോളം വനം പോകുന്നതുകൊണ്ട് ആ റോഡ് നിർമ്മാണം ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതിനുള്ള തുക ഞാൻ എം.എൽ.എ. ഫണ്ടിൽനിന്ന് കൊടുക്കാമെന്ന് പറഞ്ഞതായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അന്നത് സമ്മതിച്ചതുമാണ്. പക്ഷെ ദൈവം കനിഞ്ഞാലും പൂജാരി കനിയില്ലെന്ന് പറഞ്ഞതുപോലെ മന്ത്രി പറഞ്ഞിട്ടുപോലും നമ്മുടെ ഉദ്യോഗസ്ഥർക്ക് അത് ഇതുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തരമായി ഒരു യോഗം വിളിച്ചുചേർത്ത് ആ റോഡുകൾ തമ്മിൽ ബന്ധിപ്പിക്കണം. സർക്കാർ മുടക്കിയ എട്ട് കോടിയോളം രൂപയുടെ റോഡ് ഉപയോഗിക്കണമെങ്കിൽ ഈ വനത്തിൽക്കൂടി ഒരു കിലോമീറ്റർ റോഡ് വേണം. ആ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കഴിയുമെങ്കിൽ മന്ത്രി കുറച്ച് രൂപകൂടി തരണം. അല്ലെങ്കിൽ ആ റോഡ് നിർമ്മിക്കാനുള്ള തുക ഞാനും പഞ്ചായത്തും കൂടി ചെലവഴിച്ചുകൊള്ളാം. അതിനുള്ള അനുവാദം തരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. മൂന്നോ നാലോ മരം മുറിക്കേണ്ടിവന്നാൽ പകരം അഞ്ചോ പത്തോ മരം വച്ചുപിടിപ്പിച്ച് ഞങ്ങൾ സംരക്ഷിച്ചുക്കൊള്ളാം. വനത്തെ സ്നേഹിക്കുന്നവരാണ് ഞങ്ങളും നാട്ടുകാരും. അതിനുള്ള സൗകര്യം ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു. മൃഗസംരക്ഷണത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട ഒന്നാണ് കാഴ്ചബംഗ്ലാവിലെ മൃഗങ്ങൾ. പ്രത്യേകിച്ച് തിരുവനന്തപുരം കാഴ്ചബംഗ്ലാവ് കുറേക്കാലമായി വളരെ പിന്നിലായിരുന്നു. അത്

ഇപ്പോൾ ഒന്നാം സ്ഥാനത്താണെന്ന് ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. അത് നല്ല കാര്യമാണ്. തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ പോകുന്നവർക്ക് അത് മനസ്സിലാകും. മൃഗങ്ങളെയും പ്രകൃതിയെയും കണ്ട് ആസ്വാദിക്കുന്നതിനായി ധാരാളം ആളുകൾ അവിടെ പോകാറുണ്ട്. അതിനെ നല്ലരീതിയിൽ കൊണ്ടുവരാനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ആ നടപടിയെ ഞാൻ അങ്ങേയറ്റം ശ്ലാഘിക്കുന്നു. ക്ഷീരവും വനവും ഭക്ഷ്യവും നമ്മുടെ നാട്ടിലെ ജനങ്ങൾക്കും മൃഗങ്ങൾക്കും ഒരുപോലെ ആവശ്യമുള്ളതാണെന്ന് മനസ്സിലാക്കി ഇവയെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ചില ആളുകൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ചും ഇടതുപക്ഷജനാധിപത്യ മുന്നണിയെക്കുറിച്ചും ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. ഇത് ജനാധിപത്യമല്ല, ഏകാധിപത്യ ഭരണമാണ്, എകാധിപത്യ പാർട്ടിയാണ് എന്നൊക്കെ അവർ തുടർച്ചയായി പ്രസംഗിക്കുന്നുണ്ടായിരുന്നു. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം എന്ന് ഈ പാർട്ടി പറയുന്നതുകൊണ്ടാണ് ജനാധിപത്യവിരുദ്ധ മെന്ന് അവർ പറയുന്നത്. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം എന്ന് പറഞ്ഞതിനെക്കുറിച്ച് കടലും കടലാടിയുംപോലെ ബന്ധമില്ലാത്തവരാണ് ഇതു പറയുന്നത്. കാറൽ മാർക്സ് മുതൽ മാവോസേതുംഗിനെ വരെ എടുത്തു പറഞ്ഞാണ് അവർ സംസാരിച്ചത്. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്ന് ഞങ്ങൾ രേഖയിൽ എഴുതിവച്ചതാണ്. ലോകത്ത് എവിടെനോക്കിയാലും തൊഴിലാളി വർഗ്ഗമാണ് ഭൂരിപക്ഷം. ആ ഭൂരിപക്ഷത്തിന്റെ സർവ്വാധിപത്യമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. അല്ലാതെ ജനാധിപത്യമില്ല എന്നല്ല അതിനകത്ത് എഴുതിവച്ചത്. ശ്രീ. കെ. എൻ. എ. ഖാദറിനെപ്പോലെയുള്ള ആളുകൾ പറയുന്നത് ജനാധിപത്യമില്ലാത്തതുകൊണ്ടാണ് അങ്ങോട്ട് തിരിച്ചുപോയതെന്നാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് പ്രവർത്തിച്ച് എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ച്, പുറത്തൊക്കെപ്പോയി കുറച്ച് വിദ്യാഭ്യാസമൊക്കെ നേടി തിരിച്ചുവന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ജനാധിപത്യമില്ലായെന്ന് മനസ്സിലാക്കിയിട്ട് നേരെ പോയത് മുസ്ലീംലീഗിലേയ്ക്കാണ്. അവിടെ ജനാധിപത്യമുള്ളതുകൊണ്ടാണ് ഞാൻ ഇപ്പോൾ നിലനിൽക്കുന്നതെന്നാണ് ശ്രീ. കെ. എൻ. എ. ഖാദറിനെ പ്പോലെയുള്ളവർ പറയുന്നത്. ഏതായാലും ജനാധിപത്യമുള്ളൊരു പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അതാണ് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം. അതുകൊണ്ട് തൊഴിലാളിവർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടി പണിയെടുക്കുന്നൊരു പാർട്ടിയുടെ നയവും പരിപാടിയും മനസ്സിലാക്കാതെ സ്വേച്ഛാധിപത്യമെന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുന്ന നടപടി ഒരുകാലത്തും ശരിയല്ല. അത് ബന്ധപ്പെട്ടവർ വായിച്ച് പഠിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. അനിൽ അക്കര: സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. കെ. കുഞ്ഞിരാമന്റെ ചിന്തകൾ ശരിയല്ലെന്ന് ഇന്നലെ താക്കീത് രൂപത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മറുപടി കൊടുത്തതാണ്. അദ്ദേഹത്തിന് മുഖ്യമന്ത്രിയെക്കാൾ വലിയൊരു ഉപദേശം ഞങ്ങളുടെ ഭാഗത്തുനിന്നും നൽകേണ്ടതില്ല എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. രണ്ടാമതായി ഇന്ന് നമ്മൾ ചർച്ചചെയ്യുന്നത് ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചാണ്. ഇവയെല്ലാം സി.പി.ഐ.യുടെ മന്ത്രിമാർ കൈകാര്യം ചെയ്യുന്നതാണ്. ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഏകാധിപത്യത്തിനെതിരായുള്ള ചർച്ചകൾ സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവന്ന് വലിയ ഇമേജുണ്ടാക്കിയ ശ്രീ. കാനം രാജേന്ദ്രന്റെ ഇമേജൊക്കെ പുനലൂർ സംഭവത്തോടുകൂടി എ.വൈ.എഫ്.ഐ.ക്കാർ അടിച്ചുതകർത്തു. അതുകൊണ്ട് ആ ഇമേജുംകൂടി നഷ്ടപ്പെട്ട സി.പി.ഐ.യെ എങ്ങനെ വിമർശിക്കണമെന്നതിനെക്കുറിച്ച് ഞാൻ ആലോചിക്കുകയാണ്. ഇവിടെ ഭക്ഷ്യവും വനവും എന്ന രണ്ട് വകുപ്പുകളും പൂർണ്ണ പരാജയമാണെന്നുള്ളത് പർവ്വതങ്ങളുടെ പുത്രൻ മധു അട്ടപ്പാടിയിൽ മരിച്ചതോടുകൂടി തെളിയിക്കപ്പെട്ടിരിക്കുകയാണ്. ആ വിഷയത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടാകേണ്ടതുണ്ട്. നമ്മുടെ എറ്റവും പ്രധാനപ്പെട്ട ഭക്ഷണങ്ങളിലൊന്നാണ് അരി. റേഷൻ കടകളിൽനിന്ന് വാങ്ങുന്ന അരിക്ക് വലിയ ദുർഗന്ധം അനുഭവപ്പെടുന്നുണ്ട്. എന്നാൽ ബ്രാൻഡഡ് അരി വാങ്ങുമ്പോൾ അത്തരം ദുർഗന്ധം വരുന്നില്ല. എന്താണ് കാരണം എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. മോശമായ രീതിയിൽ അരി വെയർഹൗസിംഗ് കോർപ്പറേഷനുകളിൽ സൂക്ഷിക്കുന്ന സമയത്ത് രണ്ടോ മൂന്നോ മാസം കഴിയുമ്പോൾ പുഴവന്ന് ഒരുതരം ഈച്ചയായി മാറുകയാണ്. അതൊഴിവാക്കാൻ അലുമിനിയം ഫോസ്ഫേറ്റ് 56 ശതമാനമുള്ള സെൽഫോസ് എന്ന നിരോധിക്കപ്പെട്ട കീടനാശിനി സ്ഥിരമായി ഉപയോഗിച്ചുകൊണ്ടാണ് അരി സൂക്ഷിക്കുന്നത്. സ്വാഭാവികമായും മൂന്നുമാസം കൂടുമ്പോൾ ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോഴാണ് റേഷൻ അരിക്ക് വലിയ രീതിയിലുള്ള ദുർഗന്ധം വരുന്നത്. ഈ കീടനാശിനി ഉപയോഗിക്കുമ്പോഴുണ്ടാകുന്ന after effect വളരെ ഗുരുതരമാണ്. നമ്മുടെ സംസ്ഥാനത്ത് ന്യൂറോ വിഭാഗത്തിലെ ചികിത്സയ്ക്കും പി.ജി.-ക്കും വളരെ ഡിമാന്റാണ്. നമ്മുടെ സംസ്ഥാനത്ത് പക്ഷാഘാതം, വാതം തുടങ്ങിയ ധാരാളം അസുഖങ്ങൾ വരുന്നത് ന്യൂറോയും ഞരമ്പുമായും ബന്ധപ്പെട്ടാണ്. ഇത്തരത്തിലുള്ള കീടനാശിനി ഉപയോഗിക്കുന്നതുകൊണ്ടാണ് ന്യൂറോ സംബന്ധമായ അസുഖങ്ങളൊക്കെ ഉണ്ടാകുന്നത്. എല്ലാ എം.എൽ.എ.-മാരും

ആശുപത്രിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ഉദ്ഘാടനം ചെയ്യുന്നത് ദന്താശുപത്രികളാണ്. ഒരു മാസംതന്നെ രണ്ടോ മൂന്നോ ദന്താശുപത്രികൾ ഉദ്ഘാടനം ചെയ്യുന്നുണ്ട്. പല്ലുകൾ കേടായിപ്പോകുന്നതുകൊണ്ടാണ് ദന്ത ഡോക്ടർമാരുടെ ഡിമാന്റ് വർദ്ധിക്കുന്നത്. തീർച്ചയായും ഭക്ഷണ സാധനങ്ങളുമായി ബന്ധപ്പെട്ടുതന്നെയാണ് പല്ല് കേടാകുന്നത്. പ്രത്യേകിച്ച് ഈ റേഷനരിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വെയർഹൗസിംഗ് കോർപ്പറേഷനെ എങ്ങനെ നവീകരിക്കാൻ കഴിയുമെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. അത്തരത്തിലുള്ള ഒരു വിഷയത്തിലേയ്ക്കും നമ്മൾ പോകുന്നില്ല. നമ്മുടെ വെയർഹൗസിംഗ് കോർപ്പറേഷനുകളിൽ ഭക്ഷ്യ വസ്തുക്കൾ സൂക്ഷിച്ചുവയ്ക്കാനുള്ള ആധുനിക രീതിയിലുള്ള സംവിധാനം ഏർപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പകരം കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയാണ്. പണ്ടുകാലത്ത് പ്രകൃതിയുമായി ബന്ധപ്പെട്ടു കൊണ്ട് വേപ്പിന്റെ ഇല പുകയ്ക്കുന്നതുൾപ്പെടെ പലതും ചെയ്തിരുന്നു. ഇന്ന് നമുക്ക് അതിനുള്ള ആധുനിക സംവിധാനങ്ങളുണ്ട്. പക്ഷെ അതിലേയ്ക്ക് പോകാൻ കഴിയുന്നില്ല. വെയർഹൗസിംഗ് കോർപ്പറേഷനുകളുടെ ഗോഡൗണുകൾ ആധുനികവൽക്കരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ സ്വാഭാവികമായും ഉണ്ടാകണം. ഇപ്പോൾ പച്ചക്കറി ശീതീകരിച്ചുവയ്ക്കുന്ന ചെറിയ സംവിധാനം മാത്രമാണ് നമുക്കുള്ളത്. വെയർഹൗസിംഗ് കോർപ്പറേഷനുകളെ ആധുനിക രീതിയിലേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്.

പാലുമായി ബന്ധപ്പെട്ട് വലിയ നിർദ്ദേശങ്ങൾ ഇവിടെ വന്നിട്ടുണ്ട്. മനുഷ്യനായാലും ആനയായാലും പൂച്ചയായാലുമെല്ലാം പ്രസവം കഴിഞ്ഞാൽ അതിന്റെ കുട്ടിക്ക് കുടിക്കാനുള്ള പാൽ മാത്രമേ ലഭിക്കുകയുള്ളൂ. പശുവിൽനിന്നും നാട്ടിലെ മുഴുവൻ ആളുകൾക്കും കുടിക്കാനുള്ളത്രയും പാൽ ലഭിക്കുകയില്ല. സ്വാഭാവികമായും കൃത്രിമ പാലിനെ ആശ്രയിക്കേണ്ടിവരും. ക്ഷീരഗ്രാമം പദ്ധതി ഇവിടെ വലിയ രീതിയിൽ നടപ്പിലാക്കുന്നുണ്ട്. പക്ഷെ സി.പി.ഐ.ക്കാരുടെ മണ്ഡലങ്ങളിൽ മാത്രമാണ് ഇത് നടപ്പിലാക്കുന്നത്. തൃശ്ശൂർ ജില്ലയിൽ 13 എം.എൽ.എ.മാരുണ്ട്. പ്രതിപക്ഷത്തുനിന്ന് ഞാൻ മാത്രമാണുള്ളത്. എന്റെ മണ്ഡലത്തിൽ ആ പദ്ധതി നടപ്പിലായിട്ടില്ല. സി.പി.ഐ.ക്കാർക്കുവേണ്ടി മാത്രം ക്ഷീരഗ്രാമം പദ്ധതി മാറ്റിവയ്ക്കരുത്.

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം പൂർത്തിയാക്കണം. സമയബന്ധിതമായി ചർച്ച അവസാനിപ്പിക്കേണ്ടതുണ്ട്.

ശ്രീ. അനിൽ അക്കര: സർ, പശുവിനെ വളർത്തുന്ന അല്ലെങ്കിൽ പശുവിനെ വളർത്താൻ സാഹചര്യമുള്ള പ്രദേശങ്ങൾ നോക്കി വേണം ക്ഷീരഗ്രാമം പദ്ധതി

നടപ്പിലാക്കേണ്ടത്. എറണാകുളം ടൗണിലും അതുപോലെയുള്ള പട്ടണങ്ങളിലും പശു വളരില്ല. സി.പി.ഐ. എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലേയ്ക്ക് മാത്രമായി ഈ പദ്ധതി മാറ്റരുത്. അത് കേരളത്തിന്റെ താല്പര്യമെന്ന രീതിയിലേയ്ക്ക് മാറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ നേരത്തേ പറഞ്ഞതുപോലെ മദ്ധ്യവിനുപോലും ജീവിക്കാൻ കഴിയാത്ത സാഹചര്യമുള്ള ഈ നാട്ടിൽ എങ്ങനെയാണ് ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നത് എന്നുകൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീമതി സി. കെ. ആശ: സർ, ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ശ്രീ. അനിൽ അക്കര സൂചിപ്പിച്ച വിഷയത്തെ സംബന്ധിച്ചാണ് ആദ്യം എനിക്ക് പറയാനുള്ളത്. ക്ഷീരഗ്രാമം പദ്ധതി സി.പി.ഐ. എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നുവെന്ന ആരോപണം അദ്ദേഹം ഇവിടെ ഉന്നയിച്ചു. അത് യാഥാർത്ഥ്യമല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പഴയകാല ചരിത്രം ഓർമ്മിക്കുന്നതു കൊണ്ടായിരിക്കാം അദ്ദേഹത്തിന് അങ്ങനെ തോന്നുന്നത്. ഇന്നലെ പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ യു.ഡി.എഫ്.ന്റെയും എൽ.ഡി.എഫ്.-ന്റെയും എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ വിനിയോഗിച്ച തുകയുടെ കണക്ക് പറഞ്ഞു. ആ ഓർമ്മവച്ചു കൊണ്ടായിരിക്കാം അദ്ദേഹം ആ ആരോപണം ഉന്നയിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. ഇന്ത്യയിൽ അടുത്ത കാലത്ത് നടന്ന ഏറ്റവും വലിയ രാഷ്ട്രീയ പോരാട്ടമായിരുന്നു ത്രിപുരയിൽ നടന്നത്. രാഷ്ട്രീയ എതിരാളികൾക്കുപോലും അഴിമതിയുടെയോ ക്രമസമാധാന തകർച്ചയുടെയോ കെടുകാര്യസ്ഥതയുടെയോ പേരിൽ ഒരു ആരോപണംപോലും ഉന്നയിക്കാനാകാത്തത്ര സംക്ഷിപ്തമായ ഭരണം നടത്തിയ ത്രിപുരയിൽ എന്തുകൊണ്ടാണ് മതഭ്രാന്തിന്റെ രാഷ്ട്രീയം കാവിക്കൊടി പാറിച്ചതെന്ന് നമ്മൾ ചിന്തിക്കണം. ത്രിപുരയിൽ മാത്രമല്ല, ഇന്ത്യയിൽ ബി.ജെ.പി. അധികാരത്തിൽ വന്ന എല്ലാ സംസ്ഥാനങ്ങളും എടുത്ത് പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, ഇന്ത്യയുടെ അഖണ്ഡതയ്ക്ക് കടുത്ത വെല്ലുവിളി ഉയർത്തിക്കൊണ്ടാണ് അവിടെയെല്ലാം ബി.ജെ.പി. ഭരണത്തിൽ എത്തുകയും അവരുടെ കാവിക്കൊടി പാറിക്കുകയും ചെയ്തത് എന്നുള്ളതാണ്. കാശ്മീരിൽ ബി.ജെ.പി. അധികാരത്തിലെത്തിയത് അവിടത്തെ വിഘടന സംഘടനയായ പി.ഡി.പി.-യെ കൂട്ടുപിടിച്ചാണ്. പഞ്ചാബിൽ സിക്ക് തീവ്രവാദ സംഘടനയായ അകാലിദളിനെ കൂട്ടുപിടിച്ചും മഹാരാഷ്ട്രയിൽ വർഗ്ഗീയ സംഘടനയായ ശിവസേനയെ കൂട്ടുപിടിച്ചുമാണ് ബി.ജെ.പി. അധികാരത്തിലെത്തിയത്. അതുപോലെ ആസാമിൽ ബോഡോ തീവ്രവാദികളും

ഉൾഫാ തീവ്രവാദികളെയുമെല്ലാം കൂട്ടുപിടിച്ചുകൊണ്ടാണ് ബി.ജെ.പി. അധികാരത്തിലെത്തിയത്. നാഗാലാന്റിലും മേഘാലയയിലും പ്രാദേശീയ വിഘടനവാദ സംഘടനകളെ കൂട്ടുപിടിച്ചാണ് ബി.ജെ.പി. അധികാരത്തിലെത്തിയത്. ഏറ്റവും അവസാനം ത്രിപുരയിൽ ഐ.എൻ.പി.റ്റി. എന്ന വിഘടനവാദ സംഘടനയെ കൂട്ടുപിടിച്ച് അധികാരത്തിലെത്താൻ ശ്രമിച്ചതിനൊപ്പം തന്നെ ത്രിപുരയിലെ മണ്ണും കാടും വിഭവങ്ങളും കൊള്ളയടിക്കാൻ ആർത്തിയോടെ കാത്തിരുന്ന കോർപ്പറേറ്റ് കഴുകന്മാരുടെ പണപ്പെട്ടിയുടെ ബലത്തിൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തെക്കൂടി ഹോൾസെയിൽ വിലയ്ക്ക് അവർ വാങ്ങുകയുണ്ടായി. അതുകൊണ്ടാണ് ത്രിപുരയിൽ ഇന്ന് ബി.ജെ.പി. അധികാരത്തിലിരിക്കുന്നത്. ഇതുകൂടിയായപ്പോൾ അധികാരത്തിന്റെ കോട്ടകൊത്തളങ്ങളെല്ലാം തങ്ങളുടെ അധികാര പരിധിയിലെത്തിയെന്ന് അഹങ്കരിച്ച ബി.ജെ.പി. ലെനിന്റെയും ഇ.വി.ആർ.ന്റെയും അംബേദ്കറുടെയും പ്രതിമകൾ ഉൾപ്പെടെ തച്ചുതകർക്കുന്നത് നമ്മളെല്ലാവരും കണ്ടതാണ്. അവർക്ക് മഹാന്മാരുടെ പ്രതിമകളെ തകർത്തുടയ്ക്കാം പക്ഷെ അവരുടെ ആശയങ്ങളെ തകർക്കാനാകുമോ; ഒരിക്കലും അതിന് സാധിക്കില്ലെന്നുള്ളത് കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഓരോ മഹാന്മാരും ഉന്നയിച്ച ആശയങ്ങൾ എക്കാലവും നമ്മോടൊപ്പമുണ്ടാകുമെന്ന് ആത്മാർത്ഥമായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. രാജ്യത്തിന്റെ വർഗ്ഗസമര ചരിത്രത്തിൽ പുതിയ ചരിത്രമെഴുതിക്കൊണ്ട് മഹാരാഷ്ട്രയിൽ ഐതിഹാസികമായ ഒരു സമരം ഇക്കഴിഞ്ഞ ദിവസം നടന്നു. മർദ്ദിതരുടെ സമരച്ചൂടിൽ മർദ്ദകരുടെ കോട്ടകൊത്തളങ്ങളെല്ലാം തകർന്നടിഞ്ഞത് എല്ലാവരും അഭിമാനത്തോടുകൂടിയാണ് കണ്ടുനിന്നത്. അത് പറഞ്ഞപ്പോഴാണ് കഴിഞ്ഞ ദിവസം ശ്രീ. കെ. എം. മാണി ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ, വാക്കൗട്ട് പ്രസംഗത്തിൽ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ ഒരു തമാശ ഓർമ്മ വരുന്നത്. മഹാരാഷ്ട്ര മോഡലിൽ കേരളത്തിലും ഒരു കർഷക സമരം സംഘടിപ്പിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ആന വായ് പൊളിക്കുന്നതുകണ്ട് അണ്ണാൻ ആഗ്രഹിച്ചിട്ട് കാര്യമുണ്ടോ? മഹാരാഷ്ട്രയിൽ ഇടതുപക്ഷ സംഘടനകൾ, അവിടത്തെ കർഷകർ സംഘടിച്ച് അവരുടെ ആവശ്യങ്ങൾ നേടിയെടുത്തു. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 1994 മുതൽ 2013 വരെ 60,000 കർഷക ആത്മഹത്യകളാണ് മഹാരാഷ്ട്രയിൽ നടന്നിട്ടുള്ളത്. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ കഴിഞ്ഞ ഒരു വർഷം 4000 കർഷക ആത്മഹത്യകൾ നടന്നു. അപ്പോഴെല്ലാം ഈ കോൺഗ്രസ് എവിടെപ്പോയിരുന്നു? എന്നിട്ട് ഇപ്പോൾ ഏറ്റവും നല്ല കർഷക സൗഹൃദ സംസ്ഥാനമായ കേരളത്തിൽ മഹാരാഷ്ട്ര മോഡലിൽ സമരം നടത്തണമെന്ന് പറഞ്ഞാണ് കോൺഗ്രസ് നടക്കുന്നത്. എങ്ങനെ

ചിരിക്കാതിരിക്കും? മഹാരാഷ്ട്രയിൽ നമ്മൾ കണ്ടതുപോലെ ഒരു സമരം സംഘടിപ്പിക്കാൻ ഇനി കോൺഗ്രസ്സിന് എന്നെങ്കിലുമാകുമോ എന്നുള്ളതാണ് എനിക്ക് തോന്നിയ ഏറ്റവും വലിയ തമാശ. കാരണം വിയർപ്പ് പൊടിയുന്ന ഒരു സമരത്തിന് ഇന്നുവരെ കോൺഗ്രസ് ശ്രമിച്ചിട്ടില്ല. പിന്നെയല്ലേ നിണം പൊടിയുന്ന സമരം? അതുകൊണ്ട് അത് വെറുമൊരു സ്വപ്നം മാത്രമായി അവശേഷിക്കുമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. മറ്റൊരു കാര്യം, ഇന്നലെ മൂന്ന് സംസ്ഥാനങ്ങളിലെ ലോക്സഭാ മണ്ഡലങ്ങളിലെ ഉപതെരഞ്ഞെടുപ്പ് ഫലം നമ്മളെല്ലാവരും കണ്ടതാണ്. നമ്മെയെല്ലാം ആഹ്ലാദത്തിലാക്കിക്കൊണ്ട് അവിടെ മത്സരിച്ച മൂന്ന് സീറ്റുകളിലും ബി.ജെ.പി. പരാജയപ്പെട്ടു. മഹോന്നതമായ പർവ്വതത്തിന്റെ ശബളശിഖരങ്ങളിൽ ഗർവ്വോടെ പാട്ടുപാടി ആർത്തുല്ലസിച്ച് പറന്നുനടന്ന പക്ഷി പൊടുന്നനെ ഏതോ ഒരു ശാപമേറ്റ് താഴ്‌വരയിലെ ഇരുണ്ട മാളത്തിൽ ഇഴജീവിയായി പരിണമിച്ച അവസ്ഥയിലായത് ഇന്നലെ നമ്മൾ ബി.ജെ.പി.യിലൂടെ കണ്ടു. ഈ രാഷ്ട്രീയ വിഷജീവിയെ മാളത്തിൽനിന്നും പുറത്തുകടക്കാതെ മാളത്തിൽത്തന്നെ ഒതുക്കുവാനുള്ള അവസരമാണ് ഇപ്പോൾ ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിലൂടെ കൈവന്നിരിക്കുന്നത്. വിലകൊടുത്ത് വാങ്ങപ്പെടുവാൻ തയ്യാറായി കേരളത്തിലും ചിലർ ഉണ്ടെന്നുള്ള കാര്യം അപ്പോഴും നാം ശ്രദ്ധിക്കണം. ഞാൻ ഇത്തരം വിഷയങ്ങളിലേയ്ക്ക് കൂടുതലായി കടന്നുപോകുന്നില്ല.

വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനം വനം കയ്യേറ്റം തടയുക എന്നതാണ്. 23712 ജണ്ടകൾ സ്ഥാപിച്ച് മികച്ച ഇടപെടലാണ് വനംവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് സർവ്വകാല റെക്കോർഡാണ്. ഭക്ഷണം, വെള്ളം എന്നിവയില്ലാതെ വരികയും കാട്ടുതീയുണ്ടാകുകയും ചെയ്യുമ്പോഴാണ് വന്യജീവികൾ പ്രധാനമായും കാടിനുപുറത്തേയ്ക്ക് വരുന്നത്. വെള്ളം ഉറപ്പാക്കുന്നതിനായി 350 ജലാശയങ്ങൾ വനത്തിനുള്ളിൽ ക്രമീകരിച്ചുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. കൂടുതൽ ജലാശയങ്ങൾ ആവശ്യമാണ് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആന ഉൾപ്പെടെയുള്ള വന്യജീവികൾക്ക് ഈറ്റ, മുള തുടങ്ങിയ ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ വനത്തിനുള്ളിൽ ക്രമീകരിക്കുന്നതിന് വകുപ്പ് ആരംഭിച്ചിരിക്കുന്ന ശ്രമത്തെ അഭിനന്ദിക്കുന്നുവെങ്കിലും വന്യജീവികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ആഫ്രിക്കൻ മോഡൽ സഫാരി പാർക്ക് സ്ഥാപിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് ഈ ധനാഭ്യർത്ഥന ചർച്ചയിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്. വന്യജീവികൾ കൃഷിയിടങ്ങൾ നശിപ്പിക്കാതിരിക്കാൻ നിർമ്മിച്ചിരിക്കുന്ന സൗരോർജ്ജ വേലികൾ ഇപ്പോൾ പല സ്ഥലത്തും നിർജ്ജീവമായിട്ടുണ്ട്. ഇത് പ്രവർത്തനക്ഷമമാക്കുവാൻ

ഇടപെടലുണ്ടാകണം. സംസ്ഥാനത്ത് 204 ജനജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. വന്യജീവി ആക്രമണം തടയുന്നതടക്കമുള്ള വിഷയങ്ങളിൽ വനം വകുപ്പിന്റെ ഈ ജനകീയമുഖം വളരെ വലിയ പ്രാധാന്യമുള്ളതാണ്. ഈ ജനജാഗ്രതാ സമിതികൾക്ക് കൂടുതൽ അധികാരം നൽകണം. പരീക്ഷണാടിസ്ഥാനത്തിൽ വനംവകുപ്പ് നടപ്പിലാക്കിയ വൈൽഡ് വാച്ച് എന്ന ആപ്ലിക്കേഷൻ വന്യജീവി ആക്രമണങ്ങളുണ്ടാകുന്ന പ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കണം. മൃഗങ്ങളുടെ സാന്നിദ്ധ്യം യഥാസമയം അറിയിക്കുവാനും ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വന്യമൃഗങ്ങൾ ഇറങ്ങാതിരിക്കുവാനുള്ള മുൻകരുതലുകൾ കൈക്കൊള്ളുവാനും ഇതിലൂടെ സാധ്യമാകുന്നുവെന്നത് ശ്രദ്ധേയമാണ്. വനസംരക്ഷണത്തിന് വനം വകുപ്പ് ജീവനക്കാർ മാത്രം മതിയാകില്ലെന്ന് നമുക്കറിയാം. പങ്കാളിത്ത വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിത പ്പെടുത്തണം. അതോടൊപ്പം അന്തരീക്ഷതാപം കൂടുകയും ആഗോളതാപനവും പരിസ്ഥിതി ആഘാതവും വെല്ലുവിളിയാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ പ്രതിസന്ധിയെ മറികടക്കാൻ ജനകീയ പങ്കാളിത്തത്തോടെ വന-ജല സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതലായി സംസ്ഥാനത്ത് ഏർപ്പെടുത്തണം.

സിവിൽ സപ്ലൈസ് വകുപ്പിനെപ്പറ്റി ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. മൂന്ന വർഷക്കാലമായി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാതെ യു.ഡി.എഫ്. സർക്കാർ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുകയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ നിയമം ഇവിടെ നടപ്പിലാക്കുകയുണ്ടായി. ഏതൊരു കാര്യവും നടപ്പിലാക്കിയാൽ മാത്രമാണ് അതിലെന്തെങ്കിലും പോരായ്മകളുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുപോലെ പ്രസ്തുത നിയമവും നടപ്പിലാക്കിയ സമയത്ത് ചില പോരായ്മകളുണ്ടായി എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ അതിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് സമയബന്ധിതമായി കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് ആ വകുപ്പിനെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. തീർച്ചയായും പോരായ്മകൾ പരിഹരിച്ചുകൊണ്ട് നെല്ല് സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എനിക്ക് നേരിട്ട് അനുഭവമുള്ള കാര്യമാണ്. അതിലുള്ള നന്ദി കൂടി അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിന്റെ പൊതുവിതരണരംഗം രാജ്യത്താകമാനം മാതൃകയായിരുന്നു. എന്നാൽ ഇന്ന് അത് മോശമായ രൂപത്തിലാണ്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാരിന്റെ നയം ഇതിന് കാരണമായി പറയാമെങ്കിലും ഭക്ഷ്യവിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പൊതുവായ ചില കാര്യങ്ങൾ സഭയെ അടക്കം ബഹുമാനപ്പെട്ട മന്ത്രി ബോധ്യപ്പെടുത്തേണ്ടതുണ്ട് എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പൊതുവിതരണ രംഗമാകെ മാറ്റിക്കൊണ്ട് സഹകരണ മേഖലയെക്കൂടി ഇതിൽ ഉൾപ്പെടുത്തി പ്രാദേശികമായ ഉല്പന്നങ്ങളെയും സംഘങ്ങളെയുമൊക്കെ പൊതുവിതരണ മേഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ശ്രമിക്കുന്നത് ഉചിതമായിരിക്കുമെന്ന് സന്ദർഭോചിതമായി സൂചിപ്പിക്കുകയാണ്. സംസ്ഥാനത്ത് 2016-17 വർഷം ചെലവഴിക്കാൻ അവശേഷിച്ച തുക റവന്യൂ-മൂലധന വകുപ്പുകൂടി ഒത്തുനോക്കുമ്പോൾ 11,000 കോടി രൂപയിലധികം വരും. അതായത് ബഡ്ജറ്റിൽ മൂന്നിലൊന്ന് ഭാഗം മാത്രമാണ് ചെലവഴിച്ചത്. അതിൽത്തന്നെ 2017-18-ലെ ബഡ്ജറ്റ് പരിശോധിച്ചാൽ 10-3-2018-ലെ കണക്കനുസരിച്ച് 20 ശതമാനത്തിൽ താഴെ ചെലവഴിച്ച ധാരാളം വകുപ്പുകളുണ്ട്. അതിലൊന്ന് ഭക്ഷ്യവകുപ്പാണ് എന്നത് വളരെ നിർഭാഗ്യകരമാണ്. ഭക്ഷ്യവിതരണ രംഗത്ത് ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തേണ്ട ഭക്ഷ്യ വകുപ്പ് അനുവദിച്ച തുകയുടെ 16.15 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഭക്ഷ്യവകുപ്പിൽ സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ച 125.71 കോടി രൂപയിൽനിന്ന് ഇതുവരെയുള്ള കണക്കനുസരിച്ച് 13.48 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതോടൊപ്പം ലീഗൽ മെട്രോളജി വകുപ്പിന് അനുവദിച്ച 4.97 കോടി രൂപയിൽനിന്ന് ഭക്ഷ്യവകുപ്പിലെ അന്നപൂർണ്ണ പദ്ധതിക്ക് 51 ലക്ഷം രൂപ അനുവദിച്ചതിൽ 4.62 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. പ്ലാനിംഗ് ബോർഡിന്റെ കണക്കാണ്. അത് ഇവിടെ വായിക്കുന്നില്ല. പ്രസ്തുത കണക്കുകൾ പരിശോധിച്ചാൽ വളരെ കുത്തഴിഞ്ഞ രൂപത്തിലാണ് ഭക്ഷ്യ വകുപ്പ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും.

സംസ്ഥാനത്ത് ഭക്ഷ്യവകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ പദ്ധതി കളാരംഭിച്ചിട്ടുണ്ടെങ്കിലും നാട്ടിൽ പട്ടിണി മരണങ്ങൾക്ക് യാതൊരു കുറവുമില്ല. ഇവിടെ പ്രസംഗിച്ച എല്ലാവരും മധുവിന്റെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചു. അതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ ശ്രീ. എൻ. ഷംസുദ്ദീൻ പറയും. ഭക്ഷണം ലഭിക്കാതെ മർദ്ദനമേറ്റ് മരിക്കേണ്ടിവരുന്ന അവസ്ഥ, അതും ആദിവാസികൾക്കാണുണ്ടാകുന്നത്. ഏഴായിരത്തോളം ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങളെത്തിക്കാൻ പദ്ധതിയിട്ട സർക്കാരിന് ചുരുക്കം

ചിലയിടങ്ങളിൽ മാത്രമാണ് അത് എത്തിക്കാൻ കഴിഞ്ഞത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കിയിരുന്ന 'കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി' നിർത്തലാക്കിയതിന്റെ ഫലമായി അവർക്കാവശ്യമായ അന്നം ലഭിക്കാതെ പോകുന്നുണ്ട്. അത് പരിഹരിക്കാനാവശ്യമായ നിലപാട് സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നില്ല. ആദിവാസി വിഭാഗങ്ങൾക്ക് കൃത്യമായി ഭക്ഷണമെത്തിക്കാൻ ആരംഭിച്ച 'സമൂഹ അടുക്കള പദ്ധതി' പ്രാവർത്തികമാക്കിയത് അട്ടപ്പാടിയിലെ 192 ആദിവാസി മേഖലകളിലാണ്. എന്നാൽ 35 ആദിവാസി ഊരുകളിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞത്. മരണപ്പെട്ടുപോയ മധുവടക്കം താമസിച്ചിരുന്ന ഊരുകളിൽ ഈ പദ്ധതിയുടെ ഗുണമെത്തിക്കാൻ കഴിഞ്ഞില്ലെന്നതാണ് വസ്തുത. വകുപ്പിനുപുറമെ ആദിവാസി മേഖലയിലെ ആളുകളെ സഹായിക്കാൻവേണ്ടി സർക്കാർ ഫണ്ട് കൈപ്പറ്റുന്ന മൂന്ന് എൻ.ജി.ഒ.കൾകൂടി ആ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അവർപോലും ഭക്ഷണ വിതരണത്തിൽ ആദിവാസികളെ സഹായിക്കാനെത്തിയില്ല എന്നത് പരിതാപകരമാണ്. ഇന്നലെ ചോദ്യോത്തരവേളയിൽ അതിന്റെ പോരായ്മകളെക്കുറിച്ച് വളരെ വിശദമായി ചർച്ച ചെയ്യുകയും അതുമായി ബന്ധപ്പെട്ട ഉത്തരങ്ങൾ ലഭിക്കുകയും ചെയ്തു. ഇ-പോസ് മെഷീനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട് വ്യാപാരികൾ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ഫലം കാണാതെ അവരൊക്കെ സമരത്തിലേയ്ക്ക് പോകുകയാണ്. റേഷൻ വിതരണം പാടെ അവഗണിച്ചുകൊണ്ട് ആ മേഖലയിൽ വലിയ പ്രയാസം സൃഷ്ടിക്കാനും അതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ കേരള ജനത അനുഭവിക്കാനും പോകുന്ന അവസ്ഥാവിശേഷത്തിൽ അത് പരിഹരിക്കാനാവശ്യമായ നിലപാട് വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട് ഫോട്ടോ എടുത്തും പേരുകൾ വെട്ടിമാറ്റിയുമൊക്കെ ഒഴിവാക്കപ്പെട്ട ധാരാളം ആളുകൾ മിക്ക ജില്ലകളിലും റേഷൻ കാർഡ് ലഭിക്കാതെ, അരി ലഭിക്കാതെ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതും പരിഹരിക്കപ്പെടേണ്ടതാണ്. ആ കാര്യം കൂടി അങ്ങ് ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെ സംസ്ഥാനത്ത് നടപ്പിലാക്കിയ വാതിൽപ്പടി വിതരണംകൊണ്ട് ഉദ്ദേശിക്കുന്നത് കൃത്യമായ അളവിൽ റേഷൻ കടകളിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നാണ്. ഇതിന്റെ ചെലവ് സർക്കാർ തന്നെ വഹിക്കുമെന്ന് പറയുന്നു. എന്നാൽ റേഷൻ കടയിൽ എത്തുന്ന സാധനത്തിൽത്തന്നെ 100 കിലോ ഗ്രാമിൽ 6 മുതൽ 8 കിലോഗ്രാം വരെ കുറഞ്ഞ് ഉപഭോക്താക്കൾക്ക് ലഭിക്കുന്ന അവസ്ഥാവിശേഷമുണ്ട്. അത് പരിഹരിക്കാനും അങ്ങയുടെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്ഷീര വകുപ്പിൽ മലപ്പുറം ജില്ലയിലെ 15 ബ്ലോക്കുകളിൽ 8 ബ്ലോക്കുകളിൽ മാത്രമാണ് ഇംപ്ലിമെന്റിംഗ് ഉദ്യോഗസ്ഥരുള്ളത്. പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾക്കായി 15 ബ്ലോക്കുകൾക്കുമായി ആകെ 8 ഉദ്യോഗസ്ഥരാണുള്ളത്. അതുപോലെ നിയമിച്ചുകഴിഞ്ഞാൽ അവർ ട്രെയിനിംഗിനും മറ്റുമായി പോയി അവിടെ പദ്ധതികൾ നടപ്പിലാകാതെ പോകുന്ന സ്ഥിതി സംജാതമാകും. അതുകൊണ്ട് അവരെ നിയമിക്കുന്നതിലും മലപ്പുറം ജില്ലയോടോ മലബാറിനോടോ അവഗണനയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനും ആവശ്യമായ നിലപാട് സ്വീകരിക്കണം.

അതോടൊപ്പം 60 വയസ്സുകഴിഞ്ഞ അഞ്ച് വർഷം പാലളന്ന കൊടുത്ത ക്ഷീരകർഷകർക്ക് പെൻഷൻ നൽകുന്നുണ്ട്. ക്ഷീരകർഷകരിൽനിന്ന് 20 രൂപ പിരിച്ചെടുത്താണ് പെൻഷൻ നൽകുന്നത്. നാലോ അഞ്ചോ മാസം കഴിഞ്ഞാണ് ഈ തുക ബാങ്കുകളിലിടുന്നത്. ഇന്ന് എസ്.ബി.ഐ.യുടെ നിയമമനുസരിച്ച് മിനിമം ബാലൻസില്ലെങ്കിൽ ആ പൈസ എസ്.ബി.ഐ. എടുക്കുകയാണ് ചെയ്യുന്നത്. അപ്പോൾ സ്വാഭാവികമായും നാലോ അഞ്ചോ മാസം കഴിഞ്ഞ് ഈ പണമിടുമ്പോൾ ക്ഷീരകർഷകന് പെൻഷൻ ലഭിക്കാതെ പോകുന്നു. മാത്രമല്ല, മറ്റൊരു പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ ഇതും കിട്ടാത്ത അവസ്ഥയാണ്. രണ്ട് പെൻഷനും ലഭിക്കാത്ത അവസ്ഥാവിശേഷം ക്ഷീരകർഷകർ അനുഭവിക്കുന്നു. ആ പ്രയാസം പരിഹരിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ 'ഡയറി സോൺ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു ജില്ലയിലെ രണ്ടു ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നത്. 50 ലക്ഷം രൂപ വച്ച് രണ്ട് ബ്ലോക്കുകൾക്ക് recurrent ആയി നൽകുകയാണ് ചെയ്യുന്നത്. മാറ്റിക്കൊടുക്കുന്നില്ല. അതിനാൽ മറ്റ് ബ്ലോക്കുകളിൽ അതിനാവശ്യമായ സൗകര്യം ലഭിക്കുന്നില്ല. അഞ്ചുലക്ഷം രൂപയാണ് മറ്റ് ബ്ലോക്കുകൾക്ക് നൽകുന്നത്. എന്നാൽ പരിമിതമായ ആ സംഖ്യ ചെലവഴിക്കാൻ സാധിക്കാതെ വരികയും അതിന്റെ ഗുണകരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ വരികയും ചെയ്യുന്നതുകൊണ്ട് ഈ പദ്ധതി റൊട്ടേറ്റ് ചെയ്ത് എല്ലാ ബ്ലോക്കുകളിലുമെത്തിക്കുന്നതിന് ആവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

Cattle feeds ഗുണനിലവാര പരിശോധനയില്ലാതെയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാൽ പാൽ ഉത്പാദന രംഗത്തും അതുപോലെ റീ - പ്രൊഡക്ഷൻ നടക്കാത്തതുകൊണ്ടും ആ മേഖലകളിൽ പ്രയാസമനുഭവിക്കുന്നു. പാലിന് വില കൂട്ടിയാൽ ഫീഡ്സിനും വില കൂട്ടുന്നുവെന്ന പ്രയാസമാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞത്. ഇത്തരം കാര്യങ്ങൾ ഒഴിവാക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിൽ ധാരാളം പാൽ

ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണനിലവാരം പരിശോധിക്കുന്നില്ല. നമ്മളെയൊക്കെ ബാധിക്കുന്ന കാര്യമായതുകൊണ്ട് കുടുംബശ്രീയെ ഉപയോഗപ്പെടുത്തി അത് പരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വനം വകുപ്പുമായി ബന്ധപ്പെട്ട് വളരെയധികം കാര്യങ്ങൾ പറയാനുണ്ട്. അങ്ങ് വകുപ്പ് ഏറ്റെടുത്തപ്പോഴുണ്ടായിരുന്ന വനം ഇപ്പോഴുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. അധിനിവേശ ഭാഗങ്ങൾ ഏറ്റെടുത്തതുകൊണ്ടും കയ്യേറ്റം ചെയ്തതുകൊണ്ടും വനം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇത് അവസാനിപ്പിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം.

അതുപോലെ വനം വകുപ്പുമായി ബന്ധപ്പെട്ട് man animal conflict നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി മനുഷ്യർ കാട്ടിലേയ്ക്ക് കയറി കാടിനെയും പരിസ്ഥിതി ആവാസ വ്യവസ്ഥയെയും നശിപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇന്നലെയാണ് ലോകപ്രശസ്ത ശാസ്ത്രജ്ഞനായ സ്റ്റീഫൻ വില്യം ഹോക്കിംഗ് അന്തരിച്ചത്. അദ്ദേഹം പ്രപഞ്ചത്തിന്റെ ആവാസ വ്യവസ്ഥിതിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഉപഭോഗം അമിതമായി വർദ്ധിക്കുന്നതുകൊണ്ട് ലോകത്തിന്റെ കാലാവധി 100 വർഷത്തിനപ്പുറം പോകില്ലെന്ന് അദ്ദേഹം പറഞ്ഞിരുന്നു. മനുഷ്യന്റെ ഈ ആർത്തിപൂണ്ട പ്രവർത്തനങ്ങൾ പരിസ്ഥിതിയെയും മണ്ണിനെയും കവർന്നെടുത്ത് നശിപ്പിക്കുകയാണ്. ഇന്ന് മനുഷ്യർ മത്സരിക്കുകയാണ്. എന്നാൽ ആ മത്സരം ഒരു ഗുണത്തിനുവേണ്ടിയാകണം. അതുകൊണ്ടാണ് പൂന്താനം ജ്ഞാനപ്പാനയിൽ ഇങ്ങനെ പറഞ്ഞത്,

"കൂടിയല്ല പിറക്കുന്ന നേരത്തും
കൂടിയല്ല മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്ത്
മത്സരിക്കുന്നതെന്തിനു നാം വൃഥാ".

മനുഷ്യൻ ആർത്തിപൂണ്ട തരത്തിൽ കാട്ടിലേയ്ക്കും പരിസ്ഥിതിയിലേയ്ക്കും മണ്ണിലേയ്ക്കുമെല്ലാം കയറി ലാഭത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ പ്രകൃതിയെ നശിപ്പിക്കുന്നതിൽനിന്ന് പുറകോട്ടുപോകാനുള്ള ഒരു നിലപാട് അങ്ങയുടെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ചെയ്ത കാര്യങ്ങൾ ഒരിക്കലും മറക്കാൻ കഴിയില്ല. ഏകദേശം 90 ശതമാനം വരെ തുക ചെലവഴിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വകുപ്പുമന്ത്രിയെ വിളിച്ച് പ്രത്യേകം അഭിനന്ദിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

കേരളത്തിലെ കർഷക ആത്മഹത്യയെക്കുറിച്ച് ഇന്നലെ ഇവിടെ ചർച്ച ചെയ്തിരുന്നു. കർഷകർ ആത്മഹത്യ ചെയ്യാതിരിക്കാനുള്ള ഒരു പ്രധാന കാരണം നമ്മുടെ മൃഗസംരക്ഷണ വകുപ്പാണ്. എന്നുവച്ചാൽ കൃഷിക്കാരൻ രണ്ട് പശുക്കളെ വളർത്തി അതിൽനിന്നാണ് കുടുംബചെലവുകളൊക്കെ കഴിച്ചുപോകുന്നത്. അത്തരത്തിലുള്ള ഒരു പ്രവൃത്തിക്കുതന്നെ വലിയൊരപകടം വരാൻ പോകുകയാണ്. അങ്ങ് എന്തൊക്കെ ചെയ്താലും കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ അടിസ്ഥാനത്തിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്കാണ് കാർഷിക മേഖല പോകുന്നത്. ഈ വരുന്ന ജൂലൈ മാസത്തിൽ പ്രധാനമന്ത്രി ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) കരാർ ഒപ്പിടാനുള്ള ശ്രമത്തിലാണ്. കഴിഞ്ഞ ആഴ്ച പ്രധാനമന്ത്രി അഗ്രിക്കൾച്ചർ സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാ സെക്രട്ടറിമാരെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ സെക്രട്ടറിമാർ ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതിൽ എതിരഭിപ്രായം രേഖപ്പെടുത്തി. എന്നാൽ അതിനുശേഷവും പ്രധാനമന്ത്രി അതെല്ലാം അവഗണിച്ചുകൊണ്ട് അത് ഒപ്പിടാനുള്ള തയ്യാറെടുപ്പിൽ മുന്നോട്ടുപോകുകയാണ്. സർവ്വീസ് സെക്ടറിൽ ഞങ്ങൾക്ക് ഒരു ഇളവ് തരണം. ആ ഇളവ് തന്നാൽ ഇത് ഒപ്പിടാമെന്നാണ് പ്രധാനമന്ത്രി വച്ച നിർദ്ദേശം. ജൂലൈ മാസത്തിൽ ഇത് ഒപ്പിട്ടുകഴിഞ്ഞാൽ നമ്മുടെ പാൽ മേഖല മുഴുവൻ തകരും. ഒരുപാട് കുടുംബങ്ങളാണ് തകരാൻ പോകുന്നത്. പാൽ കയറ്റി അയയ്ക്കുന്ന സ്ഥലമാണ് കേരളം. നമ്മളാണെങ്കിൽ ഏകദേശം സ്വയംപര്യാപ്തതയിൽ എത്തി നിൽക്കുകയാണ്. എന്നാൽ ഈ കരാർ വരുന്നതോടുകൂടി ആസ്ട്രേലിയയിൽ നിന്നും ന്യൂസിലാന്റിൽനിന്നും 15 രൂപയ്ക്ക് പാൽ ഇവിടെ ഇറക്കുമതി ചെയ്യുന്ന അവസ്ഥയായിരിക്കും ഉണ്ടാകുന്നത്. അവർ വലിയ സബ്സിഡി കൊടുത്തിട്ടാണ് ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ ജൂലൈ മാസത്തിനുശേഷം നമ്മുടെ കാർഷിക മേഖല ഒന്നിച്ച് തകരാൻ പോകുകയാണ്. ഇതുമാത്രമല്ല നാണ്യവിളകളെല്ലാം ഇറക്കുമതി ചെയ്യുന്നതോടുകൂടി എല്ലാം തകരാൻ പോകുകയാണ്. അതിനെതിരായുള്ള പ്രവർത്തനത്തിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായ നേതൃത്വം കൊടുക്കണം. മറ്റ് സംസ്ഥാനങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇതിനെതിരെ ശക്തമായ സമരത്തിന് അല്ലെങ്കിൽ ഒരു മൂവ്മെന്റിനുവേണ്ടിയുള്ള ശ്രമം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടത്തിയില്ലെങ്കിൽ കേരളമായിരിക്കും ഏറ്റവും വലിയ തകർച്ച നേരിടുന്ന സംസ്ഥാനമായി മാറാൻ പോകുന്നത്. മാത്രമല്ല, മറ്റൊരു അപകടംകൂടി വരാൻ പോകുകയാണ്. ഇപ്പോൾ A1 മിൽക്കാണ് നമ്മുടെ ഈ മേഖലയിലുള്ളത്. A1 മിൽക്കിന് അപകടകരമായി A2 മിൽക്ക് ഇറക്കുമതി ചെയ്യാൻ പോകുകയാണ്. A2 മിൽക്ക് വരുന്നതോടുകൂടി സമ്പന്നർ അതായിരിക്കും ഉപയോഗിക്കുക. എന്താണെന്നുവച്ചാൽ A1 മിൽക്ക്

കഴിച്ചാൽ ഷുഗറും ഹൃദയാഘാതവും ബി.പി.യും വരുമെന്നാണ് പുതിയ കണ്ടുപിടിത്തം. ഇവിടെ സങ്കരയിനം പശുക്കളെ മുഴുവൻ വ്യാപിപ്പിച്ചപ്പോൾ A1 മിൽക്കാണ് നമുക്ക് ലഭിക്കുന്നത്. അതായത് കറുപ്പും വെള്ളയുമുള്ള പശുവിന്റെ പാൽ. ആ പാൽ കഴിച്ചാൽ അപകടമുണ്ടോയെന്നുള്ള പ്രചരണം വ്യാപകമായി വന്നിരിക്കുകയാണ്. A2 മിൽക്ക് കഴിച്ചാൽ കുഴപ്പമില്ലെന്നാണ് പറയുന്നത്. A1 മിൽക്ക് എന്താണെന്നുവച്ചാൽ നാടൻ പശുക്കളുടെയും വെച്ചൂർ പശുക്കളുടെയും പാലാണ്. വെച്ചൂർ പശുക്കളിൽനിന്ന് ഒന്നോ ഒന്നരയോ ലിറ്റർ പാൽ മാത്രമേ ലഭിക്കുകയുള്ളൂ. നമ്മുടെ ഗിർ, സഹിവാൾ തുടങ്ങിയ പശുക്കളെയൊക്കെ ബ്രസീലിൽ കൊണ്ടുപോയി അതിന്റെ ബ്രീഡ് വളർത്തി 25-ഉം 30-ഉം ലിറ്റർ പാൽ ലഭിക്കുന്ന പശുക്കളാക്കി മാറ്റി. അത് യൂറോപ്പ് മുഴുവൻ പടർന്നു. ആ പാൽ ഇറക്കുമതി ചെയ്യാനുള്ള അനുമതി കൊടുക്കുകയാണ്. അതിന്റെ അനുമതി വാങ്ങിയിരിക്കുന്നത് പെപ്സി കമ്പനിയാണ്. ആ പാൽ ഇവിടെ വരാൻ പോകുകയാണ്. അത് വരികയാണെങ്കിൽ നമ്മുടെ ഈ മേഖല തകർന്ന് തരിപ്പണമാകും. എത്ര കുടുംബങ്ങളായിരിക്കും തകരാൻ പോകുന്നത്? അവർ രണ്ട് പശുക്കളെ വളർത്തിയിട്ടാണ് കുടുംബച്ചെലവുകൾ വഹിക്കുന്നത്. അവരെയായിരിക്കും ഇത് വളരെയധികം ബാധിക്കുന്നത്. ഇതിനെതിരെ മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് അടിയന്തര നടപടി സ്വീകരിക്കണം. ഗുജറാത്തിലെ 'അമുൽ' ഇതിനെതിരായി പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അതൊന്നും പ്രശ്നമല്ലെന്നുള്ള നിലയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന് എന്ത് നടപടിയെടുക്കണമെന്ന് അങ്ങ് വളരെ ഗൗരവമായി ആലോചിച്ചില്ലെങ്കിൽ ഈ മേഖല തകർന്നുപോകും. ഈ മേഖലയെ സംരക്ഷിക്കാൻ വേണ്ടി കാർഷിക നയത്തിൽ ധാരാളം കാര്യങ്ങൾ കൊടുത്തിട്ടുണ്ട്. ആ കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കിയാൽ കൃഷിക്കാർക്ക് അത് ഗുണം ചെയ്യും. ആ നയം നടപ്പിലാക്കുമ്പോൾ കൃഷിക്കാരും ശാസ്ത്രജ്ഞരും മറ്റുള്ളവരുമായി ചർച്ച ചെയ്ത് അവർ ഓരോരുത്തരും പറയുന്നത് എന്താണെന്ന് ആലോചിച്ച് ചെയ്യണമെന്ന് പറഞ്ഞാണ് ആ നയം രൂപീകരിച്ചത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിൽ കുറേ കാര്യങ്ങൾ നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്; ചെയ്തിട്ടുമുണ്ട്. പക്ഷേ ഇനിയും ധാരാളം കാര്യങ്ങൾ അതിൽ വരണം. മൂന്ന് വർഷമാണ് ഇനി സർക്കാരിന് കാലാവധിയുള്ളത്. അതിനുള്ളിൽ സമയബന്ധിതമായി പരിപാടി തയ്യാറാക്കി നടപടി സ്വീകരിക്കണം. അതിലെ ചില നിർദ്ദേശങ്ങൾ ഞാൻ പറയാം. ആർ.എഫ്.ഐ.ഡി. (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ്) ഉപയോഗിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതായത് മൈക്രോ ചിപ് ഉപയോഗിച്ച് ഒരു പഞ്ചായത്തിലുള്ള എല്ലാ കന്നുകുട്ടികളുടെയും ജനനം മുതലുള്ള കാര്യങ്ങൾ - രോഗം, പാലുല്പാദനം തുടങ്ങിയവ അറിയാൻ സാധിക്കും. സമയമില്ലാത്തതുകൊണ്ട്

അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കൃത്യമായി ആർ.എഫ്.ഐ.ഡി. ഉപയോഗിച്ചാൽ അതിന് കേന്ദ്രഗവൺമെന്റിന്റെ സഹായവും കിട്ടും. മുഴുവൻ സമയ അടിയന്തര മൃഗചികിത്സാ സംവിധാനത്തിൽ പ്രായോഗിക പ്രയോജനം എല്ലാ കന്നുകാലി കർഷകർക്കും സംസ്ഥാനം ഉറപ്പുവരുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. അത് അങ്ങ് നടപ്പാക്കിക്കഴിഞ്ഞു. അതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്.

പ്രതിരോധ കുത്തിവയ്പ് മുഖേന സാംക്രമിക രോഗവിമുക്തമാക്കുന്ന കാലിസമ്പത്ത് ഇവിടെ ലഭ്യമാക്കുമെന്ന് സംസ്ഥാനത്തെ കർഷകർക്ക് ഉറപ്പ് നൽകുന്നതോടൊപ്പം നമ്മുടെ സംസ്ഥാനം രോഗവിമുക്ത മേഖലയായി പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതും അങ്ങ് പ്രായോഗികമാക്കിക്കഴിഞ്ഞു. അതിനും പ്രത്യേകം നന്ദി പറയുകയാണ്. സങ്കര പ്രജനന പരിപാടിയിലൂടെ ലഭ്യമാകുന്ന കന്നുക്കുട്ടികളിലേറെയും ഭാവിയിൽ ഉയർന്ന ഉല്പാദനക്ഷമത ലഭിക്കുന്ന പശുക്കുട്ടികളായിരിക്കുമെന്ന് കർഷകർക്ക് ഉറപ്പുനൽകണമെന്ന് പറഞ്ഞിട്ടുണ്ട്. അതും പ്രയോജനപ്പെടുത്താൻ അങ്ങ് ശ്രമിക്കുമെന്നതിൽ തർക്കമില്ല.

ഇനി ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്. വിത്ത് കാളകളുടെ ഗുണനിലവാര നിർണ്ണയം, ലിംഗ നിർണ്ണയം ചെയ്ത ബീജോല്പാദനം ഇവ അടിസ്ഥാനമാക്കി ജനിതകമായ തെരഞ്ഞെടുപ്പിലൂടെ ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കുട്ടികളെ മാത്രം സൃഷ്ടിക്കാനുള്ള പുതിയ സാങ്കേതിക വിദ്യകൾ വിവിധ രാജ്യങ്ങളിൽ നിലവിലുണ്ട്. കർഷകന് ഉല്പാദനക്ഷമത കൂടിയ കന്നുകാലികളെ ലഭ്യമാക്കാനും ഭാവിയിൽ ഉയർന്ന ഉല്പാദനം സൃഷ്ടിക്കാനും സഹായിക്കണം. പരീക്ഷണാടിസ്ഥാനത്തിൽ ചില സ്ഥലത്ത് ചെയ്തിട്ടുണ്ട്. അത് വ്യാപകമാക്കിയാൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ വരുന്ന മൂന്നുകൊല്ലംകൊണ്ട് ഒരു പശുവിൽനിന്ന് എത്ര ലിറ്റർ പാൽ ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ഒരു ടാർജറ്റ് നിശ്ചയിക്കണം. ഇപ്പോൾ ഒരു പശുവിൽനിന്ന് കിട്ടുന്നത് 9 ലിറ്റർ പാലാണ്. അത് 15 ലിറ്ററാക്കി ഉയർത്താൻ സാധിച്ചാൽ മാത്രമേ കൃഷിക്കാരന് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. ആ രീതിയിലുള്ള പ്രചരണം നടത്താനുള്ള സംവിധാനമുണ്ടാകണം. അതുപോലെ ഉല്പാദനക്ഷമത കുറഞ്ഞ മൃഗങ്ങളെ ഭ്രൂണമാറ്റ ശസ്ത്രക്രിയയിലൂടെ പോറ്റമ്മയായി ഉപയോഗിക്കാവുന്നതാണ്. ഏകദേശം 40 ലിറ്റർ പാൽ തരുന്ന ഉല്പാദനക്ഷമത കുറഞ്ഞ പശുക്കളെ ഭ്രൂണമാറ്റം നടത്തി അതേ 40 ലിറ്റർ പാലിന്റെ ഉല്പാദനക്ഷമത തന്നെ ആ പശുക്കളുടെ കുട്ടികൾക്കും കിട്ടുന്ന രീതിയിലുള്ള സംവിധാനം താലൂക്കിൽ ഒരു ആശുപത്രിയിലെങ്കിലും ഏർപ്പെടുത്തിയാൽ കൃഷിക്കാർക്ക് അത് വലിയ ഗുണകരമായിരിക്കും. അതുപോലെ ഒരു വർഷം ഒരു പശുവിൽനിന്ന് ഒരു പശുക്കുട്ടിയെയെങ്കിലും കിട്ടാനുള്ള രീതിയിലുള്ള സംവിധാനമുണ്ടാക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം സമയം കഴിയുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമല്ലേ; ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. അതുകൊണ്ട് കുറച്ചുസമയം കൂടി തരണം. സങ്കരയിനം കന്നുകാലികളിലെ വന്ധ്യത സാധാരണ സംഭവമാണ്. 99 ശതമാനം വന്ധ്യതയും ചികിത്സിച്ച് ഭേദമാക്കാൻ കഴിയും. ആ രീതിയിലുള്ള ഇടപെടൽ നടത്തിയാൽ തീർച്ചയായും കൃഷിക്കാർക്ക് പ്രയോജനകരമായിരിക്കും. അതുപോലെ കന്നുകുട്ടികൾ ജനിച്ചുകഴിഞ്ഞാൽ രണ്ടോ മൂന്നോ ദിവസമാണ് പാൽ കൊടുക്കുന്നത്. അതുപോരാ. 4 മാസം വരെ ആ പാലിന്റെ ഗുണം കന്നുകുട്ടികൾക്ക് കിട്ടണം. അതുകൊടുക്കാൻ കൃഷിക്കാർക്ക് സാധിക്കില്ല. കാരണം 3 ലിറ്റർ പാൽ വച്ച് പോകും. അതിനൊരു പ്രത്യേക പദ്ധതി കാർഷിക നയത്തിൽ കൊണ്ടുവരണം. മിൽക്ക് റീപ്ലെയ്സർ - ആ പോഷകാഹാരം കൊടുക്കുന്ന കാലത്ത് 3 ലിറ്റർ പാലെങ്കിലും കന്നുകുട്ടികൾ കുടിക്കണം. അതിന് കർഷർക്ക് 16 രൂപയുടെ ചെലവും അതിലൊരു സബ്സിഡിയും കൊടുത്താൽ കന്നുകുട്ടികൾക്ക് നല്ല ഗുണം കിട്ടും. സാധാരണ 3 കൊല്ലമാകുമ്പോൾ പ്രസവിക്കുന്ന കന്നുകാലികൾ രണ്ടു കൊല്ലത്തിനുള്ളിൽ പ്രസവിക്കാനുള്ള സാധ്യതയുണ്ടാകും. അതുകൂടി പരിശോധിക്കണം. ഈ കാർഷിക നയത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സമയബന്ധിതമായി നടപ്പാക്കാൻ അങ്ങയുടെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഭക്ഷ്യം, വനം ഇത് രണ്ടും മാന്യന്മാരായ രണ്ട് മന്ത്രിമാരുടെ വകുപ്പുകളാണ്. എനിക്ക് പ്രത്യേകിച്ച് പരാതിയൊന്നും പറയാനില്ല. എന്നാൽ ഈ രാജ്യത്ത് വനം പോരായെന്നുള്ള ചാട്ടം ശരിയല്ല. ഇന്ത്യാ മഹാരാജ്യത്ത് ഏറ്റവുമധികം വനമുള്ള സംസ്ഥാനം കേരളമാണ്. വളരെ ചെറിയ സംസ്ഥാനമായ കേരളത്തിൽ 29 ശതമാനവും വനമാണ്. ഇനിയും വനം എങ്ങനെ ഉണ്ടാക്കണമെന്നാണ് പറയുന്നത്? എനിക്ക് മനസ്സിലാകുന്നില്ല. 3 കോടി 29 ലക്ഷം ജനങ്ങളുണ്ട്. അവർക്ക് താമസിക്കണ്ടേ; അവർക്ക് വീട് വേണ്ടേ? ഇതിന് അമേരിക്ക ഉൾപ്പെടെയുള്ള മുതലാളിത്ത രാഷ്ട്രങ്ങൾ നടത്തുന്ന കാർബൺ ക്രെഡിറ്റ് ഫണ്ടുണ്ട്. അതുവാങ്ങി പുട്ടടിക്കുന്ന കുറേ ആളുകളും രാഷ്ട്രീയക്കാരുമുണ്ട്. അവരാണ് വനം, വനം എന്ന് പറഞ്ഞുനടക്കുന്നത്. വനം സംരക്ഷിക്കണം. അതിൽ തർക്കമില്ല. വനം സംരക്ഷിച്ചാൽ മതി. മനുഷ്യരെ കൊല്ലുന്ന നടപടി ശരിയാണോ? ഞാൻ ചോദിക്കട്ടെ, മലയോര ഹൈവേയ്ക്ക് അനുവാദം കൊടുക്കാത്തതെന്താണ്? ഇവിടെ മലയോര ഹൈവേ വേണ്ടേ; ജനങ്ങൾക്ക് ആവശ്യമുള്ളതല്ലേ; അത് തടഞ്ഞിരിക്കുകയാണ്. വനം വകുപ്പിന്റെ തടസ്സമാണെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. മലയോര ഹൈവേ

എന്നുപറയുന്നത് കേരളത്തിലെ ജനങ്ങളുടെ ആവശ്യമാണ്. ആ മലയോര ഹൈവേ നിർമ്മിക്കാൻ ഒരു മടിയുമില്ലാതെ ഉത്തരവുകൊടുക്കാനുള്ള ആർജ്ജവം വനം വകുപ്പുമന്ത്രി പ്രകടിപ്പിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ കാര്യങ്ങളൊക്കെ തന്റേടത്തോടെ മുന്നോട്ടുകൊണ്ടുപോകുന്ന രണ്ട് മന്ത്രിമാരായി നിങ്ങൾ ഇരിക്കണം. മന്ത്രിമാരെപ്പറ്റി ഞാൻ പറയില്ല; എനിക്ക് പരാതിയില്ല; രണ്ടുപേരും മാന്യന്മാരാണ്. കാനത്തിന്റെ പാർട്ടിക്കാരല്ലേ; മോശമാകാൻ പറ്റില്ലല്ലോ? അതിലും എനിക്ക് സന്തോഷമാണ്. വനം മാത്രം മതി, മനുഷ്യൻ വേണ്ട. ഇപ്പോൾ ഇവിടെ ഒരാൾ പറയുന്നത് കേട്ടു. ഞാൻ പേര് പറയുന്നില്ല. മൃഗങ്ങളെല്ലാം റോഡിലിറങ്ങുന്നത് മനുഷ്യൻ കാട്ടിൽ കയറിയിട്ടാണെന്നാണ്. അല്ല. ലോകത്ത് ഏത് രാഷ്ട്രത്തിലും മൃഗങ്ങളുടെ എണ്ണം കൂടിയാൽ അതിനെ വെടിവച്ചുകൊല്ലും. കങ്കാരുവിനെ ദേശീയ മൃഗമായിട്ട് കാണുന്ന രാജ്യത്ത് കങ്കാരുവിനെ വെടിവച്ചുകൊല്ലുന്നു. ഇവിടെ ഒരു മൃഗത്തെപോലും കൊല്ലുകയില്ല. എണ്ണം കവിഞ്ഞിരിക്കുന്നു. പന്നിയും കുരങ്ങും ആനയും ഉൾപ്പെടെ പെരുകിയിരിക്കുന്നു. അവ മനുഷ്യനെ കൊല്ലുന്ന നിലയാണ്. ഈ കാര്യംകൂടി ബഹുമാനപ്പെട്ട ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് മാത്രം താൽപ്പര്യപ്പെടുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഈ പ്രശ്നങ്ങൾക്ക് പലതിനും കാരണം കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളും നടപടികളും അവഗണനയുമാണെന്ന് കാണാൻ കഴിയും. ഉദാഹരണത്തിന് അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ച് സബ്സിഡി ഇല്ലാതാക്കി കേരളത്തിലെ ജനങ്ങളെ നട്ടംതിരിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് വിലക്കയറ്റത്തിൽനിന്ന് ആശ്വാസം നൽകാനുള്ള നടപടികളാണ് ഭക്ഷ്യവകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ അന്നം മുട്ടിക്കുന്ന വിധം റേഷൻ ഭക്ഷ്യധാന്യ വിതരണം താറുമാറാക്കിയത് മുൻ യു.പി.എ. കേന്ദ്ര സർക്കാരും ഇപ്പോഴത്തെ എൻ.ഡി.എ. കേന്ദ്രസർക്കാരും ആണ്. സംസ്ഥാനത്തെ മുൻ യു.ഡി.എഫ്. സർക്കാരും ഇതിൽ പങ്കുവഹിച്ചിട്ടുണ്ട്. കേന്ദ്രപൂളിൽ നിന്ന് റേഷൻ വെട്ടിക്കുറച്ചതും ഭക്ഷ്യഭദ്രതാ നിയമം യഥാസമയം നടപ്പാക്കാതിരുന്നതുമാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം. ഭക്ഷ്യ ഭദ്രതാ നിയമം യു.പി.എ. സർക്കാർ 2013-ൽ പാസ്സാക്കുമ്പോൾ കേന്ദ്രവും സംസ്ഥാനവും ഭരിച്ചിരുന്നത് ഒരേ കക്ഷിയാണ്. കേരളത്തിൽനിന്ന് 8 കേന്ദ്രമന്ത്രിമാരും 16 യു.ഡി.എഫ്. എം.പി.മാരും ഉണ്ടായിരുന്നു. കേരളത്തിന്റെ പ്രത്യേകതകൾ, ഇവിടെ കാലങ്ങളായി നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം, എ.പി.എൽ. ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും റേഷൻ വിതരണം

ചെയ്യുന്നത് തുടങ്ങിയ കാര്യങ്ങൾ പാർലമെന്റിൽ ഉന്നയിച്ച് ഭരണ സ്വാധീനമുപയോഗിച്ച് കേരളത്തിന്റെ റേഷൻ സംവിധാനം സംരക്ഷിക്കാൻ അവർക്ക് കഴിയാത്തതിന്റെ ബുദ്ധിമുട്ടുകളാണ് ഇന്ന് നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ നമുക്ക് ലഭിച്ചിരുന്നതാണ്. ഇപ്പോൾ അത് 14.25 ലക്ഷം മെട്രിക് ടണ്ണായി ചുരുക്കിയിരിക്കുകയാണ്. കേരളത്തിൽ അന്ത്യോദയ മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർ ഒരു കോടി അൻപത്തിനാല് ലക്ഷമുണ്ട്. ഇവർക്ക് നൽകാൻ 10.25 ലക്ഷം മെട്രിക് ടൺ അരി വേണം. ബാക്കി ഒരു കോടി എൺപത് ലക്ഷം ജനങ്ങൾക്ക് 4 ലക്ഷം മെട്രിക് ടൺ അരിയാണ് നൽകാനുള്ളത്. ഇതിൽ നിന്നുവേണം മുൻഗണന-ഇതര വിഭാഗത്തിനും സംസ്ഥാനത്തെ മറ്റ് ക്ഷേമസ്ഥാപനങ്ങൾക്കും റേഷൻ നൽകേണ്ടത്. ഇത് സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം, ലെപ്രസി ആശുപത്രികൾ, പുനരധിവാസ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ അരി വിതരണം പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നേരത്തെ ലഭിച്ചിരുന്ന ധാന്യ വിഹിതത്തിൽ പ്രതിവർഷം 2 ലക്ഷം ടൺ ധാന്യത്തിന്റെ കുറവുണ്ടായിരുന്നു. ഇത് യഥാസമയം ചൂണ്ടിക്കാണിക്കാനോ വ്യവസ്ഥകളിൽ മാറ്റം വരുത്താനോ മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു ശ്രമവും ഉണ്ടായില്ല. ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ടും ലക്ഷക്കണക്കിന് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തിന്റെ റേഷൻ വിഹിതം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ പലവട്ടം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടും ഒരു പരിഗണനയും കേന്ദ്ര ഗവൺമെന്റ് നൽകാത്ത സ്ഥിതിയാണുള്ളത്. ദേശീയ ശരാശരിയും മുൻഗണനാ വിഭാഗവും 67 ശതമാനം ആയിരിക്കെ കേരളത്തിൽ 46 ശതമാനമാണ് മുൻഗണനാ വിഭാഗത്തിലുള്ളവർ ഉള്ളതെന്നാണ് കേന്ദ്ര ഗവൺമെന്റ് കണ്ടെത്തിയിട്ടുള്ളത്. ഇപ്പോൾ സംസ്ഥാനത്തെ മണ്ണെണ്ണ വെട്ടിക്കുറയ്ക്കാൻ കേന്ദ്ര സർക്കാർ പറയുന്ന ന്യായം സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ഏർപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കുംവേണ്ടി നടപ്പാക്കിയ വിവിധ ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി അവരുടെ സ്ഥിതി അൽപ്പം മുന്നോട്ടുവന്നിട്ടുണ്ട്. സൗജന്യമായി കിട്ടിയ ഈ ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ആയിരുന്ന പാവപ്പെട്ടവരെ അവർ എ.പി.എൽ. ആക്കി കണക്കാക്കിയിരിക്കുന്നത് എന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ധാന്യവിഹിതം വെട്ടിക്കുറച്ചത് റേഷൻ വിതരണ സംവിധാനം താറുമാറാക്കി. മുൻ യു.ഡി.എഫ്. സർക്കാർ നിയമം നടപ്പാക്കാതെ ഫയലിൽ അടയിരിക്കുകയാണ് ചെയ്തത്. മൂന്നുവർഷക്കാലം ഒന്നും ചെയ്യാതെ മാറ്റിവച്ചു. റേഷൻ കാർഡുകൾ വിതരണം ചെയ്യുവാൻ ഒരു നടപടിയും സ്വീകരിച്ചില്ല.

1.00 Pm]

എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് ഏതാനും മാസങ്ങൾക്കിടയിൽ വളരെക്കാലമായി മുടങ്ങിക്കിടന്നിരുന്ന റേഷൻ കാർഡുകളുടെ അച്ചടി പൂർത്തീകരിച്ച് അവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുകയും 1-11-2016 മുതൽ കാർഡുടമകൾക്ക് ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. റേഷൻ വിതരണത്തിലെ പരാതികൾ പരിഹരിക്കാൻ സംവിധാനമുണ്ടാക്കുകയും റേഷൻ കടകളിൽ നേരിട്ട് ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഭക്ഷ്യധാന്യ മൊത്ത വ്യാപാരികളെ പൊതു വിതരണ രംഗത്തുനിന്നും പൂർണ്ണമായും ഒഴിവാക്കുകയും വാതിൽപ്പടി വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുമുണ്ടായി. കാർഡുടമകൾക്ക് ഏത് അളവിൽ എത്ര റേഷൻ കിട്ടുമെന്ന കാര്യം മൊബൈൽ ഫോണുകളിലൂടെ എസ്.എം.എസ്. രീതിയിൽ നടപ്പാക്കി. 31-03-2018-നുമുമ്പ് സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്താൻ പോകുന്നു. പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്ന അംഗീകൃത ഏജൻസിയായ സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 318 തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചത്. മുൻഗണനാ വിഭാഗത്തിൽപ്പെട്ട അനർഹരെ കണ്ടെത്തി ഒഴിവാക്കാനും അത്രയും തന്നെ അർഹതപ്പെട്ടവരെ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചുവരികയാണ്. കാർഡ് ഇല്ലാത്തവർക്ക് പുതിയ റേഷൻ കാർഡ് നൽകുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. റേഷൻ കാർഡിന് അപേക്ഷിച്ചാൽ 7 ദിവസത്തിനകം കാർഡുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചത് വളരെ അഭിനന്ദനാർഹമാണ്. റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പാക്കാൻ പോർട്ടൽ പ്രവർത്തനം ആരംഭിച്ചു. പുതിയ സംവിധാനം വന്നപ്പോൾ പതിനാറായിരം രൂപയെങ്കിലും റേഷൻ കട ഉടമകൾക്ക് പ്രതിഫലം നൽകാൻ കഴിഞ്ഞു. വളരെക്കാലമായി മുടങ്ങിക്കിടന്നിരുന്ന റേഷൻ കാർഡുകൾ വഴിയുള്ള ആട്ട വിതരണം പുനഃസ്ഥാപിക്കാൻ സാധിച്ചു. സപ്ലൈകോ വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി ഇനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്നത് എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 20 മാസങ്ങളായി. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില എന്തായിരുന്നോ ആ വില തന്നെ ഇന്നും അതേപടി നിലനിൽക്കുകയാണ്. ഭരണ കാലാവധി 5 വർഷം പൂർത്തിയാകുമ്പോഴും അവയ്ക്ക് ആ വില തന്നെയായിരിക്കുമെന്ന് ഗവൺമെന്റ് ഉറപ്പുനൽകുകയാണ്. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21 മാവേലി സ്റ്റോറുകൾ, 10 സൂപ്പർ മാർക്കറ്റുകൾ, 2 പീപ്പിൾസ് ബസാറുകൾ എന്നിവ പുതിയതായി ആരംഭിച്ചു. ഓണം, വിഷു, ബക്രീദ്, റംസാൻ, ഈസ്റ്റർ തുടങ്ങിയ വിശേഷാവസരങ്ങളിൽ ചന്തകൾ ആരംഭിച്ച് വിലക്കയറ്റം കൃത്രിമമായി സൃഷ്ടിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചു. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 200 കോടി രൂപ വീതം വിപണി ഇടപെടലിനുവേണ്ടി അനുവദിക്കുകയും 732 കോടി രൂപ സബ്സിഡിയായി നൽകുകയും ചെയ്തു. യു.ഡി.എഫ്. സർക്കാർ നൽകിയതിനെക്കാൾ കൂടുതൽ തുകയാണ് ജനങ്ങൾക്ക് വിലക്കയറ്റത്തിൽനിന്നും ആശ്വാസം നേടാൻ സബ്സിഡിയായി ഈ സർക്കാർ നൽകിയത്. 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 156 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. നെല്ല് സംഭരണത്തിന് പി.ആർ.എസ്. ലോൺ പദ്ധതി ആരംഭിക്കുകയും അതുവഴി 269 കോടി രൂപ നൽകുകയും ചെയ്തു. ലീഗൽ മെട്രോളജി വകുപ്പിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് വകുപ്പിന്റെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഭക്ഷ്യരംഗത്തെ വിലക്കയറ്റം പിടിച്ചുനിർത്താനും ജനങ്ങൾക്ക് ആശ്വസം നൽകാനും റേഷൻ വിതരണം അടുക്കം ചിട്ടയോടുംകൂടി നടത്താനുമുള്ള മാതൃകാപരമായ നടപടികളാണ് എൽ.ഡി.എഫ്. സർക്കാരും ഭക്ഷ്യവകുപ്പും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

വനം സംരക്ഷണത്തിനായി വിവിധ നടപടികളാണ് സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ളത്. ഫോറസ്റ്റ് ജോലികളിലെ കൺവീനർ സമ്പ്രദായം നിരവധി ആക്ഷേപങ്ങളും പരാതികളും ന്യൂനതകളും നിറഞ്ഞതായിരുന്നു. അവിടെ കോൺട്രാക്ട് സംവിധാനവും ഇ-ടെണ്ടർ സംവിധാനവും വേണമെന്നുള്ള കാലങ്ങളായുള്ള ആവശ്യം നടപ്പിലാക്കുകയും വനംവകുപ്പ് കൺവീനർ സംവിധാനം ഒഴിവാക്കുകയും ചെയ്തത് മാതൃകാപരമാണ്. സാമൂഹ്യ വനവൽക്കരണം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി 169 കുളങ്ങൾ വൃത്തിയാക്കി. 72 ലക്ഷം വൃക്ഷതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. വയർലെസ് കമ്മ്യൂണിക്കേഷൻ, നെറ്റ്‌വർക്ക് സിസ്റ്റത്തിന്റെ വ്യാപനം, ഇ-ഓഫീസ് സംവിധാനം തുടങ്ങിയ നടപടികൾ സ്വീകരിച്ചു. വിവിധ തലങ്ങളിൽ പരിശീലന പരിപാടികൾ നടപ്പാക്കി. ജാഗ്രതാ സമിതികൾ രൂപീകരിച്ചു. വന്യജീവികളുടെ സാന്നിദ്ധ്യം അറിയിക്കാൻ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തി. വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം അപേക്ഷകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഏർപ്പെടുത്തി. ഫോറസ്റ്റിലെ ദിവസ വേതനം 680 രൂപയായി വർദ്ധിപ്പിച്ചു. ഇ.ഡി.സി., വി.എസ്.എസ്. അംഗങ്ങൾക്ക് ദിവസം 100 രൂപയുടെ വർദ്ധനവ് വരുത്തി. വന്യജീവി ആക്രമണത്താൽ മരണമടയുന്നവർക്കും കൃഷിനാശം

സംഭവിക്കുന്നവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അത് എത്രയും വേഗം നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മൃഗസംരക്ഷണ മേഖലയിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിൽ പാലുൽപ്പാദന രംഗത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പാൽ ഉൽപ്പാദനം വർദ്ധിപ്പിച്ചതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവ് കുറഞ്ഞു. ചില നിർദ്ദേശങ്ങളാണ് ഈ വകുപ്പുകളുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളിൽ അംഗപരിമിതർ, ഭിന്നശേഷിക്കാർ, നിരാലംബരായ വിധവകൾ തുടങ്ങിയവർക്ക് ഇളവ് അനുവദിക്കേണ്ടതാണ്. വർഷങ്ങളായി സസ്പെൻഷനിൽ കഴിയുകയും ബന്ധപ്പെട്ട ലൈസൻസികൾക്ക് താൽപ്പര്യമില്ലാത്തതുമായ റേഷൻ കടകൾ കുടുംബശ്രീയെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. താലൂക്ക് സപ്ലൈ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. കേന്ദ്ര വിഹിതത്തിന്റെ അപര്യാപ്തതമൂലം മുൻഗണനേതര വിഭാഗങ്ങൾ, സ്ഥാപനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള റേഷൻ വിതരണത്തിലെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഭക്ഷ്യ ഭദ്രതാ നിയമം കൃത്യമായി നടപ്പിലാക്കി മുൻകാലങ്ങളിൽ ചോർന്നുപോയ റേഷൻ സാധനങ്ങൾ ഉപയോഗിച്ച് അന്നപൂർണ്ണ ഹോട്ടലുകൾ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം.

വനംവകുപ്പുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിലെ എക്സ്സർവ്വീസ്മാൻ കോളനികളിൽ എൽ.എ. പട്ടയം കിട്ടിയവർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കാൻ കഴിയാത്ത സാഹചര്യമാണ് വനം വകുപ്പ് സൃഷ്ടിക്കുന്നത്. ഇക്കാര്യത്തിലിടപെട്ട് അവർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിച്ചുമാറ്റുന്നതിനും റീപ്ലാന്റ് ചെയ്യുന്നതിനുമുള്ള അനുമതി നൽകണം. പുളിയിലപ്പാറയിൽ അൻപതോളം വർഷമായി താമസിക്കുന്ന നിവാസികൾക്ക് വീടും റേഷൻ കാർഡും വീട്ടു നമ്പറുമെല്ലാം ഉണ്ടെങ്കിലും പട്ടയമില്ല. മുമ്പ് വീടെല്ലാം മെയിന്റനൻസ് ചെയ്തിരുന്നു. ഇപ്പോൾ വനംവകുപ്പ് അതിന് തടസ്സം നിൽക്കുകയാണ്. അവർക്ക് പട്ടയം നൽകുകയോ പട്ടയം കിട്ടുന്നതുവരെ വീടുകൾ പുതുക്കിനിർമ്മിക്കുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. എൻ. ജയരാജ്: സർ, വനം വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ നടന്ന ചർച്ചയിൽ കേരളത്തിൽ വനത്തിന്റെ അളവ് കൂടിയെന്നും ഇനിയും കൂടുതൽ വനത്തിന്റെ ആവശ്യമില്ലെന്നും കേരളത്തിന്റെ വിസ്തൃതിയുടെ ഏതാണ്ട് 29 ശതമാനത്തോളം വനമാണെന്നുമാണ് ബഹുമാന്യനായ പി. സി. ജോർജ് ഇവിടെ സൂചിപ്പിച്ചത്. വന്യമൃഗങ്ങളെയെല്ലാം വെടിവച്ച് കൊല്ലണമെന്നാണ് രണ്ടാമതായി അദ്ദേഹം പറഞ്ഞത്. ഈ ദിവസത്തിനൊരു പ്രത്യേകതയുള്ളത് ഈ നൂറ്റാണ്ട് കണ്ട ഏറ്റവും മഹാപ്രതിഭയായ സ്റ്റീഫൻ വില്യം ഹോക്കിംഗ് തമോഗർത്തങ്ങളുടെ മരണം സ്വപ്നം കാണുകയും ലോകത്തെ പഠിപ്പിക്കുകയും ചെയ്ത ആളാണ്. അദ്ദേഹം ഇന്ന് സമയത്തിനപ്പുറത്തേയ്ക്ക്, കാലത്തിന്റെ യവനികയിലേയ്ക്ക് മാറിക്കഴിഞ്ഞു. അദ്ദേഹം പറഞ്ഞ ഒരു കാര്യം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സൂചിപ്പിച്ചു. മനുഷ്യന്റെ ആർത്തിയും ദുരയും വരാൻ പോകുന്ന നൂറ് വർഷത്തിനപ്പുറത്തേയ്ക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് അന്യഗ്രഹങ്ങളിലേയ്ക്ക് പോകണമെന്നാണ് അദ്ദേഹം ലോകത്തോട് ഉപദേശിച്ചത്. എന്നാൽ ഇവിടത്തെ കാടുകളെല്ലാം വെട്ടിക്കളഞ്ഞ് മൃഗങ്ങളെയെല്ലാം ഇല്ലാതാക്കി മനുഷ്യജീവിതം ദുഃസ്സഹമാക്കണം എന്നാവശ്യപ്പെടുന്ന ശ്രീ. പി. സി. ജോർജിനെപ്പോലുള്ള ആളുകളെ അന്യഗ്രഹങ്ങളിലേയ്ക്ക് വിടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ പറയാത്ത കാര്യം വൃത്തികെട്ട രീതിയിൽ ഒരു മെമ്പർ പറയുന്നത് ശരിയാണോ? ഇവിടെയുള്ള മൃഗങ്ങളെയെല്ലാം കൊല്ലണമെന്ന് ഞാൻ പറഞ്ഞില്ല. ഭൂമിക്ക്/ വനത്തിന് താങ്ങാവുന്നതിൽ കൂടുതലായി മൃഗങ്ങൾ ഉണ്ടായാൽ മറ്റ് രാജ്യങ്ങളിൽ വെടിവച്ചുകൊല്ലാറുണ്ട്. അതുപോലെ ഇവിടെയും കൂടുതലുള്ള പന്നിയേയും പോത്തുകളേയും കൊല്ലണമെന്ന് പറഞ്ഞതിന് മൃഗങ്ങളെ മുഴുവൻ കൊല്ലണമെന്ന് സത്യവിരുദ്ധമായി പറയുകയാണ്. അദ്ദേഹത്തിന്റെ നേതാവ് ശ്രീ. കെ. എം. മാണിയല്ലേ! പിന്നെ എങ്ങനെ നന്നാകും?

ഡോ. എൻ. ജയരാജ്: സർ, നരസിംഹാവതാരത്തിന്റെ കഥയിൽ എപ്പോഴും നാരായണ, നാരായണ എന്ന് ജപിക്കണമെന്ന പ്രഹ്ളാദന്റെ ആഗ്രഹം പോലെയാണ് ശ്രീ. പി. സി. ജോർജിന് മാണി, മാണി എന്ന് വിളിച്ചുകൊണ്ടിരുന്നില്ലെങ്കിൽ വളരെയേറെ ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതാണ് പ്രശ്നം. അതിന് ഞാൻ ഉത്തരവാദിയല്ല. കാടും മനുഷ്യനുമായുള്ള ബന്ധം ലോകത്തിന്റെ ഉല്പത്തികാലം മുതലുള്ളതാണ്. കാട് അവിടെയുള്ളതുകൊണ്ടാണ് മനുഷ്യൻ ഇവിടെ ജീവിക്കുന്നത്. അതെല്ലാം ഇല്ലാതാക്കണമെന്ന് പറയുന്നത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. ഇന്ന് കാഞ്ഞിരപ്പള്ളിക്കാർ കരയുകയാണ്. അയ്യപ്പപ്പണിക്കർ പാടിയതുപോലെ,

"കാടെവിടെ മക്കളെ? മേടെവിടെ മക്കളെ ?

കാട്ടുപൂൽത്തകിടിയുടെ വേരെവിടെ മക്കളെ?

കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളെ!" എന്ന് ചോദിക്കുകയാണ്. അങ്ങയുടെ ഭരണകാലത്ത് എന്റെ നിയോജകമണ്ഡലത്തിലുണ്ടായിരുന്ന ഒരു വനം പൂർണ്ണമായി നഷ്ടപ്പെട്ട സ്ഥിതിയിലാണ്. അങ്ങ് കഴിഞ്ഞ ദിവസം അവിടെ വന്നിരുന്നുവെന്ന് ഞാൻ അറിഞ്ഞു. അങ്ങ് വന്ന വിവരം ഞാൻ അറിഞ്ഞില്ല. ഏതായാലും അങ്ങ് എന്റെ നിയോജകമണ്ഡലത്തിലുള്ളവർക്ക് വാഗ്ദാനം കൊടുത്തിട്ടാണ് പോയത്. ഒരു കുഴപ്പവുമില്ല, പട്ടയമെല്ലാം കിട്ടും, കാര്യങ്ങൾ ഭംഗിയാകുമെന്നാണ് പറഞ്ഞത്. Robert Frost-ന്റെ കവിതയിൽ പറയുന്നതുപോലെ അങ്ങവിടെ

'The woods are lovely, dark and deep.

But I have promises to keep, and miles to go before I sleep.'

എന്ന് പാടിക്കാണും. വളരെ മനോഹരമായ വനപ്രദേശത്ത് നിന്നുകൊണ്ട് എല്ലാ വാഗ്ദാനങ്ങളും നൽകിയിട്ടാണ് അങ്ങ് പോയത്. പക്ഷേ 441-ഓളം വരുന്ന കുടുംബങ്ങൾക്ക് പട്ടയം നഷ്ടപ്പെട്ട അവസ്ഥയാണ്. 3600-ഓളം വരുന്ന വനഭൂമി ഏതാണ്ട് നഷ്ടപ്പെടുന്ന അവസ്ഥയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് സമയക്കുറവുകൊണ്ട് കടക്കുന്നില്ല. എന്നാൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ആ ഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ തീർച്ചയായും കാര്യക്ഷമമായ പ്രവർത്തനം ഉണ്ടായില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വേണ്ടപ്പെട്ട രേഖകൾ കൃത്യമായി കോടതിയിൽ ഹാജരാക്കാതെ പോയതുകൊണ്ടാണ് ബഹുമാനപ്പെട്ട കോടതിയുടെ ഭാഗത്തുനിന്നും അത് സ്വകാര്യ വ്യക്തികളുടെ ഭാഗമാണെന്ന രീതിയിലുള്ള വിധിയുണ്ടായതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അടുത്ത കാലത്ത് തേനിയിലുണ്ടായ ദുരന്തങ്ങൾ നമുക്കറിയാം. ഇന്ന് ടൂറിസവുമായി ബന്ധപ്പെട്ട് ട്രക്കിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ വനങ്ങളിൽ നടക്കുന്നുണ്ട്. ഞാൻ മനസ്സിലാക്കുന്ന ഒരു കാര്യം പല മേഖലകളിലും അനധികൃതമായിട്ടുള്ള ഗൈഡുകൾ, ഫേസ്ബുക്ക്, വാട്സ്ആപ് തുടങ്ങിയ സംവിധാനങ്ങളിലൂടെ ആളുകളെ ആകർഷിച്ച് വനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്ന പ്രവണതയുണ്ട്. ഇക്കാര്യത്തിൽ വളരെ കൃത്യമായ നിയന്ത്രണം ഏർപ്പെടുത്തുകയും അനധികൃത ട്രക്കിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുകയും വേണം. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ അന്വേഷിച്ചപ്പോൾ കൃത്യമായ ഗൈഡ്‌ലൈൻസ് ഒന്നുമില്ല.

വനയാത്ര ആളുകൾ ഇഷ്ടപ്പെടുന്ന കാര്യമാണ്. വനത്തിന്റെ നിശ്ശബ്ദതയും നിഗൂഢതയും കാണുകയും ആസ്വദിക്കുകയും എന്നുള്ളത് മനുഷ്യന്റെ സ്വാഭാവികമായ ആഗ്രഹത്തിന്റെ ഭാഗമാണ്. പക്ഷേ ഓരോ സ്ഥലത്തും ചെന്നുകഴിയുമ്പോൾ മാത്രമേ അവിടത്തെ കാര്യങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുകയുള്ളൂ. ഗവിയിൽ ചെന്നുകഴിയുമ്പോൾ മാത്രമേ അവിടെ കടക്കുന്നതിനുള്ള നിയന്ത്രണങ്ങളും മറ്റ് കാര്യങ്ങളും അറിയാൻ കഴിയൂ. ഇത്തരം കാര്യങ്ങളിൽ പൊതുവായിട്ടുള്ള ഒരു നിർദ്ദേശം ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഇല്ല എന്നുള്ളതാണ് വാസ്തവം. അതോടൊപ്പം എന്റെ നാട്ടുകാരനായിരുന്ന മുഖ്യവനപാലകൻ റിട്ടയർ ചെയ്തു. അദ്ദേഹത്തിന്റെ കാലയളവിൽ റാപ്പിഡ് സേഫ്റ്റി ആഡിറ്റിംഗുമായി ബന്ധപ്പെട്ട് കുറെ പ്രവർത്തനങ്ങൾ നടന്നിരുന്നു. കഴിഞ്ഞ ദിവസം അങ്ങ് തന്നെ നിയമസഭയിൽ തീപിടിത്തത്തിന് സാധ്യതയുള്ള ധാരാളം പ്രദേശങ്ങളുണ്ടെന്ന് പറഞ്ഞു. കാട്ടുതീ മാത്രമല്ല മഴക്കാലം വന്നുകഴിഞ്ഞാൽ പൂഞ്ഞാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ചെറുപ്പക്കാരായ ആളുകൾ അപകടങ്ങളിൽപ്പെടുന്ന അവസ്ഥയുണ്ട്. എത്രയോ പ്രശ്നങ്ങൾ ശ്രീ. പി. സി. ജോർജിന്റെ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ട്. റാപ്പിഡ് സേഫ്റ്റി ആഡിറ്റിംഗുമായി ബന്ധപ്പെട്ട് കുറെ ക്വസ്റ്റ്യനെയറുകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ അപകടത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സേഫ്റ്റി മേഷേഴ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വളരെ കൃത്യമായി അവലോകനം ചെയ്യുന്ന ഒരു സംവിധാനം ഡൽഹി ബേയ്സ്ഡായിട്ടുള്ള ഒരു എൻ.ജി.ഒ. മുഖേനയാണ് നടപ്പാക്കുന്നത്. പിന്നീട് അതിന്റെ തുടർപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. കേരളത്തിലെ വനങ്ങളിൽ അത്തരം സാധ്യതകളുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും അതിനാവശ്യമായ റാപ്പിഡ് സേഫ്റ്റി ആഡിറ്റിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പാക്കാനുള്ള നടപടികളുണ്ടാകണമെന്നുള്ളതാണ് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്.

വനവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം, വനപാലകർക്ക് നേരത്തെ തോക്ക് കൊടുത്തിട്ടുണ്ടായിരുന്നു. പക്ഷേ അത് ഉപയോഗിക്കാനുള്ള അവകാശവും അധികാരവുമുണ്ടെന്ന് തോന്നുന്നില്ല. ഞാൻ മുമ്പ് സഭയിൽ ചോദിച്ചിട്ടുള്ളതുപോലെ സേഫ്റ്റിക്കുവേണ്ടി എന്നുള്ളതല്ലാതെ അവർക്ക് അത് ഉപയോഗിക്കാനുള്ള അധികാരം നിലവിലുണ്ടോ എന്നുള്ള സംശയം ഞാൻ ഈ സന്ദർഭത്തിലും പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കാടിന് വളരെ നിഗൂഢമായ മനസ്സാണുള്ളത്. അതിന്റെ ആർദ്രതയും സൗകുമാര്യവും സൗമ്യതയും തിരിച്ചറിഞ്ഞ് കാടിനെ സ്നേഹിക്കുന്ന ഒരു മനസ്സാണ് നമുക്ക് ആവശ്യമായിട്ടുള്ളത് എന്നുള്ള കാര്യത്തിൽ

യാതൊരു സംശയവുമില്ല. ആ സ്വൈര്യതയെ അതിന്റെ സ്വാഭാവികതയിൽ തന്നെ ആസ്വദിക്കാനുള്ള സാന്നിദ്ധ്യവും സാഹചര്യവും തീർച്ചയായും സൃഷ്ടിക്കപ്പെടേണ്ട അവസ്ഥയുണ്ട്. അതുപോലെ വനം വകുപ്പുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ കുറച്ചുകൂടി ഊർജ്ജസ്വലമാകേണ്ട സാഹചര്യം നിലവിലുണ്ട് എന്നുമാത്രം ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കുന്നംപുഴ വനവുമായി ബന്ധപ്പെട്ട റിവ്യൂ പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുന്നിലാണെന്ന് മനസ്സിലാക്കുന്നു. ആ വനം നമുക്ക് നഷ്ടപ്പെടാതെ സംരക്ഷിക്കാനുള്ള നടപടിയുണ്ടാകണം. ആ പ്രദേശത്തുള്ള 441 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനം 1965 ജൂലൈ 1 മുതൽ നിയമാനുസൃതമായ സാർവ്വത്രിക പൊതുവിതരണം ഏർപ്പെടുത്തിയ സംസ്ഥാനമാണ്. അതിന്റെ പശ്ചാത്തലത്തിലേയ്ക്കൊന്നും നമ്മൾ പോകേണ്ടതില്ല. എന്നാൽ കോൺഗ്രസ് പാർട്ടി 1990-കളിൽ ആരംഭിച്ച പുത്തൻ സാമ്പത്തികനയം, ഇംപോർട്ട് സബ്സ്റ്റിറ്റ്യൂട്ട് പോളിസിയിൽനിന്ന് എക്സ്പോർട്ട് ഓറിയന്റഡ് പോളിസിയിലേയ്ക്കുള്ള ബെയ്സിക്കായ ഒരു മാറ്റം നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിക്കുന്ന വിധത്തിലുള്ള സാർവ്വദേശീയ കരാറുകളിലേയ്ക്ക് ഏർപ്പെടാൻ അന്നത്തെ കേന്ദ്രഗവൺമെന്റ് നിർബന്ധിതമായി. ആ കേന്ദ്രഗവൺമെന്റിനെ നയിച്ച കോൺഗ്രസ് പാർട്ടിയാണ് കേരളത്തിലുണ്ടായിരുന്ന സാർവ്വത്രിക റേഷൻ സംവിധാനത്തെ അട്ടിമറിച്ച് ടി.പി.ഡി.എസ്. (ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) ഏർപ്പെടുത്തിയത്. അതിന്റെ ഫലമായിട്ടാണ് എല്ലാവർക്കും റേഷൻ എന്നതുമാറി ലക്ഷ്യാധിഷ്ഠിത റേഷനിലേയ്ക്ക് പോയപ്പോൾ റേഷൻ കാർഡുകളുടെ നിറത്തിലും അതിന്റെ മുൻഗണനയിലും മാറ്റം വന്നു. പിന്നീട് ഭക്ഷ്യ ഭദ്രതാ നിയമം വന്നപ്പോഴേയ്ക്കും വലിയ രൂപത്തിലുള്ള മാറ്റങ്ങളാണ് സംഭവിച്ചത്. ഇതിന്റെ ഫലമായി കേരളം ഇപ്പോൾ വലിയ പ്രതിസന്ധിയിലാവുകയാണ്. ഇവിടെ ശ്രീ. ബി. ഡി. ദേവസ്സി വളരെ വ്യക്തമായി കണക്കുകൾ ഉദ്ധരിച്ച് പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. ആ പ്രതിസന്ധിയുടെ സൃഷ്ടാക്കളായ ആളുകൾ തന്നെ അതിനെ ന്യായീകരിക്കാൻ ഇപ്പോഴുള്ള എൽ.ഡി.എഫ്. ഗവൺമെന്റിനെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷത്തുനിന്നും സംസാരിച്ച ഒരു മാന്യസുഹൃത്ത് ഇപ്പോൾ വിതരണം ചെയ്യുന്ന റേഷൻ അരിക്ക് ഒരു സ്മെൽ ഉണ്ടെന്നാണ് പറഞ്ഞത്. അത് പാടെ നിഷേധിക്കാൻ ഞാൻ തയ്യാറാകുന്നില്ല.

പക്ഷേ യു.ഡി.എഫ്. ഭരണകാലത്ത് വിതരണം ചെയ്തുകൊണ്ടിരുന്ന റേഷനരിയിൽ ഉണ്ടായിരുന്ന സാധനങ്ങളുടെ ഓർമ്മ അത്തരം ആളുകൾ പുതുക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ മൈസൂർമല എന്ന പ്രദേശത്തെ ഒരു ആദിവാസി കോളനിയിൽ അയൽവാസികളായ രണ്ട് ആദിവാസികൾ തൊട്ടടുത്ത റേഷൻകടയിൽ പോയി അരി വാങ്ങി. ആദിവാസികൾക്ക് 30 കിലോ അരിയാണ് സൗജന്യമായി ലഭിച്ചിരുന്നത്. റേഷൻ കടക്കാരൻ ഇവർക്ക് 30 കിലോ വീതം രണ്ടായി അളക്കുന്നതിനുപകരം 50 കിലോയുടെ ഒരു ചാക്ക് അരി കൊടുക്കുകയും ബാക്കിയുള്ള പത്ത് കിലോ അഞ്ച് കിലോ വീതമുള്ള രണ്ട് പാക്കറ്റാക്കിക്കൊടുക്കുകയും ചെയ്തു. അവർ അതുമായി ആട്ടോയിൽ അതിൽ ഒരാളുടെ വീട്ടിൽ എത്തിയപ്പോഴാണ് അരി പങ്കുവയ്ക്കണമെന്ന വിഷയം ഓർമ്മ വന്നത്. അവരുടെ സാധാരണ ബുദ്ധിക്കനുസരിച്ച് 50 കിലോ ചാക്കിനെ ഒരു കൊടുവാളെടുത്ത് നേരെ രണ്ടായി വെട്ടിമുറിച്ചു. അങ്ങനെ മുറിച്ചഭാഗത്തെ അരിയുടെ ഉള്ളിൽ നിന്നും വന്നത് ചത്ത് ദിവസങ്ങളോളമായ ഒരു പെരിച്ചാഴിയാണ്. ഏഷ്യാനെറ്റ്, കൈരളി, റിപ്പോർട്ടർ തുടങ്ങിയ സകല ചാനലുകളും വന്ന് ഇത് വീഡിയോയിൽ പകർത്തി. ചത്ത എലിയെ വിതരണം ചെയ്യാൻ ഒരു മടിയും കാണിക്കാത്ത റേഷൻ സമ്പ്രദായമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. കാലത്തുണ്ടായിരുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിലെ ഹൈസ്കൂളിൽ ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിനുവേണ്ടി രാവിലെ 11.00 മണിക്ക് ഹെഡ് മാസ്റ്ററും ടീച്ചറും പാചകക്കാരിയുമെല്ലാം കൂടി സ്റ്റോറിൽനിന്ന് ചാക്കെടുത്ത് പാത്രത്തിലേയ്ക്ക് കുടഞ്ഞപ്പോൾ ചത്ത എലികളുടെ ഒരു പരമ്പര തന്നെയാണ് വന്നത്. എട്ടോ-പത്തോ ചത്ത എലികളെയാണ് അതിൽ നിന്നും കിട്ടിയത്. അതും പത്രത്തിൽ വലിയ വാർത്തയായി വന്നതാണ്. അന്നൊന്നുമില്ലാത്ത വല്ലാത്തൊരു ഉത്കണ്ഠ, ഇപ്പോൾ നമ്മുടെ അരിക്ക് ഒരു കുഴപ്പവുമില്ല. മുമ്പ് അരി കോഴിക്ക് കൊടുത്താൽ കോഴി ചാകുമായിരുന്നു. ഇപ്പോൾ നല്ല നിലയിലുള്ള അരിയാണ് വന്നുകൊണ്ടിരിക്കുന്നത്. വേറൊന്നും പറയാനില്ലാത്തതുകൊണ്ട് അരിയെ കുറ്റം പറയുന്നു. മാത്രമല്ല, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയ 2013-ൽ അതിനനുസരിച്ചുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണമെന്നാവശ്യപ്പെട്ടിട്ട് വർഷങ്ങളോളം അതിന്മേൽ ഒരു നടപടിയും സ്വീകരിക്കാതെ കേന്ദ്രഗവൺമെന്റ് നമുക്ക് ഭക്ഷ്യധാന്യം നിഷേധിക്കുന്ന സാഹചര്യത്തിലേയ്ക്ക് എത്തിച്ചത് പഴയ യു.ഡി.എഫ്. ഗവൺമെന്റാണ്. മാത്രമല്ല, അന്നത്തെ ഭക്ഷ്യവകുപ്പുമന്ത്രിയെക്കുറിച്ച് കേട്ടിരുന്ന വാർത്ത അദ്ദേഹത്തിന്റെ വീട്ടിൽ പല കൗണ്ടറുകൾ

വച്ചിരുന്നുവെന്നാണ്. ഓരോ കൗണ്ടറും ഓരോ ജില്ലയ്ക്കുവേണ്ടി അല്ലെങ്കിൽ ഓരോ സോണിനുവേണ്ടിയാണ്. എന്നിട്ട് അവിടെ കളക്ഷൻ നടത്തി. ആ നിലവാരമായിരുന്ന പണ്ടുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ നമ്മുടെ റേഷൻ സമ്പ്രദായത്തിൽ ഒരു മണി അരിപോലും ചോരാതിരിക്കാൻ അരികയറ്റുന്ന വാഹനത്തിൽ ജി.പി.എസ്. സിസ്റ്റമുൾപ്പെടെ ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. വളരെ സൂക്ഷ്മതയോടെ കൈമാറ്റം ചെയ്യപ്പെടുന്ന വേളയിൽ ഒരു നയാപൈസയുടെ അരിപോലും നഷ്ടപ്പെടാതിരിക്കാൻ വളരെ ജാഗ്രതയാണ് കാണിച്ചു കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ നയവും സമീപനവും യു.ഡി.എഫ്.-ൽ നിന്നും തികച്ചും വ്യത്യസ്തമാണ് എന്നതിന് വേറെ തെളിവില്ല. സഖാവ് ഇ. കെ. നായനാരുടെ കാലത്താണ് വെക്കേഷൻ സമയത്ത് ഉച്ചക്കഞ്ഞിക്കുവേണ്ടി 5 കിലോ അരി കുട്ടികൾക്ക് കൊടുക്കുന്ന സമ്പ്രദായം ആരംഭിച്ചത്. അതിനൊരു കാരണമുണ്ട്. മലപ്പുറം ജില്ലയിലെ വിളയിൽപറപ്പൂർ എന്നുപറയുന്നത് കമ്മ്യൂണിസ്റ്റുകാരുടെ വലിയ കോട്ടയാണ്. അതിന് തൊട്ടടുത്തുള്ള പ്രദേശം മുസ്ലീം ലീഗിന് വലിയ സ്വാധീനമുള്ള സ്ഥലമാണ്. അവിടെ മുഹമ്മദ് എന്നുപറയുന്ന ഒരു സുഹൃത്തുണ്ട്. അദ്ദേഹത്തെ വിളിക്കുന്നത് പൂഗ് എന്നാണ്. ഏറനാടൻ ഭാഷയിൽ പൂവ് എന്നാണ് അതിന്റെ മലയാള തർജ്ജിമ. പൂഗ് എന്നുപറയുന്ന മുഹമ്മദിന് രണ്ട് ഭാര്യമാരാണുള്ളത്. അദ്ദേഹം രണ്ട് ഭാര്യമാരോടും തുല്യ നീതി പുലർത്തുന്ന ആളായിരുന്നതുകൊണ്ട് രണ്ടുപേർക്കും 5 വീതം കുട്ടികളാണുള്ളത്. തൊട്ടടുത്ത് തന്നെയാണ് അവർ താമസിക്കുന്നത്. ഒരു ഭാര്യയ്ക്കുവേണ്ടി ഒരു കിലോ പഞ്ചസാര വാങ്ങിയാൽ അപ്പുറത്തും ഒരു കിലോ പഞ്ചസാര വാങ്ങിക്കും. സരായ നിയമമനുസരിച്ച് കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ജീവിച്ചുവരുന്ന നല്ല മനുഷ്യനാണദ്ദേഹം. അദ്ദേഹത്തിന് ആയിഷ എന്നുപറയുന്ന ഒരു പെങ്ങളുമുണ്ട്. ആയിഷയെ കല്ല്യാണം കഴിച്ചയാൾ അവരെ മൊഴിചൊല്ലി. അവളും ഇദ്ദേഹത്തിന്റെ വീട്ടിൽത്തന്നെയാണ് താമസിക്കുന്നത്. നിർഭാഗ്യവശാൽ അവൾക്കും 5 കുട്ടികളാണുള്ളത്. അങ്ങനെ മൊത്തം 15 കുട്ടികളുള്ള വലിയ കുടുംബമാണ് മുഹമ്മദിന്റേത്. ഇ. കെ നായനാർ ഗവൺമെന്റ് വെക്കേഷൻ സമയത്ത് 5 കിലോ അരി വീതം കൊടുക്കാൻ തീരുമാനിച്ചപ്പോൾ കുട്ടികൾക്കെല്ലാം 5 കിലോ അരി കൊടുത്തുവിട്ടു. ആദ്യത്തെ കുട്ടി 5 കിലോ അരിയുമായി വന്നതുകണ്ടപ്പോൾ 'ഇത് എവിടുന്നെടാ അരി' എന്ന് ചോദിച്ചപ്പോൾ 'മാഷ് തന്നതാണ് ഉപ്പാ' എന്നവൻ പറഞ്ഞു. 'എന്താടാ നിന്റെ മാഷിന് ഇപ്പോൾ ഇങ്ങനെ തോന്നാൻ കാരണം' എന്നുചോദിച്ചിട്ട് അരി വീട്ടിൽ വാങ്ങിവച്ചു. പിന്നീട് വന്ന കുട്ടികളും 5 കിലോ അരി വീതം കൊണ്ടുവന്നു. അങ്ങനെ കുട്ടികൾ 5 കിലോ അരി വീതം കൊണ്ടുവന്നപ്പോൾ തൊട്ടടുത്ത പുരയിൽ പോയി ഒരു പഞ്ചസാര ചാക്ക് വാങ്ങി അതിൽ ഈ 75 കിലോ അരിയും ഇട്ടു. മുഹമ്മദ് എന്നുപറയുന്ന കടുത്ത

ലീഗുകാരനായ പുഗ് 75 കിലോ അരി അയാളുടെ വീട്ടിൽ ആദ്യമായി കാണുകയാണ്. അന്ന് അദ്ദേഹം ലീഗിൽ നിന്നും രാജിവച്ചു. ഇതാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ സമീപനം. ഇത് വ്യത്യസ്തമാണെന്നുള്ളത് മനസ്സിലാക്കണം. വ്യത്യസ്തതയെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യാതെ വെറുതെ സംസാരിച്ചിട്ട് കാര്യമില്ല.

വനം വകുപ്പിനെക്കുറിച്ച് ചില ആക്ഷേപങ്ങൾ എനിക്ക് പറയാനുണ്ട്. വനം വകുപ്പ് വനം സംരക്ഷിക്കുന്നതിനുവേണ്ടി ജണ്ട ഇട്ടുകൊണ്ടിരിക്കുന്നതും വലിയ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമെല്ലാം ശ്ലാഘനീയമാണ്. എന്നാൽ ചില തർക്കമുള്ള പ്രദേശങ്ങളിൽ അവിടത്തെ കൃഷിക്കാരുടെ/കൈവശക്കാരുടെ കൈവശരേഖ പരിശോധിച്ചുകൊണ്ട് ഒരു ജോയിന്റ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ജണ്ട ഇടുക എന്നുള്ള സാമാന്യ മര്യാദ കാണിക്കാൻ പല ഉദ്യോഗസ്ഥരും തയ്യാറാകുന്നില്ല. എന്റെ നാട്ടിൽ വനത്തിൽനിന്നും ഒരു മുള്ളൻ പന്നിയെ നാലഞ്ചുപേർ ചേർന്ന് പിടിച്ചു. നാലഞ്ചുപേർ ചേർന്ന് പിടിച്ചതുകൊണ്ട് വീതം വച്ചപ്പോൾ 250 ഗ്രാം ഇറച്ചിയാണ് ലഭിച്ചത്. അത് നല്ല രുചിയുള്ള ഇറച്ചിയാണ്. കറിവച്ച് കഴിക്കാനായി തുടങ്ങുമ്പോൾ ഫോറസ്റ്റുകാർ ചാടിവരുന്നു. ചാടിവന്ന് ആദ്യം മൃഗീയമായി മർദ്ദിക്കുകയാണ് ചെയ്തത്. അവരുടെ പേരിൽ കേസ്സെടുക്കുക അല്ലെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കുക എന്നതിനുപകരം ഫോറസ്റ്റ് ഉദ്യോഗസ്ഥർ മനുഷ്യരെ ക്രൂരമായി പീഡിപ്പിക്കേണ്ട ആവശ്യമെന്താണ്; കാൽപ്പാദം മുതൽ നെറുകവരെ അടിച്ച് ആ മനുഷ്യനെ അവശനാക്കി. അതുകൊണ്ട് കാട്ടുപന്നിയുടെ ഇറച്ചിയും വാട്ട കപ്പയും ഒരു നേരം കഴിച്ചാൽ ഇതുപോലുള്ള യാതൊരുവിധ തല്ലും ഫോറസ്റ്റുകാർ ഉണ്ടാക്കുകയില്ല എന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. അത്ര രുചിയാണ് ഇതിന്. ഞാനും വല്ലപ്പോഴും ആളുകൾ കൊണ്ടുതന്നാൽ കഴിക്കാതിരിക്കുകയില്ല. ഇവർ കഴിക്കാത്തതു കൊണ്ടാണോ കഴിക്കുന്നതുകൊണ്ടാണോ എന്നറിയില്ല ഏതായാലും അടിച്ച് ഇഞ്ചപ്പരുവമാക്കിക്കളഞ്ഞു. ഇനി ഇഞ്ചപ്പരുവമാക്കാൻ വന്നാൽ തിരിച്ച് അങ്ങോട്ടും പ്രയോഗിക്കണമെന്നാണ് നാട്ടുകാരോട് പറഞ്ഞിരിക്കുന്നത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രാകൃതമായ ഈ സമീപനം അവസാനിപ്പിക്കേണ്ടകാലം കഴിഞ്ഞിരിക്കുന്നു. അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

ക്ഷീര വികസന മേഖലയിൽ ഗവൺമെന്റ് ഒട്ടേറെ പുതിയ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. പാലിന്റെ ഉൽപ്പാദനം 13 ശതമാനം കൂടി വർദ്ധിപ്പിച്ചാൽ തീർച്ചയായും കേരളം സ്വയംപര്യാപ്തതയിലെത്തും എന്നാണ് മനസ്സിലാക്കുന്നത്. മലബാർ മേഖലയിൽ ഇപ്പോൾത്തന്നെ ആവശ്യമായ പാൽ

ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. പക്ഷേ തെക്കൻ ജില്ലയിൽ കുറവ് എന്നാണ് വയ്പ്. മലബാർ മേഖലയിൽ പാലിന്റെ വിലവർദ്ധനവിനുവേണ്ടി കർഷകർ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വില വർദ്ധിപ്പിക്കുക എന്നതുകൊണ്ടുമാത്രം പ്രശ്നം തീരുകയില്ല. യഥാർത്ഥത്തിൽ ഉല്പാദന ചെലവ് കുറയ്ക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി അതത് പ്രദേശങ്ങളിൽ ചെലവുകുറഞ്ഞ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാനുള്ള കഴിവുണ്ടാകണം. വയനാട്ടിലെ അമ്പലവയൽ സൊസൈറ്റി ഒരു കാലിത്തീറ്റ ഉൽപ്പാദന ഫാക്ടറി നടത്തിക്കൊണ്ടിരിക്കുകയാണ്. സമീപ പ്രദേശത്തുള്ള സൊസൈറ്റികളെല്ലാം അവരിൽ നിന്നാണ് കാലിത്തീറ്റ വാങ്ങിക്കൊണ്ടിരിക്കുന്നത്. ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ സംവിധാനം കൂടിയുണ്ടാകണം. അതുപോലെ ക്ഷീരകർഷകർക്ക് ക്ഷേമനിധി പെൻഷൻ ഇപ്പോൾ ലഭിക്കുന്നുണ്ട്. എന്നാൽ സാധാരണ ചെറുകിട കർഷകർക്ക് കൊടുക്കുന്ന കർഷക പെൻഷനായ 1,100 രൂപ ലഭിക്കുന്നില്ല. അതുകൊണ്ട് ക്ഷേമനിധി പെൻഷന് പുറമെ ചെറുകിട കർഷകർക്ക് 1,100 രൂപ കർഷക പെൻഷൻ കൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

വയനാട് ചുരം സംബന്ധിച്ച് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിച്ചതാണ്. അത് മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും അറിയാവുന്നതാണ്. വയനാട് ചുരത്തിൽ 0.92 ഹെക്ടർ സ്ഥലം ഫോറസ്റ്റിൽനിന്ന് വിട്ടുകിട്ടിയാൽ മാത്രമേ റോഡിന്റെ 4 ഹെയർപിൻ ബെൻഡുകൾക്ക് ടൈൽസ് പാകാൻ കഴിയൂ. അതിനുള്ള എല്ലാ നടപടിക്രമങ്ങളും പി.ഡബ്ല്യു.ഡി. പൂർത്തിയാക്കി വനം വകുപ്പിന് കൊടുക്കുകയും വനം വകുപ്പ് അത് കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും വീണ്ടും അത് തിരിച്ചുവന്നു. കൃത്യമായ ഫോർമാറ്റിൽ പൂരിപ്പിക്കാത്തതുകൊണ്ട് അത് പെൻഡിംഗിലാണ്. വനംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർക്ക് കേന്ദ്ര മാനദണ്ഡത്തിനനുസരിച്ച് ഫോറം പൂരിപ്പിച്ച് അയയ്ക്കാൻ മാസങ്ങളോളം എടുക്കുന്നുവെന്ന് പറഞ്ഞാൽ അക്ഷന്തവ്യമായ കുറ്റമാണ്. അതുകൊണ്ട് വയനാട് ചുരത്തിലെ ടൈൽസിന്റെ വർക്ക് ഇപ്പോൾ നടത്താൻ നമുക്ക് കഴിയുന്നില്ല. അടിയന്തര സ്വഭാവത്തിൽ അത് നടപ്പിലാക്കണം. കൂടാതെ അവിടെ 8 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന TMT കമ്പനിയുടെ ഒരു മിനി ഹൈഡൽ പ്രോജക്ടുണ്ട്. അതിന് സ്റ്റേജ് വൺ ക്ലിയറൻസ് കൊടുത്ത് അതിനാവശ്യമായ പണമടച്ചു. പണം അടച്ചെങ്കിലും നേരത്തേ പറഞ്ഞതുപോലെയുള്ള ഫോർമാറ്റിൽ അല്ലാത്തതുകൊണ്ട് അത് തിരികെ വന്നു. അത് വീണ്ടും അയയ്ക്കണമെങ്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ നോഡൽ ഓഫീസറുടെ സൈൻ വേണം. നോഡൽ ഓഫീസർ പുതിയ ആളാണ്. പുതിയതായി വന്നയാൾ വായിച്ചുനോക്കുമ്പോൾ ഇത് പ്രൈവറ്റ് ഏജൻസിയായതുകൊണ്ട് കൊടുക്കാൻ പറ്റുമോ എന്ന് സംശയമാണ്. സ്റ്റേജ് വൺ ക്ലിയറൻസ് കൊടുത്തുകഴിഞ്ഞ പ്രോജക്ടിന് ഇങ്ങനെയൊരു ഫയൽ റിട്ടേൺ വന്നാൽ അത് മനസ്സിലാക്കി

വായിച്ചുതിരുത്തി കൊടുക്കേണ്ടത് സിമ്പിളായ കാര്യമാണ്. പക്ഷേ അത് വച്ചുതാമസിപ്പിക്കുകയാണ്. വൈദ്യുതി ഉൽപ്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യംവച്ചുകൊണ്ടുള്ള കേരള ഗവൺമെന്റിന്റെ നീക്കത്തിന് ഇത്തരം നിസ്സാരമായ കാരണങ്ങൾ പറഞ്ഞുകൊണ്ട് വനം വകുപ്പ് അനുമതി നിഷേധിക്കുന്നത് പൊറുക്കാവുന്ന തെറ്റല്ല. അത് തിരുത്തുക തന്നെ വേണം എന്നാണ് പറയാനുള്ളത്.

നമ്മുടെ നാട്ടിലെ റേഷൻ സമ്പ്രദായം കുറെക്കൂടി ഫലപ്രദമായ വിധത്തിൽ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റിൽ നിന്നും മതിയായ വിഹിതം നേടിയെടുക്കാൻ യോജിച്ച പോരാട്ടം നടത്തേണ്ടതുണ്ട്. ഈ ഗവൺമെന്റുകളുടെ നയങ്ങളെല്ലാം മാറും എന്നാണ് സമീപകാലത്തെ ഉത്തരേന്ത്യൻ രാഷ്ട്രീയത്തിൽ നിന്നും വെളിവാകുന്നത്. 'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ...' എന്നുപറഞ്ഞതുപോലെ കേന്ദ്രഗവൺമെന്റ് അടിച്ചേൽപ്പിക്കുന്ന സ്വകാര്യ ഉദാരവൽക്കരണ ആഗോളവൽക്കരണ നടപടികൾക്കെതിരായിട്ടുള്ള ബഹുജന മുന്നേറ്റം ഇന്ന് ഇന്ത്യയിലാകെ നടന്നുവരികയാണ്. ആ മുന്നേറ്റത്തോടൊപ്പം നിന്നുകൊണ്ട് നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയുള്ള പോരാട്ടത്തിൽ എല്ലാ പാർട്ടികളെയും യോജിപ്പിക്കാൻ കഴിയേണ്ടതുണ്ട്. അതിന് കോൺഗ്രസ് നിഷേധാത്മകമായ സമീപനം സ്വീകരിക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. രാഷ്ട്രീയ ആകാശത്ത് വിരിഞ്ഞ മഴവില്ലാണ് മുഖ്യമന്ത്രിയെന്നാണ് മന്ത്രി ശ്രീ. ജി. സുധാകരൻ ഇന്നലെ പറഞ്ഞത്. മഴവില്ല് ഒരു ഇല്യൂഷൻ മാത്രമാണ്. അത് കാണാൻ അഴകുള്ള എന്നാൽ ക്ഷണത്തിൽ മാഞ്ഞുപോകുന്ന പ്രതിഭാസം മാത്രമാണ്. ഇപ്പോൾ മഴക്കാറ് കയറി ഇരുണ്ടുപോയ കേരളത്തെയാണ് നമ്മൾ കാണുന്നത്. ഇത് തെളിയണമെങ്കിൽ മൂന്ന് വർഷങ്ങൾക്കുശേഷം യു.ഡി.എഫ്. എന്ന സൂര്യൻ ഉദിക്കണം. 'കാലൊച്ച കേൾക്കവെ വാതിൽ തുറക്കും' എന്നുപറഞ്ഞിട്ട് കേരളത്തിൽ കാലന്റെ ഒച്ച മാത്രമാണ് കേൾക്കുവാനുള്ളത്. മൃഗസംരക്ഷണം, ക്ഷീരവികസനം, വനം, ഭക്ഷ്യം ഇതൊക്കെ 21 മാസംകൊണ്ട് തകർന്നടിഞ്ഞ കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇന്ന് രണ്ട് ജോർജ്ജുമാരും പറഞ്ഞതിനോട് എനിക്ക് വിയോജിപ്പാണുള്ളത്. ഒന്ന് ശ്രീ. പി. സി. ജോർജ്ജും മറ്റേത് ശ്രീ. ജോർജ് എം. തോമസും ആണ്. ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞത് വനത്തിൽ മൃഗങ്ങൾ പെരുകുന്നു, എല്ലാറ്റിനെയും വെടിവച്ച് കൊല്ലണമെന്നാണ്. ബഹുമാന്യനായ പി. സി. ജോർജ് രണ്ട് തോക്ക് കൊണ്ടുനടക്കുന്നുണ്ടെന്ന് എനിക്കറിയാം. പക്ഷെ ഇന്നുവരെ ഒന്നിനെയും

വെടിവച്ചിട്ടില്ല. അങ്ങനെ വെടിവച്ച ചീത്തപ്പേര് അദ്ദേഹത്തിനില്ല എന്നുള്ളതാണ് വസ്തുത. പക്ഷെ ഒരു കാര്യം, വന്യമൃഗമായാലും നാട്ടിലുള്ള തെരുവ് നായ ആയാലും അവയെ വന്ധീകരിച്ച് നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയമായ കാര്യങ്ങൾ കൊണ്ടുവരണം. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കണമെന്ന് വാദിച്ച വ്യക്തിയാണ്. നായ്ക്കളെ കൂട്ടത്തോടെ കൊന്നൊടുക്കണമെന്ന് നിരവധി ആളുകൾ പറഞ്ഞു. ചില സ്ഥലങ്ങളിലൊക്കെ ആളുകൾ നായ്ക്കളെ കൊന്നൊടുക്കിയിട്ട് വീരസാഹസികരെപ്പോലെ ഫോട്ടോയൊക്കെ എടുത്തിട്ടു. അപ്പോൾ അത് ചെയ്യരുത്, എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശമുണ്ട് എന്ന് വാദിച്ച ആളാണ് ഞാൻ. അതുകൊണ്ടുതന്നെ എ.ബി.സി. പ്രോഗ്രാം നന്നായി നടത്തി. പക്ഷെ എനിക്ക് സംഭവിച്ച ഒരു കാര്യം പറയാം. ഞാൻ നായ്ക്കൾക്കുവേണ്ടി നിരവധി തവണ വാദിച്ചുവെങ്കിലും അവസാനം ഡൽഹിയിൽ വച്ച് എനിക്ക് തെരുവ് നായയുടെ കടി ഏൽക്കേണ്ട അവസ്ഥയുണ്ടായി. ഒരു കാര്യം എനിക്ക് ബോദ്ധ്യപ്പെട്ടു. നമ്മൾ ആർക്കുവേണ്ടി വാദിക്കുന്നുവോ അത് നമ്മളെ തിരിഞ്ഞ് കടിക്കും. ഇപ്പോൾ യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് വരണമെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിച്ച ജനങ്ങളെത്തന്നെ ഗവൺമെന്റ് തിരിഞ്ഞുകടിച്ചുവെന്നുള്ളതാണ് വസ്തുത. ശ്രീ. ജോർജ് എം. തോമസ് പറഞ്ഞത് മുള്ളൻപന്നിയുടെ ഇറച്ചി വളരെ രുചിയുള്ളതാണ്, കാട്ടുപന്നിയുടെ ഇറച്ചി നല്ലതാണ്, വാട്ടിയ കപ്പയുംകൂട്ടി തിന്നാൻ വളരെ മനോഹരമാണ്, അത് നാവിൽ വച്ചാൽ വളരെ ടേസ്റ്റാണ് എന്നൊക്കെയാണ്. ഇതൊക്കെ പറയാൻ പറ്റുമോ; ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അന്വേഷിക്കണ്ടേ; കാട്ടിലെ മൃഗങ്ങളെ സംരക്ഷിക്കേണ്ട നാം അങ്ങനെ പറയാമോ; മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടി എന്തെങ്കിലുമുണ്ടോ, അന്വേഷണമുണ്ടോ എന്ന കാര്യത്തിൽ വനം വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. ഞാൻ വനം വകുപ്പുമന്ത്രിയെക്കുറിച്ച് ഒന്നും പറയുന്നില്ല. അദ്ദേഹം ബാലന്മാരുടെ മനസ്സുള്ള ഒരാളാണ്. കൂട്ടം തെറ്റി ഓടുന്ന നഴ്സറി കുട്ടികളെപ്പോലെയാണ് വനം വകുപ്പുമന്ത്രി. അദ്ദേഹം എല്ലായിടത്തും ഓടിയെത്തും. കാട്ടിൽ ഒരു ഒച്ചയുണ്ടെന്ന് അറിഞ്ഞാൽ ഓടിയെത്തുന്ന മന്ത്രിയാണ് ശ്രീ. കെ. രാജു. എനിക്ക് അതിൽ എതിരഭിപ്രായമില്ല. പെരുമ്പാവൂരിൽ ഒരു മുൻ പഞ്ചായത്ത് മെമ്പർ ജോൺ എബ്രഹാം ആനകളുടെ ചവിട്ടേറ്റ് മരിച്ചു. അതറിഞ്ഞപ്പോൾ തന്നെ വനം വകുപ്പുമന്ത്രി അവിടെ ഓടിയെത്തുകയും മരിച്ച ആളിന്റെ കുടുംബത്തിന് ധനസഹായമായി അഞ്ച് ലക്ഷം രൂപ നൽകുകയും ചെയ്തു. പക്ഷെ ചില കാര്യങ്ങൾ അദ്ദേഹം അവിടെ പറഞ്ഞു. ഫെൻസിംഗ് ഇടും, ആന മതിൽ തീർക്കും, ആനക്കാടുണ്ടാക്കും, വലിയ കിടങ്ങ് സൃഷ്ടിക്കും എന്നൊക്കെ.

ഇതൊക്കെ പറഞ്ഞിട്ടുപോയതല്ലാതെ ഒന്നും നടന്നില്ല. എല്ലാം പറഞ്ഞിട്ട് അദ്ദേഹം ഒടുവിൽ ഒരു കാര്യം പറഞ്ഞു. ഈ പറയുന്നതല്ലാതെ മറ്റൊന്നും ഇല്ലാട്ടോയെന്ന്. മതി സാർ എന്ന് ഞാൻ പറഞ്ഞു. പക്ഷെ പറയുന്നതല്ലാതെ ഒന്നും ചെയ്യില്ല എന്നുള്ളതാണ് അദ്ദേഹം പറഞ്ഞതെന്ന കാര്യം ഇപ്പോൾ ബോദ്ധ്യപ്പെടുകയുണ്ടായി.

കാട്ടിൽനിന്ന് ആനകളും ആദിവാസികളും നാട്ടിലേയ്ക്ക് ഇറങ്ങിവരികയാണ്. കാട്ടിൽനിന്ന് വരുന്ന ആനകൾ മനുഷ്യനെ കൊല്ലുന്നു. ആദിവാസികളെ മനുഷ്യർ കൊല്ലുന്ന കാഴ്ചയാണ് ഇവിടെയുള്ളത്. എന്തുകൊണ്ടാണ് കാട്ടിൽനിന്നും ആനകളടക്കമുള്ള മൃഗങ്ങൾ നാട്ടിലേയ്ക്ക് വരുന്നത്; മന്ത്രി ശ്രീ. കെ. രാജുവിനോടുള്ള സ്നേഹം കൊണ്ടാണോ; ഈ സർക്കാരിനോടുള്ള സ്നേഹം കൊണ്ടാണോ; അല്ല. കാട്ടിൽ കുടിക്കാൻ ജലം ലഭ്യമല്ല. അവിടെ ഭക്ഷണമില്ല. ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ മൃഗങ്ങൾ ഇറങ്ങിവരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ നമുക്ക് എന്ത് ചെയ്യാൻ പറ്റും; എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂർ കാടുമായി ചേർന്ന സ്ഥലമാണ്. അവിടെ നിരവധി ആനകൾ ഇറങ്ങിവന്നപ്പോൾ അവിടത്തെ വനം വകുപ്പ് ഉദ്യോഗസ്ഥർ മീറ്റിംഗ് കൂടുകയും 10 ആനകളെ ഓടിച്ച് കാട്ടിലേയ്ക്ക് വിടുകയും ചെയ്തു. ആനകൾ ഓടി കാട്ടിലേയ്ക്കുപോയി. എന്ത് സംഭവിച്ചുവെന്ന് അറിയാമോ; കാട്ടിൽ ചെന്ന ആനകൾ കാട്ടിലുള്ള 10-20 ആനകളെ കൂട്ടി വീണ്ടും തിരിച്ച് നാട്ടിലേയ്ക്ക് വരുന്ന അവസ്ഥയാണ് ഉണ്ടായത്. ഇവിടെ പ്രഖ്യാപനങ്ങൾ മാത്രം മതിയോ; നിയന്ത്രണം വേണ്ടേ; ഇവിടെ കാട്ടാനകളുടെ മാത്രമല്ല, നാട്ടാനകളുടെയും ശല്യമുണ്ട്. നാട്ടിൽ വരുന്ന ആനകൾ ആളുകളെ എത്രമാത്രം ഉപദ്രവിക്കുന്നു. 2018 ഫെബ്രുവരി 8-നുമുമ്പ് 35 ദിവസത്തിനുള്ളിൽ 65 സ്ഥലങ്ങളിലാണ് ആന ഇടഞ്ഞത്. നിരവധി ആനകളുടെ ആക്രമണം ഉണ്ടായിട്ടുണ്ട്. രണ്ടുപേർ മരണപ്പെട്ടിട്ടുണ്ട്. നിരവധി ആളുകൾ ആശുപത്രിയിൽ കിടക്കുന്നുണ്ട്. കാട്ടാനയെ നിയന്ത്രിക്കുന്നതുപോലെ തന്നെ നാട്ടിലുള്ള ആനകളെയും നിയന്ത്രിക്കുന്നതിനുള്ള നടപടിയുണ്ടാകണം. വനം സംരക്ഷിക്കണം. വനം ഉണ്ടെങ്കിലേ മൃഗങ്ങൾ ഉണ്ടാകുകയുള്ളൂ. മൃഗങ്ങളുണ്ടെങ്കിലേ മനുഷ്യൻ ഉണ്ടാകുകയുള്ളൂ. ലോകത്തിൽ ഏറ്റവും വലിയ പ്രോട്ടോക്കോൾ ആർക്കാണെന്ന് ചോദിച്ചാൽ, അത് വൃക്ഷങ്ങൾക്കാണ്. വൃക്ഷങ്ങൾക്കാണ് ഏറ്റവും വലിയ പ്രോട്ടോക്കോൾ. ആ പ്രോട്ടോക്കോൾ നാം മനസ്സിലാക്കണം. മനുഷ്യൻ ഇല്ലാതായാലും മൃഗങ്ങളും വൃക്ഷങ്ങളും ഉണ്ടാകും. മനുഷ്യനും മൃഗങ്ങളും ഇല്ലാതായാലും വൃക്ഷങ്ങൾ ഉണ്ടാകും. പക്ഷെ, വൃക്ഷങ്ങൾ ഇല്ലാതായിക്കഴിഞ്ഞാൽ മനുഷ്യനും മൃഗങ്ങളും ഉണ്ടാകില്ലെന്ന സത്യം നമ്മൾ മനസ്സിലാക്കണം.

ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ക്ഷീര കർഷകരും മറ്റ് മേഖലയിലുള്ള കർഷകരുമൊക്കെ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി ഇങ്ങനെ നിൽക്കുമ്പോൾത്തന്നെ ഉണർന്ന് പ്രവർത്തിക്കുവാൻ ഗവൺമെന്റിന് കഴിയണം. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നമുക്ക് കടുത്ത നിരാശയാണ്. മഹാരാഷ്ട്രയിൽ ആയിരക്കണക്കിന് കിലോമീറ്റർ കാൽനടയായി കർഷകർ പോരാട്ടം നടത്തിയ പാർട്ടിയുടെ അവസ്ഥയെന്താണ്? തളിപ്പറമ്പിലെ കീഴാറ്റൂരിൽ കർഷകർ നടത്തിയ സമരത്തെ അടിച്ചമർത്തി വയൽക്കിളികൾ എന്ന സംഘടനയിലുള്ളവരെ അറസ്റ്റ് ചെയ്യുകയും അവരെ ഉൂരത്തുകയും ചെയ്ത സി.പി.ഐ.(എം.) നടപടി എന്തായി; ഇവിടത്തെ ഒരംഗം കൂടിയായ പാർട്ടിയുടെ വലിയ നേതാവ് കർഷക സമരത്തിൽ പങ്കെടുക്കാൻ ചെന്നത് ലാന്റ് റോവർ വണ്ടിയിലാണെന്നതിനെപ്പറ്റി സി.പി.ഐ.(എം.)-ന് എന്തെങ്കിലും പറയാനുണ്ടോ; കടുത്ത നിരാശയിൽ ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കാടും പാലും ഭക്ഷണവും ജാഗ്രതയോടുകൂടി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. വളരെ സ്തുത്യർഹമായ നിലയിൽത്തന്നെ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ടെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. ഭക്ഷണത്തെ സംബന്ധിച്ച് ഇന്നത്തെ സാഹചര്യത്തിൽ പരിശോധിച്ച് നോക്കണം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആദ്യത്തെ ഭരണാധികാരികൾ പ്രഖ്യാപിച്ചത് within a short period, within a period of 10 years we will wipe out the illiteracy, poverty and unemployment from India എന്നാണ്. ഏഴ് പതിറ്റാണ്ട് കഴിഞ്ഞു. ഇടക്കാലത്ത് ചിലരൊക്കെ വന്നുപോയി എന്നുള്ളതൊഴിച്ചാൽ ഈ കാലഘട്ടത്തിലത്രയും ബഹുഭൂരിപക്ഷം നാളുകളിലും നമ്മുടെ രാജ്യം ഭരിച്ചത് കോൺഗ്രസ്സാണ്. ഇപ്പോൾ ബി.ജെ.പി.യും. 1965 മുതൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും റേഷൻ വിതരണം ചെയ്തിരുന്നു. ഇവിടെ നേരത്തെ ബഹുമാന്യരായ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ ഇന്ന് അത് പരിമിതപ്പെട്ട് അർഹതപ്പെട്ടവർക്കുപോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തിയത് എന്തുകൊണ്ടാണ്; ആലോചിക്കണം. 1991 മുതൽ നടത്തിയ ഉദാരവൽക്കരണ സമീപനത്തിന്റെ പരിണിത ഫലമാണ് ഇത്. ഈ ഗവൺമെന്റിന് ഏറ്റെടുക്കേണ്ടിവന്ന ബാധ്യതയാണ് ഭക്ഷ്യഭദ്രതാ നിയമം. ആ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ട മുൻഗണനാ ലിസ്റ്റ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് വേണ്ടവിധം തയ്യാറാക്കാത്തതിന്റെ ദുരന്തംകൂടി

എൽ.ഡി.എഫ്. ഗവൺമെന്റിന് ഏറ്റുവാങ്ങേണ്ടിവന്നു. എന്നിട്ടുപോലും അക്കാര്യത്തിൽ വേണ്ടവിധം ഇടപെട്ടുകൊണ്ട് മുൻഗണനാ ലിസ്റ്റിൽ ഏകദേശം 2.45 ലക്ഷം അനർഹരെ ഒഴിവാക്കി പകരം അർഹരെ ഉൾപ്പെടുത്താൻ ഈ ഗവൺമെന്റിനും ഭക്ഷ്യ വകുപ്പുമന്ത്രിക്കും കഴിഞ്ഞുവെന്നത് തികച്ചും അഭിനന്ദനാർഹമാണ്. റോൾഡ് റോയിസ്, ബെൻസ് കാറുകൾ ഉള്ളവരും സർക്കാർ ഉദ്യോഗസ്ഥരും സഹകരണ ബാങ്ക് ജീവനക്കാരും ഉൾപ്പെടെയുള്ളവരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. അതൊക്കെ ഒഴിവാക്കാൻ ഈ ഗവൺമെന്റ് വന്നു എന്നുള്ളത് പ്രത്യേകം കാണണം. അതുകൊണ്ടുതന്നെ ഈ വകുപ്പിനെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഈ സർക്കാരിന് കഴിയുമെന്നതിൽ തർക്കമില്ല.

വാതിൽപ്പടി വിതരണത്തിലൂടെ അഴിമതി കുറച്ചുകൊണ്ടുവരുന്നു. ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയാണ്. ഗുണഭോക്താക്കൾക്ക് കിട്ടുന്ന റേഷൻ ചോരാതെ, അഴിമതി രഹിതമായി എത്തിക്കുന്നതിന് ഭക്ഷ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ശ്ലാഘനീയമാണ്.

വനത്തെ സംബന്ധിച്ച് പല തർക്കങ്ങളും നടക്കുകയാണ്. മനുഷ്യ വർഗ്ഗം വളർന്നുവന്നത് പ്രകൃതിയുമായി മല്ലിട്ടുകൊണ്ടും അതിനെ കീഴടക്കിക്കൊണ്ടുമാണ്. പക്ഷെ ഇന്ന് നമ്മൾ ഒരുപാട് വളർന്നുകഴിഞ്ഞു. ഇനി പ്രകൃതിയെ സംരക്ഷിക്കുക എന്ന ചുമതലകൂടി ഏറ്റെടുക്കാൻ തയ്യാറാകണം അല്ലെങ്കിൽ ഭാവിയിൽ മനുഷ്യവാസം അസാധ്യമായിത്തീരും. അതുകൊണ്ട് വളരെ ശ്രദ്ധയോടുകൂടി വേണം ഇക്കാര്യത്തിൽ ഇടപെടേണ്ടത്. ഇതുപറയുമ്പോൾ എല്ലാ രംഗത്തുമുള്ള മൗലിക വാദം പ്രകൃതി സംരക്ഷണത്തിലും ഉണ്ടാകാൻ പാടില്ല. ഇവിടെ ജീവിക്കുന്ന മനുഷ്യരുടെ കാര്യങ്ങൾ നോക്കാതെയും അവരുടെ ആവാസ വ്യവസ്ഥയെ സഹായിക്കാതെയുമുള്ള പ്രകൃതി സംരക്ഷണം തീർച്ചയായും അഭിലഷണീയമല്ല. എന്നാൽ വനത്തെ സംരക്ഷിക്കുവാനുള്ള നിലപാട് സ്വീകരിക്കുകയും വേണം. വനമേഖല കൂടി ഉൾപ്പെടുന്നൊരു നിയോജക മണ്ഡലത്തിൽനിന്നാണ് നമ്മുടെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി എത്തിയിട്ടുള്ളത്. തീർച്ചയായും അതിന്റെ അനുഭവജ്ഞാനവും പ്രായോഗികക്ഷമതയും അദ്ദേഹം സ്വന്തം വകുപ്പിൽ പ്രകടിപ്പിക്കുന്നുണ്ട് എന്നതിൽ തർക്കമില്ല. വനം സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് അദ്ദേഹം തന്നെ മറുപടി പറയുമായിരിക്കും. ഈ കാലയളവിനുള്ളിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒന്നും നടന്നിട്ടില്ല എന്നാണ് ബഹുമാന്യനായ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞത്. കഴിഞ്ഞ ദിവസം സഭയിൽ അദ്ദേഹം പാടിയൊരു പാട്ടുണ്ട്. ശ്രീ. മുരുകൻ കാട്ടാക്കടയുടെ "മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു കണ്ണടകൾ വേണം, കണ്ണടകൾ വേണം" എന്ന്.

അദ്ദേഹം കണ്ണട വച്ചിട്ടുണ്ടെങ്കിലും കുറച്ചുകൂടി powerful ആയ കണ്ണടവച്ച് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാനും കാണാനും തയ്യാറാകണം. വന സംരക്ഷണത്തിനുവേണ്ടി ഒട്ടേറെ നടപടികൾ സ്വീകരിച്ച് കൊണ്ടിരിക്കുന്നു, ജണ്ടകൾ സ്ഥാപിച്ച് കൊണ്ടിരിക്കുന്നു. വനാതിർത്തി നിർണ്ണയിച്ച് 23,712 ജണ്ടകളാണ് ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞത്. ഇത്തരം ജണ്ടകളെല്ലാം സ്ഥാപിച്ചുവരുമ്പോൾ വനപ്രാന്ത പ്രദേശങ്ങളിലുള്ള മനുഷ്യരുടെ ജീവിതംകൂടി കണ്ട് കാര്യങ്ങളിൽ ഇടപെടാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതുണ്ട്. ചിലയിടത്തെങ്കിലും തർക്കങ്ങൾ വരുന്നുണ്ടെന്നത് കാണുകതന്നെ വേണം.

ജലാശയങ്ങൾ - വനത്തിനുള്ളിൽ 350 ജലാശയങ്ങൾ ഇതിനകം സജ്ജീകരിച്ചുകഴിഞ്ഞു. ഇത് വന ആവാസ വ്യവസ്ഥയെ സഹായിക്കുന്ന നടപടിയാണ്. ഇത്തരത്തിൽ വനം സംരക്ഷിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര വനം നിയമം അക്കാര്യത്തിൽ വലിയ ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. കുറേക്കൂടി അധികാരങ്ങൾ കേരളത്തിന് കിട്ടിയാൽ ഇവിടെയുണ്ടാകുന്ന പല തർക്കങ്ങളും നമുക്ക് ഒഴിവാക്കാൻ സാധിക്കും. എന്റെ നിയോജക മണ്ഡലത്തിലാണ് പൊന്മുടി ടൂറിസ്റ്റ് കേന്ദ്രം. ആ ടൂറിസ്റ്റ് കേന്ദ്രം ഉൾപ്പെടുന്ന പഞ്ചായത്ത് ഹെഡ്ക്വാർട്ടേഴ്സിൽ ഇറങ്ങാൻ പണ്ട് ബ്രിട്ടീഷുകാർ തന്നെ തെളിയിച്ച ഒരു പാതയുണ്ട്. വന പാതയാണ്. അത് നടന്നുപോകാൻ അല്ലെങ്കിൽ ട്രക്കിൽ പോകാൻ പാകത്തിൽ ഗതാഗത യോഗ്യമായ റോഡാക്കാൻവേണ്ടി ഒരു പ്രോജക്ട് വച്ചു. പക്ഷേ കേന്ദ്ര വനം നിയമത്തിന്റെ പരിമിതികൊണ്ട് അനുമതി ലഭിക്കുന്നില്ല. ഇപ്പോൾ 10-45 കിലോമീറ്റർ കറങ്ങിയാണ് പൊന്മുടി നിവാസികളും ആദിവാസികളും ഉൾപ്പെടെ സ്വന്തം പഞ്ചായത്ത് കേന്ദ്രത്തിൽ വരുന്നത്. അര മണിക്കൂർകൊണ്ട് വരാൻ കഴിയുന്നൊരു പാതയാണ്. വനത്തിന് ദോഷമില്ലാതെ തന്നെ നിർമ്മിക്കുവാൻ കഴിയുന്ന പാത. വനം വകുപ്പുമന്ത്രി ഉൾപ്പെടെ അവിടെവന്ന് ജോയിന്റ് ഇൻസ്പെക്ഷനൊക്കെ നടത്തിയതാണ്. പക്ഷേ അനുമതി കിട്ടുന്നില്ല. ഇത്തരത്തിലുള്ള പരിമിതികൾ പരിഹരിക്കാൻ കേന്ദ്ര വനം നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെടുകയാണ്.

ക്ഷീരരംഗത്ത് വലിയ മാറ്റമാണ് വരുന്നത്. ഇപ്പോൾ ലഭ്യതയുടെ 81 ശതമാനത്തോളം ഉൽപ്പാദനം കേരളത്തിൽ നടക്കുന്നുണ്ട്. 2018-ഓടു കൂടി സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുന്നതിനാണ് വകുപ്പ് പരിശ്രമിച്ച് കൊണ്ടിരിക്കുന്നത്. അതിനുവേണ്ടി ഒട്ടേറെ പ്രവർത്തനങ്ങളാണ് നടത്തുന്നത്. സമയ പരിമിതികൊണ്ട് ഞാൻ അതൊന്നും തന്നെ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വിദേശ ബ്രീഡുകളായ ജേഴ്സി ആയാലും അതുപോലുള്ള പശുക്കളായാലും യഥാർത്ഥത്തിൽ ഇവിടെ പറഞ്ഞതുപോലെ എ 1 പാലാണ് ഉൽപ്പാദിപ്പിക്കുന്നത്. എന്നാൽ നമുക്ക് എ 2 പാൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന നാടൻ ബ്രീഡുകളുണ്ട്. അതിനെ നന്നായി പ്രോത്സാഹിപ്പിക്കാൻ കഴിയണം. ഇൻസെമിനേഷനുവേണ്ടിയുള്ള സെമൻ കെ.എൽ.ഡി.ബി. മുഖാന്തരമാണ് വിതരണം ചെയ്യുന്നത്. അത് അത്യുൽപ്പാദന ശേഷിയുള്ള നാടൻ ബ്രീഡുകളിൽനിന്നുതന്നെ ശേഖരിച്ച് വിതരണം ചെയ്താൽ നമ്മുടെ കാലാവസ്ഥയ്ക്കും കൃഷിക്കാർക്കുമൊക്കെ അനുഗുണമായ രീതിയിൽ പ്രത്യുൽപ്പാദനം നടത്താൻ കഴിയും. ഇപ്പോൾ പല സഹായങ്ങളും സബ്സിഡിയിൽ കൊടുത്താലും ദേശീയതലത്തിലും ആഭ്യന്തരമായും പശുക്കളുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇപ്പോൾ കൃഷിക്കാർ ശീലിക്കുന്ന രീതി കറവ വറ്റിയാൽ ഉടൻതന്നെ മാംസത്തിന് കൊടുക്കും. അതുകഴിഞ്ഞ് പുതിയ പശുവിനെ വാങ്ങും. ഈ രംഗത്ത് നല്ല പഠനം നടത്തി കൃഷിക്കാരെ സഹായിക്കാൻ ഇപ്പോൾത്തന്നെ ധാരാളം പദ്ധതികളുണ്ട്. കൃഷിക്കാർക്ക് ആവശ്യമായ സബ്സിഡി നൽകി കുറേക്കൂടി സംരക്ഷണം കൊടുക്കാൻ തയ്യാറായാൽ തീർച്ചയായും പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാനും പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും നാടൻ ബ്രീഡുകളെ പ്രോത്സാഹിപ്പിക്കുവാനും കഴിയുന്നതാണ്. അതിനുവേണ്ട നടപടി കൂടി സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ പലരും സംസാരിക്കുമ്പോൾ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രസക്തിയെ സംബന്ധിച്ച് ആശങ്കപ്പെടുന്നുണ്ട്. പ്രത്യേകിച്ച് ത്രിപുരയിലെ തോൽവികൂടി കണ്ടപ്പോൾ അമിതാഹ്ലാദത്തോടുകൂടി ഇനി ഇടതുപക്ഷം ഇന്ത്യയിൽ ഉണ്ടാവില്ല എന്ന രൂപത്തിലുള്ള പ്രസംഗങ്ങളും പ്രചരണങ്ങളുമാണ് സഭയ്ക്ക് അകത്തും പുറത്തും നടത്തിക്കൊണ്ടിരിക്കുന്നത്. ത്രിപുരയിൽ തോറ്റപ്പോൾപ്പോലും 40 ശതമാനം ജനങ്ങളുടെ പിന്തുണയോടുകൂടി അടിത്തറ തകരാതെ ഇരിക്കുകയാണ് സി.പി.ഐ.(എം.) എന്നത് മറന്നുപോകരുത്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എവിടെയുണ്ട് എന്ന ചോദ്യത്തിന്റെ മറുപടിയല്ലേ മഹാരാഷ്ട്രയിൽ കണ്ടത്. മുസ്ലീം ലീഗിന്റെ ചില സുഹൃത്തുക്കൾ പ്രസംഗിച്ചപ്പോൾ മതനിരപേക്ഷ

കേരളവും ഇന്ത്യയും സംരക്ഷിക്കുവാൻ ഇടതുപക്ഷത്തിന് എന്താണ് കരുത്ത് എന്നാണ് ചോദിക്കുന്നത്? അവർ ആശ്രയിക്കുന്നത് കോൺഗ്രസ്സിനെയാണ്. കോൺഗ്രസ്സിന്റെ കരുത്തിനെ സംബന്ധിച്ച് ഇനിയും വിശേഷിപ്പിക്കേണ്ടതുണ്ടോ; ത്രിപുരയിൽ കോൺഗ്രസ്സിന്റെ അടിത്തറയാകെ തകർന്നു. ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞു. കോൺഗ്രസ്സിന് കെട്ടിവച്ച കാശില്ല. എല്ലാ സംസ്ഥാനത്തും കോൺഗ്രസ്സിന് ബദലായി, ബി.ജെ.പി.ക്കെതിരായി രാഷ്ട്രീയ ശക്തികൾ ഉയർന്നുവരികയാണ്. ആ രാഷ്ട്രീയ ശക്തികളുടെ കൂട്ടത്തിൽ കോൺഗ്രസ്സില്ല എന്നത് നാം മനസ്സിലാക്കണം. അതാണ് കോൺഗ്രസ്സിന്റെ ഗതികേട്. ഇത് എന്തുകൊണ്ട് സംഭവിച്ചു? അതൊന്ന് മനസ്സിലാക്കാൻ തയ്യാറാകണ്ടേ; തുടർന്നുവരുന്ന സാമ്പത്തിക നയങ്ങൾ തിരുത്താതെ, ജനങ്ങളെ ദാരിദ്ര്യവൽക്കരിക്കുന്ന, ജനങ്ങളെ കഷ്ടപ്പാടിലേയ്ക്ക് തള്ളിവിടുന്ന, ബഹുഭൂരിപക്ഷം ജനങ്ങൾക്കും എതിരായ നയങ്ങളുടെ ആവിർഭാവം നിങ്ങളിൽനിന്ന് ആരംഭിച്ചു. അത് ജനങ്ങൾ മനസ്സിലാക്കുകയാണ്. അതിന്റെ തുടർച്ചയാണ് ബി.ജെ.പി. അതുകൊണ്ടുതന്നെ ബി.ജെ.പി.യെയും കോൺഗ്രസ്സിനെയും തകർത്തുകൊണ്ട് മാത്രമേ ഇന്ത്യയിൽ ഒരു ബദൽ രാഷ്ട്രീയം വളർന്നുവരികയുള്ളൂ എന്ന തിരിച്ചറിവ് എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ തെളിവാണ് ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പ്. പിന്നെ ഇടതുപക്ഷം എവിടെയുണ്ട് എന്നുള്ള ചോദ്യം. നിങ്ങൾ ഇടതുപക്ഷത്തെ അന്വേഷിക്കുന്നത് നിയമസഭയുടെ അകത്തളങ്ങളിലും പാർലമെന്റിലുമൊക്കെയാണ്. അതുകൊണ്ടാണ് കാണാൻ കഴിയാതെ പോകുന്നത്. ഇടതുപക്ഷം എല്ലായിടത്തുമുണ്ട്. രാജസ്ഥാനിലെ കൃഷിക്കാർക്കിടയിൽ ഇടതുപക്ഷമുണ്ട്. അതുകൊണ്ടാണ് കർഷക പ്രക്ഷോഭം വളർത്തിക്കൊണ്ട് വന്നത്. അതിന് നേതൃത്വം കൊടുത്തത് ആൾ ഇന്ത്യ കിസാൻ സഭയുടെ നേതാവും സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റി അംഗവുമായ ശ്രീ. അംറാ റാമാണ്. അദ്ദേഹത്തെ ജയിലിൽ അടച്ചു. പക്ഷേ ആ സംസ്ഥാന ഗവൺമെന്റിന് ഒത്തുതീർപ്പ് ഉണ്ടാക്കേണ്ടിവന്നു. മഹാരാഷ്ട്രയിലെ കൃഷിക്കാർക്കിടയിലും ആദിവാസികളുടെ ഇടയിലും ഇടതുപക്ഷമുണ്ട്. തമിഴ്നാടിൽ ഉച്ചനീചത്വത്തിനെതിരായി പൊരുതാൻ ഇടതുപക്ഷമുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ കൂടെ ജനങ്ങൾക്കൊപ്പം, കൃഷിക്കാർക്കൊപ്പം, തൊഴിലാളികൾക്കൊപ്പം ഇടതുപക്ഷമുണ്ട്. ആ ഇടതുപക്ഷത്തെ ആക്ഷേപിക്കുവാൻ തെറ്റായ പ്രചാര വേലകൾ നടത്തുകയാണ്. ഇടതുപക്ഷത്തെ നേതാക്കൻമാരുടെ സ്വകാര്യതകളിലേയ്ക്ക് ഒളിഞ്ഞു നോക്കുകയാണ്. അപകടകരമാണ്. ഇവിടെ ചില യുവ എം.എൽ.എ.മാർ, യുവ നേതാക്കൻമാർ എന്തെല്ലാം വിഡ്ഢിത്തങ്ങളാണ് വിളിച്ചുപറയുന്നത്. വാർത്തകളിൽ ഇടം നേടാൻവേണ്ടി എ.കെ.ജി.യെ പിടിച്ചു. അതെല്ലാം കഴിഞ്ഞ് ഇപ്പോൾ

ജവഹർലാൽ നെഹ്റുവിനെപ്പോലും തള്ളിപ്പറയുകയാണ്. കോൺഗ്രസ്സിന്റെ പ്രഖ്യാപിത നയങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ട് ഇത്തരത്തിൽ വാർത്തകളിൽ ഇടം നേടാൻ തെറ്റായ പ്രസ്താവനകളുമായി വരുന്ന കോൺഗ്രസ്സിന്റെ യുവ നേതാക്കൻമാരെ നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തയ്യാറാകണം. അല്ലെങ്കിൽ കേരള രാഷ്ട്രീയം മലീമസമായിപ്പോകും. ബഹുമാനപ്പെട്ട ഒരു യുവ നേതാവ് ജവഹർലാൽ നെഹ്റുവിന്റെ ഒരു കമന്റിനെ സംബന്ധിച്ച് പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ലേഖനത്തിൽനിന്ന് ഒരു വാചകമാണ് അടർത്തിയെടുത്തത്. "Even in death he is the dictator." ലെനിൻ സ്വേച്ഛാധികാരിയാണെന്ന് പറയാൻ അദ്ദേഹം ചൂണ്ടിക്കാണിച്ച ഉദാഹരണം. "the dictator" എന്നാണ് പറഞ്ഞത്. "He is a dictator" എന്നല്ല. മരണക്കിടക്കയിൽപ്പോലും ആജ്ഞാശക്തിയോടെ ലെനിൻ കിടക്കുന്നു എന്നാണ് സൂചിപ്പിച്ചത്. തന്റെ ലേഖനത്തിന്റെ അവസാനം വളരെ വ്യക്തമായി ജവഹർലാൽ നെഹ്റു തന്നെ സൂചിപ്പിക്കുന്നുണ്ട്, "and we may well say with Romain Rolland..". Romain Rolland എന്ന പ്രശസ്ത ചിന്തകനോട് യോജിച്ചുകൊണ്ട് അദ്ദേഹം പറയുകയാണ് "..that Lenin was the greatest man of action in our century and at the same time the most selfless" എന്ന് ജവഹർലാൽ നെഹ്റുവിന്റെ കമന്റാണ്. അതിനെയെല്ലാം അടർത്തി മാറ്റിക്കൊണ്ട് ആ context-ൽ നിന്നുതന്നെ അടർത്തി മാറ്റിക്കൊണ്ട് ലെനിൻ സ്വേച്ഛാധികാരി യാണെന്ന് ജവഹർലാൽ നെഹ്റു പറഞ്ഞതായി പറയുകയാണ്. കോൺഗ്രസ് ഇതുവരെ പറഞ്ഞിട്ടില്ല. എ.കെ.ജി.യെ സംബന്ധിച്ച് കോൺഗ്രസ് ഒരു അപഖ്യാതിയും ഇതുവരെ പറഞ്ഞിട്ടില്ല. ഒരു കാര്യം എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് അഭ്യർത്ഥിക്കുവാനുണ്ട്. മഹാൻമാർക്ക് നേരെയുള്ള ഇത്തരം ആളുകളുടെ ഈ ഒളിഞ്ഞുനോട്ടം അവസാനിപ്പിക്കാൻ പറയണം. ഇനി വാർത്തകളിൽ ഇടം കിട്ടാതെ വരുമ്പോൾ ഇത് ആവർത്തിച്ചാവർത്തിച്ച് മഹാത്മാഗാന്ധിയുടെ സ്വകാര്യ ജീവിതത്തിൽക്കൂടി ഒളിഞ്ഞുനോക്കിയാൽ ചില സ്കോപ്പുകളൊക്കെ കാണാം. ഇതുവരെ ഇല്ലാത്ത ചില വ്യാഖ്യാനങ്ങൾ പുറത്തുവന്നാൽ അപചയത്തിന്റെ അങ്ങേ അറ്റമായിപ്പോകും. രാഷ്ട്രീയ പിന്നാമ്പുറങ്ങളിൽ കേൾക്കുന്ന ചില വാർത്തകളെയൊക്കെ ഇത്തരം ആളുകൾ ആധികാരികമായി പറഞ്ഞുതുടങ്ങിയാൽ കോൺഗ്രസ്സിന്റെ സംസ്കാരം അധഃപതനത്തിന്റെ അങ്ങേയറ്റമെത്തിപ്പോകും. ഇത്തരം ആളുകളെ നിയന്ത്രിക്കാൻ കഴിയുന്നത് നല്ലതാണെന്നുകൂടി സൂചിപ്പിക്കുകയാണ്. നമ്മുടെ രാഷ്ട്രീയത്തിൽ ഇന്നലെവരെ നിങ്ങളുടെ നേതാക്കൻമാർ പറഞ്ഞിട്ടില്ലല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള ആളുകൾ ഇത്തരം അഭിപ്രായം ഇതുവരെ പറഞ്ഞിട്ടില്ല. അങ്ങനെ പറയാൻ തുനിയുന്ന സംസ്കാര രഹിതമായ ആ

പ്രവൃത്തികളെ, അങ്ങയുടെ നിയന്ത്രണത്തിൽ ഇവരൊക്കെ നിൽക്കുമോ എന്നെനിക്കറിയില്ല. കാരണം പലപ്പോഴും അത് കാണുന്നുണ്ട്. അങ്ങയുടെ നിയന്ത്രണത്തേയും വിട്ടാണ് ഇവരുടെ പല പെരുമാറ്റങ്ങളും. എങ്കിലും ഇത്തരം ആളുകളോട് ഒന്ന് സൂചിപ്പിക്കുവാനും പഠിപ്പിക്കുവാനും തയ്യാറാകണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എല്ലാ വകുപ്പുകളിലുമുള്ള പരാജയവും വീഴ്ചയും ഇന്ന് ഇവിടെ ചർച്ച ചെയ്യുന്ന ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നീ വകുപ്പുകളിലും കാണാൻ കഴിയുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥത എല്ലാ തലങ്ങളിലും വ്യാപിച്ചുനിൽക്കുന്നുവെന്നതാണ് ഈ സഭയിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ചർച്ചയിൽനിന്നും നമുക്ക് ഉയർന്ന് കേൾക്കാൻ കഴിഞ്ഞത്. സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിലക്കയറ്റമാണ്. അതിന്റെ പ്രധാന ഘടകങ്ങളിൽ ഒന്ന് നമുക്ക് ശക്തമായ പൊതുവിതരണ സമ്പ്രദായത്തിലൂടെ മുന്നോട്ടുപോകാൻ കഴിയുന്നില്ല എന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചർച്ചയ്ക്കിടയിൽ കേരളത്തിന് ലഭിച്ചിരിക്കുന്ന അലോട്ട്മെന്റിനെ സംബന്ധിച്ച പ്രശ്നങ്ങളാണ് പലപ്പോഴും ചൂണ്ടിക്കാണിച്ചത്. 14.25 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യഭദ്രതാ നിയമപ്രകാരം നമുക്ക് ലഭിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പല ആവർത്തി ഈ സഭയിൽ വിവിധ ചോദ്യങ്ങൾക്കുള്ള മറുപടിയായി പറഞ്ഞിട്ടുള്ളത് അലോട്ട്മെന്റ് വർദ്ധിപ്പിക്കാനായി ഗവൺമെന്റ് സ്വീകരിച്ച നടപടി പലപ്പോഴും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല എന്നാണ്. അതാണ് യാഥാർത്ഥ്യവും. ഭക്ഷ്യഭദ്രതാ നിയമപ്രകാരം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 10 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളായിരുന്നു ലഭിച്ചിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകൾ കൊണ്ടാണ് അത് 14.25 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചത്. അങ്ങനെ വർദ്ധിപ്പിച്ചപ്പോഴും അത് അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഇരുന്നിട്ടില്ല. സർക്കാർ അന്നുമുതൽ ആവശ്യപ്പെടുന്നത് കേരളത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ 14.25 ലക്ഷം ടണ്ണല്ല 16 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ആണെന്നാണ്. നമ്മുടെ ആവശ്യം ആ അലോട്ട്മെന്റ് തന്നെയായിരുന്നു. നിർഭാഗ്യവശാൽ ആ ആവശ്യം തുടർന്നുകൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഒരു സന്ദർഭത്തിലും യു.പി.എ. സർക്കാരിന്റെ കാലത്താണെങ്കിലും എൻ.ഡി.എ. സർക്കാരിന്റെ കാലത്താണെങ്കിലും ഇപ്പോൾ ലഭിക്കുന്ന അലോട്ട്മെന്റ് മതിയായ അലോട്ട്മെന്റാണെന്ന് യു.ഡി.എഫ്. ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ഇവിടെ പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് അഡീഷണൽ അലോട്ട്മെന്റ് ലഭ്യമാക്കുക എന്നതാണ്. അത് ലഭിക്കുന്നില്ലെങ്കിൽ ഈ

ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന ഒരു കാര്യമുണ്ട്. ഒ.എം.എസ്.എസ്. റേറ്റിലോ അല്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങളെടുത്ത് പഴയ എ.പി.എൽ.കാർക്ക് അതായത് ഇപ്പോഴത്തെ പൊതുവിഭാഗത്തിന് 7 - 8 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ കൊടുക്കണം. എന്തുകൊണ്ട് സർക്കാർ അതിന് തയ്യാറാകുന്നില്ല? വിലക്കയറ്റം നേരിടാൻ ശക്തമായി ഇടപെടുമെന്ന് ഈ ഗവൺമെന്റ് പറയുമ്പോൾ തന്നെ ഇവർക്ക് ചെയ്യാൻ കഴിയുന്ന ഒരു വിഷയമാണ് ഞാൻ സൂചിപ്പിച്ചത്. പൊതുവിഭാഗത്തിന് ഇപ്പോൾ ലഭിക്കുന്ന അരി 2 കി.ഗ്രാം ആണ്. അത് പലപ്പോഴും 1.5 കി.ഗ്രാമിൽ കൂടുതൽ ലഭിക്കുന്നില്ലെന്നത് മന്ത്രിക്കുതന്നെ അറിവുള്ള കാര്യമാണ്. ആ വിഭാഗത്തിന് 8 കി.ഗ്രാമോ 9 കി.ഗ്രാമോ അരി കൊടുക്കണമെങ്കിൽ സ്റ്റേറ്റ് സബ്സിഡി അനുവദിച്ചുകൊണ്ട് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. 13 ഇനം സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുകയില്ലെന്ന് ഗവൺമെന്റ് ആവർത്തിച്ചു പറയുന്നു. സ്വാഗതാർഹമായ കാര്യമാണ്. വില വർദ്ധിപ്പിക്കുകയില്ലെന്ന് പറയുമ്പോൾ തന്നെ സ്റ്റോറുകളിലെ സാധനങ്ങളുടെ ലഭ്യത സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? ആ സാധനങ്ങളുടെ ലഭ്യതയുണ്ടാകുന്നില്ലെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 2017-18 കാലയളവിൽ കൺസ്യൂമർ ഫെഡ്ഡിനും സിവിൽ സപ്ലൈസിനുമായി 350 കോടി രൂപ ഗവൺമെന്റ് നീക്കിവച്ചപ്പോൾ 2018-19 സാമ്പത്തിക വർഷത്തിൽ നീക്കിവച്ചിരിക്കുന്നത് 250 കോടി രൂപ മാത്രമാണ്. 100 കോടി രൂപയുടെ കുറവാണ് ഈ വിഷയത്തിൽ ഗവൺമെന്റ് വരുത്തിയിരിക്കുന്നത്. ഗവൺമെന്റ് എത്ര ആത്മാർത്ഥമായി ഈ വിഷയത്തിൽ ഇടപെടുന്നു അല്ലെങ്കിൽ വിലക്കയറ്റം നിയന്ത്രിക്കാൻ തയ്യാറാകുന്നുവെന്നതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നത് ബഡ്ജറ്റ് രേഖകൾ തന്നെയാണ്. ഇതിനകത്ത് സ്വാഭാവികമായും 13 സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കാതിരിക്കുമ്പോൾ ഇതിന്റെ സബ്സിഡിയായി വരുന്ന തുക ഗവൺമെന്റ് കോർപ്പറേഷന് നൽകാതെ കോർപ്പറേഷനെ ഞെരുക്കി, ശ്വാസം മുട്ടിച്ച് കൊന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലാവധി തീരാറാകുമ്പോൾ അത് പൂർവ്വാധികം ഭംഗിയായി നടപ്പിലാകുന്ന സാഹചര്യത്തിലേയ്ക്ക് എത്തുമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇതിനോടൊപ്പം മണ്ണെണ്ണയുടെ വില വർദ്ധനവ്, പഞ്ചസാരയുടെ ലഭ്യതക്കുറവൊക്കെ ഇവിടെയുണ്ട്. 2017-ൽ അലോട്ട്മെന്റിൽ കുറവ് വന്നു. ഇപ്പോൾ ഒരു വർഷം പിന്നിടുകയാണ്. അതിന്റെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? മണ്ണെണ്ണയുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് ഇടപെടാൻ കഴിഞ്ഞിട്ടില്ല. അതുപോലെ നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഈ സഭയിൽ രണ്ട് സബ്മിഷനുകൾ ഉയർന്നുവന്നു. ഒന്ന്, നെല്ല് സംഭരിക്കുന്നില്ല എന്നതും

മറ്റേത് സംഭരിച്ച നെല്ലിന് തുക ലഭിക്കുന്നില്ല എന്നതും. ഇക്കാര്യങ്ങൾ വളരെ ഗുരുതരമായി നിൽക്കുന്നതോടൊപ്പം തന്നെ നെല്ല് സംഭരണത്തിന്റെ വില എന്തുകൊണ്ട് ഗവൺമെന്റ് വർദ്ധിപ്പിക്കാൻ തയ്യാറാകുന്നില്ല? ആകെ 80 പൈസയുടെ വർദ്ധനവാണ് ഈ സർക്കാർ 2 വർഷത്തിനിടയിൽ കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുമ്പോഴെല്ലാം സംസ്ഥാന വിഹിതം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നു.

ഇന്ന് ആദിവാസി മേഖലയിൽ നേരിടുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. നമ്മൾ മധു എന്ന ചെറുപ്പക്കാരന്റെ മരണത്തെക്കുറിച്ചും കൊലപാതകത്തെക്കുറിച്ചും ചർച്ച ചെയ്യുമ്പോൾ അതിലെ പ്രധാനപ്പെട്ട വിഷയങ്ങൾ, അവിടെ കമ്മ്യൂണിറ്റി കിച്ചന്റെ ലഭ്യതയില്ല എന്നതും ആ മേഖലയിലുള്ള റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള കടകളിലെ സാധനങ്ങളുടെ ലഭ്യതക്കുറവിലേയ്ക്കുമൊക്കെ വീണ്ടും വെളിച്ചം വീശുകയാണ്. വളരെ കൃത്യമായി എനിക്ക് പറയാൻ കഴിയും റാഗി ഉൾപ്പെടെ ആദിവാസി മേഖലയിലുള്ള ജനവിഭാഗങ്ങൾക്ക് താൽപ്പര്യമുള്ള ഭക്ഷ്യവസ്തുക്കൾ ട്രൈബൽ മേഖലയിലുള്ള മാവേലി സ്റ്റോറുകളിൽ യു.ഡി.എഫ്. ഗവൺമെന്റ് ലഭ്യമാക്കിയിരുന്നുവെങ്കിൽ ഇന്ന് അട്ടപ്പാടി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ അത് ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന്റെയൊക്കെ അടിസ്ഥാന കാരണം ആവശ്യമായ തുക ഗവൺമെന്റിന് അക്കാര്യത്തിൽ കൊടുക്കാൻ കഴിയുന്നില്ല എന്നതാണ്. ക്രിയാത്മകമായ ഇടപെടലിലൂടെ ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയാത്തതിന്റെ പ്രതിസന്ധികളാണ് നേർചിത്രമായി നമ്മുടെ മുമ്പിലെത്തിനിൽക്കുന്നത്. ഈ ഗവൺമെന്റ് പറയുന്ന പ്രഖ്യാപനങ്ങൾ പ്രായോഗിക തലങ്ങളിൽ വരുന്നില്ല.

ക്ഷീരമേഖലയിൽ പാലുല്പാദനം ഗണ്യമായിക്കുറഞ്ഞിരിക്കുകയാണ്. കർഷകരുടെ പെൻഷൻ കഴിഞ്ഞ ആറ് മാസമായി ലഭിക്കുന്നില്ല. ക്ഷീരസംഘങ്ങളിൽ ലഭിക്കുന്ന പാലിന് അധികവില കർഷകർക്ക് നൽകാനായി ഗവൺമെന്റിന് ഫണ്ട് ലഭ്യമാക്കാൻ കഴിയുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനം ഇന്ന് നമ്മുടെ സംസ്ഥാനത്തില്ല. പാലുല്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന് ഗവൺമെന്റ് പറയുമ്പോൾ തന്നെ അത് നടപ്പിലാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് 50 ശതമാനം സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ട്. ഈ മേഖലയിൽ വലിയ രീതിയിലുള്ള പ്രതിസന്ധി ഉടലെടുത്തിരിക്കുകയാണ്. പ്രധാനപ്പെട്ട പല വിഷയങ്ങളിലും നിഷേധാത്മക സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിൽ ശക്തമായി പ്രതിഷേധിച്ചു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

2.00 Pm]

ശ്രീ. കെ. രാജൻ: സർ, ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. ഇവിടെ ശ്രീ. അനൂപ് ജേക്കബ് തന്നെയാണോ പ്രസംഗിച്ചതെന്ന് എനിക്കൊരു സംശയം തോന്നി.

"ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-

ലുണ്ടായൊരിണ്ടൽ ബത, മിണ്ടാവതല്ല മമ....."

കേരളത്തിന്റെ മുൻ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ് തന്നെയാണോ പ്രസംഗിച്ചതെന്ന് എനിക്ക് ഇപ്പോൾ സംശയം തോന്നുന്നുണ്ട്. കേരളം കണ്ട ഏറ്റവും വലിയ ഭക്ഷ്യസമരത്തിന്റെ കാലമായിരുന്നു 1960. ജന്മികൾ അവരുടെ എല്ലാ വിഭവങ്ങളും സാധാരണക്കാർക്ക് കൊടുക്കാതെ എടുത്തുവച്ചതിന്റെ പേരിൽ നാട്ടിൽ അക്കാലത്ത് വലിയ കലാപമുണ്ടായി. കേന്ദ്രത്തിൽ സഖാക്കളായ എ.കെ.ജി.യും പി.കെ.വി.യും ചെയർമാനും സെക്രട്ടറിയുമായിരുന്ന പാർലമെന്ററി പാർട്ടി നയിച്ചുകൊണ്ടിരിക്കുമ്പോഴാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ആവശ്യമാണെന്ന പ്രധാനപ്പെട്ട പ്രശ്നം ഉന്നയിച്ചുകൊണ്ട് പാർലമെന്റിനകത്തും പുറത്തും ഏറ്റവും വലിയ സമരം നടന്നത്. 1966-ൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നമ്മുടെ നാട്ടിൽ നടപ്പിലാക്കി. 1992 വരെ എല്ലാവർക്കും റേഷനുണ്ടായിരുന്നു. ഗവർണർക്കും മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും തട്ടുകടക്കാർക്കും എല്ലാവർക്കും റേഷനുണ്ടായിരുന്നു. എവിടെയാണ് റേഷനിംഗ് സമ്പ്രദായം മാറിയത്? സാർവ്വത്രിക റേഷൻ വിതരണത്തിൽനിന്നും തരംതിരിവ് ആരംഭിക്കുന്നത് നവലിബറൽ നയങ്ങൾ വന്നതിനുശേഷം 1992-ലാണ്. RPDS എന്നുപറയുന്ന Revamped Public Distribution System വന്നത് 1992-ലാണ്. ഇന്ത്യയിൽ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന 1775 ബ്ലോക്കുകളിൽ പ്രത്യേകമായി കേന്ദ്ര പൂളിൽ നൽകുന്ന വിഹിതത്തിന് 50 പൈസ ഒരു കിലോയ്ക്ക് കുറച്ചു കൊണ്ടുവരാം എന്ന നയം ആരംഭിച്ചു. വീണ്ടും 1997-ൽ Targeted Public Distribution System (TPDS) നിലവിൽ വന്നു. അന്ന് ആ വകുപ്പിന്റെ കേന്ദ്ര മന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാം എന്ന് ഞാൻ വിശ്വസിക്കുകയാണ്. സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായത്തിൽനിന്നും Targeted Public Distribution System-ലേയ്ക്ക് കേരളം മാറിയ ഉടൻതന്നെ റേഷനിംഗിൽ തരംതിരിവ് ആരംഭിച്ചു. എന്നാൽ അളവ് കുറച്ചിരുന്നില്ല. കാർഡുടമകളെ എ.പി.എൽ, ബി.പി.എൽ. എന്നിങ്ങനെ രണ്ടായി തരംതിരിച്ചു. പിന്നീട് ബി.പി.എൽ.-ന് കുറഞ്ഞ നിരക്കാക്കാൻ തീരുമാനിച്ചു. 2000 ഡിസംബറിൽ ബി.പി.എൽ. വീണ്ടും രണ്ടായി വിഭജിച്ചു. രണ്ടുനേരം ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാത്തവരായി ഒരു കോടി കുടുംബങ്ങളെ

സെൻട്രൽ ഗവൺമെന്റ് കണ്ടെത്തി. അന്ത്യോദയ-അന്നയോജന പദ്ധതി നമ്മുടെ നാട്ടിൽ നിലവിൽ വന്നു. 2003-2004 കാലഘട്ടത്തിൽ 50 ലക്ഷം പേരെ ഈ ലിസ്റ്റിൽ വീണ്ടും കൂട്ടിച്ചേർത്തു. അപ്പോൾ ഒന്നരക്കോടിയായി ഇവരുടെ എണ്ണം പ്രഖ്യാപിച്ചു. 2005-2006-ൽ വീണ്ടും എണ്ണം കൂട്ടി രണ്ടരക്കോടിയാക്കി. കേരളത്തിൽ 5.9 ലക്ഷം കുടുംബങ്ങൾ മാത്രമാണ് ഈ ലിസ്റ്റിൽപ്പെട്ടത്. ഭക്ഷ്യഭദ്രതാ നിയമം 2013-ൽ വന്നതാണ്. നാം ഒരുപാട് തർക്കിച്ചതുമാണ്. ആ നിയമം വന്നപ്പോൾ നമ്മുടെ നാട്ടിൽ നേരത്തെ പ്രസംഗിച്ച ശ്രീ. അനൂപ് ജേക്കബ് ഉൾപ്പെടെയുള്ളവർ കേരളത്തിൽ മന്ത്രിമാരായിരുന്നു, കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റും കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റുമായിരുന്നു. നിങ്ങൾ എന്തു ചെയ്തു? യു.പി.എ.യും യു.ഡി.എഫ്.-ഉം ഈ നാട്ടിൽ നടപ്പിലാക്കിയ അപകടകരമായ പ്രവണതയുടെ ഉത്തരവാദിത്വം ഞങ്ങൾ ഏൽക്കണമോ? അതിന്റെ കാര്യമില്ല. 3.3 കോടി ജനങ്ങൾ അധിവസിക്കുന്ന കേരളത്തിൽ മുൻഗണനാ ശതമാനം 46 ആണ്. തമിഴ്നാട്ടിൽ 49 ആണ് കർണ്ണാടകത്തിൽ അത് 65 ആണ്. തെലുങ്കാനയിൽ 54 ശതമാനമാണ്. യു.ഡി.എഫ്. സംസ്ഥാനത്തും യു.പി.എ. കേന്ദ്രത്തിലും ഭരിക്കുമ്പോൾ നമുക്കനുകൂലമായി ഭക്ഷ്യവിതരണം നടത്താൻ പറ്റാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണ്? 14.25 ലക്ഷം മെട്രിക് ടൺ ആയി കേന്ദ്രവിഹിതം കുറച്ചപ്പോൾ നിങ്ങൾ എവിടെയായിരുന്നു? അന്ന് തെലുങ്കാനയ്ക്ക് 22.10 ലക്ഷം മെട്രിക് ടണ്ണും തമിഴ്നാടിന് 36.78 ലക്ഷം മെട്രിക് ടണ്ണും കർണ്ണാടകയ്ക്ക് 25.56 ലക്ഷം മെട്രിക് ടണ്ണും ധാന്യം ലഭിച്ചു. ഒരാളും കേരളത്തിന്റെ കാര്യം പറയാനുണ്ടായില്ല. കേരളം പല ഘട്ടങ്ങളിൽ കേസ് നടത്തി തോറ്റു. ഇത് ആരുടെ കുറ്റമാണ്? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ എല്ലാംകൂടി പറയുകയാണ്. 2013-ൽ ആരംഭിച്ച ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കാത്തതിന്റെ കുറ്റം ആർക്കാണ്? നിങ്ങൾ മുൻഗണനാ ലിസ്റ്റ് തരാത്തതിനാൽ നിങ്ങൾക്ക് അരി തരാൻ കഴിയില്ലെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇവിടെ ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച രസകരമായ ശ്രദ്ധ ക്ഷണിക്കൽ പ്രമേയവും അടിയന്തരപ്രമേയവുമുണ്ട്. അതിൽ 'ജാഗ്രത വേണമായിരുന്നു' എന്ന് അദ്ദേഹം പറഞ്ഞു. ആർക്കാണ് ജാഗ്രത വേണ്ടിയിരുന്നത്? ഞങ്ങളുടെ നാട്ടിൽ അന്തിക്കാട് വേലായുധേട്ടൻ എന്ന തെങ്ങുകയറ്റക്കാരനുണ്ട്. വീട്ടുകാർ പോകണ്ട എന്നുപറഞ്ഞിട്ടും അദ്ദേഹം 64-ാം വയസ്സിൽ തെങ്ങുകയറാൻ പോയി. കൊറ്റ വെട്ടിക്കൊണ്ടിരിക്കുന്നതിനിടയിൽ താഴത്ത് വീണതിനെത്തുടർന്ന് അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോയി. അരമണിക്കൂർ നേരത്തേ കൊണ്ടുവന്നിരുന്നെങ്കിൽ രക്ഷപ്പെടുത്താമായിരുന്നുവെന്ന് ഡോക്ടർ മകനോട് പറഞ്ഞു. ഡോക്ടറേ, അച്ഛൻ തെങ്ങിൽനിന്നും വീണ കിട്ടണ്ടേ എന്നാലല്ലേ

ആശുപത്രിയിൽ കൊണ്ടുവരാൻ പറ്റുകയുള്ളൂ എന്ന് മകൻ പറഞ്ഞു. നേരത്തേ പറഞ്ഞവയെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കുറ്റമാണോ? നിങ്ങൾ റേഷൻ കാർഡിനെക്കുറിച്ച് പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിച്ച 2006 വരെ ഇവിടെ റേഷൻ കാർഡുണ്ടായിരുന്നു. ആ റേഷൻ കാർഡ് 2012-ൽ പുതുക്കിക്കൊടുക്കാത്തതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കാണ്. അന്ന് യു.ഡി.എഫ്. കേരളം ഭരിക്കുകയായിരുന്നു. ഭക്ഷ്യഭദ്രതാ നിയമം വരട്ടെ എന്നിട്ട് തീരുമാനിക്കാമെന്നാണ് അന്ന് പറഞ്ഞത്. ഫോറം പൂരിപ്പിച്ചു കൊടുത്തത് ഏത് കാലത്താണ്? ഏതായാലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുമ്പോഴല്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രതിപക്ഷത്തിരുന്ന് പ്രശ്നങ്ങളുന്നയിച്ച കാലത്ത് നിങ്ങൾ അപേക്ഷ വാങ്ങിച്ച് രണ്ട് സ്ഥലത്ത് അതിന്റെ പരിശോധന നടത്തി. ഒന്ന് കൊടുങ്ങല്ലൂരിൽ ശ്രീ. വി. ആർ. സുനിൽ കുമാറിന്റെ മണ്ഡലത്തിലും രണ്ട്, കൊച്ചിയിൽ ശ്രീ. ഹൈബി ഈഡന്റെ മണ്ഡലത്തിലും. എന്നിട്ടെന്ത് സംഭവിച്ചു? ആ രണ്ടിനുമെതിരായി നടന്ന സമരം കേരളത്തിന്റെ നിയമസഭ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വന്നശേഷം എല്ലാവർക്കും റേഷൻ കാർഡ് കൊടുക്കാൻ തീരുമാനിച്ചു. കേരളത്തിൽ റേഷൻ കാർഡില്ലാത്ത മനുഷ്യരുണ്ടാകരുത് എന്ന് തീരുമാനിച്ചു. റേഷൻ കാർഡിലെ മുൻഗണന, മുൻഗണനേതരം എന്ന അപകടം ഒഴിവാക്കാനായി സർക്കാർ ശമ്പളം പറ്റുന്ന ഒറ്റയാളും മുൻഗണനാ ലിസ്റ്റിലും മുൻഗണനേതര ലിസ്റ്റിലും ഉണ്ടാകാൻ പാടില്ല എന്ന് തീരുമാനിച്ചു. എത്ര പേർ കുറഞ്ഞു. വാഹനങ്ങളുടെ ഉടമസ്ഥർ, ആയിരം ചതുരശ്രയടിക്ക് മുകളിൽ വീടുള്ളവർ, ഇൻകം ടാക്സ് കൊടുക്കുന്നവർ ഇവരൊന്നും ഈ പറഞ്ഞ ലിസ്റ്റിൽ ഉണ്ടാകരുതെന്ന് തീരുമാനിച്ചതിന്റെ പേരിൽ 2.62 ലക്ഷം കുടുംബങ്ങളെ യു.ഡി.എഫ്. തയ്യാറാക്കിയ അബദ്ധ പഞ്ചാംഗത്തിൽനിന്നും രക്ഷപ്പെടുത്താൻ കഴിഞ്ഞു. മഹാരാഷ്ട്രയിൽ ഒരു ലക്ഷത്തോളം വരുന്ന കർഷകർ നടത്തിയ വമ്പിച്ച ലോംഗ് മാർച്ചിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഇത് ഇന്ത്യയ്ക്ക് അഭിമാനമാണ്. ലോംഗ് മാർച്ചിന്റെ പ്രധാന മുദ്രാവാക്യമെന്തായിരുന്നു? ഞങ്ങൾക്കൊരു റേഷൻ കാർഡെങ്കിലും അനുവദിച്ചു തരണം എന്നായിരുന്നു. കഴിഞ്ഞ 12 വർഷമായി റേഷൻ കാർഡിനായി അപേക്ഷപോലും കൊടുക്കാൻ കഴിയാത്ത കേരളത്തിലെ ജനങ്ങൾക്ക് ഒരപേക്ഷ കൊടുക്കാൻ ശ്രീ. പി. തിലോത്തമൻ കേരളത്തിന്റെ ഭക്ഷ്യവിതരണ വകുപ്പിന്റെ മന്ത്രിയായി വരേണ്ടിവന്നു. ലീഗുകാർ എവിടെയും പോയില്ലല്ലോ! മലപ്പുറം ജില്ലയിലെ കാറിന്റെ കണക്ക് കേട്ടാൽ വലിയൊരു തമാശയാണ്. ബെൻസ് കാറുള്ള 7 പേർ പ്രയോറിറ്റി ലിസ്റ്റിൽ, എ.എ.വൈ. (അന്ത്യോദയ അന്ന യോജന)-യിൽ ഒരാൾ, വലിയ കാറുള്ളവർ 249 പേർ, 30 പേരെ എ.എ.വൈ.-യുടെ പ്രയോറിറ്റി ലിസ്റ്റിൽനിന്നും ഒഴിവാക്കി. ഇതിനെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വരേണ്ടിവന്നു. കേന്ദ്ര വിഹിതം ഏറ്റെടുക്കുന്നില്ലെന്ന് നിങ്ങൾ

പറഞ്ഞല്ലോ. ഏത് കേന്ദ്ര വിഹിതമാണ് ഏറ്റെടുക്കാത്തത്? 100 ശതമാനം കേന്ദ്ര വിഹിതവും ഏറ്റെടുത്ത ഗവൺമെന്റാണിത്. ഇവിടെ മധുവിന്റെ പ്രശ്നം പറഞ്ഞു. ബഹുമാനപ്പെട്ട കഥാകൃത്ത് ജയമോഹന്റെ നൂറ് സിംഹാസനങ്ങൾ എന്ന കഥ ഈ സഭയിലുള്ളവർ വായിക്കേണ്ടതാണ്. ഇന്നലെ നമ്മൾ ശ്രീ. കെ. പി. രാമനുണ്ണിയെ ആദരിച്ചതുപോലെ അദ്ദേഹത്തെയും ആദരിക്കേണ്ടതാണ്. ആദിവാസി ഊരുകളിലെ മനുഷ്യർ അനുഭവിക്കുന്ന ദുരന്തത്തിന്റെ കഥകളിലേയ്ക്ക് അദ്ദേഹം നമ്മെ എത്തിക്കുന്നു. ഐ.എ.എസ്.ആയി കടന്നുപോയ ഒരു മനുഷ്യൻ സ്വന്തം അമ്മയെ വഴിയോരത്ത് കണ്ടുമുട്ടേണ്ടി വന്ന കഥ നമ്മൾ വായിച്ചു. ഞാൻ ഇപ്പോൾ കേരളത്തിന്റെ ഭക്ഷ്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. മാതൃഭൂമി എഡിറ്റോറിയൽ എഴുതിയത് എന്റെ മണ്ഡലത്തിലുള്ള കാര്യമായിരുന്നു, ആദിവാസി ഊരുകളിൽ 7-ഉം 14-ഉം 24-ഉം കിലോമീറ്ററുകൾ ചെന്നെത്തി റേഷൻ വാങ്ങിക്കാൻ കഴിയാത്ത സാധാരണക്കാരായ ആദിവാസികൾക്ക് ഊരിൽ കൊണ്ടു പോയി റേഷൻ കൊടുക്കാൻ തീരുമാനിച്ചു, അങ്ങനെയുള്ള ഗവൺമെന്റാണിത്. സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. ഈ രണ്ടു വകുപ്പുകളെക്കുറിച്ച് അത്രയേറെ പറയാനുണ്ട്. പക്ഷേ ഏറ്റവും വലിയ തമാശ ക്ഷീരവകുപ്പിനെക്കുറിച്ച് ആരോ ഇവിടെ പ്രസംഗിച്ചുകേട്ടതാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ ക്ഷീരകർഷകരെ സംരക്ഷിച്ച മറ്റൊരു ഗവൺമെന്റുണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 'പാലിന് കെ. സി., പശുവിന് കെ. പി. ' എന്നതായിരുന്നു സ്ഥിതി. പാലിന്റെ മന്ത്രി ശ്രീ. കെ.സി. ജോസഫും പശുവിന്റെ മന്ത്രി ശ്രീ. കെ.പി മോഹനനും. രണ്ടുപേരും കൂട്ടിമുട്ടില്ല. ശ്രീ. കെ. സി. ജോസഫ് പാൽ തന്നെ കണ്ടിട്ടില്ല, കട്ടൻ കുടിക്കുന്ന മന്ത്രി. കേരളത്തിൽ മിൽമ പാലിന് 4 രൂപ കൂട്ടിയപ്പോൾ 4 രൂപ 5 പൈസ കർഷകന് ലഭിച്ചു. ഏതെങ്കിലും കാലത്ത് അങ്ങനെയുണ്ടായിട്ടുണ്ടോ? സാധാരണ പാലിന് വില കൂട്ടിയാൽ കർഷകന് ആ വില ലഭിക്കാറില്ല. അപ്പോൾ തീറ്റപ്പുല്ലിന് വില കൂട്ടുകയാണ് ചെയ്യുന്നത്. ഇത്തവണ ഞാൻ തന്നെ അവതരിപ്പിച്ച സബ്മിഷനിൽ ഏറ്റവും പ്രധാനപ്പെട്ട പ്രമേയമായി ഗവൺമെന്റെടുത്തത്, 8.5 എസ്.എൻ.എഫും 3.5 ഫാറ്റും കൊടുത്താൽ മാത്രമേ മിൽമയ്ക്ക് വില കിട്ടുകയുള്ളൂ എന്നുപറഞ്ഞപ്പോൾ 3.5 ഫാറ്റ് 3 ആക്കി കുറയ്ക്കുകയും 4 രൂപ കൂട്ടിയത് കർഷകന് 4 രൂപ 5 പൈസയായി ലഭിക്കുകയും ചെയ്തു. മിൽമയുടെ ചരിത്രത്തിൽ ഏറ്റവും വലിയ ഇടപെടൽ നടത്താൻ കഴിഞ്ഞത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളം ഭരിക്കുന്നതുകൊണ്ടല്ലേ? വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട നിരവധി പ്രശ്നങ്ങൾ ഇതിൽ ഉന്നയിക്കുന്നുണ്ട്. കേരളത്തിന്റെ വനം, മൃഗസംരക്ഷണം, ക്ഷീരവകുപ്പ് എന്നീ മേഖലകളിൽ എത്ര ഉജ്ജ്വലമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സുവോളജിക്കൽ പാർക്ക് - ഒരുപക്ഷേ സൗത്ത് ഇന്ത്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഇടപെടലാണ് ഇത്.

മൃഗശാല വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ശ്രീ. കെ. രാജുവാണെന്ന കാര്യം പലർക്കും അറിയില്ല. കാരണം വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ ഈ വിഷയമുള്ളൂ. സൗത്ത് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി മാറാൻ പോകുന്ന കേരളത്തിൽ പുത്തൂരിലെ സുവോളജിക്കൽ പാർക്കിന്റെ ചർച്ച തുടങ്ങിയിട്ട് 20 വർഷമായി. അവിടെ 30 കോടി രൂപയുടെ നിർമ്മാണം ആരംഭിച്ചത് ശ്രീ. കെ. രാജു വനവും മൃഗശാലകളും വകുപ്പുമന്ത്രിയായപ്പോഴാണ്. നാല് കൂട്ടുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞു എന്നുമാത്രമല്ല 132 കോടി രൂപയുടെ ഡി.പി.ആർ.-ന് കേരള ഗവൺമെന്റ് എ.എസ്. നൽകിക്കഴിഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ലെങ്കിലും ഇക്കാര്യത്തിൽ അനുയോജ്യമായ ഒരു യോഗം വിളിച്ചുചേർക്കാൻ ധനകാര്യ വകുപ്പുമന്ത്രികൂടി ഇടപെടണം എന്നാണ് എന്റെ അഭ്യർത്ഥന.

മലയോര പട്ടയം മലയോര പ്രദേശത്തെ എം.എൽ.എ.മാരുടെ പ്രശ്നമാണ്. ജെ.വി.ആർ. തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുകതന്നെ വേണം. ആളുകളുടെ തർക്കമുണ്ടാകും. ജണ്ടയിട്ടതിനിപ്പുറത്ത് പ്രത്യേകിച്ച് എൻ.ആർ.എഫ്. (Non-Revertible Forest) മേഖലയിലുള്ള ആളുകൾ എത്ര വർഷമായി അവിടെ ജീവിക്കുന്നവരാണ്. കേരള ഗവൺമെന്റ് ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് 1977-നുമുമ്പ് താമസിച്ചിരുന്ന എല്ലാ ആളുകൾക്കും പട്ടയം കൊടുക്കാൻ തീരുമാനിച്ചതാണ്. പട്ടയം കൊടുക്കണമെങ്കിൽ ജെ.വി.ആർ. വേഗത്തിൽ തയ്യാറാക്കണം. റവന്യൂ, വനം വകുപ്പുകൾ അതിനാവശ്യമായ നടപടി സ്വീകരിക്കണം. ശ്രീ. എ. കെ. ബാലൻ സഭയിലുള്ളതുകൊണ്ട് പറയുകയാണ്, ഒളകരയിലെ ആദിവാസികൾ അനുഭവിക്കുന്നതും ഇതേ ദുരന്തം തന്നെയാണ്. അവർ ജീവിക്കുന്ന മണ്ണിൽ അവർക്ക് ഭൂമി കൊടുക്കണം. അതുകൊണ്ട് മലയോര പട്ടയത്തിനുകൂടി അനുകൂലമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്രീ. കെ. രാജന്റെ പ്രസംഗം കേട്ടാൽ തോന്നുന്നത് ഈ വകുപ്പുകളൊക്കെ വളരെ ഭദ്രമാണ്, ഇതുപോലൊരു കാലം മുമ്പുണ്ടായിട്ടില്ല എന്നാണ്. അദ്ദേഹം പറഞ്ഞുപറഞ്ഞ് വനം വകുപ്പിന്റെ മന്ത്രിയെപ്പോലും നാട്ടിൽ ആർക്കും അറിയില്ല എന്നായി. അദ്ദേഹം മന്ത്രിയെ പുകഴ്ത്തിപ്പറഞ്ഞതാണ്. പക്ഷേ വിപരീത ഫലമാണുണ്ടായത്. വനം വകുപ്പിന്റെ മന്ത്രിയെ നാട്ടുകാർക്ക് അറിയില്ല എന്നുപറഞ്ഞാൽ ആ വകുപ്പിന്റെ പ്രവർത്തനം എത്രമാത്രം കാര്യക്ഷമമാണെന്ന് ശ്രീ. കെ. രാജന്റെ നാവ് അറിയാതെ സത്യം പറഞ്ഞിരിക്കുകയാണ്. അതിനെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. വനം നമ്മൾ സംരക്ഷിക്കേണ്ടതാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല.

<u>ശ്രീ. കെ. രാജൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. വനം വകുപ്പുമന്ത്രിയെ കേരളത്തിലാർക്കും അറിയില്ല എന്നല്ല ഞാൻ പറഞ്ഞത്. വനം വകുപ്പിന്റെ കൂട്ടത്തിൽ മൃഗശാലാ വകുപ്പുകൂടി അദ്ദേഹത്തിന്റെ കയ്യിലാണെന്ന് പലർക്കുമറിയില്ല എന്നാണ് ഞാൻ പറഞ്ഞത്. സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അദ്ദേഹത്തിന്റെ കയ്യിലുള്ള ഒരു വകുപ്പ് അദ്ദേഹമാണ് കൈകാര്യം ചെയ്യുന്നതെന്ന് നാട്ടുകാർക്ക് അറിയില്ലെന്നാണ് ശ്രീ. കെ. രാജൻ ആവർത്തിച്ച് പറഞ്ഞത്. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരാം. കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി വനവിസ്തൃതിയുടെ കണക്കെടുത്തപ്പോൾ 1043 ചതുരശ്ര കിലോമീറ്റർ വനം വർദ്ധിച്ചതായാണ് കാണുന്നത്. വനം സംരക്ഷിക്കുകതന്നെ വേണം. എന്നാൽ വനമേഖലയിൽ താമസിക്കുന്നവരോടുള്ള വനം വകുപ്പിന്റെ സമീപനത്തിൽ മാറ്റം വരേണ്ടതുണ്ട്. വനമേഖലയിൽ താമസിക്കുന്നവരോട് വനം വകുപ്പ് ഫ്രണ്ട്‌ലി ആറ്റിറ്റ്യൂഡാണ് സ്വീകരിക്കേണ്ടത്. എന്നാൽ വനം വകുപ്പ് ഇപ്പോഴും ആ മേഖലയിൽ താമസിക്കുന്ന ആളുകളോട് ശത്രുക്കളെപ്പോലെയാണ് പെരുമാറുന്നത്. ഞാൻ ആ മേഖലയിൽനിന്നുവരുന്ന ജനപ്രതിനിധിയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വനമുള്ള നിയോജക മണ്ഡലാണ് എന്റേത്. സൈലന്റ് വാലി ഉൾപ്പെടെയുള്ള പശ്ചിമഘട്ട മലനിരകൾ എന്റെ മണ്ഡലത്തിലാണ്. വനം വകുപ്പുദ്യോഗസ്ഥർ ആ പ്രദേശത്ത് താമസിക്കുന്ന ആളുകളുമായി സൗഹൃദമാണുണ്ടാക്കേണ്ടത്. പക്ഷേ നിരന്തരമായി അവരെ ബുദ്ധിമുട്ടിക്കുന്ന സ്ഥിതിയാണുള്ളത്. ആ ആറ്റിറ്റ്യൂഡിൽ മാറ്റമുണ്ടാകേണ്ടതുണ്ട്. വലിയ കയ്യേറ്റങ്ങൾക്ക് സഹായം ചെയ്യണമെന്ന് ആരും പറയില്ല. പക്ഷേ ചെറിയ കർഷകരെയാണ് ഇവർ ദ്രോഹിക്കുന്നത്. എന്നാൽ ഇവിടെ നേരെ തിരിച്ചാണ് സംഭവിക്കുന്നത്. വനം വകുപ്പിനെതിരായുള്ള ആക്ഷേപങ്ങൾ പരിശോധിക്കുമ്പോൾ നിയമസഭയിൽത്തന്നെ വന്ന ഏറ്റവും വലിയൊരു വിമർശനം പൊന്തൻ പുഴയിൽ 7000 ഏക്കർ വനഭൂമി നഷ്ടപ്പെടുത്തുന്ന സമീപനമാണ് ഗവൺമെന്റെടുത്തത് എന്നാണ്. "7000 ഏക്കർ പൊന്തൻപുഴ വനം നഷ്ടപ്പെട്ടത് വനം വകുപ്പുമന്ത്രി അറിഞ്ഞില്ല, പൊന്തൻപുഴ രേഖകൾ കോടതിയിൽ എത്തിയില്ല, വനംവകുപ്പ് പൂഴ്ത്തി"- ഇതൊന്നും ഞങ്ങളുന്നയിക്കുന്ന ആരോപണങ്ങളല്ല, സമീപ കാലത്ത് മലയാള മനോരമയിലും മാതൃഭൂമിയിലും മാധ്യമത്തിലും വന്നിട്ടുള്ള പത്രവാർത്തകളാണ്. അതുപോലെ "സർക്കാർ ഏറ്റെടുത്ത റിയാ എസ്റ്റേറ്റിൽനിന്ന് കോടികളുടെ മരങ്ങൾ മുറിച്ചുകടത്തി." 23-1-2018-ന് വന്ന പത്ര വാർത്തയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. "വനമേഖലയിൽ

കോടിക്കണക്കിന് രൂപയുടെ വരുമാന നഷ്ടം, ലേല നടപടികളിലെ ഒത്തുകളി"- പത്രവാർത്തയാണ്. ഇതൊക്കെയാണ് വനം വകുപ്പിൽ നടക്കുന്നത്. "വനം വകുപ്പിൽ വ്യാജ നിയമന ഉത്തരവ് നൽകി ലക്ഷങ്ങൾ തട്ടി"- ജനയുഗം പത്രത്തിൽ വന്ന വാർത്തയാണ്. വനം വകുപ്പിന്റെ അവസ്ഥയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. "ഇല്ലാത്ത ബോട്ട് നിർമ്മിച്ചെന്ന് സാക്ഷ്യപത്രം, വനം വകുപ്പിൽ ക്രമക്കേട്, നഷ്ടം" - മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണ്. ഇങ്ങനെ പോകുന്നു വനം വകുപ്പുമായി ബന്ധപ്പെട്ട ആരോപണങ്ങൾ. ഇതുമായി ബന്ധപ്പെട്ട് പറയേണ്ട മറ്റൊരു കാര്യം വന്യജീവി ആക്രമണമാണ്. വന്യജീവി ആക്രമണം നിത്യ സംഭവമാണ്. അത് തടയാൻ നൂതന മാർഗ്ഗങ്ങളൊന്നുമില്ല. ആദിവാസികളുടെയും മലയോര മേഖലയിൽ ജീവിക്കുന്നവരുടെയും ജീവൻ നഷ്ടമായി ക്കൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങൾ കൃഷി വ്യാപകമായി നശിപ്പിക്കുകയാണ്. ഇത് കൈകാര്യം ചെയ്യാൻവേണ്ടി വിവിധ പദ്ധതികൾ എല്ലാ സമയത്തും പ്രഖ്യാപിക്കുമെങ്കിലും അതൊന്നും നടക്കുന്നില്ല. ആനയോ മറ്റ് വന്യ മൃഗങ്ങളോ വന്നാൽ ആർ.ആർ.ടി.യെ (Rapid Response Team) വിളിച്ചാൽ മതിയെന്നാണ് പറയുന്നത്. വിളിച്ചാൽത്തന്നെ പലപ്പോഴും കിട്ടാറില്ല. അവർ ഉണ്ടെങ്കിൽത്തന്നെ അവർക്ക് യാത്ര ചെയ്യാനുള്ള വാഹനങ്ങൾപോലും ഇന്നില്ല. മണ്ണാർക്കാട്, അട്ടപ്പാടി തുടങ്ങിയ വലിയ മേഖലകൾ കൈകാര്യം ചെയ്യാൻ ഒരു ആർ.ആർ.ടി.യാണുള്ളത്. ഒരു ഭാഗത്ത് ആന വന്നു എന്നുവിളിച്ചുപറഞ്ഞാൽ അവർ അങ്ങോട്ട് പോകും. അടുത്ത ഭാഗത്ത് ആന വരുമ്പോൾ വിളിച്ചാൽ അവിടേയ്ക്കും വരും. അവർ അങ്ങോട്ടുമിങ്ങോട്ടും ഓടുമെന്നല്ലാതെ ആനയെ ഓടിക്കാൻ അവർക്ക് സമയമില്ല. അതാണ് സ്ഥിതി. ആർ.ആർ.ടി.-ക്ക് ആവശ്യത്തിന് വാഹനങ്ങൾ കൊടുക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധാരാളം ട്രഞ്ച് കുഴിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. റെയിൽ ഫെൻസിംഗ് ആനയെ പ്രതിരോധിക്കാൻ നല്ലൊരു മാർഗ്ഗമായി പറഞ്ഞിരുന്നു. എന്നാൽ ഇതൊന്നും എവിടെയും നടപ്പാക്കിയിട്ടില്ല. കാടിനുള്ളിൽ മൃഗങ്ങൾക്കുള്ള ഭക്ഷണവും വെള്ളവുമൊക്കെ ഒരുക്കുമെന്നും അപ്പോൾ കാട്ടിൽനിന്ന് മൃഗങ്ങൾ പുറത്തേയ്ക്ക് വരില്ലെന്നുമാണ് പറഞ്ഞത്. പക്ഷേ ആ പദ്ധതിയും എവിടെയും എത്തിയിട്ടില്ല. ഇതെല്ലാം പാഴ്വാക്കായിരിക്കുകയാണ്. ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിച്ച എസ്.എം.എസ്. അലെർട്ട് ഉൾപ്പെടെയുള്ള പദ്ധതികൾ; ഒരു മേഖലയിൽ ആനയിറങ്ങിയിട്ടുണ്ടെങ്കിൽ അതിലൂടെ യാത്ര ചെയ്യുന്ന ആളുകൾക്ക് അത് കേൾക്കാൻ സാധിക്കും. അവിടെ ജാഗ്രതയുണ്ടാകുന്ന പദ്ധതിയുണ്ടായിരുന്നു. അതും നടപ്പായിട്ടില്ല. ഇതൊക്കെയാണ് വനം വകുപ്പിന്റെ അവസ്ഥ. ഈ വിഷയങ്ങളിലൊക്കെ പരിഹാരമുണ്ടാകണം.

ക്ഷീരവികസന വകുപ്പ് നിരവധി പ്രശ്നങ്ങൾ നേരിടുകയാണ്. ക്ഷീരകർഷകർക്ക് വളരെ ക്ഷേമമാണെന്നാണ് ശ്രീ. കെ. രാജൻ പറഞ്ഞത്. ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് പ്രോത്സാഹനമായി ഒരു ലിറ്റർ പാലിന് ഒരു രൂപ നൽകിയിരുന്നു. അതിന് നിങ്ങൾ വരുമാന പരിധി കൊണ്ടുവരുകയും ഒരു വർഷത്തിൽ ഒരു ലക്ഷം രൂപ വരുമാനമുള്ള ആൾക്ക് അതിന് അർഹതയില്ലെന്ന് പറയുകയും ചെയ്തതിന്റെ ഫലമായി 60 ശതമാനം ക്ഷീരകർഷകർക്കും ഇതിന്റെ ഗുണം നഷ്ടമായിരിക്കുകയാണ്. യഥാർത്ഥത്തിൽ ക്ഷീരകർഷകരെ ദ്രോഹിക്കുകയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്. വനം വകുപ്പിന്റെ ആധുനിക ലാബുകൾ ഉണ്ടാകുമ്പോഴും അവിടെ പരിശോധനയ്ക്ക് ഇപ്പോഴും അനുമതി ലഭിക്കുന്നില്ല. ഇരുപതോളം ലാബുകൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പരിശോധന ഇപ്പോഴും ഭക്ഷ്യസുരക്ഷ വകുപ്പ് വഴിയേ പാടുള്ളൂവെന്ന രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. മായംകലർന്ന പാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്നത് തടയാൻ നമുക്ക് സാധിക്കുന്നില്ല. മറ്റൊരു കാര്യം ശ്രദ്ധിക്കാനുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ കന്നുകാലി സെൻസസ് പ്രകാരം പശുക്കളുടെ എണ്ണത്തിൽ 2.66 ലക്ഷത്തിന്റെ കുറവ് വന്നിട്ടുണ്ട് എന്നത് കൃത്യമായ കണക്കാണ്.

പൊതുവിതരണ വകുപ്പ് വളരെ മോശപ്പെട്ട പ്രകടനമാണ് നടത്തുന്നത്. ഭക്ഷ്യഭദ്രതാ നിയമം സംബന്ധിച്ച് എപ്പോൾ പറഞ്ഞാലും പറയുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റമാണെന്നാണ്. നിങ്ങൾ അധികാരത്തിൽ വന്നിട്ട് രണ്ട് കൊല്ലം കഴിഞ്ഞില്ലേ? ഇനിയും ഞങ്ങളെ കുറ്റം പറഞ്ഞിരുന്നാൽ സംഗതി നടക്കുമോ? വാതിൽപ്പടി വിതരണത്തിന്റെ അപാകതകൾ ഇവിടെ സൂചിപ്പിച്ചു. കരിഞ്ചന്ത വ്യാപകമാണ്. കേന്ദ്ര നിയമങ്ങൾ കാറ്റിൽപ്പറത്തി വാതിൽപ്പടി വിതരണം കുത്തഴിഞ്ഞു. വിജിലൻസ് പിടിച്ചകാര്യം സംബന്ധിച്ചാണ് ഞാൻ പറയുന്നത്. കരിഞ്ചന്ത വ്യാപകമായപ്പോൾ പ്രതിമാസം കോടികളുടെ നഷ്ടമാണെന്ന് വിജിലൻസ് പറയുന്നു. ഇപ്പോഴും അരി കയറ്റാനും ഇറക്കാനും ഉപയോഗിക്കുന്നത് സ്വകാര്യ വ്യക്തികളുടെ ഗോഡൗണുകൾ തന്നെയാണ്. ഈ ഗോഡൗണുകളിൽ ഒരു ചാക്ക് അരിയിൽ നിന്ന് 4 കിലോഗ്രാം അരി വീതം കുത്തിയെടുക്കുകയാണ്. ഇങ്ങനെ കുത്തിയെടുത്ത 44 ലക്ഷം രൂപയുടെ അരി വിജിലൻസ് സ്ക്വാഡ് പിടിച്ചെടുത്തതാണ് ഈ വാർത്തയ്ക്ക് നിദാനമായ സംഗതി. എന്നിട്ടും കാര്യങ്ങൾ വളരെ കാര്യക്ഷമമാണെന്നാണ് പറയുന്നത്. വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. അക്കാര്യം കഴിഞ്ഞ വർഷം ഇതുപോലൊരു ചർച്ചയിൽ ഞാൻ തന്നെ ആവശ്യപ്പെട്ടതാണ്. അരി കൊണ്ടുപോകുന്ന എല്ലാ വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിക്കുമെന്നാണ് പറഞ്ഞത്. ജി.പി.എസ്. ഘടിപ്പിച്ചാൽ ഇതുപോലെ അഴിമതി നടക്കില്ല.

അങ്ങനെയുള്ള ഗുരുതരമായ ആരോപണങ്ങളാണ് ഈ രംഗത്തുള്ളത്. റേഷനരി നിറം മാറ്റി ബ്രാന്റഡ് പേരുകളിൽ വിപണിയിൽ എത്തിയ സംഭവവും നമ്മൾ വായിച്ചതാണ്. സപ്ലൈകോയിലെ പിൻവാതിൽ നിയമനം. ഒരു കാര്യവുമില്ലാതെ 312 പേരെയാണ് നിയമിച്ചിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പൊതുവിതരണ വകുപ്പ് കൃത്യമായി അരിയും മറ്റ് സാധനങ്ങളും ആദിവാസി മേഖലയിൽ വിതരണം ചെയ്തിരുന്നെങ്കിൽ അട്ടപ്പാടിയിലെ മധുവിന്റെ ദാരുണമായ അന്ത്യം ഒഴിവാക്കാമായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ കാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ഇന്ത്യയിലെ മതേതര വിശ്വാസികൾക്ക് വലിയ ആശ്വാസം ഉണ്ടായ ദിവസമാണ്. യു.പി.യിൽ ശ്രീ. യോഗി ആദിത്യനാഥ് അഞ്ച് തവണ ലോകസഭയിൽ പ്രതിനിധാനം ചെയ്ത പാർലമെന്റ് മണ്ഡലം, അദ്ദേഹത്തിന്റെ ഉപമുഖ്യമന്ത്രി പ്രതിനിധാനം ചെയ്ത മണ്ഡലം അവിടെ മതേതര പ്രസ്ഥാനങ്ങൾ യോജിച്ചുനിന്നാൽ .....(ബഹളം).... നിങ്ങൾക്ക് എത്രയാണ് വോട്ട്. ഞാൻ അങ്ങനെ വലിയ വർത്തമാനം പറഞ്ഞിട്ടില്ല. നിങ്ങളെപ്പോലെ യാഥാർത്ഥ്യ ബോധമില്ലാതെ ഞാൻ സംസാരിക്കുന്നില്ല. അവിടെ വർഗ്ഗീയവാദികൾക്കെതിരെ, ഫാസിസ്റ്റുകൾക്കെതിരെ എസ്.പി.-യും ബി.എസ്.പി.-യും യോജിച്ചുനിന്നു. ഇന്ത്യയിൽ എല്ലാ പ്രദേശങ്ങളും ഒരുപോലെയല്ല. യു.പി.യിൽ എസ്.പി.യും ബി.എസ്.പി.യും ആണ് പാർട്ടി. അവർ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഒന്നിച്ചുനിന്നെങ്കിൽ ശ്രീ. യോഗി ആദിത്യനാഥും ഭരണവും ഉണ്ടാകുമായിരുന്നില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇതുപോലെ മതേതര പ്രസ്ഥാനങ്ങൾ യോജിച്ചുനിന്നിരുന്നെങ്കിൽ ശ്രീ. നരേന്ദ്ര മോദിയുടെ മൂന്നരക്കൊല്ലത്തെ ഭരണം നമ്മൾ അനുഭവിക്കേണ്ടിവരുമായിരുന്നില്ല. മതേതര പ്രസ്ഥാനങ്ങൾ കണ്ണ് തുറക്കേണ്ട സന്ദർഭമാണിത്. ബി.ജെ.പി.യിൽ നിന്ന് 10 പാർലമെന്റ് സീറ്റുകളാണ് മൂന്നരക്കൊല്ലത്തിനിടയിൽ പ്രതിപക്ഷ കക്ഷികൾ പിടിച്ചെടുത്തത്. ഇവിടെ സി.പി.ഐ.(എം.)-ഉം കൂടി കാണേണ്ട ഒരു കാര്യമുണ്ട്. നിങ്ങൾ ഇപ്പോഴും യു.പി.യിൽ കോൺഗ്രസ്സിന് എത്ര വോട്ട് കിട്ടിയെന്നാണ് ചോദിക്കുന്നത്. യു.പി.യിൽ കഴിഞ്ഞ കുറച്ചുനാളായി കോൺഗ്രസ്സിന് ചില പ്രയാസങ്ങളുണ്ട്. എന്നാൽ മധ്യപ്രദേശിലും രാജസ്ഥാനിലുമൊക്കെ കോൺഗ്രസ് തന്നെയാണ്. ഗുജറാത്തിലും കോൺഗ്രസ്സിനെ തന്നെയാണ് നമ്മൾ കണ്ടത്. ബീഹാറിൽ ആർ.ജെ.ഡി.-യെ കാണുകയാണ്. ഇതൊക്കെ ബി.ജെ.പി. വിരുദ്ധ പക്ഷത്തുള്ളവരാണ്. ഇന്ന് ഇന്ത്യ നേരിടുന്ന വലിയ വിപത്ത് ഫാസിസ്റ്റുകൾ അധികാരത്തിൽ ഇരിക്കുന്നതാണ്. 2019-ലെ തെരഞ്ഞെടുപ്പിൽ അവർ അധികാരത്തിൽ തുടരുന്നത് ഈ രാജ്യത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന പ്രശ്നമാണ്. അവിടെയാണ് സി.പി.ഐ(എം.) രാഷ്ട്രീയ കരണം മറിച്ചിൽ നടത്തുന്നത്. ത്രിപുരയിലെ തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ ബി.ജെ.പി.

വിരുദ്ധത മാറിയോ എന്ന ആശങ്ക നമുക്കുണ്ടായിരുന്നു. ത്രിപുര തെളിയിച്ചത് യാഥാർത്ഥ്യമാണ്. ബി.ജെ.പി. വരികയല്ല. ത്രിപുരയിൽ കഴിഞ്ഞ 25 കൊല്ലമായി സി.പി.ഐ.(എം.) നടത്തിയ ജനവിരുദ്ധ നയങ്ങൾ, ജനദ്രോഹ നടപടികൾ അതിനൊരു ബദൽ വേണം. വേറെ ഒരു നിവൃത്തിയും അവിടത്തെ ജനങ്ങൾക്കുണ്ടായിരുന്നില്ല. അങ്ങനെയാണ് അവിടെ ബി.ജെ.പി. ജയിച്ചതെന്ന കാര്യം നിങ്ങൾ ഓർക്കണം. നിങ്ങൾ നിങ്ങളെക്കുറിച്ച് തന്നെ പുനരാലോചന നടത്തണം. മറ്റ് ബദലുകളുള്ള സ്ഥലങ്ങളിൽ ബി.ജെ.പി. വന്നിട്ടില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളെ തോൽപ്പിച്ച് ബി.ജെ.പി. ജയിച്ചാൽ അത് സന്തോഷകരമായ കാര്യമല്ല. ഞങ്ങളുടെ കണക്ക് പ്രകാരം അവിടെ ബി.ജെ.പി. ആയിരുന്നില്ല, നിങ്ങൾ തന്നെയാണ് ജയിക്കേണ്ടത്. ഞങ്ങൾ തോറ്റാൽ നിങ്ങൾ ജയിക്കണം, നിങ്ങൾ തോറ്റാൽ ഞങ്ങൾ ജയിക്കണം. അതിനിടയിൽ മറ്റാരും ജയിക്കാൻ പാടില്ല. അതാണ് ഞങ്ങളുടെ രാഷ്ട്രീയം. ആ രാഷ്ട്രീയത്തിലേയ്ക്ക് നിങ്ങൾ വരുന്നില്ല. നിങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളെ ഇല്ലാതാക്കി കേരളത്തിൽപ്പോലും ബി.ജെ.പി.യെ കൊണ്ടുവരാനുള്ള ശ്രമമാണ് നടക്കുന്നത്. സമയക്കുറവ് കൊണ്ട് ഞാൻ ഒരു കാര്യമേ പറയുന്നുള്ളൂ. നിങ്ങൾ ശ്രീ. യെച്ചൂരിയുടെ മാർഗ്ഗത്തിലേയ്ക്ക് വരണം. 2019-ൽ തെരഞ്ഞെടുപ്പ് വരികയാണ്. കേരളത്തിൽ നമ്മൾ അലയൻസ് ആണെന്നല്ല പറയുന്നത്. ഇന്ത്യയിലെ മതേതര വിശ്വാസികൾ എല്ലാവരും ഒന്നിച്ചുനിൽക്കുന്നതിനെ തടസ്സപ്പെടുത്തുന്ന സി.പി.ഐ.(എം.)-ന്റെ ഈ സമീപനത്തിൽ നിന്നും പിന്മാറി, നമ്മുടെ മാതൃരാജ്യം, മഹാത്മജിയുടെ മണ്ണ് ഗോഡ്സെയെ പൂജിക്കുന്നവരിൽനിന്ന് നമുക്ക് സംരക്ഷിക്കാൻ കഴിയണം. നിങ്ങൾ മാറുമെന്ന് തോന്നുന്നില്ല. ഇന്നലെ വയൽക്കിളിയുടെ ഓഫീസ് എന്തിനാണ് കത്തിച്ചത്? നന്ദിഗ്രാം സംഭവത്തിന്റെ വാർഷികത്തിനാണ് നിങ്ങൾ ഈ കൊടുംക്രൂരത ചെയ്തത്. അതുകൊണ്ട് നിങ്ങളും കുറച്ച് മാറേണ്ടതുണ്ടെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നീ നാല് ധനാഭ്യർത്ഥനകളെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഞങ്ങൾ രാഷ്ട്രീയമായി സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ വിശദീകരിക്കുന്നത് കേട്ടു. സി.പി.ഐ.(എം.)-ഉം ഇടതുപക്ഷവും ഇന്ത്യയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് മുന്നോട്ടുപോകുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 541 ലോകസഭാമണ്ഡലങ്ങളിൽ 282 സീറ്റുമായാണ് ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നത്. അവരുടെ എണ്ണം 273 ആയി കുറഞ്ഞിരിക്കുകയാണ്. ഇനി മൂന്ന് സ്ഥലത്ത് ഉപതെരഞ്ഞെടുപ്പ്

നടക്കാനുണ്ട്. അവിടെ എന്ത് റിസൽട്ടാണ് ഉണ്ടാകുന്നതെന്ന് കാണേണ്ടിയിരിക്കുന്നു. ഇത് ഒരു യാദൃശ്ചിക സംഭവമായി എടുക്കേണ്ടതില്ല. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം ഇന്ത്യയിലെ കർഷകരും തൊഴിലാളികളും നടത്തിയിട്ടുള്ള ഐതിഹാസികമായ ചെറുത്തുനിൽപ്പാണ് ഇത്തരം കാര്യങ്ങൾക്ക് ഇടയാക്കിയതെന്ന് കാണാൻ കഴിയും. യു.പി.എ. ഗവൺമെന്റിന്റെയും കോൺഗ്രസ്സിന്റെയും ഹിമാലയൻ അഴിമതികളും ജനദ്രോഹ നയങ്ങളും വിലക്കയറ്റങ്ങളും കൊണ്ട് പൊറുതിമുട്ടിയ ജനതയാണ് ശ്രീ. മോദിയെ അധികാരത്തിലെത്തിച്ചത്. 31 ശതമാനം വോട്ട് മാത്രമാണ് അവർക്ക് കിട്ടിയിരുന്നത്. സംഘ് പരിവാറും ആർ.എസ്.എസ്.-ഉം അഹങ്കാരത്തിന്റെ പാതയിലാണ് സഞ്ചരിച്ചികൊണ്ടിരുന്നത്. അതിന്റെ തിരിച്ചടിയാണ് ഇന്നലെ നടന്ന തെരഞ്ഞെടുപ്പുകളിൽ സംഭവിച്ചതെന്ന് കാണാൻ കഴിയും. ഒരു രാജ്യത്തിന്റെ ചരിത്രമുണ്ടാക്കുന്നത് പ്രധാനമന്ത്രിയോ, സൈന്യാധിപനോ, ചീഫ് ജസ്റ്റിസോ ഒന്നുമല്ല; സാധാരണ ജനവിഭാഗങ്ങളാണ്. എങ്ങനെയാണ് രാജ്യത്തിന്റെ ചരിത്രമുണ്ടാകുന്നത് എന്നതിനുള്ള തെളിവാണ് ചോരയൊലിക്കുന്ന കാലുകളുമായി 200 കിലോമീറ്റർ താണ്ടി നാസിക്കിൽനിന്ന് ബോംബെയിൽ എത്തിയിട്ടുള്ള കർഷകർ. അവിടെ ബി.ജെ.പി. കഴിഞ്ഞാൽ കോൺഗ്രസ് ആയിരുന്നില്ലേ പ്രധാന രാഷ്ട്രീയ പാർട്ടി. കോൺഗ്രസ് എവിടെപ്പോയി? ആ സമരം നയിക്കാൻ കോൺഗ്രസ് ഉണ്ടായിരുന്നോ? കോൺഗ്രസ് അവരുടെ കൂടെ നിന്നില്ലെന്നുള്ള കാര്യം ശ്രീ. എൻ. ഷംസുദ്ദീൻ മനസ്സിലാക്കണം. ആ പാവപ്പെട്ട കർഷകരുടെ കൂടെ നിൽക്കാൻ ചുവന്ന കൊടി ഉയർത്തിപ്പിടിച്ച കമ്മ്യൂണിസ്റ്റുകാർ മാത്രമാണ് ഉണ്ടായിരുന്നത്. ഉത്തർപ്രദേശിലെ കോൺഗ്രസ് അദ്ധ്യക്ഷന് ലാൽസലാം എന്നുപറഞ്ഞ് അവരെ അഭിവാദ്യം ചെയ്യേണ്ടിവന്നു. കോൺഗ്രസ്സിന്റെ സ്ഥിതി അതാണ്. ത്രിപുരയെക്കുറിച്ച് നിങ്ങൾ പറഞ്ഞു. ത്രിപുരയിൽ കഴിഞ്ഞ 25 വർഷമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയായിരുന്നു ഭരിച്ചിരുന്നത്. കോർപ്പറേറ്റുകളിൽനിന്ന് വാങ്ങിയ കോടിക്കണക്കിന് രൂപയും കേന്ദ്ര ഭരണവും ഉപയോഗിച്ച് ആ ഭരണത്തെ തകർക്കാനായിരുന്നു ശ്രമിച്ചുകൊണ്ടിരുന്നത്. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ബി.ജെ.പി.-ക്ക് കിട്ടിയ വോട്ട് 9,99,093 ആയിരുന്നെങ്കിൽ സി.പി.ഐ.(എം.)-ന് കിട്ടിയ വോട്ട് 9,92,575 ആയിരുന്നു. 6518 വോട്ടിന്റെ വ്യത്യാസമാണ് ഉണ്ടായിരുന്നത്. കോൺഗ്രസ്സായിരുന്നു അവിടത്തെ പ്രധാന പ്രതിപക്ഷം. കോൺഗ്രസ് ചിത്രത്തിലേ ഇല്ലാതായി. കോൺഗ്രസ്സിന് കിട്ടിയത് 41000 വോട്ടുകൾ മാത്രമാണ്. കോൺഗ്രസ്സിന് വോട്ട് കുറഞ്ഞതിൽ ഞങ്ങൾ ആഹ്ലാദിക്കുന്നില്ല. എന്തുകൊണ്ടാണ് കോൺഗ്രസ്സിന് ഈ തകർച്ച ഉണ്ടായതെന്ന് നിങ്ങൾ ചിന്തിക്കണം. എന്തുകൊണ്ടാണ് കോൺഗ്രസ് ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടുപോകുന്നത്. അവർക്ക് ബി.ജെ.പി.യുടെ സാമ്പത്തിക

നയങ്ങളെ എതിർക്കാൻ കഴിയുന്നില്ല. സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ ബി.ജെ.പി.യും കോൺഗ്രസ്സും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. യുപി.എ. ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള സാമ്പത്തിക നയങ്ങൾ തന്നെയാണ് അതിനേക്കാൾ ഉപരിയായി ബി.ജെ.പി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കോൺഗ്രസ്സും ബി.ജെ.പി.യുമെല്ലാം ഒരേപോലെ ആകുന്നുവെന്നുള്ളതിന്റെ ദൃഷ്ടാന്തമാണ് ഇന്ത്യ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ ഇന്ത്യയിലെ ജനങ്ങൾ തകർത്തിട്ടേയുള്ളൂവെന്ന് ഞങ്ങൾ പറയുന്നത്. ആ അനുഭവമുള്ള ജനവിഭാഗങ്ങൾ കോൺഗ്രസ്സിനെ വിശ്വസിക്കുന്നില്ല. അതുകൊണ്ടാണ് ത്രിപുരയിൽ കോൺഗ്രസ്സിൽ നിന്ന് കൂട്ടത്തോടെ ആളുകൾ ബി.ജെ.പി.യിലേയ്ക്ക് പോയിട്ടുള്ളത്. അതാണ് അരുണാചൽ പ്രദേശിലും സംഭവിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് നടന്ന സ്ഥലങ്ങളിൽ കോൺഗ്രസ് നേതാക്കളെയെല്ലാം വിലയ്ക്ക് വാങ്ങുന്ന അവസ്ഥ ഉണ്ടായത് എന്തുകൊണ്ടാണെന്ന് നിങ്ങൾ ആലോചിക്കണം. അതുകൊണ്ടാണ് ഒരു ബദൽ വേണമെന്ന് പറയുന്നത്. ആ ബദൽ നയങ്ങളാണ് കേരളത്തിൽ ഞങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കർഷകരുടെ നേതൃത്വത്തിൽ വലിയ പ്രക്ഷോഭങ്ങൾ നടത്തിയിരുന്നു. മുപ്പതിനായിരം ആൾക്കാരുമായി നാസിക്കിൽനിന്ന് ആരംഭിച്ച ജാഥ മുംബൈയിലെത്തുമ്പോൾ അമ്പതിനായിരമായി മാറി. സമരദിവസം ജാതിയും മതവും രാഷ്ട്രീയവുമെല്ലാം മറന്ന് ചെങ്കൊടിക്കുമാത്രമേ കർഷകരെ രക്ഷിക്കാൻ കഴിയൂ എന്ന് മനസ്സിലാക്കി ഒരു ലക്ഷം കർഷകർ അണിചേരുന്ന കാഴ്ചയാണ് രാജ്യം കണ്ടിരുന്നത്. ചലോ ചലോ ലക്നൗ എന്നുപറഞ്ഞ് കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഒരു പുതിയ സമരം ആരംഭിക്കുകയാണ്. ബി.ജെ.പി. കഴിഞ്ഞാൽ രാജസ്ഥാനിൽ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടി കോൺഗ്രസ്സല്ലേ. എവിടെപ്പോയി കോൺഗ്രസ്? പതിനയ്യായിരംവരുന്ന കർഷകരാണ് പതിനഞ്ച് ദിവസം രാപ്പകൽ സമരം സിക്കറിൽ നടത്തിയിരുന്നത്. ആദ്യം സമരത്തെ കണ്ടില്ലെന്ന് നടിച്ചു. പിന്നീട് അതിന്റെ നേതാക്കളെ പിടിച്ച് ജയിലിലടച്ചു. അവസാനം രാജസ്ഥാൻ ഗവൺമെന്റിന് അവരുമായി ചർച്ച ചെയ്യേണ്ടിവന്നു. മഹാരാഷ്ട്ര ഗവൺമെന്റ് ചർച്ച ചെയ്തതുപോലതന്നെ സമരം ഒത്തുതീർപ്പാക്കേണ്ട സ്ഥിതിവിശേഷമുണ്ടായി. ഇതാണ് രാജ്യം കണ്ടു കൊണ്ടിരിക്കുന്നത്. 18 കർഷകരെയാണ് ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം വെടിവച്ചുകൊന്നത്. ജാർഖണ്ഡിലെ ആദിവാസികളായ ഏഴുപേരെയും, മധ്യപ്രദേശിലെ ആറുപേരെയും, ആസ്സാമിലെ മുസ്ലീം കർഷക സ്ത്രീയുൾപ്പെടെ രണ്ടുപേരെയും വെടിവച്ചുകൊന്നു. ബംഗാളിൽ മൂന്നുപേരെ തൃണമൂൽ കോൺഗ്രസ് വെടിവച്ചുകൊന്നു. കർഷകരുടെ വലിയ മുന്നേറ്റമാണ് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. 171 സംഘടനകൾ ചേർന്നുകൊണ്ടുള്ള വലിയ കർഷക

പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്. ആരാണ് സമരം നയിക്കുന്ന എന്നതല്ല, എന്ത് പ്രശ്നമാണ് ഉന്നയിക്കുന്നത് എന്നതാണ് വിഷയം. ഇവിടെ കോൺഗ്രസ് ഇതിൽ നിന്നെല്ലാം മാറിനിൽക്കുകയാണ്. പിന്നെ എങ്ങനെ ജനങ്ങളിൽ വിശ്വാസമാർജ്ജിക്കാൻ സാധിക്കും? അവർക്ക് ബി.ജെ.പി.യുടെ സാമ്പത്തിക നയത്തേയും കർഷകവിരുദ്ധ നയങ്ങളെയും എതിർക്കാൻ കഴിയില്ല കാരണം അവരാണ് ആ നിലപാട് ഇന്ത്യയിൽ സ്വീകരിച്ചത്. അതുകൊണ്ടാണ് അവർ ഒറ്റപ്പെട്ടുപോകുന്നത്. അതുകൊണ്ടാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കോൺഗ്രസ്സിനെ മാറ്റിനിർത്തിക്കൊണ്ട് ജനങ്ങളുടെ മുന്നേറ്റത്തിന് ശ്രമിക്കുന്നത്. കാരണം കോൺഗ്രസ്സിനെ കൂട്ടിയാൽ ബി.ജെ.പി.യുടെ അതേ നിലപാടായിരിക്കും ജനങ്ങൾക്കുണ്ടാകുന്നത്. രണ്ട് കൂട്ടരുടെയും സാമ്പത്തിക നയങ്ങളൊന്നാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. കോൺഗ്രസ്സിന്റെ നയങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കേണ്ടതിനെക്കുറിച്ചാണ് നിങ്ങൾ അടിയന്തരമായി ചിന്തിക്കേണ്ടത്. തെറ്റ് തിരുത്താൻ ശ്രമിക്കണം. അതല്ലാതെ ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങൾക്ക് കോൺഗ്രസ്സിനോട് അന്ധമായ രാഷ്ട്രീയ വിരോധമൊന്നുമില്ലായെന്ന് നിങ്ങൾക്ക് നല്ലപോലെ അറിയാമല്ലോ. നിങ്ങൾ മുന്നോട്ടുവച്ചിട്ടുള്ള ശരിയായ നയങ്ങളെ ഞങ്ങൾ പിന്തുണച്ചിട്ടുണ്ട്. അങ്ങനെയാണ് ശ്രീ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായത്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പിന്തുണച്ചില്ലെങ്കിൽ എങ്ങനെയാണ് അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയാകുക. കോൺഗ്രസ്, സിൻഡിക്കേറ്റ് കോൺഗ്രസ്സെന്നും ഇൻഡിക്കേറ്റ് കോൺഗ്രസ്സെന്നും രണ്ടായി പിളർന്നപ്പോൾ ഇന്ദിരാഗാന്ധി കൊണ്ടുവന്ന എല്ലാ നല്ല നയങ്ങളെയും ഞങ്ങൾ അംഗീകരിച്ചിരുന്നു. പ്രിവിപേഴ്സ്, ബാങ്കുകളുടെ ദേശവൽക്കരണം തുടങ്ങിയവയിൽ നിന്നെല്ലാം നിങ്ങൾ പുറകോട്ടുപോയില്ലേ. ആ സമീപനം കാണണമെന്ന് മാത്രമേ പറയുന്നുള്ളൂ. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

ഇവിടെ മധുവിന്റെ മരണവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ യു.ഡി.എഫ്.-കാർ ഉന്നയിക്കുകയുണ്ടായി. മധുവിന്റെ മരണം പട്ടിണിമൂലമുണ്ടായ മരണമാണോ; മധു അവന്റെ ഊരിലായിരുന്നോ താമസിച്ചിരുന്നത്? മധുവിന്റെ മരണം നമ്മളെയെല്ലാം വേദനിപ്പിച്ചതാണ്, കേരളം തലകുനിച്ചുനിന്നതാണ്. ഭ്രാന്തമായ ആവേശത്താൽ ഒരുകൂട്ടം ആൾക്കാർ നടത്തിയ, ആർക്കും ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തൊരു പ്രവൃത്തിയുടെ ഫലമായിട്ടാണ് അങ്ങനെ സംഭവിച്ചത്. ഈ ഗവൺമെന്റ് ആ സന്ദർഭത്തിൽ ഉണർന്ന് പ്രവർത്തിച്ചു. ആ സംഭവത്തിൽ പങ്കാളികളായവരെയെല്ലാം അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. പതിനെട്ടേകാൽ ലക്ഷം രൂപ മധുവിന്റെ ആശ്രിതർക്ക് കൊടുത്തു. വീട്ടിൽനിന്നെല്ലാം മാറി ഊരിൽ താമസിക്കാതെ കാട്ടിൽ പോയി

താമസിക്കുന്നൊരു മാനസികാവസ്ഥയായിരുന്നു മധുവിനുണ്ടായിരുന്നത്. അവനോട് ഒരിക്കലും അങ്ങനെ പെരുമാറാൻ പാടില്ലായിരുന്നു. അതിനെ രാഷ്ട്രീയമായി ഉപയോഗിക്കാൻ പാടുണ്ടോ? കേരളത്തിൽ ആദ്യമായി ഒരു ആദിവാസിയെ വെടിവച്ചുകൊന്നത് നിങ്ങളുടെ ഗവൺമെന്റല്ലേ; ശ്രീ. എ. കെ. ആന്റണി ഗവൺമെന്റല്ലേ മുത്തങ്ങ കാട്ടിൽ ജോഗിയെന്നു പറയുന്നൊരു ആദിവാസിയെ വെടിവച്ച് കൊന്നത്; നിങ്ങൾ ആരെങ്കിലും തിരിഞ്ഞുനോക്കിയോ; ആ മൃതദേഹം ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് ബത്തേരി താലൂക്കാശുപത്രിയിൽ കട്ടിലിന്റെ അടിയിൽ കൊണ്ടിട്ടിരിക്കുകയായിരുന്നു. സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറിയും ജോഗിയുടെ അയൽവാസിയുമായ സുരേന്ദ്രൻ എന്ന ആളാണ് ആ മൃതദേഹവുമായി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് പോയത്. അപ്പോൾ ആരെങ്കിലും തിരിഞ്ഞുനോക്കാനുണ്ടായിരുന്നോ? ജോഗിയുടെ മകൾ സീതയ്ക്ക് ജോലി കൊടുത്തത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റായിരുന്നു. ഭൂമി ചോദിച്ചതിന് ഒരു പാവപ്പെട്ട ആദിവാസിയെ വെടിവച്ചുകൊന്ന നിങ്ങളാണോ മധുവിന്റെ പേരിൽ ഇങ്ങനെ വിലാപം ഉന്നയിക്കുന്നത്? ഇതെല്ലാം നാട് നല്ലപോലെ അറിയും. വെള്ളമുണ്ടയിൽ ആദിവാസി ക്ഷേമസമിതി നടത്തിയ സമരത്തിൽ പങ്കെടുത്ത ശാന്ത എന്ന സ്ത്രീയെ അറസ്റ്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിലടച്ചു. പൂർണ്ണ ഗർഭിണിയായിരുന്ന ശാന്ത കണ്ണൂർ സെൻട്രൽ ജയിലിലാണ് പ്രസവിച്ചത്. പ്രസവത്തിൽ കുട്ടി മരിച്ചു. ശാന്തയ്ക്ക് വേണ്ടത്ര പ്രസവ ചികിത്സയും മറ്റ് കാര്യങ്ങളുമൊന്നും കൊടുത്തില്ല. അവസാനം ശാന്തയും ജയിലിൽനിന്ന് മോചിതയായപ്പോൾ മരിച്ചുപോയി. ഇങ്ങനെ എന്തെല്ലാം അനുഭവങ്ങൾ പറയാനുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

കേരളത്തിന്റെ ഭൂവിസ്തൃതിയിൽ 30 ശതമാനം വനമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വനമുള്ള പ്രദേശമാണ് കേരളം. നമ്മൾ നല്ലപോലെ വനം സംരക്ഷിക്കുന്നവരാണ്. ഏറ്റവും വലിയ ജൈവ സമ്പത്താണ് വനം. പരിസ്ഥിതി സംരക്ഷണത്തിൽ വനത്തിനുള്ള പങ്ക് വളരെ പ്രധാനമാണ്. അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തി 72 ലക്ഷം വൃക്ഷത്തൈകൾ കഴിഞ്ഞ രണ്ടുവർഷംകൊണ്ട് വിതരണം ചെയ്യാൻ തയ്യാറായത്. വനവൽക്കരണം വളരെ പ്രധാനപ്പെട്ട ഒന്നാണ്. നമ്മുടെ പരിസ്ഥിതി സംരക്ഷിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജനങ്ങൾ, വന്യജീവികൾ, വളർത്തുമൃഗങ്ങൾ, സസ്യജാലങ്ങൾ എന്നിവയെല്ലാം പ്രകൃതിയുടെ ഭാഗമാണ്. ഇതിനെയെല്ലാം കൂട്ടിയിണക്കുന്ന ജോലിയാണ് നാം ചെയ്യേണ്ടത്. ആ വന നയമാണ് നമ്മൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എല്ലാത്തിനെയും

ഒരുപോലെ കാണുന്നതിനാവശ്യമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി മാത്രമേ വനസംരക്ഷണം നടപ്പിലാക്കാൻ കഴിയൂ. 204 ജനജാഗ്രതാ സമിതികളാണ് ഈ ഗവൺമെന്റ് രൂപീകരിച്ചിരിക്കുന്നത്. അതിൽ വനം വകുപ്പ് ജീവനക്കാരും ജനപ്രതിനിധികളും തദ്ദേശവാസികളുമുണ്ട്. അവരെയെല്ലാം കൂട്ടിയിണക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ വനസംരക്ഷണം രാജ്യത്തിനുതന്നെ മാതൃകയാണ്. എന്നിട്ടാണോ നിങ്ങൾ മന്ത്രിമാരെ കുറ്റം പറയുന്നത്? ആ നിലപാട് ശരിയാണോയെന്ന് നിങ്ങൾ ആലോചിക്കണം. കാലാവസ്ഥാ വ്യതിയാനം വലിയ രീതിയിലുള്ള പ്രശ്നങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാക്കിയിട്ടുണ്ട്. മനുഷ്യജീവിതത്തെ മാത്രമല്ല വന്യമൃഗങ്ങൾക്കും അത് പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് വന്യമൃഗങ്ങൾ കാട്ടിൽനിന്ന് നാട്ടിലേയ്ക്കിറങ്ങുന്നുണ്ട്. ഇതെല്ലാം വലിയ പ്രയാസങ്ങൾ തന്നെയാണ്. പക്ഷെ അതിന്റെയെല്ലാം സംരക്ഷണത്തിനാവശ്യമായ നിലപാടുകളല്ലേ ഗവൺമെന്റ് ഒരുക്കുന്നത്? മനുഷ്യർക്ക് വെള്ളമെത്തിക്കുന്നതുപോലെ വന്യമൃഗങ്ങൾക്കും ഈ ഗവൺമെന്റ് വെള്ളമെത്തിച്ച് കൊടുത്തില്ലേ; കാട്ടിൽ കുളംകുത്തി വെള്ളം നിറച്ചു. ഏകവിള തോട്ടങ്ങൾ അവസാനിപ്പിക്കണമെന്നത് ഈ ഗവൺമെന്റിന്റെ നയമാണ്. ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണം. വന്യമൃഗങ്ങൾക്കാവശ്യമായ തീറ്റയും വെള്ളവും മേച്ചിൽസ്ഥലവുമെല്ലാം ഒരുക്കാൻ കഴിയണം. അങ്ങനെയൊക്കെ ആക്കിയിട്ടാണോ ഇവിടെ വന്യജീവി സങ്കേതങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. വനം കൺകറന്റ് ലിസ്റ്റിലായതിനാൽ വന്യജീവി സങ്കേതങ്ങളെല്ലാം സംസ്ഥാനം മാത്രമല്ലല്ലോ കൈകാര്യം ചെയ്യുന്നത്? വന്യജീവി സങ്കേതങ്ങളെല്ലാം പ്രഖ്യാപിച്ചത് നേരത്തെയുള്ള കോൺഗ്രസ് ഗവൺമെന്റുകളാണ്. ഒരു വന്യജീവി സങ്കേതം പ്രഖ്യാപിക്കുമ്പോൾ വന്യമൃഗങ്ങൾക്ക് ആവശ്യമായ ആവാസ വ്യവസ്ഥ അവിടെയുണ്ടെന്ന് ഉറപ്പാക്കണം. നിങ്ങൾ അങ്ങനെ ചെയ്തോ? ആവശ്യമായ തീറ്റയും വെള്ളവും ലഭിക്കുമോ; ആവശ്യമായ മേച്ചിൽ സ്ഥലങ്ങളുണ്ടോ എന്നൊന്നും നോക്കാതെ കേവലം പ്രഖ്യാപനങ്ങളല്ലേ നടത്തിയിരിക്കുന്നത്? അശാസ്ത്രീയമായ പ്രഖ്യാപനത്തിന്റെ ഫലമായി എല്ലാ ദുരന്ത ഫലങ്ങളും നമ്മുടെ നാട് ഏറ്റുവാങ്ങുകയാണ്. വന്യമൃഗങ്ങളുടെ എണ്ണത്തിൽ വലിയ രീതിയിലുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. ആ വർദ്ധനവ് ശാസ്ത്രീയമായി എങ്ങനെ കുറയ്ക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയണം. കേരളത്തിൽ ഏറ്റവും കൂടുതൽ വനമുള്ള ജില്ലയാണ് വയനാട്. വയനാട് ജില്ലയുടെ 30 ശതമാനവും വനമാണ്. അതിനാൽ വലിയ രീതിയിലുള്ള പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. വയനാടിന്റെ അതിർത്തി പ്രദേശങ്ങളാണ് കർണ്ണാടകവും തമിഴ്നാടും. അതും വലിയ വന്യജീവി സങ്കേത കേന്ദ്രങ്ങളാണ്. ബന്ദിപ്പൂർ,

നാഗർഹോള ഉൾപ്പെടെയുള്ള വന്യജീവി സങ്കേതകേന്ദ്രങ്ങളുണ്ട്. അതിന്റെയെല്ലാം പ്രശ്നങ്ങൾ നേരിടുന്ന ജില്ലയാണ് വയനാട്. അതുകൊണ്ടുതന്നെ കാടും നാടും തമ്മിൽ വേർതിരിക്കാൻ കഴിയണം. ഏറ്റവും ശാസ്ത്രീയമായ നിലപാടുകൾ സ്വീകരിക്കണം. റെയിൽവേ ഫെൻസിംഗ് പോലുള്ള പ്രത്യേക പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് അതിന് വലിയ പ്രാധാന്യം കൊടുക്കണം. 2017-ൽ മാത്രം 20 വന്യമൃഗാക്രമണങ്ങൾ അവിടെയുണ്ടായി. അതിൽ അഞ്ചുപേർ മരിച്ചു. പതിനഞ്ചുപേർ ചികിത്സയിലാണ്. പക്ഷെ മുൻകാല ഗവൺമെന്റുകളിൽനിന്ന് വ്യത്യസ്തമായി ഈ ഗവൺമെന്റ് 10 ലക്ഷം രൂപവരെ നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. നേരത്തെ അത് 5 ലക്ഷം രൂപയായിരുന്നു.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അങ്ങ് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് പറഞ്ഞുവരുന്നത്. വന്യജീവികളുടെ എണ്ണം കുറയ്ക്കുന്നതു സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, വന്യജീവികളുടെ എണ്ണം കുറയ്ക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ ആലോചിക്കണം. വന്ധ്യംകരണം ചെയ്യാം, ചില ആധുനിക രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ സ്കൂൾ ചെയ്യുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. എന്താണ് വേണ്ടതെന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കണം. വന്യജീവികളുടെ ജീവന് വിലയുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വനവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ക്ഷീരമേഖലയിൽ ഈ ഗവൺമെന്റ് എസ്.എൻ.എഫ്. കുറച്ചിട്ടുണ്ട്. നല്ല കാര്യമാണ്. അതനുസരിച്ച് പാലിന്റെ വില നിശ്ചയിക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം ക്ഷീര മേഖലയെ കാർഷിക മേഖലയിലുൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കാരണം ഇപ്പോൾ ഇത് വ്യവസായ മേഖലയിലാണുള്ളത്. അത് വലിയ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. വനവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രയാസങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുന്നുണ്ട്. വനം കൺകറന്റ് ലിസ്റ്റിലാണെന്നതുകൊണ്ട് കേരള സർക്കാരെടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും വനം വകുപ്പ് നടപ്പിലാക്കുന്നില്ല.

നേരത്തെ ബഹുമാന്യനായ ജോർജ് എം. തോമസ് ഇവിടെ ചുരത്തിന്റെ കാര്യം പറഞ്ഞു. 33 ലക്ഷം രൂപ അടച്ചിട്ട് കുറേക്കാലമായി. ഇതുവരെ റോഡ് വിട്ടുതന്നില്ല. ഈ വിഷയം പരിഹരിക്കാൻ കഴിയണം. സമ്പൂർണ്ണ വൈദ്യുതീകരണം എന്ന കാര്യത്തിൽ നമ്മളെല്ലാവരും അഭിമാനിച്ചതാണ്. കേന്ദ്ര

ഗവൺമെന്റിന്റെ വനാവകാശ നിയമപ്രകാരം താമസിക്കുന്നവരാണ് കാട്ടിൽ താമസിക്കുന്നവർ. അവർക്ക് വൈദ്യുതി കൊടുക്കുന്നില്ല. വനം വകുപ്പ് മേധാവികളുടെയടുത്ത് ഞാൻ നിരവധി തവണ പോയിരുന്നു. അവർ കണ്ണ് തുറക്കുന്നില്ല. അവസാനം ആദിവാസികൾ ഡി.എഫ്.ഒ. ആഫീസിൽ പോയി കുത്തിയിരുന്നു. കഴിഞ്ഞ ദിവസം എല്ലാവർക്കും വൈദ്യുതി കൊടുക്കാൻ തീരുമാനിച്ചു. അപ്പോൾ നിയമം എവിടെപ്പോയി? നിയമം ജനങ്ങളെ ദ്രോഹിക്കാനുള്ളതല്ല, സഹായിക്കാനുള്ളതാണ്. വയനാടിൽ ബദൽ റോഡുകളുണ്ട്. പടിഞ്ഞാറത്തറ-പൂഴിത്തറ റോഡ്; ചിപ്പിലിത്തോട്-തളിപ്പുഴ റോഡ്; മലയോര ഹൈവേയിൽ ചൂരൽമലയിൽ നിന്നും നിലമ്പൂരിലേയ്ക്കുള്ള റോഡ്; ആനക്കാംപൊയ്യിൽനിന്ന് കള്ളാടിയിലേയ്ക്ക് ഒരു തുരംഗം; ഇതിനെല്ലാം വനം വകുപ്പിന്റെ അനുമതി വേണം. ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ ജനങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് വനസംരക്ഷണം നടത്താൻ കഴിയില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിൽ നല്ല മാറ്റം വരുത്തണം. അക്കാര്യത്തിൽ നല്ല സമ്മർദ്ദം ചെലുത്താൻ കഴിയണം. സംയുക്ത സർവ്വേ സംബന്ധിച്ച് നേരത്തേ ഇവിടെ സൂചിപ്പിച്ചു. പതിനായിരത്തോളം കർഷകരുടെ ഭൂമിക്ക് രേഖ കൊടുക്കാനുണ്ട്. അവർ എത്രകാലമായി വേഴാമ്പലിനെപ്പോലെ കാത്തുനിൽക്കുന്നു? അതിൽ തീരുമാനമെടുക്കാൻ കഴിയണം. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന ചില തെറ്റായ പ്രവർത്തനങ്ങൾ ജനങ്ങളുടെ ജീവിതത്തെ എങ്ങനെ തകർക്കുന്നുവെന്ന് കാണാൻ നമുക്ക് കഴിയണം. 2015 ആഗസ്റ്റ് 15 മുതൽ വയനാട് ജില്ലാ കളക്ടറുടെ മുന്നിൽ അച്ഛനും മക്കളുമടങ്ങിയ ഒരു കുടുംബം വന്നിരിക്കുന്നുണ്ട്. ആലപ്പുഴയിൽ നിന്നുവന്ന് അവിടെ സ്ഥലം വാങ്ങിയവരാണ്. അടിയന്തരാവസ്ഥയിലാണ് ആ ഭൂമി ഏറ്റെടുത്തിരിക്കുന്നത്. 2013-ൽ യു.ഡി.എഫ്. ഗവൺമെന്റാണ് അത് വനമാണെന്ന് നോട്ടിഫൈ ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുമ്പോഴാണ് അത് വനഭൂമിയാണെന്ന് നോട്ടിഫൈ ചെയ്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സബ്കളക്ടർ ആ ഭൂമി അദ്ദേഹത്തിന്റേതാണെന്ന് കണ്ടെത്തി. പക്ഷെ കോടതി സമ്മതിക്കുന്നതേയില്ല. 2013-ൽ യു.ഡി.എഫ്. സർക്കാർ തെറ്റായ രീതിയിൽ വനമാണെന്ന് നോട്ടിഫൈ ചെയ്ത പ്രസ്തുത ഭൂമിയുടെ നോട്ടിഫിക്കേഷൻ റദ്ദാക്കി ആ ഭൂമി അദ്ദേഹത്തിന് കൊടുക്കണം. ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ ശ്രീ. സി. കെ. ശശീന്ദ്രൻ ഉൾപ്പെടെയുള്ള പലരും ഇപ്പോഴും

കോൺഗ്രസ്സിനെ വിമർശിക്കാനാണ് അധിക സമയവും ചെലവഴിച്ചത്. സി.പി.ഐ.(എം) സ്വീകരിക്കുന്ന അന്ധമായ കോൺഗ്രസ് വിരോധം ചരിത്രപരമായ വിഡ്ഢിത്തമാണെന്ന് പറഞ്ഞത് ഞങ്ങളല്ല ശ്രീ. ജ്യോതി ബസുവാണ്. രണ്ടാം യു.പി.എ. ഗവൺമെന്റിന് പിന്തുണ പിൻവലിച്ചത് തെറ്റായിപ്പോയെന്ന് പറഞ്ഞത് ബംഗാളിലെ തലമുതിർന്ന നേതാവും മുൻ സ്പീക്കറുമായ സോമനാഥ് ചാറ്റർജിയാണ്. നിങ്ങൾ അത് നിഷേധിക്കുമോ? ഇവിടെത്തന്നെ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ അഭിപ്രായം നിങ്ങളുടെ അഭിപ്രായമാണോ? നിങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയുടെ അഭിപ്രായത്തോട് കേരളത്തിൽ നിന്നുള്ളവരുടെ അഭിപ്രായം വിരുദ്ധമാണ്. ബാക്കി സംസ്ഥാനങ്ങളിൽ എന്താണ് സ്ഥിതി? ബംഗാളിൽ സംസ്ഥാന സമ്മേളനം കഴിഞ്ഞില്ലേ; എന്തായിരുന്നു അവസ്ഥ? തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും സംസ്ഥാന സമ്മേളനം കഴിഞ്ഞില്ലേ. അവിടങ്ങളിലെല്ലാം പ്രതിനിധികൾ സംസാരിച്ചത് മാർക്സിസ്റ്റ് പാർട്ടിയിലെ ആളുകൾ ചിന്തിക്കുന്നത് ബി.ജെ.പി.യുടെ വർഗ്ഗീയ രാഷ്ട്രീയത്തെ ചെറുക്കാൻ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ മതേതര ശക്തികൾ ഒന്നിക്കണമെന്നല്ലേ. നേരത്തേ ശ്രീ. ഡി. കെ. മുരളി സംസാരിച്ചപ്പോൾ കോൺഗ്രസ് എവിടെയാണെന്നും കോൺഗ്രസ്സിന്റെ കൂടെ ആരുണ്ടെന്നും ചോദിച്ചു. അദ്ദേഹം പത്രം വായിക്കുന്നില്ല. ഇന്നലെ നമ്മൾ പത്രത്തിൽ വായിച്ചതല്ലേ മിനിഞ്ഞാന്ന് ബി.ജെ.പി.യുടെ കൂടെ ചേരാത്ത ഇന്ത്യയിലെ 20 പ്രതിപക്ഷ കക്ഷികൾ ശ്രീമതി സോണിയാ ഗാന്ധി വിളിച്ച യോഗത്തിൽ, സി.പി.ഐ.യുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സുധാകർ റെഡ്ഡിയും ശ്രീ. ഡി. രാജയും സി.പി.ഐ.(എം.)-ന്റെ പി.ബി. മെമ്പറും പാർലമെന്റ് അംഗവുമായ ശ്രീ. സലിം മുഹമ്മദുമുണ്ടായിരുന്നു. ശ്രീ. രാഹുൽ ഗാന്ധി കോൺഗ്രസ്സിന്റെ മാത്രം നേതാവല്ലെന്നും അദ്ദേഹം ഇന്ത്യയുടെ ഉയർന്നുവരുന്ന പ്രതീക്ഷയാണെന്നും പറഞ്ഞത് നിങ്ങളുടെ പി.ബി. അംഗവും പാർലമെന്റ് അംഗവുമായ ബംഗാളിലെ നേതാവാണ്. രാജസ്ഥാനിലെ തെരഞ്ഞെടുപ്പ് റിസൾട്ട് എന്താണ്; നേരത്തെ ഇവിടെ ബഹുമാനപ്പെട്ട കൽപ്പറ്റ അംഗം സംസാരിച്ചപ്പോൾ ബി.ജെ.പി.യുടെ കയ്യിലുണ്ടായിരുന്ന എട്ട് പാർലമെന്റ് സീറ്റുകൾ ബൈ ഇലക്ഷനുകളിൽ അവർക്ക് നഷ്ടപ്പെട്ടുവെന്ന് പറഞ്ഞു. ശരിയാണ്. അതിൽ നാലെണ്ണം കോൺഗ്രസ്സാണ് തിരിച്ചുപിടിച്ചത്. ബാക്കിയുള്ളതിൽ എസ്.പി. ഇന്നലെ ജയിച്ചു, ആർ.ജെ.ഡി. ജയിച്ചു, പക്ഷെ സി.പി.ഐ.(എം.) എവിടെയുമില്ല. ഞാൻ ചോദിക്കട്ടെ, ത്രിപുരയിൽ ഞങ്ങളുടെ വോട്ടുകൂടി ഉണ്ടായിരുന്നെങ്കിൽ നിങ്ങൾ ജയിക്കുമായിരുന്നല്ലോ. അതല്ലേ ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്. ത്രിപുരയിലെ നിങ്ങളുടെ വീര്യമെല്ലാം എവിടെപ്പോയി? എന്നാൽപ്പിന്നെ ഒരു അസംബ്ലി സീറ്റിലെ ഇലക്ഷൻ ബാക്കിയുണ്ടായിരുന്നല്ലോ; അവിടെ എന്താണ്

നിങ്ങൾ ബഹിഷ്കരിച്ച് ഓടിയത്? ശ്രീ. സീതാറാം യെച്ചൂരി ഉൾപ്പെടെ കേരളത്തിലെയും ഇന്ത്യയിലെയും മതേതര ശക്തികളൊന്നാകെ ത്രിപുരയിൽ നിങ്ങൾക്കെതിരെ ബി.ജെ.പി. നടത്തുന്ന അക്രമ രാഷ്ട്രീയത്തിനെതിരെ ശക്തിയായി പ്രതിഷേധിച്ചിട്ടും ആ പ്രതിഷേധത്തിൽ ഞങ്ങളെല്ലാവരും പങ്കുചേർന്നിട്ടും നിങ്ങൾക്ക് എന്താണ് മത്സര രംഗത്ത് ധൈര്യമായി ഇറങ്ങിനിന്ന് വോട്ട് ചോദിക്കാൻ കഴിയാതെ വന്നത്?

നേരത്തെ ഇവിടെ ശ്രീ. കെ. രാജൻ സി.പി.ഐ. മന്ത്രിമാരെ പിന്തുണച്ചപ്പോൾ എനിക്ക് തോന്നിയത് അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിക്കാരുമെല്ലാം സംസ്ഥാന സമ്മേളനത്തിലും ജില്ലാ സമ്മേളനങ്ങളിലും അവരെ നിർത്തിപ്പൊരിച്ച് സി.പി.ഐ. മന്ത്രിമാർ ഒന്നിനും കൊള്ളാത്തവരെന്ന് പറഞ്ഞതിന്റെ പ്രായശ്ചിത്തമായിട്ടായിരിക്കും സഭയിൽ വന്ന് സി.പി.ഐ. മന്ത്രിമാരെല്ലാം വലിയ കേമന്മാരെന്ന് പറയുന്നത് എന്നാണ്.

വനത്തെ സംബന്ധിച്ച് പറയുമ്പോൾ വനം ഒരു ഭാഗത്ത് കത്തിനശിക്കുകയാണ്. അതിനെതിരെ നടപടി സ്വീകരിക്കണമെന്ന് ഇന്നലെ പ്രതിപക്ഷ നേതാവിനുതന്നെ പറയേണ്ടിവന്നു. അതുപോലെ ഒരു ഭാഗത്ത് വനം കയ്യേറ്റക്കാരെ പ്രോത്സാഹിപ്പിക്കുകയാണ്. വനത്തിൽ പട്ടയം കിട്ടാൻവേണ്ടി കേസ് തോറ്റുകൊടുക്കുന്ന ചിത്രമാണ് നേരത്തേ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞത്. കേരളത്തിന്റെ വനസമ്പത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. വന്യജീവികൾക്കും രക്ഷയില്ല. കാട് തീ കത്തി നശിക്കുന്നു, വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നു, നാട്ടിലെ മനുഷ്യർക്കും രക്ഷയില്ല. വന്യജീവി അക്രമത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെന്ന് നേരത്തേ കൽപ്പറ്റ മെമ്പർ പറഞ്ഞു. എന്റെ മണ്ഡലത്തിൽ മരിച്ച നാലുപേരുടെ കുടുംബത്തിനും 5 ലക്ഷം രൂപ വീതമാണ് ലഭിച്ചത്. നഷ്ടപരിഹാരം 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. എന്റെ തന്നെ ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി വനം വകുപ്പുമന്ത്രി ഈ സമ്മേളനത്തിൽ പറഞ്ഞത് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നാണ്. ഇതുവരെ തുക വർദ്ധിപ്പിച്ചിട്ടില്ല. 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിന്റെ ഉത്തരവ് എന്റെ കൈവശമുണ്ട്. അത് 17-11-2014-ലെ ഉത്തരവാണ്. അതിനുശേഷം ഉത്തരവിറങ്ങിയിട്ടുണ്ടോ? 7-2-2017-ന് ഇറങ്ങിയ ഉത്തരവ് വന്യമൃഗശല്യം അവസാനിപ്പിക്കാൻ വേണ്ടിയുള്ള ജനജാഗ്രതാ സമിതിയുടെ ഉത്തരവാണ്. മല എലിയെ പ്രസവിച്ച അവസ്ഥയാണത്. ഈ പഞ്ചായത്തിൽ ഇനി വന്യമൃഗ ശല്യമുണ്ടാകാൻ പാടില്ലെന്ന് പഞ്ചായത്ത്

അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി കൂടി ആനയും കുരങ്ങും പന്നിയുമൊന്നും ഇങ്ങോട്ടിറങ്ങാൻ പാടില്ലെന്ന പ്രമേയം പാസ്സാക്കി. ഒരു ഫ്ലക്സ് ബോർഡ് എഴുതിവച്ചാൽ വന്യമൃഗ ശല്യം തടയാൻ സാധിക്കുമോ? ഈ സമിതിക്ക് ഫലപ്രദമായി എന്തുചെയ്യാൻ സാധിക്കും? വകുപ്പുമന്ത്രിക്ക് ആഗ്രഹമുണ്ട്. അദ്ദേഹം എന്റെ മണ്ഡലത്തിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച് ആരംഭിച്ച 13 കോടി രൂപയുടെ ആനപ്രതിരോധ മതിൽ ഉദ്ഘാടനം ചെയ്യാൻവേണ്ടി വന്നപ്പോൾ അവിടത്തെ ജനവികാരം മനസ്സിലാക്കിയതാണ്. പക്ഷെ അദ്ദേഹത്തിന് ഫണ്ട് അനുവദിക്കുന്നില്ല. വനം വകുപ്പിനാവശ്യമായ ഫണ്ട് ധനകാര്യ വകുപ്പിൽനിന്ന് ചോദിച്ചുവാങ്ങാൻ സാധിക്കുന്നില്ല. വന്യമൃഗ ശല്യം തടയാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിലക്കയറ്റത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. കെ. കുഞ്ഞിരാമന് വിലക്കയറ്റത്തെക്കുറിച്ച് മനസ്സിലാകാത്തതിന് കാരണം അദ്ദേഹം സ്വന്തം പറമ്പിൽത്തന്നെ നെൽക്കൃഷി ചെയ്യുന്നതുകൊണ്ടാണ്. അദ്ദേഹത്തിന്റെ വീട്ടുപറമ്പിൽത്തന്നെ പച്ചക്കറി കൃഷി ചെയ്ത് ഉല്പാദിപ്പിക്കുകയാണ്. അദ്ദേഹം പുറത്തിറങ്ങി സാധനം വാങ്ങുന്നില്ല. നാട്ടിലിറങ്ങി അരിയും പലവ്യഞ്ജനങ്ങളും വാങ്ങുന്നവർക്കേ സാധനങ്ങൾക്ക് മൂന്നിരട്ടി വില വർദ്ധിച്ചിരിക്കുന്നുവെന്നത് മനസ്സിലാകുകയുള്ളൂ. ഇവിടെ വിലയില്ലാത്തത് മനുഷ്യജീവന് മാത്രമാണ്. ഷുഹൈബിന്റെയും സഫീറിന്റെയും മധുവിന്റെയും സുഗുണന്റെയും ജീവന് വിലയില്ല. ഷുഹൈബിന്റെ ജീവന് വിലയുണ്ടെന്ന് മനസ്സിലാക്കിയ പിതാവാണ് സി.ബി.ഐ. എൻക്വയറിക്കുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചത്. സി.ബി.ഐ. എൻക്വയറിക്കെതിരെ കേരള സർക്കാർ അപ്പീൽ നൽകിയിരിക്കുന്നു. അപ്പീൽ വാദിക്കാൻ സുപ്രീം കോടതി വക്കീലന്മാരാണ് വിമാനത്തിൽ വന്നിറങ്ങിയത്. കേരളത്തിൽ സർക്കാരിന്റെ അഡ്വക്കേറ്റ് ജനറലില്ലേ; അഡീഷണൽ അഡ്വക്കേറ്റ് ജനറലില്ലേ; ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനില്ലേ; 140 ഗവൺമെന്റ് പ്ലീഡർമാരുണ്ട്. 140 എം.എൽ.എ.മാരുള്ളതുപോലെ കേരള ഹൈക്കോടതിയിൽ കേരള സർക്കാരിന്റെ നികുതിപ്പണത്തിൽനിന്ന് ശമ്പളം കൊടുക്കുന്ന 140 ഗവൺമെന്റ് പ്ലീഡർമാരുള്ളപ്പോഴാണ് കണ്ണൂരിലെ ഷുഹൈബിന്റെ വധം സി.ബി.ഐ. അന്വേഷിക്കണമെന്നുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരായ അപ്പീൽ വാദിക്കാൻ നികുതിപ്പണം കൊടുത്തുകൊണ്ട് സുപ്രീം കോടതിയിൽനിന്ന് ഒരു ഉന്നത വക്കീലിനെ കൊണ്ടുവന്നത്. സർക്കാർ ആരുടെ പക്ഷത്താണ് നിൽക്കുന്നത്; ജനങ്ങളുടെ പക്ഷത്താണോ; ജീവൻ സംരക്ഷിക്കുന്നതിന്റെ പക്ഷത്താണോ; പ്രതികളുടെ പക്ഷത്താണ്. സാധാരണ

കോടതിയിൽ ഒരു നടപടിയുണ്ട്. ഒരു സാക്ഷിയോ കക്ഷിയോ പ്രതിഭാഗം ചേരുന്നുവെന്ന് ഡിക്ലയർ ചെയ്യാറുണ്ട്. ഈ സർക്കാർ പ്രതിഭാഗം ചേർന്നു. Declared to be hostile. ഷുഹൈബ് വധക്കേസിൽ കേരള സർക്കാരും ആഭ്യന്തര വകുപ്പും നിയമ വകുപ്പും പ്രതിഭാഗത്തിനുവേണ്ടി വാദിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ നികുതിപ്പണം അതിനുവേണ്ടി തെറ്റായി ഉപയോഗിക്കുന്നു. ഇവിടെ മനുഷ്യജീവനാണ് വിലയില്ലാത്തത്. നിത്യോപയോഗ സാധനങ്ങൾക്ക് വില കൂടിക്കൊണ്ടിരിക്കുന്നു. റേഷൻ കടയിൽ അരിയില്ലല്ലോയെന്ന് കഴിഞ്ഞ ദിവസം ഭക്ഷ്യ വകുപ്പുമന്ത്രിയോട് പ്രതിപക്ഷ നേതാവ് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് അരിയില്ലാതെ ഞാനെന്ത് ചെയ്യും എന്നാണ്. കൊയ്ത നെല്ല് പാടത്തുനിന്ന് ശേഖരിക്കാതെ അത് പാടത്തുകിടന്ന് നശിച്ചുപോകുകയാണെന്ന് കൃഷി വകുപ്പുമന്ത്രിയോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് എന്തുചെയ്യാം നെല്ല് ശേഖരിക്കാൻ പണമില്ല അല്ലെങ്കിൽ എടുത്താൽ നെല്ലിന്റെ പണം കൊടുക്കാൻ കഴിയില്ല എന്നാണ്. നെല്ല് പാടത്തുകിടന്ന് നശിക്കുന്നു, റേഷൻ കടകളിൽ സാധാരണക്കാരന് അരിയില്ല. ഇതാണവസ്ഥ. അതുകൊണ്ട് ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഇവിടെ 16 ബഹുമാനപ്പെട്ട അംഗങ്ങൾ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പങ്കുകൊള്ളുകയുണ്ടായി. അവരിൽ ബഹുഭൂരിപക്ഷം അംഗങ്ങളും ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട കുറേയധികം കാര്യങ്ങൾ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ചിട്ടുണ്ട്. അവരോട് എല്ലാവരോടുമുള്ള എന്റെ നന്ദി ആദ്യമായി രേഖപ്പെടുത്തുകയാണ്. ഇവിടെ ഉയർന്നുവന്ന ചില വിമർശനങ്ങളെക്കുറിച്ചാണ് ഞാൻ ആദ്യം പറയാൻ ശ്രമിക്കുന്നത്. എഫ്.സി.ഐ.യിൽ നിന്ന് വിതരണം ചെയ്യുന്ന അരി ഏറ്റവും ഗുണമേന്മയുള്ള അരിയാണ്. ഏറ്റവും പുതിയ ക്രോപ് അരിയാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ആ അരി നമ്മുടെ ഗോഡൗണിൽ പരമാവധി ഒന്നര മാസമാണ് സൂക്ഷിക്കുന്നത്. അതിനപ്പുറമില്ല. നമ്മുടെ ഗോഡൗണിൽ ഒരു കാരണവശാലും കീടനാശിനി പ്രയോഗം നടത്തേണ്ട ആവശ്യമില്ല. അങ്ങനെ നടത്തുന്നുമില്ല. അതുകൊണ്ട് ആ ഭയപ്പാടൊന്നുമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. ഒരു ആക്ഷേപവും അതുസംബന്ധിച്ച് ഇതുവരെ ഉയർന്നുവന്നിട്ടില്ല. ആദ്യം വരുന്ന അരി ആദ്യം അയയ്ക്കുകയാണ്. ഈ മാസം അയയ്ക്കേണ്ട അരി തലേ മാസം എടുത്തുവയ്ക്കും. അത് ഈ മാസം തന്നെ എ.ആർ.ഡി.കളിൽ എത്തിക്കും. അതുകൊണ്ട് കൂടുതൽ മാസം ഇരുന്ന് കീടനാശിനി പ്രയോഗം നടത്തേണ്ട ഒരു

അവസ്ഥയും നമ്മുടെ ഗോഡൗണിലുണ്ടാകുന്നില്ല. ക്വാളിറ്റി കൺട്രോൾ വിഭാഗം നന്നായി പരിശോധിച്ചാണ് എഫ്.സി.ഐ.യിൽ നിന്ന് അരിയെടുക്കുന്നത്. അതുകൊണ്ട് അങ്ങനെയൊരു പ്രശ്നമുണ്ടായിട്ടുള്ളതായി ഒരിടത്ത് നിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ശ്രീ. അനിൽ അക്കരയ്ക്ക് വല്ലാത്ത ദുർഗന്ധം തോന്നിയെന്ന് പറഞ്ഞു. എന്താണ് കാര്യമെന്ന് എനിക്കറിയില്ല. ഇതിനുമുമ്പ് അദ്ദേഹം എന്നോട് പറഞ്ഞിട്ടില്ല. അങ്ങനെയൊരു പരാതി ആരോടും പറഞ്ഞതായിട്ടും അറിവില്ല. ഏതായാലും സംസ്ഥാനത്തെമ്പാടും വിതരണം ചെയ്യുന്നത് നല്ല ക്വാളിറ്റിയുള്ള അരിയാണ്. അത് സംബന്ധിച്ച് ഒരു പരാതിയും ഇതുവരെയുണ്ടായിട്ടില്ല. എൻ.എഫ്.എസ്.എ. പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ധാന്യം കിട്ടുന്നതിനെ സംബന്ധിച്ച് കേന്ദ്രത്തിൽ വേണ്ടത്ര ഇടപെടൽ നടത്താത്തതുകൊണ്ടാണ് വർദ്ധിപ്പിച്ച് കിട്ടാത്തതെന്ന് ശ്രീ. അനൂപ് ജേക്കബ് പറയുകയുണ്ടായി. ഈ പ്രശ്നം സംബന്ധിച്ച് ധാരാളം ചർച്ചകൾ നടത്തിയിട്ടുള്ളതാണ്. അതുകൊണ്ട് വിശദീകരണത്തിന്റെ കാര്യമില്ല. ഇവിടെ നിന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ഇതുസംബന്ധിച്ച് എത്രയോ തവണ ബന്ധപ്പെട്ടു. സംസ്ഥാനത്തിനുവേണ്ടി നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 14.25 ലക്ഷം മെട്രിക് ടൺ അല്ല നമുക്ക് 16 ലക്ഷം മെട്രിക് ടൺ എങ്കിലും കുറഞ്ഞത് കിട്ടണം. നേരത്തെ കിട്ടിക്കൊണ്ടിരുന്ന അളവിൽ അനുവദിക്കണമെന്ന ആവശ്യമാണ് ഞങ്ങൾ ഉന്നയിച്ചത്. നമ്മുടെ സംസ്ഥാനത്ത് മാത്രമാണ് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായമുണ്ടായിരുന്നത്. 22 ലക്ഷം മെട്രിക് ടൺ ധാന്യം വരെ നമുക്ക് കിട്ടിയ സന്ദർഭമുണ്ടായിട്ടുണ്ട്. അതാണ് കുറഞ്ഞ് കുറഞ്ഞ് 16 ലക്ഷം മെട്രിക് ടണ്ണിൽ എത്തിയത്. ഇപ്പോൾ എൻ.എഫ്.എസ്.എ. വന്നപ്പോൾ 14.25 ലക്ഷം മെട്രിക് ടണ്ണിലേയ്ക്കെത്തിയത്. കേന്ദ്രത്തിൽ ഇടപെട്ടപ്പോൾ എൻ.എഫ്.എസ്.എ. പ്രകാരമുള്ള ധാന്യവിതരണം നടത്തി മൂന്നുവർഷം കഴിഞ്ഞിട്ടേ അത് റിവ്യൂ ചെയ്യുകയുള്ളൂവെന്നാണ് കേന്ദ്രത്തിന്റെ അഭിപ്രായം. പാർലമെന്റ് 2013-ൽ എൻ.എഫ്.എസ്.എ. പാസ്സാക്കിയതാണ്. നമ്മൾ അന്ന് നടപ്പാക്കിയിരുന്നെങ്കിൽ 2016-ൽ റിവ്യൂ ചെയ്യുമായിരുന്നു. 2016-ലാണ് നമ്മൾ നടപ്പാക്കിയത്. 2019-ലേ അത് റിവ്യൂ ചെയ്യുകയുള്ളൂ എന്നാണ് കേന്ദ്രത്തിന്റെ അക്കാര്യത്തിലുള്ള ഉറച്ച നിലപാട്. അതുകൊണ്ട് 2019-ന് മുമ്പ് ഇക്കാര്യത്തിൽ ഒരു വർദ്ധനവുണ്ടാകാൻ പോകുന്നില്ലെന്നാണ് അവരുമായി ബന്ധപ്പെട്ട എല്ലാ സന്ദർഭങ്ങളിലും കേന്ദ്രം നമ്മളോട് ഖണ്ഡിതമായി പറഞ്ഞിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. അനിൽ അക്കര: സർ, വെയർഹൗസ് കോർപ്പറേഷനിലെ ഗോഡൗണുകളിലെ എലിയെ ഒഴിവാക്കാൻ ഞാൻ പറഞ്ഞ മാർഗ്ഗമല്ലാതെ എന്തു നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, വെയർഹൗസ് കോർപ്പറേഷന്റെ ഗോഡൗണിലെ കാര്യമാണോ ശ്രീ. അനിൽ അക്കര നേരത്തെ പറഞ്ഞത്? എലിയെ കൈകാര്യം ചെയ്യാൻ നമ്മുടെ മുന്നിൽ ധാരാളം മാർഗ്ഗങ്ങളുണ്ട്. വെയർഹൗസ് കോർപ്പറേഷന്റെ തന്നെ വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുള്ള പ്രധാനപ്പെട്ട ഒരു മയക്കു വെടിയുണ്ട്. അതാണ് കേരളം മുഴുവൻ ഇന്ന് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ശ്രീ. അനിൽ അക്കരയുടെ പ്രദേശത്ത് എലിയുടെ വല്ലാത്ത ശല്യമുണ്ടെങ്കിൽ അവിടെ മയക്കുവെടി നടത്താൻ വെയർഹൗസ് കോർപ്പറേഷനോട് പറയാം.

ഭക്ഷ്യവകുപ്പിന് അനുവദിച്ച പ്ലാൻ ഫണ്ട് വേണ്ടതുപോലെ വിനിയോഗിച്ചിട്ടില്ലെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് ശരിയല്ല. ഭക്ഷ്യവകുപ്പിന് ലഭിക്കുന്ന പണം മുഴുവൻ നോൺ പ്ലാനിലാണ്. 1665.55 കോടി രൂപയാണ് അനുവദിച്ചത്. ഇതുവരെ 1179.15 കോടി രൂപ ചെലവാക്കി. ബാക്കി മാർച്ച്, ഏപ്രിൽ മാസത്തേയ്ക്കുള്ള ധാന്യവിലയാണ്. ആ സമയമാകുമ്പോൾ 100 ശതമാനം തുകയും ചെലവഴിക്കപ്പെട്ടിരിക്കും. പ്ലാൻ ഫണ്ടിൽ ലഭിച്ചത് 130 കോടി രൂപയാണ്. അത് ഏറെയും എൻ.എഫ്.എസ്.എ. നടപ്പാക്കാൻ വേണ്ടിയാണ്. ഇ-പോസ് മെഷീൻ, കമ്പ്യൂട്ടർവത്കരണം ഉൾപ്പെടെ നടത്താൻ നമുക്ക് അനുവദിച്ച ഫണ്ടാണ്. എൻ.എഫ്.എസ്.എ. പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി. ഇ-പോസ് മെഷീനുകൾ വാങ്ങിച്ചിരിക്കുകയാണ്. അതിന്റെ വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് ആയിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഏതാണ്ട് 70 ശതമാനത്തിനു മേൽ വിനിയോഗം അക്കാര്യത്തിലുണ്ടാകും. ബാക്കി ഗോഡൗൺ നിർമ്മാണത്തിനു വേണ്ടിയിട്ടുള്ള ഫണ്ടാണ്. ഗോഡൗൺ നിർമ്മിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. അതാണ് ബാലൻസ് വരുന്ന തുക. നോൺ പ്ലാൻ ഫണ്ടിൽ 100 ശതമാനം വിനിയോഗമുണ്ടാകും. പ്ലാൻ ഫണ്ടിൽ 70 ശതമാനം വിനിയോഗമുണ്ടാകും. അതിലൊന്നും ഒരു വീഴ്ചയുണ്ടായിട്ടില്ല എന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. അനിൽ അക്കര പറഞ്ഞ മറ്റൊരു കാര്യം, കൃത്യമായി ധാന്യം വിതരണം ചെയ്തിരുന്നുവെങ്കിൽ മധു മരിക്കില്ലായിരുന്നു എന്നാണ്. സിവിൽ സപ്ലൈസിന്റെ ഭാഗത്തുനിന്ന് അക്കാര്യത്തിൽ ഒരു വീഴ്ചയുമുണ്ടായിട്ടില്ല. മധുവിന്റെ കുടുംബം എ.എ.വൈ. വിഭാഗത്തിൽപ്പെട്ടതാണ്. അദ്ദേഹത്തിന്റെ അമ്മ മല്ലിക കുടുംബനാഥയായിട്ടുള്ള ആ കുടുംബം എല്ലാ മാസവും 35 കിലോഗ്രാം ധാന്യം വാങ്ങിയിട്ടുണ്ട്. മധു മരിച്ച മാസവും 35 കിലോഗ്രാം ധാന്യം വാങ്ങിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൻ അവിടെ പ്രവർത്തിക്കുന്നുണ്ട്. അതിലേയ്ക്കാവശ്യപ്പെട്ട മുഴുവൻ പലവ്യഞ്ജനങ്ങളും സപ്ലൈകോ ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണ്.

അതിലൊന്നും സപ്ലൈകോ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. അവിടെ സപ്ലൈകോയും സിവിൽ സപ്ലൈസ് വകുപ്പും ആ കാര്യങ്ങളെല്ലാം കൃത്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാലും ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ നമ്മുടെ മുമ്പിൽ വളരെ ഗൗരവമായി ഉയർന്നുവരുന്നുണ്ട്. ഏതാനും ദിവസങ്ങൾക്കുമുമ്പാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുകൂട്ടി ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ തീരുമാനമെടുത്തത്. അതിന് നമ്മുടെ മുമ്പിൽ ചില എക്സ്പീരിയൻസുകളുണ്ട്. അതാണ് ഇവിടെ ശ്രീ. കെ. രാജൻ, എം.എൽ.എ. ചൂണ്ടിക്കാണിച്ചത്. മാസങ്ങൾക്കുമുമ്പാണ് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വളരെ വിദൂരത്തുള്ള മലമുകളിലുള്ള ആ ആദിവാസി ഊരുകളിലേയ്ക്ക് ധാന്യമെത്തിക്കാനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി. വനം വകുപ്പിന്റെ സഹായത്തോടെ ഞങ്ങൾ അത് നന്നായി നടപ്പാക്കുകയുണ്ടായി. ആ പദ്ധതി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ. പറഞ്ഞ കാര്യങ്ങളും പൂർത്തിയാക്കി. അതിന്റെ ഉദ്ഘാടനച്ചടങ്ങ് നടത്തിയാൽ മതി. ആ പദ്ധതി അവിടെയും ഭംഗിയായി നടക്കും. ആ ഒരു എക്സ്പീരിയൻസാണ് സംസ്ഥാനത്തെ മുഴുവൻ ഊരുകളിലുമുള്ളത്. നൂറുക്കണക്കിന് ഊരുകളിലുള്ള രണ്ടുലക്ഷത്തോളം വരുന്ന ആദിവാസികൾക്ക് കൃത്യമായി സർക്കാർ നൽകുന്ന ധാന്യം എത്തിച്ച് വിതരണം ചെയ്യും. അതോടൊപ്പം ചോളം, ചാമ എന്നിവയും അവരുടെ പരമ്പരാഗത ഭക്ഷ്യവസ്തുക്കളും വാങ്ങിനൽകാനും ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഒരു കാരണവശാലും ഭക്ഷണമില്ലാത്തതിന്റെ പേരിൽ ആദിവാസികൾക്ക് ഒരു പ്രയാസവുമുണ്ടാകരുത് എന്ന തീരുമാനമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതനുസരിച്ചുള്ള കാര്യങ്ങൾ വളരെ വിജയകരമായി മുന്നോട്ടുപോകുക തന്നെ ചെയ്യും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു പ്രധാനപ്പെട്ട കാര്യം, നെല്ല് സംഭരണം നടത്തുന്ന സ്ഥലങ്ങളിൽ കർഷകരെ ചൂഷണം ചെയ്യുന്ന അവസ്ഥയാണിപ്പോഴുള്ളത്. മില്ലുടമകളെ സഹായിക്കുന്ന നിലപാടാണ് സപ്ലൈകോ കാണിക്കുന്നത്. നെല്ല് ചാക്കിലാക്കുന്നതിനും തൂക്കം നോക്കുന്നതിനുമൊക്കെ 37 പൈസ സർക്കാർ മില്ലുടമകൾക്ക് നൽകുന്നുണ്ട്. എന്നാൽ അവരാരും ഈ ജോലി ചെയ്യാതെ കർഷകരെക്കൊണ്ട് ചെയ്യിക്കുകയാണ്. കർഷകർ ഈ ജോലി ചെയ്തില്ലെങ്കിൽ നെല്ല് സംഭരിക്കില്ല എന്നുള്ള ഭീഷണി വരെ മില്ലുടമകൾ മുഴക്കുകയാണ്. കേന്ദ്ര ഗവൺമെന്റാണെങ്കിൽ 80 പൈസ കൂട്ടി. സംസ്ഥാന ഗവൺമെന്റ് ഒരു പൈസ കൂട്ടിയിട്ടുമില്ല. കർഷകർക്ക് ഈ പണം കിട്ടുന്നില്ല. കർഷകർക്ക് തന്റെ നെല്ല് വാഹനമെത്തുന്ന സ്ഥലത്ത് എത്തിക്കുന്ന ജോലിയാണ് ഇവിടെയുള്ളത്. പാലക്കാടിലെ പ്രത്യേകിച്ച് കോൾനില കർഷകരാണ് ഇതിനകത്ത് ഏറ്റവും വലിയ പ്രശ്നം നേരിട്ടുകൊണ്ടിരിക്കുന്നത്. അത് അടിയന്തരമായി നിർത്താനുള്ള നടപടി സ്വീകരിക്കുമോ?

3.00 PM]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സഹകരണമേഖല അതിശക്തമായ ഇടപെടലുകളാണ് ഇപ്പോൾ നടത്താൻ പോകുന്നത്. കൃഷിക്കാർ യഥാസമയം നെല്ല് സഹകരണ മേഖലയ്ക്ക് കൊടുത്താൽ അപ്പോൾത്തന്നെ പണം കൊടുക്കും. പണം കൊടുക്കുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല. മാത്രമല്ല, മില്ല് സ്ഥാപിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനവും സഹകരണ മേഖലയിൽ ഏർപ്പെടുത്താൻ പോകുകയാണ്. അതിന്റെ ഭാഗമായി ഈ പ്രശ്നം പരിഹരിക്കപ്പെടും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ പാലക്കാട് ജില്ലയിലാണ് ഈ പ്രശ്നമുണ്ടായത്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സംവിധാനത്തിലേയ്ക്ക് കേരളത്തിലെ സഹകരണ മേഖല പോയത്.

ശ്രീ. പി. തിലോത്തമൻ: സർ, കൈകാര്യ ചെലവിന്റെ കാര്യത്തിലുള്ള തർക്കമുള്ളത് തൃശ്ശൂരാണ്. പാലക്കാടും മറ്റ് പ്രദേശങ്ങളിലും ആ വിഷയമില്ല. തൃശ്ശൂരിൽ നെല്ല് ചാക്കിലാക്കുന്നതിനും ചാക്ക് തുന്നിക്കെട്ടുന്നതിനും കയറ്റുന്നതിനും നേരത്തെ അവർക്ക് പൈസ കൊടുത്തിരുന്നു. എന്തായാലും സപ്ലൈകോ ഉണ്ടാക്കിയ കരാറിൽ ഒരു ക്വിന്റൽ നെല്ല് ലോഡ് ചെയ്യുന്നതിന് 12 രൂപ വച്ച് സംഭരണകാലം മുതൽ കൊടുത്തുകൊണ്ടിരുന്നതിൽ വർദ്ധനവില്ല. ഇപ്പോഴും അതുതന്നെ തുടരുന്നു. അതാണ് പല സന്ദർഭങ്ങളിലും ചർച്ച ചെയ്യുമ്പോൾ ഉയർന്നുവന്നിട്ടുള്ള വിഷയം. ഏതായാലും ആ തുക വർദ്ധിപ്പിച്ചുകൊടുക്കാൻ മില്ലുടമകൾ തയ്യാറല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് 138 രൂപ എന്നുള്ളത് 190 രൂപയാക്കി വർദ്ധിപ്പിച്ചത്. പക്ഷേ അത് കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അത് കൊടുക്കാൻ തീരുമാനിച്ചത്. ആ സന്ദർഭത്തിലും കൃഷിക്കാർക്ക് അട്ടിക്കൂലിയിൽ വർദ്ധനവ് വേണമെന്ന ആവശ്യം ഉയർന്നുവരികയുണ്ടായി. എന്നാൽ അതിനോട് ഒട്ടും യോജിക്കാൻ തയ്യാറായില്ല. സംഭരണം തന്നെ കുഴപ്പത്തിലാകുമെന്ന സ്ഥിതി വന്നപ്പോഴാണ് ഇത്തവണ ഇത് തുടരട്ടെയെന്ന് പറഞ്ഞത്. ഇപ്രാവശ്യവും ആ വിഷയം വളരെ ഗൗരവത്തോടെ നിൽക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ കൃഷിക്കാരാണ് അത് ഏറ്റവും ശക്തിയായി ഉന്നയിക്കുന്നത്. ഏതായാലും കഴിഞ്ഞ ദിവസം ആ വിഷയത്തിന്മേൽ ഇവിടെ സബ്മിഷൻ വന്നു. അവർക്ക് എങ്ങനെ ആ തുക വർദ്ധിപ്പിച്ച് കൊടുക്കാൻ കഴിയുമെന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ സംഭരണ വിലയിൽ 80 പൈസ വർദ്ധിപ്പിക്കുകയും ഒരാഴ്ച കഴിഞ്ഞപ്പോൾ നെല്ലിന്റെ പ്രോസസ്സിംഗ് ചാർജ് ഉൾപ്പെടെയുള്ള വിലയിൽ ഒരു കിലോയ്ക്ക് 2 രൂപയിൽ ചില്വാനം കുറയ്ക്കുകയും ചെയ്തു. അതാണ് ഇപ്പോഴത്തെ സ്ഥിതി. കേന്ദ്ര ഗവൺമെന്റ് 80 പൈസ കൂട്ടിയിട്ട് അതിനേക്കാൾ മൂന്നിരട്ടി ഇപ്പോൾ കുറച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള പ്രയാസകരമായ കാര്യം ഉണ്ടെന്നുള്ളത് അങ്ങ് മനസ്സിലാക്കണം.

ഇവിടെ നെല്ലിന് വില കിട്ടുന്നില്ല, പാടത്ത് കിടന്ന് കരിയുന്നു എന്നൊക്കെ പറയുന്നത് കേട്ടു. ഇപ്പോൾ അങ്ങനെയുള്ള സ്ഥിതിയൊന്നുമില്ല. സർക്കാർ ഈ സീസണിലെ 19,96,64,000 (പത്തൊൻപത് കോടി തൊണ്ണൂറ്റിയാറ് ലക്ഷത്തി അറുപത്തിനാലായിരം) ക്വിന്റൽ നെല്ല് എടുത്തു. അതിന്റെ 465,21,71,200 (നാനൂറ്റി അറുപത്തിയഞ്ച് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുനൂറ്) രൂപയിൽ 323,17,29,579 (മുന്നൂറ്റി ഇരുപത്തിമൂന്ന് കോടി പതിനേഴ് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊൻപത്) രൂപയും സർക്കാർ കൊടുത്തു. ബാക്കിയാണ് ഇനി കൊടുക്കാനുള്ളത്. ജനുവരി 31 വരെയുള്ളത്, വായ്പ എടുത്തവർക്കും അല്ലാത്തവർക്കും, പൂർണ്ണമായും കൊടുക്കാനുള്ള ഫണ്ട് ഇപ്പോൾ ഗവൺമെന്റിലുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഗുണമേന്മക്കുറവെന്ന് പറഞ്ഞ് നെല്ല് എടുക്കാത്തതാണ് അപ്പർ കുട്ടനാട് നേരിടുന്ന പ്രശ്നം. പ്രത്യേകിച്ച് കരിനില കർഷകർ ഉൾപ്പെടെയുള്ള മേഖലയിൽ അത് വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ഈർപ്പമുണ്ടെന്ന് പറഞ്ഞ് നെല്ല് എടുക്കില്ല. മില്ലുടമകൾ കാണിക്കുന്ന ഈ വാശി കാരണം കർഷകർക്ക് നെല്ല് വിൽപ്പന നടത്താൻ കഴിയാത്ത അവസ്ഥയുണ്ടെന്നുള്ളത് അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ നേരിട്ട് ആദ്യവസാനം അവിടെ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന ആളാണ്. നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നെല്ലിൽ ഏറ്റവും ഗുണമേന്മയുള്ളത് പാലക്കാട്ടെയും കുട്ടനാട്ടിലെ കായൽ നിലങ്ങളിലെയും നെല്ലാണ്. അപ്പർ കുട്ടനാട്ടിലും കരിനിലങ്ങളിലും ഉല്പാദിപ്പിക്കുന്ന നെല്ല് ഗുണനിലവാരം കുറഞ്ഞതാണ്. ആ യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. നമ്മൾ കൃഷിക്കാർക്കുവേണ്ടി നിൽക്കുന്നവരാണ്. അവർക്ക് എന്ത് നേട്ടമുണ്ടാക്കി ക്കൊടുക്കാനും എല്ലാ അർത്ഥത്തിലും പട പൊരുതുന്നവരാണ്. കോട്ടയം മേഖലയിൽ ഉല്പാദിപ്പിച്ച പ്രത്യേകിച്ച് കല്ലറയിലെ നെല്ലാണ് ദിവസങ്ങളായി അവിടെ കിടന്നത്. ശ്രീമതി സി. കെ. ആശ ഇവിടെയുണ്ട്. അവർക്ക് നേരിട്ട് ബോദ്ധ്യപ്പെട്ട കാര്യമാണ്. അത് സംഭരിക്കാൻ വേണ്ട മുഴുവൻ കാര്യങ്ങളും ചെയ്തു.

ഏറ്റവും ഒടുവിൽ വെച്ചൂരിലെ മോഡേൺ റൈസ് മില്ലിന്റെ എം.ഡി.യോട് ആ നെല്ല് എടുക്കണമെന്ന് ഞാൻ പറഞ്ഞു. കുട്ടനാട്ടിലെ കായൽ നിലങ്ങളിലെ നെല്ലുകൂടി അവർക്ക് കൊടുക്കാമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ആ നെല്ല് എടുക്കാൻ പറഞ്ഞത്. അവർ ചെന്നിട്ട് 10 കിലോ ഇളവ് കൊടുക്കണമെന്ന് പറഞ്ഞു. അങ്ങനെ 10 കിലോ ഇളവ് കൊടുക്കണമെന്ന് പറയുമ്പോഴും ആ നാല് പാടശേഖരങ്ങളിലെ നെല്ല് എടുത്താൽ 55 ലക്ഷം രൂപയുടെ നഷ്ടമുണ്ടാകുമെന്നും 50 കിലോ മാത്രമേ കിട്ടുകയുള്ളുവെന്നുമാണ് എം.ഡി. എന്നോട് പറഞ്ഞത്. അതുകഴിഞ്ഞ് ഞങ്ങൾ 8 കിലോ ഇളവിൽ നെല്ല് വേറെ മില്ലുകാരെക്കൊണ്ട് എടുപ്പിച്ചു. നല്ല നെല്ലിന് പ്രശ്നമില്ല. നെല്ലെടുക്കുമ്പോൾ അതിലെ പതിരിന്റെ അളവ് 3 ശതമാനമാകാം. അരിയെടുക്കുമ്പോൾ ഡിസ്കളേഡ് അരി 5 ശതമാനമാകാം. അവിടത്തെ കരിവൽ നെല്ലിന്റെ അളവ് വളരെ കൂടുതലാണ്. ഇതെല്ലാം വച്ചുകൊണ്ട് കൃത്യമായൊരു മാനദണ്ഡം പറഞ്ഞ് പൊതുവിൽ അംഗീകരിപ്പിച്ചിട്ടും അവിടെ പ്രശ്നങ്ങളാണ്. കൃഷിക്കാരുടെയും മില്ലുടമകളുടെയും ഭാഗത്ത് പ്രശ്നങ്ങളുണ്ട്. മില്ലുടമകളുടെ കടുംപിടിത്തമുണ്ട്. കൃഷിക്കാർ നെല്ല് പാറ്റി വൃത്തിയാക്കി കൊടുക്കുകയില്ല. അതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. മുമ്പ് പാടത്ത് കൊയ്യുന്ന നെല്ലിന്റെ കറ്റ അഞ്ചാറ് ദിവസം പാടവരമ്പിലിരിക്കും. അതുകഴിഞ്ഞ് കളത്തിൽ കൊണ്ടുപോയി മെതിക്കും. അത് പാറ്റി നെല്ലുമായി വീട്ടിൽ പോകും. ഇന്ന് അതല്ല നടക്കുന്നത്. ഏത് പ്രതികൂല കാലാവസ്ഥയിലും ഇന്ന് യന്ത്രം കൊയ്യുകയാണ്. യന്ത്രം കൊയ്ത്, നെല്ലെടുത്ത്, ക്ലീൻ ചെയ്യാതെ അപ്പോൾത്തന്നെ ചാക്കിലേയ്ക്ക് കയറ്റുകയാണ്. ആ പതിരുൾപ്പെടെ തൂക്കം കൊടുക്കണമെന്ന് പറയുമ്പോഴാണ് വിഷയം വരുന്നത്. അതുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടുകൂടി നമ്മൾ ആ പ്രശ്നത്തെ സമീപിക്കണം. ഒരിക്കലും കൃഷിക്കാർ വഞ്ചിതരാകരുത്. എന്നാൽ മില്ലുകാർക്കും ദോഷമുണ്ടാകരുത്. കാരണം മില്ലുകാർ ഒരു ക്വിന്റൽ നെല്ല് സംഭരിച്ചാൽ 68 കിലോ അരി ഇങ്ങോട്ട് തരണം. 68 കിലോ അരി തന്നാൽ അത് പി.ഡി.എസ്. (Public Distribution System) വഴി പാവങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഇതിനുമുമ്പ് ആരും ഇത് ശ്രദ്ധിക്കുമായിരുന്നില്ല. അതുകൊണ്ട് ഈ അരിയുടെ ക്വാളിറ്റി നോക്കുകയില്ല. റേഷൻ കടക്കാരന് ഏതെങ്കിലും അരി കിട്ടിയാൽ മതി. അദ്ദേഹം കട തുറക്കുമ്പോൾ പാവപ്പെട്ട ആളുകൾ റേഷൻ വാങ്ങാൻ ചെന്നാൽ ആ അരിയുടെ ദുർഗന്ധം കടയിൽ മാത്രമല്ല ആ താലൂക്കിലൊട്ടാകെ അടിക്കും. അതുകൊണ്ട് ഒരു റേഷൻ കടയിലും പിന്നെ ആളുകൾ അരി വാങ്ങാൻ പോകില്ല. ആ അരി വീണ്ടും ബ്ലാക്ക് മാർക്കറ്റിലെത്തും. അവിടെ നിന്ന് നേരെ മില്ലുകാരുടെ അടുത്ത് ചെല്ലും. അവിടെ നിന്ന് വീണ്ടും റേഷൻ കടയിൽ വരും. ഇതിങ്ങനെ കറങ്ങിക്കൊണ്ടിരിക്കും. ഇങ്ങനെ നാലഞ്ച് പ്രാവശ്യം കഴിയുമ്പോൾ കോഴിത്തീറ്റയ്ക്കോ താറാവ് തീറ്റയ്ക്കോ കൊടുത്ത് അവിടെ

അവസാനിപ്പിക്കും. ഈ വൃത്തികെട്ട, അഴിമതിയുടെ ചെളിക്കുണ്ടിലായ ആ ഇടപാടിനെയാണ് നമ്മൾ അവസാനിപ്പിക്കാൻ ശ്രമിക്കുന്നത്. അപ്പോൾ പ്രശ്നങ്ങളുണ്ടായി. അരിയുടെ ക്വാളിറ്റിയിൽ പിടിച്ചു. നമ്മൾ കൊടുക്കുന്ന നെല്ലിന്റെ അരി വേണമെന്ന് പറഞ്ഞു. അങ്ങനെയല്ലാത്ത അരി റിജക്ട് ചെയ്തു. നിരവധി മില്ലുകൾ റെയ്ഡ് ചെയ്ത് ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി. അപ്പോഴാണ് പ്രശ്നം വന്നത്. അപ്പോൾ അവർ നെല്ലിന്റെ ക്വാളിറ്റിയിൽ നിർബന്ധം പിടിച്ചു. നമുക്ക് സ്വന്തമായി മില്ല് ഇല്ലെന്നുള്ള കാര്യം മനസ്സിലാക്കണം. സ്വകാര്യ മേഖലയിലെ മില്ലുകളെ ആശ്രയിച്ചാണ് ഇപ്പോഴത്തെ നെല്ല് സംഭരണം നടത്തുന്നത്. എന്നാലും അതിലെല്ലാം ഫലപ്രദമായി ഇടപെട്ടുകൊണ്ട് ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും നേതാക്കളുടെയും പിന്തുണയോടെ വളരെ ഫലപ്രദമായി വലിയ പ്രയാസങ്ങൾ സഹിച്ചാണ് ഇപ്പോൾ നെല്ല് സംഭരണത്തിലൂടെ മുന്നോട്ടുപോകുന്നത്. ഇപ്പോൾ ആ വിഷയങ്ങളൊക്കെ അവസാനിച്ച് വളരെ ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു എന്നാണ് എല്ലായിടത്തുനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ.

അന്നപൂർണ്ണ പദ്ധതിയിലെ ചെലവുകൾ ചെയ്തില്ലെന്ന് പറഞ്ഞത് ശരിയാണ്. അതിന്റെ കുറവുണ്ട്. അന്നപൂർണ്ണ പദ്ധതി അനുസരിച്ച് ഒരു പെൻഷനും ലഭിക്കാത്ത നിർദ്ധനരായവർക്കാണ് 10 കിലോ അരി സൗജന്യമായി കൊടുക്കേണ്ടത്. അതിൽ കേന്ദ്ര ഗവൺമെന്റിന്റെ 80 ശതമാനവും സംസ്ഥാന ഗവൺമെന്റിന്റെ 20 ശതമാനവും തുകയാണ് ഈ പദ്ധതിക്കായി ഉള്ളത്. അത് നമുക്ക് പൂർണ്ണമായി ചെലവഴിക്കാൻ കഴിയുന്നില്ല. അതിലെ അപേക്ഷകർ കുറവാണ്. നമ്മുടെ ജനപ്രതിനിധികൾ ആ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസുവഴി കൊടുത്താൽ തീർച്ചയായും അക്കാര്യത്തിലുള്ള സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയും.

റേഷൻ വ്യാപാരികൾ സമരത്തിലേയ്ക്ക് പോകുന്നു; അങ്ങനെ നിരവധി വിഷയങ്ങളുണ്ട്. ഏതായാലും ബഹുമാന്യരായ അംഗങ്ങളെല്ലാം മനസ്സിലാക്കേണ്ട ഒരു കാര്യം, നമ്മൾ നിലവിലുണ്ടായിരുന്ന സിസ്റ്റത്തിൽ നിന്ന് പുതിയ സിസ്റ്റത്തിലേയ്ക്ക് മാറുകയാണ്. വാതിൽപ്പടി വിതരണം, എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ അവസാന ഭാഗമായ ഇ-പോസ് മെഷീനിലേയ്ക്ക് പോകുകയാണ്. റേഷൻ കടക്കാർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ പരിശീലനത്തിൽ പങ്കെടുക്കുന്നു എന്നല്ലാതെ ചിലയിടത്ത് മെഷീൻ വാങ്ങുന്നില്ല. മെഷീൻ വാങ്ങാത്തതിന് ഓരോരോ തടസ്സങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാലും നമ്മൾ മുന്നോട്ടുപോകുകയാണ്. മെഷീൻ വാങ്ങാത്തതിന് പറയുന്ന കാര്യം ഞങ്ങൾക്ക് കൃത്യമായി ലൂക്കം കിട്ടുന്നില്ല എന്നാണ്. ചിലയിടത്ത് അത് വസ്തുതയാണ്. ഞങ്ങൾ

നിരവധി വിഷയങ്ങളിൽ ഇടപെട്ട് നടപടിയെടുത്തിട്ടുണ്ട്. നമ്മുടെ ഗോഡൗണുകൾ കൈകാര്യം ചെയ്യുന്നവരുടെ കുഴപ്പവും ചുമട്ട് തൊഴിലാളികളുമെല്ലാം കൂടി ചേർന്നുള്ള കാര്യമാണ്. തൂക്കിക്കൊടുക്കാൻ ചിലയിടത്ത് തയ്യാറാകുന്നില്ല. ചിലയിടത്ത് ചാക്കിൽ നിന്ന് കുത്തിയെടുക്കുന്നു. ആ പ്രശ്നം ഇവിടെ പറഞ്ഞത് ശരിയാണ്. ഞങ്ങൾ അതിലെല്ലാം കൃത്യമായി ഇടപെട്ട് കർശനമായി നടപടിയെടുത്ത് മുന്നോട്ടുപോകാൻ ശ്രമിക്കുകയാണ്. കൃത്യം തൂക്കം കൊടുക്കാൻ വേറൊരു മാർഗ്ഗവുമില്ല. ഗോഡൗണിൽ നിന്ന് തൂക്കിക്കൊണ്ടുപോരുക, റേഷൻ കടകളിലും തൂക്കം ഉറപ്പാക്കിക്കൊടുക്കുക. വേയിംഗ് മെഷീനുമായിട്ട് പോയി കടകൾക്ക് മുന്നിൽവച്ച് തൂക്കി നൽകണം എന്ന നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇനി ആ വിഷയത്തിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിൽനിന്നും പിറകോട്ടുപോകാൻ ഒരിക്കലും അനുവദിക്കാത്തവണ്ണം ആ കുറവുകളും പരിഹരിച്ചുകൊണ്ടുള്ള ഒരു വിതരണക്രമത്തിലേയ്ക്ക് പോകുകയാണ്. നമ്മുടെ പ്രിയങ്കരരായ എം.എൽ.എ.മാർ അവരവരുടെ പ്രദേശങ്ങളിൽ ഇടപെടണം. കാലങ്ങളായി നിലനിന്ന ഈ സമ്പ്രദായത്തിന് പകരം എൻ.എഫ്.എസ്.എ. പ്രകാരം വന്ന ഈ പുതിയ സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോഴുണ്ടാകുന്ന പ്രയാസം മനസ്സിലാക്കണം. റേഷൻ കടക്കാർക്കുള്ള ആശങ്ക, നാം ഒഴിവാക്കിയ 333-ൽപ്പരം വരുന്ന എ.ഡബ്ല്യൂ.ഡി.-ക്കാരുടെ പുറത്തുനിന്നുള്ള ഉപദ്രവം, മറ്റ് ആളുകളുടെ ഇടപെടലുകൾ എല്ലാംകൂടി ചേർന്നാണ് നമുക്ക് പ്രയാസമുണ്ടാക്കുന്നത്. എന്നാലും 4000-ത്തിലധികം മെഷീനുകൾ ഇന്നലെ റേഷൻ കടകളിൽ സ്ഥാപിച്ചു. 14,461 റേഷൻ കടകളാണ് സംസ്ഥാനത്തൊട്ടാകെ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 10,000 റേഷൻ കടകളിൽക്കൂടി ഈ മെഷീൻ സ്ഥാപിക്കേണ്ടതുണ്ട്. ആ പ്രവർത്തനങ്ങൾ ഷെഡ്യൂൾ ചെയ്ത് അതനുസരിച്ച് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

മണ്ണെണ്ണ വിഹിതം കേന്ദ്രം ധാരാളമായി വെട്ടിക്കുറച്ചതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കിട്ടിയ മണ്ണെണ്ണയുടെ 52 ശതമാനം മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. ഇവിടെ കേന്ദ്രം പറയുന്ന കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ പറഞ്ഞു. അരലിറ്റർ മണ്ണെണ്ണയല്ലേ കിട്ടുന്നുള്ളൂ, എന്നുവച്ചാൽ കേന്ദ്രം അതേ തരുന്നുള്ളൂ. ഇലക്ട്രിഫൈഡ് ഭവനങ്ങളിൽ അരലിറ്റർ മണ്ണെണ്ണ, നോൺ ഇലക്ട്രിഫൈഡ് ഭവനങ്ങളിൽ 4 ലിറ്റർ മണ്ണെണ്ണ അത്രയേ തരുന്നുള്ളൂ. എന്നാലും ഇപ്രകാരം നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ഒരു ചെറിയ പങ്ക് 3,177 കിലോ ലിറ്റർ മണ്ണെണ്ണ നീക്കിവയ്ക്കുന്നുണ്ട്. സ്ഥാപനങ്ങൾക്ക് 19 കിലോ ലിറ്റർ, കൃഷി ആവശ്യത്തിന് 39 കിലോ ലിറ്റർ എന്ന രീതിയിൽ മണ്ണെണ്ണ കൊടുക്കുന്നുണ്ട്. നമുക്ക് അത്രയേ കൊടുക്കാനുള്ളൂ. നമ്മൾ പലവിധത്തിലും അപേക്ഷ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഓപ്പൺ മാർക്കറ്റ് റേറ്റിൽ ലഭിക്കാനായി നിവേദനം കൊടുത്തിരിക്കുകയാണ്. ഏതായാലും മണ്ണെണ്ണയുടെ കാര്യം ഇതാണ്.

പഞ്ചസാര പരിപൂർണ്ണമായി നിർത്തിയതുപോലെയായി. എ.എ.വൈ.കാർക്ക് പഞ്ചസാര തരാമെന്ന് പറഞ്ഞിട്ട് ഇതുവരെ ഒരുതരി പഞ്ചസാര തന്നിട്ടില്ല. കേന്ദ്രത്തിന്റെ സമീപനം അതാണ്. അത് നമ്മൾ മനസ്സിലാക്കണം. ഇന്നലെ ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവും ഇന്ന് ശ്രീ. അനൂപ് ജേക്കബും എ.പി.എൽ.കാർക്ക് ഒന്നരക്കിലോ അരി, ഒരു കിലോ അരി അങ്ങനെയൊക്കെയേ കൊടുക്കുന്നുള്ളൂവെന്ന് പറഞ്ഞു. കേന്ദ്രത്തിൽ നിന്നുള്ള അലോട്ടുമെന്റ് മുൻഗണനാ വിഭാഗത്തിന് പത്തേകാൽ ലക്ഷമാണ്. നാലുലക്ഷം എന്നുപറയുന്നത് ടൈഡ് ഓവർ അലോട്ടുമെന്റാണ്. ആ നാലുലക്ഷം പങ്കുവച്ച് എ.പി.എൽ. വിഭാഗത്തിൽ മുൻഗണനേതര പട്ടികയിൽ 121 ലക്ഷം നമ്മൾ സെലക്ട് ചെയ്തിട്ട് ഒരാൾക്ക് രണ്ടുകിലോ ധാന്യം എന്നതുപ്രകാരം കൊടുക്കുകയാണ്. അതുകഴിഞ്ഞാൽ പിന്നെ 65 ലക്ഷം ആളുകളുണ്ട്. അവർക്ക് കൊടുക്കാൻ 30,000 ടൺ ധാന്യമേ നമ്മുടെ കയ്യിലുള്ളൂ. അതു പങ്കുവയ്ക്കുമ്പോൾ ഒരു കിലോ അരിയും ഒരു കിലോ ഗോതമ്പും മാത്രമേ കൊടുക്കാനുള്ളൂ. നമ്മൾ അതിനേക്കാൾ കൂടുതൽ കൊടുത്തു. ഇപ്പോൾ രണ്ടുകിലോ ആട്ട മാവും കൊടുക്കുന്നുണ്ട്. ഞങ്ങൾ വിചാരിക്കുന്നത് എൻ.എഫ്.എസ്.എ. പ്രകാരമുള്ള ഈ കടമ്പകളെല്ലാം പൂർത്തിയായി ക്കഴിയുമ്പോൾ കുറച്ച് അരി മിച്ചം വരാൻ സാധ്യതയുണ്ട്. അത് ടി വിഭാഗത്തിന് കൊടുക്കുന്ന അളവിൽ വർദ്ധനവുണ്ടാക്കാൻ കഴിയുന്നതാണ്. അങ്ങനെ യാകുമ്പോൾ നൂറു ശതമാനം കൺസംപ്ഷൻ ആകും. അത് നിശ്ചയിച്ച് കൊടുക്കുമ്പോൾ റേഷൻ കടയിൽ പോയി ധാന്യം വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കുകയും വേണം. നമ്മുടെ പ്രയോറിറ്റി ലിസ്റ്റിൽ ആളുകൾക്ക് നൽകേണ്ട പത്തേകാൽ ലക്ഷം ടൺ അരിയിൽ മിച്ചം വന്നാൽ ഇപ്പോഴത്തെ പുതിയ സമ്പ്രദായമനുസരിച്ച് അത് കേന്ദ്രത്തിന് ബോദ്ധ്യമാകും. അവർക്ക് നമ്മൾ അറിയിപ്പ് കൊടുക്കേണ്ടതില്ല. അവർക്ക് നേരിട്ട് മനസ്സിലാകും. അത് നമ്മുടെ അലോട്ടുമെന്റിൽ കുറയാൻ സാധ്യതയുണ്ട്. അതുകൊണ്ട് മുഴുവൻ ധാന്യവും വാങ്ങാൻ പ്രേരിപ്പിക്കേണ്ട ഉത്തരവാദിത്വവും നമ്മുടെ ചുമലിൽ വരികയാണ്.

വിലക്കയറ്റത്തെപ്പറ്റി ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നല്ല ഇടപെടലാണ് അക്കാര്യത്തിൽ നടത്തിയിട്ടുള്ളത്. 13 ഇനം സബ്സിഡി ഉല്പന്നങ്ങൾക്ക് ഒരിക്കലും വില വർദ്ധിപ്പിക്കാതിരിക്കാനുള്ള തീരുമാനമെടുത്തു. അത് അക്ഷരാർത്ഥത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു കാരണവശാലും അതിൽനിന്ന് പുറകോട്ടുപോകുന്ന പ്രശ്നമില്ല. ബഡ്ജറ്റിൽ 150 കോടി രൂപ മാറ്റിവച്ചത് ധനകാര്യ വകുപ്പുമന്ത്രി തന്നെ നേരത്തെ ഇവിടെ സഭയിൽ പറഞ്ഞതാണ്. അതുപോലെ വളരെ പോസിറ്റീവായിട്ടുള്ള നിലപാടാണ് ഇപ്പോൾ വിഷയനിർണ്ണയ സമിതിയുടെ നിർദ്ദേശങ്ങളോടും ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ട്രൈബൽ മേഖലയിലുള്ള മാവേലി സ്റ്റോറുകളിൽ റാഗിയുടെ വിതരണം ഇപ്പോൾ നടക്കുന്നില്ല. അത് പുന:സ്ഥാപിക്കാൻ ഗവൺമെന്റിന് ആലോചനയുണ്ടോ; അത് ലഭ്യമല്ലായെന്നുള്ളത് ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാന്യനായ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ റാഗി, ചോളം, ചാമ എന്നീ ഉല്പന്നങ്ങൾ സംഭരിക്കാനും അത് പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യാനും തീരുമാനമെടുത്തിട്ടുണ്ട്. ആ കാര്യങ്ങളിലേയ്ക്ക് നമ്മൾ കടക്കും. ഇതൊക്കെയാണ് ഇവിടെ ഉയർന്നുവന്ന പ്രധാനപ്പെട്ട വിമർശനങ്ങൾ. അതുപോലെ തിരുവനന്തപുരത്ത് നെയ്യാറ്റിൻകര താലൂക്കിലാണ് പല പ്രശ്നങ്ങളും ഉയർന്നുവരുന്നത്. നെയ്യാറ്റിൻകര താലൂക്കിൽ പ്രയോറിറ്റി ലിസ്റ്റിൽപ്പെട്ടില്ല എന്നുപറഞ്ഞ് ഒരാൾ ഇപ്പോൾ മരത്തിൽ കയറിയിട്ടുണ്ട്. എ.ആർ.ഡി. 53-ാം നമ്പർ റേഷൻ കടയിൽ റേഷൻ കാർഡ് നമ്പർ 11060782 ഉടമ കുഞ്ഞമ്മയുടെ മകനാണെന്ന് തോന്നുന്നു. തന്റെ കുടംബം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് പറഞ്ഞ് മരത്തിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കുകയാണ്. ഇപ്പോൾ അറിയുന്ന വിവരമാണ്. അവരുടെ അപേക്ഷ പുനഃപരിശോധിച്ചപ്പോൾ ആ കുടുംബത്തിന് 62 മാർക്ക് കിട്ടിയിട്ടുണ്ട്. പ്രയോറിറ്റി ലിസ്റ്റിൽ അർഹരായ ആദ്യത്തെ 15 പേരിൽ ഉൾപ്പെടുത്താൻ യോഗ്യത നേടിയിട്ടുണ്ട്. അതുപറഞ്ഞ് അയാളെ താഴെയിറക്കാൻ ടി.എസ്.ഒ.യോട് പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ഇപ്പോൾ ഇവിടെ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോഴാണോ അയാൾ മരത്തിൽ കയറിയത്?

ശ്രീ. പി. തിലോത്തമൻ: സർ, അതെ. ചർച്ച നടക്കുമ്പോഴാണ് മരത്തിൽ കയറിയത്. ചർച്ച കഴിയുമ്പോൾ മരത്തിൽനിന്ന് ഇറങ്ങുമായിരിക്കും. നമുക്ക് വല്ലാത്തൊരു പ്രയാസമാണ്. ജനസംഖ്യയിൽ 46 ശതമാനം പേരെ ഈ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയെടുക്കുക എന്നുപറയുന്നത് വല്ലാത്തൊരു കാര്യം തന്നെയാണ്. ആ പ്രയാസം നമ്മൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

ഇന്ന് ലോക ഉപഭോക്തൃ ദിനമാണ്. 1962 മാർച്ച് 15-നാണ് ഉപഭോക്താക്കളുടെ റൈറ്റിനെ സംബന്ധിച്ച് പ്രത്യേകമായൊരു ബിൽ അമേരിക്കൻ കോൺഗ്രസ്സിൽ അന്നത്തെ പ്രസിഡന്റായിരുന്ന ജോൺ എഫ്. കെന്നഡി അവതരിപ്പിക്കുന്നത്. എന്നാൽ 1883 മാർച്ച് 15-നാണ് യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ സാർവ്വദേശീയാടിസ്ഥാനത്തിൽ ഉപഭോക്തൃദിനമായി ആചരിക്കുവാൻ ലോകത്തോട് ആഹ്വാനം ചെയ്തത്. ഉപഭോക്തൃ കാര്യവകുപ്പ് പ്രസക്തമായ ഒന്നായി

നമ്മുടെ മുന്നിൽവരികയാണ്. നമ്മുടേത് തികച്ചും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. നമുക്ക് വേണ്ടത് എന്തും വെളിയിൽ നിന്ന് വങ്ങിയേ മതിയാകൂ. പല തരത്തിലാണ് നമ്മുടെ ഉപഭോക്താക്കൾ ചൂഷിതരാകുന്നത്. അവർ ചൂഷിതരാകാതിരിക്കാൻ, അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഉപഭോക്തൃകാര്യ വകുപ്പ് വളരെ പ്രധാനപ്പെട്ട ഒരു വകുപ്പായി പ്രവർത്തിക്കണമെന്ന് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് അതിനൊരു ഡയറക്ടറേറ്റ്, 14 ജില്ലകളിലും പരാതി പരിഹാര ഓഫീസുകൾ ഉൾപ്പെടെ ഉപഭോക്തൃകാര്യ വകുപ്പ് വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ പോകുകയാണ്. ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നമുക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നുണ്ട്. അവരിലേയ്ക്ക് നല്ല അവബോധം സൃഷ്ടിക്കാൻ കഴിയണം. ഉപഭോക്താവ് രാജാവിനെപ്പോലെയാണ്. ഉപഭോക്താവിന്റെ അവകാശം സ്ഥാപിച്ചെടുക്കാനുള്ള എല്ലാ നിയമ പരിരക്ഷയും ഇന്ന് അവർക്കുണ്ട്. അത് അവരെ ബോദ്ധ്യപ്പെടുത്തുക എന്ന വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വം ഈ ഉപഭോക്തൃ ദിനത്തിൽ നമുക്ക് തീർച്ചയായും നടത്താനുണ്ട്. അത് വളരെ പ്രധാനപ്പെട്ട കാര്യമായിട്ടാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

അതോടൊപ്പംതന്നെ മൾട്ടി ലെവൽ മാർക്കറ്റിംഗ്, ഡയറക്ട് മാർക്കറ്റിംഗ് തുടങ്ങിയ കച്ചവട തന്ത്രങ്ങളിലൊക്കെ ധാരാളം മാറ്റങ്ങൾ വരികയാണ്. 1982-ലാണ് നമ്മുടെ സംസ്ഥാനത്ത് മൾട്ടി ലെവൽ മാർക്കറ്റിംഗ്, ഡയറക്ട് മാർക്കറ്റിംഗ് വന്നതെങ്കിൽ ഇപ്പോൾ അതിന്റെ അളവ് വർദ്ധിച്ചു. നമ്മുടെ രാജ്യത്ത് നിരവധി തദ്ദേശീയമായ കമ്പനികൾ, വിദേശ കമ്പനികൾ കടന്നുവന്ന് ഓൺലൈൻ മാർക്കറ്റിംഗ് ഉൾപ്പെടെ നടത്തുകയാണ്. ഇന്ന് കച്ചവട തന്ത്രങ്ങളിൽ പുതിയ സമീപനങ്ങൾ കടന്നുവരികയാണ്. കോടിക്കണക്കിന് രൂപയുടെ വ്യാപാര വിനിമയം ഈ രീതിയിൽ നടക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. ആയിരക്കണക്കിനാളുകൾ ആ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. 2020 ആകുമ്പോൾ ആകെ ഉൽപ്പന്നങ്ങളുടെ സേവന-വിനിമയം/ക്രയവിക്രയം 22 ശതമാനം മൾട്ടി ലെവൽ മാർക്കറ്റിംഗിലൂടെ നടക്കുമെന്നാണ് കണക്കാക്കുന്നത്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാർ ഒരു ഗൈഡ് ലൈൻ തയ്യാറാക്കി ഓരോ സംസ്ഥാനത്തും ലഭ്യമാക്കിയിട്ടുമുണ്ട്. ആ ഗൈഡ്‌ലൈനിന്റെ ചുവടുപിടിച്ചുകൊണ്ട് പൊതു ജനങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിച്ച് നമ്മുടെ സംസ്ഥാനത്തും ഒരു ഗൈഡ്‌ലൈൻ തയ്യാറാക്കിയിട്ടുണ്ട്. അത് അന്തിമ ഗൈഡ്‌ലൈനാക്കി മാറ്റാൻ ഗവൺമെന്റിന്റെ മുമ്പിൽ വരാൻ പോകുകയാണ്. ഈ ഭരണകാലത്ത് ഉപഭോക്തൃകാര്യ വകുപ്പ് ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റും സോഷ്യൽ ഓഡിറ്റ്

അഡ്വൈസറി കൗൺസിലുകളും നിലവിൽ വരാൻ പോകുന്നു. അതുപോലെ 14 ജില്ലകളിലും പരാതി പരിഹാര ഓഫീസുകൾ (സംസ്ഥാന ഭക്ഷ്യ കമ്മീഷൻ) നിലവിൽ വരാൻ പോകുകയാണ്. സംസ്ഥാനാടിസ്ഥാനത്തിൽ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ്. 'വിശപ്പ് രഹിത കേരളം' പദ്ധതി ഇപ്പോൾ ആലപ്പുഴ ജില്ലയിലാണ് നടപ്പിലാക്കുന്നത്. ഈ വരുന്ന സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും പ്രത്യേകിച്ച് വയനാട് ജില്ലയിൽ വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. 140 നിയോജകമണ്ഡലങ്ങളിലും ഒരു റേഷൻ കട പൈലറ്റ് പ്രോജക്ടായി എടുത്തുകൊണ്ട് 140 റേഷൻ കടകളെയും വൈവിധ്യവൽക്കരിക്കുകയാണ്. ഇന്ന് കിട്ടുന്ന ധാന്യങ്ങൾക്കപ്പുറത്ത് ജനങ്ങൾക്കാവശ്യമുള്ള ഭക്ഷ്യോൽപ്പന്നങ്ങളും മറ്റ് ഉൽപ്പന്നങ്ങളുമെല്ലാം വിതരണം ചെയ്യാൻ കഴിയുന്ന ഒന്നാന്തരമൊരു സ്റ്റോറാക്കി, ജനങ്ങൾക്കെപ്പോഴും ചെല്ലാൻ കഴിയുന്നൊരു കേന്ദ്രമാക്കി റേഷൻ കടകളെ മാറ്റുകയാണ്. റേഷൻ കടകൾ നവീകരിക്കുകയാണ്. റേഷൻ കടകൾക്ക് ഒരേ നിറവും സർക്കാരിന്റെ എംബ്ലവും നൽകി എവിടെനിന്ന് നോക്കിയാലും തിരിച്ചറിയാൻ കഴിയുന്ന തരത്തിൽ നവീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പുതുതായി രൂപീകരിച്ച 14 താലൂക്കുകളിൽ ലീഗൽ മെട്രോളജി ഓഫീസ് ആരംഭിക്കും. ഉപഭോക്താക്കളുടെ താൽപ്പര്യ സംരക്ഷണത്തിൽ വളരെ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന തരത്തിൽ ഏറ്റവും ആധുനിക രീതിയിൽ നിർമ്മിച്ച ലീഗൽ മെട്രോളജിയുടെ ആസ്ഥാന മന്ദിരം ഈ ഗവൺമെന്റിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യും. സപ്ലൈക്കോയുടെ നിരവധി മാളുകളും ആധുനിക രൂപത്തിൽ മാറ്റിയെടുക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മുൻ ഭക്ഷ്യവകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ പിറവത്തുള്ള സബർബൻ മാളും ഈ സന്ദർഭത്തിൽ ഉദ്ഘാടനം ചെയ്യണമെന്ന് ആഗ്രഹിക്കുകയാണ്. ഭക്ഷ്യ പൊതുവിതരണ രംഗത്ത് നല്ലൊരു വിതരണക്രമം കൊണ്ടുവരാനും മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടത്തി ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ കഴിയുന്ന നല്ല പ്രവർത്തനങ്ങളിലേയ്ക്കുമാണ് ഭക്ഷ്യവകുപ്പ് മുന്നോട്ടുപോകാൻ ശ്രമിക്കുന്നത്. എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാനപ്പെട്ട 16 അംഗങ്ങൾ വനം, ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. വിലപ്പെട്ട നിർദ്ദേശങ്ങൾ പലതും ഉയർന്നുവന്നിട്ടുണ്ട്. അത്തരം നിർദ്ദേശങ്ങളോടെല്ലാം ക്രിയാത്മകമായ സമീപനം കൈക്കൊള്ളുകയും ഉൾക്കൊണ്ട്

നടപ്പിലാക്കാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് വളരെ ആഴത്തിൽ ഇറങ്ങിച്ചെന്ന് ചില നിർദ്ദേശങ്ങൾ വച്ചു.

മി. സ്പീക്കർ: വനം വകുപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഒരു തർക്കവുമില്ല. പരിപൂർണ്ണമായ പിന്തുണയാണ്.

ശ്രീ. കെ. രാജു: ഞാൻ ദീർഘിപ്പിക്കുന്നില്ല. കാർഷിക മേഖലയിലും ക്ഷീരമേഖലയിലും ഉൾപ്പെട്ട കർഷകർ നേരിടാൻ പോകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയംമൂലം ഇപ്പോൾ നെഗോസിയേഷൻസ് നടന്നുവരുന്ന ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾക്കുശേഷം കേന്ദ്രഗവൺമെന്റ്/ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അടുത്ത നാളുകളിൽത്തന്നെ കരാർ ഒപ്പിടാൻ തീരുമാനമെടുത്തതു പോലെയാണ്. സംസ്ഥാന ഗവൺമെന്റ് ഇതിനെതിരായി നിലപാട് സ്വീകരിക്കുകയും കത്തുകൾ അയയ്ക്കുകയുമൊക്കെ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും ഇക്കാര്യങ്ങൾ ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ പങ്കെടുത്ത കേന്ദ്ര ഗവൺമെന്റിന്റെ വകുപ്പ് സെക്രട്ടറിമാർ ഇത് ആലോചിച്ചുവേണം ഒപ്പിടേണ്ടതെന്നും നമ്മുടെ ഡയറി മേഖലയിലടക്കം വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണെന്ന നിലയിൽ അഭിപ്രായം പറഞ്ഞതുമായിട്ടാണ് വാർത്തകൾ വന്നത്. എന്നാൽപ്പോലും ഈ കരാർ ഒപ്പിട്ട് മുന്നോട്ടുപോകുന്നതിനുള്ള സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. ഇവിടെ സംസാരിച്ച ശ്രീ. അനിൽ അക്കര, ശ്രീ. സണ്ണി ജോസഫ് അടക്കമുള്ളവർ അക്കാര്യത്തെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല. എന്താണ് കാരണം; അവരുടെ നയവും അതുതന്നെയായിരുന്നു. സാമ്പത്തിക ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി നമ്മുടെ സാമ്പത്തിക നിലയെയും കാർഷിക മേഖലയെയും ബാധിക്കുന്ന തരത്തിലുള്ള കരാറുകളിൽ ഏർപ്പെടുന്നതിന് അനുകൂലമായ സമീപനം സ്വീകരിക്കുന്ന രീതി തുടങ്ങിവച്ചത് കോൺഗ്രസ്സല്ലേ? അതുകൊണ്ടാണ് അവർ അതിനെക്കുറിച്ച് ഒന്നും പറയാത്തത്. എങ്കിൽപ്പോലും കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നീക്കത്തിനെതിരായി നമുക്ക് ചെയ്യാൻ കഴിയുന്ന നടപടികൾ ചെയ്യും. പരമാവധി ആളുകളെ യോജിപ്പിച്ചുകൊണ്ട് ആവശ്യമായ നീക്കം നടത്തുമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പാലുൽപ്പാദനത്തിൽ കേരളത്തിന് വളരെയധികം മുന്നോട്ടുപോകാൻ കഴിഞ്ഞു. കഴിഞ്ഞ ഒന്നുരണ്ട് വർഷങ്ങൾക്കുള്ളിൽ 17 ശതമാനം വർദ്ധനവാണ് ആ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. അതൊരു സർവ്വകാല റെക്കോർഡാണ്.

ഇപ്പോഴുണ്ടായിട്ടുള്ള നിലയിൽ മുന്നോട്ടുപോയാൽ ഗവൺമെന്റ് പ്രഖ്യാപിച്ചതു പോലെ 2018 ഡിസംബർ ആകുമ്പോൾ കേരളത്തിന് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ സാധിക്കും. ഇപ്പോൾ 83 ശതമാനം പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അങ്ങനെ വന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ ഇറക്കുമതി ചെയ്യേണ്ടി വരികയില്ല. ഇപ്പോൾത്തന്നെ മിൽമയും മറ്റു അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ ഇറക്കിക്കൊണ്ടിരുന്നതിന്റെ അളവ് കുറച്ചിട്ടുണ്ട്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാൽ പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ കുറവാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് ഒരു ചെക്ക് പോസ്റ്റ് സ്ഥാപിച്ചത്. അതിനുശേഷം ആര്യങ്കാവിലും പാറശ്ശാലയിലും രണ്ട് ചെക്ക്പോസ്റ്റുകൾകൂടി സ്ഥാപിക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിച്ചുതന്നിട്ടുണ്ട്. രണ്ട് ലാബുകളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകളും അനുവദിച്ചുതന്നിട്ടുണ്ട്. എങ്കിൽപ്പോലും എല്ലാ മേഖലയിൽ നിന്നും കടന്നുവരുന്ന പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളില്ലെന്നതാണ് യഥാർത്ഥ സ്ഥിതി. നമുക്ക് അതിനുള്ള സംവിധാനങ്ങളുണ്ടാകണം. എല്ലാ ചെക്ക്പോസ്റ്റുകളിലും പാലിന്റെ ഗുണമേന്മ പരിശോധിച്ച് കടത്തിവിടുന്നതിനുള്ള സംവിധാനമുണ്ടാകേണ്ടതുണ്ട്.

മൃഗസംരക്ഷണവകുപ്പും ക്ഷീരവകുപ്പും സംയുക്തമായി കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് മുന്നോട്ടുപോകാൻ പരിശ്രമിക്കുകയാണ്. 2007-ലെ സെൻസസിൽ ഞെട്ടിപ്പിക്കുന്ന വസ്തുതയാണുള്ളത്. 2007-ലെ സെൻസസ് കഴിഞ്ഞാൽ 2012-ലാണ് വീണ്ടും സെൻസസ് നടന്നത്. 2012-ൽ സെൻസസ് നടക്കുമ്പോൾ 2007-ലുണ്ടായിരുന്ന കന്നുകാലികളുടെ എണ്ണത്തിൽ നിന്നും കാര്യമായ കുറവാണ് (23 ശതമാനം) ഉണ്ടായത്. 2012-നു ശേഷം ഇതുവരെ സെൻസസ് എടുത്തിട്ടില്ല. സെൻസസ് എടുത്താൽ തീർച്ചയായും എണ്ണം കുറവാണ്, കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് മനസിലാകും. കന്നുകാലികളുടെ എണ്ണം കുറയുന്നുവെന്നത് നമുക്കെല്ലാവർക്കും ബോദ്ധ്യമുള്ള സംഗതിയാണ്. പക്ഷെ, പാലിന്റെ ഉൽപ്പാദനം വർദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി സൂചിപ്പിച്ചതുപോലെ ഒരു പശുവിൽ നിന്നും നമുക്ക് കിട്ടുന്ന യീൽഡ് ശരാശരി 10.22 ലിറ്ററാണ്. ഇന്ത്യയിൽ പാലുൽപ്പാദനം നമ്മളെക്കാൾ കൂടുതലുള്ളത് പഞ്ചാബിൽ മാത്രമാണ്. 11 ലിറ്റർ. ഇക്കാര്യത്തിൽ രണ്ടാം സ്ഥാനം നമുക്കുണ്ട്, ഓരോ പശുവിന്റെയും ഉല്പാദനശേഷിയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. എങ്കിൽപ്പോലും പുതിയ കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ബ്രീഡിംഗ് പോളിസിയിൽ മാറ്റം

ആവശ്യമാണ്. പുതിയ ജനുസുകളും പുതിയ സംവിധാനങ്ങളും ഒരുക്കി കൂടുതൽ പാലുല്പാദനത്തിനും ഇപ്പോഴുള്ള കാലാവസ്ഥയ്ക്കും പറ്റിയ വിധത്തിൽ ബ്രീഡുകൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. അതിനാവശ്യമായ ഗവേഷണങ്ങൾ കെ.എൽ.ഡി. ബോർഡിൽ നടന്നുവരുന്നുണ്ട്. അതിനുള്ള പ്രവർത്തനങ്ങളും ഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് നടത്തുന്നുണ്ടെന്നുള്ളതും ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, കന്നുകാലികളുടെ എണ്ണം കുറയുന്നുവെന്ന് പറഞ്ഞു. കന്നുകാലികളെ വളർത്തുന്നത് തന്നെ ഫീസിബിളല്ലാത്ത രീതിയിലാണെന്നത് ഒരു പ്രശ്നമാണ്. അതുകൊണ്ട് കാലിത്തീറ്റയ്ക്ക് 55 ശതമാനം സബ്സിഡി കൊടുത്ത് ക്ഷീരകർഷകരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, അങ്ങ് പറഞ്ഞതിനോട് യോജിക്കുകയാണ്. ക്ഷീരകർഷകർക്ക് നിലനിൽക്കുന്നതിനാവശ്യമായ എല്ലാ സഹായവും ചെയ്യേണ്ടതുണ്ട്. കാലിത്തീറ്റയ്ക്ക് സബ്സിഡി ഇപ്പോൾ കൊടുക്കുന്നുണ്ട്. അത് പോര എന്നുള്ളത് ശരിയാണ്. അതുപോലെ കന്നുകുട്ടി വളർത്തലുമായി ബന്ധപ്പെട്ട് ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുന്നുണ്ട്. ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ കഴിഞ്ഞ ആഴ്ചയാണ് അതിന്റെ പ്രദർശനവും ഉദ്ഘാടനവും നടന്നത്. കന്നുകുട്ടികളെ പരിപാലിച്ച് വളർത്തുന്നതിനുവേണ്ടിയുള്ള പദ്ധതി, അതിൽ നാല് മാസം പ്രായമുള്ള കന്നുകുട്ടി 32 മാസം പ്രായമാകുന്നതുവരെയുള്ള പിരീഡിൽ കന്നുകുട്ടികൾക്ക് ആവശ്യമായ ഭക്ഷണത്തിന് ചെലവാകുന്ന തുകയുടെ നേരെ പകുതി തുക സർക്കാർ വഹിക്കുന്ന സ്കീമാണ് നിലവിലുള്ളത്. അത് നമ്മുടെ സംസ്ഥാനത്താകെ വ്യാപകമായി നടപ്പിലാക്കുന്നുണ്ട്. ഇപ്പോൾ നമ്മുടെ ആ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ലക്ഷത്തി പതിനെണ്ണായിരത്തോളം കിടാരികളുണ്ട്. ആ ഒരു പിരീഡിൽ അത്തരമൊരു സഹായം ചെയ്തു കൊടുത്തില്ലെങ്കിൽ കിടാരികളെ വളർത്തുന്ന കർഷകർ, പശു പ്രസവിക്കുന്ന പ്രായം വരെ പശുവിൽ നിന്നും യീൽഡൊന്നും ലഭിക്കാത്തതിനാൽ അതിനെ ഡിസ്പോസ് ചെയ്യാൻ തയ്യാറാകും. അതുകൊണ്ട് ആ പീരീഡിൽ കാലിത്തീറ്റ പരമാവധി സബ്സിഡൈസ്ഡ് റേറ്റിൽ കൊടുക്കുക എന്നതാണ് നയം. അങ്ങനെ നമ്മൾ കൊടുത്തുവരുകയാണ്. ആ പദ്ധതി വളരെ വിജയകരമാണ്. ആ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന പശുക്കുട്ടികളെല്ലാം നല്ല ആരോഗ്യമുള്ളവയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ മേഖലയിൽ ഏറ്റവും വലിയ ഭീഷണിയായി വരുന്നത് A2 മിൽക്കിന്റെ കടന്നുവരവാണ്. ആ A2 മിൽക്കിന്റെ വംശവർദ്ധന വുണ്ടാക്കാൻ വല്ല സ്കീമും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, ഇന്ന് കേരളത്തിൽ മിക്കവാറും എല്ലായിടത്തും സങ്കര ഇനത്തിൽപ്പെട്ട പശുക്കുട്ടികളാണുള്ളത്. നാടൻ പശുക്കളെ വളർത്തുക എന്നുപറയുമ്പോൾ, നമുക്കുള്ളത് കാസർഗോഡ് കുള്ളൻ, ഗീർ, വെച്ചൂർ പശു എന്നിവയാണ്. ഇതെല്ലാം എണ്ണത്തിൽ വളരെ കുറവാണ് എന്നുമാത്രമല്ല ഇതിൽ നിന്നും കിട്ടുന്ന യീൽഡ് വളരെ കുറവാണ്. വെച്ചൂർ പശുവിൽ നിന്നും ഒന്നര ലിറ്റർ പാലാണ് കിട്ടുന്നത്. കർഷകർ അതുകൊണ്ട് തൃപ്തരാകുന്നില്ല എന്നുള്ളതാണ് സത്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ ഗീർ പശുക്കളിൽ 20 ലിറ്റർ വരെ പാൽ കിട്ടുന്നവയുണ്ട്. ഞങ്ങൾ തന്നെ അങ്ങയുടെ സഹായത്തോടുകൂടി 100 ഗീർ പശുക്കളെ കൊണ്ടുവന്നിട്ടുണ്ട്. ഇവയുടെ വംശ വർദ്ധനവിനുവേണ്ടി നമുക്കെന്തെങ്കിലും പ്രത്യേക സ്കീം തയ്യാറാക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാജു: സർ, തീർച്ചയായും. ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണ്. അങ്ങയുടെ നേതൃത്വത്തിൽത്തന്നെ രാജസ്ഥാനിൽ പോയി ഗീർ പശുക്കളെ കൊണ്ടുവരുന്നതിന് ഗവൺമെന്റ് എല്ലാവിധ പിന്തുണയും സഹകരണവും നൽകിയിരുന്നു. ഗീർ പശുക്കളടക്കം നമ്മുടെ നാടൻ പശുക്കളെ വളർത്തുന്നതുമായി ബന്ധപ്പെട്ട സഹായങ്ങൾ നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ക്ഷീരവികസനവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇവിടെ ഉയർന്നുവന്ന ചില കാര്യങ്ങൾക്കുമാത്രം മറുപടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. സംസ്ഥാന ആസൂത്രണ ബോർഡ് ഡയറി സോണുകളെ തെരഞ്ഞെടുക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചതനുസരിച്ചാണ് ഡയറി സോണുകളെ തെരഞ്ഞെടുക്കുന്നത്. 50 ബ്ലോക്കുകളിലാണ് അത് നടപ്പിലാക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ഒരംഗം സംസാരിച്ചപ്പോൾ പറഞ്ഞു, ഈ വർഷം ഒരിടത്ത് കൊടുത്താൽ അടുത്ത വർഷം വേറെയിടത്ത് കൊടുക്കുമെന്ന് പറഞ്ഞു. ഡയറി സോൺ പദ്ധതി അങ്ങനെയല്ല. ഒരു ബ്ലോക്ക് തെരഞ്ഞെടുത്താൽ ആ ബ്ലോക്കിൽ വരുന്ന പഞ്ചായത്തുകളിൽ തുടർച്ചയായി അഞ്ചുവർഷം നീണ്ടുനിൽക്കുന്ന പദ്ധതിയാണ്. രണ്ടരക്കോടി രൂപയുടെ ചെലവാണ് ആ പദ്ധതിയുമായി ബന്ധപ്പെട്ട് ആ പ്രത്യേക പ്രദേശത്ത് നടപ്പിലാക്കുന്നത്. ഒരു വർഷം 50 ലക്ഷം, അടുത്ത വർഷം 50 ലക്ഷം അങ്ങനെ അഞ്ച് വർഷം നീണ്ടുനിൽക്കുന്ന ഒരു പ്രോജക്ടാണിത്. അതുകൊണ്ടാണ് ഓരോ വർഷവും മാറാൻ കഴിയാത്തത്. ഇത് ആസൂത്രണ ബോർഡും അംഗീകരിച്ച ഒരു പ്രോജക്ടാണ്. അവരുടെ മാനദണ്ഡമനുസരിച്ചും ഓരോ പ്രദേശത്തിലെയും കർഷകരുടെ എണ്ണം കന്നുകാലികളുടെ എണ്ണം എന്നിവ കണക്കിലെടുക്കും.

മി. സ്പീക്കർ: വെച്ചൂർ പശുവിന് പാൽ വളരെ കുറവാണെന്ന് പറയുന്നുണ്ടല്ലോ?

ശ്രീ. കെ. രാജു: സർ, വെച്ചൂർ പശുവിന് പാല് വളരെ കുറവാണ്. ഒന്നര-രണ്ട് ലിറ്റർ പാൽ മാത്രമേ കിട്ടുകയുള്ളൂ. പക്ഷേ വളരെ ഗുണമേന്മയുള്ള പാലാണ്. നല്ല ചെലവുമുണ്ട്. പിന്നെ ഇവിടെ വന്ന ആരോപണം ക്ഷീരഗ്രാമം പദ്ധതി സംബന്ധിച്ചാണ്. ക്ഷീരഗ്രാമം പദ്ധതി ഇതുവരെ അഞ്ച് പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. ഈ വർഷം ക്ഷീരഗ്രാമം പദ്ധതി കുറച്ചുകൂടി വ്യാപിപ്പിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പത്ത് പഞ്ചായത്തുകൾ ഈ വർഷം തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് സി.പി.ഐ. പഞ്ചായത്തിലാണ് കൊടുത്തതെന്നാണ് ശ്രീ. അനിൽ അക്കരെ ഇവിടെ സൂചിപ്പിച്ചത്. വേണമെങ്കിൽ ഞാൻ പേര് വായിക്കാം. ഒന്ന്, പറളി പഞ്ചായത്തിൽ പി. വിജയദാസ് മറ്റൊന്ന് ആലപ്പുഴ മണ്ഡലത്തിലാണ് മണ്ണഞ്ചേരി, അതൊന്നും സി.പി.ഐ. അല്ലല്ലോ? ഈ വർഷം പത്തെണ്ണം എടുക്കുമ്പോൾ സ്വാഭാവികമായും പശുക്കളുടെ എണ്ണം കൂടുതലുള്ള പ്രദേശം നോക്കി സെലക്ട് ചെയ്യാൻ കഴിയും. മലപ്പുറം മേഖലയിൽ ജീവനക്കാരുടെ എണ്ണം കുറവുണ്ടെന്ന് പറഞ്ഞു. എല്ലാ ജില്ലകളിലും ആവശ്യമായ ജീവനക്കാരെ പോസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ മെറ്റേണിറ്റി ലീവും മറ്റുമെടുത്ത് ജീവനക്കാർ താൽക്കാലികമായി പോയിട്ടുണ്ട്. അങ്ങനെയുള്ള പോസ്റ്റുകളേ ഒഴിവുള്ളൂ. അല്ലാതെ ഒഴിവുകളുണ്ടെങ്കിൽ അതെല്ലാം അടിന്തരമായി ത്തന്നെ നികത്താം. ക്ഷീര ക്ഷേമനിധി പെൻഷൻ 500 രൂപയായിരുന്നു. ഈ ഗവൺമെന്റാണ് 1,100 രൂപയായി വർദ്ധിപ്പിച്ചത്. 1,100 രൂപയായി വർദ്ധിപ്പിക്കുന്നതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത ഗവൺമെന്റ് തന്നെ നേരിട്ട് ഏറ്റെടുക്കുകയാണുണ്ടായത്. ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ കൊടുത്തുവരുന്നുണ്ട്. ഓരോ മാസവുമല്ല കൊടുക്കുന്നത്, രണ്ട്, മൂന്ന് മാസം കൂടുമ്പോഴായിരിക്കും കൊടുക്കുന്നതെന്നേയുള്ളൂ. കഴിഞ്ഞ ക്രിസ്തുമസ്സിന് കൊടുത്തു.

കന്നുകാലിത്തീറ്റയുടെ ഗുണനിലവാരത്തെ സംബന്ധിച്ച് ഒരു കാര്യം ഉറപ്പിച്ചുപറയാം. കേരള ഫീഡ്സ്, മിൽമ എന്നീ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് പൊതുമേഖലയിൽ കാലിത്തീറ്റ നിർമ്മിക്കുന്നത്. ഏറ്റവും ഗുണമേന്മയുള്ള കാലിത്തീറ്റ പൊതുമേഖലയിലുണ്ടാക്കുന്ന ഈ രണ്ട് കമ്പനികളുടെതാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷേ സ്വകാര്യ കാലിത്തീറ്റ കമ്പനിക്കാർ വലിയ പ്രചരണം നടത്തി കൂടുതൽ ഏജന്റുമാരെ വച്ച് കാൻവാസ് ചെയ്യുന്നുണ്ട്. മിൽമയുടെയും കേരള ഫീഡ്സിന്റെയും കാലിത്തീറ്റയ്ക്ക് ക്വാളിറ്റി കുറവാണ് എന്നുള്ള പ്രചരണവും അവർ നടത്തുന്നുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ ഏറ്റവും മെച്ചപ്പെട്ട കാലിത്തീറ്റ, നമ്മുടെ പൊതുമേഖലയിലുണ്ടാക്കുന്ന കാലിത്തീറ്റയ്ക്ക് തന്നെയാണ്. അവിടെ പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട പരിധിയുടെ കാര്യം പറഞ്ഞു. പരിധി നിശ്ചയിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. ക്ഷീരവകുപ്പ് വരുമാന പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല. അതിൽത്തന്നെ ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിരുന്ന വരുമാന പരിധി അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കെല്ലാം പോയിട്ടുണ്ട്. സ്വാഭാവികമായും വരുമാന പരിധിയുമായി ബന്ധപ്പെട്ട ആ പ്രശ്നത്തിന് പരിഹാരമായിട്ടുണ്ട്. അതുകൊണ്ടാണ് പഞ്ചായത്തുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി ക്ഷീരമേഖലയ്ക്കും മൃഗസംരക്ഷണ മേഖലയ്ക്കുമായി തുക വകയിരുത്തിയിട്ടുള്ളത്. ബഡ്ജറ്റിൽ 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 107 കോടി രൂപയാണ് ക്ഷീരമേഖലയ്ക്കുവേണ്ടി നീക്കിവച്ചത്. അതോടൊപ്പം തന്നെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെല്ലാം കൂടി 300 കോടി രൂപയിലധികമാണ് വകയിരുത്തിയിട്ടുള്ളത്. കണക്ക് ഞാൻ എടുത്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരും ചേർന്ന് 407 കോടി രൂപയാണ് യഥാർത്ഥത്തിൽ ക്ഷീര മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. തീർച്ചയായും അതുകൊണ്ട് ക്ഷീര കർഷകർ ഭയപ്പെടേണ്ട കാര്യമില്ല. ക്ഷീര കർഷകർക്ക് ധൈര്യമായി ഈ മേഖലയിൽ നിൽക്കാം. പാലിന് ഡിമാന്റ് വിലയും കുറയുന്നില്ല. ആ സാഹചര്യത്തിൽ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പരിതപിക്കുന്നതുപോലെ ക്ഷീരകർഷകർക്ക് ഈ ഗവൺമെന്റ് ഉള്ളിടത്തോളംകാലം വിഷമിക്കേണ്ടിവരില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഒരു ലിറ്റർ പാൽ ഉത്പാദിപ്പിക്കാൻ 45 രൂപ മുടക്കുണ്ട്. ക്ഷീരകർഷകന് കിട്ടുന്നത് 37 രൂപയാണ്. അതുകൊണ്ട് ക്ഷീരകർഷകരോട് അനുകൂലമായ നടപടികളെടുത്ത് സാമ്പത്തിക പരിമിതികളില്ലാതെ സബ്സിഡി കൊടുക്കാൻ തയ്യാറാകണം.

ശ്രീ. കെ. രാജു: സർ, പരിധികളില്ലാതെ സബ്സിഡി കൊടുക്കണമെന്നാണ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറയുന്നത്. പരിധികളില്ലാതെ സബ്സിഡി കൊടുക്കാൻ കഴിയുമോ? രണ്ടാമതായി 45 രൂപ ഒരു ലിറ്റർ പാലുല്പാദനത്തിന് ചെലവാകുന്നുവെന്നുള്ള കണക്കും ശരിയുള്ളതല്ല. ക്ഷീരമേഖലയിൽ കഴിഞ്ഞ ഒരു വർഷവും നമുക്ക് വളരെ മുന്നോട്ടുപോകാൻ കഴിഞ്ഞു. വരുന്ന വർഷവും നിരവധിയായിട്ടുള്ള പുതിയ പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ട്. ഈ മേഖലയ്ക്കാകെ ഉണർവ് നൽകി മുന്നോട്ടുപോകാൻ കഴിയുമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

വനം വകുപ്പുമായി ബന്ധപ്പെട്ട് നിരവധി വിമർശനങ്ങളും അഭിനന്ദനങ്ങളു മെല്ലാം ഈ വേദിയിൽ ഉയർന്നുവരികയുണ്ടായി.

മി. സ്പീക്കർ: പക്ഷേ എല്ലാ തർക്കങ്ങളും പ്രതിപക്ഷ നേതാവ് ഒഴിവാക്കി.

ശ്രീ. കെ. രാജു: സർ, ഡോ. എൻ. ജയരാജ് പ്രധാനമായും ഉന്നയിച്ചത് രണ്ടുമൂന്ന് ദിവസങ്ങൾക്കുമുമ്പ് ഇവിടെ ഒരു അടിയന്തരപ്രമേയമായി വന്ന പൊന്തൻപുഴ വനമേഖലയുമായി ബന്ധപ്പെട്ട വിഷയമാണ്. ഇവിടെ അടിയന്തരപ്രമേയം വന്നതിനുശേഷം ഞാനും ആ സ്ഥലത്ത് പോയിരുന്നു. അപ്പോഴാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെ ചെന്നിരുന്ന വിവരം അറിഞ്ഞത്. പൊന്തൻപുഴ വനമേഖലയുമായി ബന്ധപ്പെട്ട് ആലിപ്ര, വലിയകാവ്, കരിക്കാട്ടൂർ എന്നീ മൂന്ന് റിസർവ്വുകളാണുള്ളത്. ഈ മൂന്ന് റിസർവ്വുകളിൽ കരിക്കാട്ടൂർ ആണ് ഏറ്റവും വലിയ റിസർവ്. ആ റിസർവിനെ സംബന്ധിച്ച്, സമ്പൂർണ്ണമായും വനം വകുപ്പിന് തന്നെ അവകാശങ്ങളെല്ലാം നിലനിർത്തിക്കൊണ്ട് ഇവിടെ പറഞ്ഞ വിധിയിലും ഏറ്റവും അവസാനം വന്ന വിധിയിലും ആലിപ്ര, വലിയകാവ് എന്നീ രണ്ട് റിസർവ്വുമായി ബന്ധപ്പെട്ട് അതിന്റെ ടൈറ്റിലുമായി ബന്ധപ്പെടുത്തിക്കൊണ്ട് ക്ലെയിമന്റ്സിന് ആ ടൈറ്റിൽ നിലനിൽക്കുന്നതാണ് എന്നുള്ള പരാമർശം ആ വിധിയിലുണ്ട് എന്നുള്ളത് ശരിയാണ്. ആ പരാമർശം മാറ്റുന്നതിനുവേണ്ടിയാണ്, അത് തെറ്റാണ്, തെറ്റായ വിധിയാണ് എന്നുള്ളതുകൊണ്ടാണ് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്. ഒരു വീഴ്ചയും വരാതെ ആ കേസ് നടത്തും. എന്തെങ്കിലും വീഴ്ച വന്നാൽ അപ്പീൽ പോകുന്നതിനുള്ള അവസരവുമുണ്ട്. ഈ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രഥമ പരിശോധനയിൽ പ്രത്യേകിച്ച് എന്തെങ്കിലും വീഴ്ച വന്നിട്ടുള്ളതായി മനസ്സിലായിട്ടില്ല. അവിടെ കർഷകർക്കാണ് യഥാർത്ഥത്തിൽ വലിയ ആശങ്കയുള്ളത്. ആ കർഷകരിൽ കുറെപ്പേർ വനാതിർത്തിയോട് ചേർന്ന് താമസിക്കുന്നവരുണ്ട്. അവർക്ക് പട്ടയം കിട്ടുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളാണ്. ഡോ. എൻ. ജയരാജ് ഇവിടെ പറഞ്ഞത് പട്ടയത്തിന്റെ വിഷയമാണ്. വനം സംരക്ഷിക്കുക എന്നതിനെക്കാൾ പ്രധാനമായി അദ്ദേഹം പറഞ്ഞത് പട്ടയം കൊടുക്കുക എന്നുള്ളതാണ്. പ്രതിപക്ഷ നേതാവും പട്ടയം കൊടുക്കുന്നതാണ് പ്രധാനപ്പെട്ട വിഷയമായി പറഞ്ഞത്. പട്ടയം കൊടുക്കുന്നതിന് ഗവൺമെന്റ് എതിരല്ല പക്ഷെ നിയമപരമായി മാത്രമേ നമുക്ക് പട്ടയം കൊടുക്കാൻ കഴിയുകയുള്ളൂ. ഈ കേസ് തീർന്നതിനുശേഷം ടൈറ്റിൽ പൂർണ്ണമായി നിർണ്ണയിക്കപ്പെടുന്ന സാഹചര്യത്തിൽ മാത്രമേ ഗവൺമെന്റിന് നിയമപരമായി പട്ടയം കൊടുക്കാൻ കഴിയൂവെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് ഞാൻ അവിടെ കൂടിയ ആളുകളെയെല്ലാം ബോദ്ധ്യപ്പെടുത്തിയ സംഗതിയാണ്. ഇതുമായി ബന്ധപ്പെട്ട് അഴിമതിയാരോപണങ്ങൾ ഉന്നയിച്ചു. അത് ഞാൻ സമ്പൂർണ്ണമായി

ഇപ്പോൾ നിഷേധിക്കുകയാണ്. വനം കയ്യേറ്റവും വനം കൊള്ളയുമെല്ലാം സമ്പൂർണ്ണമായി അവസാനിക്കണമെങ്കിൽ വനാതിർത്തിയും മറ്റ് സ്വകാര്യ ഭൂമിയും തമ്മിലുള്ള അതിർത്തി പരിപൂർണ്ണമായി നിർണ്ണയിക്കാൻ കഴിയണം. എല്ലാ ഭാഗത്തും അതിർത്തി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷം ജണ്ട സ്ഥാപിച്ച് അതിർത്തി നിർണ്ണയിക്കുന്ന കാര്യത്തിൽ നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. 23712 ജണ്ടകൾ നിർമ്മിക്കുകയുണ്ടായി. അതൊരു സർവ്വകാല റെക്കോർഡാണ്. അതുപോലെ തന്നെ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിന് ഒരു കാരണം വനത്തിനകത്തുള്ള മൃഗങ്ങൾക്ക് വെള്ളം ലഭിക്കാത്തതാണ്. അതുകൊണ്ട് പ്രത്യേക പദ്ധതികൾ തയ്യാറാക്കി വനത്തിനകത്ത് ജലാശയങ്ങൾ നിർമ്മിക്കാനും അവ സംരക്ഷിക്കാനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ 350 ജലാശയങ്ങൾ കഴിഞ്ഞ ഒരു വർഷം പുതിയതായി വനത്തിനുള്ളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഫോറസ്റ്റ് അലെർട്ട് സംവിധാനം - തേനി സംഭവവുമായി ബന്ധപ്പെട്ട് കാട്ടുതീയുടെ ആവിർഭാവം, കാട്ടുതീ എവിടെയെങ്കിലും വരാൻ സാധ്യത ഉയുണ്ടെങ്കിൽ പെട്ടെന്ന് അറിയാൻ കഴിയത്തക്ക രീതിയിൽ ഉപഗ്രഹത്തിന്റെ സഹായത്തോടുകൂടിയുള്ള സംവിധാനം വളർത്തിക്കൊണ്ടുവന്നിട്ടുണ്ട്. ഡൽഹിയിലാണ് അതിന്റെ ആസ്ഥാനം. അവരുമായി നമ്മൾ ബന്ധപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർക്ക് അവരുടെ ഫോണുകളിൽ പെട്ടെന്ന് മെസ്സേജുകൾ ലഭിക്കത്തക്കരീതിയിലുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. കാട്ടുതീയുടെ ആവിർഭാവം ഉണ്ടായാൽ എത്രയും പെട്ടന്ന് അറിവ് കിട്ടുന്നതിനാവശ്യമായ ഫോറസ്റ്റ് അലെർട്ട് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്.

ഇക്കഴിഞ്ഞ വർഷം 316.4014 ഹെക്ടർ സ്ഥലം റിസർവായി പ്രഖ്യാപിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയിൽ പറയുന്നത് നമ്മുടെ രാജ്യത്ത് അഞ്ച് സംസ്ഥാനങ്ങളിൽ വനവിസ്തൃതി കൂടിയിട്ടുണ്ട് എന്നാണ്. കേരളത്തെ സംബന്ധിച്ച് ആകെ ഭൂവിസ്തൃതി കുറവാണ്. ഏറ്റവും ചെറിയൊരു സംസ്ഥാനമാണ്. അതിൽ തന്നെ 29.13% സ്ഥലം ഫോറസ്റ്റാണ്. അത്രയും ഫോറസ്റ്റുള്ള നമ്മുടെ സംസ്ഥാനത്ത് ജനസാന്ദ്രതയും കൂടുതലാണ്. അതിനാൽ വനവിസ്തൃതി വർദ്ധിപ്പിക്കുക ബുദ്ധിമുട്ടുള്ള വിഷയമാണ്. എങ്കിൽപ്പോലും ഈ അഞ്ച് സംസ്ഥാനങ്ങളുടെ പേരെടുത്ത് പറഞ്ഞ കൂട്ടത്തിൽ മൂന്നാം സ്ഥാനം കേരളത്തിനാണ്. വനവിസ്തൃതി കൂടിയ സംസ്ഥാനങ്ങളിൽ മൂന്നാം സ്ഥാനം കേരളത്തിനാണെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ വർഷം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. എന്നാൽ തസ്തികകൾ സൃഷ്ടിച്ചുകിട്ടാനുണ്ട്. അതുകൂടി ലഭിച്ചുകഴിഞ്ഞാൽ മാത്രമേ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. ഈ വർഷം പുതിയതായി 40 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി ആരംഭിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അങ്ങനെ വന്നാൽ 50 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി വരും. കഴിഞ്ഞ വർഷം അഞ്ഞൂറോളം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നൽകി. അത്തരത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം ലഭിച്ചവരിൽ പകുതിയോളം പേർ വനിതകളാണെന്നുള്ള പ്രത്യേകതയുമുണ്ട്.

വനം വകുപ്പിനെക്കുറിച്ച് മൊത്തത്തിൽ ഉണ്ടായിരുന്ന ആക്ഷേപം വനം വകുപ്പിലെ സിവിൽ വർക്കുകൾ അടക്കമുള്ള വർക്കുകൾ നടക്കുന്നത് കൺവീനർ സിസ്റ്റത്തിലാണെന്നുള്ളതാണ്. കൺവീനർ സിസ്റ്റമായതുകൊണ്ട് പലപ്പോഴും ഉദ്യോഗസ്ഥർ അവരുടെ ബിനാമിയെവച്ച് ചെയ്യുന്നു, 40 ശതമാനം വരെ കമ്മീഷൻ എടുക്കുന്നു, ബാക്കി വർക്കുകൾ മാത്രമേ നടക്കുന്നുള്ളൂ എന്നീ ആരോപണങ്ങൾ വ്യാപകമായി ഉണ്ടായിരുന്നു. ഈ ആരോപണം വളരെ വർഷങ്ങളായി ഉള്ളതാണ്. അഴിമതിരഹിതമാണ് ഈ ഗവൺമെന്റ്. അഴിമതിക്കെതിരായിട്ടുള്ള പ്രവർത്തനമാണ് ഗവൺമെന്റിന്റെ മുഖമുദ്ര. അതിന്റെ അടിസ്ഥാനത്തിൽ കൺവീനർ സിസ്റ്റം അവസാനിപ്പിക്കാൻ തീരുമാനിച്ചു. കൺവീനർ സിസ്റ്റം അവസാനിപ്പിച്ചുകൊണ്ട് കോൺട്രാക്ട് സിസ്റ്റം ഇ-ടെണ്ടർ നടപടികളിലൂടെ മതിയെന്ന് തീരുമാനിച്ചു. ആദിവാസികൾ, ഇ.ഡി.സി. അംഗങ്ങളായുള്ള വനാശ്രിത സമൂഹം എന്നിവരുടെ തൊഴിലിനെ സംബന്ധിച്ച വിഷയം അപ്പോൾ ഉയർന്നുവരും. സ്വാഭാവികമായും അതിനുള്ള പ്രൊട്ടക്ഷനും ഇതിനോടൊപ്പം വരുത്തിയിട്ടുണ്ട്. ഈ വരുന്ന കോൺട്രാക്ടിന്റെ വ്യവസ്ഥയിൽ അതുംകൂടി ഉൾപ്പെടുത്തി ഈ തൊഴിലാളികൾക്കു കൂടി ജോലി കൊടുക്കണം എന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അങ്ങനെയൊരു ആശങ്ക അതുമായി ബന്ധപ്പെട്ട് വേണ്ട എന്നാണ് സൂചിപ്പിക്കാനുള്ളത്.

13.7 കി.മീറ്റർ ദൈർഘ്യമുള്ള ആന പ്രതിരോധ മതിലും 6.97 കി.മീറ്റർ ആന പ്രതിരോധ കിടങ്ങും 134.21 കി.മീറ്റർ സൗരോർജ്ജ വേലിയും പൂർത്തീകരിക്കുകയുണ്ടായി. കണ്ണൂരിൽ പണി തീർത്തതിനോട് ചേർത്ത് ഈ വർഷം 2.5 കി.മീറ്റർകൂടി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. വേലി കെട്ടുന്നതിനും ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ അനുവദിക്കുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അത് അനുവദിക്കുന്ന മുറയ്ക്ക് ബാക്കി പ്രദേശത്തുകൂടി പ്രതിരോധ മതിൽ കെട്ടുന്ന

നടപടികൾ ഭംഗിയായി നിർവ്വഹിക്കാൻ കഴിയും. പുത്തൂർ സുവോളജിക്കൽ പാർക്ക് വരുന്നുവെന്ന് എത്രയോ വർഷങ്ങളായി പറഞ്ഞുകൊണ്ടിരുന്നതാണ്. തൃശ്ശൂർ പട്ടണത്തിൽ 33 ഏക്കർ സ്ഥലത്തുവരുന്ന zoo ആണ് ഇപ്പോഴുള്ളത്. അത് അവിടെനിന്ന് മാറ്റി പുത്തൂർ എന്ന അതിവിശാലമായ 136 ഹെക്ടർ വനപ്രദേശത്താണ് പുതുതായി സുവോളജിക്കൽ പാർക്ക് നിർമ്മിക്കുക, മൃഗങ്ങളെ അങ്ങോട്ട് മാറ്റുക എന്നിവയാണ് ചെയ്യുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വനാവകാശ നിയമം നമ്മുടെ രാജ്യത്ത് നടപ്പാക്കിയിട്ടുണ്ട്. ആദിവാസികൾക്ക് ഫോറസ്റ്റ് പ്രോഡക്ട്സ് എടുക്കാനുള്ള അധികാരമുണ്ട്. ട്രൈബൽ മേഖലയിലെ ഏറ്റവും വലിയ പ്രശ്നം ഫോറസ്റ്റ് ഉദ്യോഗസ്ഥർ ട്രൈബൽസിനെ ഹരാസ് ചെയ്യുന്നുവെന്നുള്ളതാണ്. അത്തരത്തിലുള്ള ഹരാസ്മെന്റ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, വനത്തിൽ താമസിക്കുന്ന ആദിവസികൾക്ക് ഉപജീവനത്തിനുവേണ്ടി പരമാവധി 10 ഏക്കർ സ്ഥലത്തുവരെ കൃഷി ചെയ്യാനുള്ള അവകാശമുണ്ട്. വീടുവച്ച് താമസിക്കാനുള്ള അവകാശമുണ്ട്. അവർ നേരിട്ട് കൃഷി ചെയ്ത മരങ്ങൾ അവർക്ക് വീടുവയ്ക്കുന്ന ആവശ്യത്തിനുവേണ്ടി മുറിക്കാനുള്ള അവകാശവും ഉപജീവനത്തിനുവേണ്ടി വനവിഭവങ്ങൾ സംഭരിക്കുന്നതിനുള്ള അവകാശവുമുണ്ട്. എന്നാൽ പലപ്പോഴും സംഭവിക്കുന്നത് വനത്തിന് പുറത്തുള്ള മറ്റുള്ളവർ ഇവരുടെ പേരിൽ മുതലെടുക്കുന്ന സാഹചര്യമാണുള്ളത്. പല പ്രദേശത്തും ആദിവാസി വിഭാഗത്തിൽപ്പെട്ട, വനത്തിനകത്ത് താമസിക്കുന്ന ആളുകൾ കൃഷി ചെയ്തിട്ടുള്ള കൃഷിയിടങ്ങളിൽനിന്നും ആദായമെടുക്കുന്നത് മറ്റുള്ളവരാണ്. ചെറിയ ആവശ്യങ്ങൾക്ക് വാങ്ങിയ പണം തിരിച്ചുകൊടുക്കാത്തതിനാൽ കൃഷിയുടെ ആദായം മറ്റുള്ളവരെടുക്കുന്ന സ്ഥിതിയുമുണ്ട്. അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. യഥാർത്ഥ ആദിവാസികൾക്ക് വനവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഒരു തടസ്സവുമുണ്ടാകില്ല. പക്ഷെ യഥാർത്ഥ ആദിവാസികൾക്കുവേണ്ടി അല്ലെങ്കിൽ അവരുടെ പേര് പറഞ്ഞുകൊണ്ട് കച്ചവടക്കാർ ഇത് ഒരവസരമായിക്കണ്ട് പലപ്പോഴും വനത്തിനകത്ത് വരുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. അങ്ങ് പറഞ്ഞത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. വന വിഭവങ്ങൾ ശേഖരിച്ച് വനത്തിൽ താമസിക്കുന്ന ആദിവാസികൾക്ക് ജീവിക്കുന്നതിന് ഒരു തടസ്സവും വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. മധു മരിച്ചതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഇമേജ് പോയെന്ന് ശ്രീ. അനിൽ അക്കരയാണ് പറഞ്ഞതെന്ന് തോന്നുന്നു. മധു മരിക്കാനിടയായ സാഹചര്യത്തെ സംബന്ധിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. മധു കൊല്ലപ്പെട്ട സംഭവത്തിൽ പ്രതികളായ മുഴുവൻ ആളുകളെയും അറസ്റ്റ് ചെയ്തു.

അവർ ജയിലിലാണ്. മധുവിന്റെ വീട്ടിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പോയി. ആ കുടുംബത്തിന് പട്ടികജാതി വികസന വകുപ്പിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമായി 18.25 ലക്ഷം രൂപ നഷ്ടപരിഹാരമായി കൊടുക്കുകയാണ്. ഒരു സംഭവമുണ്ടായി എന്നത് ശരിയാണ്. അത് നമ്മളാരും പിന്തുണയ്ക്കുന്ന സംഭവമല്ല. നമ്മളെല്ലാം ശക്തിയായി അപലപിച്ച സംഭവമാണ്. ആ സംഭവത്തിൽ അപ്പോൾ തന്നെ പ്രതികരിക്കാനും വേണ്ട നിയമനടപടികൾ സ്വീകരിക്കാനും ആ കുടുംബത്തിന്റെ സംരക്ഷണം ഉറപ്പാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ശ്രീ. അനിൽ അക്കര പറയുന്നത് പോലെയല്ല കാര്യങ്ങൾ എന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് കോട്ടൂർ ആന പരിപാലന കേന്ദ്രം. വനത്തിൽനിന്നും പിടിക്കുന്ന വയലന്റായുള്ള കൊമ്പനാനകളുണ്ട്. അതിനെ പിടിച്ചുകഴിഞ്ഞാൽ എവിടെ കൊണ്ടുപോയി വിടുമെന്നുള്ളത് വിഷയമാണ്. അതുപോലെതന്നെ കുട്ടിയാനകളും പരിക്കുപറ്റുന്ന ആനകളും മറ്റ് വന്യ ജീവികളെല്ലാമുണ്ട്. അവയെ സംരക്ഷിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് കോട്ടൂരുള്ള ആന പരിപാലനകേന്ദ്രത്തിന് 100 കോടി രൂപയാണ് കിഫ്ബിയിൽനിന്നും വകയിരുത്തിയിരിക്കുന്നത്. ആ ആന പരിപാലകേന്ദ്രത്തിൽ ഇപ്പോൾത്തന്നെ കുറച്ച് ആനകളുണ്ട്.

മി. സ്പീക്കർ: മിനിസ്റ്റർ, സമയം വല്ലാതെ നീണ്ടിരിക്കുന്നു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 100 കോടി രൂപയുടേത് ആയിട്ടില്ല. 25 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ വർക്ക് നടക്കുന്നതേയുള്ളൂ.

ശ്രീ. കെ. രാജു: സർ, ഞാൻ അവസാനിപ്പിക്കാം. അതിന്റെ പ്രവർത്തനങ്ങൾ ഈ വർഷം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് മൂന്നാർ വന്ന സമയത്തെല്ലാം ആന ചവിട്ടിക്കൊന്ന ആളുകളുടെ വീടുകൾ സന്ദർശിക്കാൻ അവസരമുണ്ടായിട്ടുണ്ട്. വളരെ ദുഃഖകരമായ പ്രശ്നമാണ്. നമ്മൾ കാണുന്നതിനേക്കാൾ കൂടുതൽ ആന ചവിട്ടിക്കൊന്നവരുടെ എണ്ണം കൂടിയിട്ടുണ്ട്. അത് കുറയ്ക്കാൻ നിർബന്ധമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, അതിനാവശ്യമായ നടപടി തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഈ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉയർന്നുവന്ന വിഷയങ്ങൾക്കൊക്കെ മറുപടി പറഞ്ഞുവെന്നാണ് കരുതുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ വന മേഖലയിൽ താമസിക്കുന്ന ആളാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഞാൻ പോയിരുന്നു. അദ്ദേഹവും ഞാനുംകൂടി ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തു. അവിടെ ശല്യക്കാരനായ ഒരു ആനയുണ്ടായിരുന്നു. ആ ആനയെ പിടിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആ ആനയെ പിടിച്ചു. ഫോറസ്റ്റുകാർ ജനങ്ങളോട് ശത്രുതയോടെയാണ് പെരുമാറുന്നതെന്നതാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ആരോപണം. യഥാർത്ഥത്തിൽ പലപ്പോഴും തിരിച്ചാണ് സംഭവിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം ജനങ്ങളോട് വളരെ ഫ്രണ്ട്‌ലിയായി ഇടപെടണമെന്നും എങ്കിൽ മാത്രമേ ബഹുജന പങ്കാളിത്തത്തോടെ വനം സംരക്ഷിക്കാൻ കഴിയുകയുള്ളൂവെന്നുമാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ വന സംരക്ഷണം സമ്പൂർണ്ണമായി നടപ്പിലാക്കാൻ കഴിയില്ല. ബഹുജന പങ്കാളിത്തത്തോടു കൂടിത്തന്നെ അത് നടത്തണം. ഫോറസ്റ്റ് ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ തീ അണയ്ക്കാൻ കഴിയില്ല. അവിടെ പരിചയമുള്ള ആദിവാസികളോ സ്ഥലവാസികളോ ആയിട്ടുള്ള ആളുകൾകൂടി ചേർന്നാൽ മാത്രമേ പലപ്പോഴും കാട്ടുതീ അണയ്ക്കാൻ കഴിയൂ. വന്യജീവികളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കണമെങ്കിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ കഴിയില്ല. അവിടെയുള്ള വന ആശ്രിത സമൂഹത്തിൽ പ്പെട്ടവരുടെയും സഹായം ഉണ്ടെങ്കിലേ കഴിയൂ. അതുകൊണ്ട് അവരുമായി വളരെ ഫ്രണ്ട്‌ലിയായുള്ള സമീപനമായിരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ ഈ ധനാഭ്യർത്ഥനകൾ ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

4.00 PM]

മി. സ്പീക്കർ: സർവ്വശ്രീ എം. ഉമ്മർ, അനിൽ അക്കര, സണ്ണി ജോസഫ്, വി. ടി. ബൽറാം, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ.അടൂർ പ്രകാശ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ. പി
34. ശ്രീ. എം. മുകേഷ്
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. വി. ആർ. സുനിൽ കുമാർ

65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീമതി വീണാ ജോർജ്ജ്
73. ശ്രീ. ഇ. കെ. വിജയൻ
74. ശ്രീ. പിണറായി വിജയൻ
75. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനിൽ അക്കര
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ഡോ. എം. കെ. മുനീർ
11. ശ്രീ. കെ. മുരളീധരൻ
12. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

13. ശ്രീ. രമേശ് ചെന്നിത്തല
14. ശ്രീ. കെ. എസ്. ശബരീനാഥൻ
15. ശ്രീ. എൻ. ഷംസുദ്ദീൻ
16. ശ്രീ. സണ്ണി ജോസഫ്
17. ശ്രീ. പി. ഉബൈദുള്ള
18. ശ്രീ. എം. ഉമ്മർ
19. ശ്രീ. എം. വിൻസെന്റ്.

അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 19

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, എൻ.എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ.അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു

24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ. പി
34. ശ്രീ. എം. മുകേഷ്
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു

49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കെ. സുരേഷ് കുറുപ്പ്
66. ശ്രീ. എം. സ്വരാജ്
67. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
68. ശ്രീ. പി. തിലോത്തമൻ
69. ഡോ. ടി. എം. തോമസ് ഐസക്
70. ശ്രീ. പി. ഉണ്ണി
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. ഇ. കെ. വിജയൻ
73. ശ്രീ. പിണറായി വിജയൻ
74. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനിൽ അക്കര
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ഡോ. എം. കെ. മുനീർ
11. ശ്രീ. കെ. മുരളീധരൻ
12. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
13. ശ്രീ. രമേശ് ചെന്നിത്തല
14. ശ്രീ. കെ. എസ്. ശബരീനാഥൻ
15. ശ്രീ. എൻ. ഷംസുദ്ദീൻ
16. ശ്രീ. സണ്ണി ജോസഫ്
17. ശ്രീ. പി. ഉബൈദുള്ള
18. ശ്രീ. എം. ഉമ്മർ
19. ശ്രീ. എം. വിൻസെന്റ്.

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 74 |
| പ്രതികൂലിക്കുന്നവർ | - | 19 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ അനൂപ് ജേക്കബ്, എം. ഉമ്മർ, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ.അടൂർ പ്രകാശ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ

10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ. പി

34. ശ്രീ. എം. മുകേഷ്
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കെ. സുരേഷ് കുറുപ്പ്
66. ശ്രീ. എം. സ്വരാജ്
67. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
68. ശ്രീ. പി. തിലോത്തമൻ
69. ഡോ. ടി. എം. തോമസ് ഐസക്
70. ശ്രീ. പി. ഉണ്ണി
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. ഇ. കെ. വിജയൻ
73. ശ്രീ. പിണറായി വിജയൻ
74. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനിൽ അക്കര
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. വി. ടി. ബൽറാം

7. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ഡോ. എം. കെ. മുനീർ
11. ശ്രീ. കെ. മുരളീധരൻ
12. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
13. ശ്രീ. രമേശ് ചെന്നിത്തല
14. ശ്രീ. കെ. എസ്. ശബരീനാഥൻ
15. ശ്രീ. എൻ. ഷംസുദ്ദീൻ
16. ശ്രീ. സണ്ണി ജോസഫ്
17. ശ്രീ. പി. ഉബൈദുള്ള
18. ശ്രീ. എം. ഉമ്മർ
19. ശ്രീ. എം. വിൻസെന്റ്

മി.സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 74 |
| പ്രതികൂലിക്കുന്നവർ | - | 19 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ അടൂർ പ്രകാശ്, എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ.അടൂർ പ്രകാശ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ. പി
34. ശ്രീ. എം. മുകേഷ്
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ

65. ശ്രീ. കെ. സുരേഷ് കുറുപ്പ്
66. ശ്രീ. എം. സ്വരാജ്
67. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
68. ശ്രീ. പി. തിലോത്തമൻ
69. ഡോ. ടി. എം. തോമസ് ഐസക്
70. ശ്രീ. പി. ഉണ്ണി
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. ഇ. കെ. വിജയൻ
73. ശ്രീ. പിണറായി വിജയൻ
74. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനിൽ അക്കര
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ഡോ. എം. കെ. മുനീർ
11. ശ്രീ. കെ. മുരളീധരൻ
12. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
13. ശ്രീ. രമേശ് ചെന്നിത്തല

14. ശ്രീ. കെ. എസ്. ശബരീനാഥൻ
15. ശ്രീ. എൻ. ഷംസുദ്ദീൻ
16. ശ്രീ. സണ്ണി ജോസഫ്
17. ശ്രീ. പി. ഉബൈദുള്ള
18. ശ്രീ. എം. ഉമ്മർ
19. ശ്രീ. എം. വിൻസെന്റ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 74 |
| പ്രതികൂലിക്കുന്നവർ | - | 19 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VIII അറിയിപ്പ്

### ബോധവൽക്കരണ പരിപാടി

<u>മി. സ്പീക്കർ</u>: ഇപ്പോൾ സമയം വൈകുന്നേരം 4.05 ആയി. സമയക്രമത്തെക്കുറിച്ച് നമ്മളൊരു ധാരണയിലെത്തിയിരുന്നതാണ്. രാവിലെ 8.30 മണി മുതൽ ആരംഭിക്കുന്ന സമ്മേളനം ഇങ്ങനെ നീണ്ടുപോകുന്നൊരു സാഹചര്യം അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് വളരെ വിനയപൂർവ്വം ചെയർ അറിയിക്കുകയാണ്. അതുകൊണ്ട് തിങ്കളാഴ്ച മുതൽ എല്ലാവരുടെയും അസംതൃപ്തി ഏറ്റുവാങ്ങിക്കൊണ്ടാണെങ്കിലും കർശനമായ നിലപാട് സ്വീകരിക്കാൻ ചെയർ നിർബന്ധിതമായിരിക്കുന്നു. രാവിലെ ആരംഭിക്കുന്ന ഈ സഭയുടെ നടപടിക്രമങ്ങൾ നീണ്ടുപോകുന്നതിനുള്ള പ്രധാനപ്പെട്ട രണ്ട് സന്ദർഭങ്ങൾ ഒന്ന് അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട അനുബന്ധ കാര്യങ്ങളാണ്. അത് അൽപ്പം നിയന്ത്രിക്കുന്നത് നല്ലതാണ്. മന്ത്രിമാരും മറുപടിക്ക് അനുവദിച്ച സമയത്തിനുള്ളിൽ നിന്നുകൊണ്ട് സംസാരിക്കാൻ ശ്രദ്ധിക്കണം. അതേസമയം മന്ത്രിമാർക്ക് അവരുടെ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയെ അറിയിക്കാനുണ്ടാകും. അപ്പോൾ വിശദാംശങ്ങൾ ആവശ്യമാണെങ്കിൽ മേശപ്പുറത്ത് വച്ച് സഹകരിക്കുക. സബ്മിഷനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം നമ്മൾ തീരുമാനിച്ചതനുസരിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ പറയുകയും ബാക്കി മേശപ്പുറത്ത് വയ്ക്കുകയും ചെയ്തുകൊണ്ട് വളരെ ഭംഗിയായി 35 മിനിട്ടുകൊണ്ട് അത് അവസാനിപ്പിക്കാൻ

സാധിച്ചു. അതിനും സഹകരിക്കണം. ഇത്തരം ഒരു അവസ്ഥ ആവർത്തിക്കാൻ പ്രയാസമുണ്ട് എന്ന് അറിയിക്കുകയാണ്. തിങ്കളാഴ്ച മുതൽ അത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾ ദയവായി ആർക്കും വിഷമം തോന്നരുത്.

അംഗപരിമിതർക്കായുള്ള ദേശീയ നിയമത്തെക്കുറിച്ച് ഒരു ബോധവൽക്കരണ പരിപാടി ഇന്ന് സഭാ സമ്മേളനം കഴിഞ്ഞാലുടൻ മെമ്പേഴ്സ് ലോഞ്ചിൽവച്ച് നടക്കുന്നുണ്ട്. മെമ്പേഴ്സ് ലോഞ്ചിലെ പല പരിപാടികൾക്കും ബഹുമാനപ്പെട്ട അംഗങ്ങൾ തീരെ വരാറില്ല. ഇന്നലെ 'ദൈവത്തിന്റെ പുസ്തകം' ചർച്ചയുണ്ടായിരുന്നു. കുറേപേർ വന്നിരുന്നു. അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രസ്തുത ഹ്രസ്വ പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.06-ന് പിരിഞ്ഞു.)

**അനുബന്ധം**

(15-3-2018-ന് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി.)

സംസ്ഥാന എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് റെയിഞ്ചാഫീസുകളിലാണ് നിയമനം നൽകിയിട്ടുള്ളത്. പി.എസ്.സി. വഴി നിയമനം നൽകുന്നതിന്റെ ഭാഗമായി വനിതകളടക്കമുള്ള എല്ലാ എക്സൈസ് ജീവനക്കാർക്കും എക്സൈസ് അക്കാദമിയിൽ/പോലീസ് അക്കാദമിയിൽ പരിശീലനം നൽകിയിട്ടുണ്ട്. 3-10-2017-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 85/2017/നികുതി വകുപ്പ് പ്രകാരം എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനത്തിന് വനിതകൾക്കായി 15 ശതമാനം ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ഔദ്യോഗിക ആവശ്യത്തിനായി 100 സ്കൂട്ടറുകൾ ഈ സാമ്പത്തിക വർഷം വാങ്ങിനൽകിയിട്ടുണ്ട്.

നിലവിൽ എക്സൈസ് വകുപ്പിന്റെ മിക്ക ഓഫീസുകളും വാടകക്കെട്ടിടങ്ങളിൽ ദീർഘകാലമായി പ്രവൃത്തിച്ചുവരുന്നവയാണ്. പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന ഈ ഓഫീസുകളിൽ ജീവനക്കാർക്കുള്ള അസൗകര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനും ജീവനക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. പുരുഷ-വനിതാ ജീവനക്കാർക്ക് പ്രത്യേകം പ്രത്യേകം ശുചിമുറിയും വിശ്രമമുറിയും സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പ് പുതുതായി പണികഴിപ്പിച്ചിട്ടുള്ള എല്ലാ ഓഫീസുകളിലും പുരുഷ-വനിതാ ജീവനക്കാർക്ക് പ്രത്യേക ശുചിമുറികളും വിശ്രമമുറികളും ഒരുക്കിയിട്ടുണ്ട്.

എക്സൈസ് ജീവനക്കാർ ഫീൽഡ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നതിന്റെ ഭാഗമായി വനിതാ ജീവനക്കാരെയും നിയോഗിക്കുന്നുണ്ട്. ഇങ്ങനെ ജോലി ചെയ്യുന്ന വിവരം എല്ലാ ഓഫീസുകളിലെയും ജനറൽ ഡയറിയിൽ (ജി.ഡി.യിൽ) രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് എക്സൈസ് മാന്വലിൽ നിഷ്കർഷിക്കുന്നുണ്ട്. ഇതിന് വിരുദ്ധമായി വനിതാ ജീവനക്കാരെ അസമയത്ത് വിളിച്ചുവരുത്തി ജി.ഡി.യിൽ രേഖപ്പെടുത്താതെ ജോലിക്ക് നിയോഗിക്കുന്നത് ക്രമവിരുദ്ധമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ എല്ലാ ഓഫീസുകളിലും "Committee on Sexual Harassment of Women in

Workplaces" രൂപീകരിക്കുവാൻ ഗവൺമെന്റ് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എക്സൈസ് വകുപ്പിലും പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ കാലാനുസൃതമായി പുനഃസംഘടിപ്പിക്കുവാനും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാനും ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അദ്ധ്യക്ഷ സ്ത്രീജീവനക്കാരിയായിരിക്കണമെന്നും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടിയെടുക്കാനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ വനിതാ ജീവനക്കാർക്കെതിരെ മേലുദ്യോഗസ്ഥന്മാരായ പുരുഷ ജീവനക്കാർ, ഡ്യൂട്ടിയുടെ മറവിൽ ലൈംഗികമായും മാനസികമായും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകിയിട്ടുള്ള പരാതി എക്സൈസ് കമ്മിഷണർ പരിശോധിച്ചുവരികയാണ്.

എക്സൈസ് കമ്മീഷണർ സംസ്ഥാനത്തെ 14 ജില്ലകളിലും കഴിഞ്ഞ മാസങ്ങളിൽ നേരിട്ട് സന്ദർശനം നടത്തി ജീവനക്കാരുമായി ആശയ വിനിമയം നടത്തിയിട്ടുണ്ട്. ജില്ലകളിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജീവനക്കാരുടെ പ്രതിമാസ അവലോകന യോഗങ്ങളും വിളിച്ചുചേർക്കാറുണ്ട്. ഈ സന്ദർഭങ്ങളിലൊന്നും സബ്മിഷനിലുന്നയിച്ച തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

വനിതാ ജീവനക്കാരുടെ ജോലി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സഹപ്രവർത്തകരിൽ നിന്നോ മേലുദ്യോഗസ്ഥരിൽ നിന്നോ മറ്റേതെങ്കിലും ഭാഗത്തുനിന്നോ അവർക്കെതിരെ ഏതുതരത്തിലും ഉണ്ടാകുന്ന അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശനമായ നടപടി സ്വീകരിക്കുന്നതും വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുന്നതുമാണ് .

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.